KOTTAYAM PUBLIC LIBRARY

Call No. 720 Acc. No. 4776

Author നീലകണ്ഠൻ നമ്പൂതിരി, കെ. വ്യാ

Title മണിപ്രവാള മഹാചന്ദ്രിക

# മനുഷ്യാലയമഹാചന്ദ്രിക.

## വ്യാഖ്യാനത്തോടുകൂടിയതു്.

---


വ്യാഖ്യാതാ,

മഹാമഹിമ ശ്രീ, കൊടുങ്ങല്ലൂർ

വലിയകൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ ശിഷ്യൻ,

പെരിനാട്ടു കരുവാ കിഴക്കടത്തു

**ജ്യോത്സ്യൻ, കെ. നീലകണ്ഠനാശാരി.**


---


പ്രകാശകന്മാർ,

എസ്. റ്റി. റെഡ്യാർ & സൺസ്,

"വിദ്യാഭിവർദ്ധിനി" അച്ചുക്കൂടം,

കൊല്ലം.

---

6-ാം പതിപ്പു കാപ്പി—2000.

വില രൂപാ ൨൬.



(കാപ്പിറൈററ് പ്രകാശകന്മാരിൽ)



1125.


മ


THE KOTTAYAM PUBLIC LIBRARY KOTTAYAM. TRAVANCORE.

NATIONAL BOOK STALL KOTTAYAM. KALARIKAL BAZAAR

മഹാമഹിമശ്രീ കൊടുങ്ങല്ലൂർ

## കൊച്ചുകൊച്ചുണ്ണിത്തമ്പുരാൻതിരുമനസ്സിലെ അഭിപ്രായം

ശ്രീ.

മനുഷ്യാലയചന്ദ്രികയുടെ ഈ വ്യാഖ്യാനം ഞാൻ ഒന്നു രണ്ടാവൃത്തി സശ്രദ്ധം വായിച്ചുനോക്കി. വ്യാഖ്യാനരീതി തുലോം നന്നായിട്ടുണ്ടെന്നു മാത്രമല്ല, സാധാരണന്മാർക്കുകൂടി സുഗ്രാഹ്യമായവിധം ലളിതമായിട്ടും ഉണ്ടു്. ഈ ഗ്രന്ഥത്തിനു മററും ചില വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ടു്. അവ മിക്കവാറും അബദ്ധബഹുലങ്ങളായിട്ടാണു കാണുന്നതു്. ഇതിനുള്ള കാരണം വ്യാഖ്യാതാക്കന്മാർ കമ്മാളേതരന്മാരായതുകൊണ്ടായിരിക്കണം. വ്യുൽപത്തിദാർഢ്യവും പ്രായോഗികവൈഭവവും ഒന്നുപോലെ ഉണ്ടെങ്കിൽ മാത്രമേ ശാസ്ത്രമർമ്മങ്ങൾ എഴുതി ഫലിപ്പിക്കാൻ സാധിക്കയുള്ളൂ. ഈ രണ്ടു ഗുണങ്ങളും നീലകണ്ഠന്നു നല്ലപോലെ ഉള്ളതുകൊണ്ടാണു് ഈ വ്യാഖ്യാനത്തിനു് ഇത്ര മേന്മ സിദ്ധിച്ചതു്.

ഇതിൽ ചില ചിത്രങ്ങൾ കാണിച്ചിട്ടുള്ളതുകൊണ്ടു് ആ ഭാഗം പൂർണ്ണമായില്ലെന്നു തോന്നുന്നു. അടുത്ത പതിപ്പിൽ തൽസംബന്ധമായി വേണ്ട പരിഷ്കാരങ്ങൾകൂടി ചെയ്യണമെന്നു ശുപാർശ ചെയ്യുന്നു.

വലിയ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ അടുത്തു പഠിച്ചിരുന്ന കാലത്തു ചില ഖണ്ഡകാവ്യങ്ങൾ മുഖേനയാണു് നീലകണ്ഠൻ എനിക്കു പരിചയപ്പെട്ടതു്. കവനവൃത്തിക്കു സമയം കളയാതെ ജനോപകാരപ്രദങ്ങളായ ഈതരം പ്രവൃത്തികളിൽ മനസ്സുവച്ചതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. ശില്പശാസ്ത്രത്തിലെപ്പോലെതന്നെ ജ്യോതിശ്ശാസ്ത്രത്തിലും നീലകണ്ഠന്നു നല്ല പാണ്ഡിത്യമുണ്ടെന്നു സർക്കാർ ജ്യോത്സ്യൻ മഹാദേവയ്യൻ മുഖേന എനിക്കറിയാൻ ഇടയായിട്ടുണ്ടു്. ഇതും ഈ വ്യാഖ്യാനസൗഷ്ഠവത്തിനു് ഒരു പ്രധാന നിദാനമാകുന്നു. എല്ലാംകൊണ്ടും ഈ ഗ്രന്ഥത്തിൻെറ നിലയ്ക്കു് അചിരേണ രണ്ടാംപതിപ്പിനിടവരുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

൯൯—൧൦—൨൪.
കൊടുങ്ങല്ലൂർ.

കൊച്ചുകൊച്ചുണ്ണിത്തമ്പുരാൻ
തൃക്കൈവിളയാട്ടം.

720
Nee-11

No: 4776

# സമൎപ്പണം.

വിദ്വൽപ്രൗഢകിരീടകോടിഷു പരം
യഃ പത്മരാഗായതേ
യോ ധത്തേ 'കവിസാൎവ്വഭൌമ' ഇതി വി-
ഖ്യാതിം ജഗദ്വ്യാപിനീം
രമ്യേ രാജതി കോടിലിംഗ നഗരേ
വാണീവിലാസാസ്പദേ
'കൊച്ചുണ്ണിക്ഷിതിപാലകഃ' പ്രണത ലോ-
കാഭീഷ്ടകല്പദ്രുമഃ.

തൽപാദപീഠീം പ്രണിപത്യ ഭക്ത്യാ
തദാശ്രിതേനൈവ മയാ പ്രണീതാം
'മഹാമനുഷ്യാലയചന്ദ്രികാ'യാ
വ്യാഖ്യാമിമാം തത്ര സമൎപ്പയാമി.

# മംഗളം.

വിഘ്നേശ്വരം വിധിമുഖാമരമൌലിഭൂഷാ-
മാണിക്യദീപ്തിഝരികാ പരിഷിക്തപാദം,
വീണാവിനോദരസികാമപി വാഞ്ഛിതാർത്ഥ-
സിദ്ധ്യൈ സദാപി കലയേ ഹൃദിവാഗധീശാം. ൧

ദൈതേയഘോരതര ദൃഷ്കൃതകാന്ദിശീക-
വൃന്ദാരകൌഘകദനാനല വൃഷ്ടിധാരാം
ശ്രീകോടിലിംഗലസിതാം കലയേഽഭിലാഷ-
സംപൂർത്തയേ സ്മരഹരാത്മസുതാമുദാരാം ൨

ജ്യോതിശ്ശില്പമുഖാഖിലാഗമകലാ-
        കൂലംകഷാസംസദി
പ്രാജ്ഞാനാം പലുശേമുഷീ ബഹുമതാ-
        ഛാ ഭൂദ്യദീയാ ചിരം
"കൊച്ചുണ്ണിക്ഷിതിപാലകം" സു വിമലം
        തം കോടിലിംഗക്ഷമാ-
പുണ്യോപാത്തസുമംഗളാത്മകമുപാസേ
        തൽകൃപാലംബനഃ. ൩

അമന്ദമാധ്വീകവിജിതഭാരതോക്തിഭിഃ
പ്രഹൃഷ്ടദൈവജ്ഞവിപശ്ചിദുച്ചയഃ
ഗുരുർവിരാജൽകരുണസ്സദാസ്തു മേ
മുദേ "മഹാദേവ" മഹീസുരോത്തമഃ. ൪

കർമ്മാളവംശലതികാർജ്ജിതപൂർവ്വപുണ്യ
സംജാതസൌരഭലസൽ കുസുമായമാനം
കാവ്യജ്ഞമൌക്തികമനുഗ്രഹസംപദേഹ-
മഭ്യർച്ചയാമി ഗുരു "കേശവനാമധേയം." ൫

# മുഖവുര.

No: 4776

പുരാതനന്മാരായ ഭാരതീയാചാൎയ്യന്മാരാൽ പ്രോക്തങ്ങളായ പലേ ശാസ്ത്രങ്ങളും നമുക്കുണ്ടെന്നുള്ളതു് അഭിമാനപൂൎവ്വം പ്രസ്താവയോഗ്യമാണു്. പാശ്ചാത്യപരിഷ്കാരത്തിന്റെ ആവിർഭാവം ഭാരതത്തിൽ ഉണ്ടായതോടുകൂടി നമ്മുടെ ശാസ്ത്രങ്ങൾക്കെല്ലാം ഗണ്യമായ ഒരു ഉടവു തട്ടിയിട്ടുണ്ടു്. ഇന്നു് ജീവിച്ചുപോരുന്ന പാശ്ചാത്യവിദ്വാന്മാരിൽ പലരും ഭാരതീയരുടെ അമൂല്യങ്ങളും അക്ഷയനിക്ഷേപങ്ങളുമായ ആ ശാസ്ത്രങ്ങളെ അഞ്ജലിപൂർവം ആദരിച്ചുപോരുന്നതോൎക്കുമ്പോൾ, വീടും കൂട്ടമില്ലാതെ കായും കിഴങ്ങും ഭക്ഷിച്ചു് ചോലവെള്ളവും കുടിച്ചു് ദിഗംബരന്മാരായി വൃക്ഷച്ചുവട്ടിലും മററും ഇരുന്നു് ജീവിതം കഴിച്ചുകൂട്ടിയിട്ടുള്ള നമ്മുടെ ഋഷീശ്വരന്മാരുടെ ആത്മീയശക്തി എത്ര വിപുലമായിരുന്നുവെന്നു് ഒരു ഭാരതീയനെങ്കിലും ഇപ്പോൾ വിചാരിക്കുന്നുണ്ടോ? ഇത്ര അഭിമാനജനകമായ ഒരു സ്ഥാനം നമുക്കും ഭാരതത്തിനും സമ്പാദിച്ചുതന്നിട്ടുള്ള ആ പുരാതനാചാൎയ്യന്മാരുടെ കാലടികളെ പിൻതുടരുന്നതുതന്നെ ആക്ഷേപമാണെന്നു ചില ഭാരതീയസന്താനങ്ങൾ വിചാരിച്ചുപോരുന്നതു് ഏതുകാലത്തും ഗർഹണീയംതന്നെയാണു്. പാശ്ചാത്യപരിഷ്കാരരാഹുവിന്റെ ആക്രമണംമൂലം ഇരുട്ടടഞ്ഞുതുടങ്ങിയിരിക്കുന്ന പൌരസ്ത്യനഭോമണ്ഡലം ഏറെത്താമസിയാതെതന്നെ പൂർവവൽ പ്രകാശമാനമാകാതിരിക്കുകയില്ല. അപ്പോൾ പാശ്ചാത്യപരിഷ്കാരലോലുപന്മാരായ ഭാരതീയർ ഹൈന്ദവശാസ്ത്രങ്ങളെ ബഹുമാനിക്കുകതന്നെ ചെയ്യും.

ഈശ്വരസൃഷ്ടങ്ങളായ ജീവികളിൽ മനുഷ്യൎക്കുമാത്രമേ വിശേഷജ്ഞാനം ലോകനിയന്താവു് നൽകിയിട്ടുള്ളു. ആ വിശേഷജ്ഞാനത്തെ ഉപയോഗിച്ചു് മനുഷ്യർ അവരവൎക്കു് ആവശ്യമുള്ള ഓരോന്നും കണ്ടുപിടിച്ചു ചെയ്തുവരുന്നുണ്ടു്. അവയിൽവെച്ചു് നാനാപ്രകാരേണയും ഗണ്യമായ ഒന്നുതന്നെയാണു് ഗൃഹനിൎമ്മാണം. ത്രികാലജ്ഞാനികളായ നമ്മുടെ ഋഷീശ്വരന്മാർ മററെല്ലാററിനും ശാസ്ത്രങ്ങൾ നിൎമ്മിച്ചിട്ടുള്ളതുപോലെ ഗൃഹനിൎമ്മാണത്തിനും ധാരാളം ശാസ്ത്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. അതിനെയാണല്ലോ "തച്ചുശാസ്ത്രം" അല്ലെങ്കിൽ "വാസ്തുശാസ്ത്രം" എന്നു പറഞ്ഞുവരുന്നതു്. കേരളവാസികളിൽ പ്രാധാന്യം ബ്രാഹ്മണൎക്കാകകൊണ്ടു് എല്ലാശാസ്ത്രങ്ങളും അവരുടെ അധീനതയിലാണിരു

ന്നിട്ടുള്ളതു്. മററു ശാസ്ത്രങ്ങളിൽ അനുചിതങ്ങളെന്നു തോന്നുന്ന ചില "പൊടിക്കൈകൾ" കാണുന്നതുപോലെ ശില്പശാസ്ത്രത്തിലും ചിലതെല്ലാം കാണുന്നുണ്ടു്. അതു് എങ്ങിനെയാണു് ഇതിൽ കടന്നുകൂടിയതെന്നുള്ളതു് ഇപ്പോൾ ആലോചനാവിഷയമല്ലെന്നാണു് എനിക്കുതോന്നുന്നതു്. ഗൃഹനിൎമ്മാണകർത്തൃത്വം കൎമ്മാളവരിൽ മാത്രം സ്ഥിതിചെയ്യുന്നതുകൊണ്ടു് തച്ചുശാസ്ത്രം അവരുടെ ഒരു പ്രത്യേക സ്വത്തായിട്ടാണു് കരുതിവരുന്നതു്. ഇതിൽ മിക്ക ഗ്രന്ഥങ്ങൾ ഇന്നും സൂൎയ്യപ്രകാശം തട്ടാതെ ചില ഗ്രന്ഥപ്പുരകളിൽ സുഖവാസംചെയ്തുപോരികയാണു്. ഏതുതരം ശാസ്ത്രങ്ങൾതന്നെ ആയാലും കാലോചിതമായ ചില പരിഷ്കാരങ്ങൾ വരുത്തി പൊതുജനങ്ങൾക്കു പയോഗയോഗ്യമാകത്തക്കവിധം പ്രചരിപ്പിക്കാത്തതു് അത്തരം ശാസ്ത്രങ്ങൾക്കു് ഒരു വലിയ ദോഷമാണെന്നുമാത്രമല്ല, കാലക്രമംകൊണ്ടു് അവ നാമാവശേഷമായിപ്പോകുവാനും കാരണമാകുന്നതാണു്.

കേരളീയ കൎമ്മാളവക്കു് അത്യന്തം ഉപകാരപ്രദവും ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന ശില്പശാസ്ത്രങ്ങളുടെ കൂട്ടത്തിൽ ഉത്തമസ്ഥാനത്തിനൎഹവുമായ ഒരു ശാസ്ത്രഗ്രന്ഥമാണു് ഈ "മനുഷ്യാലയമഹാചന്ദ്രിക" ഇതിന്റെ കൎത്താവു് തിരുമംഗലത്തു നീലകണ്ഠൻമൂസ്സതു് അവർകൾ ആണെന്നാണു് ഗ്രന്ഥംമൂലവും ഐതിഹ്യംകൊണ്ടും തെളിയുന്നതു്. ഇദ്ദേഹംതന്നെ "ശില്പചന്ദ്രിക" എന്നൊരു ഗ്രന്ഥവും രചിച്ചിട്ടുണ്ടു്. തിരുവിതാംകൂറിന്റെ മിക്കഭാഗങ്ങളിലും പ്രചാരത്തിലിരിക്കുന്ന ശില്പചന്ദ്രികയിൽ ചില പാഠഭേദങ്ങൾ കാണുന്നുണ്ടു്. രണ്ടും ഒരാൾതന്നെ എഴുതിയതാകയാലും രണ്ടാമതായി എഴുതിയതു മനുഷ്യാലയമഹാചന്ദ്രികയാകയാലും രണ്ടാമത്തെയാണു് ഏററവും സ്വീകാൎയ്യമെന്നുള്ള ഭൂരിപക്ഷാഭിപ്രായം ആദരണീയംതന്നെയാണു്.

ഈ അടുത്തകാലത്തു് മനുഷ്യാലയമഹാചന്ദ്രിക 'ലളിത' എന്നൊരു ഭാഷാവ്യാഖ്യാനസഹിതം പാലോളി ചോയിവൈദ്യൻ അവർകൾ പുസ്തകരൂപേണ പൊതുജനസമക്ഷം അവതരിപ്പിച്ചിട്ടുണ്ടു്. സംസ്കൃതാഭ്യാസമില്ലാത്ത സാധാരണന്മാൎക്കു് വൈദ്യരവർകളുടെ വ്യാഖ്യാനം അത്ര ഉപകാരപ്രദമല്ലെന്നു പലരിൽനിന്നും അറിവാൻ എനിക്കു ഇടയായിട്ടുണ്ടു്. എന്നാൽ ഈ ഗ്രന്ഥത്തിനു സവിസ്തരം ഒരു വ്യാഖ്യാനം എഴുതുന്നതിനു യോഗ്യതയുള്ള പലേ വിദ്വാന്മാരും മൌനം അവലംബിച്ചിരിക്കുന്നതിനാലാണു് ഈ സാഹസകൃത്യത്തിനു അല്പജ്ഞനായ ഞാൻ ഇറങ്ങിപ്പുറ

പ്പെട്ടിട്ടുള്ളതു്. ഭാഷാസംബന്ധമായ വല്ല ന്യൂനതയും അഥവാ സംഭവിച്ചുപോയാലും കർമ്മാളവരിൽപെട്ട ഒരാൾ ഈ ഗ്രന്ഥം വ്യാഖ്യാനിക്കുന്നതായാൽ പ്രായോഗികമായ എളുപ്പവഴികൾ പലതും തെളിഞ്ഞുകാണ്മാൻ സംഗതിയാകുമെന്നും അതു് പൊതുജനങ്ങൾക്കും വിശിഷ്യ കർമ്മാളവർക്കും ഉപകാരപ്രദമാകുമെന്നുമുള്ള സജാതീയ മാന്യന്മാരിൽ ചിലരുടെ പ്രോത്സാഹവും എൻെറ വന്ദ്യഗുരുഭൂതനായ മഹാമഹിമശ്രീ കൊടുങ്ങല്ലൂർ വലിയ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെനിയോഗവും എനിക്ക ഈ വിഷയത്തിൽ പ്രേരകമായിത്തീൎന്നിട്ടുണ്ടു്. ഇതിൽ കാണുന്ന വ്യാഖ്യാനരീതിയെ ഞാൻ അംഗീകരിച്ചതു് എൻെറ ചില മാന്യസുഹൃത്തുക്കളുടെഅഭിപ്രായംമൂലമാണു്. എൻെറ അല്പജ്ഞതകൊണ്ടും ദേശവ്യത്യാസംകൊണ്ടും ഈ വ്യാഖ്യാനത്തിൽ വല്ല പിശകും വന്നുപോയിട്ടുണ്ടെങ്കിൽ അവയെ സജ്ജനങ്ങൾ സദയം ചൂണ്ടിക്കാണിച്ചുതന്നാൽ അടുത്ത പതിപ്പിൽ യഥാശക്തി പരിഹരിച്ചുകൊള്ളാമെന്നു് വിചാരിക്കുന്നു. ഈ വ്യാഖ്യാനം കേരളീയൎക്കു് വിശേഷിച്ചും കമ്മാളവൎക്ക ഉപയോഗപ്പെട്ടുമെങ്കിൽ ഞാൻ ഏററവും കൃതകൃത്യനായി.

ശില്പശാസ്ത്രോപദേഷ്ടാവായ മഹാമഹിമശ്രീ കൊടുങ്ങല്ലൂർ വലിയകൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ അനുഗ്രഹപൂർവമായപലസഹായങ്ങളും കാംക്ഷിച്ചിരുന്ന എനിക്ക അദ്ദേഹത്തിൻെറ ദേഹവിയോഗംമൂലം അപാരമായ ഇച്ഛാഭംഗത്തിനും വ്യസനത്തിനുമാണു് സംഗതിയായതെന്നുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ഇതിൽ ഒടുവിൽ കൊടുത്തിരിക്കുന്ന 'പരിശിഷ്ടം' ശില്പവിദ്യോപജീവികൾക്കു് അത്യന്തോപയോഗമാണെന്നു തോന്നുകയാലാണു് ചേൎത്തിട്ടുള്ളതു്. പക്ഷെ വിചാരിച്ചതുപോലെ ഈ വിഷയം പൎയ്യവസാനിപ്പിക്കുന്നതിനു പുസ്തകത്തിൻെറ വലിപ്പം അനുവദിക്കായ്കയാൽ വേണ്ടിടത്തോളം സംഗതികൾ കാണിക്കുന്നതിനു സാധിച്ചിട്ടില്ല. ആ കുറവു താമസിയാതെ പുറപ്പെട്ടുവിക്കാൻ നിശ്ചയിച്ചിരിക്കുന്ന 'വാസ്തുവിദ്യ'കൊണ്ടു പരിഹരിക്കാമെന്നാണു് വിചാരിക്കുന്നതു്. ഇതിൽ കൊടുത്തിട്ടുള്ള പടങ്ങളുടേയും ശാലകളുടേയും മററും ചിത്രങ്ങൾ ആ വിഷയത്തിൽ നേരിടുന്ന ചില സംശയങ്ങൾ നിവൎത്തിക്കുന്നതിനു പൎയ്യാപ്തങ്ങളാകുമെന്നു വിശ്വസിക്കുന്നു.

വ്യാഖ്യാനവിഷയത്തിൽ അപ്പോഴപ്പോൾ എനിക്കു നേരിട്ടിട്ടുള്ള ചില സംശയനിവൃത്തിക്കു ശാസ്ത്രകുശലന്മാരായ ശ്രീമാന്മാർ എ. രാമയ്യർ, എം, ഏ. ബി. എൽ. അവർകളും എൻെറ ഗുരുഭൂതൻ ഞാറയ്ക്കൽ. പി. കേശവനാശാരി അവർകളും വേണ്ടെടത്തോളം സഹായിച്ചിട്ടുണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവയോഗ്യമാണു്.

ഈ ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണത്തിൽ എനിക്കു സർവ്വാത്മനാ സഹായിച്ചിട്ടുള്ള സഹൃദയന്മാരുടെ കൂട്ടത്തിൽ ശ്രീമാന്മാരായ അശ്രാമത്തു. കെ. പി. കേശവനാശാരി അവർകളോടും ശാസ്ത്രി കെ. വിശ്വനാഥനാശാരി അവർകളോടും വിദ്വാൻ ജി. നാണു അവർകളോടും വിശിഷ്യ അച്ചടിവേല നടത്തുന്നതിൽ പ്രത്യേകനിഷ്കർഷ കാണിച്ചിട്ടുള്ള വി. വി. പുസ്തകക്കാരോടും പ്രസിദ്ധീകരണകൃത്യം എത്രയും സന്തോഷത്തോടുകൂടി നിർവഹിച്ചുതന്നിട്ടുള്ള വെട്ടത്തുകാവിൽ ശ്രീമാൻ ആർ. ശങ്കരൻനായർ അവർകളോടും എനിക്കുള്ള അവാച്യമായ നന്ദിയെ ഇവിടെ രേഖപ്പെടുത്തിക്കൊണ്ടു് ഈ ശാസ്ത്രഗ്രന്ഥം മഹാജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

| | |
|---|---|
| പെരിനാട്ടു്.<br>കൊല്ലം.<br>൯വ്വ—൧—൧൦. | കരുവാ, ജ്യോത്സ്യൻ കെ. നീലകണ്ഠനാശാരി. |

ശ്രീ

# മനുഷ്യാലയമഹാചന്ദ്രികാ.

ഹരിഃ ശ്രീ ഗണപതയേ നമഃ.

അവിഘ്നമസ്തു.

## പ്രഥമോദ്ധ്യായപ്രാരംഭഃ.

മൂലം—നൃസിംഹയാദവാകാരതേജോദ്വിതയമദ്വയം
രാജതേ നിതരാം രാജരാജമംഗലധാമനി. ൧

ശ്രീമൽകുണ്ഡിപുരേ വിരാജിതപരക്രോഡേ ച തേജഃ പരം
നാവാനാമ്നി ച ധാമ്നിയച്ചനിതരാംവല്ലീവിഹാരാലയേ
അശ്വത്ഥാഖ്യനികേതനേപിച പുരേ ശ്രീകേരളാധീശ്വരേ
സംഭൂയൈതദുരുപ്രകാശവിഷയേ ചിത്തേ മമോജ്ജൃംഭതാം. ൨

കൊച്ചുണ്ണിനാമകമഹീപതിപൂജ്യപാദ-
വക്ത്രാരവിന്ദഗളിതാൎത്ഥമരന്ദഹൃദ്യാ
സാചന്ദ്രികാ പ്രതിപദം പ്രകടീകൃതാൎത്ഥം
വ്യാഖ്യായതേ ഗുരുവരം തമുപാസ്യ ഭക്ത്യാ.

| അന്വയം. | അൎത്ഥം. |
|---|---|
| അദ്വയം നൃസിംഹയാദവാ- | =അദ്വയമായി നൃസിംഹയാദവ- |
| കാരതേജോദ്വിതയം | = സ്വരൂപമായിരിക്കുന്നരണ്ടുതേജസ്സ് |
| രാജരാജമംഗലധാമനി | = രാജരാജമംഗലമെന്നക്ഷേത്രത്തിൽ |
| നിതരാം രാജതേ | = സൎവ്വോൽകൃഷ്ടേണ പ്രകാശിക്കുന്നു. |
| ശ്രീമൽകുണ്ഡപുരേ | = തൃക്കണ്ടിയൂരും |
| വിരാജിതപരക്രോഡേ ച | = തൃപ്പറങ്ങോട്ടും |
| നാവാനാമ്നി ധാമ്നി | = നാവാപുരത്തു ക്ഷേത്രത്തിലും |
| വല്ലീവിഹാരാലയേ | = മുല്ലപ്പള്ളിയിലും |
| അശ്വത്ഥാഖ്യനികേതനേ | = ആലത്തൂരും |
| ശ്രീകേരളാധീശ്വരേപുരേച | =ശ്രീകേരളപുരത്തും |
| യൽ പരം തേജഃ | = യാതൊരുസൎവ്വോപരിയായതേജസ്സ് |
| നിതരാം രാജതേ | = ഏററവും പ്രകാശിക്കുന്നുവോ |
| ഏതൽ സംഭൂയ | = ഇതെല്ലാം ഒരുമിച്ചിട്ട് |
| ഉരുപ്രകാശവിഷയേ | = മഹത്തായ പ്രകാശത്തിനു യോഗ്യ-(മായ |
| മമ ചിത്തേ | = എന്റെ ചിത്തത്തിൽ |
| ഉജ്ജൃംഭതാം | = നിറയട്ടെ. |

സാരം:—രാജരാജമംഗലമെന്നു സുപ്രസിദ്ധമായ വൈഷ്ണവക്ഷേത്രത്തിൽ വിഷ്ണ്വംശാവതാരങ്ങളായ നരസിംഹമൂർത്തിയെയും ഭഗവാൻ ശ്രീകൃഷ്ണനേയും രണ്ടു സ്ഥാനങ്ങളിലായി പ്രതിഷ്ഠിച്ചിട്ടുണ്ടു്. ഈ ഗ്രന്ഥകർത്താവു് നിർവ്വിഘ്നപരിസമാപ്തിക്കായും പാപപരിമോചനത്തിനായും ഇഷ്ടദേവതാസ്മരണരൂപമായ മംഗളാചരണം ചെയ്യുന്നു. ലോകത്തിലുള്ള എല്ലാവസ്തുക്കളുടെയും ഉല്പത്തി ത്രിഗുണാത്മകങ്ങളായ പഞ്ചഭൂതങ്ങളുടെ സമ്മേളനംകൊണ്ടു് ഉണ്ടാകുന്നതാണു്. അവതാരങ്ങൾക്കു് ആസ്പദമായ ഈശ്വരസ്വരൂപവും ഗുണമയമാകയാൽ ഈ തത്വത്തിനു വ്യത്യസ്തമല്ല. ഇങ്ങനെയുള്ള സഗുണബ്രഹ്മത്തെയല്ലാ ഈ ഗ്രന്ഥകർത്താവുപാസിക്കുന്നതു്. പിന്നെയോ, ഇതരാപേക്ഷകൂടാതെ സ്വയംപ്രകാശമായി നിർഗ്ഗുണമായ ചിൽസ്വരൂപത്തെയാണു് അദ്വയശബ്ദംകൊണ്ടു വിവക്ഷിച്ചിട്ടുള്ളതു്. സ്ഥൂലോപാസകന്മാർക്കു പ്രത്യക്ഷജ്ഞേയമായ മൂർത്തിഭേദത്തെ ആശ്രയിച്ചാണു് "നരസിംഹയാദവാകാരമായി" പ്രശോഭിക്കുന്നു എന്നു് ദ്വിതയശബ്ദംകൊണ്ടും വിവക്ഷിച്ചിട്ടുള്ളതു്. അസാമാന്യചൈതന്യങ്ങളായ ഈ തേജസ്സുകളും തൃക്കണ്ടിയൂർ, തൃപ്പറങ്ങോട്ടു്, തിരുനാവായ്, മുല്ലപ്പള്ളി, ആലത്തൂരു്, ശ്രീകേരളപുരം ഈ മഹാക്ഷേത്രങ്ങളിൽ നിരംകുശങ്ങളായി പ്രശോഭിക്കുന്ന ദിവ്യതേജസ്സുകളും ഒരുമിച്ചുചേർന്നിട്ടു് ആണവാദിമലപരിമോചനത്താൽ പരിശുദ്ധമായ എന്റെ ഹൃദയത്തിൽ ഏററവും പ്രകാശിക്കട്ടെ.

മൂ— ശ്രീമംഗലാസ്പദസദാശ്രയനീലകണ്ഠ-
പ്രേമപ്രകർഷനിലയഃ സകലാഭിവന്ദ്യഃ
ശ്രീമൽഗിരീന്ദ്രതനയാതനയാംഘ്രിഭാജാം
കാമപ്രദോ ജയതി മത്തമതംഗജാസ്യഃ. ൨

മൂ— തദ്ദേവപാദകമലൈകസമാശ്രയഃ കോ-
പ്യുദ്യോതമാനഗുരുവര്യകൃപാഭിയോഗാൽ
വിദ്യാപരിശ്രമപരോ ബഹുധാത്മബുദ്ധ്യാ
ത്വുദ്യോഗവാൻ ഭവതി ബാലവിബോധനായ. ൩

| അന്വയം. | അർത്ഥം |
|---|---|
| ശ്രീമംഗലാസ്പദസദാശ്രയ-നീലകണ്ഠപ്രേമപ്രകർഷ-നിലയഃ | =ശ്രീമംഗലമെന്ന മഹാക്ഷേത്രത്തിൽ ആസ്ഥാനമുള്ളവനായും സത്തുക്കൾക്കു് ആശ്രയഭൂതനായും പരമേശ്വരന്റെ സ്നേഹാധിക്യത്തിനു പാത്രമായും |

സകലാഭിവന്ദ്യഃ = എല്ലാവൎക്കും വന്ദ്യനായും
ശ്രീമൽഗിരീന്ദ്രതനയാതനയഃ = ശ്രീമതിയായ പാൎവ്വതിയുടെ
അംഘ്രിഭാജാം = പാദഭക്തന്മാൎക്കു (പുത്രനായും
കാമപ്രദഃ = അഭീഷ്ടദാതാവായുമിരിക്കുന്ന
മത്തമതംഗജാസ്യഃ = ഗണപതി
ജയതി = സൎവ്വോൽക്കൎഷേണ വൎത്തിക്കുന്നു
തദ്ദേവപാദകമലൈ- } = ആ ഗണപതിയുടെപാദകമല
കസമാശ്രയഃ } = ത്തെ മാത്രം ആശ്രയിക്കുന്ന
കോപി = ഒരുവൻ
ഉദ്യോതമാനഗുരുവൎയ്യ- } = ഗുരുശ്രേഷ്ഠൻെറ പ്രകാശമാന
കൃപാഭിയോഗാൽ } = മായ കാരുണ്യയോഗംകൊണ്ടു്
ബഹുധാവിദ്യാസുപരിശ്രമപരഃ = വിദ്യാവിഷയങ്ങളിൽ അനേക
= വിധത്തിൽ പരിശ്രമശീലനായ
ബാലവിബോധനായ = ബാലന്മാരുടെ അറിവിനായി
ആത്മബുദ്ധ്യാ = സ്വന്തമായ മനോനിശ്ചയം
കൊണ്ടു്
ഉദ്യോഗവാൻ ഭവതി = ഉത്സാഹമുള്ളവനായിഭവിക്കുന്നു.

സാ:—സത്തുക്കൾക്കു് ആശ്രയഭൂതനും പരമശിവൻെറ പ്രേമാധിക്യത്തിനു് ഇരിപ്പിടവും സകലരാലും പൂജ്യനും സാക്ഷാൽ പാൎവ്വതീദേവിയുടെ തനയനും പാദഭക്തന്മാൎക്കു് അഭീഷ്ടദാതാവുമായ ഗണപതി ശ്രീമംഗലമെന്ന മഹാക്ഷേത്രത്തിൽ പ്രകാശിക്കുന്നു. അദ്ദേഹത്തിൻെറ പാദഭക്തനും, മഹാത്മാവായ ഗുരുനാഥൻെറ കാരുണ്യാധിക്യംകൊണ്ടു് വേദവേദാംഗാദി വിദ്യകളിൽ പരിശ്രമശീലനുമായ ഗ്രന്ഥകൎത്താവു് ശിഷ്യബോധത്തിനായി ഗ്രന്ഥനിൎമ്മാണരൂപമായ വ്യാപാരത്തിൽ ഉദ്യമിക്കുന്നു. "ആത്മബുദ്ധ്യാ" എന്നുള്ള പദംകൊണ്ടു് വല്ല രാജാവിൻേറയോ പ്രഭുവിൻേറയോ പ്രേരണയല്ല, നേരേമറിച്ചു് ശിഷ്യാനുഗ്രഹരൂപമായ പരോപകാരപ്രവണത ഒന്നുമാത്രമാണു് തന്നെ ഗ്രന്ഥനിൎമ്മാണത്തിനു് പ്രേരിപ്പിക്കുന്നതെന്നും "ഗുരുവൎയ്യകൃപാഭിയോഗാൽ" എന്ന പദംകൊണ്ടു് ഗുരുകാരുണ്യത്താൽ മാത്രമേ വിദ്യാവിഷയത്തിൽ പരിശ്രമിക്കാൻകൂടി സംഗതി വരികയുള്ളൂ എന്നും സൂചിപ്പിക്കുന്നു.

മൂ:—യേഷാം ശ്രുതിപ്രണയിനീ ധിഷണാ യദീയ-
സങ്കല്പകല്പിതതനുഃ പരമേശ്വരോപി
തേഷാം മഹീസുമനസാം മഹനീയഭാസാ-
മുത്തംസയേ പരമുദാരപദാരവിന്ദം. ൨

| അന്വയം. | അൎത്ഥം. |
|---|---|
| യേഷാം ധിഷണാ | = യാവചിലബ്രാഹ്മണരുടെ ബുദ്ധി |
| ശ്രുതിപ്രണയിനീ | = വേദപാരായണത്തിൽ പ്രണയ-മുള്ളതായിരിക്കുന്നുവോ |
| പരമേശ്വരഃഅപി | = സാക്ഷാൽ ഈശ്വരൻപോലും |
| യദീയസങ്കല്പകല്പിതതനുഃ | = യാവചിലരുടെ സങ്കല്പത്തിന് അനുകൂലവിഗ്രഹനായിത്തീരുന്നുവോ |
| മഹനീയഭാസാം | = മഹാനുഭാവന്മാരായ |
| തേഷാം മഹീസുമനസാം | = ആ ബ്രാഹ്മണരുടെ |
| പരം ഉദാരപദാരവിന്ദം | = സൎവോൽകൃഷ്ടമായ പാദാരവിന്ദ(ത്തെ |
| അഹം | = ഞാൻ |
| ഉത്തംസയേ | = ശിരോലങ്കാരമാക്കിച്ചെയ്യുന്നു. |

സാ:—വിധിപോലെ വേദപാരായണത്തിൽ തല്പരന്മാരായ ബ്രാഹ്മണരുടെ സങ്കല്പഭാവനയാൽ അരൂപനായ ജഗദീശ്വരനും സരൂപനായിത്തീരുന്നു. അത്രമാത്രം മാഹാത്മ്യമുള്ള ആ ബ്രാഹ്മണവൎയ്യന്മാരുടെ അഭീഷ്ടപ്രദമായും ശോഭായമാനമായും ഇരിക്കുന്ന പാദാബ്ജങ്ങളെ ഞാൻ ശിരസാ വഹിക്കുന്നു. അവരെ നമസ്കരിക്കുന്നു എന്നു സാരം.

മൂ— നിസൎഗ്ഗസംസിദ്ധസമസ്തശില്പ-
പ്രാവീണ്യമാദ്യം ദ്രുഹിണം പ്രണമ്യ
മയാ മനുഷ്യാലയചന്ദ്രികൈഷാ
വിലിഖ്യതേ മന്ദധിയാം ഹിതായ. ൩

| അന്വയം. | അൎത്ഥം. |
|---|---|
| നിസൎഗ്ഗസംസിദ്ധസമസ്ത-ശില്പപ്രാവീണ്യം | = സകലശില്പകലകളിലും പ്രകൃതിസിദ്ധമായപ്രവീണതയോടുകൂടിയവനും |
| ആദ്യം ദ്രുഹിണം | = ആദിപുരുഷനുമായ ബ്രഹ്മാവിനെ |
| പ്രണമ്യ | = നമസ്കരിച്ചിട്ട് |
| മയാ | = എന്നാൽ |
| ഏഷാമനുഷ്യാലയചന്ദ്രികാ | = മനുഷ്യാലയചന്ദ്രിക എന്ന ഈ ഗ്രന്ഥം |
| മന്ദധിയാം ഹിതായ | = അല്പജ്ഞന്മാരുടെ ഉപയോഗ-ത്തിനായിട്ടു |
| വിലിഖ്യതേ | = എഴുതപ്പെടുന്നു. |

സാ:—ആദിജാതനായ ബ്രഹ്മാവിന് എല്ലാവിധ ശില്പകലകളിലും സ്വതസ്സിദ്ധമായ പാടവമുണ്ടെന്നു പ്രസിദ്ധമാണല്ലോ.

ശില്പശാസ്ത്രപ്രണേതാവായ ഗ്രന്ഥകൎത്താവും ആദിശില്പിയായ ബ്ര
ഹ്മാവിനെ നമസ്കരിക്കുന്നതു് പ്രകൃതവിഷയത്തിനു് അനുകൂലമാ
ണല്ലൊ. അതുകൊണ്ടു് ആ ബ്രഹ്മാവിനെ നമസ്കരിച്ചിട്ടു് മനു
ഷ്യാലയമഹാചന്ദ്രിക എന്ന പേരോടുകൂടിയ ഈ ശില്പശാസ്ത്ര
ത്തെ അഷ്ടങ്ങളായിരിക്കുന്ന ശില്പശാസ്ത്രങ്ങളുടെ ദുർഗ്രാഹ്യതനി
മിത്തം ഭഗ്നചേതസ്സുകളായവരുടെ സുഗ്രഹണത്തിനുവേണ്ടി എ
ഴുതുന്നു.

മൂ-മയമതയുഗളം പ്രയോഗമഞ്ജൎയ്യപി ച നിബന്ധനഭാസ്കരീയ-
യുഗ്മം
മനുമതഗുരുദേവപദ്ധതിഃ ശ്രീഹരിയജനാദിമഹാഗമാ ജയന്തി
മൂ-മാൎക്കണ്ഡേയയുഗം പരാശരമുരാരിപ്രോക്തരത്നാവലീ-
സാരാൻ കാശ്യപവിശ്വകൎമ്മമതയുഗ്മാദ്യം കുമാരാഗമം
സവ്യാഖ്യാം ഹരിസംഹിതാം വിവരണാദ്യം വാസ്തുവിദ്യാദികം
ദൃഷ്ട്വാ തന്ത്രസമുച്ചയോക്തമനുസൃത്യൈവാത്ര സംക്ഷിപ്യതേ.

| അന്വയം. | അൎത്ഥം. |
|---|---|
| മയമതയുഗളം | = മയമതമെന്നു പേരുള്ള രണ്ടു ഗ്രന്ഥങ്ങളും |
| പ്രയോഗമഞ്ജരിഃ | = പ്രയോഗമഞ്ജരിയും |
| നിബന്ധനഭാസ്കരീയ-യുഗ്മം | = നിബന്ധനവും ഭാസ്കരീയമെന്നുപേരുള്ള രണ്ടു ഗ്രന്ഥങ്ങളും |
| മനുമതഗുരുദേവപദ്ധതിഃ ശ്രീഹരിയജനാദിമഹാഗമാ അപി ച | = മനുമതം, ഗുരുദേവപദ്ധതി, ശ്രീഹരിയജനം തുടങ്ങിയുള്ള മഹാശാസ്ത്രങ്ങളും |
| ജയന്തി | = സുപ്രസിദ്ധങ്ങളായി പ്രശോഭിക്കുന്നു. |
| മാൎക്കണ്ഡേയയുഗം | = രണ്ടുവിധമുള്ള മാൎക്കണ്ഡേയം. |
| പരാശരമുരാരി | = പരാശരനാലും മുരാരിയാലും |
| പ്രോക്തരത്നാവലീ | = രചിക്കപ്പെട്ട രണ്ടു രത്നാവലികൾ. |
| സാരാൻ | = തന്ത്രസാരാഖ്യങ്ങളായ ഗ്രന്ഥങ്ങൾ |
| കാശ്യപവിശ്വകൎമ്മമത-യുഗ്മാദ്യം | = കാശ്യപൻ, വിശ്വകൎമ്മാവു് ഇവരുടെ രണ്ടുമതങ്ങൾ |
| കുമാരാഗമം | = കുമാരാഗമം (കുമാരകല്പം) |
| സവ്യാഖ്യാം ഹരിസം-ഹിതാം | = വ്യാഖ്യാനത്തോടു കൂടിയ വിഷ്ണുസംഹിത |
| വിവരണാദ്യം | = വിവരണംതുടങ്ങിയുള്ള ചില വ്യാഖ്യാനങ്ങൾ. |
| വാസ്തുവിദ്യാദികം | = വാസ്തുവിദ്യ മുതലായമററുഗ്രന്ഥങ്ങൾ |
| ദൃഷ്ട്വാ | = കണ്ടിട്ടു്. (ഇതുകളെ |

തന്ത്രസമുച്ചയോക്തം = തന്ത്രസമുച്ചയത്തിൽ പറഞ്ഞിട്ടു്
അനുസൃത്യഏവ = ള്ളതിനെ അനുസരിച്ചുതന്നെ.
അത്ര സംക്ഷിപ്യതേ = ഈ ഗ്രന്ഥത്തിൽചുരുക്കിപ്പറയുന്നു.

സാ:—ഇവിടെ പൌരാണികങ്ങളായ അനേകം ഗ്രന്ഥങ്ങളെക്കണ്ടിട്ടും, അതിപ്രാചീനമല്ലാത്ത തന്ത്രസമുച്ചയരീതിയെ അനുഗമിക്കുന്നതു്, അനുചിതമല്ലേ എന്നൊരു ശങ്ക പക്ഷേ നേരിട്ടേയ്ക്കാം. "ഋഷീണാം ഉത്തരോത്തരം ബലീയാൻ" എന്നുള്ള ന്യായമനുസരിച്ചു് കാലദേശാനുരോധേന ശാസ്ത്രങ്ങളെ പുതുക്കേണ്ട ഘട്ടങ്ങളിൽ മനുഷ്യവ്യാജേന ദിവ്യാംശസംഭൃതന്മാരായ മഹാത്മാക്കൾ ജനിക്കയെന്നുള്ളതു് രഹസ്യമല്ലല്ലോ. ഈ കൂട്ടത്തിൽ കേരളത്തിന്റെ ശീതോഷ്ണാദ്യവസ്ഥാഭേദങ്ങളെ ആശ്രയിച്ചും, പൂർവതന്ത്രവിധികൾക്കനുരൂപിച്ചും സുപ്രസിദ്ധനായ ചേന്നാസ്സു് നാരായണൻനമ്പൂതിരിപ്പാട്ടിൽനിന്നും എഴുതീട്ടുള്ളതാണു് തന്ത്രസമുച്ചയമെന്ന ഗ്രന്ഥം. ഇതിനു് ഇത്രമാത്രം പ്രാമാണ്യമുള്ള സ്ഥിതിക്ക നമ്മുടെ ഗ്രന്ഥകത്താവു്, അതിനെ അനുഗമിക്കാൻ ഇടവന്നതിൽ ഒട്ടും അതിശയിപ്പാനില്ല സാധാരണജനങ്ങൾ പ്രാചീനങ്ങളല്ലാത്ത ശാസ്ത്രഗ്രന്ഥങ്ങളിൽ വൈമുഖ്യഭാവം കാണിക്കാറുണ്ടു്. മയമതാദിപൂർവതന്ത്രങ്ങളെ താൻ വേണ്ടവിധം ഗ്രഹിച്ചിട്ടുണ്ടെന്നു "ദൃഷ്ട്വാ" എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു തന്നെ അനുമാനിക്കാം. അതിനാൽ ഈ ഗ്രന്ഥം പൂർവതന്ത്രാനുകൂലമാണെന്നും ആദരണീയങ്ങളായ കാൎയ്യങ്ങൾ എക്കാലത്തും ആരുതന്നെ പറഞ്ഞാലും സ്വീകാൎയ്യങ്ങളാണെന്നും വിചാരിച്ചു്, ആ വൈമുഖ്യത്തിൽനിന്നു നിവൎത്തിച്ചുകൊള്ളുക.

മൂ:—മൎത്ത്യോ വിപ്രാദിവൎണ്ണേഷ്വിഹ ഭവനവിധാ-
നോൽസുകോ യസ്സപൂൎവം
വിപ്രം തദ്ദേശസംബന്ധിനമഖിലഗുണൈ-
രന്വിതം സംവൃണീത
സോയം തദ്വൎണ്ണയോഗ്യാം ക്ഷിതിമഥ പരിക-
ല്പ്യാത്ര പൂജാദി കൃത്വാ
വാസ്തോശ്ശാസ്ത്രോക്തരീത്യാ ഗൃഹമതിനിപുണൈഃ
കാരുഭിഃ കാരയേത. ൯

അന്വയം. അൎത്ഥം.

വിപ്രാദിവൎണ്ണേഷു യഃ മൎത്ത്യഃ = ബ്രാഹ്മണാദിവൎണ്ണങ്ങളിൽ യാതൊരുവൻ
ഭവനവിധാനോൽസുകഃ = ഗൃഹനിൎമ്മാണത്തിൽ ഉത്സാഹ
സഃ = അവൻ (മുള്ളവനാകുന്നുവോ

| | |
|---|---|
| പൂവ്വം | = അദ്യമായി |
| തദ്ദേശസംബന്ധിനം | = അ ദേശസംബന്ധിയും |
| അഖിലഗുണൈഃ അന്വിതം | = എല്ലാ ഗുണങ്ങളോടുകൂടിയവനുമായ |
| വിപ്രം സംവൃണീത | = വിപ്രനെ ഗുരുവായി വരിക്കണം |
| അഥ | = പിന്നീട്ട് |
| സഃ അയം | = അ ബ്രാഹ്മണൻ |
| തദ്വർണ്ണയോഗ്യാം ക്ഷിതിം | = തന്നെവരിക്കുന്നയാളുടെ ജാതിക്കനു |
| പരികല്പ്യ | = നിശ്ചയിച്ചിട്ട് (രൂപമായഭൂമിയെ |
| അത്ര | = ഈ ഭൂമിയിൽ |
| വാസ്തോഃ പൂജാദി കൃത്വാ | = വാസ്തുപൂജ മുതലായതിനെച്ചെയ്തിട്ടു |
| ശാസ്ത്രോക്തരീത്യാ | = ശാസ്ത്രത്തിൽ പറയപ്പെട്ട രീതിയനു സരിച്ച് |
| അതിനിപുണൈഃ കാരുഭിഃ | = അതിസമത്ഥന്മാരായ ശില്പികളെ- |
| ഗൃഹം കാരയേത | = ഗൃഹത്തെ ചെയ്യിക്കണം (ക്കൊണ്ടു് |

സാ:—ബ്രാഹ്മണാദിവർണ്ണങ്ങളിൽ ഉൾപ്പെട്ട ഏതൊരുവൻ ഗൃഹം വേണമെന്നു നിശ്ചയിക്കുന്നുവോ അവൻ മുമ്പേതന്നെ അ ദേശത്തെക്കുറിച്ചു പരിചയമുള്ളവനും വേദവേദാംഗാദികളിൽ സ്വതന്ത്രനും സദ്വൃത്തനുമായ ബ്രാഹ്മണശ്രേഷ്ഠനെ തൻെറ അഭീഷ്ടമറിയിച്ചു ഗുരുവായി സ്വീകരിക്കണം. അ ബ്രാഹ്മണശ്രേഷ്ഠൻ അതിൽ പിന്നീടു ഗൃഹകരണേച്ശു യാതൊരുവർണ്ണത്തിൽ ഉൾപ്പെട്ടയാളാണോ അ വർണ്ണത്തിനുചിതമായ ഭൂമിയെ നിശ്ചയിച്ചിട്ട് ഈ ഭൂമിയിൽ വാസ്തുബലി മുതലായ പൂജകളെ ചെയ്യണം. "വാസ്തുപൂജാം പ്രകുർവീത ഗൃഹാരംഭേ" എന്നു പ്രകാശികാവചനമുണ്ടു്. അതിനുശേഷം ശാസ്ത്രരീതിയിൽനിന്നു് ഒട്ടും വ്യതിചലിക്കാതെ ഏററവും സമത്ഥന്മാരായ ശില്പികളെക്കൊണ്ടു ഗൃഹത്തെ ചെയ്യിക്കണം.

മൂ— വേദാഗമാദിവിഹിതാന്യവധാൎയ്യ വിപ്രൈഃ
കാൎയ്യോ വിധിഃ സകലദേവനരാലയാനാം
തദ്വാക്യതഃ സകലധാമസു മുഖ്യിലാദ്യൈ-
രാന്യോന്യമേളനമുശന്തി ഹി കാരുകൃത്യം. ൧൦

| അന്വയം. | അത്ഥം. |
|---|---|
| വിപ്രൈഃ | = മുൻശ്ലോകത്തിൽ പറയുന്നതുപോലെ വരിക്കപ്പെട്ട ബ്രാഹ്മണരാൽ |
| വേദാഗമാദിവിഹിതാനി | = വേദശാസ്ത്രാദികളിൽ വിധിച്ചിട്ടുള്ള |
| അവധാൎയ്യ | = നല്ലവണ്ണം മനസ്സിലാക്കീട്ട് (തിനെ |

| | |
|---|---|
| സകലദേവനരാലയാനാം | = എല്ലാ ദേവാലയങ്ങളുടെയും മനു-ഷ്യാലയങ്ങളുടേയും |
| വിധിഃ കാൎയ്യഃ | = വിധി കല്പിക്കപ്പെടണം. |
| തദാകൃതഃ | = അവരുടെ ആജ്ഞയനുസരിച്ച് |
| സകലധാമസു | = എല്ലാഗൃഹങ്ങളിലും |
| മൃച്ഛിലാദ്യൈഃ | = മണ്ണ് കല്ല മുതലായവയെ |
| അന്യോന്യമേളനം | = അന്യോന്യം ചേൎക്കുന്നതു് |
| കാരുകൃത്യം ഉശന്തി ഹി | = കാരുക്കളുടെ പ്രവൃത്തിയാണെന്നു് (ആചാൎയ്യന്മാർ) വിചാരിക്കുന്നു. |

സാ:—വിധിപോലെ വരിക്കപ്പെട്ട ആ ബ്രാഹ്മണർ വേദശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള ഗൃഹകരണയോഗ്യങ്ങളും അതിനുപയുക്തങ്ങളുമായ വിധികളെ നല്ലപോലെ പരിചിന്തനംചെയ്തു നിശ്ചയിച്ചു ദേവാലയങ്ങളുടേയും മനുഷ്യാലയങ്ങളുടേയും തദനുബന്ധങ്ങളായ മററു ഉപാലയാദികളുടേയും കൈക്കണക്ക മുതലായ നിയമങ്ങൾ ചെയ്യേണ്ടതാണു്. അങ്ങനെയുള്ള ആ ബ്രാഹ്മണരുടെ ആജ്ഞയെ അനുസരിച്ചു മണ്ണ്, കല്ല്, മരം, മുതലായതിനെ യഥായോഗ്യം അനുബന്ധിപ്പിക്കുന്നതു ചെയ്യുന്നവരായ ശില്പികളുടെ തൊഴിലാകുന്നു.

മൂ—സ്ഥപതിസ്സൂത്രഗ്രാഹീ തക്ഷകസംജ്ഞശ്ച വൎദ്ധകിഃ ക്രമശഃ
സ്വോചിതകൎമ്മണി ദക്ഷാ ഗ്രാഹ്യാസ്തേ കാരവശ്ചതുൎദ്ധേതി.

| അന്വയം. | അർത്ഥം. |
|---|---|
| സ്ഥപതിഃ സൂത്രഗ്രാഹീ | = സ്ഥപതിയും സൂത്രഗ്രാഹിയും |
| തക്ഷകസംജ്ഞഃ വൎദ്ധകിഃ ച | = തക്ഷകനും വൎദ്ധകിയും |
| ഇതി ചതുൎദ്ധാ | = എന്നിങ്ങനെ നാലുപ്രകാരത്തിൽ |
| സ്വോചിതകൎമ്മണി ദക്ഷാഃ | = അവനവന്നു യോഗ്യമായ പ്രവൃത്തിയിൽ സമർത്ഥന്മാരായ |
| തേ കാരവഃ | = ആ ശില്പികൾ |
| ക്രമശഃ ഗ്രാഹ്യാഃ | =ക്രമമനുസരിച്ചു ഗ്രഹിക്കപ്പെടേണ്ടവരാണ്. |

സാ:—അവരവൎക്കു യോഗ്യങ്ങളായ പ്രവൃത്തിഭേദങ്ങളെ ആശ്രയിച്ചു ശില്പികളെ സ്ഥപതിയെന്നും സൂത്രഗ്രാഹിയെന്നും തക്ഷകനെന്നും വൎദ്ധകി എന്നും ഇങ്ങിനെ നാലുതരത്തിൽ വിഭജിച്ചിരിക്കുന്നു. വീടുചെയ്യാൻ അഗ്രഹിക്കുന്ന ആൾ അതാതു കൎമ്മങ്ങൾക്കു യോഗ്യന്മാരായ അവരെ യഥാക്രമം സ്വീകരിക്കേണ്ടതാണു്.

## സ്ഥപത്യാദിലക്ഷണം.

മൂ— സൎവ്വശാസ്ത്രവിഹിതക്രിയാപടുഃ
സൎവ്വദാവഹിതമാനസഃ ശുചിഃ

ധാർമ്മികോ വിഗതമത്സരാദികോ
യസ്സ ച സ്ഥപതിരസ്തു-സത്യവാക്

അന്വയം. — അർത്ഥം

യഃ = യാവനൊരുത്തൻ
സർവ്വശാസ്ത്രവിഹിത-
ക്രിയാപടുഃ = എല്ലാ ശാസ്ത്രങ്ങളിലും വിധിക്കപ്പെട്ട ക്രിയകളിൽ സാമർത്ഥ്യമുള്ളവനായും
സർവ്വദാവഹിതമാനസഃ = എല്ലായ്പോഴും സമാധാനചിത്തനായും
ശുചിഃ = നിർമ്മലനായും
ധാർമ്മികഃ = ധർമ്മതല്പരനായും
വിഗതമത്സരാദികഃ = മത്സരാദികളോടുവേർപെട്ടവനായും
സത്യവാക് ച = സത്യമായ വാക്കുമാത്രം പറയുന്നവനാ
സഃ = അവൻ (യും ഇരിക്കുന്നുവോ
സ്ഥപതിഃ അസ്തു = സ്ഥപതിയായി ഭവിക്കട്ടെ.

സാ:—സ്ഥപതിക്ക് എല്ലാ ശാസ്ത്രങ്ങളിലും പാണ്ഡിത്യവും ശാസ്ത്രോക്തങ്ങളായ പ്രവൃത്തികളിൽ വേണ്ടിടത്തോളം മിടുക്കും എല്ലായ്പോഴും ഏകാഗ്രമായ ചിത്തവൃത്തിയും (ഇന്ദ്രിയവൃത്തിയിൽ നിന്നു് നിവർത്തിച്ച മനസ്സോടുകൂടിയവൻ എന്നു സാരം) മനസ്സ്, വാക്ക, കായം ഇതുകൊണ്ടുള്ള കർമ്മങ്ങളിൽ സകലവിധ നൈർമ്മല്യവും, ധർമ്മാനുഷ്ഠാനനിഷ്ഠയും, മാത്സര്യം, ഡംഭം മുതലായ ദോഷങ്ങളിൽനിന്നു് വിമുക്തതയും, യഥാർത്ഥവാദിത്വവും (വാസ്തുപൂജ മുതലായ കർമ്മങ്ങളിൽ ദീപനാളികേരതാംബൂലാദികളെക്കൊണ്ടു് ത്രികാലഫലനിർദ്ദേശം ചെയ്യുമ്പോൾ നിഷ്ഫലമാകാതിരിക്കുക) ഉണ്ടായിരിക്കണം.

മൂ—ജ്ഞാനീയാൽ സ്ഥാപനാർഹം സ്ഥപതിമഥ ഗുണൈഃ
പ്രായശസ്തേന തുല്യഃ
സൂത്രഗ്രാഹീ സുതോ വാ സ്ഥപതിമതിഗതി-
പ്രേക്ഷകശ്ശിഷ്യകോ വാ
സ്ഥൂലാനാം തൽക്ഷണാത്തക്ഷക ഇതി കഥിത-
സ്സന്തതം ഹൃഷ്ടചിത്തോ
ദാർവ്വാദ്യന്യോന്യസംമേളനപടുരുദിതോ
വർദ്ധകിഃ സാവധാനഃ. (൧൩.)

അന്വയം. — അർത്ഥം.

സ്ഥപതിം സ്ഥാപനാർഹം ജ്ഞാനീയാൽ = സ്ഥപതിയെ സ്ഥാപനക്രിയയിൽ യോഗ്യനെന്നറിയണം.
അഥ = പിന്നീടു്

ഗുണൈഃ = ഗുണങ്ങളെക്കൊണ്ടു്

പ്രായശഃ = മിക്കവാറും

തേന തുല്യഃ സുതഃ = ആ സ്ഥപതിയോടു തുല്യനായ പുത്രനോ

സ്ഥപതിമതിഗതിപ്രേക്ഷകഃ- ശിഷ്യകോ വാ = സ്ഥപതിയുടെ മനോഗതിയെ ശരിയായറിയുന്ന ശിഷ്യനോ

സൂത്രഗ്രാഹീ (ഭവതു) = സൂത്രഗ്രാഹിയായി ഭവിക്കട്ടെ

സ്ഥൂലാനാം തൽക്ഷണാൽ = സ്ഥൂലസാധനങ്ങളുടെ സൂക്ഷ്മീകരണം ഹേതുവായിട്ടു്

തക്ഷകഃ ഇതി കഥിതഃ = തക്ഷകനെന്നുപറയപ്പെടുന്നവൻ

സന്തതം ഹൃഷ്ടചിത്തഃ(ഭവതു)= എല്ലായ്പോഴും സന്തുഷ്ടമനസ്സായിരിക്കണം

ദാർവ്വാദ്യന്യോന്യസംമേളനപടുഃ = മരം തുടങ്ങിയുള്ളതിനെ അന്യോന്യം ചേർക്കുന്ന വിഷയത്തിൽ സാമർത്ഥ്യമുള്ളവനും

സാവധാനഃ = വിചാരശീലനുമായവൻ

വർദ്ധകിഃ ഉദിതഃ = വർദ്ധകി എന്നു പറയപ്പെടുന്നു.

സാഃ—സ്ഥാനനിർണ്ണയപ്രമാണകല്പനാപൂർവ്വം കല്ലിടുക, ഉത്തരം വയ്ക്കുക മുതലായതുകളുടെ കർത്തൃത്വമാകുന്നു സ്ഥപതിക്കുള്ളതു്. മററു വേണ്ട സകലവിധ കൈകാര്യകർത്തൃത്വവും സ്ഥപതിയുടെ ആജ്ഞയനുസരിച്ചു് സൂത്രഗ്രാഹിയാണു് നിർവ്വഹിക്കേണ്ടതു്. തക്ഷകാദികളായ മററു ശില്പികളെ യഥാവിധി നിയന്ത്രിക്കേണ്ട ചുമതലയും സൂത്രഗ്രാഹിയിലാണു് അന്തർഭവിച്ചിരിക്കുന്നതു്. അതുകൊണ്ടു അദ്ദേഹം ശാസ്ത്രപാണ്ഡിത്യം മുതലായവയിൽ സ്ഥപതിയോടു മിക്കവാറും തുല്യതയുള്ള തൽപുത്രനോ അല്ലെങ്കിൽ സ്ഥപതിയുടെ മനോഗതിയെ സൂക്ഷ്മമായി പര്യാലോചിച്ചറിയുന്നതിനു് യോഗ്യതയുള്ള ശിഷ്യനോ ആയിരിക്കണം. സ്ഥപതി അവിടെ എപ്പോഴും ഉണ്ടായിരിക്കുക സംഭാവ്യമല്ല. സ്ഥപതിയുടെ പ്രതിപുരുഷനെന്ന നിലയിൽ തൽ കൃത്യങ്ങളെ നിർവ്വഹിക്കേണ്ടതു് സൂത്രഗ്രാഹിയാണു്. അതിനാൽ സൂത്രഗ്രാഹിക്കു സ്ഥപതിയുടെമേൽ നിർവ്യാജമായ ആത്മബന്ധുത്വം ഇല്ലാതെപോയാൽ അവിടെ പലവിധ അപകടങ്ങൾ ഉണ്ടാകുന്നതിനും തന്മൂലം സ്ഥപതിക്കു് അചിന്തിതമായ അവജ്ഞയ്ക്കു് ഇടവരുന്നതുമാണു്. ഇതുകൊണ്ടുതന്നെയാണു് സൂത്രഗ്രാഹി തന്റെ പുത്രനോ അല്ലെങ്കിൽ ശിഷ്യനോ ആയിരിക്കണമെന്നു പറഞ്ഞതു്. സ്ഥൂലങ്ങളായിരിക്കുന്ന മരം, കല്ലു് മുതലായവയെ അവശ്യംപോലെ ലഘൂക

തിരിക്കേണ്ടതു് തക്ഷകന്റെ തൊഴിലാണു്. ഇവൻ എല്ലായ്പ്പോഴും സന്തുഷ്ടനായിരിക്കേണ്ടതുമാണു്. കണക്കനുസരിച്ചു പണി ചെയ്യപ്പെട്ട മരം കല്ലു് മുതലായവയെ യഥാസ്ഥാനം സംഘടിപ്പിക്കുന്നവനെ വർദ്ധകി എന്നു പറയുന്നു. ഇവൻ സമാധാനചിത്തനായിരിക്കേണ്ടതാണു്.

മൂ—വിനാ സ്ഥപത്യാദിചതുഷ്ടയേന
ഗൃഹാദി കർത്തും ന ച ശക്യതേസ്മാൽ
പ്രസാദിതൈസ്തൈരഥ വിപ്രവര്യ-
സ്സുസൂക്ഷ്മധീഃ കാരയതാൽ ഗൃഹാണി. ൧൨

| അന്വയം. | അർത്ഥം. |
|---|---|
| സ്ഥപത്യാദിചതുഷ്ടയേനവിനാ | = സ്ഥപതി, സൂത്രഗ്രാഹി, തക്ഷകൻ. വർദ്ധകി ഇവരെക്കൂടാതെ |
| ഗൃഹാദി കർത്തും | =ഗൃഹം മുതലായതുണ്ടാക്കുന്നതിനു |
| ന ശക്യതേ ച | = സാധിക്കുന്നതുമല്ല |
| അസ്മാത് | = ഇതുകൊണ്ടു് |
| പ്രസാദിതൈഃ തൈഃ | =സന്തുഷ്ടചിത്തന്മാരാക്കപ്പെട്ടവരായ അവരെക്കൊണ്ടു് |
| സുസൂക്ഷ്മധീഃ വിപ്രവര്യഃ | =ഏററവും സൂക്ഷ്മബുദ്ധിയായ ബ്രാഹ്മണശ്രേഷ്ഠൻ |
| ഗൃഹാണി കാരയതാൽ | = ഗൃഹങ്ങളെച്ചെയ്യിക്കണം. |

സാ:-(സ്ഥപതി, സൂത്രഗ്രാഹി, തക്ഷകൻ, വർദ്ധകി ഇവരെക്കൊണ്ടല്ലാതെ വീടുകൾ, ഗോശാലകൾ, കിണറുകൾ മുതലായതുണ്ടാക്കാൻ ഒരിക്കലും സാധിക്കുന്നതല്ല. അതിനാൽ അവരവരുടെ പ്രവൃത്തികളെ ശരിയായി നിർവ്വഹിക്കത്തക്ക യോഗ്യതയുള്ള സ്ഥപത്യാദികളെ യഥേഷ്ടം സന്തോഷിപ്പിച്ചു്, അവരെക്കൊണ്ടു് ഗൃഹങ്ങളെച്ചെയ്യിക്കണം.)

മൂ—ലക്ഷണഹീനേ ധാമനി വസതാമശുഭാനിസംഭവന്ത്യേവ
ജന്മാദ്യപിധാനാന്തം മനസാ നിശ്ചിത്യ കാരയേത്തസ്മാത്.

| അന്വയം. | അർത്ഥം. |
|---|---|
| ലക്ഷണഹീനേ ധാമനി | =ലക്ഷണമില്ലാത്ത ഭവനത്തിൽ |
| വസതാം അശുഭാനി സം- ഭവന്തി ഏവ | = വസിക്കുന്നവർക്ക് അശുഭങ്ങൾ സംഭവിക്കതന്നെ ചെയ്യുന്നു. |
| തസ്മാത് | = അതുകൊണ്ടു് |
| ജന്മാദ്യപിധാനാന്തം | = ജന്മംമുതൽ അവസാനം |
| മനസാ നിശ്ചിത്യകാരയേത് | = മനസ്സുകൊണ്ടു നിശ്ചയിച്ചിട്ടു ചെയ്യിക്കണം. |

സാ:—ശാസ്ത്രനിയമങ്ങൾക്കു പ്രതികൂലലക്ഷണങ്ങളായ ഭവനങ്ങളിൽ പാൎക്കുന്നോൎക്കു് അപത്തുകൾ ധാരാളം ഉണ്ടാകുന്നതാണു്. അങ്ങനെയുള്ള ലക്ഷണവൈകല്യം നേരിടാതിരിക്കാൻ പാദുകംമുതൽ അവസാനംവരെയുള്ള സകല അവയവങ്ങളുടേയും കണക്കുകൾ ബുദ്ധിപൂൎവ്വം ആലോചിച്ചു നിശ്ചയിച്ചതിനുശേഷം വേണം വീടുപണി ആരംഭിക്കേണ്ടതു്.

## ഗൃഹനിൎമ്മാണരീതി.

മൂ—തത്ര ക്രമേണ ബഹുധാ ധരണീപരീക്ഷാ
ദിങ്നിൎണ്ണയാദിശുഭവീഥിപരിഗ്രഹാശ്ച
ധാമ്നാം പ്രമാണവിധിരംകണകുട്ടിമാദീ-
ന്യംഗാനി ബാഹ്യവിധയശ്ച തഥാ വിധേയാഃ. എന്ന

| അന്വയം. | അൎത്ഥം. |
|---|---|
| തത്ര | = ഗൃഹനിൎമ്മാണവിഷയത്തിൽ |
| ബഹുധാധരണീപരീക്ഷാ | = പലപ്രകാരേണയുള്ള ഭൂപരീക്ഷയും |
| ദിങ്നിൎണ്ണയാദിശുഭവീഥി-പരിഗ്രഹാഃ ച | = ദിങ്നിൎണ്ണയംമുതലായതും ശുഭവീഥിയുടെ പരിഗ്രഹവും |
| ധാമ്നാം പ്രമാണവിധിഃ | = ഗൃഹങ്ങളുടെ പ്രമാണത്തിൻെറ (കണക്കിൻെറ) നിൎണ്ണയവും |
| അങ്കണകുട്ടിമാദീനിഅംഗാനി | = അങ്കണം കുട്ടിമം മുതലായ അവയവങ്ങളും |
| തഥാബാഹ്യവിധയഃച | = അപ്രകാരം വെളിയിലുള്ള ഉപാലയംമുതലായതിൻെറ വിധികളും |
| ക്രമേണവിധേയാഃ | = മുറയ്ക്കു ചെയ്യേണ്ടതാണു്. |

സാ:—ആദ്യം സ്ഥപത്യാദികളെവരിച്ചിട്ടു് അഭീഷ്ടത്തെ അവരെ അറിയിക്കണം. അവർ പിന്നെ ഭൂമിയെ യഥാവിധി പരീക്ഷിച്ചു്, അതാതുജാതിക്കുചിതമായ ഭൂമിയെ കല്പിക്കണം. പിന്നെ ശങ്കുനാട്ടിദിക്കിനെ ശരിയാക്കണം. ആദിശബ്ദംകൊണ്ടു് സൂത്രവിന്യാസം പദവിഭാഗംമുതലായതിനേയും അതിനുശേഷം വീഥിവിഭാഗം ചെയ്തു വീടുവയ്ക്കുന്നതിനു ശുഭങ്ങളായ വീഥികളേയും കല്പിക്കണം. പിന്നെ ആലയങ്ങളുടേയും പൎയ്യന്തം, അങ്കണം മുതലായവയുടേയും കണക്കുകൾ നിശ്ചയിച്ചിട്ടു്, അധിഷ്ഠാനം സ്തംഭം മുതലായ എല്ലാ അവയവങ്ങളുടേയും തൊഴുത്തിൽ ഉരപ്പുര കിണറു് മുതലായ ബാഹ്യോപയോഗയോഗ്യങ്ങളായ ഉപാലയാദികളുടേയും വിധി നിശ്ചയിക്കേണ്ടതാണു്.

## ഭൂമിലക്ഷണം.

മൂ— ഗോമർത്ത്യൈഃ ഫലപുഷ്പദുഗ്ദ്ധതരുഭിശ്ചാഢ്യാ സമാ പ്രാൿപ്ലവാ സ്നിഗ്ദ്ധാ ധീരരവാ പ്രദക്ഷിണജലോപേതാശുബീജോൽഗമാ സംപ്രോക്താ ബഹുപാംസുരക്ഷയജലാ തുല്യാ ച ശീതോഷ്ണയോഃ ശ്രേഷ്ഠാ ഭൂരധമാ സമുക്തവിപരീതാ മിശ്രിതാ മദ്ധ്യമാ. ൧൭

| അന്വയം | അൎത്ഥം |
| --- | --- |
| ഗോമർത്ത്യൈഃ | = ഗോക്കളെക്കൊണ്ടും മത്ത്യരെക്കൊണ്ടും |
| ഫലപുഷ്പദുഗ്ദ്ധതരുഭിഃ ചആഢ്യാ | = കായും പൂവും പാലുമുള്ള വൃക്ഷങ്ങളെക്കൊണ്ടും ശ്രേഷ്ഠമായതും |
| സമാ | = നിരപ്പോടുകൂടിയതും |
| പ്രാൿപ്ലവാ | = കിഴക്കോട്ടുചരിവുള്ളതും |
| സ്നിഗ്ദ്ധാ | = മിനുമിനുപ്പുള്ളതും |
| ധീരരവാ | = ഗംഭീരശബ്ദത്തോടുകൂടിയതും |
| പ്രദക്ഷിണജലോപേതാ | = പ്രദക്ഷിണവശം വെള്ളമൊഴുകുന്നതും |
| ആശുബീജോൽഗമാ | = വേഗത്തിൽ വിത്തുമുളയ്ക്കുന്നതും |
| ബഹുപാംസുഃ | = അധികംമണ്ണുള്ളതും |
| അക്ഷയജലാ | = വെള്ളം വററാത്തതും |
| ശീതോഷ്ണയോഃതുല്യാ ച | = ശീതകാലത്തും ഉഷ്ണകാലത്തും സാമ്യമുള്ളതുമായ |
| ഭൂഃ ഉത്തമാ സംപ്രോക്താ | = ഭൂമി ഉത്തമയെന്നു പറയപ്പെട്ടിരിക്കുന്നു |
| സമുക്തവിപരീതാ അധമാ | = ഇപ്പറഞ്ഞതിനു വിപരീതമായ ഭൂമി അധമമാകുന്നു |
| മിശ്രിതാ മദ്ധ്യമാ | = ശുഭാശുഭങ്ങൾ ഇടകലൎന്നുള്ളതു മദ്ധ്യമയാകുന്നു |

സാ:—പശുക്കളും മനുഷ്യരും ധാരാളമായി വസിക്കുന്നതും കായും പൂവും പാലുമുള്ള വൃക്ഷങ്ങളോടുകൂടി സമനിരപ്പായും കിഴക്കോട്ടു കുറഞ്ഞൊന്നു് ചരിഞ്ഞിരിക്കുന്നതും മേനിയുള്ളതും വീട്ടിനടുത്തു ചുററും സഞ്ചരിക്കുമ്പോൾ പാദന്യാസംകൊണ്ടുണ്ടാകുന്ന ശബ്ദം അകത്തിരിക്കുന്ന ആൾക്കു് അറിയത്തക്കവണ്ണമുള്ള ഗംഭീരനാദത്തോടുകൂടിയതും വലത്തുവശം നദീജലമൊഴുകുന്നതും വിത്തിട്ടാൽ മൂന്നുദിവസംകൊണ്ടു മുളയ്ക്കുന്നതും ഒരുകോൽ സമചതുരത്തിൽ ഒരുകോൽ താഴ്ത്തി ഒരു കുഴികുഴിച്ചു് ആ മണ്ണുകൊണ്ടുതന്നെ അതു നികത്തിയാൽ, മണ്ണുശേഷിക്കുന്നതും വെള്ളംവററാത്തതും ശീതകാലത്തു ശീതാധിക്യവും ഉഷ്ണകാലത്തു് ഉഷ്ണാധിക്യവും കൂടാ

തെ എന്നും ഒരുപോലെ സുഖകരവുമായ ഭൂമി ഉത്തമമാകുന്നു. ഈ ശുഭലക്ഷണങ്ങൾക്കു വിപരീതലക്ഷണമുള്ള ഭൂമി നിന്ദ്യമാണ്. അതായത്, ഒരിക്കലും സ്വീകരിക്കത്തക്കതല്ല. ശുഭാശുഭലക്ഷണങ്ങളെക്കൊണ്ടു സംമിശ്രമായിരിക്കുന്ന ഭൂമി ആപൽപക്ഷത്തിൽ അതായത് നിവൃത്തിയില്ലാത്തപക്ഷം സ്വീകാൎയ്യമാകുന്നു. വിത്തിട്ടാൽ മൂന്നുദിവസത്തിനകം മുളയ്ക്കണമെന്നുള്ളതിനു "ത്രിരാത്രേണ സാംകുരാശോഭനാമഹീ" എന്നുള്ള പ്രകാശികാവചനവും കുഴി ഒരുകോൽ വേണമെന്നുള്ളതിന്നു "ഖാതം ഭൂമി പരീക്ഷണേകരമിതം തൽപൂരയേത്തന്മൃദാ ഹീനേഹീനഫലംസമേസമഫലം ലാഭോരജ്ജോവൃദ്ധിതഃ" എന്നുള്ള രാജവല്ലഭവചനവും കൂടാതെ "നിഖനേദ്ധസ്തമാത്രേണ പുനസ്തേനൈവപൂരയേൽ പാംസുനാധിക മദ്ധ്യോനാശ്രേഷ്ഠമദ്ധ്യാധമാക്രമാൽ" എന്ന മാത്സ്യസിദ്ധാന്തവും പ്രമാണങ്ങളാണ്.

മൂ— വൃത്താൎദ്ധേന്ദുനിഭാ ത്രിപഞ്ചരസകോണാ ശൂലശൂൎപ്പാകൃതി-
ൎമ്മത്സ്യാനേകപകൂൎമ്മപൃഷ്ഠകപിലാ വക്ത്രോപമാമേദിനീ
ഭസ്മാംഗാരതുഷാസ്ഥികേശകൃമിവത്മീകാദിഭിഃ സംയുതാ
വൎജ്ജ്യാ മദ്ധ്യനതാ സഗൎഭകുഹരാ വിസ്രാ വിദിക്സ്ഥാ-
പിച

| അന്വയം | അർത്ഥം. |
|---|---|
| വൃത്താ | = വൃത്താകാരമായും |
| അൎദ്ധേന്ദുനിഭാ | = അൎദ്ധചന്ദ്രാകാരമായും |
| ത്രിപഞ്ചരസകോണാ | = മൂന്നും അഞ്ചും ആറും കോണുള്ളതായും |
| ശൂലശൂൎപ്പാകൃതി | = ശൂലംപോലെയും മുറംപോലെയും ആകൃതിയുള്ളതായും |
| മത്സ്യാനേകപകൂൎമ്മപൃഷ്ഠ കപിലാവക്ത്രോപമാ | = മത്സ്യം, ആന, ആമ ഇവയുടെപുറം പോലെയുംപശുവിൻെറമുഖം പോലെയും ഇരിക്കുന്നതായും |
| ഭസ്മാംഗാരതുഷാസ്ഥി- കേശകൃമിവത്മീകാദിഭിഃ സംയുതാ | = ചാരം, കരിക്കട്ട, ഉമി, എല്ല്, തല മുടി, കൃമി, പുററ് മുതലായവയോടു കൂടിയതായും |
| മദ്ധ്യനതാ | = മദ്ധ്യഭാഗത്തു താഴ്ചയുള്ളതായും |
| സഗൎഭകുഹരാ | = ഉള്ളിൽ പൊത്തുള്ളതായും |
| വിസ്രാ | = ദുൎഗ്ഗന്ധിയായും |
| വിദിക്സ്ഥാപിച | = കോൺതിരിഞ്ഞതായും ഇരിക്കുന്ന |
| മേദിനീ | = പറമ്പ് |
| വൎജ്ജ്യാ | = ഉപേക്ഷിക്കേണ്ടതാകുന്നു. |

സാ:—വൃത്തമായോ അർദ്ധചന്ദ്രാകാരമായോ മൂന്നോ അഞ്ചോ ആറോ കോണുള്ളതായോ ശൂലം മുറം ഇതുകളെപ്പോലെ ഇരിക്കുന്നതായോ മത്സ്യം ആന ആമ ഇതുകളുടെ പുറംപോലെയും പശുവിൻെറ മുഖംപോലെയും ഇരിക്കുന്നതും ഉഴുതുനോക്കുമ്പോൾ ചാരം കരിക്കട്ട ഉമി എല്ല് തലമുടി ഇവയോടു കൂടിയതും (ആദിശബ്ദംകൊണ്ടു് വിറകുപൊത്തിനുള്ളിൽ ജീവിക്കുന്ന ക്ഷുദ്രജന്തുക്കളോടു കൂടിയതും) നടുവു താണതും ഉള്ളിൽ പോടുള്ളതും ചീത്ത ഗന്ധത്തോടു കൂടിയതുമായ പറമ്പു് ഗൃഹകരണത്തിങ്കൽ ഉപേക്ഷിക്കേണ്ടതാണു്. ഉഴുതുനോക്കുമ്പോൾ എന്നതിനു പ്രമാണം "കാഷ്ഠേഷ്ടകാതുഷാംഗാരപാഷാണാസ്ഥിസരീസൃപാൻ ഹലാഗ്രേണോദ്ധൃതാൻ ദൃഷ്ട്വാതത്രവിദ്യാദിദംഫലം കാഷ്ഠേഷ്വഗ്നിഭയംവിദ്യാൽ ഇഷ്ടകാസുധനാഗമം അംഗാരേഷു തഥാരോഗം തുഷേഷ്വേവ ധനക്ഷയം പാഷാണേഷ്വപികല്യാണം കുലനാശംതഥാസ്ഥിഷു സരീസൃപേഷുസർവ്വേഷു താദൃശ്യോ ഭയമാദിശേൽ" എന്നുള്ള വാസ്തുവിദ്യാവചനമാകുന്നു.

മൂ-ഇന്ദ്രാശാദിനതാവനിസ്തദിതരാശാദ്യുന്നതാഷ്ടൌ ക്രമാൽ
ഗോവഹ്ന്യന്തകഭൂതവാരിഫണഭൃന്മാതംഗധാന്യാഹ്വയാഃ
വീഥ്യോത്ര ക്രമശോഭിവൃദ്ധിധനഹാന്യാത്മാർത്ഥഹാനിപ്രദാഃ
ദാരിദ്ര്യാത്മജഹാനിവിത്തശുഭദാസ്താദൃക്ക്ഷിതൌ തസ്ഥുഷാം

| അന്വയം | അർത്ഥം |
|---|---|
| ഇന്ദ്രാശാദിനതാ | = കിഴക്കുതുടങ്ങിതാണും |
| തദിതരാശാദ്യുന്നതാ | = പടിഞ്ഞാറുമുതൽ ഉയൎന്നിരിക്കുന്ന |
| അവനി | = ഭൂമി |
| ക്രമാൽ | = ക്രമേണ |
| ഗോവഹ്ന്യന്തകഭൂതവാരി- | = ഗോവു്, വഹ്നി, അന്തകൻ, ഭൂതം, |
| ഫണഭൃന്മാതംഗ- | = വാരി, ഫണഭൃത്തു്, മാതംഗം. |
| ധാന്യാഹ്വയാഃ | = ധാന്യം ഇങ്ങനെ പേരോടുകൂടിയ |
| അഷ്ടൌവീഥ്യഃ | = എട്ടുവീഥികളാകുന്നു. |
| താദൃക്ക്ഷിതൌ | = അങ്ങിനെയുള്ള ഭൂമിയിൽ |
| തസ്ഥുഷാം | = സ്ഥിതിചെയ്യുന്നവൎക്കു് |
| (താഃ) ക്രമശഃ | = (ആ ഭൂമികൾ) ക്രമേണ |
| അഭിവൃദ്ധിധനഹാന്യാ- | = അഭിവൃദ്ധി, ധനനാശം, ആത്മനാ |
| ത്മാർത്ഥഹാനിപ്രദാഃ | = ശം, അർത്ഥനാശം ഇവയെ പ്രദാനം ചെയ്യുന്നവയും |
| ദാരിദ്ര്യാത്മജഹാനി- | = ദാരിദ്ര്യം, പുത്രനാശം, വിത്തം, മം |
| വിത്തശുഭദാഃ | ഗളം ഇവയെ കൊടുക്കുന്നവയുമാകുന്നു. |

സാ:—കിഴക്കുതാണു പടിഞ്ഞാറുയൎന്നിരിക്കുന്ന ഭൂമി ഗോവീഥിയാകുന്നു. ഇവിടെ താമസിക്കുന്നവൎക്ക് അഭിവൃദ്ധിഫലമാണ്. അഗ്നികോണു താണ് വായുകോണുയൎന്നിരിക്കുന്ന ഭൂമിക്ക് അഗ്നിവീഥി എന്നു പേർ പറയുന്നു. ഈ പറമ്പിൽ പാൎക്കുന്നവൎക്ക് ധനനഷ്ടം അനുഭവമാണ്. തെക്കുതാണു വടക്കുയൎന്നിരിക്കുന്ന ഭൂമി കാലവീഥിയാണ്. ഇതു തദ്വാസികൾക്കു മരണഭയത്തെ ഉണ്ടാക്കും. നിരൃതികോണു താണും ഈശകോണുയൎന്നുമിരിക്കുന്ന ഭൂമി ഭൂതവീഥി എന്നുപറയപ്പെട്ടിരിക്കുന്നു. ഇതു സകലവിധ കാൎയ്യനാശത്തെയും ഉണ്ടാക്കും. പടിഞ്ഞാറുതാണും കിഴക്കുയൎന്നുമിരിക്കുന്ന പറമ്പ് വാരിവീഥിയാണ്. ഇതിൽ താമസിക്കുന്നവൎക്ക് ദാരിദ്ര്യം അനുഭവമാണ്. വായുകോണു താണും അഗ്നികോണുയൎന്നുമിരിക്കുന്നതു് സൎപ്പവീഥിയാകുന്നു. ഇതു സന്താനഹാനിയെ ഉണ്ടാക്കും. വടക്കു താണ് തെക്കുയൎന്നിരിക്കുന്ന പറമ്പ് ഗജവീഥിയാണ്. ഇതു ധനവൃദ്ധിയെച്ചെയ്യും. ഈശകോണുതാണും നിരൃതികോണുയൎന്നുമിരിക്കുന്ന ഭൂമി ധാന്യവീഥി എന്നു പറയുന്നു. ഇതു് എല്ലാ വിധത്തിലും അഭിവൃദ്ധിയെ ദാനംചെയ്യും.

മൂ— പ്രവാസദാ മദ്ധ്യനതാ ധരിത്രീ
മദ്ധ്യോന്നതാ വിത്തസുഖാദിഹന്ത്രീ
വഹ്ന്യാദിവായ്വന്തനതാ ധരിത്രീ-
പ്രായേണ ദാരിദ്ര്യഫലപ്രദാ സ്യാൽ. ൨൦

| അന്വയം | | അൎത്ഥം. |
|---|---|---|
| മദ്ധ്യനതാ ധരിത്രീ | = | നടുവുഭാഗം താണിരിക്കുന്ന പറമ്പ് |
| പ്രവാസദാ | = | പരദേശഗമനത്തെ ഉണ്ടാക്കും |
| മദ്ധ്യോന്നതാ | = | നടുവുഭാഗം ഉയൎന്നിരിക്കുന്ന പറമ്പ് |
| വിത്തസുഖാദിഹന്ത്രീ | = | വിത്തസുഖാദികളെ ഇല്ലാതാക്കും |
| വഹ്ന്യാദിവായ്വന്തനതാ-ധരിത്രീ | = | വഹ്നിമുതൽ വായുവരെ താണിരിക്കുന്ന ഭൂമി |
| പ്രായേണദാരിദ്ര്യഫല-പ്രദാസ്യാൽ | = | മിക്കവാറും ദാരിദ്ര്യഫലത്തെ ഉണ്ടാക്കുന്നതായിത്തീരും. |

സാ:—നടുവു താണിരിക്കുന്ന പറമ്പിൽ താമസിക്കുന്നവൎക്ക് അവിചാരിതമായ അന്യദേശഗമനം ഫലമാണ്. നടുവുയൎന്നിരിക്കുന്ന ഭൂമി തദ്വാസികൾക്ക് ധനഹാനിയേയും സുഖഹാനിയേയും ചെയ്യും. അഗ്നികോണുമുതൽ വായുകോണുവരെ മുഴുവനും താണിരുന്നാൽ മിക്കവാറും ദാരിദ്ര്യംതന്നെ അനുഭവമാണ്. അഗ്നികോണു തുടങ്ങി വായുകോണുവരെ ഏതുദിക്കു താണിരുന്നാ

ലും മിക്കവാറും ദാരിദ്ര്യംതന്നെ ഫലമെന്നും പക്ഷാന്തരത്തിൽ അൎത്ഥം പറഞ്ഞുവരുന്നുണ്ടു്.

മൂ— മദ്ധ്യോച്ചായാം ധരിത്ര്യാം പ്രഥമമഥ ഗൃഹേ
കല്പിതേസ്യാദ്ദശാബ്ദം
വൃദ്ധിഃപ്രാഗുന്നതായാമപി ഹുതവഹയാ-
മ്യോന്നതായാം ശതാബ്ദം
സാഹസ്രാബ്ദം നിരൃത്യുന്നതധരണിതലേ
വാരുണേസ്യാത്തദൎദ്ധം
ശേഷാസ്വക്കാഷ്ടഷൾക്കാശരദഇഹതതഃ
സ്വോക്തരൂപംഫലംസ്യാൽ. ൨൫

| അന്വയം. | അൎത്ഥം. |
|---|---|
| മദ്ധ്യോച്ചായാം ധരിത്ര്യാം | = മദ്ധ്യം ഉയൎന്ന ഭൂമിയിലും |
| പ്രാഗുന്നതായാം അപി | = കിഴക്കുന്നതമായ ഭൂമിയിലും |
| പ്രഥമം ഗൃഹേ കല്പിതേ | = ആദ്യമായിട്ടു ഗൃഹംചെയ്യിച്ചാൽ |
| ദശാബ്ദം വൃദ്ധിഃസ്യാൽ | = പത്തുവൎഷം അഭിവൃദ്ധി ഭവിക്കും |
| ഹുതവഹയാമ്യോന്നതായാം | = അഗ്നികോണിലോ തെക്കോ-<br>ഉയൎന്നിരിക്കുന്ന ഭൂമിയിൽ ചെയ്യിച്ചാൽ |
| ശതാബ്ദം വൃദ്ധിഃസ്യാൽ | = നൂറുകൊല്ലം വൃദ്ധി ഭവിക്കും |
| നിരൃത്യുന്നതധരണിതലേ | = നിരൃതികോണുയൎന്നിരിക്കുന്ന<br>ഭൂമിയിൽ ചെയ്യിച്ചാൽ |
| സാഹസ്രാബ്ദം വൃദ്ധിഃസ്യാൽ | = ആയിരംകൊല്ലം അഭിവൃദ്ധി-<br>ഭവിക്കും |
| വാരുണേ | = പടിഞ്ഞാറുയൎന്ന ഭൂമിയിൽ-<br>ചെയ്യിച്ചാൽ |
| തദൎദ്ധം വൃദ്ധിഃ സ്യാൽ | = അതിൽ പകുതിക്കാലം അഭി-<br>വൃദ്ധിയുണ്ടാകും |
| ശേഷാസു | = മററുള്ള ദിക്കുകളിൽ ചെയ്യിച്ചാൽ |
| അക്കാഷ്ടഷൾക്കാഃ ശരദഃ | = പന്ത്രണ്ടോ, എട്ടോ, ആറോ |
| വൃദ്ധിഃസ്യാൽ | = അഭിവൃദ്ധി ഭവിക്കും. (വൎഷം |
| തതഃ | = ഇപ്പറഞ്ഞ കാലങ്ങൾക്കു ശേഷം |
| സ്വോക്തരൂപം ഫലം | = അതാതുഭൂമിക്കു മുൻപു പറഞ്ഞ-<br>ഫലം |
| ഇഹ സ്യാൽ | = ഈ ലോകത്തിൽ സംഭവിക്കും |

സാ:—മദ്ധ്യം ഉയൎന്ന ഭൂമിയിലും കിഴക്കുയൎന്ന ഭൂമിയിലും ആദ്യമായി വീട്ടുവച്ചു പാൎക്കുന്നതായാൽ പത്തുവൎഷംവരെ ഐശ്വ

ത്സാഭിവൃദ്ധിഫലം. "ഇന്ദ്രാശാദിനതാ" എന്നുള്ള ശ്ലോകപ്രകാരം ദാരിദ്ര്യഫലവും "ചിത്തസുഖാദിഹന്ത്രീ" എന്നുള്ള ശ്ലോകമനുസരിച്ചും വിത്തസുഖാദികളെ ഹനിക്കുമെന്നുള്ള ഫലവും അതിന്നുശേഷമേ വരികയുള്ളു. അഗ്നികോണും തെക്കും ഉയൎച്ചയുള്ള ഭൂമിയിൽ മുൻപറഞ്ഞതുപോലെ ഗൃഹംവച്ചു താമസിക്കുന്നതായാൽ നൂറുവൎഷം അഭിവൃദ്ധിയെ ചെയ്യും. ആത്മജഹാനി മുതലായ വീഥിദോഷഫലം അതിന്നുശേഷമേ വരികയുള്ളു. നിരൃതിദിക്കുയൎന്ന ഭൂമിയിൽ ആയിരം വൎഷം അഭിവൃദ്ധി ഭവിക്കും. പടിഞ്ഞാറുയൎന്ന ഭൂമിയിൽ അഞ്ഞൂറുവൎഷം അഭിവൃദ്ധി ഭവിക്കും. വായുകോണുയൎന്ന ഭൂമിയിൽ പന്ത്രണ്ടുവൎഷവും വടക്കുയൎന്ന ഭൂമിയിൽ എട്ടുവൎഷവും ഈശകോണുയൎന്ന ഭൂമിയിൽ ആറുവൎഷവും അഭിവൃദ്ധി ഭവിക്കും. താഴ്ച ഉയൎച്ചകളെക്കൊണ്ടു സാമാന്യേന പറയപ്പെട്ട ഫലങ്ങളെല്ലാം ഈ വത്സരാവധിക്കുശേഷമേ ഭവിക്കയുള്ളു. അതുകൊണ്ടു് ഇതൊരു വിശേഷവിധിയാണെന്നു ഗ്രാഹ്യമാകുന്നു.

## വൃക്ഷങ്ങൾ നിന്നാലുള്ള ഫലം.

മൂ-പൂൎവ്വസ്യാം ബകുളോ വടശ്ചശുഭദോ ഽവാച്യാംതഥോദുംബര-
ശ്ചിഞ്ചാചാംബുപതൌതു പിപ്പലതരുഃ സപ്തച്ഛദോപിസ്മൃതഃ
കൌബേൎയ്യാംദിശിനാഗസംജ്ഞിതതരുഃ പ്ലക്ഷശ്ച സംശോഭനോഃ
പ്രാച്യാദൌതുവിശേഷതഃപനസപൂഗൌകേരചൂതൌക്രമാൽ.

| അന്വയം. | | അൎത്ഥം. |
|---|---|---|
| പൂൎവ്വസ്യാം ദിശി ബകുളഃ- വടഃച | = | കിഴക്കുദിക്കിൽ ഇലഞ്ഞിയും പേരാലും |
| അവാച്യാംഉദുംബരഃ ചിഞ്ചാച | = | തെക്കു് അത്തിയും പുളിയും |
| ശുഭദാഃ | = | ശുഭത്തെ തരുന്നവയാകുന്നു. |
| അംബുപതൌ തു | = | പടിഞ്ഞാറാകട്ടെ |
| പിപ്പലതരുഃ സപ്തച്ഛദഃ- | = | അരയാലും ഏഴിലംപാലയും-ശുഭം |
| അപിസ്മൃതഃ | = | തരുന്നവയാണെന്നു വിധിക്കപ്പെട്ടിരിക്കുന്നു. |
| കൌബേൎയ്യാം ദിശി | = | വടക്കേദിക്കിൽ |
| നാഗസംജ്ഞിതതരുഃപ്ലക്ഷഃച | = | നാഗമരവും ഇത്തിയും വിധിക്കപ്പെട്ടിരിക്കുന്നു. |
| വിശേഷതഃ | = | വിശേഷിച്ചും. |
| പ്രാച്യാദൌ തു | = | കിഴക്കുതുടങ്ങിയ ദിക്കുകളിൽ |
| പനസപൂഗൌ കേരചൂതൌ | = | പ്ലാവും, കമുകും, തെങ്ങും മാവും |

| | |
|---|---|
| ക്രമാൽ സംശോഭനാഃ | = ക്രമേണ ഏററവും ശോഭനങ്ങളാണു്. |

സാ:—ഇലഞ്ഞിയും പേരാലും കിഴക്കും, അത്തിയും പുളിയും തെക്കും, അരയാലും ഏഴിലംപാലയും പടിഞ്ഞാറും, ഇത്തിയും നാഗമരവും വടക്കും ഉത്തമങ്ങളാണു്. എന്നാൽ, കിഴക്കു പ്ലാവും, തെക്കു കമുകും, പടിഞ്ഞാറു തെങ്ങും, വടക്കു മാവും വിശേഷേണ ഉത്തമങ്ങളാണു്. "പ്രാച്യാദൌ പനസസ്ഥാ ക്രമുകകേരാമ്രാശ്ച സർവ്വത്ര ച" എന്നൊരു പാഠഭേദവും അരയാലിൻേറയും പേരാലിൻേറയും സ്ഥിതിക്കു് ഇതരതന്ത്രവിരോധവും കാണുന്നുണ്ടു്. ഇതിനെല്ലാം അഭിജ്ഞവചനംതന്നെ ഗതി എന്നുവച്ചു സമാധാനപ്പെട്ടുക്കാം.

മൂ— അശ്വത്ഥോഗ്നിഭയം കരോതി ബഹുധാ
പ്ലക്ഷഃ പ്രമാദപ്രദോ
ന്യഗ്രോധഃ പരശസ്ത്രപാതമുദര-
വ്യാധിം തഥോദുംബരഃ
സംപ്രോക്തപ്രതിദിക്സ്ഥിതസ്ത്വപിച തേ
ചാന്യേ സുവർണ്ണാത്മകാ-
ശ്ചേദ്യാ മന്ദിരതസ്തരൂച്ചസമസീ-
മാഭ്യന്തരസ്ഥാ യദി. ൨൩.

| അന്വയം. | അൎത്ഥം. |
|---|---|
| സംപ്രോക്തപ്രതിദിക്സ്ഥിതഃ | = മേൽ പറഞ്ഞതിനു് വിപരീതദിക്കിൽ നില്ക്കുന്ന |
| അശ്വത്ഥസ്തു | = അരയാലാകട്ടെ |
| അഗ്നിഭയം കരോതി | = അഗ്നിഭയത്തെച്ചെയ്യുന്നു |
| പ്ലക്ഷഃ | = അപ്രകാരമുള്ള ഇത്തി |
| ബഹുധാ പ്രമാദപ്രദഃ | = പലപ്രകാരേണ പ്രമാദത്തെ ഉണ്ടാക്കുന്നു |
| ന്യഗ്രോധഃ | = പേരാൽ |
| പരശസ്ത്രപാതം | = ശത്രുക്കളിൽനിന്നുള്ള ശസ്ത്രപാതത്തേയും |
| തഥാ ഉദുംബരഃ | = അപ്രകാരം ഉദുംബരം |
| ഉദരവ്യാധിം കരോതി | = ഉദരവ്യാധിയേയും ചെയ്യുന്നു. |
| തേ | = വിപരീതദിക്കുകളിൽ നില്ക്കുന്ന വൃക്ഷങ്ങൾ |
| തരൂച്ചസമസീമാഭ്യന്തരസ്ഥാഃ യദി | = വൃക്ഷത്തിൻേറ ഉച്ചസമമായ സീമയ്ക്കുള്ളിൽ നില്ക്കുന്നു എങ്കിൽ |
| അന്യേ ച | = മററു വൃക്ഷങ്ങളും |

സുവൎണ്ണാത്മകാഃ യദി അപി= സ്വൎണ്ണമയങ്ങളാണെങ്കിലും
ഛേദ്യാഃ = ഛേദിക്കേണ്ടവയാണ്.

സാ—അരയാൽ പടിഞ്ഞാറു വേണമെന്നാണ് വിധിച്ചിട്ടുള്ളതു്. അതിനു വിപരീതമായി നിന്നാൽ അഗ്നിബാധയുണ്ടാകും. ഇത്തി തെക്കുനിന്നാൽ പലപ്രകാരേണ ചിത്തഭ്രമം മുതലായവയെച്ചെയ്യും. പേരാൽ പടിഞ്ഞാറുനിന്നാൽ ശത്രുക്കളുടെ ആയുധംകൊണ്ടു് മുറിവുണ്ടാകും. അത്തി വടക്കു നിന്നാൽ ഉദരരോഗത്തെ ഉണ്ടാക്കും. അതിനാൽ വിധിക്കു വിപരീതസ്ഥാനങ്ങളിൽ നില്ക്കുന്ന അരയാൽ മുതലായ ആ വൃക്ഷങ്ങളും ഗൃഹത്തിൽനിന്നു് വൃക്ഷത്തിന്റെ ഉയരത്തിൽ കവിയാത്ത ദൂരത്തിൽ നില്ക്കുന്ന മററു വൃക്ഷങ്ങളും അവ എത്രതന്നെ വിലയേറിയവയായാലും മുറിച്ചുകളയേണ്ടതാണ്.

മൂ— ശസ്താ മന്ദിരപാൎശ്വപൃഷ്ഠദിശി തു ശ്രീവൃക്ഷബില്വാഭയാ
വ്യാധിഘ്നാമലകീ സുരദ്രുമപലാശാശോകമാലേയകാഃ
പുന്നാഗാസനചമ്പകാശ്ച ഖദിരസ്തദ്വൽ കദള്യാദയോ-
യൂഥീനാഗലതാദയോഽപി സകലാഃ സൎവ്വത്ര സംശോഭനാഃ.

| അന്വയം. | അൎത്ഥം. |
|---|---|
| മന്ദിരപാൎശ്വപൃഷ്ഠദിശിതു | = വീട്ടിന്റെ ഇരുവശത്തും പുറകിലും |
| ശ്രീവൃക്ഷബില്വാഭയാഃ | = കുമിഴ കൂവളം കടുക്കാമരം എന്നിവയും |
| വ്യാധിഘ്നാമലകീസുരദ്രുമ | = കൊന്ന, നെല്ലി, ദേവതാരവൃക്ഷം |
| പലാശാശോകമാലേയകാഃ | = പ്ലാശു്, അശോകം, ചന്ദനം എന്നിവയും |
| പുന്നാഗാസനചമ്പകാഃ- ഖദിരഃച | = പുന്ന, വേങ്ങ, ചമ്പകം, കരിങ്ങാലി ഇവയും |
| ശസ്താഃ | = ശ്രേഷ്ഠങ്ങളാകുന്നു |
| തദ്വൽ | = അതുപോലെ |
| കദള്യാദയഃ | = വാഴ മുതലായവയും |
| സകലാഃ യൂഥിനാഗ- ലതാദയഃഅപി | = കുരുക്കത്തിമുല്ല വെററിലക്കൊടി മുതലായ എല്ലാ ലതകളും |
| സൎവ്വത്രസംശോഭനാഃ | = എല്ലാ സ്ഥാനത്തും ഏററവും ശോഭനങ്ങളാണ്. |

സാ—കുമിഴ് കൂവളം കടുക്കാമരം കൊന്ന നെല്ലി ദേവതാരവൃക്ഷം പ്ലാശു് അശോകം ചന്ദനം പുന്ന വേങ്ങ ചമ്പകം കരിങ്ങാലി ഇതുകൾ ഗൃഹത്തിന്റെ ഇരുപുറത്തും പുറകിലും നിൽ

ക്കേണ്ടതാണ്. വാഴ മുതലായതും കുരുക്കുത്തിമുല്ല വെററില കൊടി മുതലായ എല്ലാ ലതകളും ഗൃഹത്തിൻെറ നാലുപുറത്തും ശുഭങ്ങളാണ്.

മൂ-അന്തസ്സാരാസ്തുവൃക്ഷാഃ പനസതരുമുഖാസ്സവ്സാരാശ്ച ചിഞ്ചാ
ശാകാദ്യാസ്താലകേരക്രമുകയവഫലാദ്യാബഹിസ്സാരവൃക്ഷാഃ
നിസ്സാരാശിഗ്രുസപ്തച്ഛദശുകതരവഃകിംശുകാദ്യാശ്ചകാര്യാഃ
തേഷ്വാദ്യാമദ്ധ്യഭാഗേബഹിരപിചതതഃസവ്സാരാ-
സ്തതോന്യേ. ൨൭

| അന്വയം | അൎത്ഥം. |
|---|---|
| പനസതരുമുഖാഃവൃക്ഷാഃതു | = പ്ലാവുതുടങ്ങിയുള്ള വൃക്ഷങ്ങളാകട്ടെ |
| അന്തസ്സാരാഃ | = ഉള്ളിൽ ബലമുള്ളവയാകുന്നു |
| ചിഞ്ചാശാകാദ്യാഃ | = പുളി തേക്ക മുതലായ വൃക്ഷങ്ങൾ |
| സവ്സാരാഃച | = ഉള്ളിലും പുറത്തും ബലമുള്ളവയാകുന്നു |
| താലകേരക്രമുകയവഫലാഃ | = പന തെങ്ങ് കമുകു മുതലായവ |
| ബഹിസ്സാരവൃക്ഷാഃ | = പുറത്തു ബലമുള്ള വൃക്ഷങ്ങളാകുന്നു |
| ശിഗ്രുസപ്തച്ഛദശുകതരവഃ | = മുരിങ്ങ ഏഴിലംപാല കിളിമരം |
| കിംശുകാദ്യാഃ ച | = മുരുക്ക മുതലായവയും (എന്നിവയും |
| നിസ്സാരാഃ | = ബലമില്ലാത്തവയാകുന്നു |
| തേഷു അദ്യാമദ്ധ്യഭാഗേ | = അതുകളിൽവച്ച്, ആദ്യങ്ങൾ, മദ്ധ്യഭാഗത്തിലും |
| സവ്സ്സാരാഃതതഃബഹിഃ | = സവ്സാരങ്ങൾ അതിന്റെ വെളി- |
| അന്യേ | = മററുള്ളവ (യിലും |
| തതഃ (ബഹിഃ)കാൎയ്യാഃ | = അതിന്റെ വെളിയിലും പിടിപ്പിക്കപ്പെടണം |

സാ:—പ്ലാവു മുതലായി, ഉള്ളിൽ കാതലുള്ള വൃക്ഷങ്ങൾ അന്തസ്സാരങ്ങളാണ്. പുളി, തേക്ക മുതലായ മുഴുക്കെ ബലമുള്ള വൃക്ഷങ്ങൾ സവ്സാരങ്ങളാണ്. പന, തെങ്ങു, കമുകു മുതലായി പുറത്തു ബലമുള്ള വൃക്ഷങ്ങൾ ബഹിസ്സാരങ്ങളാണ്. മുരിങ്ങ, പാല, കിളിമരം, മുരുക്ക മുതലായ ബലഹീനങ്ങളായ വൃക്ഷങ്ങൾ, നിസ്സാരങ്ങളാണ്. അന്തസ്സാരവൃക്ഷങ്ങൾ, ഗൃഹത്തിൻെറയും യഥാസ്ഥിതമായ സീമയുടേയും മദ്ധ്യത്തും, സവ്സാരങ്ങൾ അതിന്റെ വെളിയിലും ബഹിസ്സാരങ്ങളും നിസ്സാരങ്ങളും ഏററവും വെളിയിലും സ്ഥാപിക്കേണ്ടതാണ്.

മൂ— കാരസ്കരാരുഷ്കരകണ്ടകിദ്രുശ്ലേഷ്മാതകാക്ഷദ്രുമപീലുനിംബാഃ
സ്നുഹീപിശാചദ്രുമഹേമദുഗ്ദ്ധാസ്സവ്ത്രനേഷ്ടാഅപിശിഗ്രുരന്ത്യഃ

| അന്വയം. | അൎത്ഥം. |
|---|---|
| കാരസ്കരാരുഷ്കരകണ്ടകിദ്രു | = കാഞ്ഞിരം, ചാര, വെയ്യങ്കത, |
| ശ്ലേഷ്മാതകാക്ഷദ്രുമപീലു-<br>നിംബാഃ | = നറുവരി, താന്നി, ഉകമരം, വേപ്പ്<br>ഇവയും |
| സ്നുഹീപിശാചദ്രുമഹേമ<br>ദുഗ്ദ്ധാഃ | = കള്ളിപ്പാല, കറമൂസ്സ്, സ്വൎണ്ണ<br>ക്ഷീരി ഇതുകളും |
| സൎവത്ര ന ഇഷ്ടാഃ | = ഒരിടത്തും ഇഷ്ടങ്ങളല്ല. |
| ശിഗ്രുഃ അന്തഃ അപി ന ഇഷ്ടഃ | = മുരിങ്ങ സീമയ്ക്കകത്തു പാടില്ല. |

സാ—കാഞ്ഞിരം മുതൽ സ്വൎണ്ണക്ഷീരിവരെയുള്ള വൃക്ഷങ്ങൾ പറമ്പിൽ ഒരിടത്തും നിന്നുകൂടാ. മുരിങ്ങ ഗൃഹത്തിന്റെ സ്ഥിതിയനുസരിച്ചു കല്പിച്ചിട്ടുള്ള ദണ്ഡതിത്തിക്കുള്ളിലും ശുഭമല്ല. (പുറത്താകാമെന്നു സാരം)

## ക്ഷേത്രാദികളുടെ സമീപത്തിൽ ഗൃഹം ചെയ്യേണ്ട നിയമം.

മൂ—വിഷ്ണോഃപൃഷ്ഠേചവാമേനരഭവനമനൎത്ഥപ്രദംദക്ഷിണേചാ-
പ്യഗ്രഭാഗേവകാളീനരഹരിശിവതദ്ഭിന്നസൎവോഗ്രമൂൎത്തേഃ
അൎച്ച്യോനിമ്നസ്ഥലസ്ഥോയദിമനുജഗൃഹംദക്ഷിണേഗ്രേചതസ്മാ-
ദുച്ചത്വംനേഷ്ടമിഷ്ടംനികടമപിതദന്യത്രതൽപാദഭാജാം. ൨൧

| അന്വയം. | അൎത്ഥം. |
|---|---|
| വിഷ്ണോഃ | = വിഷ്ണുവിന്റെ |
| പൃഷ്ഠേവാമേച | = പുറകിലും ഇടത്തുവശത്തും |
| കാളീനരഹരിശിവതദ്ഭി-<br>ന്നസൎവോഗ്രമൂൎത്തേഃ | = കാളി, നരസിംഹം, ശിവൻ,<br>മററും ഉഗ്രമൂൎത്തികൾ ഇവരുടെ |
| ദക്ഷിണേ ച അപി അഗ്രഭാഗേച | = വലത്തുവശത്തും, മുൻപിലും |
| നരഭവനം അനൎത്ഥപ്രദം | = വീടുചെയ്യുന്നതു് അപൽക്കരമാ |
| അൎച്ച്യഃ | = ദേവൻ (കുന്നു |
| നിമ്നസ്ഥലസ്ഥഃയദി | = താണസ്ഥലത്തു സ്ഥിതിചെയ്യുന്നു<br>വെങ്കിൽ |
| ദക്ഷിണേഅഗ്രേ | = വലത്തുവശത്തും, മുമ്പിലുമുള്ള |
| മനുജഗൃഹം അനൎത്ഥപ്രദം | = വീടു് അപൽക്കരമാകുന്നു |
| തസ്മാൽ | = ദേവന്റെ അസ്ഥാനത്തേക്കാൾ |
| ഉച്ചത്വം ന ഇഷ്ടം | = ഉയരം ശുഭമെന്നു വിചാരിക്കുന്നില്ല |
| തൽപാദഭാജാം | = ആ ദേവനെ ആശ്രയിക്കുന്നവൎക്കു |
| ഇഷ്ടം നികടം അപി | = വിധിക്കപ്പെട്ട സാമീപ്യവും |

തതഃഅന്യത്ര = നിഷേധിച്ച ദിക്കൊഴികെ മററു ദിക്കിലായിരിക്കണം

സാ—ശാന്തദേവന്മാരുടെ പുറകിലും, ഇടത്തുവശത്തും, ഉഗ്രമൂൎത്തികളുടെ മുമ്പിലും, വലത്തുഭാഗത്തും വീട്ടുണ്ടാക്കിപ്പാൎത്തുകൂടാ. നിഷേധിക്കാത്ത ദിക്കുകൾ ശുഭങ്ങളാണെന്നു് അറിയേണ്ടതാണു്. ദേവൻെറ അസ്ഥാനത്തെക്കാൾ ഉയരമുള്ള ഭൂമിയിൽ! വലത്തുവശത്തും, മുൻപിലും വീടുചെയ്യുകൂടാതന്നെ. ദേവാലയത്തേക്കാൾ ഉയരമുള്ള മനുഷ്യാലയം ശുഭമാണെന്നു് ഒരാചാൎയ്യന്മാരും അഭിപ്രായപ്പെടുന്നില്ല.) ദേവന്മാരുടെ ഭേദത്തെ ആശ്രയിച്ചു് ഈ വിധികളെ അപേക്ഷിക്കാതെ ഏററവുമടുത്തു തന്ത്രി, അമ്പലവാസി മുതലായ പാദഭക്തന്മാൎക്കു വീടുവച്ചു പാൎക്കാവുന്നതാണു്. എങ്കിലും നിഷേധിച്ച ദിക്കിൽ അതിസാമീപ്യം അവൎക്കും ശുഭമല്ല.

മൂ—വ്രീഹിക്ഷേത്രാദ്രിദേവാലയജലധിനദീതാപസാഗാരഗോഷ്ഠ
ഗ്രാവാദീനാമതീവാന്തികമപകുരുതേനൈകധാമന്ദിരേഷു
ദേവാഗാരാന്നരാണാമതിശുഭദമിദം കിഞ്ചിദൂനം സമം വാ
തസ്മാദഭ്യുന്നതം ച ദ്വിതലവിധിരലം നേഷ്യതേതൽസമീപേ

| അന്വയം. | അൎത്ഥം. |
|---|---|
| മന്ദിരേഷു | = മനുഷ്യാലയങ്ങളിൽ |
| വ്രീഹിക്ഷേത്രാദ്രിദേവാലയജലധി നദീതാപസാഗാരഗോഷ്ഠഗ്രാവാദീനാം | = നെൽക്കൃഷിസ്ഥലം, പൎവ്വതം, ക്ഷേത്രം, സമുദ്രം, നദി, പൎണ്ണശാല, തൊഴുത്തു ഇതുകളുടെ |
| അതീവാന്തികം | = ഏററവുമടുപ്പം |
| നൈകധാ അപകുരുതേ | = പലവിധത്തിൽഅപല്ക്കരമാകുന്നു |
| ദേവാഗാരാൽ | = ദേവാലയത്തേക്കാൾ |
| കിഞ്ചിൽ ഊനം സമംവാ | = അല്പംകുറഞ്ഞതോ തുല്യമായോ |
| നരാണാം ഇദം | = മനുഷ്യാലയം (ഉയരമുള്ള |
| അതിശുഭദം | = ഏററവും ശുഭകരമാണു്. |
| തസ്മാൽ അഭ്യുന്നതം ച | = അതിനേക്കാൾ ഉയരമുള്ളതും |
| ദ്വിതലവിധിഃ | = രണ്ടുനിലയുള്ള മാളികകളും |
| തൽസമീപേ | = ദേവാലയത്തിൻെറ സമീപത്തിൽ |
| ന ഇഷ്യതേ അലം | = ഇച്ഛിക്കപ്പെടുന്നതേയില്ല. |

സാ—നെൽക്കൃഷിസ്ഥലം മുതലായതുകളുടെ ഏററവും അടുത്തു വീടുവച്ചു പാൎക്കുന്നതായാൽ പലവിധേന അപത്തുണ്ടാവും. ഇതുപോലെ ദേവാലയത്തിൻെറ അടുത്തു് വീടുണ്ടാക്കുന്നപക്ഷം

അതിനേക്കാൾ അല്പമെങ്കിലുംതാണോ അഥവാ സമമായോ ഇരിക്കേണ്ടതാണ്. ഇതുകൊണ്ടു് ദേവാലയത്തേക്കാൾ പൊക്കമുള്ളതോ ഇരുനിലകളായ മാളികകളോ ചെയ്യുന്നതിന് ഒരാചാര്യന്മാരും അനുകൂലിക്കുന്നില്ല.

## ഭൂമിയുടെ ജാതിവിഭാഗം.

മൂ— വിപ്രാദിക്രമശഃ കുശേഷുവനദൂർവ്വാകാശയുക്താ ഭുവ-
സ്തുല്യാതാനവിതാനസിന്ധുരരസാബ്ധ്യംശാതിദീർഘാ അപി
ശ്വേതാപാടലപീതമേചകരുചശ്ചാജ്യാസൃഗന്നാസവാ-
മോദാസ്സ്വാദുകഷായതിക്തകടുകാസ്വാദാന്വിതാശ്ചസ്മൃതാഃ.

| അന്വയം. | അർത്ഥം. |
|---|---|
| കുശേഷുവനദൂർവ്വാകാശയുക്താഃ | = കുശപ്പുല്ല്, ദർഭ, കറുക, അമ, ഇവയോടുകൂടിയതും |
| തുല്യാതാനവിതാനസിന്ധുരരസാ | = വിസ്താരത്തിനുതുല്യമായും, |
| ബ്ധ്യംശാതിദീർഘാഃ അപി | =എട്ടിലൊന്നും, ആറിലൊന്നും, നാലിലൊന്നും നീളംകൂടുതലുള്ളതും |
| ശ്വേതാപാടലപീതമേചകരുചഃ | = വെളുപ്പു്, ചെമപ്പ് മഞ്ഞ, കറുപ്പ് എന്നീ നിറങ്ങളുള്ളതും |
| ആജ്യാസൃഗന്നാസവാമോദാഃ | = നെയ്യ്, രക്തം, ചോറ്, മദ്യം ഇതുകളുടെ ഗന്ധത്തോടുകൂടിയതും |
| സ്വാദുകഷായതിക്തകടുകാ | = മധുരം, ചവർപ്പ്, കയ്പ്, എ |
| സ്വാദാന്വിതാഃ | രിപ്പു ഈ രസങ്ങളോടുകൂടിയതുമായ |
| ഭുവഃ | = ഭൂമികൾ |
| വിപ്രാദിക്രമശഃ സ്മൃതാഃ | = വിപ്രാദികൾക്കു ക്രമേണ വിധിക്കപ്പെട്ടിരിക്കുന്നു. |

സാ:— കുശപ്പുല്ല്, തുല്യമായ നീളംവീതി, വെളുത്തനിറം, നെയ്യുടെ ഗന്ധം, മധുരരസം ഈ ഗുണങ്ങളുള്ള ഭൂമി വിപ്രജാതിയും അവർക്കു ശുഭവുമാണ്. ആററുദർഭ, വീതിയിലെട്ടിലൊന്നു കൂടി നീളം രക്തവർണ്ണം, രക്തത്തിന്റെ മണം, ചവർപ്പുരസം ഇവയുള്ള ഭൂമി ക്ഷത്രിയജാതിയും അവർക്കു ശുഭവുമാണ്. കറുക, വീതിയിൽ ആറിലൊരുഭാഗം കൂടുതൽ നീളം, മഞ്ഞനിറം, ചോറിന്റെ ഗന്ധം, കയ്പുരസം ഈ ലക്ഷണങ്ങളുള്ള ഭൂമി വൈശ്യജാതിയും അവർക്കു ശുഭവുമാണ്. അമ, വിസ്താരത്തിൽ നാലിലൊന്നു അധികപ്പെട്ട നീളം, കറുപ്പുനിറം, മദ്യത്തിന്റെ ഗന്ധം, എരിപ്പുരസം ഇവയോടുകൂടിയ ഭൂമി ശൂദ്രജാതിയും അവർക്കു ശുഭവുമാണ്.

 No. 4776

മൂ— വിപ്രാണാം ഭൂരവാഗുന്നതധനദനതോ
ദുംബരാഢ്യാ ശുഭാ സ്യാൽ
പ്രാങ്ന്നിമ്നാ വാരുണോച്ചാ ചലദലസഹിതാ
ഭൂശ്ശുഭാ ബാഹുജാനാം
പ്രാഗുച്ചാബ്ധീശനിമ്നാ വടതരുസഹിതാ
ഭൂർവിശാം പാദജാനാം
സാ സപ്ലക്ഷാ തഥാചേദ്യമനതധരണീ
ചാന്യഥാ സവ്വർജ്ജ്യാ. ൩൦

| അന്വയം. | അൎത്ഥം. |
|---|---|
| അവാഗുന്നതധനദനതാ | = തെക്കുയൎന്നും വടക്കു താണും |
| ഉദുംബരാഢ്യാ | = അത്തിമരത്തോടുകൂടിയതുമായ |
| ഭൂഃ | = പറമ്പു്. |
| വിപ്രാണാംശുഭാസ്യാൽ | = ബ്രാഹ്മണൎക്കു ശുഭമാകുന്നു. |
| പ്രാങ്ന്നിമ്നാവാരുണോച്ചാ | = കിഴക്കുതാണും, പടിഞ്ഞാറുയൎന്നും |
| ചലദലസഹിതാ ഭൂഃ | = അരയാലുള്ളതുമായ ഭൂമി |
| ബാഹുജാനാംശുഭാ | = ക്ഷത്രിയൎക്കു ശുഭമാകുന്നു. |
| പ്രാഗുച്ചാബ്ധീശനിമ്നാ | = കിഴക്കുയൎന്നും പടിഞ്ഞാറുതാണും |
| വടതരുസഹിതാ | = പേരാലോടുകൂടിയതുമായ ഭൂമി |
| വിശാംശുഭാ | = വൈശ്യന്മാൎക്കു ശുഭമാകുന്നു |
| സപ്ലക്ഷാസാ | = കിഴക്കുയൎന്നും പടിഞ്ഞാറുതാണും ഇത്തിമരമുള്ളതുമായ പറമ്പു |
| തഥാചേൽ | = ഇത്തിമരത്തോടുകൂടിയതാണെങ്കിൽ |
| യമനതധരണീ ച | = തെക്കു താണഭൂമിയും |
| പാദജാനാംശുഭാ | = ശൂദ്രൎക്കു ശുഭമാകുന്നു |
| അന്യഥാ സവ്വൎജ്ജ്യാ | = മററുവിധത്തിലായാൽ എല്ലാവൎക്കും വൎജ്ജ്യമാണു്. |

സാ:—തെക്കുയൎന്നു് വടക്കുതാണു്, അത്തിവൃക്ഷമുള്ള പറമ്പു ബ്രാഹ്മണൎക്കു നല്ലതാണു്. കിഴക്കു താണും പടിഞ്ഞാറുയൎന്നും അരയാലുള്ളതുമായ ഭൂമി ക്ഷത്രിയൎക്കു ഹിതമാകുന്നു. കിഴക്കുയൎന്നു പടിഞ്ഞാറുതാണും പേരാലുള്ളതുമായ ഭൂമി വൈശ്യൎക്കു നല്ലതാണു്. വൈശ്യൎക്കു വിധിക്കപ്പെട്ട പറമ്പിലും തെക്കു താണപറമ്പിലും ഇത്തിമരമുണ്ടെങ്കിൽ അതു ശൂദ്രൎക്കു നല്ലതാണു്. ഈ ലക്ഷണങ്ങൾ ഇടകലൎന്നുവന്നാൽ ആൎക്കും ശുഭമല്ല. ഇതൊരു വിശേഷവിധിയാകുന്നു. തെക്കും പടിഞ്ഞാറും താണിരിക്കുന്ന ഭൂമി ഉപേക്ഷിക്കേണ്ടതാണെന്നു സാമാന്യേന പറഞ്ഞിട്ടുണ്ടെങ്കിലും ജാതിക്രമമ

നുസരിച്ച് വിധിച്ചിട്ടുള്ള വൃക്ഷസ്ഥിതികൊണ്ടു് ആ ദോഷം പ
രിഹരിക്കപ്പെട്ടും.

ഭൂപരീക്ഷ.

മൂ:—സങ്കീൎണ്ണരൂപാ വസുധാത്രവൎണ്ണൈ-
ൎഗ്ഗന്ധൈ രസൈശ്ചാഖിലവൎജ്ജനീയാ
ഏനാമനാലക്ഷിതവൎണ്ണചിഹ്നാം
നക്തം പരീക്ഷേത നിമിത്തതശ്ച. ൩൪

അന്വയം. അൎത്ഥം.

വൎണ്ണൈഃഗന്ധൈഃര-
സൈഃച = വൎണ്ണം, ഗന്ധം, രസം ഇവകളെക്കൊ-
(ണ്ടു്

സങ്കീൎണ്ണരൂപാ വസുധാ = മിശ്രലക്ഷണമുള്ള ഭൂമി

അഖിലവൎജ്ജനീയാ = എല്ലാവരാലും ഉപേക്ഷിക്കേണ്ടതാണു്.

അനാലക്ഷിതവൎണ്ണചി-
ഹ്നാം = അറിയാൻപാടില്ലാത്ത വൎണ്ണലക്ഷണ-
ങ്ങളോടുകൂടിയ

ഏനാം = ഈ ഭൂമിയെ

നക്തംനിമിത്തതഃപ-
രീക്ഷേത = രാത്രിയിൽ നിമിത്തംകൊണ്ടു പരീ-
ക്ഷിക്കണം.

സാ:—നിറം ഗന്ധം രസം ഇവയും മററു ലക്ഷണങ്ങളും ഒ
ന്നിനൊന്നു വിപരീതമായി വന്നാൽ പറയാൻപോകുന്ന നിമി
ത്തങ്ങളെക്കൊണ്ടും മററും രാത്രിയിൽ യഥാവിധി പരീക്ഷിക്കണം.

മൂ—ക്ഷ്മാം ഖാത്വാമഘടം നിധായ ഭൃതധാന്യം വൎദ്ധമാനം മുഖേ
കൃത്വാസിച്യ ഘൃതം ദിശാസു സിതരക്താപീതകൃഷ്ണാ ദശാഃ
വിപ്രാദിക്രമതഃ പ്രദീപ്യ വിധിവന്നീതേ മുഹൂൎത്തേ ജ്വലേ
ദ്വൎത്തീഷ്വസ്യ ധരാസ്യ താസു സകലാസ്വപിദ്ധാസുസൎവ്വോചിതാ.

അന്വയം. അൎത്ഥം.

ക്ഷ്മാം ഖാത്വാ = ഭൂമി കുഴിച്ചിട്ടു്

ഭൃതധാന്യം ആമഘടം = ധാന്യമിട്ടു നിറയ്ക്കപ്പെട്ട പച്ച

നിധായ = വച്ചിട്ടു് (ക്കുടത്തെ

മുഖേ വൎദ്ധമാനം കൃത്വാ = വായ് വേറൊരു മൺപാത്രം

ഘൃതം സിച്യ = നെയ്യൊഴിച്ചു് (കൊണ്ടടച്ചു

വിപ്രാദിക്രമതഃ =വിപ്രാദിക്രമത്തെ അനുസരിച്ചു

ദിശാസു =കിഴക്കുതുടങ്ങിനാലുദിക്കുകളിൽ

സിതരക്താപീതകൃഷ്ണാഃദശാഃ = വെളുപ്പു്, ചുവപ്പു്, മഞ്ഞ,
കറുപ്പു് ഈ നിറത്തിലെ തിരികളെ

വിധിവൽപ്രദീപ്യ = മന്ത്രാനുഷ്ഠാനത്തോടുകൂടി ക
(ത്തിച്ചിട്ടു

മുഹൂൎത്തേ നീതേ = അല്പസമയം കഴിയുമ്പോൾ
യസ്യ വൎത്തിഃ ജ്വലേൽ = യാതൊരു ജാതിയുടെ തിരി കത്തുന്നുവോ
ധരാ അസ്യ = ആ ഭൂമി ഈ ജാതിയുടേതാണ്.
താസു സകലാസു ഇദ്ധാസു = ആ എല്ലാത്തിരികളും ജ്വലിക്കുന്നുവെങ്കിൽ
സൎവ്വോചിതാ = എല്ലാവൎക്കും യോജിച്ചതാണ്.

സാ—ഒരുകോൽപ്രമാണത്തിൽ ഒരു കുഴി എടുത്തു് നവധാന്യങ്ങളാൽ നിറയ്ക്കപ്പെട്ട ഒരു പച്ചക്കുടം അതിൽവച്ചു് ഒരു പുത്തൻചട്ടികൊണ്ടടച്ചു് അതിൽ നെയ്യൊഴിച്ചു വെളുത്തതും ചുവന്നതും മഞ്ഞയും കറുത്തതുമായ തിരികളെ ക്രമപ്രകാരം കിഴക്കുതുടങ്ങിയദിക്കുകളിൽവച്ചു് വിധിപ്രകാരമുള്ള മന്ത്രോച്ചാരണത്തോടുകൂടികത്തിച്ചു് ഇഷ്ടദേവതാസ്മരണയോടുകൂടി അല്പനേരംകഴിഞ്ഞു നോക്കുമ്പോൾ ഏതൊരുജാതിയുടെ തിരിയാണോ ജ്വലിക്കുന്നതു് ആ ഭൂമി ആ വൎണ്ണത്തിനുയോജിച്ചതാണ്. എല്ലാതിരിയും പ്രകാശിക്കുന്നുവെങ്കിൽ ആ ഭൂമി എല്ലാജാതിക്കും കൊള്ളാം.)

മൂ—ഭൂഗൎത്തേ ജലപൂരിതേത്ര വിധിവദ്ദ്രോണാദിപുഷ്പം ക്ഷിപേൽ
പ്രാദക്ഷിണ്യഗതിശ്ശുഭാ സുമനസാം യദ്യന്യഥാ നിന്ദിതാ
പുഷ്പേ ദിക്ഷഥ സംസ്ഥിതേ സതി ശുഭം കോണേഷു ചേന്നിന്ദിതം
ജ്ഞാത്വേത്യാദി ശുഭാശുഭാന്യഥ സമീകുൎയ്യാൽ ക്ഷമാം സൂക്ഷ്മധീഃ.

അന്വയം. അൎത്ഥം.

ഭൂഗൎത്തേ ജലപൂരിതേ = ഒരു കുഴിയുണ്ടാക്കി അതിൽവെ
അത്ര = ഇതിൽ (ള്ളം നിറച്ചു്
ദ്രോണാദിപുഷ്പംക്ഷിപേൽ = തുമ്പപ്പൂവു മുതലായപുഷ്പങ്ങൾ
സുമനസാം = പുഷ്പങ്ങളുടെ (ഇടണം
പ്രാദക്ഷിണ്യഗതിഃ ശുഭാ = വലത്തുവശമുള്ളപോക്കു് ശുഭ (മാണ്
അന്യഥാ യദി നിന്ദിതാ = ഇടത്തുവശമാണെങ്കിൽ അശുഭ (മാണ്
അഥ പുഷ്പേ = പിന്നീടു് ആ പുഷ്പം
ദിക്ഷുസംസ്ഥിതേ സതി =ദിക്കുകളിൽ അണയുന്നുവെങ്കിൽ
ശുഭം = നല്ലതാണ്
കോണേഷു ചേൽ നിന്ദിതം = കോണുകളിലാണെങ്കിൽഅശു (ഭമാണ്

| | |
|---|---|
| ഇത്യാദിശുഭാശുഭാനി | = ഇപ്രകാരമുള്ള ഗുണദോഷങ്ങ |
| ജ്ഞാത്വാ അഥ | = അറിഞ്ഞതിൻെറശേഷം (ളെ |
| സൂക്ഷ്മധീഃ | = ബുദ്ധിമാനായ സ്ഥപതി |
| ക്ഷമാംസമീകുര്യാൽ | = ഭൂമിയെ നിരപ്പുവരുത്തിക്കണം. |

സാ—ഇവിടെയും ഒരു കോലളവിൽ ഒരു കുഴിയുണ്ടാക്കി വെള്ളംനിറച്ചു് ഗൃഹം ചെയ്യിക്കുന്നയാളിൻെറ ജാതിക്കനുരൂപ നിറമുള്ള പുഷ്പം ഇടണം ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രക്ക് യഥാക്രമം വെളുപ്പു്, ചുവപ്പു്, മഞ്ഞ, കറുപ്പു് ഈ നിറങ്ങൾ വിധിച്ചിരിക്കുന്നതുകൊണ്ടു് പുഷ്പങ്ങളും ഇതേനിറത്തിലിരിക്കണം. ആ പുഷ്പങ്ങളുടെ ഗതി വലതുവശമായാൽ ആ ഭൂമി പാക്കുന്നതിന നല്ലതാണെന്നും ഇടതുവശമായാൽ നല്ലതല്ലെന്നും അറിയേണ്ടതാണു്. പുഷ്പം കിഴക്കുമുതലായ ദിക്കുകളിൽ അണയുന്നു എങ്കിൽ ഭൂമി ശുഭകരയാണെന്നും കോണുകളിൽ അണയുന്നുവെങ്കിൽ അനിഷ്ടയാണെന്നും അറിയേണ്ടതാണു്. ഈ കമ്മം ചെയ്യേണ്ടതു് ഗണേശപൂജ മുതലായ ശാന്തികമ്മങ്ങളോടുകൂടി വേണം. "ഗണേശഹവനംകൃത്വാ പരീക്ഷേതനിമിത്തകൈഃ" എന്നു സാരാവലി. ഇങ്ങനെ ഭൂമിയുടെ ശുഭാശുഭങ്ങളെ പലതരത്തിലും പരീക്ഷിച്ചറിഞ്ഞിട്ടു് ബുദ്ധിമാനായ സ്ഥപതി ശരിയായി നിരപ്പു വരുത്തിക്കണം.

ഇതി മനുഷ്യാലയമഹാചന്ദ്രികായാം
പ്രഥമോദ്ധ്യായഃ സമാപ്തം.

---

## ദ്വിതീയോദ്ധ്യായഃ പ്രാരംഭഃ

## ദിങ്നിണ്ണയവും സൂത്രവിന്യാസവും

മൂ-യന്ത്രേണാവനതാദിനാ ച നിപുണോ യദ്വാംബുസംപൂരണേ-
നോർവ്വിം ചാരുസമീകരോത്വഥ ദൃഢം ശംകും കരാദ്ധായതം
മൂലേ ദ്വ്യംഗുലവിസ്തൃതിംക്രമവശാദഗ്രേ തദദ്ധോന്മിത-
വ്യാസം വൃത്തതരം സരോജമുകുളാകാരാഗ്രമാകല്പയേൽ. ൧

| അന്വയം. | അത്ഥം. |
|---|---|
| അവനതാദിനായന്ത്രേണ | = തമനംമുതലായ യന്ത്രംകൊ |
| യദ്വാ | = അല്ലെങ്കിൽ (ണ്ടോ |
| അംബുസംപൂരണേന | = അംബുവിൻെറ സംപൂരണം കൊണ്ടോ |

നിപുണഃ = ക്രിയാദികളിൽ നൈപുണ്യമു
ഉർവ്വീം = ഭൂമിയെ (ള്ളവൻ
ചാരുസമീകരോതു = നല്ലവണ്ണം നിരപ്പു വരുത്തണം
അഥ = അതിൻെറശേഷം
കരാദ്ധായതം = അരക്കോൽനീളവും
മൂലദ്വ്യംഗുലവിസ്തൃതിം = ചുവട്ടിൽ രണ്ടംഗുലം വിസ്താരവും
ക്രമശാൽ = ക്രമേണ കുറഞ്ഞുകുറഞ്ഞു്
അഗ്രേ = അഗ്രത്തിങ്കൽ
തദർദ്ധാമ്മിതവ്യാസം = അതിൽ പകുതിവിസ്താവുമായിട്ടു്
ശങ്കും = ഒരു കുററിയെ
വൃത്തതരം = ശരിവൃത്തമായി
സരോജമുകുളാകാരാഗ്രം = താമരമൊട്ടിൻെറ ആകൃതിപോലെയുള്ള അഗ്രത്തോടുകൂടിയതായിട്ടു്,
അകല്പയേൽ = ഉണ്ടാക്കണം.

സാ—ഗുണദോഷാനന്തരോദയേന പറമ്പിനെ സ്വീകരിച്ചതിനശേഷം 'തമനം' മുതലായ യന്ത്രവിശേഷങ്ങൾകൊണ്ടോ, അല്ലെങ്കിൽ വെള്ളം നിറച്ചിട്ടോ, പറമ്പുമുഴുക്കയോ "തന്മദ്ധ്യേദണ്ഡമാത്രം വാ" എന്നുള്ളതുകൊണ്ടു് പറമ്പിൻെറ മദ്ധ്യം ഒരു ദണ്ഡു് സ്ഥലമോ ലേശവും താഴ്ചയുയർച്ചകൂടാതെ, മിനുസമായും നിരപ്പായും, ഉറപ്പു വരുത്തണം. പിന്നീടു് പന്ത്രണ്ടംഗുലം നീളവും ചുവട്ടിൽ രണ്ടംഗുലവും അഗ്രത്തിൽ ഒരംഗുലവും ഘനവും തുല്യവൃത്തവും താമരമൊട്ടിൻെറ അഗ്രംപോലെ അതിസൂക്ഷ്മമായ അഗ്രത്തോടുകൂടിയിട്ടു് ഒരു കുററിയെ ഉറപ്പും ഘനവും ഉള്ളമരംകൊണ്ടു്, "ദന്തിരദശനജന്മാന്നാരദാത്രുത്ഭവോവാ" അതായതു് ആനക്കൊമ്പുകൊണ്ടോ ഘനമുള്ള മരംകൊണ്ടോ ഉണ്ടാക്കണം.

മൂ— ശങ്കുദീർഘയുതസമ്മിതസൂത്രേണാകലയ്യ പരിവൃത്യ സുവൃത്തം
വൃത്തമദ്ധ്യമവധാര്യ്യ സുസൂക്ഷ്മം ശങ്കുമത്രസുദൃഢഞ്ചനിഖന്യാൽ

അന്വയം. അർത്ഥം.

ശങ്കുദീർഘയുതസമ്മിതസൂത്രേണ = കുററിയുടെ നീളം രണ്ടു കൂടിയ സൂത്രംകൊണ്ടു്
സുവൃത്തം = ശരിയായ ഒരു വൃത്തത്തെ
പരിവൃത്യ ആകലയ്യ = വീശി ഉണ്ടാക്കീട്ടു്
വൃത്തമദ്ധ്യം = വൃത്താകാരത്തിൻെറ മദ്ധ്യത്തെ
സുസൂക്ഷ്മം അവധാര്യ്യ = വളരെ ശരിയായി നിശ്ചയിച്ചിട്ടു്
അത്ര ശങ്കും = ഇവിടെ കുററിയെ

സുദൃഢം = ഏററവും ഉറപ്പായിട്ടു്
നിഖന്യാൽ = സ്ഥാപിക്കണം.

സാ—ഭംഗിയായി നിരപ്പുവരുത്തിയ സ്ഥലത്തു് മദ്ധ്യേ രണ്ടുകോൽ വിസ്താരത്തിൽ ലേശവും കോട്ടമോ സ്ഖലനമോ കൂടാതെ സൂക്ഷ്മരേഖയായിട്ടു് ഒരു വൃത്തത്തെ വീശിയുണ്ടാക്കണം. ആ വൃത്തത്തിൻെറ മദ്ധ്യത്തെ നല്ലപോൽ സൂക്ഷിച്ചറിഞ്ഞിട്ടു് ആ കുററിയെ ഒട്ടും ഉലയാതെ ഉറപ്പായി വയ്ക്കണം. "ഗന്ധാദ്യൈരഭിപൂജിതം ശുഭദിനേ ശങ്കും ന്യസേന്മംഗലൈഃ" എന്നു കാലാമൃതത്തിലും മററും കാണുകയാൽ മംഗളാത്മകങ്ങളായ വാദ്യഘോഷങ്ങളോടുകൂടി പഞ്ചലംഗാരപൂജചെയ്തു് ശുഭമുഹൂൎത്തത്തിൽവേണം കുററിവയ്ക്കേണ്ടതു്. "ഉത്തരായനമാസേതു ശുക്ലപക്ഷേ ശുഭോദയേ" മകരം, കുംഭം, മീനം, മേടം, ഇടവം, മിഥുനം, ഈ മാസങ്ങളിലെ ശുക്ലപക്ഷത്തിൽ ശുഭോദയരാശികൊണ്ടുവേണം ശങ്കുസ്ഥാപനം ചെയ്യേണ്ടതു്.

മൂ-ശങ്കുച്ഛായാഗ്രഭാഗേത്വവഹിതഹൃദയോ വൃത്തലഗ്നേംകയിത്വാ പ്രാഹ്ണാന്തേപശ്ചിമസ്യാം ദിശിതദിതരദിശ്യേവമേവാപരാഹ്ണേ പാശ്ചാത്യേന്യേദ്യുരപ്യംകനമപിചവിധായാംകയോരേതയോരപ്യന്തൎഭാഗത്രിഭാഗംനയതുഗതദിനാംകാൽതദേവേഹസൂക്ഷ്മം. ൩

അന്വയം. അൎത്ഥം.

പ്രാഹ്ണാന്തേ = പ്രാഹ്നസമയത്തിൻെറ അവസാ
പശ്ചിമസ്യാംദിശി = പടിഞ്ഞാറും. (നകാലത്തു്
ഏവം ഏവ അപരാഹ്ണേ = ഇപ്രകാരംതന്നെ അപരാഹ്നസ-
തദിതരദിശി = കിഴക്കും (മയത്തു്
വൃത്തലഗ്നേ = വൃത്തരേഖയിൽ തൊട്ടിരിക്കുന്ന
ശങ്കുച്ഛായാഗ്രഭാഗേ = ശങ്കുച്ഛായയുടെ അഗ്രത്തിൽ
അവഹിതഹൃദയഃ = സമാധാനമാനസനായിരിക്കുന്ന
അങ്കയിത്വാ = അടയാളംകൊടുത്തിട്ടു് (സ്ഥപതി
അന്യേദ്യുഃ അപി പാശ്ചാത്യേ= പിറേറദ്ദിവസവും പടിഞ്ഞാറു്
അങ്കനം വിധായ = അടയാളത്തെച്ചെയ്തിട്ടു്
ഏതയോഃ അങ്കയോഃ അപി = ഈ രണ്ടടയാളങ്ങളുടേയും
അന്തൎഭാഗത്രിഭാഗം = ഇടയുടെ മൂന്നിലൊരുഭാഗത്തെ
ഗതദിനാംകാൽ = കഴിഞ്ഞ ദിവസത്തെ അടയാള
നയതു = കഴിക്കണം (ത്തിൽനിന്നു്
ഇഹ തൽ ഏവ = ഇവിടെ അതുതന്നെ
സൂക്ഷ്മം = ശരിയാകുന്നു.

സാ—വൃത്തരേഖയുടെ മദ്ധ്യേ കുററി വച്ചതിന്നശേഷം തൽകൎത്താവു ജാഗ്രതയോടുകൂടി വളരെ സൂക്ഷിച്ചു നിൽക്കേണ്ടതാണു്. ആ കുററിയുടെ സൂക്ഷ്മച്ഛായ കാലത്തു് ഏതൊരുസമയം കുറഞ്ഞുകുറഞ്ഞു് ആ വൃത്തരേഖയിൽ തുല്യമായി സ്പൎശിക്കുന്നു, അപ്പോൾ അവിടെ ഒരു ബിന്ദു (അടയാളം) കൊട്ടുക്കണം. ഇതുപോലെ തന്നെ വൈകുന്നേരം ശങ്കുവിൻെറ സൂക്ഷ്മച്ഛായ യാതൊരുസമയം ആ വൃത്തരേഖയെ സ്പൎശിക്കുമോ അപ്പോൾ അവിടെയും സൂക്ഷ്മമായ ഒരടയാളം കൊട്ടുക്കണം. പിറേറദ്ദിവസം കാലത്തു വീണ്ടും ഇതുപോലെതന്നെ പടിഞ്ഞാറു ഒരടയാളംകൂടി കൊട്ടുക്കണം. അപ്പോൾ ആദിത്യൻെറ ഗതി ഭേദംകൊണ്ടു പടിഞ്ഞാറു രണ്ടു രേഖയുണ്ടാവും ഈ രണ്ടടയാളങ്ങളുടേയും അന്തരത്തെ മൂന്നായി ഭാഗിക്കുമ്പോൾ ഉണ്ടാകുന്ന രണ്ടു ബിന്ദുവിൽ ആദ്യദിവസത്തെ ബിന്ദുവിനോടു് അടുത്തുവരുന്നതു് ഇവിടെ ദിങ്നിൎണ്ണയാവബോധത്തിനു ശരിയായിട്ടുള്ളതാണു്.

പകൽസമയത്തെ അഞ്ചായിഭാഗിച്ചു ക്രമേണ ഓരോഭാഗങ്ങൾക്കു പ്രാഹ്നം, പൂൎവ്വാഹ്നം, മദ്ധ്യാഹ്നം, അപരാഹ്നം, സായാഹ്നം എന്നിങ്ങനെ അഞ്ചുപേരു പറയപ്പെടുന്നു.

മൂ— പൂൎവ്വാപരേദ്യുപ്രഭവാങ്കയുഗ്മമേവം-
സുസൂക്ഷ്മം പരികല്പിതംയൽ
തദങ്കയുഗ്മാങ്കിതസൂത്രമേവ-
പൂൎവ്വാപരാശാപ്രഭവം സുസൂക്ഷ്മം.

| അന്വയം. | അൎത്ഥം. |
|---|---|
| ഏവംയൽ | = മേല്പറഞ്ഞവണ്ണം യാതൊരു |
| പൂൎവ്വാപരേദ്യുപ്രഭവാങ്കയുഗ്മം | = പൂൎവ്വാപരദിനങ്ങളിലുണ്ടായ-(രണ്ടടയാളം |
| പരികല്പിതം | = നിശ്ചയിക്കപ്പെട്ടുവോ |
| തദങ്കയുഗ്മാങ്കിതസൂത്രം ഏവ | = ആ അങ്കയുഗ്മങ്ങൾക്കു ലക്ഷ്യമായിരിക്കുന്ന സൂത്രംതന്നെ |
| സുസൂക്ഷ്മം | = ഏററവും ശരിയായിട്ടു |
| പൂൎവ്വാപരാശാപ്രഭവം | = പൂൎവ്വാപരദിക്കുകളെ ജനിപ്പിക്കുന്നു. |

സാ:—മേല്പറഞ്ഞവണ്ണം ആ വൃത്തരേഖയിൽ പടിഞ്ഞാറു സംസ്കരിച്ചുണ്ടാക്കിയ സൂക്ഷ്മബിന്ദുവും കിഴക്കുള്ള ബിന്ദുവും ലക്ഷ്യമാക്കി ഒരു ചരടുപിടിക്കുക. അതു തുല്യം കിഴക്കുപടിഞ്ഞാറായിരിക്കും. ഇതു ദിങ്നിൎണ്ണയത്തിനുള്ള സ്ഥൂലസമ്പ്രദായമാണു്. സൂക്ഷ്മജ്ഞാനം ഗണിതംകൊണ്ടു സിദ്ധിക്കേണ്ടതാണു്.

ഏവംക്ഷേത്രസ്യമദ്ധ്യെസുവിഹിതമിഹയദ്ബ്രഹ്മസൂത്രം തദാഹു
സ്തന്മദ്ധ്യെന്യോന്യമന്തൎഗ്ഗതമപിരചയെദ്വൃത്തയുഗ്മംസുധീമാൻ
തദ്യോഗാത്തിൎയ്യഗൂൎദ്ധ്വംഝഷജഠരസുഷുമ്നാദ്ധ്വനാസൂത്രമേകം
യാമ്യോദഗ്ഗാമിസൂക്ഷ്മംരചയയമസൂത്രംതദിത്യാമനന്തി. ൭

| അന്വയം | അൎത്ഥം. |
|---|---|
| ഇഹ ഏവം | = ഇവിടെ മേല്പറഞ്ഞവണ്ണം |
| ക്ഷേത്രസ്യമദ്ധ്യെ | = പറമ്പിന്റെ നടുവിൽ |
| യൽ | = യാതൊരു സൂത്രം |
| സുവിഹിതം | = ശരിയായിക്കല്പിക്കപ്പെട്ടുവോ |
| തൽ | = അതിനെ |
| ബ്രഹ്മസൂത്രം ആഹുഃ | = ബ്രഹ്മസൂത്രമെന്നു പറയുന്നു. |
| തന്മദ്ധ്യെ | = അതിന്റെ മദ്ധ്യത്തിൽ |
| അന്യോന്യം അന്തൎഗ്ഗതം | = തമ്മിൽ തമ്മിൽ ഇടകലൎന്നതായിട്ടു് |
| വൃത്തയുഗ്മം രചയെൽ | = രണ്ടുവൃത്തരേഖയേയും ഉണ്ടാക്കണം |
| തദ്യോഗാൽ | = ആ വൃത്തരേഖകളുടെ പരസ്പര-യോഗം ഹേതുവായിട്ടു്. |
| തിൎയ്യഗൂൎദ്ധ്വംഝഷജഠരസുഷുമ്നാദ്ധ്വനാ | = വിലങ്ങത്തിൽസിദ്ധിക്കുന്ന മത്സ്യരേഖയുടെ ഉദരശിരോമദ്ധ്യമാൎഗ്ഗമായിട്ടു |
| ഏകം സൂത്രം | = ഒരു സൂത്രത്തെ |
| സൂക്ഷ്മം | = ശരിയാകുംവണ്ണം |
| യാമ്യോദഗ്ഗാമിരചയെൽ | = തെക്കുവടക്കായും കല്പിക്കണം |
| തൽ | = അതിനെ |
| യമസൂത്രം ഇതി ആമനന്തി | = യമസൂത്രം എന്നുനിശ്ചയിച്ചിരിക്കുന്നു. |

സാ:—ഇങ്ങിനെ പറമ്പിന്റെമദ്ധ്യേ മുൻപറഞ്ഞവണ്ണം ശ്രദ്ധയോടുകൂടി സംസ്കരിച്ചുണ്ടാക്കിയ ആ രണ്ടു ബിന്ദുക്കളേയും ലക്ഷ്യമാക്കി കിഴക്കുപടിഞ്ഞാറു പിടിക്കുന്ന ഒരു ചരടു് അല്ലെങ്കിൽ ആ ബിന്ദുക്കളെ ലക്ഷ്യമാക്കി പടിഞ്ഞാറുനിന്നും കിഴക്കോട്ടു വരയ്ക്കുന്ന ഒരു രേഖ ബ്രഹ്മസൂത്രമെന്നു് അതായതു് ബ്രഹ്മസൂത്രത്തിന്റെ സ്ഥാനമെന്നറിയണം. പിന്നെയും ആദ്യം വീശിയ ആ വൃത്തരേഖയുടെ മദ്ധ്യഭാഗത്തുനിന്നും തുല്യമായ അകലത്തിൽ കിഴക്കുപടിഞ്ഞാറുള്ള ആ ദീൎഘരേഖയിൽ കിഴക്കും പടിഞ്ഞാറും രണ്ടു ബിന്ദുക്കളെ സങ്കല്പിച്ചിട്ടു് രണ്ടു വൃത്തങ്ങൾ വീശിയുണ്ടാക്കണം. ആ വൃത്തങ്ങളുടെ അന്യോന്യസമ്മേളനം

കൊണ്ടു് ആദ്യമുണ്ടായ വൃത്തത്തിൻെറ മദ്ധ്യത്തിൽ മത്സ്യാകൃതിയിൽ ഒരു രേഖ ഉണ്ടായിരിക്കത്തക്കവണ്ണം ആ വൃത്തത്തിൻെറ വലിപ്പത്തെ നിശ്ചയിച്ചുകൊള്ളണം. അങ്ങിനെ ആ രണ്ടു വൃത്തങ്ങളുടെ സമ്മേളനംകൊണ്ടു തെക്കുവടക്കായിക്കാണുന്ന മത്സ്യരേഖയുടെ മദ്ധ്യമാർഗ്ഗത്തെ ലക്ഷ്യമായിട്ടു തെക്കുവടക്കും ഒരു രേഖയേയോ ചരടിനേയോ കല്പിക്കണം. ഇതു് യമസൂത്രത്തിൻെറ സ്ഥാനമാകുന്നു. യമസൂത്രമെന്നു പേരും പറകപ്പെടുന്നു.

കിഴക്കു്.

വടക്കു്.



തെക്കു്.

പടിഞ്ഞാറു്.

മൂ— തൽസൂത്രദപിതയേഥദിക്ഷുചതസ്രുഷപംകാൻസമംകല്പയി-
താംകാരോപിതമദ്ധ്യഗാനിസുസമം ചതപാരിവൃത്താനിച

സിദ്ധ്യന്ത്യത്ര വിദിക്ഷു വൃത്തയുഗളീയോഗേന മത്സ്യാശ്ശിവാ-
ഗ്ന്യഗ്രാസ്തൽഗതസൂത്രയുഗ്മമപി ചാത്രാബ്ധ്യശ്രമാകല്പ-
(യേൽ.

| അന്വയം. | അൎത്ഥം. |
| --- | --- |
| അഗ | = യമസൂത്രത്തേയും ബ്രഹ്മസൂത്രത്തേയും കല്പിച്ചതിനുശേഷം: |
| തൽസൂത്രദ്വിതയേ | = ആ സൂത്രങ്ങൾ രണ്ടിലും |
| ചതസൃഷുദിക്ഷു | = നാലുദിക്കുകളിലും |
| സമം അംകാൻ | = തുല്യമായിട്ട് അടയാളങ്ങളേയും |
| അംകാരോപിതമദ്ധ്യഗാനി | = ആ അംകം മദ്ധ്യമാക്കി സങ്കല്പിച്ചിട്ട |
| ചത്വാരി വൃത്താനിച | = നാലുവൃത്തങ്ങളേയും |
| സുസമം | = ഏററവും തുല്യമായിട്ട് |
| കല്പയിത്വാ | = ഉണ്ടാക്കീട്ട് |
| അത്ര വിദിക്ഷു | = ഇവിടെ കോണുകളിൽ |
| വൃത്തയുഗളീയോഗേന | = രണ്ടുവൃത്തങ്ങളുടെ യോഗംകൊണ്ട് |
| ശിവാഗ്ന്യഗ്രാഃ | = ശിവങ്കലും അഗ്നിയിങ്കലും അഗ്രങ്ങളായിട്ട് |
| മത്സ്യാഃസിദ്ധ്യന്തി | = നാലുമത്സ്യങ്ങൾ ഉണ്ടാകുന്നു |
| അത്ര | = ഇവിടെ |
| തൽഗതസൂത്രയുഗ്മം അപി | = അതിൻെറ മദ്ധ്യത്തൂടെ രണ്ടു സൂത്രത്തെയും |
| അബ്ധ്യശ്രം ച | = ചതുരശ്രത്തേയും ചെയ്യണം. |

സാ—കിഴക്കുപടിഞ്ഞാറുള്ള സൂത്രം ബ്രഹ്മസൂത്രമെന്നും തെക്കുവടക്കായുള്ള സൂത്രം യമസൂത്രമെന്നും മുൻപേ പറഞ്ഞുകഴിഞ്ഞുവല്ലോ. ഈ രണ്ടു സൂത്രങ്ങളുടെയും യോഗസ്ഥാനമായ മദ്ധ്യഭാഗത്തുനിന്നും തുല്യമായ അകലത്തിൽ നാലുദിക്കുകളിലും ബ്രഹ്മസൂത്രത്തിങ്കലും യമസൂത്രത്തിങ്കലും ഓരോബിന്ദുക്കൾ (അടയാളങ്ങൾ) കൊടുക്കണം. ഈ ബിന്ദുക്കൾ മദ്ധ്യസൂചിയാക്കി നാലുവൃത്തങ്ങൾ തുല്യവിസ്താരത്തിൽ അന്യോന്യസംമേളിതങ്ങളായിട്ട വീശിയുണ്ടാക്കണം. അപ്പോൾ ഈ രണ്ടു വൃത്തങ്ങളുടെ സംയോഗംകൊണ്ട് ഓരോ മത്സ്യരേഖകൾ നാലുകോണിലും ഉണ്ടാകും. ഈശകോണിലും നിരൃതികോണിലും ഉള്ള മത്സ്യങ്ങൾ ഈശാഗ്രങ്ങളായും അഗ്നികോണിലും വായുകോണിലുമുള്ള മത്സ്യങ്ങൾ അഗ്ന്യഗ്രങ്ങളായുമാണിരിക്കുന്നത്. ഇതിൻെറ ഉപയോഗം അടുത്തു പ്രത്യക്ഷപ്പെടുന്നതാണ്. ഈ മത്സ്യങ്ങളുടെ ശീർഷാഗ്രങ്ങളെ

ലക്ഷ്യമാക്കി രണ്ടുകോൺസൂത്രങ്ങളെയും പിന്നെ വിധിപോലെ ചതുരശ്രകല്പനയേയും ചെയ്യേണ്ടതാണ്,



ഈശാദിഖണ്ഡനിർണ്ണയം.

മൂ—സൂത്രേ പ്രാഗുദഗഗ്രകേ ക്ഷിതിതലേ കൃതാ ചതുഃഖണ്ഡിതേ
ഖണ്ഡേ കല്പയതു ദ്വിജാദിവസതിം ശാർവ്വേ അഥവാ നൈരൃതേ
ക്ഷേത്രേ വിസ്തൃതിരസ്തി ചേൽ പുനരപി ശ്രുത്യംശിതേ ഗൃഹ്യതേ
ശൈവനൈരൃതഖണ്ഡമേവ നിരൃതൌ ശൈവം ശുഭം ചോദയോ.

| അന്വയം. | അർത്ഥം. |
| --- | --- |
| ക്ഷിതിതലേ | = വീടു പയ്യുന്നതിനു ചതുരശ്രമാക്കിയ പറമ്പ് |
| പ്രാഗുദഗഗ്രകേ | = കിഴക്കും വടക്കും അഗ്രങ്ങളായി |
| സൂത്രേ കൃതാ | = രണ്ടുസൂത്രങ്ങളെച്ചെയ്ത് |
| ചതുഃഖണ്ഡിതേ | = നാലുഖണ്ഡങ്ങളായിത്തിരിക്കുമ്പോൾ |
| ശാർവ്വേ അഥവാ | = ഈശഖണ്ഡത്തിലൊ അല്ലെങ്കിൽ |
| നൈരൃതേ ഖണ്ഡേ | = നിരൃതിഖണ്ഡത്തിലൊ |
| ദ്വിജാദിവസതിം | = ബ്രാഹ്മണർ മുതലായവർക്കു ഗൃഹത്തെ |
| കല്പയതു | = ചെയ്യണം |

| | |
|---|---|
| ക്ഷേത്രേ | = പറമ്പിനു് |
| വിസ്തൃതിഃ അസ്തിചേൽ | = അധികംവിസ്താരമുണ്ടെങ്കിൽ |
| പുനഃഅപി | = പിന്നെയും |
| ശ്രുത്യംശിതേ | = ഓരോന്നും നാലു ഖണ്ഡങ്ങളായി തിക്കുമ്പോൾ |
| ശൈവനൈരൃത ഖണ്ഡം | = ഈശഖണ്ഡത്തിലുള്ള നിരൃതിഖണ്ഡവും |
| നിരൃതൗ ശൈവംശുഭം ഏവ | = നിരൃതിയിലെ ഈശഖണ്ഡവും ശുഭം തന്നെ |
| ഉഭയോഃച ശുഭം | = രണ്ടുപദങ്ങളിലും ശുഭംതന്നെ |

സാ—മുൻപറഞ്ഞപോലെ, യമസൂത്രത്തെയും ബ്രഹ്മസൂത്രത്തെയും കല്പിക്കുമ്പോൾ പറമ്പു് നാലുഖണ്ഡമായി തീരും. ഈ ഖണ്ഡങ്ങളിൽവച്ചു് ഈശഖണ്ഡവും നിരൃതിഖണ്ഡവും മനുഷ്യാലയത്തിനു് ഇഷ്ടമാണു്. "ശാർവേഥവാനൈരൃതേ" എന്നും "സ്ഥാനം നൃണാന്തുമാനുഷ്യേദൈവേചാപീതികേചന" എന്നും മറ്റും കാണുന്നതിനാൽ ഈശഖണ്ഡം വിശേഷാൽ ശുഭപ്രദമെന്നു ഗ്രാഹ്യമാകുന്നു. പറമ്പു് അധികം വലുതാണെങ്കിൽ പിന്നെയും ആ ഓരോ ഖണ്ഡങ്ങളെ മുൻപറഞ്ഞവണ്ണം സൂത്രങ്ങളെക്കൊണ്ടു് നന്നാലുഖണ്ഡങ്ങളാക്കണം. അതുകളിൽവച്ചു് ഈശഖണ്ഡത്തിലുള്ള നിരൃതിഖണ്ഡവും, നിരൃതിഖണ്ഡത്തിലെ ഈശഖണ്ഡവും, ഗൃഹവിധിക്കു് ശുഭമാണു്. പക്ഷേ ഈശാനഖണ്ഡത്തിലുള്ള നിരൃതീശാനങ്ങളായ രണ്ടു ഖണ്ഡങ്ങളും അതുപോലെ നിരൃതിഖണ്ഡത്തിലെ നിരൃതീശാനഖണ്ഡങ്ങളും ശുഭംതന്നെയാണു്.

"അഥവാ സമചതുരശ്രംഷോഡശപദമേവകല്പയേൽക്ഷേത്രം
തത്രചനൈരൃതനിരൃതൌ മന്ദിരമുദിതംച ദൈവികേഖണ്ഡേ
നിരൃതാവൈശേകസ്യാദീശേശാനാന്തമുത്തമംസ്ഥാനം
മാനുഷ്യേപിച ഖണ്ഡേ നിരൃതിപദംവേശ്മയോഗ്യമേവഭവേൽ"

ഇത്യാദിവാസ്തുവിദ്യാവചനവും മറ്റും അതിനു യോജിക്കുന്നുണ്ടു്.

## ഖണ്ഡനിർണ്ണയം.

മൂ—ധാത്രീതലേബ്ധ്യംശിനിമാനുഷാഖ്യം
ഗൃഹാഭിവൃദ്ധിപ്രദമൈശഖണ്ഡം
ദേവാഹ്വയംനൈരൃതമിഷ്ടദംസ്യാ-
ദ്ദ്വേശുഭേഗേഹവിധൗനരാണാം.

അന്വയം · അൎത്ഥം

ധാത്രീതലേ അബ്ധ്യംശിനി = പറമ്പു് നാലുഖണ്ഡമായിത്തിരിക്കുമ്പോൾ

ഐശഖണ്ഡം മാനുഷാഖ്യം = ഈശാനഖണ്ഡം മാനുഷഖണ്ഡമെന്നു പേരുള്ളതും

ഗൃഹാഭിവൃദ്ധിപ്രദം = ഗൃഹങ്ങൾക്കു് അഭിവൃദ്ധിയെ ഉണ്ടാക്കുന്നതുമാണു്

നൈരൃതം ദേവാഹ്വയം = നിരൃതിഖണ്ഡം ദേവഖണ്ഡമെന്നു പേരുള്ളതും

ഇഷ്ടദം സ്യാൽ = ഇഷ്ടഫലത്തെ ചെയ്യുന്നതുമാണു്.

ഉഭേ നരാണാം = ഈ രണ്ടുഖണ്ഡങ്ങളും മനുഷ്യരുടെ

ഗേഹവിധൌ ശുഭേ = ഗേഹനിൎമ്മാണത്തിൽ ശുഭങ്ങളാകുന്നു

സാ—'സൂത്രേപ്രാഗുദഗഗ്രഗേ' ഇത്യാദി സൂത്രവിന്യാസം ചെയ്യുമ്പോൾ ഭൂമി നാലുഖണ്ഡമായിത്തീരുന്നുണ്ടല്ലൊ. അതിൽ ഈശപദത്തിനു മനുഷ്യഖണ്ഡമെന്നുപേർ പറയുന്നു. ഇതിൽ ഗൃഹം വച്ചുപാൎത്താൽ ഐശ്വൎയ്യാഭിവൃദ്ധിയുണ്ടാകും നിരൃതിപദം ദേവഖണ്ഡമെന്നു പറയപ്പെടുന്നു. ഇതു ഇഷ്ടഫലത്തെ ദാനംചെയ്യുന്നു. അതിനാൽ ഈ രണ്ടു ഖണ്ഡങ്ങളും മനുഷ്യൎക്കു വാസയോഗ്യങ്ങളാണു്.

മൂ— ആഗ്നേയഖണ്ഡം യമസംജ്ഞിതം സ്യാ-
ന്മൃതിപ്രദം ചാഖിലവൎജ്ജ്യമേതൽ
വായവ്യമപ്യാസുരസംജ്ഞിതംസ്യ-
ന്നിന്ദ്യംവിശാം ക്വാപിച ഗൃഹ്യതേതൽ· ൯

അന്വയം. · അൎത്ഥം

ആഗ്നേയഖണ്ഡം = അഗ്നിഖണ്ഡം

യമസംജ്ഞിതംമൃതി-
പ്രദംസ്യാൽ = യമഖണ്ഡമെന്നുപേരുള്ളതും മൃതിയെചെയ്യുന്നതുമണു്

ഏതൽ അഖിലവൎജ്ജ്യം = ഇതു് എല്ലാവൎക്കും വൎജ്ജ്യമാകുന്നു

വായവ്യം ആസുരസംജ്ഞിതം = വായുഖണ്ഡംഅസുരഖണ്ഡമായും

നിന്ദ്യം അപിസ്യാൽ = നിന്ദ്യമായും ഭവിക്കും.

തൽ ക്വാപി = അതു ചിലേടത്തു്

വിശാംഗൃഹ്യതേ ച = വൈശ്യന്മാൎക്കു ഗൃഹിക്കപ്പെടുകയും ചെയ്യാം

സാ—അഗ്നിഖണ്ഡത്തിന്ന് യമഖണ്ഡമെന്നു പേരാണ്. ഇതിൽ താമസിച്ചാൽ മരണം ഫലമാണ്. അതുകൊണ്ടു് ഈ ഖണ്ഡം ഒരുത്തൎക്കും സ്വീകാൎയ്യമല്ല. വായുഖണ്ഡം അസുരഖണ്ഡമെന്നു പറയപ്പെടുന്നു. ഇതു് ശുഭമല്ലെങ്കിലും ആപൽപക്ഷത്തിൽ ചില സ്ഥലങ്ങളിൽ വൈശ്യന്മാർ സ്വീകരിച്ചുവരുമാറുണ്ടു്.

മൂ— ഭൂപാദിവൎണ്ണനിയമേന യമോദഗായാ-
മാപേതമദ്ധ്യചതുരശ്രമഹീതലേ തു
കൎണ്ണാദ്ധ്വനാ നിരൃതിമാരുതകോണമൂല-
ശൈവാനലാഗ്രഭവസൂത്രയുഗം ഹി രജ്ജുഃ. ൨൦

| അന്വയം | അൎത്ഥം |
|---|---|
| ഭൂപാദിവൎണ്ണനിയമേന | = ക്ഷത്രിയാദികൾക്കു് വിധിക്കപ്പെട്ടതനുസരിച്ചു് |
| യമോദഗായാമാപേതമദ്ധ്യ | = തെക്കുവടക്കുള്ള ആയാമത്തെഒഴിച്ചു |
| ചതുരശ്രമഹീതലേ തു | = മദ്ധ്യം ചതുരശ്രമാക്കിയ ഭൂമിയിലാകട്ടെ |
| കൎണ്ണാദ്ധ്വനാ | = കൎണ്ണമാൎഗ്ഗമായിട്ടു് |
| നിരൃതിമാരുതകോണമൂല | = നിരൃതിവായുകോണുകളിൽചുവട്ടം |
| ശൈവാനലാഗ്രഭവസൂത്ര-യുഗം | = ഈശാഗ്നികളിൽ അഗ്രവുമായി രണ്ടു സൂത്രത്തെകല്പിക്കണം |
| രജ്ജുഃ ഹി | = അതു് രജ്ജുവാകുന്നു. |

സാ—ബ്രാഹ്മണൎക്കു് ഭൂമി സമചതുരമാണല്ലോ. ക്ഷത്രിയൎക്കു വിസ്താരത്തിൽ എട്ടിലൊന്നും വൈശ്യൎക്കു ആറിലൊന്നും ശൂദ്രൎക്കു് നാലിലൊന്നും ആയാധിക്യമുണ്ടായിരിക്കും. അതിനെ തെക്കും വടക്കും ഒരുപോലെ തള്ളി മദ്ധ്യേ ശരിചതുരശ്രമാക്കിച്ചെയ്യണം. അവിടെ നിരൃതികോണിലും വായുകോണിലും ചുവടായും ഈശകോണിലും അഗ്നികോണിലും അഗ്രമായും കോണോടുകോണായി രണ്ടു സൂത്രങ്ങളേയും കല്പിക്കണം. ഇതിന്നു് രജ്ജുവെന്നു പറകപ്പെടുന്നു. ഇതു് "തൽ സൂത്രദ്വിതയെ" എന്നുള്ള ശ്ലോകംകൊണ്ടു പറകപ്പെട്ടതാണെങ്കിലും വിസ്താരത്തിൽനിന്നും കൂടുതലുള്ള ദീൎഘത്തെ രണ്ടുവശവും ഒന്നുപോലെ തള്ളുണ്ടതാണെന്നും ഈ സൂത്രങ്ങൾക്കു്, രജ്ജുവെന്നുള്ള നാമം ശാസ്ത്രപ്രസിദ്ധമാണെന്നും വെളിപ്പെടുത്തുന്നതിന്നുവേണ്ടി ഈ സംഗതി ഒന്നുകൂടി പറഞ്ഞതാണ്. വിശേഷിച്ചു് 'ഹി' എന്നുള്ള പ്രയോഗം ശാസ്ത്രപ്രസിദ്ധങ്ങളായ മററു സൂത്രങ്ങളേയും ഉൽബോധിപ്പിച്ചിരിക്കുന്നു.

അതായതു്:—

സ്വരാജവാസന്തകമൂലപുച്ഛസംലഗ്നവൃത്തംഖലുനാഗസൂത്രം
തദ്വത്തയോൎമ്മൂലശിഖാന്തമഗ്നതുൎയ്യശ്രുതുപാഹ്യപിശൂലസംജ്ഞാ

കിഴക്കു്.



സൂചന:—

| | | |
|---|---|---|
| ഈ-ഖ | ഈശഖണ്ഡം | ബ്ര-ബ്രഹ്മ |
| അ-ഖ | അഗ്നിഖണ്ഡം | യ-യമ |
| നി-ഖ | നിരൃതിഖണ്ഡം | ര-രജ്ജു |
| വാ-ഖ | വായുഖണ്ഡം | സൂ-സൂത്രം |

എന്ന സാരാവലീവചനമനുസരിച്ചു നാലുദിക്കുകളിലും സൂത്രാവസാനസ്ഥാനത്തെ ലക്ഷ്യമാക്കി ശരിവൃത്താകൃതിയിൽ ഒരു സൂത്രമുണ്ടു്. അതു നാഗസൂത്രമെന്നു പറയപ്പെടുന്നു ബ്രഹ്മസൂത്രത്തിൻെറ ചുവടായ പടിഞ്ഞാറുനിന്നും നിരൃതിഖണ്ഡത്തിൻെറ മദ്ധ്യത്തിൽ കൂടി യമസൂത്രത്തിൻെറ ചുവട്ടിലേക്കും അവിടെനിന്നും യമഖണ്ഡത്തിൻെറ മദ്ധ്യേകൂടി ബ്രഹ്മസൂത്രത്തിൻെറ അഗ്രഭാഗത്തേയ്ക്കും വീണ്ടും ബ്രഹ്മസൂത്രത്തിൻെറ ചുവട്ടിൽനിന്നുതന്നെ വായുഖണ്ഡ

ത്തിന്റെ മദ്ധ്യമാർഗ്ഗമായി യമസൂത്രത്തിന്റെ അഗ്രഭാഗത്തേയ്ക്കും അവിടെനിന്നും പുറപ്പെട്ടു് ഈശഖണ്ഡത്തിന്റെ മദ്ധ്യേകൂടി ബ്രഹ്മസൂത്രത്തിന്റെ അഗ്രഭാഗത്തിലേക്കും ഇങ്ങിനെ നാലു സൂത്രങ്ങൾ കോൺമാർഗ്ഗമായി ചതുരശ്രരൂപത്തിൽ ഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിനു് ശൂലമെന്നു പറയപ്പെട്ടു. "വാസ്തുമർമ്മവില സൽശൂലം സമസ്തം ത്യജേൽ" എന്നും മററും ഇനി പറയാൻ ഭാവമുള്ളതുകൊണ്ടു് ഈ സൂത്രങ്ങൾക്കും മററുള്ള സൂത്രങ്ങളോടൊപ്പം പ്രാമാണ്യമുണ്ടെന്നു ഗ്രാഹ്യമാകുന്നു. ആദ്യംപറഞ്ഞ മഹാസൂത്രങ്ങളേയും രജ്ജുക്കളേയും ബ്രഹ്മസ്ഥാനത്തെ കേന്ദ്രമാക്കി കല്പിച്ചിട്ടു്. എട്ടു സൂത്രങ്ങളായും പറഞ്ഞുവരുന്നു. ഇന്ദ്രസൂത്രം, അഗ്നിസൂത്രം, യമസൂത്രം, നിഋതിസൂത്രം, വരുണസൂത്രം, വായുസൂത്രം, കുബേരസൂത്രം, ഈശസൂത്രം, (കർണ്ണസൂത്രം)ഇങ്ങനെ അതുകൾ കിഴക്കാദിയായി ധരിച്ചുകൊൾക.

മൂ— സൂത്രസ്യ രജ്ജോരപി ചാഗ്രമൂലൈ-
വിദ്ധേ ഗൃഹാദിസ്ഥിതമദ്ധ്യസൂത്രേ
ഹീനായതിപ്രാങ്കണമശ്ചതുശ്ശാ-
ലാഗാരതോന്യത്ര ഭവന്തി ദോഷാഃ. ൧൭

| അന്വയം. | അർത്ഥം. |
|---|---|
| ഗൃഹാദിസ്ഥിതമദ്ധ്യസൂത്രേ | = ഗൃഹംമുതലായതുകളുടെ മദ്ധ്യസൂത്രം |
| സൂത്രസ്യരജ്ജോഃഅപി ച | = സൂത്രത്തിന്റെയും രജ്ജുവിന്റെയും |
| അഗ്രമൂലൈഃ | = അഗ്രത്തിനാലോ മൂലത്തിനാലോ |
| ഹീനായതിപ്രാങ്കണതഃ | = സമചതുരശ്രമായ |
| ചതുശ്ശാലാഗാരതഃ | = ചതുശ്ശാലാഗൃഹത്തെയൊഴിച്ചു് |
| അന്യത്ര | = മററുള്ള ശാലകളിൽ |
| വിദ്ധേ | = വേദിക്കപ്പെട്ടുമെങ്കിൽ |
| ദോഷാഃ ഭവന്തി | = ദോഷങ്ങൾ സംഭവിക്കുന്നു. |

സാ – മഹാസൂത്രങ്ങളുടേയും രജ്ജുക്കളുടേയും അഗ്രഭാഗമോ അഥവാ മൂലഭാഗമോ ഗൃഹം ഗോശാല കിണറു മുതലായവയുടെ മദ്ധ്യസൂത്രങ്ങളെ വേധിക്കുന്നു. (അഭിമുഖമായിവരുന്നു) എങ്കിൽ അതു് അപൽക്കരമാകുന്നു സമചതുരശ്രശാലയ്ക്കു് ഈ വേധം ദോഷകരമല്ല. ചതുരശ്രശാലയുടെ കോൺഗൃഹത്തിന്റെ കർണ്ണസൂത്രങ്ങളും ബ്രഹ്മസ്ഥാനത്തുനിന്നും ഈശാഗ്രമായി പുറപ്പെടുന്ന രജ്ജുസൂത്രവും തമ്മിലും അങ്കണമദ്ധ്യസൂത്രങ്ങൾ ഗൃഹമദ്ധ്യസൂത്രങ്ങൾ ഇവ തമ്മിലും വേധിക്കാതെ വിധിപ്രകാ

രം ചതുശ്ശാല ചെയ്യുവാൻ കഴികയില്ല. സൂത്രവർണ്ണത്തിനു ള്ളിൽക്കൂടി അനുകൂലമായോ പ്രതികൂലമായോ ഉള്ള മറെറാരു സൂത്രത്തിൻെറ ഗതിയേയും 'വേധ'മെന്നുപറയുന്നു. ബ്രഹ്മസ്ഥാനത്തെ കേന്ദ്രമാക്കി സങ്കല്പിച്ചു് അതിന്നിരുവശവുമുള്ള ഭാഗങ്ങൾക്കു് മൂലമെന്നും അഗ്രമെന്നും പറയപ്പെടുന്നു.

മൂ—പ്രാഗാദിക്രമശസ്സ്യാദ്വേധഫലം പതിവിയോഗകുഷ്ഠരുജൌ
രിപുപീഡാത്മജധനഹാന്യനിലരുജസ്സ്വകുലധാന്യ-
ഹാന്യാദ്യാഃ

| അന്വയം | അർത്ഥം |
|---|---|
| പതിവിയോഗകുഷ്ഠരുജൌ | = ഭർത്തൃവിരഹം, കുഷ്ഠരോഗം |
| രിപുപീഡാത്മജധനഹാന്യ | = ശത്രുപീഡ, പുത്രനാശം, ധനനാശം |
| നിലരുജഃ | = വാതരോഗം |
| സ്വകുലധാന്യഹാന്യാദ്യാഃ | = കുലനാശം ധാന്യനാശം ഇവകൾ |
| പ്രാഗാദിക്രമശഃ | = കിഴക്കുതുടങ്ങിയുള്ളസൂത്രങ്ങളുടെ |
| വേധഫലം സ്യാൽ | = വേധഫലമാകുന്നു. |

സാ—സൂത്രങ്ങളുടേയും രജ്ജുക്കളുടേയും മൂലമോ അഗ്രമോ വീടു ഗോശാല പടിപ്പുര കിണറു് മുതലായവയുടെ മദ്ധ്യസൂത്രത്തേയോ സ്തംഭം ഭിത്തി മുതലായവയേയോ ആരൂഢാദികളെയോ വേധിക്കുന്നു എങ്കിൽ താഴെപ്പറയുന്ന ആപത്തുകൾ സംഭവിക്കുന്നതാണു്. ഇന്ദ്രദിക്കിൽ വേധംവരുന്നു എങ്കിൽ ഭർത്തൃവിരഹവും അഗ്നികോണിൽ കുഷ്ഠരോഗവും തെക്കേദിക്കിൽ ശത്രുപീഡയും നിരൃതികോണിൽ പുത്രനാശവും പടിഞ്ഞാറു ധനഹാനിയും വായുകോണിൽ വാതരോഗവും വടക്കു് കുലനാശവും ഈശകോണിൽ ധാന്യനാശവും ഇങ്ങനെ എട്ടുദിക്കുകളിൽ സൂത്രവേധം സംഭവിച്ചാലുള്ള ഫലമാണു്. അതുകൊണ്ടു് വേധം എല്ലായിടത്തും അപല്ക്കരമാകുന്നു.

മൂ—ക്ഷേത്രസ്യൈശാദിഖണ്ഡനവകൃതിപദസം-
ഭിന്നവാസ്തൂത്തമാംഗകോഷ്ഠേ-
ഷ്വേകസ്യാൎക്കാംശതസ്സ്യാദ്വിതതിരിഹമഹാ
സൂത്രരജ്ജ്വാഃ പ്രസിദ്ധാ
തദ്വദ്ദിഗ്വർഗ്ഗകോഷ്ഠൈർവ്വിഹിതശതപദേ-
ഷ്വേകകോഷ്ഠഭോഗോ
വിസ്താരസ്സൂത്രരജ്ജ്വാരഹികൃതിപദഭി-
ന്നേഷ്വഥൈകാഷ്ടിഭാഗഃ.

| അന്വയം | അൎത്ഥം |
| --- | --- |
| ക്ഷേത്രസ്യ | = പറമ്പിൽ |
| ഐശാദിഖണ്ഡേ | = ഈശഖണ്ഡമോ നിരൃതി ഖണ്ഡമോ |
| നവകൃതിപദസംഭിന്നവാസ്ത്വംശ കോഷ്ഠേഷു ഏകസ്യ | = ഒൻപതൊൻപതു (൮൧) മോ പദങ്ങളാക്കിഭാഗിക്കുമ്പോൾ അതിൽ ഒരു പാദത്തിൻെറ |
| അൎക്കാംശതഃ | = പന്ത്രണ്ടിൽ ഒരു ഭാഗംകൊണ്ടു് |
| ഇഹമഹാസൂത്രരജ്ജ്വാഃ | = ഇവിടെ സൂത്രങ്ങളുടേയും രജ്ജുക്കളുടേയും |
| വിതതിഃ പ്രസിദ്ധാ സ്യാൽ | = വിസ്താരം കിട്ടുന്നു |
| തദ്വൽ | = അതുപോലെ |
| ദിഗ്വൎഗ്ഗകോഷ്ഠൈഃ | = പത്തുപ്പത്തായിഖണ്ഡിക്കുമ്പോൾ |
| വിഹിതശതപദേഷു | = ഉണ്ടാകുന്ന നൂറുപദങ്ങളിൽ |
| ഏകകോഷ്ഠഭാഗഃ | = ഒന്നിൻെറ എട്ടിലൊരുഭാഗം |
| സൂത്രാരജ്ജ്വാഃ | = സൂത്രങ്ങളുടേയും രജ്ജുക്കളുടേയും |
| വിസ്താരഃ | = വീതിയാകുന്നു. |
| അഥ | = പിന്നീട്ടു് |
| അഷ്ടികൃതിപദഭിന്നേഷു | = എട്ടെട്ടു (൬൪) പദങ്ങളാക്കുമ്പോൾ |
| ഏകാഷ്ടിഭാഗഃ | = പതിനാറിലൊരുഭാഗവും |
| സൂത്രരജ്ജ്വാഃ | = സൂത്രങ്ങളുടേയും രജ്ജുക്കളുടേയും |
| വിസ്താരഃ | = വിസ്താരമാകുന്നു. |

സാ—നിരൃതി ഈശാനഖണ്ഡങ്ങളിൽ വീടുവയ്ക്കുന്നതിനുചിതമായ ഒന്നിനെ ൮൧ പദങ്ങളായി ഭാഗിക്കുമ്പോൾ ഒരു പദത്തിൻെറ പന്ത്രണ്ടിൽ ഒരു ഭാഗവും നൂറുപദമായി ഭാഗിക്കുമ്പോൾ അതിൻെറ എട്ടിലൊരുഭാഗവും ൬൪ പദങ്ങളായി ഭാഗിക്കുമ്പോൾ ഒന്നിൻെറ പതിനാറിലൊരു ഭാഗവും സൂത്രങ്ങളുടെ വിസ്താരമാകുന്നു.

മൂ— സമസ്തഗേഹാങ്കണകൂപവാപീ-
ദ്വാരാദിമദ്ധ്യസ്ഥിതസൂത്രവേധഃ
മിഥഃസമസ്തേഷ്വപവൎജ്ജനീയോ
രജ്ജ്വാശ്ചകോണാലയകൎണ്ണയോശ്ച.

| അന്വയം. | അൎത്ഥം. |
| --- | --- |
| സമസ്തഗേഹാങ്കണകൂപവാപീ-ദ്വാരാദിമദ്ധ്യസ്ഥിതസൂത്രവേധഃ | = ഗൃഹങ്ങൾ, ഗോശാലമുതലായ ഉപാലയങ്ങൾ, അങ്കണം, കിണറു്, കുളം, വാതിൽ മുത |

ലായ എല്ലാററിൻേറയും മദ്ധ്യസൂത്രങ്ങളുടെ അന്യോന്യവേധവും

രജ്ജ്വാഃകോണാലയകർണ്ണയോഃ = രജ്ജുക്കളുടേയും കോൺഗൃഹങ്ങളുടേയുംകർണ്ണസൂത്രങ്ങളുടേയും
മിഥഃച = അന്യോന്യമുള്ള വേധവും
അമസ്തേഷു അപി = എല്ലാ ആലയങ്ങളിലും
വർജ്ജനീയഃ = വർജ്ജിക്കേണ്ടതാകുന്നു.

സാ—എല്ലാഗേഹങ്ങൾക്കുംഅങ്കണത്തിനും കിണറു്, കുളം ഇവയ്ക്കും വാതിൽ മുതലായ എല്ലാ ദ്വാരഭേദങ്ങൾക്കും മററും മദ്ധ്യേ മുൻപറഞ്ഞപോലെ സൂത്രങ്ങളുണ്ടു്. അതിൽ ഒന്നിൻെറ മദ്ധ്യസൂത്രം മറെറാന്നിൻെറ മദ്ധ്യസൂത്രത്തെ വേധിച്ചുകൂടാ. ഇവയിൽ ഒന്നിൻെറ മദ്ധ്യം മറെറാന്നിൻെറ മദ്ധ്യത്തെ ലാക്കാക്കിവയ്ക്കരുതു്. ഗൃഹം വാതിൽ ജന്നൽ മുതലായ എല്ലാററിനും യഥാവിധി ഗമനം വച്ചുകൊള്ളണം. കോണാലയങ്ങളുടെ കർണ്ണസൂത്രങ്ങൾ നിരൃതീശാനമായിപ്പുറപ്പെടുന്ന രജ്ജുസൂത്രവുമായി വേധിക്കരുതു്. ചതുരശാലയ്ക്കു വേധിക്കാമെന്നും മററുള്ളിടത്തു വർജ്ജ്യമാണെന്നും മുൻപേ പറഞ്ഞ സ്ഥിതിക്കു് ഈ വർത്തമാനം സൂത്രവേധങ്ങളുടെ ദോഷാധിക്യത്തെ വെളിപ്പെടുത്തുന്നു "വേധന്തുഗൃഹമദ്ധ്യാനാംഗോത്രനാശകരം ത്യജേൽ" എന്ന വാസ്തുവിദ്യാവചനം ഇതിനു ദൃഷ്ടാന്തമാണു്.

## വീഥി നിശ്ചയിക്കാനുള്ള ദണ്ഡിനെ കല്പിക്കുന്ന ക്രമം.

മൂ- വീഥീവിസ്തൃതികല്പനാസുബഹുധാദണ്ഡോഭവേന്മേദിനീ
വിസ്താരാൽഗൃഹകർത്തൃപൂരുഷസമുത്സേധോത്ര താലോമതഃ
താലൈസ്സൈർദശനന്ദവാരണമിതൈർദണ്ഡസ്ത്രിധാതേഷുത
ദ്വീഥീവിസ്തൃതിമേകതോവിതനുയാദ്വൃദ്ധ്യസ്തഭൂവിസ്തൃതിഃ.

അന്വയം. അർത്ഥം.

മേദിനീവിസ്താരാൽ = ഭൂമിയുടെ വലിപ്പച്ചെറുപ്പമനുസരിച്ചു്
വീഥീവിസ്തൃതകല്പനാസു = വീഥിയുടെ വീതി നിശ്ചയിക്കാനുള്ള
ദണ്ഡഃ ബഹുധാ ഭവേൽ = ദണ്ഡു പലവിധമുണ്ടു്. (
അത്ര = ഈ ദണ്ഡു നിശ്ചയിക്കുന്ന വിഷയത്തിൽ
ഗൃഹകർത്തൃപൂരുഷസമുത്സേധഃ = ഗൃഹം ചെയ്യിക്കുന്നയാളിൻെറ ഉയരം

താലഃ മതഃ = താലമെന്നു സമ്മതമാകുന്നു
തൈഃ താലൈഃ = ആ താലങ്ങൾ
ദശനന്ദവാരണമിതൈഃ = പത്തും ഒൻപതും എട്ടും കൂടിയ തുകൊണ്ടു്
ദണ്ഡഃ ത്രിധാ ഭവേൽ = മൂന്നുവിധത്തിൽ ദണ്ഡു ഭവിക്കും
ഭൂവിസ്തൃതിഃ അസ്തിയദി = പറമ്പിനു് അധികം വിസ്താരമുണ്ടെങ്കിൽ
തേഷു ഏകതഃ = ആ ദണ്ഡുകളിൽ ഒന്നുകൊണ്ടു്
തദ്വീഥീവിസ്തൃതിം = അവിടത്തെ വീഥിവിസ്താരത്തെ
വിതനുയാൽ = ചെയ്യണം

സാ.—വീഥിയുടെ അളവു നിശ്ചയിക്കുന്നതിനുള്ള ദണ്ഡു് പറമ്പിന്റെ വലിപ്പച്ചെറുപ്പമനുസരിച്ചു് പലവിധം പറഞ്ഞിട്ടുണ്ടു്. 'മനുഷ്യാലയ'ത്തിൽ ഗൃഹം ചെയ്യിക്കുന്നയാളിന്റെ ഉയരത്തിനു താലം എന്നു പറയുന്നു. ഈ താലം പത്തു കൂടിയതും ഒൻപതു കൂടിയതും എട്ടു കൂടിയതും ഓരോ ദണ്ഡാകുന്നു. ഭൂമിക്കധികം വിസ്താരമുണ്ടെങ്കിൽ ഇപ്പറഞ്ഞ ഏതെങ്കിലും ഒരു ദണ്ഡുകൊണ്ടു് ഒരു വീഥിയുടെ അളവു് (വിസ്താരം) നിശ്ചയിച്ചുകൊള്ളണം.

## വീഥീവിധാനം

മൂ- നന്ദചന്ദ്രപുടേനവാവൃതിതയാ ബാഹ്യാദിമധ്യാന്തിമാഃ
വീഥ്യസ്സ്യുഃപരിതഃപിശാചദിവിഷദ്പിത്താധിഭൂദണ്ഡിനാം
നാഗാംബ്വഗ്നിവിനായകദ്രുഹിണനാമ്നാഞ്ചാത്രനിന്ദ്യാസ്മതാഃ
പൈശാചാഗ്ന്യഹിദണ്ഡിനാംഗൃഹവിധൗവീഥിശ്ചതു-
ർദ്ദിക്ഷ്വപി

അന്വയം. അൎത്ഥം.

നന്ദചന്ദ്രപുടേ = പതിനെട്ടു പുടങ്ങളുള്ളപ്പോൾ
നവാവൃതിതയാ = ഒൻപതു് ആവൃതി (ചുററു്) വരികയാൽ
ബാഹ്യാദിമധ്യാന്തിമാഃ = പുറത്തേച്ചുററുമുതൽ മധ്യംവരെയുള്ള ആവൃതികൾ
പിശാചദിവിഷദ്പിത്താധിഭൂദണ്ഡിനാം = പിശാചു; ദേവൻ, കുബേരൻ, യമൻ ഇവരുടേയും
നാഗാംബ്വഗ്നിവിനായകദ്രുഹിണനാമ്നാം ച = നാഗം, ജലം, അഗ്നി, ഗണപതി ബ്രഹ്മാവു് ഇവരുടേയും
വീഥ്യാസ്യുഃ = വീഥികളായി ഭവിക്കും

| | |
|---|---|
| അത്ര | = ഈ വീഥികളിൽവച്ചു് |
| പൈശാചാഗ്ന്യഹിദണ്ഡിനാം | = പിശാചു്, അഗ്നി, നാഗം, യ |
| വീഥ്യഃ | = വീഥികൾ (മൻ ഇവരുടെ |
| ഗൃഹ വിധൌ | = വീടു വയ്ക്കുന്നവിഷയത്തിൽ |
| ചതുർദ്ദിക്ഷു അപി | = നാലുദിക്കിലും |
| നിന്ദ്യാഃ സ്മൃതാഃ | = നിന്ദ്യങ്ങളെന്നു വിധിക്കപ്പെട്ടിരിക്കുന്നു. |

സാ.—പറമ്പു് ക്രമപ്രകാരം ചതുരശ്രമാക്കീട്ടു് പതിനെട്ടു പുടങ്ങളായി ഭാഗിക്കുമ്പോൾ ചുററാകെ ഒൻപതു് ആവൃതികൾ ഉണ്ടാവും. അതിൽ പുറത്തുനിന്നു ക്രമേണ ഒന്നാമത്തേതു് വിശാചുവീഥിയും, രണ്ടാമത്തേതു് ദേവവീഥിയും, മൂന്നാമത്തേതു കുബേരവീഥിയും, നാലാമത്തേതു യമവീഥിയും, അഞ്ചാമ

സ്ഥാനനിർണ്ണയം.

കിഴക്കു്.



ത്തെ നാഗവീഥിയും, ആറാമത്തെ ജലവീഥിയും, ഏഴാമത്തേതു് അഗ്നിവീഥിയും, എട്ടാമത്തേതു് ഗണേശവീഥിയും, ഒൻപതാമത്തേതു് ബ്രഹ്മവീഥിയുമാണു്. നാലുദിക്കിലുമുള്ള പിശാചു്, അഗ്നി, നാഗൻ, യമൻ ഇവരുടെ വീഥികൾ വീടുവയ്ക്കുന്നതിനു നിഷേധിക്കപ്പെട്ടിരിക്കുന്നു. "നേഷ്യതേനിയമാദല്പക്ഷേത്രേവീഥീവികല്പന" എന്നും അഷ്ടാദശാദിദണ്ഡാദ്ധ്യകാരേവീഥീവികല്പന"എന്നും മററുമുള്ള വചനമനുസരിച്ചു് പതിനെട്ടുദണ്ഡിനുതാഴെയുള്ളപറമ്പിൽവീഥീവിഭാഗം ആവശ്യമില്ലെന്നു കാണുന്നു. എങ്കിലും ഈ ഗ്രന്ഥകൎത്താവിനു് ഇതത്ര പക്ഷമില്ലെന്നു് അല്പക്ഷേത്രത്തിൽ വീഥീവിഭാഗം ചെയ്യണമെന്നു വിധിക്കുന്ന അടുത്ത പദ്യംകൊണ്ടു സ്പഷ്ടമാകും.

മൂ—യാവൽകല്പിതമങ്കണം ഗൃഹവിധൌസാൎദ്ധാന്വിതാതാവതീ
വീഥീവിസ്തൃതിരുത്തമാങ്കണസമാമദ്ധ്യാതദല്പാധമാ
ക്ഷേത്രേല്പേപുനരങ്കണാൎദ്ധവിതതാംവീഥീംപ്രകുൎയ്യാത്തദാ
പ്രാച്യോദീച്യഗൃഹംഭവേൽസലിലവീഥ്യാരൂഢമേവഞ്ചവാ

| അന്വയം. | അൎത്ഥം. |
|---|---|
| ഗൃഹവിധൌ | = മനുഷ്യാലയംചെയ്യുമ്പോൾ |
| അങ്കണം | = അങ്കണദീൎഘം |
| യാവൽകല്പിതം | = എത്രമാത്രം നിശ്ചയിച്ചുവോ |
| താവതി സാൎദ്ധാന്വിതാ | = അത്രമാത്രവും അതിൽ പകുതിയും കൂടിയുള്ള |
| വീഥീവിസ്തൃതിഃഉത്തമാ | = വീഥീവിസ്താരം ഉത്തമമാണു് |
| അങ്കണസമാ | = അങ്കണദീൎഘത്തോടു സമമായതു് |
| മദ്ധ്യാ | = മദ്ധ്യമമായിട്ടുള്ളതാണു്. |
| തദല്പാ | = അങ്കണദീൎഘത്തേക്കാൾ കുറഞ്ഞതു് |
| അധമാ | = അധമമായിട്ടുള്ളതാണു്. |
| പുനഃ അല്പേ ക്ഷേത്രേ | = പിന്നെച്ചെറിയപറമ്പിൽ |
| അങ്കണാൎദ്ധവിതതാം | = അങ്കണദീൎഘത്തിൽ പകുതിവീതിയുള്ള |
| വീഥീം പ്രകുൎയ്യാൽ | = വീഥിയെച്ചെയ്യണം. |
| തദാ | = അങ്കണത്തിൽ പകുതിവീഥികല്പിക്കുമ്പോൾ |
| പ്രാച്യോദീച്യഗൃഹം | = കിഴക്കേതും വടക്കേതുമായ ഗൃഹങ്ങൾ |
| സലിലവീഥ്യാരൂഢം | = ജലവീഥിയിൽ ആരോഹിക്കപ്പെട്ടതായിവരും |
| ഏവം ച വാ | = ഇപ്രകാരംചെയ്യുകയുമാവാം. |

സാ—വിധി അനുസരിച്ച് അങ്കണത്തെ നിശ്ചയിക്കുമ്പോൾ അങ്കണദീർഘം എത്രമാത്രം നിശ്ചയിച്ചുവോ അത്രയും അതിൽ പകുതിയുംകൂടി കൂട്ടുമ്പോൾ എത്രമാത്രം ദീർഘംവരുമോ അത്രമാത്രമളവുള്ള വീഥീവിസ്താരം ഉത്തമമായിട്ടുള്ളതാണ്. അങ്കണദീർഘത്തോടുസമമായ വീഥീവിസ്താരം മദ്ധ്യമമായിട്ടുള്ളതാണ്. അതിൽ കുറവുള്ളതു് അധമവുമാണ്. ഇങ്ങിനെ വീഥിയുടെ വിസ്താരം നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗം മൂന്നുവിധമാണ്. വളരെ ചെറിയ പറമ്പിൽ അങ്കണദീർഘത്തിൽ പകുതികൊണ്ടും വീഥിയുടെ വിസ്താരം നിശ്ചയിക്കാവുന്നതാണ്. ഇങ്ങിനെ വീഥി ചെറുതായിവരുമ്പോൾ കിഴക്കേ ഗൃഹവും വടക്കേഗൃഹവും സലിലവീഥിയിൽ കരേററിച്ചെയ്യേണം. "ഏവംചവാ" എന്നുള്ളതുകൊണ്ടു് സർവസമ്മതമായ ഒരു വിധിയാണെന്നു വിചാരിക്കാൻ ന്യായമില്ല. എന്തുകൊണ്ടെന്നാൽ അഗ്നിവീഥിയിൽകൂടി ഗൃഹം കയറാതെ കഴികയില്ല. അങ്കണദീർഘത്തിന്റെ ഒന്നരബ്ഭാഗംകൊണ്ടു് ഒരു വീഥികല്പിക്കുമ്പോൾ ഗണേശവീഥിയിലും ബ്രഹ്മവീഥിയിലുംമാത്രം ഗൃഹം ഒതുങ്ങുന്നതാണ്. അങ്കണസമമായി വീഥീവിസ്താരം നിശ്ചയിക്കയാണെങ്കിലും ഈ രണ്ടു വീഥികളിൽതന്നെ ഗൃഹം മിക്കവാറും ഒതുക്കാൻ കഴിയും. ചെറിയ ഭൂമിയാണെങ്കിൽ ശുഭവീഥിയിൽ മാത്രമായി വിധിപ്രകാരം ഗൃഹംചെയ്യാൻ കഴികയില്ല. അതുകൊണ്ടു് ഗണേശവീഥിയേയും ബ്രഹ്മവീഥിയേയും ഒന്നാക്കിച്ചെയ്തു് അവിടെ വിധിപ്രകാരം വീടുചെയ്യുന്നതാണ് ഉത്തമമായിട്ടുള്ളതു്. ഇതു പറമ്പിനു് അധികം വിസ്താരമുണ്ടെങ്കിൽ മാത്രമേ സാധിക്കയുള്ളൂ. ഇതിന്റെ നിയമങ്ങൾ അടുത്തശ്ലോകവ്യാഖ്യാനത്തിൽനിന്നു് വിശദമാകുന്നതാണ്.

മൂ— കൃതപാദിങ്നവനാഗവർഗ്ഗപദഭിന്നേക്ഷേ-
ത്രഖണ്ഡേപദൈ-
രഷ്ടൃങ്കാബ്ധിമിതൈർവിധാതൃപദയുക്തംപ്രാ-
ങ്കണംമദ്ധ്യതഃ
ശാലാഃപങ്ക്തിയുജാശ്ചകാദികജൂഷാതൽബാ-
ഹ്യതസ്തൽബഹിർ-
ഗ്ഗോഷ്ഠോലൂഖലവേശ്മകാദിവിലസൽപങ്ക്ത്യാ
വൃതംകല്പയേൽ.

| അന്വയം. | അർത്ഥം. |
|---|---|
| ക്ഷേത്രഖണ്ഡേ | = പറമ്പിന്റെ ഈശഖണ്ഡമോ നിരൃതിഖണ്ഡമോ |

ദിങ്നവനാഗവൎഗ്ഗപദഭിന്നേ = നൂറുപദങ്ങളായോ എണ്ണത്തൊ
ന്നപദങ്ങളായോഅറുപത്തിനാ
ലുപദങ്ങളായോ ഭാഗിക്കുമ്പോൾ
അഷ്ടൃങ്കാബ്ധിമിതൈഃ = പതിനാറും ഒൻപതും നാലും
പദൈഃ = പദങ്ങളെക്കൊണ്ടു്
മദ്ധ്യതഃ = മദ്ധ്യത്തിൽ ഉള്ള
വിധാതൃപദയുക്തം = ബ്രഹ്മപദസമുദായംകൊണ്ടു്
പ്രാങ്കണം കൃത്വാ = പ്രാങ്കണത്തെ നിശ്ചയിച്ചിട്ടു്
തൽബാഹ്യതഃ = ബ്രഹ്മപദത്തിൻെറ വെളിയിലു-
ആൎയ്യകാദികജുഷാ = ആൎയ്യൻ മുതലായവരുടെ (ള്ള
പങ്ക്തിയുഗ്മാ = രണ്ടുവരികളിലായി
ശാലാഃ = ശാലകളേയും
തൽബഹിഃ = അതിൻെറ വെളിയിൽ
ഗോഷ്ഠാലൂഖലവേശ്മ- = തൊഴുത്തിൽ,ഉരൽപുര മുതലായ
കാദിവിലസൽപങ്ക്ത്യാ = ഉപാലയങ്ങൾ കിണറുമുതലാ
യജലാശയങ്ങൾ ഇവകളേയും
ആവൃതം കല്പയേൽ = ചുററും യഥായോഗ്യംചെയ്യണം.

സാ:—ക്രമമനുസരിച്ചു പറമ്പിനെ ചതുരശ്രമാക്കി നാലു ഖണ്ഡമായി വിഭജിച്ചാൽ അതിൽ മനുഷ്യവാസത്തിനുത്തമമായിട്ടുള്ളതു് ഈശഖണ്ഡമാണെന്നു വ്യക്തമാണല്ലോ. വിളവുഭൂമി ജലാശയം പാറ മുതലായവയുടെ ഏററവും അടുപ്പമോ സീമ (അതിരു്) വേധം മുതലായ മററുവല്ല അസൌകൎയ്യങ്ങളോ നേരിട്ടനപക്ഷം നിഋതിഖണ്ഡവും സ്വീകാൎയ്യമാണു്. "സ്ഥാനംന്യൂണാംതുമാനുഷ്യേ ദൈവേചാപീതികേചന" എന്ന വചനംകൊണ്ടും ഈശഖണ്ഡത്തോളംപ്രാധാന്യം നിഋതിഖണ്ഡത്തിനില്ലെന്നു സ്പഷ്ടമാണു്. ഇങ്ങനെ വീടുവയ്ക്കുന്നതിനുചിതമായ ഖണ്ഡത്തെ തെക്കുവടക്കും കിഴക്കുപടിഞ്ഞാറും പത്തുപ്പത്തു പുടങ്ങളായി തിരിക്കുമ്പോൾ നൂറു പദങ്ങൾ സിദ്ധിക്കും. ഇതിൻെറ മദ്ധ്യേയുള്ള പതിനാറുപദങ്ങളുടെസമാഹാരം ബ്രഹ്മപദമാണു്. ഒൻപതൊൻപതു പുടങ്ങളെക്കൊണ്ടു് എണ്ണത്തൊന്നു പദങ്ങളായി ഭാഗിക്കുമ്പോൾ മദ്ധ്യേയുള്ള ഒൻപതുപദങ്ങളുടെ സമാഹാരം ബ്രഹ്മപദമാണു്. എട്ടെട്ടുപുടങ്ങളെക്കൊണ്ടു് അറുപത്തിനാലുപദമായി ഖണ്ഡിക്കുമ്പോൾ മദ്ധ്യേനാലുപദം ബ്രഹ്മപദമാണു്. "തത്രചതുഷ്ഷഷ്ടിർവാ പ്യേകാശീതിസ്ത്വാഥപദശതകംതേഷുചയത്രരുചിസ്സ്യാൽതേന ചകുൎയ്യാദഥാലയംപ്രാജ്ഞഃ" ഇത്യാദി വചനമനുസരിച്ചു് ഈ മൂന്നുവിധപദവിഭാഗങ്ങളിൽ ഇഷ്ടമായതിനെ ആശ്ര

യിലും വാസ്തുവിഭാഗം ചെയ്യാമെന്നുകാണുന്നു. ഈ ഗ്രന്ഥകത്താവു മൂന്നുവിധത്തിൽ പദവിഭാഗമുണ്ടെന്നു പറഞ്ഞുവെങ്കിലും "ഏകാശീതിപദംപ്രകല്പ്യ" എന്നും "നാഡ്യഃപ്രാഗുദഗഗ്രഗ" എന്നുമുള്ള പദങ്ങളെക്കൊണ്ടു് എൺപത്തൊന്നു പദങ്ങളായുള്ള വാസ്തുവിഭാഗമാണു് തനിക്കിഷ്ടമെന്നു നല്ലപോലെ വെളിപ്പെട്ടുത്തീട്ടുണ്ടു്. കൂടാതെ "ഏകാശീതിപദൈസ്സമസ്തഭവനേ" എന്നുപ്രകാശികയും "ഏകാശീതിപദം വാസ്തുമാനുഷം പ്രതിസിദ്ധിദം" എന്നു വിദ്യാനുകീത്തനവും "സവ്വവാസ്തുവിഭാഗേഷു വിജ്ഞേയാന്നവകാ"എന്നു രാജവല്ലഭവും "ഏകാശീതിപദംകൃത്വാ വാസ്തുവിൽ സവ്വവാസ്തുഷു" എന്നും മററും അനേകശാസ്ത്രങ്ങൾ ഏകബുദ്ധ്യാ പ്രവത്തിച്ചുകാണുന്നതുകൊണ്ടു് വാസ്തുവിഭാഗത്തിൽ നവവഗ്ഗംതന്നെയാണു് മനുഷ്യാലയങ്ങൾക്കു സ്വീകരിക്കേണ്ടതെന്നും സ്പഷ്ടമാകുന്നു.

അങ്ങനെവരുമ്പോൾ എണ്പത്തിഒന്നു പദത്തിൻെറ മദ്ധ്യേയുള്ള ബ്രഹ്മപദമായ ഒൻപതുപദങ്ങളുടെസമാഹാരത്തെ അങ്കണമാക്കി സങ്കല്പിച്ചു അയ്യൻ, വിവസ്വാൻ, മിത്രൻ, മഹീധരൻ ഇവരുടെ സ്ഥാനങ്ങളിൽ ദിഗ്ഗൃഹങ്ങളേയും ആപൻ, ആപവത്സൻ മുതലായവരുടെ സ്ഥാനങ്ങളിൽ കോണ്‍ഗൃഹങ്ങളേയും അതിനുപുറമെയുള്ള ഈശാനാദികളുടെ ആവൃതിയിൽ തൊഴുത്തു്, ഉരപ്പുര, കിണറു മുതലായവയേയും കല്പിച്ചുകൊള്ളണം. ഇങ്ങനെചെയ്യുമ്പോൾ നിന്ദ്യവീഥികളിൽ കൂടി ഗൃഹങ്ങൾ നിശ്ചയമായും പ്രവേശിക്കും. അതുകൊണ്ടു ഗണേശവീഥിയിലും ബ്രഹ്മവീഥിയിലും ഗൃഹം ഒതുക്കിച്ചെയ്യുന്നതു് ഉത്തമവും, അതിനു നിവൃത്തിയില്ലാത്തപക്ഷം മുൻപറഞ്ഞവണ്ണം വടക്കേതും കിഴക്കേതും ജലവീഥിയിൽ കരേററിച്ചെയ്യുന്നതു് മദ്ധ്യമവും ഈ ശ്ലോകപ്രകാരം ഒരു ഖണ്ഡമടക്കി പദവിഭാഗംചെയ്തു നിശ്ചയിക്കുന്നതു് അധമവുമാണു്. എങ്കിലും അല്പക്ഷേത്രങ്ങളിൽ മൂന്നാമതു പറഞ്ഞവിധിയെത്തന്നെയാണു് സ്വീകരിക്കാൻ സുകരമായിട്ടുള്ളതു്.

"വീഥീവിധാനേ വിധിവിഘ്നരാജ-
വീഥ്യോസ്തദന്യത്രചയാവദുവ്യാം
ഖണ്ഡേച വഗ്ഗത്രിതയേഷുകുയ്യാന്മദ്ധ്യേ-
ങ്കണംതൽബഹിരേവശാലാഃ"

ഇത്യാദി ശാസ്ത്രാന്തരവചനമനുസരിച്ചു്, ഗണേശവീഥിയേയും ബ്രഹ്മവീഥിയേയും ഒന്നാക്കി അതിനെ എൺപത്തിഒന്നു ഖണ്ഡങ്ങളായി വിഭജിക്കണം. അതിൽ മദ്ധ്യേയുള്ള ഒൻപതു

ഖണ്ഡങ്ങൾ (പദങ്ങൾ) അങ്കണമാക്കി സങ്കല്പിച്ചിട്ട്, വിവസ്വാൻെറ സ്ഥാനമായ തെക്കേ ആവൃതികളിൽ തെക്കേതും, മിത്രൻെറ സ്ഥാനമായ പടിഞ്ഞാറേ ആവൃതികളിൽ പടിഞ്ഞാറേതും, മഹീധരൻെറ സ്ഥാനമായ വടക്കേ ആവൃതികളിൽ വടക്കേതും, ആര്യൻെറ സ്ഥാനമായ കിഴക്കേ ആവൃതികളിൽ കിഴക്കേതും, ഓരോന്നായിട്ടോ നാലുംകൂടിയോ കല്പിച്ചുകൊള്ളണം. ഈശഖണ്ഡത്തെ എൺപത്തിഒന്നായി ഭാഗിക്കുമ്പോൾ ഒരു പദത്തിന് എത്രമാത്രം വിസ്താരം വരുമോ അതിൽ കൂടുതലായി ഗൃഹവിസ്താരവും രണ്ടു പദത്തിലധികമായി ദീർഘവും വന്നുകൂടാ "പദമാനസമം താരം ദ്വിപദം ദീർഘമുച്യതേ" എന്നു പ്രമാണവുമുണ്ട്. എന്നാൽ ഗൃഹദീർഘം ഒരു പദത്തിലടങ്ങിയിരിക്കണമെന്നു പറയുന്നതും, അർത്ഥവത്തായ ഒന്നുതന്നെയാണ്. അതായത് ഈശഖണ്ഡംകൊണ്ടു പദവിഭാഗം ചെയ്യുമ്പോൾ കിട്ടുന്ന രണ്ടു പദപ്രമാണം, പറമ്പടക്കി വിഭജിക്കുമ്പോഴുള്ള ഒരു പദത്തോടു തുല്യമാകാതിരിക്കാൻ വകയില്ലല്ലൊ. അതുകൊണ്ട് "പദമാത്രമതിക്രമ്യ ഗേഹദീർഘം ന കാരയേൽ" എന്നുള്ളതും സാർത്ഥകമാണെന്നു ധരിച്ചുകൊൾക. ഇതു് നിന്ദ്യവീഥികളിൽ പ്രവേശിക്കാത്തതും നിർദ്ദോഷവുമായ സ്ഥാനമാണെന്നു സ്പഷ്ടമാണല്ലൊ? ഈ നിയമം അത്യധികം വലിപ്പമുള്ള പറമ്പിൽ മാത്രമേ സാധിക്കയുള്ളു. ഇതിനു നിവൃത്തിയില്ലാതെ വരുമ്പോൾ ബ്രഹ്മവീഥി, ഗണേശവീഥി, അഗ്നിവീഥി, ജലവീഥി ഈ നാലുവീഥികളെ ഒന്നാക്കിച്ചേർത്ത് അവിടെ മേൽപറഞ്ഞതുപോലെ പദവിഭാഗം ചെയ്ത് അങ്കണത്തെയും ശാലകളേയുംമററും നിശ്ചയിച്ചുകൊള്ളണം. അപ്പോൾ വടക്കതും കിഴക്കതും ജലവീഥിയിൽ കയറിവരും. പ്രധാനഗൃഹങ്ങളായ തെക്കതും പടിഞ്ഞാററതും ശുഭവീഥിയിൽ ഒതുക്കിയും ചെയ്യാം. അതിനാൽ ഈ സ്ഥാനം മദ്ധ്യമമാണെന്നു ധരിക്കേണ്ടതാണ്. കൂടാതെ ഈശഖണ്ഡമടക്കി പദവിഭാഗംചെയ്ത ക്രമപ്രകാരം അങ്കണത്തെയും ശാലകളേയും കല്പിക്കുമ്പോൾ ഗൃഹങ്ങൾ, കണിശമായും നിന്ദ്യവീഥിയിൽ കയറാതെ കഴിവില്ല. അതിനാൽ ഈ സ്ഥാനം അധമമാണെന്നറിഞ്ഞുകൊൾക. ഇങ്ങനെ ഗൃഹങ്ങളുടെ സ്ഥാനനിർണ്ണയം ചെയ്യുമ്പോൾ ഈശാഗ്രമായ രജ്ജുസൂത്രത്തിൻെറ ഗമനം പടിഞ്ഞാററതിൻെറ തെക്കും കിഴക്കതിൻെറ വടക്കുമുള്ള അന്തരാളങ്ങളിൽ കൂടിയാണ് വേണ്ടതു്. ഇതിന്, "പൂർവ്വാപരാഗാരഭവാന്തരാളമാർഗ്ഗം ഹിരജ്ജ്വാർനചഗേഹവേധഃ" ഇത്യാദിവചനം പ്രമാണമാകുന്നു. പടിഞ്ഞാററതിൻെറ തെക്കെ അന്തരാളം അതി

ന്നെ സംബന്ധിച്ചും കിഴക്കതിൻെറ വടക്കെ അന്തരാളം കിഴക്കതിന്നെ സംബന്ധിച്ചുമാകുന്നു.

മൂ-ക്ഷേത്രേല്പേകപാപിമദ്ധ്യാംകണമപിചകൃതാന്താത്മഭൂസൂത്രയോ-
(ഗാൽ
കിഞ്ചിന്നീത്വാസ്വഗത്യാപിചഭവനചതുഷ്കംകൃതംദൃശ്യതേച
അത്യല്പാഏവവീഥ്യോഹ്യശുഭശുഭഫലാന്യേവമേവാല്പരൂപാ-
ന്യസ്മാദീശാദിഖണ്ഡാദ്യധിഗതനവവീഥീവിധിർന്നേഷ്യതേത്ര.

| അന്വയം. | അത്ഥം. |
|---|---|
| അല്പേ ക്ഷേത്രേ | = ഏററവും ചെറിയപറമ്പിൽ |
| കപാപി | = ചിലെടത്തു് |
| മദ്ധ്യേ അങ്കണം അപി ച | = മദ്ധ്യത്തിൽതന്നെ അങ്കണവും |
| കൃതാന്താത്മഭൂസൂത്രയോഗാൽ | = യമസൂത്രവും ബ്രഹ്മസൂത്രവും ചേരുന്ന സ്ഥാനത്തുനിന്നു് |
| സ്വഗത്യാ | = തങ്ങൾക്കു വിധിക്കപ്പെട്ട ഗതി |
| കിഞ്ചിൽ നീത്വാ | = അല്പം മാററീട്ടു് (കൊണ്ടു് |
| കൃതം ഭവനംചതുഷ്കം ച | = ചെയ്യപ്പെട്ട ചതുശ്ശാലയും |
| ദൃശ്യതേ | = കാണപ്പെടുന്നു. |
| വീഥ്യഃ അത്യല്പാ ഏവ | = വീഥികൾ ഏററവുംചെറുതാണു് |
| അശുഭശുഭഫലാഃ ഏവം ഏവ | = അശുഭങ്ങളും ശുഭങ്ങളും ഇതുപോലെ |
| അല്പരൂപാഃ സന്തി ഹി | = അല്പങ്ങളായി ഭവിക്കുന്നു. |
| അസ്മാൽ | = ഗുണദോഷങ്ങൾ അല്പമാകയാൽ |
| ഈശാദിഖണ്ഡാദ്യധിഗതനവ | = ഈശാദിഖണ്ഡവിഭാഗവും |
| വീഥീവിധിഃ- | = പിശാചുവീഥി തുടങ്ങിയ വീഥീ |
| അത്ര | = ഭാഗവും ചെറിയപറമ്പിൽ (വി- |
| ന ഇഷ്യതേ | = വേണമെന്നു വിചാരിക്കുന്നില്ല. |

സാ:—ഏററവും ചെറിയ പറമ്പിൽ മുഴുക്കെ മുൻപറഞ്ഞപോലെ പദവിഭാഗം ചെയ്തിട്ടു ബ്രഹ്മപദത്തെ അങ്കണമാക്കി ചുററുമുള്ള ആര്യാദികളുടെ സ്ഥാനങ്ങളിൽ ദിഗ്ഗൃഹങ്ങളെച്ചെയ്യണം. യമസൂത്രത്തിൻെറയും ബ്രഹ്മസൂത്രത്തിൻെറയും സ്ഥാനത്തുനിന്നു തങ്ങൾക്കു വിധിക്കപ്പെട്ടിട്ടുള്ള ഗത്യംഗുലങ്ങളെക്കൊണ്ടു ഗമിപ്പിച്ചുകൊള്ളണം. ഇങ്ങിനെയും ശാലകൾചെയ്തതായി കാണ്മാനുണ്ടു്. ഇവിടെ "ദൃശ്യതേ" എന്നു പ്രയോഗിച്ചിരിക്കുന്നതിനാൽ അതിനു് ആചാര്യസമ്മതമോ ശാസ്ത്രാനുകൂലമോ ഇല്ലെന്നു സൂചിപ്പിച്ചിരിക്കുന്നു. പറമ്പു വളരെ ചെറുതാകുമ്പോൾ വീഥികളും വളരെ ചെറുതായിരിക്കും. ഗുണദോഷഫലങ്ങളും അപ്ര

കാരം അല്പമായിരിക്കാനേ വകയുള്ളൂ. അതുകൊണ്ടു് ഈശഖണ്ഡം യമഖണ്ഡം എന്നിങ്ങനെ ഖണ്ഡവിഭാഗവും പിശാചുവീഥി ദേവവീഥി ഇത്യാദി വീഥിവിഭാഗവും മററും ചെയ്യണമെന്നു് ആചാര്യന്മാർ ഇച്ഛിക്കുന്നില്ല. ഈ വിധി നഗരം, പുരം, ഗ്രാമം മുതലായ ജനനിബിഡമായ സ്ഥാനങ്ങളിലേക്കു കല്പിച്ചിട്ടുള്ളതാണു്.

## ഭൂവിസ്താരവിധി.

മു—യാവൽപ്രാംകണദീർഘമാനമമുനൈകാത്യദ്ധ്വീഥീതതം
തേനാഷ്ടാദശഭൂമിമാനമിതി വാ ക്ഷേത്രാപ്തിരന്തഃക്രമാൽ
മര്യാദാനിയമപ്രഹീണമനുജാഗാരേപി തൽപ്രാംകണാ-
ദേവം ക്ഷേത്രമിതിം കരോതു ചപുനർവപ്രാന്തമൌചിത്യതഃ.

| അന്വയം. | അൎത്ഥം. |
|---|---|
| പ്രാങ്കണദീർഘമാനം യാവൽ | = അങ്കണത്തിന്റെനീളം എത്രയോ |
| അമുനാ | = ഈ അങ്കണദീർഘത്തിന്റെ |
| ഏകാത്യദ്ധ്വീഥീതതം | = ഒന്നരഭാഗംകൊണ്ടുള്ള വീഥീവിസ്താരവും |
| തേന അഷ്ടാദശഭൂമിമാനമിതി | = ആ വീഥീവിസ്താരത്തിന്റെ പതിനെട്ടുഭാഗംകൊണ്ടുപറമ്പിന്റെ അളവും ഭവിക്കും. |
| അന്തഃക്രമാൽ | = മദ്ധ്യത്തിൽനിന്നു ഇപ്രകാരംക്രമേ |
| ക്ഷേത്രാപ്തി | = പറമ്പിന്റെനിയമം ഭവിക്കും(ണ |
| മര്യാദാനിയമപ്രഹീണമനുജാഗാരേ അപി | = സീമനിശ്ചയിച്ചിട്ടില്ലാത്ത മനുഷ്യാലയത്തിലും |
| തൽപ്രാങ്കണാൽ | = അതിന്റെഅങ്കണദീർഘത്തിൽനിന്നു് |
| ക്ഷേത്രമിതിം കരോതു | = പറമ്പിന്റെ അളവുചെയ്യാം. |
| പുനഃ വപ്രാന്തം | = പിന്നീടു മതിൽക്കെട്ടു് |
| ഔചിത്യതഃ കരോതു | = യോഗ്യതയനുസരിച്ചുചെയ്യണം. |

സാ:—അങ്കണദീർഘം ഒന്നരക്കൂടിയതു് ഒരു വീഥിയാണു്. അതു പതിനെട്ടുകൂടിയതു് ആ പറമ്പിന്റെവിസ്താരമാണു്. ഈ വീഥീവിസ്താരംകൊണ്ടു് ഭൂമിയുടെ സീമ നിൎണ്ണയിച്ചുകൊള്ളണം. സീമ (അതിൎത്തി) നിശ്ചയമില്ലാത്ത പറമ്പിൽനില്ക്കുന്ന ഗൃഹത്തിന്റെ അങ്കണദീർഘംകൊണ്ടും ഇതുപോലെ പറമ്പിന്റെ സീമയെ നിശ്ചയിക്കാവുന്നതാണു് സീമ നിശ്ചയിച്ചതിനുശേഷം സീമാന്തത്തിലൊ അവിടെനിന്നും പുറത്തോട്ടുമാററിയൊ സൗക

ർഘ്യം, യോഗ്യത, ആവശ്യം ഇവയെ അനുസരിച്ചു മതിൽ കെട്ടിച്ചു കൊള്ളണം.

## ഭ്രമമ്മവിധി.

മൂ—ഏകീകൃത്യഗണേശപങ്കജഭുവോവീഥീമഥൈശേഥവാ
ഖണ്ഡേനൈരൃതകേത്രവാസ്തുപദമേകാശീതിഖണ്ഡാത്മകം
യദ്വാ നാഗകൃതിപ്രഭിന്നമഥവാദിഗ്വർഗ്ഗഖണ്ഡോദിതം
കുർയ്യാദേകമിഹാംഗമർമ്മരചനാംവാസ്തോശ്ചതദ്ദേവതാഃ. ൨൧

| അന്വയം. | അർത്ഥം. |
|---|---|
| അഥ | = അനന്തരം |
| ഐശേ അഥവാ | = ഈശഖണ്ഡത്തിലൊ അല്ലെങ്കിൽ |
| നൈരൃതേ ഖണ്ഡേ | = നിരൃതിഖണ്ഡത്തിലോ |
| ഗണേശപങ്കജഭുവോഃ | = ഗണേശൻെറയും ബ്രഹ്മാവിൻെറയും |
| വീഥീം ഏകീകൃത്യ | = വീഥിയെ ഒന്നാക്കീട്ട് |
| അത്ര | = ഈ സ്ഥാനത്തു് |
| ഏകാശീതിഖണ്ഡാത്മകം | = എൺപത്തിയൊന്നു ഖണ്ഡമായയാ |
| യദ്വാ | = അല്ലെങ്കിൽ |
| നാഗകൃതിപ്രഭിന്നം | = അറുപത്തിനാലുഖണ്ഡമായയോ |
| അഥവാ | = പക്ഷെ |
| ദിഗ്വർഗ്ഗഖണ്ഡോദിതം | = നൂറുപദമായയൊ പറയപ്പെട്ട ഇവകളിൽവച്ചു |
| ഏകം വാസ്തുപദം | = ഒരുവിധത്തിൽ വാസ്തുവിഭാഗത്തെ |
| കുർയ്യാൽ | = ചെയ്യണം |
| ഇഹ വാസ്തോഃ | = ഇവിടെ വാസ്തുവിൻെറ |
| അംഗമർമ്മരചനാം | = അവയവങ്ങളേയും മർമ്മങ്ങളേയും |
| തദ്ദേവതാഃ ച | = വാസ്തുദേവതകളേയും |
| കുർയ്യാൽ | = ചെയ്യണം. |

സാ:—ഈശഖണ്ഡത്തിലൊ നിരൃതിഖണ്ഡത്തിലൊ ഉള്ള ഗണേശവീഥിയേയും ബ്രഹ്മവീഥിയേയും ഒരുമിച്ചു ചേർക്കണം. നൂറോ, എൺപത്തിഒന്നോ, അറുപത്തിനാലൊ, ഖണ്ഡങ്ങളായി ഭാഗിച്ചു് വാസ്തുവിൻെറ അവയവങ്ങളേയും മർമ്മങ്ങളേയും ദേവതകളേയും കല്പിക്കണം. ഈ ശ്ലോകംകൊണ്ടു് ഗണേശവീഥിയിലും ബ്രഹ്മവീഥിയിലുമാണു് മർമ്മകല്പന ചെയ്യേണ്ടതെന്നു കാണുന്നു. ഇപ്പോൾ മിക്കസ്ഥലങ്ങളിലും മർമ്മവിഭാഗം ചെയ്യുവരാറുള്ളതു് പറമ്പുമുഴുക്കെയുള്ള ഭാഗംകൊണ്ടാണു്. വാസ്തുവിദ്യയിലും ഈ വിധംതന്നെയാണു് പറഞ്ഞിട്ടുള്ളതു്. എന്നാൽ ഉത്ത

മ, മദ്ധ്യമ, അധമ നിന്ദ്യമായി സ്ഥാനനിണ്ണയം നാലുവിധം മുൻപേ പറഞ്ഞിട്ടുണ്ടല്ലോ. ഇതു് ഏതൊരു സ്ഥാനത്തെ ആസ്പദമാക്കിയാണോ ചെയ്യുന്നതു് ആ സ്ഥാനംകൊണ്ടുതന്നെയാണു് മമ്മവിഭാഗം ചെയ്യേണ്ടതു്.

"യത്രഗേഹംപ്രകുവ്വീത തത്രമമ്മാണിചിന്തയേൽ
ഐശാനൈഋതേഖണ്ഡേവീഥ്യോവ്വിധിഗണേശയോഃ"

എന്നുള്ള സരാവലീവചനം ഇതിനു പ്രമാണമാണു്. അതുകൊണ്ടു് ബ്രഹ്മവീഥിയിലും ഗണേശവീഥിയിലും ഗൃഹം ചെയ്യുകയാണെങ്കിൽ അവിടംകൊണ്ടും അഗ്നിവീഥിയും ജലവീഥിയും കൂടി ഉൾപ്പെടുത്തിച്ചെയ്യുകയാണെങ്കിൽ അവിടംകൊണ്ടും ഈശഖണ്ഡത്തിലൊ നിരൃതിഖണ്ഡത്തിലൊ ചെയ്യുകയാണെങ്കിൽ ആ ഖണ്ഡംകൊണ്ടും പറമ്പുമുഴുക്കെ സങ്കല്പിച്ചു് മദ്ധ്യംഅങ്കണമാക്കി ചെയ്യുകയാണെങ്കിൽ ആകെയുള്ള പറമ്പിലും മമ്മവിഭാഗം ചെയ്യേണ്ടതാണു്. "സവ്വവ്യാപ്തേതപമുഷ്മിൻ" എന്നുള്ള പദ്യം കൊണ്ടു് ഇതു സ്പഷ്ടമാകുന്നതാണു്.

മൂ-നാഡ്യഃ പ്രാഗുദഗഗ്രഗാദശദശൈകാശീതികോഷ്ഠേശിവാ-
ഗ്ന്യഗ്രാഃപഞ്ചപൃഥങ്ന്നവാമ്മിഗുണകോഷ്ഠസ്ഥാസ്തഥാജ്ജവഃ
മമ്മണ്യഷ്ടരസാശ്രുഗാബ്ധിഗുണസംഖ്യാനൈരകോഷ്ഠസ്ഥിതൈ
സ്സൂത്രൈര്യോഗസമുദ്ഭവാദിതിശതംവർജ്ജ്യാനികുഡ്യാദിഷു

| അന്വയം. | | അത്ഥം. |
|---|---|---|
| ഏകാശീതികോഷ്ഠേ | = | എൺപത്തൊന്നുപദത്തിൽ |
| പ്രാഗുദഗഗ്രഗാഃ | = | കിഴക്കും വടക്കും അഗ്രങ്ങളായി |
| ദശദശനാഡ്യഃ | = | പത്തുപ്പത്തുനാഡികളും |
| തഥാ | = | അപ്രകാരം |
| ശിവാഗ്ന്യഗ്രാഃ | = | ഈശകോണിലും അഗ്നികോണിലും അഗ്രങ്ങളായി |
| നവാമ്മിഗുണകോഷ്ഠസ്ഥാഃ | = | ഒൻപതു് ആറു മൂന്നു ഈ കോഷ്ഠങ്ങളിൽകൂടി |
| പഞ്ച രജ്ജവഃ | = | അഞ്ചു രജ്ജുക്കളും |
| പൃഥക് ഭവന്തി | = | വേറെവേറെ ഭവിക്കുന്നു. |
| അകോഷ്ഠസ്ഥിതൈഃ | = | പദമദ്ധ്യത്തെ ഒഴിച്ചു് |
| അഷ്ടരസാശ്രുഗാബ്ധി-ഗുണസംഖ്യാനൈഃ | = | എട്ടു്, ആറു്, അഞ്ചു്, നാലു്, മൂന്നു് ഇത്രയും |
| സൂത്രൈഃ | = | സൂത്രങ്ങളെക്കൊണ്ടുള്ള |
| യോഗസമുദ്ഭവാൽ | = | യോഗം ഉണ്ടാകയാൽ |
| ശതാ മമ്മാണി | = | നൂറുമമ്മങ്ങൾ |

ഇതി കുഡ്യാദിഷു വർജ്യാനി= ഇങ്ങനെ ഭിത്തിമുതലായതിൽ വർജ്ജിക്കേണ്ടതാണു്.

സാ—എൺപത്തൊന്നു പദംകൊണ്ടു് വാസ്തുമർമ്മം ചെയ്യു മ്പോൾ കിഴക്കഗ്രമായി കിഴക്കുപടിഞ്ഞാറു് പത്തു നാഡികളും വടക്കഗ്രമായി തെക്കുവടക്കു പത്തുനാഡികളും കല്പിക്കണം. അപ്പോൾ ഒൻപതൊൻപതു് പുടങ്ങളും എൺപത്തൊന്നു പദങ്ങളും സിദ്ധിക്കും. പിന്നീടു് ഈശകോണിൽ അഗ്രമായി കർണ്ണൻ വഴി ഒൻപതുഖണ്ഡങ്ങളുടെ മദ്ധ്യേക്കൂടി ഒരു രജ്ജുവും അതിൻെറ ഇരുപുറവുമായി ആറാറു ഖണ്ഡങ്ങളിൽക്കൂടി ഓരോ രജ്ജുക്കളും അതിൻെറ ഇരുപുറവും മുമ്മൂന്നുഖണ്ഡങ്ങളിൽക്കൂടി ഓരോ രജ്ജുക്കളും അഗ്നികോണിൽ അഗ്രമായി ഒൻപതു ഖണ്ഡങ്ങളുടേയും



അതിൻെറ ഇരുപുറത്തും ആറാറു ഖണ്ഡങ്ങളുടേയും അതിനപ്പുറമേ മുമ്മൂന്നുഖണ്ഡങ്ങളുടേയും മദ്ധ്യേക്കൂടി ഓരോ രജ്ജുക്കളും ഉണ്ടു്. ഇങ്ങിനെ നിരൃതീശാനമാർഗ്ഗമായും അയ്യഞ്ചുരജ്ജുക്കൾ വരും. അപ്പോൾ എട്ടു രേഖകളുടേയും ആറുരേഖകളുടേയും അഞ്ചുരേഖകളുടേയും നാലുരേഖകളുടേയും മൂന്നുരേഖകളുടേയും സംയോഗസ്ഥാനം മർമ്മമാണു്. നാലുരേഖകളുടെ സംയോഗം ഈ

കോഷ്ടങ്ങളുടെ മദ്ധ്യത്തിൽ സംഭവിക്കും. ഇതു മമ്മമല്ല. ഇങ്ങിനെ സിദ്ധിക്കുന്ന നൂറുമമ്മങ്ങളിൽ ഭിത്തി, ഉത്തരം, സ്തംഭം മുതലായവ വന്നുകൂടാ. "അഷ്ടഭിസ്സംഗതിസ്സൂത്രനാഡീരജ്ജുവിമിശ്രിതൈഃ സൂത്രൈസ്തത്രമഹാമമ്മ" എന്നുള്ള വചനമനുസരിച്ച് എട്ടു സൂത്രങ്ങളുടെ സംയോഗസ്ഥാനം മഹാമമ്മമാണ്. ഈ മഹാമമ്മസന്ധി ഗൃഹാദികളുടെ ഉത്തരം, ഭിത്തി, സ്തംഭം മുതലായവയെക്കൊണ്ട് ഒരിക്കലുംവേധിച്ചുകൂടാ "സ്ഥാനാന്യേതാനി വാസ്തോർഗൃഹകരണവിധൌ പീഡയേന്നൈവവിദ്വാൻ പീഡസ്യാൽപീഡിതേഷു ക്ഷിതിപതിവിഷയബ്രാഹ്മണാനാംപശൂനാം തൽകത്തൃശില്പിനാം ച സ്വതനയ വനിതാഭ്രാതൃസംബന്ധിനാംച" എന്നുള്ള വാസ്തുവിദ്യാവചനവും ഇതിനു ദൃഷ്ടാന്തമാണ്.

## മമ്മദോഷപരിഹാരം.

൩-പ്രാഗ്വോദക്‌പദഭാസ്കരാംശദളമാത്രം മമ്മസൂത്രസ്ഥിതേ-
ന്നീത്വാ വിന്യസനേന മമ്മപരിപീഡാസ്തംഭകുഡ്യാദിഷു
വാസ്തുന്യത്രനിപീഡിതേമഹിഷസിംഹാനേകപാനാംശിരോ
ഹൈമംകൂമ്മവരാഹയോശ്ചനിഖനേത്തച്ഛാന്തയേശാന്തികൃൽ

| അന്വയം. | അത്ഥം. |
|---|---|
| മമ്മസൂത്രസ്ഥിതേഃ | = മമ്മസന്ധിയിൽനിന്നു് |
| പ്രാക്‌വാ ഉദക്‌വാ | = കിഴക്കോട്ടോ വടക്കോട്ടോ |
| പദഭാസ്കരാംശദളമാത്രം | = പദത്തിൻെറ ഇരുപത്തിനാലിലൊരുഭാഗം |
| നീത്വാ വിന്യസനേ | = മാററി വിന്യസിക്കുമ്പോൾ |
| സ്തംഭകുഡ്യാദിഷു | = സ്തംഭം, ഭിത്തി മുതലായവയിൽനിന്നുള്ള |
| മമ്മപരിപീഡാ ന | = മമ്മപീഡ ഭവിക്കുന്നില്ല |
| അത്ര | = ഇവിടെ |
| വാസ്തുനി നിപീഡിതേ | = മമ്മപീഡ സംഭവിച്ചുപോയാൽ |
| മഹിഷസിംഹാനേകപാനാം | = മഹിഷം, സിംഹം, ആന |
| കൂമ്മവരാഹയോഃ | = ആമ, പന്നി ഇതുകളുടെ |
| ഹൈമം ശിരഃ | = സ്വണ്ണമയമായ ശിരഃപ്രതിമയെ |
| ശാന്തികൃൽ | = വാസ്തുപൂജ മുതലായ ശാന്തികമ്മത്തെ ചെയ്യുന്ന ആൾ. |
| തച്ഛാന്തയേ നിഖനേൽ | = മമ്മദോഷശാന്തിക്കായി സ്ഥാപിക്കണം. |

സാ—സൂത്രങ്ങൾ ഒത്തുചേരുന്ന മർമ്മസ്ഥാനത്തുനിന്നു വടക്കോട്ടോ കിഴക്കോട്ടോ ആ ഒരു പദത്തിന്റെ ഇരുപത്തിനാലിൽ ഒരംശം മാററി സ്തംഭം, ഭിത്തി മുതലായതുകൾ സ്ഥാപിച്ചാൽ 'മർമ്മപീഡ' എന്നുള്ള ദോഷം സംഭവിക്കുന്നതല്ല. "പ്രമാദോ ധീമതാമപി" എന്നുള്ള വചനമനുസരിച്ചു് ചിലപ്പോൾ എല്ലാവക്കും സ്ഖാലിത്യം സംഭവിക്കുമല്ലോ! പ്രമാദവശാൽ അഥവാ മർമ്മപീഡ സംഭവിച്ചുപോയാൽ വാസ്തുശാന്തി വിധിപ്രകാരം സ്വർണ്ണംകൊണ്ടു് പഞ്ചശിരസ്സുണ്ടാക്കി തന്ത്രിവര്യൻ അവിടെ തന്ത്രസമന്വിതം സ്ഥാപിക്കണം അതുകൊണ്ടു് തദ്ദോഷശാന്തി വരുന്നതാണു്.

## പദവിഭാഗം.

ഏകാശീതിപദംപ്രകൽപ്യനവകംമദ്ധ്യേസ്യബാഹ്യാവൃതൌ
ഷൾക്കംദിക്ഷുവിദിക്ഷുയുഗ്മയുഗളഞ്ചൈകൈകശസ്തൽബഹിഃ
ചത്വാരിംശദഥൈഷുപഞ്ചചവിരിഞ്ചാദ്യാഃപദേഷുസ്ഥിതാ
ബാഹ്യേഷ്ടാവപദസ്ഥിതാസ്ത്ര്യധികപഞ്ചാശൽസ്യുരേവംസുരാഃ

| അന്വയം | അർത്ഥം. |
|---|---|
| ഏകാശീതിപദം പ്രകൽപ്യ | = എൺപത്തൊന്നുപദം കല്പിച്ചിട്ടു |
| മദ്ധ്യേ നവകം | = മദ്ധ്യത്തിലൊൻപതും |
| അസ്യ ബാഹ്യാവൃതൌ | = ഇതിന്റെ വെളിയിലെ ആവൃതി |
| ദിക്ഷുഷൾക്കം | = ദിക്കുകളിലാറും (യിൽ |
| വിദിക്ഷു യുഗ്മയുഗളം ച | = കോണുകളിൽ ഈരണ്ടും |
| തൽബഹിഃ ഏകൈകശഃ | = അതിന്റെ വെളിയിൽ ഓരോ |
| അഥ | = ആകപ്പാടെ (ന്നും |
| ചത്വാരിംശൽപഞ്ച ച | = നാല്പത്തിയഞ്ചുപദങ്ങളും |
| പദേഷു സ്ഥിതാഃ | = ഈ പദങ്ങളിൽസ്ഥിതിചെയ്യുന്ന |
| വിരിഞ്ചാദ്യഃ | = ബ്രഹ്മാവുതുടങ്ങിയുള്ളവരും |
| അപദസ്ഥിതാഃ ബാഹ്യേ | = പദത്തിലല്ലാതെ വെളിയിൽ |
| (സ്ഥിതാഃ) അഷ്ടൌ | = സ്ഥിതിചെയ്യുന്ന എട്ടുദേവന്മാരും |
| ഏവം | = ഇപ്രകാരം |
| ത്ര്യധികപഞ്ചാശൽസുരാസ്യുഃ | = അമ്പത്തിമൂന്നുദേവന്മാർ ഭവിക്കും |

സാ—എൺപത്തൊന്നുപദം കല്പിച്ചു് മദ്ധ്യേ ഒമ്പതുപദം ഒന്നാക്കി സംസ്കരിക്കണം. അതിന്റെ ചുററുമുള്ള രണ്ടു വരികളിലായി മുൻപറഞ്ഞ മദ്ധ്യപദത്തിന്റെ കിഴക്കും തെക്കും പടിഞ്ഞാറും വടക്കും ആറാറുപദങ്ങളെ ഒന്നാക്കിച്ചേർക്കണം. കോണുകളിൽ ഈരണ്ടുപദങ്ങളെ ഒന്നാക്കിച്ചേർത്തു നാലുകോണിലുമാ

യി എട്ടു പദങ്ങളാക്കണം. അതിന്റെ വെളിയിലുള്ള ഓരോ പദങ്ങൾ ഓരോ സ്ഥാനങ്ങളാണ്. ഇങ്ങിനെയാകുമ്പോൾ ആകെ അമ്പത്തിയഞ്ചു പദങ്ങൾ സിദ്ധിക്കും. ഈ പദങ്ങളിൽ ബ്രഹ്മാവു മുതലായ നാല്പത്തിയഞ്ചു ദേവന്മാരും പദസീമയ്ക്കു വെളിയിലായി എട്ടുദിക്കുകളിൽ എട്ടുദേവന്മാരും ഇങ്ങിനെ അമ്പത്തിമൂന്നു ദേവന്മാർ വാസ്തുപദങ്ങളിൽ സ്ഥിതിചെയ്യുന്നു.

ദേവതകളുടെ സ്ഥിതി.

മൂ— ഈശാദ്യംബഹിരാവൃതീസ്ഥപദകേശ്വീശാനപർജ്ജന്യകൌ
വൈന്ദ്രീന്ദ്രൌരവിസത്യകൌഭൃശഖഹവ്യാദാംസ്തഥാപൂഷണം
ഭൂയോവൈവിതഥംഗൃഹക്ഷതയമൌഗന്ധർവഭൃംഗൌമൃഗം
പിത്രാഖ്യംപ്രതിഹാരപാലമപിസുഗ്രീവംക്രമാൽകല്പയേൽ.
ഭൂയഃപുഷ്പാദിദന്തംവരുണമസുരശോഷാഖ്യരോഗാശ്ചനാഗാ ഹിൽ
മുഖ്യംഭല്ലാടമിന്ദുഃസ്സ്ഥമദിതിദിതീചേതിബാഹ്യാവൃതൌച
ഈശാദ്യാപാപവത്സാഖ്യകസവിതൃസവിത്രേതിസംജ്ഞാവിവസ്വാ
നിന്ദ്രാഖ്യശ്ചേന്ദ്രജിന്മിത്രകശിവശിവജിൽഭൂഭൃതോന്തർവ്യ-
തൌസ്യുഃ. വന്ന

മൂ-ബ്രഹ്മാമദ്ധ്യപദേഥ ശർവ സഹിതഃ സ്കന്ദോയ്മാജൃംഭകഃ
പ്രാഗാദൌപിലിപിഞ്ജകശ്ചശരകീശാദൌവിദാര്യാഹ്വയഃ
ഭൂയഃ പൂതനികാചപാപപദപൂർവാരാക്ഷസീ ബാഹ്യത-
ശ്ചൈതേഷ്ടാവപദസ്ഥിതാശ്ചപരിതോദേവഗ്രഹാസ്തൽബ
ഹിഃ.

| അന്വയം. | അർത്ഥം. |
|---|---|
| ബഹിരാവൃതിസ്ഥപദകേഷു | = വെളിയിലെ ആവൃതിയിലെപദ |
| ഈശാദ്യം | = ഈശകോണുമുതൽ (ങ്ങളിൽ |
| ഈശാനപർജ്ജന്യകൌ | = ഈശാനനേയും പർജ്ജന്യനേ- |
| ഐന്ദ്രീന്ദ്രൌ | = ജയന്തനേയും ഇന്ദ്രനേയും (യും |
| രവിസത്യകൌ | = രവിയേയും സത്യകനേയും |
| ഭൃശഖഹവ്യാദാൻ | = ഭൃശൻ, അന്തരിക്ഷൻ, അഗ്നി ഇ |
| തഥാ | = അതുപോലെ (വരേയും |
| പൂഷണം | = പൂഷാവിനേയും |
| ഭൂയഃ വിതഥം | = പിന്നെ വിതഥനേയും |
| ഗൃഹക്ഷതയമൌ | = ഗൃഹക്ഷതനേയും യമനേയും |
| ഗന്ധർവഭൃംഗൌ | = ഗന്ധർവനേയും ഭൃംഗനേയും |
| മൃഗംപിത്രാഖ്യം | = മൃഗനേയും നിരൃതിയേയും |
| പ്രതിഹാരപാലം അപി | = ദ്വാരപാലനേയും |
| സുഗ്രീവം | = സുഗ്രീവനേയും |

ഭൂയഃ പുഷ്പാദിദന്തം = പിന്നീട്ട് പുഷ്പദന്തനേയും
വരുണം = വരുണനേയും
അസുരശോഷാഖ്യരോഗാ- = അസുരൻ, ശോഷൻ, രോഗൻ,
ശ്രൂഗാഹീൻ = വായു, നാഗൻ ഇവരേയും
മുഖ്യം ഭല്ലാടം = മുഖ്യനേയും ഭല്ലാടനേയും
ഇന്ദുഃ അർഗ്ഗളം = ഇന്ദുവിനേയും അർഗ്ഗളനേയും
അദിതിദിതീച = അദിതിയേയും ദിതിയേയും
ക്രമാൽ കല്പയേൽ = ക്രമേണകല്പിക്കണം
ഇതി ബാഹ്യാവൃതൌ ച = ഇങ്ങിനെവെളിയിലെവൃതിയിലും
അന്തർവ്വൃതൌ = മദ്ധ്യഭാഗത്തെവൃതിയിൽ
ഈശാദ്യം = ഈശകോണുമുതൽ
ആപാപവത്സാര്യ്യക = ആപൻ, ആപവത്സൻ, ആര്യ്യൻ
സവിതൃസവിത്രേതിസംജ്ഞാഃ = സവിതാവു്, സവിത്രൻ ഇവരും
വിവസ്വാൻ ഇന്ദ്രാഖ്യഃച = വിവസ്വാനും ഇന്ദ്രനും
ഇന്ദ്രജിന്മിത്രകശിവശിവജിൽ = ഇന്ദ്രജിത്തുംമിത്രനുംശിവനുംശി
ഭൂഭൃതഃ സ്യുഃ = മഹീധരനും (വജിത്തുംഭവിക്കും
അഥ = അനന്തരം
മദ്ധ്യപദേ ബ്രഹ്മാ = മദ്ധ്യപദത്തിൽ ബ്രഹ്മാവും
ബാഹ്യതഃപ്രാഗാദൌ = വെളിയിൽ കിഴക്കുതുടങ്ങി
ശർവസഹിതസ്കന്ദഃ = ശർവസ്കന്ദനും
അര്യ്യമാ ജൃംഭകഃ = അര്യ്യമാവും ജൃംഭകനും
പിലിപിഞ്ജരഃച = പിലിപിഞ്ജരകനും
ഈശാദൌ = ഈശകോണുതുടങ്ങി
ചരകീ വിദാര്യ്യഃ = ചരകിയും വിദാര്യ്യനും
ഭൂയഃപൂതനികാ = പിന്നെ പൂതനികയും
പാപപദപൂർവാരാക്ഷസീച = പാപരാക്ഷസിയും ആകുന്ന
ഏതേഅഷ്ടൌ = ഈ എട്ടുദേവതകൾ
അപദസ്ഥിതാഃ = പദങ്ങൾക്കു വെളിയിലുംഭവിക്കും
തൽബഹിഃ = അതിന്നുവെളിയിൽ
ദേവഗ്രഹാഃ = ദേവപാർഷദന്മാരും ഭവിക്കും.

സാ—വെളിയിലെ ആവൃതിയിൽ ഈശകോണു മുതൽ ഈശാനൻ തുടങ്ങി ദിതിവരെയുള്ള മുപ്പത്തിരണ്ടുദേവന്മാരും മദ്ധ്യവൃതിയിൽ ആപൻമുതൽ മഹീധരൻവരെ പന്ത്രണ്ടുദേവന്മാരും മദ്ധ്യബ്രഹ്മാവും പദസീമയ്ക്കുവെളിയിൽ കിഴക്കുമുതൽ നാലുദിക്കുകളിൽ ശർവസ്കന്ദൻ തുടങ്ങി നാലുദേവന്മാരും ഈശകോണുമുതൽ ചരകിതുടങ്ങി നാലുദേവന്മാരും ഇങ്ങിനെ ആകെ അമ്പത്തിമൂ

ന്ദേവന്മാരും ഇതിനു വെളിയിൽ ഇവരുടെ പാരിഷദന്മാരും സ്ഥിതിചെയ്യുന്നു. ഇതിൻെറ വിശദമായ അറിവു് ചിത്രത്തിൽ നിന്നും സിദ്ധിക്കുന്നതാണു്.

വാസ്തുപുരുഷൻെറ ഉൽപത്തി മുതലായതു്.

മൂ— ആസീദ്ദൈത്യഃപ്രദൃപ്തോനിജഭുജബലവീ
    ര്യ്യാദിനാക്രാന്തകാഷ്ഠാ
വിഷ്ടാദ്വേഷ്ടാസുരാണാംസതുയുധിപതിതോ-
    വിധ്വഗാത്രോധരിത്ര്യാം
വ്യാപ്തസ്സർവത്രപശ്ചാൽ ബഹുതരപരിവൃത്ത്യൈ-
    വപൃത്ഥ്വീം വിമഥ്നൻ
മർത്ത്യാദ്ദുസ്ഥാമുനീന്ദ്രാസ്താപിചമഖഭുജ
    സ്താവദേവം ബഭൂവുഃ.

അന്വയം. അർത്ഥം.

നിജഭുജബലവീര്യ്യാദിനാ = തൻെറ കരബലം, വീര്യ്യാതിശയം മുതലായതുകൊണ്ടു്
അക്രാന്തകാഷ്ഠാനിഷ്ടഃ = ദിഗന്തംവരെ സ്വാധീനമാക്കി
സുരാണാം ദ്വേഷ്ടാ = സുരന്മാരെ ദ്വേഷിക്കുന്നവനായി
പ്രദൃപ്തഃ = ഏററവും അഹങ്കാരിയായി
ദൈത്യഃആസിൽ = ഒരു ദൈത്യൻ ഭവിച്ചു.
സഃ തു യുധി = അവനാകട്ടെ യുദ്ധത്തിൽ
വിദ്ധഗാത്രഃ = ക്ഷീണനായിട്ടു്
ധരിത്ര്യാംപതിതഃ = ഭൂമിയിൽ പതിക്കപ്പെട്ടു
പശ്ചാൽ സർവത്രവ്യാപ്തഃ= പിന്നെയും ഭൂമിമുഴുക്കെവ്യാപിച്ചിട്ടു്
ബഹുതരപരിവൃത്ത്യ = വളരെപ്രാവശ്യംചുററിയിട്ടു്
പൃത്ഥ്വീം വിമഥ്നൻ ഏവ =ഭൂമിയെ മർദ്ദിക്കതന്നെ ചെയ്തു.
താവൽമർത്ത്യാഃദുസ്ഥാഃ = അപ്പോൾമനുഷ്യർ ദുഃഖിതരായി.
ഏവംമുനീന്ദ്രമഖഭുജഃ അപി= ഇപ്രകാരം ഋഷികളും ദേവന്മാരും
ദുസ്ഥാഃബഭൂവുഃ = ദുഃഖിതന്മാരായിത്തീൎന്നു.

സാ—ഏററവും ബലശാലിയായി സർവോപദ്രവിയായി അഹങ്കാരിയായ ഒരസുരൻ ഉണ്ടായി. അവനെ ദേവന്മാർ യുദ്ധമദ്ധ്യേ ഭൂമിയിൽ പതിപ്പിച്ചു. പിന്നെയും അവൻെറ ശക്തിവിശേഷത്താൽ ഭൂമിമുഴുക്കെ വ്യാപിച്ചിട്ടു അതിവേഗത്തിൽ ചുററിക്കൊണ്ടിരുന്നു. അപ്പോൾ മനുഷ്യരും മഹർഷിമാരും ദേവന്മാരും ക്ലേശിതന്മാരായിത്തീൎന്നു.

"സംഗ്രാമേന്തകരുദ്രയോശ്ചപതിതഃസോദോമഹേശാൽക്ഷിതൌ
തസ്മാൽഭൂതമഭൂച്ചഭീതിജനനം ദ്യാവാപൃഥിവ്യാമഹൽ
തദ്ദൈവൈസ്സഹസാവിഗൃഹ്യനിഹിതം ഭൂമാവധോവക്ത്രഗം
ദേവാനാംവചനാച്ചവാസ്തുപുരുഷസ്തേനൈവപൂജ്യോബുധൈഃ"

വാസ്തുപുരുഷന്റെ ഉല്പത്തിയെക്കുറിച്ച് രാജവല്ലഭത്തിൽ, ഇങ്ങിനെയാണ് കാണുന്നത്. കൂടാതെ;

"പുരാത്രേതായുഗേഹ്യാസീന്മഹാഭൂതം വ്യവസ്ഥിതം
സ്വാപ്യമാനം ശരീരേണസകലം ഭുവനംതഥാ
തം ദൃഷ്ട്വാവിസ്മയം ദേവാഗതാസ്സേന്ദ്രാഭയാവൃതാഃ
തതസ്തേഭയമാപന്നാബ്രഹ്മാണം ശരണം യയുഃ"

പ്രകാശികയിലിങ്ങനെയാണ കാണുന്നതു്.

ഇവന്റെ ഉപദ്രവം നിമിത്തം ദേവാദികൾ ബ്രഹ്മാവിനെ ശരണംപ്രാപിക്കയും ബ്രഹ്മാവിന്റെ കല്പനയനുസരിച്ച് അവനെ യുദ്ധത്തിൽ ഭൂമിയിൽ പതിപ്പിക്കുകയുംചെയ്തു. പിന്നെയും ഉപദ്രവം അസഹ്യമായി വരികയാൽ അവന്റെ അവയവങ്ങളിലായി ഓരോ ദേവന്മാർ സ്ഥിതിചെയ്യുകയുംചെയ്തു. അപ്പോൾ അവൻ ബ്രഹ്മാവിനോട്ട് ഇങ്ങനെ പ്രാൎത്ഥിച്ചു.

"ചരാചരമിദം സൎവ്വം ത്വയാസൃഷ്ടം ജഗൽപ്രഭോ
വിനാപരാധേനചമാം പീഡയന്തിസുരാഭൃശം" ഈപ്രാൎത്ഥനകേട്ടു താഴെപ്പറയുന്നവണ്ണംബ്രഹ്മാവിനാൽഅനുഗ്രഹിക്കപ്പെട്ടു.

"ഗ്രാമേവാനഗരേവാപി ദുൎഗ്ഗേവാപത്തനേപിവാ
പ്രാസാദേചപ്രപായാംച ജലോദ്യാനേതഥൈവച
യസ്ത്വാംനപൂജയേന്മർത്ത്യോ മോഹാദ്വാസ്തുനരപ്രഭോ
അശ്രിയംമൃത്യുമാപ്നോതി വിഘ്നസ്തസ്യപദേപദേ

വാസ്തുപൂജാമകുർവാണസ്തവാഹാരോ ഭവിഷ്യതി" ഇതിവചനാൽ വാസ്തുപുരുഷൻ പൂജനീയനാണെന്നു സ്പഷ്ടമാണ്.

"വാസ്തുപൂജാംപ്രകുർവീത ഗൃഹാരംഭേപ്രവേശനേ ദ്വാരാഭിവൎത്തനേചൈവത്രിവിധേചപ്രവേശനേ" ഇതുകൊണ്ടു് വിശേഷിച്ചും ഗൃഹാരംഭം, ഗൃഹപ്രവേശം, ദ്വാരസ്ഥാപനം മുതലായ കാലങ്ങളിൽ വാസ്തുപൂജ ചെയ്തുകൊള്ളണം.

മൂ-സർവവ്യാപ്തേത്വമുഷ്മിന്നതനുതനുഘടാദ്യന്തരേവ്യോമയദ്വൽ-
തദ്വന്നിത്യംവിശേഷാന്നഗരപുരമഹീക്ഷേത്രഖണ്ഡാങ്കണാദൌ

ഉത്താനേനൈരൃതാശാവിനിഹിതചരണേയാവദീശാന്തശീർഷേ
ജ്ജാതേതാവന്നിഷേദുഃസ്ഥിരമിഹ വിബുധാസ്തസ്യദേഹേ
ക്ഷണേന. ൨൪

| അന്വയം. | അർത്ഥം. |
|---|---|
| അമുഷ്മിൻ | = ഈ വാസ്തുപുരുഷൻ |
| അതനുതനുഘടാഭ്യന്തരവ്യോ-മയദ്വൽ | = വലുതും ചെറുതുമായ ഘടാകാശം യാതൊരുവിധമോ |
| തദ്വൽ നിത്യം വിശേഷാൽ | =അതുപോലെ എപ്പോഴുംവിശേഷിച്ചു |
| നഗരപുരമഹീക്ഷേത്ര-ഖണ്ഡാങ്കണാദൌ | = നഗരം, പുരം, ഭൂമി, ക്ഷേത്രഖണ്ഡം അങ്കണം മുതലായതിൽ |
| സർവവ്യാപ്തേ | = എല്ലായിടവും വ്യാപ്തനായിരി |
| ഉത്താനേ | = മലൎന്ന് (കുടമ്പാൻ |
| നൈരൃതാശാവിനിഹിതചരണേ | = നിരൃതികോണിൽ കാലും |
| ഈശാന്തശീർഷേ | = ഈശകോണിൽ ശിരസ്സുമായി |
| യാവൽ | = യാതൊരു സമയം ഭവിച്ചുവോ |
| താവൽ | = ആ അവസരത്തിൽ |
| ഇഹ വിബുധാഃ | = ഈ ദേവന്മാർ |
| തസ്യ ദേഹേ | = അവൻെറ ദേഹത്തിൽ |
| ക്ഷണേന സ്ഥിരം നിഷേദുഃ | = ക്ഷണസമയംകൊണ്ടു് സ്ഥിരമായിസ്ഥിതിചെയ്തു. |

സാ—സർവ്വവ്യാപകമായ ആകാശം ചെറിയകുടത്തിൽ ചെറുതായും വലിയകുടത്തിൽ വലുതായും ഒതുങ്ങുന്നതുപോലെ സർവവ്യാപകനായ വാസ്തുപുരുഷനും നഗരനിൎണ്ണയത്തിൽ നഗരംമുഴുക്കയും പുരനിൎണ്ണയത്തിൽ പുരം മുഴുക്കയും ഭൂമിനിൎണ്ണയത്തിൽ ഭൂമി മുഴുക്കയും ഈശാദിഖണ്ഡനിൎണ്ണയത്തിൽ ആഖണ്ഡം മുഴുക്കയും അതുപോലെ അങ്കണത്തിലും ആദിശബ്ദംകൊണ്ട് ഉപാങ്കണം ഗൃഹാന്തർഭാഗംമുതലായ സ്ഥാനങ്ങളിലും സങ്കല്പാനുകൂലം ഒതുങ്ങി സ്ഥിതിചെയ്യുന്നു. ഇതുകൊണ്ടു പറമ്പടക്കി പദവിഭാഗവും അവയവവിധാനവും ദേവതാസ്ഥാനങ്ങളും നിശ്ചയിക്കണം. പിന്നീട്ട് ഈശഖണ്ഡത്തിലും അല്ലങ്കിൽ ഗൃഹകരണയോഗ്യമായവീഥികളിലും അങ്കണം ഗൃഹാന്തർഭാഗം മുതലായ സ്ഥാനത്തും പദവിഭാഗം, വാസ്തുപുരുഷൻെറ അവയവകല്പനം മുതലായവ ചെയ്യേണ്ടതാണെന്നു വ്യക്തമാകുന്നുണ്ടല്ലോ. ഈ വാസ്തുപുരുഷൻ ഇ

ങ്ങിനെ ഭൂമിയിൽ ഒട്ടാകെ വ്യാപിച്ചു ചുററിക്കൊണ്ടിരുന്ന അവസരത്തിൽ നിരൃതികോണിൽ കാലും ഈശകോണിൽ ശിരസ്സുമായി മലൎന്നുവന്ന സമയം മേൽപറഞ്ഞ ദേവന്മാർ താഴെപ്പറയുന്ന ക്രമമനുസരിച്ചു സ്ഥിരമായി പ്രവേശിച്ചു.

## വാസ്തുപുരുഷന്റെ അവയവവിഭാഗം.

മൂ—മൂൎദ്ധ്നീശോസ്യത്തുസംസ്ഥിതോ നയനയോഃ പൎജ്ജന്യക-(ശ്ചോദിതി-
ശ്ചാപസ്തദ്വദനേതഥാ ഗളതലേതസ്യാപവത്സാഹ്വയഃ
വാമശ്രോത്രഗതോജയന്ത ഇതരത്രാസ്യാദിതിസ്സംസ്ഥിതോ
വാമാംസേസ്ഥിതവാനമൎത്ത്യ പതിരസ്യാംസേൎഗ്ഗളോ ദക്ഷിണേ.

| അന്വയം. | അൎത്ഥം. |
|---|---|
| അസ്യ മൂൎദ്ധ്നി | = ഇവന്റെ മൂൎദ്ധാവിൽ |
| ഈശഃ സംസ്ഥിതഃ | = ഈശൻ സ്ഥിതിചെയ്യുന്നു. |
| നയനയോഃ പൎജ്ജന്യകഃ ച ദിതിഃ | = നയനങ്ങളിൽ പൎജ്ജന്യനും ദിതിയും |
| തദ്വദനേ ആപഃ ച | = അവന്റെ മുഖത്തിൽ ആപനും |
| തഥാ തസ്യ ഗളതലേ | = അപ്രകാരം അവന്റെ കഴുത്തിൽ |
| ആപവത്സാഹ്വയഃ | = ആപവത്സനും |
| ജയന്തഃവാമശ്രോത്രഗതഃ | =ജയന്തൻ വലത്തേ കണ്ണത്തിലും |
| അസ്യ ഇതരത്ര അദിതിഃ | = ഇവന്റെ ഇടത്തെ കണ്ണത്തിൽ അദിതിയും |
| സംസ്ഥിതാഃ | = സ്ഥിതിചെയ്യുന്നു. |
| അമൎത്ത്യപതിഃ വാമാംസേ | = ഇന്ദ്രൻ ഇടത്തെ തോളിൽ |
| സ്ഥിതവാൻ | = സ്ഥിതിചെയ്യുന്നു. |
| അൎഗ്ഗളഃ അസ്യ ദക്ഷിണേ അംസേ | = അൎഗ്ഗളൻ ഇവന്റെ വലത്തേ തോളിലും |
| സ്ഥിതവാൻ | = സ്ഥിതിചെയ്യുന്നു. |

സാ—വാസ്തുപുരുഷന്റെ ശിരസ്സിൽ ഈശനും ഇടത്തേനയനത്തിൽ പൎജ്ജന്യകനും വലത്തേ നയനത്തിൽ ദിതിയും, മുഖത്തിൽ ആപനും, കഴുത്തിൽ ആപവത്സനും, ഇടത്തേചെവിയിൽ ജയന്തനും, വലത്തേ ചെവിയിൽ അദിതിയും, ഇടത്തേചുമലിൽ ഇന്ദ്രനും, വലത്തേചുമലിൽ അൎഗ്ഗളനും സ്ഥിതിചെയ്യുന്നുണ്ട്.

മൂ— അക്കാദയോവാമഭുജസ്ഥിതാസ്സ്യുഃ
ചന്ദ്രാദയോദക്ഷിണഹസ്തഗാശ്ച
വാമപ്രകോഷ്ഠേസവിതാചസാവി-
ത്ര്യന്യത്രരുദ്രശ്ശിവജിൽ പ്രകോഷ്ഠേ. ൩൧

അന്വയം. അർത്ഥം.

| | |
|---|---|
| അക്കാദയഃ | = അക്കൻ തുടങ്ങിയുള്ളവർ |
| വാമഭുജസ്ഥിതാഃ സ്യുഃ | = വാമഭുജത്തിൽ സ്ഥിതിചെയ്യുന്നു |
| ചന്ദ്രാദയഃ | = ചന്ദ്രൻതുടങ്ങിയുള്ളവർ |
| ദക്ഷിണഹസ്തഗാഃ ച | = വലത്തേക്കയ്യിൽസ്ഥിതിചെയ്യുന്നു |
| സവിതാ സാവിത്രീ ച | = സവിതാവും സാവിത്രിയും |
| വാമപ്രകോഷ്ഠേ | = ഇടത്തേ പ്രകോഷ്ഠത്തിലും |
| രുദ്രഃ ശിവജിൽ | = ശിവനും ശിവജിത്തും |
| അന്യത്രപ്രകോഷ്ഠേ | = വലത്തെ പ്രകോഷ്ഠത്തിലും |
| സ്ഥിതാഃ സ്യുഃ | = സ്ഥിതിചെയ്യുന്നു. |

സാ— സത്യൻ ആദിത്യൻ മുതലായ ദേവന്മാർ വാസ്തുപുരുഷൻെറ ഇടത്തേകൈമേലും ചന്ദ്രൻ അഗ്ഗളൻ തുടങ്ങിയുള്ള ദേവന്മാർ വലത്തേകൈമേലും സ്ഥിതിചെയ്യുന്നു. സവിതാവും സാവിത്രിയും ഇടത്തേ പ്രകോഷ്ഠത്തിലും, ശിവനും ശിവജിത്തും വലത്തേ പ്രകോഷ്ഠത്തിലും സ്ഥിതിചെയ്യുന്നു.

മൂ— മഹീധരാര്യ്യൌ കുചയോർവിവസ്വാൻ
മിത്രശ്ചകുക്ഷൌ ദ്രുഹിണോഥനാഭൌ
ഇന്ദ്രോസ്യമേഢ്റേണ്ഡയുഗേതുതജ്ജിൽ
പാദദ്വയേ തസ്യ പരേ പ്രവിഷ്ടാഃ. ൩൨

അന്വയം. അർത്ഥം.

| | |
|---|---|
| കുചയോഃമഹീധരാര്യ്യൌ | = കുചങ്ങളിൽമഹീധരനും ആര്യ്യനും |
| കുക്ഷൌവിവസ്വാൻ മിത്രഃ ച | = കുക്ഷിയിൽ വിവസ്വാനും മിത്രനും |
| അഥ നാഭൌ ദ്രുഹിണഃ | = പിന്നീടു നാഭിയിൽ ബ്രഹ്മാവും |
| അസ്യ മേഢ്റേ ഇന്ദ്രഃ | = ഇവൻെറ മേഢ്റത്തിൽ ഇന്ദ്രനും |
| അണ്ഡയുഗേതു തജ്ജിൽ | = അണ്ഡയുഗത്തിൽ ഇന്ദ്രജിത്തും |
| തസ്യ പാദദ്വയേ | = അവൻെറ രണ്ടുപാദങ്ങളിലായി |
| പരേ പ്രവിഷ്ടാഃ | = മററുള്ളവരും പ്രവേശിച്ചു. |

സാ— ആര്യ്യൻ ഇടത്തേമുലയിലും മഹീധരൻ വലത്തേ മുലയിലും, വിവസ്വാൻ ഉദരത്തിൻെറ ഇടത്തുഭാഗത്തും, മിത്രൻ വലത്തുഭാഗത്തും, നാഭിയിൽ ബ്രഹ്മാവും, ഇന്ദ്രൻ ലിംഗസ്ഥാനത്തും,

ഇന്ദ്രജിത്തു വൃഷണസ്ഥാനത്തും, രണ്ടു പാദങ്ങളിലായി മററുള്ള ദേവന്മാരും സ്ഥിതിചെയ്യുന്നു.

മൂ— താദേവതാവാസ്തുശരീരസംസ്ഥാ-
സ്സന്തൎപ്പിതാസ്ത്വിഷ്ടഫലപ്രദാസ്യുഃ
താശ്ചേദനിഷ്ടാവിപരീതദാശ്ച-
തസ്മാദ്വിദധ്യാദിഹവാസ്തുപൂജാം. ൩൩

| അന്വയം. | അൎത്ഥം. |
|---|---|
| വാസ്തുശരീരസംസ്ഥാഃ | = വാസ്തുശരീരത്തിൽ നില്ക്കുന്ന |
| താഃ ദേവതാഃ സന്തൎപ്പിതാഃ | = ആ ദേവതകളെ പൂജിച്ചു തൃപ്തിപ്പെ |
| ഇഷ്ടഫലപ്രദാഃ സ്യുഃ | = ഇഷ്ടഫലത്തെച്ചെയ്യും (ടുത്തിയാൽ |
| താഃ അനിഷ്ടാഃ ചേൽ | = അവർ അനിഷ്ടന്മാരായാൽ |
| വിപരീതദാഃ ച | = അനിഷ്ടഫലത്തെ ചെയ്യും |
| തസ്മാൽ ഇഹ | = അതുകൊണ്ടു് ഇവിടെ |
| വാസ്തുപൂജാം വിദധ്യാൽ | = വാസ്തുപൂജയെ ചെയ്യണം. |

സാ-- വാസ്തുപുരുഷൻെറ ശരീരത്തിൽ സ്ഥിതിചെയ്യുന്ന ദേവതകളെയും പൂജകൊണ്ടു തൃപ്തിപ്പെട്ടുത്തിയാൽ, തദ്വാസികൾക്കു് അവർ ഇഷ്ടഫലത്തെ ചെയ്യും. അവർ അനിഷ്ടന്മാരായിത്തീൎന്നാൽ അനിഷ്ടത്തേയും ചെയ്യും. അതുകൊണ്ടു് വാസസ്ഥലത്തു യഥാകാലം വാസ്തുപൂജയെ ചെയ്യണം. "പ്രതിവൎഷഞ്ചയജ്ഞാദൌതഥാ പുത്രസ്യജന്മനി" ഇത്യാദി വചനമനുസരിച്ചു് വത്സരംപ്രതി വാസ്തുപൂജ ചെയ്യണമെന്നാണു് കാണുന്നതു്.

ഇതി മനുഷ്യാലയമഹാചന്ദ്രികായാം

ദ്വിതീയോദ്ധ്യായഃ സമാപ്തഃ.

---

## തൃതീയോദ്ധ്യായ പ്രാരംഭഃ.

### മാനനിൎണ്ണയം.

മൂ-ശിംബിസ്ഥാഷ്ടതിലൈൎയ്യവോദരമിതി പ്രാഹുസ്തദഷ്ടോന്മിതം മാത്രാഖ്യാംഗുലമംഗുലൈരിനമിതൈഃ പ്രോക്താ വിതസ്തിസ്തഥാ തദ്വന്ദ്വം കരകിഷ്കുവരത്നിഭുജദോൎമ്മുഷ്ട്യാദിസംജ്ഞം തത-സ്തേഷ്വേകൈകാംഗുലവൃദ്ധിതോംഗുലവിശേഷാദപ്യതോ ഭിദ്യതേ. ഏ

| അന്വയം. | അൎത്ഥം. |
|---|---|
| ശിംബിസ്ഥാഷ്ടതിലൈഃ | = കൂട്ടിലടങ്ങിയിരിക്കുന്ന എട്ടുതിലപ്രമാണംകൊണ്ടു് |
| യവോദരം ഇതി പ്രാഹുഃ | = യവോദരം എന്നു പറയുന്നു. |
| തദഷ്ടോന്മിതം | = അതു് ൮ കൂടിയതു് |
| മാത്രാഖ്യാംഗുലം | = മാത്രാംഗുലമാകുന്നു |
| ഇനമിതൈഃ അംഗുലൈഃ | = ൧൨ അംഗുലങ്ങളെക്കൊണ്ടു് |
| വിതസ്തിഃ പ്രോക്താ | = വിതസ്തി പറകപ്പെട്ടു |
| തഥാ തദ്ദ്വന്ദ്വം | = അതുകൾ രണ്ടുകൂടിയതു് |
| കരകിഷ്കരത്നിഭുജദോൎമ്മു- | = കരം, കിഷ്കു, അരത്നി, ഭുജം, ദോ |
| ഷ്ട്യാദിസംജ്ഞം | = മുഷ്ടി ഇത്യാദിപേർ പറയുന്നു (സ്സു്, |
| തതഃ തു | = ആ കോലുതന്നെ |
| ഏകൈകാംഗുലവൃദ്ധിതഃ | = ഓരോരോ അംഗുലങ്ങളുടെ വൃദ്ധി-കൊണ്ടും |
| അംഗുലവിശേഷാൽ | = അംഗുലങ്ങളുടെ വിശേഷത്തിൽനിന്നും |
| അതഃ ഭിദ്യതേ | = ഈ കോലിൽനിന്നുഭേദിക്കപ്പെടുന്നു. |

സാ:—പ്രകൃത്യാ കായുടെ ഉള്ളിൽ അടങ്ങി ഇരിക്കുമ്പോൾ സിദ്ധിക്കുന്ന ൮ എള്ളിടപ്രമാണം യവോദരമാകുന്നു. യവമെന്നും ദരമെന്നും ചിലർ വ്യാഖ്യാനിക്കുന്നുണ്ടു്. അതിനെ സ്വീകരിക്കുമ്പോൾ "യവോദരൈരഷ്ടഭിരുന്മിതം യൽ" എന്നുള്ള സ്വമതത്തിന്നും "യവോദരൈരംഗുലമഷ്ടസംഖ്യൈഃ" എന്നുള്ള ഭാസ്കരീയവചനത്തിന്നും അസാംഗത്യം വരുന്നതുകൊണ്ടു് ആ അഭിപ്രായം ഉപേക്ഷണീയമാകുന്നു. എള്ളിൻെറ ഫലനം അവയുടെ ഉല്പത്തി ഭൂമിയുടെയും മററും ഗുണഭേദത്തെ ആശ്രയിച്ചിട്ടു് അല്പാല്പം വ്യത്യാസമായിക്കാണുന്നുമുണ്ടു്. അതുകൊണ്ടു് എള്ളിട അനുസരിച്ചുണ്ടാകുന്ന മാനം യഥാൎത്ഥമായിരിക്കയില്ലെന്നും അപ്പോൾ ആചാൎയ്യവചനത്തിനു് ദോഷം പറയേണ്ടിവരുമെന്നുമുള്ള ഒരു ശങ്ക വരാം. എങ്കിലും,

"പരമാണുഭിരഷ്ടാഭിഃ—എന്നുതുടങ്ങി തിലൈസ്സൈസ്തവ്സുഭിൎയ്യവഃ"

എന്നവസാനിപ്പിച്ചിരിക്കുന്ന സാരാവലീവചനംകൊണ്ടു പരമാണുവിങ്കൽനിന്നു രേണുവും രേണുവിൽനിന്നു രേഖയും, രേഖകൊണ്ടു ലിക്ഷയും, ലിക്ഷകൊണ്ടു തിലവും ജ്ഞേയമാകുന്നു. അതിനാൽ ഈ തിലപ്രമാണത്തിനും ആധാരം പരമാണുവാണെന്നും തൽക്കൎത്താവു് അതിനെ സമുച്ചയദ്യോതകമായ ഇതിശബ്ദംകൊ

ണ്ടു വിവക്ഷിച്ചിട്ടുണ്ടെന്നും അറിഞ്ഞു് ആ ശങ്കയിൽനിന്നും നിവൎത്തിച്ചുകൊള്ളണം. യവം എട്ടുകൂടിയതു് മാത്രാംഗുലമാകുന്നു. ൨൪ അംഗുലത്തിനു് വിതസ്തി എന്നു പേർപറയുന്നു. വിതസ്തി രണ്ടുകൂടിയതു് കോലാകുന്നു അതിന്നു കരം, കിഷ്കു, അരത്നി, ഭുജം, ദോസ്സ്, മുഷ്ടി മുതലായ കരവിശേഷപൎയ്യായങ്ങൾകൂടി ഗ്രാഹ്യങ്ങളാകുന്നു ആദിശബ്ദംകൊണ്ടു് ശാസ്ത്രാന്തരലഭ്യങ്ങളായ അന്യനാമങ്ങൾകൂടിയും ഗ്രാഹ്യങ്ങളാണെന്നു സൂചിപ്പിച്ചിരിക്കുന്നു. ഈ കോൽ ക്രമേണ ഓരോരോ അംഗുലങ്ങളെക്കൊണ്ടു വൎദ്ധിപ്പിച്ചും മററു ചിലതരത്തിൽ പറയാൻ പോകുന്ന അംഗുലഭേദങ്ങളെ ആശ്രയിച്ചും പലവിധങ്ങളായി പരിണമിക്കുന്നു.

മൂ-മാത്രാഖ്യംഗുലിപഞ്ചവിംശതിമിതം മാനം വിമാനേ സ്മൃതം
പ്രാജാപത്യകസംജ്ഞിതം സുരഗൃഹേ തേനാപി മേയം ക്വചിൽ
ഏതൈരേവ വരാംഗുലൈഃ പ്രതിമിതം ഷഡ്വിംശതിപ്രാന്മിതൈ-
ൎമ്മാനം ക്വാപി സമസ്തധാമ്നി വിഹിതം നാമ്നാ ധനുൎമ്മുഷ്ടികം.

| അന്വയം. | | അൎത്ഥം. |
|---|---|---|
| മാത്രാഖ്യംഗുലിപഞ്ചവിംശതിമിതം മാനം | = | മാത്രാംഗുലം ഇരുപത്തഞ്ചുകൊണ്ടുള്ള കോൽ |
| പ്രാജാപത്യകസംജ്ഞിതം | = | പ്രാജാപത്യകമെന്നു പേരുള്ളതും |
| വിമാനേ | = | വിമാനത്തിൽ വിധിക്കപ്പെട്ടതുമാണു് |
| തേന ക്വചിൽ | = | അതുകൊണ്ടു ചിലേടത്തു |
| സുരഗൃഹേ മേയം | = | സുരഗൃഹത്തിലും അളക്കപ്പെടുന്നു |
| ഏതൈഃ വരാംഗുലൈഃ | = | ഈ വരാംഗുലങ്ങൾ |
| ഷഡ്വിംശതിപ്രാന്മിതൈഃ | = | ഇരുപത്താറുകൊണ്ടു് |
| പ്രതിമിതം മാനം | = | ഉണ്ടാക്കപ്പെട്ട കോൽ |
| ക്വാപി സമസ്തധാമ്നി | = | ചിലേടത്തു് എല്ലാ ഗൃഹങ്ങൾക്കും |
| വിഹിതം | = | ഇഷ്ടമായി |
| നാമ്നാ ധനുൎമ്മുഷ്ടികം | = | ധനുൎമ്മുഷ്ടി എന്നു പറയുന്നു. |

സാ:—൨൫ അംഗുലംകൊണ്ടുള്ള മുഴക്കോലിനു് പ്രാജാപത്യമെന്നു പേരാകുന്നു. ഇതു വിമാനങ്ങളുടെ അളവിങ്കൽ ഉപയോഗ്യമാകുന്നു. "പ്രാജാപത്യം വിമാനകേ" എന്നു വാസ്തുവിദ്യയിലും മററും കാണുന്നുമുണ്ടു്. ഇതു് ആവശ്യമനുസരിച്ചു ദേവാലയങ്ങൾക്കും സ്വീകാൎയ്യമാകുന്നു. 'ക്വചിൽ' എന്നുള്ള പ്രയോഗംകൊണ്ടു "പ്രാജാപത്യംച വൈദേഹം വൈശ്യാനാംസമ്മതം ഭവേൽ" എന്നുള്ള വിധിഭേദത്തെക്കൂടി ധ്വനിപ്പിച്ചിരിക്കുന്നു. ൨൬ മാത്രാംഗുലംകൊണ്ടുള്ള കോൽ ജാത്യാദിവിഭേദം ക്ര

ടാതെ എല്ലാവക ഭവനങ്ങളിലും സ്വീകാൎയ്യമാകുന്നു. ഇതിന്റെ പേർ ധനുർമ്മുഷ്ടി എന്നാകുന്നു. "മാനംകചാപി" എന്നുള്ള കചാപിശബ്ദം "വൈപുല്യധനുർമ്മുഷ്ടീഭ്രപാനാം മാനസാധനേയോജ്യാ" എന്നുള്ള വിധിഭേദത്തെയും ധ്വനിപ്പിക്കുന്നു.

മൂ:-സമ്പ്രോക്താംഗുലിസപ്തവിംശതിമിതം മാനംയദുക്തംബുധൈ-
ന്നാമ്നാതത്തു ധനുർഗ്രഹം യദമുനാ ഗ്രാമാദികം മീയതേ
രഥ്യാദ്യോപവനാദിസമ്മിതിവിധൌ വാപീതടാകാദികേ
ചേഷ്ടംതത്രധനുർഗ്രഹന്ത്വഥധനുർമ്മുഷ്ടിശ്ച തത്രേഷ്യതേ. ൨

| അന്വയം. | അൎത്ഥം. |
|---|---|
| സംപ്രോക്താംഗുലിസപ്തവിംശതിമിതം | = പറയപ്പെട്ട ൨൭ അംഗുലങ്ങൾ കൊണ്ടു് |
| യൽ മാനം ബുധൈഃ ഉക്തം | = യാതൊരു കോൽ ബുധന്മാരാൽപറകപ്പെട്ടു |
| തൽ തു നാമ്നാധനുർമ്മുഷ്ടികം | = അതു ധനുർമ്മുഷ്ടികമെന്നുപറയുന്നു |
| യൽ അമുനാ ഗ്രാമാദികം | = യാതൊന്നുഹേതുവായിട്ടു് ഇതുകൊണ്ടു ഗ്രാമാദികളുടെ അളവു് |
| മീയതേ | = ഉപയോഗിക്കപ്പെടുന്നു |
| തത്ര ധനുർഗ്രഹം തു | = അവിടെ ധനുർഗ്രഹവും |
| രഥ്യാദ്യോപവനാദിസംമിതിവിധൌ | = തെരുവുകൾ പുഷ്പവാടികൾ മുതലായവയുടെ അളവിലും |
| വാപീതടാകാദികേ ച | = കുളംതടാകംമുതലായതുകളിലും |
| ഇഷ്ടം | = വിധിക്കപ്പെട്ടിരിക്കുന്നു. |
| അഥതത്ര | = പിന്നെ അവിടെ |
| ധനുർമ്മുഷ്ടിഃ ഇഷ്യതേ | = ധനുർമ്മുഷ്ടിയും ഇച്ഛിക്കപ്പെടുന്നു. |

സാ—൨൭ മാത്രാംഗുലംകൊണ്ടുള്ള കോലിനു ധനുർഗ്രഹമെന്നുപേരാകുന്നു. ധനുർഗ്രഹമെന്നുള്ള അന്വൎത്ഥനാമത്തെ ആശ്രയിച്ചുതന്നെ ഗ്രാമം, നഗരം, പുരം മുതലായ രാജകീയജനപദസ്ഥാനങ്ങളെ അളക്കുന്നതിനും അങ്ങാടി പൂങ്കാവു് മുതലായവയുടെ അളവിലും സ്വീകരിക്കപ്പെടുന്നു. അങ്ങാടി, പുഷ്പവനം മുതലായവയുടെ അളവിങ്കൽ വിശേഷിച്ചു് ധനുർമ്മുഷ്ടിയും ശുഭമാകുന്നു.

മൂ:— അഷ്ടാവിംശതി സമ്മിതാംഗുലിമിതം
പ്രാച്യാഖ്യമാനം ഭവേൽ
വൈദേഹം നവവിംശതിപ്രതിമിതൈ-
ർമ്മാത്രാംഗുലൈസ്സമ്മിതം

സ്യാൽ ത്രിംശൽ പ്രവരാംഗുലി പരിമിതം
വൈപുല്യമേകാംഗുലീ-
യുക്തം തത്തുഭവേൽ പ്രകീൎണ്ണമിതിദോ-
ൎമ്മാനപ്രഭേദോഷ്ടധാ. ൭

| അന്വയം. | അൎത്ഥം. |
|---|---|
| അഷ്ടാവിംശതിസമ്മിതാംഗുലിമിതം | = ഇരുപത്തെട്ട അംഗുലങ്ങളോടുകൂടിയ കോൽ |
| പ്രാച്യാഖ്യമാനം ഭവേൽ | = പ്രാച്യമെന്നു പേരുള്ളതാണ് |
| മാത്രാംഗുലൈഃ | = മാത്രാംഗുലങ്ങൾ |
| നവവിംശതിപ്രതിമിതൈഃ | = ൨൯ അംഗുലം ചേൎത്ത് |
| സമ്മിതം മാനം | = ഉണ്ടാക്കപ്പെട്ട മാനം |
| വൈദേഹം | = വൈദേഹമാകുന്നു |
| ത്രിംശൽപ്രവരാംഗുലി | = ൩൦ അംഗുലങ്ങളെക്കൊണ്ട് |
| പരിമിതം മാനം | = ചേൎക്കപ്പെട്ട കോൽ. |
| വൈപുല്യം | = വൈപുല്യമാകുന്നു |
| ഏകാംഗുലീയുക്തം | = ഒരംഗുലം കൂടി കൂട്ടിച്ചേൎത്ത |
| തൽ തു | = അതുതന്നെ |
| പ്രകീൎണ്ണം ഭവേൽ | = പ്രകീൎണ്ണമായിത്തീരും. |
| ഇതിദോൎമ്മാനപ്രഭേദഃ | = ഇങ്ങിനെ കോലിൻെറ ഭേദം |
| അഷ്ടധാ | = എട്ടുവിധമാകുന്നു. |

സാ:— ൨൮ മാത്രാംഗുലങ്ങൾകൊണ്ടുള്ള മുഴക്കോൽ പ്രാച്യമെന്നു പറയുന്നു. ൨൯ മാത്രാംഗുലങ്ങൾകൊണ്ടുള്ളതു വൈദേഹമെന്നും ൩൦ അംഗുലങ്ങൾകൊണ്ടുള്ളത് വൈപുല്യമെന്നും ൩൧ അംഗുലങ്ങൾകൊണ്ടുള്ളത് പ്രകീൎണ്ണമെന്നും പറയപ്പെടുന്നു. ഇങ്ങനെ ൨൪ അംഗുലംമുതൽ ഓരോരോ അംഗുലങ്ങളെ വൎദ്ധിപ്പിക്കുമ്പോൾ കോൽ എട്ടു വിധമാകും.

മൂ:— ഭൂസുരകാൎയ്യേ നിലയേ ധനുൎഗ്രഹഞ്ച പ്രകീൎണ്ണഞ്ച
വൈപുല്യധനുൎമ്മുഷ്ടീ ഭൂപാനാം മാനസാധനേ യോജ്യേ. ൮

| അന്വയം. | അൎത്ഥം. |
|---|---|
| ധനുൎഗ്രഹം പ്രകീൎണ്ണം ച | = ധനുൎഗ്രഹവും പ്രകീൎണ്ണവും |
| ഭൂസുരകാൎയ്യേ നിലയേ | = ബ്രാഹ്മണരുടെ വീടുകളിലും |
| വൈപുല്യധനുൎമ്മുഷ്ടി | = വൈപുല്യവും ധനുൎമ്മുഷ്ടിയും |

| | |
|---|---|
| ഭൂപാനാം | = രാജാക്കന്മാരുടെ ആലയാദികൾ- |
| മാനസാധനേ | = അളവിലും (ളുടെ |
| യോജ്യ | = ഉപയോഗിക്കേണ്ടതാണ്. |

സാ:—ധനുർഗ്രഹവും പ്രകീർണ്ണവും ബ്രാഹ്മണയോഗ്യങ്ങളായിരിക്കുന്ന ഗ്രഹാദികളിലും വൈപുല്യവും ധനുർമ്മുഷ്ടിയും കൊട്ടാരങ്ങൾ മുതലായ ക്ഷത്രിയോപയോഗ്യങ്ങളായ സാധനങ്ങളിലും സ്വീകരിച്ചുകൊള്ളണം.

മൂ— പ്രാജാപത്യഞ്ച വൈദേഹം വൈശ്യാനാംസമ്മതം ഭവേൽ
കിഷ്കുഃ പ്രാച്യഞ്ച ശൂദ്രാണാം കിഷ്കുസ്സർവ്വത്ര സമ്മതഃ. ൩

| അന്വയം. | അർത്ഥം. |
|---|---|
| പ്രാജാപത്യം വൈദേഹം ച | = പ്രാജാപത്യവും വൈദേഹവും |
| വൈശ്യാനാം | = വൈശ്യക്കും |
| കിഷ്കുഃ പ്രാച്യം ച ശൂദ്രാണാം | = കിഷ്കുവും പ്രാച്യവും ശൂദ്രക്കും |
| കിഷ്കുഃ സർവ്വത്ര സമ്മതഃ | = കിഷ്കു എല്ലാവക്കും സമ്മതമാകുന്നു. |

സാ—പ്രാജാപത്യവും വൈദേഹവും വൈശ്യോപയോഗ്യങ്ങളായ സാധനങ്ങളുടെ അളവിൽ ഉപയോഗിക്കേണ്ടതാണ്. കിഷ്കു, പ്രാച്യം ഈ രണ്ടുമാനങ്ങളും ശൂദ്രോപയോഗ്യങ്ങളായിരിക്കുന്ന ആലയാദികൾക്ക് ഉചിതമാകുന്നു വിശേഷിച്ച് കിഷ്കു, എല്ലായിടത്തും എല്ലാവക്കും ശുഭമാകുന്നു. "കിഷ്കുസ്സർവ്വത്രസമ്മതഃ" എന്നുള്ള സമ്മതശബ്ദോപാദനം "സർവേഷാമപിവസ്തൂനാം കിഷ്കുരേവാഥവാമതഃ" 'കിഷ്കുസർവത്രപൂജിതഃ' എന്നുംമററുമുള്ള പൂർവ്വതന്ത്രബഹുമതിയേയും ശിഷ്ടാചാരനിഷ്ഠയേയും സൂചിപ്പിച്ചിരിക്കുന്നു.

മൂ:— സ്വസ്വോക്തമാനാദുപരിപ്രതിഷ്ഠം
സർവന്നചേഷ്ടം ക്ഷിതിപാദികാനാം
അധസ്ഥമാനം സകലം ക്രമേണ
വൈശ്യക്ഷിതീശ ദ്വിജവർണ്ണയോഗ്യം. ൧

| അന്വയം. | അർത്ഥം. |
|---|---|
| സ്വസ്വോക്തമാനാൽ | = അവരവക്കു വിധിച്ചിട്ടുള്ളതല്ലാതെ സ്വസ്വോക്തമായ മാനത്തിൽനിന്നു് |
| ഉപരിപ്രതിഷ്ഠം സർവം ച | = മേലുള്ളവക്കുവിധിക്കപ്പെട്ട കോലുകളൊന്നും |

ക്ഷിതിപാദികാനാം = രാജാക്കന്മാർ തുടങ്ങിയുള്ളവൎക്കു
ന ഇഷ്ടം = ശുഭമെന്നു വിചാരിക്കുന്നില്ല.
അധസ്ഥമാനം = കീഴിലുള്ളവൎക്കു വിധിച്ചിട്ടുള്ള
കോൽ
സകലം ക്രമേണ = എല്ലാവും ക്രമേണ
വൈശ്യക്ഷിതീശ = വൈശ്യർ ക്ഷത്രിയർ ബ്രാഹ്മണർ
ദ്വിജവൎണ്ണയോഗ്യം = ഇവൎക്കു യോഗ്യമാകുന്നു.

സാ—അവരവൎക്കു പറഞ്ഞിരിക്കുന്ന കോൽ അല്ലാതെ ഉപരിവൎണ്ണങ്ങൾക്കു പറയപ്പെട്ട യാതൊരുകോലും ക്ഷത്രിയൎക്കും വൈശ്യൎക്കും ശൂദ്രൎക്കും ശുഭമല്ല. എങ്ങിനെയെന്നാൽ ബ്രാഹ്മണൎക്കു വിധിക്കപ്പെട്ട ധനുർഗ്രഹവും പ്രകീൎണ്ണവും ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ ഈ മൂന്നു വൎണ്ണങ്ങൾക്കും ശുഭമല്ല. ക്ഷത്രിയൎക്കു വിധിക്കപ്പെട്ട വൈപുല്യവും ധനുർമ്മുഷ്ടിയും വൈശ്യർ, ശൂദ്രർ ഈ രണ്ടു വൎഗ്ഗത്തിനും ശുഭമല്ല. വൈശ്യന്മാൎക്കു പറകപ്പെട്ട പ്രാജാപത്യവും വൈദേഹവും ശൂദ്രൎക്കു ഹിതമല്ല. തങ്ങളിൽനിന്നു താഴെയുള്ളവൎക്കു വിധിച്ചിരിക്കുന്ന കോൽ വൈശ്യന്മാൎക്കും രാജാക്കന്മാൎക്കും ബ്രാഹ്മണൎക്കും ശുഭമാകുന്നു. എങ്ങിനെയെന്നാൽ ശൂദ്രൎക്കു വിധിച്ചിരിക്കുന്ന കിഷ്കുവും പ്രാച്യവും വൈശ്യർ, ക്ഷത്രിയർ, ബ്രാഹ്മണർ ഇവൎക്കു ശുഭമാകുന്നു. വൈശ്യന്മാൎക്കു വിധിച്ചിരിക്കുന്ന പ്രാജാപത്യവും വൈദേഹവും ക്ഷത്രിയർ ബ്രാഹ്മണർ ഈ രണ്ടു വൎഗ്ഗക്കാൎക്കും ശുഭമാകുന്നു. രാജാക്കന്മാൎക്കു വിധിച്ചിട്ടുള്ള വൈപുല്യം, ധനുർമ്മുഷ്ടി ഈ രണ്ടു മാനങ്ങളും ബ്രാഹ്മണൎക്കു ശുഭമാകുന്നു.

മൂ— യവോദരൈരഷ്ടഭിരുന്മിതം യ-
ന്മാത്രാംഗുലം തൽ കഥിതം വരിഷ്ഠം
ക്രമേണ സപ്താംഗ യവോദരൈൎവ്വാ-
തന്മദ്ധ്യമം ചാധമസംജ്ഞിതം ച. ൮

അന്വയം. അൎത്ഥം.

യൽ മാത്രാംഗുലം അഷ്ടഭിഃ = യാതൊരു മാത്രാംഗുലം എട്ടു
യവോദരൈഃ ഉന്മിതം = യവംകൊണ്ടുണ്ടാക്കപ്പെട്ടു
തൽ വരിഷ്ഠം കഥിതം = അതുവരിഷ്ഠമെന്നുകഥിതമാകുന്നു
ക്രമേണസപ്താംഗയവോദരൈഃ= ക്രമേണ ഏഴും ആറും യവം
(കൊണ്ടു
യൽ ഉന്മിതം = യാതൊന്നു ഉണ്ടാക്കപ്പെട്ടുവോ
തൽമദ്ധ്യമംഅധമസംജ്ഞിതംച= അതു് മദ്ധ്യമമായും അധമമാ
യും തീരും.

സാ—എട്ടു് യവംകൊണ്ടു മുൻപറകപ്പെട്ട അംഗുലം ഉത്തമമാകുന്നു. ഏഴു് യവപ്രമാണംകൊണ്ടു സിദ്ധിക്കുന്ന അംഗുലം മദ്ധ്യമവും ആറു യവപ്രമാണംകൊണ്ടു സിദ്ധിക്കുന്ന അംഗുലം അധമവും ആണു്. ഇങ്ങിനെ പരമാണുവിൻെറ ക്രമവൃദ്ധികൊണ്ടു് ലഭ്യങ്ങളായ യവങ്ങളുടെ യോഗവിശേഷംകൊണ്ടു് ഉത്തമ, മദ്ധ്യമ, അധമങ്ങളായിട്ടു് അംഗുലങ്ങളും മൂന്നുവിധം പറകപ്പെട്ടു. ഇനിയും പ്രകാരാന്തരേണ അംഗുലങ്ങളെത്തന്നെ പറയുന്നു.

മൂ. ഷാഷ്ടികശാല്യുദരൈരഷ്ടാദ്യംശൈർവരാംഗുലാദ്യാവാ
തച്ഛാല്യായതജലനിധിസാർദ്ധത്രിതയത്രിസമ്മിതൈർവാപി.

| അന്വയം. | അർത്ഥം. |
|---|---|
| അഷ്ടാദ്യംശൈഃ | = എട്ടും ഏഴും ആറും |
| ഷാഷ്ടികശാല്യുദരൈഃ | = ചെന്നെല്ലിൻ പ്രമാണംകൊണ്ടും |
| വരാംഗുലാദ്യാഃ ഭവേയുഃ | = ഉത്തമ മദ്ധ്യമ അധമങ്ങളായ അംഗുലങ്ങൾ ഭവിക്കും. |
| തച്ഛാല്യായതജലനിധിസാർദ്ധത്രിതയത്രിസമ്മിതൈഃ | = ആ നവരനെല്ലിൻെറ ആയതം നാലുകൊണ്ടും മൂന്നരകൊണ്ടും മൂന്നുകൊണ്ടും |
| വരാംഗുലാദ്യാഃ വാ അപി | = വരാംഗുലാദ്യങ്ങൾ ഭവിക്കും |

സാ—എട്ടു നവരനെല്ലുകൂടിയതു് ഉത്തമാംഗുലവും ഏഴു നവരനെല്ലുകൂടിയതു മദ്ധ്യമാംഗുലവും ആറു നവരനെല്ലിൻപ്രമാണം അധമാംഗുലവും ആകുന്നു. നാലു നവരനെല്ലിൻെറ നീളം കൂടിയതു് ഉത്തമാംഗുലവും മൂന്നരനെല്ലിൻെറ നീളംകൊണ്ടു് മദ്ധ്യമാംഗുലവും മൂന്നുനെല്ലിൻെറ നീളംകൊണ്ടു് അധമാംഗുലവും സിദ്ധമാകുന്നു.

മൂ— നവധേത്യുദിതാംഗുലിപ്രഭേദാ-
ന്നവധാ തത്ര കരാസ്സ്യുരുത്തമാദ്യാഃ
അഥതേംഗുലവൃദ്ധിതോഷ്ടധോക്തൈഃ
കരഭേദൈസ്സഹിതാ ദ്വിസപ്തതിസ്സ്യുഃ.

| അന്വയം. | അർത്ഥം. |
|---|---|
| ഇതി നവധാ | = ഇങ്ങനെ ഒൻപതുവിധം |
| ഉദിതാംഗുലിപ്രഭേദാൽ | = പറകപ്പെട്ട അംഗുലിഭേദത്തിൽ നിന്നു് |
| തത്ര ഉത്തമാദ്യാഃ കരാഃ | = അവിടെ ഉത്തമാദികളായ കോലുകൾ |
| നവധാസ്സ്യുഃ | = ഒൻപതുപ്രകാരമായിത്തീരുംമ്പോളും |
| അഥ തേ | = പിന്നീടു് അതുകൾ |

| | |
|---|---|
| അംഗുലവൃദ്ധിതഃ | = അംഗുലവൃദ്ധികൊണ്ടു് |
| അഷ്ടധാ ഉക്തൈഃ | = എട്ടുവിധത്തിൽ പറകപ്പെട്ട |
| കരഭേദൈഃ സഹിതാഃ | = കരഭേദങ്ങളോടുകൂടിയിട്ടു് |
| ദ്വിസപ്തതി സ്യുഃ | = എഴുപത്തിരണ്ടുവിധങ്ങളായി ത്തീരും |

സാ—എട്ടു യവപ്രമാണംകൊണ്ടും എട്ടു നവരനെല്ലിൻപ്രമാണംകൊണ്ടും നാലു നവരനെല്ലിൻെറ നീളംകൊണ്ടും ഉത്തമാംഗുലം മൂന്നുവിധം പറകപ്പെട്ടു. ഏഴു യവപ്രമാണംകൊണ്ടും ഏഴു നവരനെല്ലിടകൊണ്ടും മൂന്നര യവത്തിൻെറ നീളംകൊണ്ടും മദ്ധ്യമാംഗുലവും മൂന്നുവിധം പറഞ്ഞുകഴിഞ്ഞു. ആറു യവമാത്ര കൊണ്ടും ആറു നവരനെല്ലിടകൊണ്ടും മൂന്നു നെല്ലിൻെറ നീളം കൊണ്ടും അധമാംഗുലവും മൂന്നുതരത്തിൽ പറഞ്ഞിരിക്കുന്നു. ഈ അംഗുലങ്ങളെ ആശ്രയിച്ചു് കരങ്ങളും ഉത്തമങ്ങളായും മദ്ധ്യമങ്ങളായും അധമങ്ങളായും ഓരോന്നും മുമ്മൂന്നുവിധമായിത്തീരുന്നു. എങ്ങനെയെന്നാൽ ഉത്തമാംഗുലംകൊണ്ടു് ഉണ്ടാകുന്ന മുഴക്കോൽ മൂന്നുവിധം. മദ്ധ്യമാംഗുലങ്ങൾകൊണ്ടുണ്ടാകുന്ന മുഴക്കോൽ മൂന്നുവിധം. അധമാംഗുലംകൊണ്ടുണ്ടാകുന്ന മുഴക്കോൽ മൂന്നുവിധം. ഇങ്ങിനെ വിതസ്തി ഇരട്ടിച്ചുകിട്ടിയ കിഷ്കു അല്ലെങ്കിൽ മുഴക്കോൽ ഒമ്പതുവിധമായിത്തീരുന്നു. ഇവ ഓരോന്നും ഇരുപത്തുനാലുതുടങ്ങി മുപ്പത്തൊന്നുവരെ ഓരോരോ അംഗുലങ്ങളെ വർദ്ധിപ്പിച്ചു് എട്ടുവിധം പറകപ്പെട്ട ഭേദത്തെ ആശ്രയിക്കുമ്പോൾ ആകെ കരങ്ങൾ എഴുപത്തിരണ്ടുവിധമായിത്തീരുന്നു.

ഇനി കിഷ്കുവിൻെറ പ്രാമാണ്യത്തെ ഒന്നുകൂടി ദൃഢീകരിക്കുന്നു്

മൂ— ആദൌ ചതുർവിംശതിസമ്മിതൈര്യോ-
മാത്രാംഗുലൈരേവ കരഃ പ്രതിഷ്ഠഃ
സർവ്വത്രപൂജ്യോ മതഭേദതോന്യേ
സർവേപിച കാപി യഥാർഹമിഷ്ടാഃ.

അന്വയം. അർത്ഥം.

| | |
|---|---|
| ആദൌ മാത്രാംഗുലൈഃ | = ആദിയിൽ മാത്രാംഗുലങ്ങൾ |
| ചതുർവിംശതിസമ്മിതൈഃ | = ഇരുപത്തിനാലുകൂടിയതുകൊണ്ടു |
| യഃ കരഃ പ്രതിഷ്ഠഃ | = യാതൊരുകരം (കോൽ) പറകപ്പെട്ടു |
| സഃ സർവത്ര പൂജ്യഃ | = അതു് എല്ലായിടത്തുംപൂജ്യമാകു |
| അന്യേ സർവേ അപി ച | = മററുള്ള എല്ലാ കരങ്ങളും (നു |
| മതഭേദതഃ | = മതത്തെ ആശ്രയിച്ചു് |

യഥാർഹം = യോഗ്യതയ്ക്കുതക്കവണ്ണം
കപാപി ഇഷ്ടാഃ = ചിലേടത്തു് ഇഷ്ടങ്ങളാകുന്നു

സാ—ഇരുപത്തുനാലു അംഗുലങ്ങളെക്കൊണ്ടു് ആദ്യമായിപ്പറഞ്ഞിട്ടുള്ളമാനം എല്ലാജാതിക്കുംഎല്ലായിടത്തും ശുഭമാകുന്നു. അംഗുലവൃദ്ധികൊണ്ടും മററും പറകപ്പെട്ട മററുള്ള കോലുകൾ "ഭൂസുരകാര്യേനിലയേ" ഇത്യാദി വർണ്ണാന്തരങ്ങളിലും മററും യോഗ്യതയ്ക്കു തക്കവണ്ണം ചിലടത്തുമാത്രം ഇഷ്ടമാകുന്നു.

മൂ— സുരാലയേ സമസ്താന്യപ്യഭീഷ്ടാനി യഥോചിതം
അശ്രേഷ്ഠമദ്ധ്യമാനാനി ചാംഗുലോത്ഥാനി ച കപചിൽ.

അന്വയം. അർത്ഥം.

അംഗുലോത്ഥാനി = അംഗുലഭേദംകൊണ്ടുണ്ടായ
അശ്രേഷ്ഠമദ്ധ്യമാനാനി = അധമവും മദ്ധ്യമവുമായ കോലുകൾ
സമസ്താനി = എല്ലാവും
കപചിൽ സുരാലയേ = ചില ദേവാലയങ്ങളിൽ
യഥോചിതം അഭീഷ്ടാനി = യോഗ്യതയനുസരിച്ചു് ഇഷ്ടമാണു്.

സാ—അംഗുലാദികളുടെ ഭേദംകൊണ്ടു് മദ്ധ്യമമായും അധമമായും കോൽ പറയപ്പെട്ടുവല്ലോ. ഇതുകളും ചില ഘട്ടങ്ങളിൽ ദേവാലയോചിതങ്ങളായ കാര്യങ്ങളിൽ സ്വീകരിക്കാവുന്നതാണു്.

## ഹസ്താദികളെക്കൊണ്ടു ചുററു നിശ്ചയിക്കേണ്ട ക്രമം.

മൂ— ഹസ്തൈരേവഗൃഹാദ്യമുക്തമുദിതം കുത്രാപി മാത്രാംഗുലൈ
രത്യാവശ്യകതോ യവൈരപി പരീണാഹശ്ച ഗത്യാദിച
മാനുഷ്യേഷ്വ തുബാഹ്യ ഗേഹഗതിനിഷ്ഠാദേ ചതുർഹസ്തകോ
ദണ്ഡോയഷ്ടിരിതിസ്മൃതോഷ്ടഗുണിതോദണ്ഡോത്രരജ്ജുർഭവേൽ.

അന്വയം. അർത്ഥം.

ഹസ്തൈഃ ഏവ = കോൽപ്രധാനമായിട്ടുതന്നെ
ഗൃഹാദ്യം ഉക്തം = വീടു മുതലായതിൻെറ അളവു് പറകപ്പെട്ടിരിക്കുന്നു.
കുത്രാപി = ചിലേടത്തു്
മാത്രാംഗുലൈഃ = അംഗുലങ്ങൾകൊണ്ടും
ഉക്തം = പറകപ്പെട്ടിരിക്കുന്നു
പരീണാഹം ച ഗത്യാദി ച = ചുററിൻെറ അളവും ഗതിയും

അത്യാവശ്യകതഃ = കോൽകൊണ്ടും അംഗുലംകൊണ്ടും അളക്കുന്നതിനു നിവൃത്തിയില്ലാതെ വരുമ്പോൾ
യവൈഃ അപി = യവങ്ങളെക്കൊണ്ടും
ഉദിതം = പറകപ്പെട്ടിരിക്കുന്നു
മാനുഷ്യേഷു തു = മനുഷ്യസംബന്ധികളായ ആലയാദികളിൽ
ബാഹ്യഗേഹഗതിനിഷ്ഠാദൗ = വെളിയിലുള്ള ഉപാലയാദികളുടെ മാററത്തിൻേറയും സീമയുടേയും നിയമത്തിൽ
ചതുർഹസ്തകഃ ദണ്ഡഃ = നാലുകോൽ ഒരു ദണ്ഡാകുന്നു
യഷ്ടിഃ ഇതി സ്മൃതഃ = ഇതു് യഷ്ടിയെന്നും പറകപ്പെട്ടിരിക്കുന്നു
അഷ്ടഗുണിതഃ ദണ്ഡഃ = എട്ടുദണ്ഡളവു്
രജ്ജുഃ ഭവേൽ = രജ്ജുവായിഭവിക്കും

സാ—ശാലകൾ അങ്കണം പര്യന്തം വാപീകൂപാദികൾ, മുതലായവ 'കോൽ' കൊണ്ടുതന്നെ അളന്നു ചുററു നിശ്ചയിച്ചുകൊള്ളണം. ചിലെടത്തു് അതായതു് വാതിൽ, പീഠം മുതലായതുകൾക്കു് അംഗുലംകൊണ്ടാണു് ചുററുനിശ്ചയിക്കേണ്ടതു്. കാലുകളുടെ വിപര്യയസ്ഥിതി മുതലായ അസൗകര്യങ്ങൾ നേരിടുന്ന ഘട്ടത്തിൽ ഗതിയും 'യവം'കൊണ്ടു് വച്ചുകൊള്ളണം. പ്രതിമാദികളുടെ ചുററുമുതലായതും മിക്കവാറും 'യവം' കൊണ്ടുതന്നെ കല്പിക്കേണ്ടതാണു്. എന്നാൽ 'കോൽ'കൊണ്ടും 'അംഗുലം'കൊണ്ടും 'യവം'കൊണ്ടും യഥായോഗ്യം ചുററുമുതലായതിനെ നിശ്ചയിച്ചുകൊള്ളണമെന്നു സാരം. മനുഷ്യാലയങ്ങളിൽ വെളിക്കുള്ള പടിപ്പുര, തൊഴുത്തു മുതലായതിൻെറ മാററത്തേയും പറമ്പിൻെറ സീമയെ (അതിരിനെ)യും നിശ്ചയിക്കുന്നതിനുള്ള ദണ്ഡുകോലിൻെറ നീളം 'നാലുകോൽ' അളവാണു്. ഈ 'ദണ്ഡി'നെ യഷ്ടിയെന്നും പറയും. എട്ടു ദണ്ഡു കൂടിയതു രജ്ജുവെന്നും പറകപ്പെടുന്നു.

മൂ—താലാദ്യൈഃ പ്രതിമാദികം ഖലുയവൈർമ്മേയഞ്ച ഭൂഷാദികം
ക്ഷൗമപ്രാവരണാംശുകാദിപരിമേയം സ്യാദചിതസ്ത്യാതഥാ
ശസ്ത്രാദ്യംതദനാമികാംഗുലിയുഗേനൈവഞ്ചതദപ്യാസതോ-
മുഷ്ട്യായാഞ്ജികഭാജനാനിയജ്ഞമാനസ്യാന്യദംഘ്ര്യാദിനാ.

അന്വയം. അർത്ഥം.

പ്രതിമാദികം = പ്രതിമ മുതലായതു്
താലാദ്യൈഃഖലു = താലം, യവം മുതലായതുകൊണ്ടുതന്നെ

| | |
|---|---|
| മേയം | = അളക്കപ്പെടേണ്ടതാണ്. |
| ഭൂഷാദികം | = ആഭരണാദികൾ |
| യവൈഃ ച മേയം | = യവങ്ങളെക്കൊണ്ടും അളക്കേണ്ടതാണ് |
| ക്ഷൗമപ്രാവരണാംശുകാദി പരിമേയം | = പട്ട്, പുതപ്പ്, വസ്ത്രം മുതലായതുകളുടെ അളവ് |
| തഥാ വിതസ്ത്യാസ്യാൽ | = അപ്രകാരം വിതസ്തികൊണ്ടു ഭവി |
| ശാസ്ത്രാദ്യം | = ആയുധസാധനാദികൾ (ക്രമം |
| രനാമികാംഗുലിയുഗേന | = അവരുടെ രണ്ടു അണിവിരൽപ്രമാണംകൊണ്ടു |
| മേയം | = അളക്കപ്പെടേണ്ടതാണ് |
| ഏവം തദ്വ്യാസതഃ ച | = ഇപ്രകാരം ആ അണിവിരലിൻെറ വിസ്താരംകൊണ്ടും |
| മേയം | = അളക്കാവുന്നതാണ് |
| യാജ്ഞികഭാജനാനി | = യാഗസംബന്ധങ്ങളായ പാത്രങ്ങൾ |
| യജമാനസ്യ മുഷ്ട്യാ | = യാഗകർത്താവിൻെറ മുഷ്ടിപ്രമാണം കൊണ്ട് |
| അന്യൽ അംഘ്ര്യാദിനാ | = മററുള്ളത് അടിപ്രമാണംകൊണ്ടും |
| മേയം | = അളക്കേണ്ടതാണ്. |

സാ:—പ്രതിമയുടെ അളവു താലംകൊണ്ടു ചെയ്യേണ്ടതാണ്: ബിംബത്തിൻെറ ഉയരത്തെ നൂററിഎട്ടായി ഭാഗിച്ചതിൽ ഒരു ഭാഗം അംഗുലവും പന്ത്രണ്ടുഭാഗം താലവുമാണ്. അംഗുലത്തിൻെറ എട്ടിലൊന്ന് യവമാകുന്നു. ഇതുകളെക്കൊണ്ടാണ് ബിംബം വാഹനം മുതലായവയുടെ അവയവം മുതലായതു നിശ്ചയിക്കേണ്ടതു്. ആഭരണാദികളെ യവംകൊണ്ടും; പുതപ്പ്, പട്ട് വസ്ത്രം ഇവയെ വിതസ്തി (മുഴം)കൊണ്ടും; വാൾ, കഠാരി മുതലായ ആയുധങ്ങൾ അവരുടെ രണ്ടണിവിരൽപ്രമാണംകൊണ്ടും അല്ലെങ്കിൽ അതിൻെറ വിസ്താരംകൊണ്ടും യാഗത്തിനുള്ള സ്രുവാദികളായ പാത്രങ്ങൾ, യാഗംചെയ്യുന്നയാളിൻെറ മുഷ്ടികൊണ്ടും യഥാക്രമം അളക്കേണ്ടതാണ്. മററുള്ള ചില സാധനങ്ങൾ അവരവരുടെ അടിപ്രമാണംകൊണ്ടും അളന്നുകൊള്ളേണ്ടതാണ്.

## ഗ്രാമാദികളുടെ ലക്ഷണം.

മൂ— ദ്വിജഭവനാദിബഹുതാൽ ഗ്രാമാദ്യാസ്സംഭവന്തിബഹുഭേദാ
ഉത്തമമദ്ധ്യാധമതാ മാനവിശേഷൈശ്ചസംഭവേദേഷാം.

അന്വയം. അത്ഥം.

ദ്വിജഭവനാദിബഹുത്വാൽ = ബ്രാഹ്മണർ മുതലായവരുടെ വീട്ടുകളുടെ ആധിക്യംകൊണ്ടു്

ഗ്രാമാദ്യാഃ = ഗ്രാമം മുതലായവ

ബഹുഭേദാഃ സംഭവന്തി = പലവിധങ്ങളായിത്തീരുന്നു.

ഏഷാം മാനവിശേഷൈഃ ച = ഇതുകൾക്കു് അളവിന്റെ വ്യത്യാസംകൊണ്ടു്

ഉത്തമമദ്ധ്യാധമതാ = ഉത്തമം, മദ്ധ്യമം, അധമം എന്നുള്ള ഭേദവും

സംഭവേൽ = സംഭവിക്കും

സാ—ബ്രാഹ്മണർ തുടങ്ങിയുള്ളവരുടെ ഭവനത്തിന്റെ ആധിക്യംകൊണ്ടും മററും ഗ്രാമപുരനഗരാദികൾക്കു പല ഭേദങ്ങളുമുണ്ടു്. അളവിന്റെ വലിപ്പച്ചെറുപ്പമനുസരിച്ചു് ഈ ഗ്രാമാദികൾ ഉത്തമമായും മദ്ധ്യമമായും അധമമായും തീരുന്നു.

മൂ— യോജനമിതചതുരശ്രം ഭൂഭാഗം ഗ്രാമമുത്തമംപ്രാഹുഃ
മദ്ധ്യമമർദ്ധമിതം പാദമിതം പ്രായശോധമംഗ്രാമം. ൧൩

അന്വയം. അത്ഥം.

യോജനമിത ചതുരശ്രം = ഒരു യോജന ചതുരശ്രമുള്ള

ഭൂഭാഗം = ഭൂപ്രദേശത്തെ

ഉത്തമം ഗ്രാമം പ്രാഹുഃ = ഉത്തമമായ ഗ്രാമമെന്നുപറയുന്നു

അർദ്ധമിതം മദ്ധ്യമം = അരയോജന അളവുള്ളതു് മദ്ധ്യമമാണു്.

പാദമിതം ഗ്രാമം = കാൽയോജന അളവുള്ള ഗ്രാമം

പ്രായശഃ അധമം = മിക്കവാറും അധമമാണു്.

സാ—ഉത്തമഗ്രാമത്തിനു് ഒരു യോജന ചതുരശ്രമാനമുണ്ടായിരിക്കണം. അരയോജന ചതുരശ്രമുള്ളതു മദ്ധ്യമവും കാൽയോജന ചതുരശ്രമുള്ളതു് അധമവുമാണു്.

മൂ— നഗരസ്യ സഹസ്രാദി ദ്വിസഹസ്രാന്തഃഖണ്ഡമാനം സ്യാൽ
പത്തനസംജ്ഞം തദ്വൽ പോതാന്വിതവാരിധീതടോപേതം.

അന്വയം. അത്ഥം.

നഗരസ്യ = നഗരത്തിനു്

സഹസ്രാദിദ്വിസഹസ്രാന്തം = ആയിരംമുതൽ രണ്ടായിരംവരെ

ഖണ്ഡമാനം സ്യാൽ = ഖണ്ഡളവു ഭവിക്കണം

ന്ന

തദ്വൽ = അതുപോലെ
പോതാന്വിതവാരിധീതടോ- = കപ്പലടുക്കുന്നതിനുചിതമായ
പേതം സമുദ്രതീരത്തോടുകൂടിയ
ഭൂഭാഗം പത്തനസംജ്ഞം = ഭൂപ്രദേശം പത്തനമാകുന്നു.

സാ—നഗരത്തിനു രണ്ടായിരം ദണ്ഡു് അളവുണ്ടെങ്കിൽ ഉത്തമവും ആയിരത്തിഅഞ്ഞൂറു ദണ്ഡളവുള്ളതു് മദ്ധ്യമവും ആയിരം ദണ്ഡളവുള്ളതു് അധമവുമാണു്. പത്തനത്തിനും ദണ്ഡളവിന്റെ ക്രമം ഇതുപോലെതന്നെ. വിശേഷിച്ചു കപ്പലടുക്കുന്നതിനു സൗകര്യമുള്ള കടൽതീരംകൂടി ഉണ്ടായിരിക്കണം.

മൂ—പുരമിതിനരവരഭവനം പ്രധാനമാഹുർവ്വണിക്ജനാദിയുതം
നഗരംരാജവരാലയ സകലജനാഗാരമണ്ഡിതം വിദിതം

അന്വയം. അർത്ഥം.
നരവരഭവനപ്രധാനം =രാജഭവനംകൊണ്ടു പ്രധാനമായും
വണിക്ജനാദിയുതം = കച്ചവടക്കാർ മുതലായവരോടുകൂ
ഭൂഭാഗം = ഭൂപ്രദേശത്തെ (ടിയുമിരിക്കുന്ന
പുരം ആഹുഃ =പുരമെന്നു പറയുന്നു.
രാജവരാലയസകല- = രജാക്കന്മാരുടെ കൊട്ടാരങ്ങളോ
ടും സ
ജനാഗാരമണ്ഡിതം = കലജാതി ജനഭവനങ്ങളോടുംകൂ
ഭൂഭാഗം = ഭൂഭാഗം (ടിയ
നഗരം വിദിതം = നഗരമെന്നുപ്രസിദ്ധമാകുന്നു.

സാ:—മഹാരാജാക്കന്മാരുടെ കൊട്ടാരങ്ങളാൽപ്രസിദ്ധവും കച്ചവടക്കാരായ വൈശ്യന്മാരോടുകൂടിയുമിരിക്കുന്ന സ്ഥലത്തെ പുരമെന്നുപറയുന്നു. രാജാക്കന്മാരും മററുള്ള സകലജാതിക്കാരുംകൂടി പാക്കുന്നസ്ഥലത്തിനു നഗരമെന്നു പറയപ്പെടുന്നു.

മൂ—ഏകമേവദ്വിജാഗാരം തൽകുഡുംബസമന്വിതം
ഏകഭോഗംഭവേൽഗ്രാമം തൽഭൃത്യായതനാവൃതം. ൧൯

അന്വയം. അർത്ഥം.
തൽകുടുംബസമന്വിതം =അവരവരുടെകുടുംബജനങ്ങളോടും
തൽഭൃത്യായതനാവൃതം = അവരവരുടെ ഭൃത്യജനങ്ങളുടെ വീ
(ടുകളോടുകൂടി
ഏകഭോഗം = ഒരാളിന്റെ അനുഭവത്തിൽ
ഏകം ഏവ = ഒററയായിട്ടുള്ള ബ്രാഹ്മണഭവനം
ഗ്രാമംഭവേൽ = ഗ്രാമമായി ഭവിക്കും.

സാ:—ഭാര്യ, പുത്രൻ മുതലായ ബന്ധുജനങ്ങളോടും രക്ഷണീയസ്ഥാനത്തു് ഭൃത്യനിവാസത്തോടുംകൂടി ഒരാളിന്റെ സംര

ക്ഷണയിലുള്ള ഒരു ബ്രാഹ്മണഭവനവും ഗ്രാമമാകുന്നു. ഇതു് കേരളഗ്രാമത്തിൻെറ ലക്ഷണമാണു്.

മൂ—ഉത്തരയുഗബാഹ്യാന്തോ മന്ദിരവിസ്താരഏവദേവഗൃഹേ
ശ്രേഷ്ഠോദണ്ഡസ്തദ്വജ്ജഗതീപ്രാന്താവസാനീകോമദ്ധ്യഃ.
മൂ—പാദുകയുഗളാവധികോദണ്ഡഃ പ്രോക്തോധമസ്സുരാഗാരേ
പ്രാസാദാൽബഹിരേതൈൎമ്മൎയ്യാദാഃ പഞ്ചതത്രകല്പ്യാസ്സ്യുഃ.൨൫

| അന്വയം. | അൎത്ഥം. |
|---|---|
| ദേവഗൃഹേ | = ദേവാലയത്തിൽ |
| ഉത്തരയുഗബാഹ്യാന്തഃ | = രണ്ടുത്തരപ്പുറംവരെയുള്ള |
| മന്ദിരവിസ്താരഃ | =പ്രാസാദത്തിൻെറവിസ്താരംതന്നെ |
| ശ്രേഷ്ഠഃ ദണ്ഡഃ | = ഉത്തമമായ ദണ്ഡമാകുന്നു. |
| തദ്വൽ | = അതുപോലെ |
| ജഗതീപ്രാന്താവസാനികഃ | = ജഗതിയുടെ പുറംവരെയുള്ളതു് |
| മദ്ധ്യഃ | = മദ്ധ്യമമായ ദണ്ഡാകുന്നു. |
| പാദുകയുഗളാവധികഃ | = പാദുകപ്പുറംവരെയുള്ള |
| ദണ്ഡഃഅധമഃപ്രോക്തഃ | = ദണ്ഡു് അധമമെന്നു പറയപ്പെട്ടി |
| സുരാഗാരേ | = ദേവാലയത്തിൽ (രിക്കുന്നു |
| പ്രാസാദാൽ ബഹിഃ | = ശ്രീകോവിലിനു വെളിയിൽ |
| ഏതൈഃ | = ഈ ദണ്ഡുകൊണ്ടു് |
| പഞ്ച മൎയ്യാദാഃ | = അഞ്ചുമൎയ്യാദകൾ (സീമകൾ) |
| കൽപ്യാഃ സ്യുഃ | = കല്പിക്കേണ്ടതാണു്. |

സാ:—ദേവാലയങ്ങളിൽ ശ്രീകോവിലിൻെറ വിസ്താരം ഉത്തമദണ്ഡും, ജഗതിപ്പുറംവരേയുള്ള വിസ്താരം മദ്ധ്യമദണ്ഡും, പാദുകപ്പുറം വരെയുള്ളതു് അധമദണ്ഡുമാണു്. ഇതിൽ ഒരു ദണ്ഡു കൊണ്ടു ശ്രീകോവിലിനു വെളിയിലുള്ള അന്തൎമ്മണ്ഡലം, അന്തഹാര, മദ്ധ്യഹാര, ബാഹ്യഹാര, മൎയ്യാദ ഇവയുടെ അതിൎത്തി(മാററം) നിശ്ചയിക്കേണ്ടതാണു്.

## ധ്വജാദിയോനിഭേദങ്ങൾ.

മൂ— ധ്വജധൂമസിംഹകുക്കര വൃഷഖരഗജവായസാഃ ക്രമേണസ്യുഃ
പ്രാഗാദിയോനയോഷ്ടൗതേഷ്വയുജസ്സമ്പദേയുജോവിപദേ.

| അന്വയം | അൎത്ഥം. |
|---|---|
| ധ്വജധൂമസിംഹകുക്കരവൃഷ-ഖരഗജവായസാഃ | = ധ്വജം, ധൂമം, സിംഹം, കുക്കരം വൃഷം, ഖരം, ഗജം, വായസം ഇങ്ങിനെ |

അഷ്ടൌ യോനയഃ = എട്ടുയോനികൾ
പ്രാഗാദി = കിഴക്കുതുടങ്ങി
ക്രമേണ സ്യുഃ = ക്രമേണഭവിക്കും
തേഷു അയുജഃ = അതുകളിൽ ഒററപ്പെട്ടവ
സമ്പദേ = സമ്പത്തിനായും
യുജഃ വിപദേ = ഇരട്ടപ്പെട്ടവവിപത്തിന്നായും ഭവിക്കും.

സാ:—കിഴക്കേദിക്കിൽ ധ്വജയോനിയും അഗ്നികോണിൽ ധൂമയോനിയും തെക്കേദിക്കിൽ സിംഹയോനിയും നിരൃതികോണിൽ കുക്കുരയോനിയും പടിഞ്ഞാറു വൃഷയോനിയും വായുകോണിൽ ഖരയോനിയും വടക്ക ഗജയോനിയും ഈശകോണിൽ കാകയോനിയുമാണു് വിധിച്ചിട്ടുള്ളതു്. ഇവയിൽ ഒന്നു്, മൂന്നു്, അഞ്ചു്, ഏഴ്, ഈ ഒററപ്പെട്ട യോനികൾ ഐശ്വൎയ്യകരങ്ങളും, രണ്ടു് നാലു് ആറു് എട്ടു് ഈ എരട്ടപ്പെട്ട യോനികൾ അശുഭകരങ്ങളുമാകുന്നു. "വിഷമായശ്ശുഭപ്രോക്താഃ സമായശ്ശോകദുഃഖദഃ" ഇത്യാദി മററുഗ്രന്ഥങ്ങളാലും സ്പഷ്ടമാണു്. യോനിനാമം ഏകയോനി ദ്വയയോനി എന്നിങ്ങനെ സംഖ്യാശബ്ദങ്ങളോടുചേൎത്തും പറഞ്ഞുവരുന്നു.

മൂ— കേതുയോനിരഭിവാഞ്ഛിതാൎത്ഥദ
സ്സാത്വികോമരഗുരുർദ്വിജോ ഭവേൽ
പൂൎവ്വദിക്ഷ്വഭിഹിതോപിസൎവ്വത-
സ്സൎവ്വദിക്ഷ്വഭിഹിതോവിശേഷതഃ. ൨൩

അന്വയം. അൎത്ഥം.

കേതുയോനി =കേതുയോനി (ഏകയോനി)
അഭിവാഞ്ഛിതാൎത്ഥദഃ = ഇഷ്ടഫലത്തെച്ചെയ്യുന്നതും
സാത്വികഃ = സത്വഗുണപ്രധാനിയും
അമരഗുരുഃദ്വിജഃഭവേൽ = വ്യാഴവും ബ്രാഹ്മണനുമാകുന്നു
പൂൎവ്വദിക്ഷു അഭിഹിതഃഅപി = കിഴക്കുവിധിച്ചിട്ടുള്ളതാണെങ്കിലും
സൎവ്വതഃ = എല്ലാവസ്ഥക്കളിലും
വിശേഷതഃസൎവ്വദിക്ഷു = വിശേഷിച്ചു എല്ലാദിക്കിലും
അഭിഹിതഃ = ഇഷ്ടമായിട്ടുള്ളതാണു്.

സാ—ഏകയോനി ഇഷ്ടഫലത്തെചെയ്യുന്നതും സത്വഗുണപ്രധാനിയും വ്യാഴസ്വരൂപനും ബ്രാഹ്മണനുമാണു്. ഇതു കിഴക്ക വിധിച്ചിട്ടുള്ളതാണെങ്കിലും എല്ലാദിക്കുകളിലേക്കും എല്ലാ സാധനങ്ങൾക്കും ശുഭകരമാണെന്നു് സർവസമ്മതമാകുന്നു.

മൂ—സിംഹോദക്ഷിണസംസ്ഥിതഃ ക്ഷിതിസുതോലക്ഷ്മീപ്രദസ്താമ (സോ
ഭൂപോഥോവണിഗുത്തരേശുഭകരോദന്തീബുധോരാജസഃ
ശൂദ്രഃപശ്ചിമദിക്സ്ഥിതോൎക്കതനയോധാന്യപ്രദസ്താമസോ
ഗൌഃപ്രോക്തോഥവിദിക്ഷുയോനിഗദിതാസ്തത്രാപിതേനിന്ദിതാഃ

അന്വയം. അൎത്ഥം.

സിംഹഃദക്ഷിണസംസ്ഥിതഃ = സിംഹയോനിതെക്കേദിക്കിൽ സ്ഥിതിചെയ്യുന്നതും
ക്ഷിതിസുതഃലക്ഷ്മീപ്രദഃ = കുജനും ഐശ്വൎയ്യത്തെതരുന്നതും
താമസഃഭൂപഃ = തമോഗുണപ്രധാനിയുംക്ഷത്രി
ദന്തീ = ഗജയോനി (യനുമാണു്
വണിക്ഉത്തരേ = വൈശ്യനുംവടക്കേദിക്കിലുള്ളവ
ശുഭകരഃ മങ്ഗളത്തെചെയ്യുന്നതും (നും
ബുധഃ രാജസഃ = ബുധനും രജോഗുണപ്രധാനിയുമാ
ഗൌഃ = വൃഷയോനി(പശുയോനി) (ണു്
ശൂദ്രഃപശ്ചിമദിക്സ്ഥിതഃ = ശൂദ്രനും പടിഞ്ഞാറുസ്ഥിതിചെയ്യുന്നതും
അൎക്കതനയഃധാന്യപ്രദഃ =ശനിയും ധാന്യവൃദ്ധിയുണ്ടാക്കുന്നതും
താമസഃപ്രോക്തഃ = തമോഗുണപ്രധാനിയും എന്നിങ്ങനെ പറയപ്പെട്ടിരിക്കുന്നു.
അഥ വിദിക്ഷു = പിന്നീടു് കോണുകളിൽ
യോനിഗദിതാഃ = യാവചില യോനികൾവിധിക്കപ്പെ
തേ = അതുകൾ (ട്ടുവോ.
തത്ര അപിനിന്ദിതാഃ = അവിടയും നിന്ദിതങ്ങളാണു്.

സാ—സിംഹയോനിയുടെ സ്ഥിതി തെക്കേദിക്കിലാണു്. അതു് കുജസ്വരൂപനും സമ്പത്തിനെ ചെയ്യുന്നതും തമോഗുണമയവും ക്ഷത്രിയനുമാണു്. ഗജയോനി വടക്കേദിക്കിൽസ്ഥിതി ചെയ്യുന്നതും വൈശ്യനും ശുഭത്തെതരുന്നവനും രജോഗുണപ്രധാനിയും ബുധസ്വരൂപനുമാണു്. പശുയോനി ശൂദ്രജാതിയും പടിഞ്ഞാറു് സ്ഥിതിചെയ്യുന്നതും ധാന്യവൃദ്ധിയെ ഉണ്ടാക്കുന്നതും തമോഗുണപ്രധാനിയും ശനിസ്വരൂപനുമാണു്. ഇങ്ങിനെ ദിക്കുകളിലെ യോനിഭേദം പറയപ്പെട്ടു. കോണുകളിൽ ധൂമാദികളായ നാലുയോനികൾ പറഞ്ഞിട്ടുണ്ടു്. ആ യോനികൾ കോണുകളിലുള്ള ഉപാലയാദികൾക്കും കോൺഗൃഹങ്ങൾക്കുകൂടിയും ഉപയോഗിച്ചുകൂടാ.

"ബ്രാഹ്മണേഷുധ്വജോശസ്തഃ പ്രതീച്യാംകാരയേന്മുഖം
സിംഹശ്ചഭൂഭൃതാംശസ്തഉദീച്യാംചമുഖം ശുഭം."

ഇത്യാദി വചനാന്തരങ്ങളുമുണ്ടു്. അതിനാൽ ധ്വജയോനി ബ്രാഹ്മണൎക്കും, സിംഹയോനി ക്ഷത്രിയൎക്കും, ഗജയോനി വൈശ്യൎക്കും, വൃഷയോനി ശൂദ്രൎക്കും ശുഭമാണു്. ഈ ഗൃഹങ്ങളുടെ മുഖം അങ്കണമദ്ധ്യത്തിലേക്കാണു്.

മൂ—ഉദ്വേഗസ്സ്യാദ്ധൂമേ ശുനികലഹശ്ചപലതാ ഖരേ ഭവതി
ധ്വാംക്ഷേകുലഹാനിസ്സ്യാൽസൎവ്വവിദിഗ്യോനയസ്തതോനിന്ദ്യാ

| അന്വയം. | അൎത്ഥം. |
|---|---|
| ധൂമേ ഉദ്വേഗഃ സ്യാൽ | = ധൂമയോനിയിൽ ഉദ്വേഗം ഭവിക്കും. |
| ശുനികലഹഃ | = കുക്കുരയോനിയിൽ കലഹവും |
| ഖരേ ചപലതാ ച ഭവതി | = ഖരയോനിയിൽ ചാപല്യവും ഭവിക്കുന്നു |
| ധ്വാംക്ഷേ | = കാകയോനിയിൽ |
| കുലഹാനിഃ സ്യാൽ | = കുലഹാനി ഭവിക്കും |
| തതഃ | = അതിനാൽ |
| സൎവ്വവിദിഗ്യോനയഃ | = കോൺയോനികളെല്ലാം |
| നിന്ദ്യാഃ | = നിന്ദിക്കപ്പെട്ടിരിക്കുന്നു. |

സാ—ധൂമയോനി ഭയത്തേയും, കുക്കുരയോനി കലഹത്തേയും, ഖരയോനി ചാപല്യത്തേയും, കാകയോനി വംശനാശത്തേയും, ചെയ്യും "ധൂമാദ്യാവംശനാശകാഃ" എന്നു് പ്രകാശികാവചനം. അതുകൊണ്ടു ധൂമാദികളായ കോൺയോനികൾ കോണാലയങ്ങളിലാകട്ടെ കോണുകളിലുള്ള ഉപാലയങ്ങളിലാകട്ടെ ഒരിക്കലും സ്വീകരിച്ചുകൂടാ.

മൂ— പ്രാച്യാംകേതുൎവിധേയസ്സതുഭവനവിധാ-
നേഷുസച്ഛത്രശസ്ത-
ശ്ശാലായാംദക്ഷിണായാംമൃഗപതിരുദിതഃ-
കേതുയോനിശ്ചയോജ്യഃ
മാതംഗകേതുസിംഹാവപിച ധനാപതൌ-
പശ്ചിമേസ്യാദ്വൃഷോന്യേ -
കേതുസ്സിംഹോഗജശ്ചാപിച നിജനിജകോ-
ണാലയേഷ്വേവമേവ.

| അന്വയം. | അൎത്ഥം. |
|---|---|
| പ്രാച്യാംകേതുഃവിധേയഃ | = കിഴക്കു് കേതുയോനി കല്പിക്കേണ്ടതാണു്. |

സഃ തു ഭവനവിധാനേഷു = അതു് ആലയവിധാനത്തിൽ
സർവത്രശസ്തഃ = എല്ലായിടത്തും നല്ലതാകുന്നു.
ദക്ഷിണായാം ശാലായാ = തെക്കേശാലയിൽ
മൃഗപതിഃ ഉദിതഃ =സിംഹയോനിപറകപ്പെട്ടിരിക്കുന്നു
കേതുയോനിഃ ച യോജ്യഃ = കേതുയോനിയും യോജിക്കാവുന്ന(താണു്.
ധനപതൌ = വടക്കേദിക്കിൽ
മാതംഗഃയോജ്യഃ = ഗജയോനി ശുഭമാണു്.
കേതുസിംഹൌ അപിച = കേതുസിംഹയോനികളും ശുഭങ്ങളാണു്.
പശ്ചിമേ വൃഷഃ സ്യാൽ = പടിഞ്ഞാറേദിക്കിൽ വൃഷയോനി ഭവിക്കും.
അന്യേ കേതുഃ സിംഹഃ- ഗജഃ അപി ച = മററുള്ളകേതുവും, സിംഹവും, ഗജവും ശുഭങ്ങളാണു്.
നിജനിജകോണാലയേഷു- ഏവം ഏവ = തന്റെതന്റെ കോണാലയങ്ങളിലുംദിഗ്ഗ്രഹങ്ങൾക്കവിധിച്ചിട്ടുള്ള യോനികൾ സ്വീകരിക്കേണ്ടതാണു്.

സാ:—കിഴക്കേശാലയ്ക്കു് കേതുയോനി വിധിക്കപ്പെട്ടിരിക്കുന്നു. ആ കേതുയോനി എല്ലാ ശാലകളിലെന്നുമാത്രമല്ല, എവിടെയും ശുഭകരമാകുന്നു. "ധ്വജസ്സർവത്രപൂജിതഃ" എന്നും "ധ്വജശ്ശ്രേഷ്ഠതമോ മതഃ" എന്നുംമററുമുള്ള അനേകം വചനാന്തരങ്ങൾ ഇതിനെ അനുകൂലിക്കുന്നുമുണ്ടു്. തെക്കേശാലയിൽ മുൻപറഞ്ഞ ക്രമം അനുസരിച്ചു സിംഹയോനിയാണല്ലോ വിധിക്കപ്പെട്ടിട്ടുള്ളതു്: ഇവിടെ മുൻപറഞ്ഞ കേതുയോനിയും ശുഭകരമാണു്. വടക്കേദിക്കിലെശാലയ്ക്കു് പൂർവ്വോക്തപ്രകാരം ഗജയോനിയാണല്ലോ സിദ്ധിച്ചിട്ടുള്ളതു്. അതിനു കേതുയോനിയും സിംഹയോനിയുംകൂടി വിശേഷേണ സ്വീകരിക്കാവുന്നതാണു്. പടിഞ്ഞാറേദിക്കിലേക്കു വൃഷയോനിയാണു് പറഞ്ഞിട്ടുള്ളതു്. ഇവിടെ മററുള്ള എല്ലായോനികളും അതായതു്, കേതുയോനിയും സിംഹയോനിയും ഗജയോനിയും സ്വീകരിക്കാവുന്നതാണു്. ഇതിന്നു:—

"ധ്വജസിംഹൌതൌചഗജേ ഹ്യേതേഗവിശുഭപ്രദാഃ
വൃഷോ നപൂജിതോന്യത്രധ്വജസ്സർവത്രപൂജിതഃ" ധ്വജയോനിവിശേഷിച്ചു സിംഹയോനിയുടെ സ്ഥാനത്തും സിംഹയോനിയും ധ്വജയോനിയും ഗജയോനിയുടെ സ്ഥാനത്തും ഈ മൂന്നുയോനികളും ഗോയോനിയുടെ സ്ഥാനത്തും ശുഭങ്ങളാണു്. വൃ

ഷയോനി മററുള്ളവരുടെ സ്ഥാനത്തു ശുഭമല്ല; എന്നുള്ള പ്രകാശികാവചനവും ഇതുപോലെ മററു പലവചനങ്ങളും കാണുന്നു. ഇതുകൊണ്ടു് കിഴക്കേതിനു് കേതുയോനിയും, തെക്കേതിനു് കേതുയോനിയും സിംഹയോനിയും, വടക്കേതിനു കേതുയോനിയും സിംഹയോനിയും, ഗജയോനിയും, പടിഞ്ഞാറേതിനു് നാലുയോനികളും കൊള്ളാമെന്നാണു് ചുരുക്കം. ഇങ്ങിനെതന്നെ മിക്കസ്ഥലങ്ങളിലും അചാരവുമുണ്ടു്. ഇതുപോലെ നാലു ദിഗ്ഗൃഹങ്ങളിൽനിന്നുണ്ടായിട്ടുള്ള നാലുകോൺഗൃഹങ്ങൾക്കു് അതാതു ദിഗ്ഗൃഹത്തിനു് വിധിച്ചിട്ടുള്ള യോനികൾ തന്നെ സ്വീകരിക്കേണ്ടതാണു്.

മൂ—യാനാംഗാദിഷുകേതുരേവവിഹിതസ്സർവത്രശസ്തോഹ്യയം
പര്യ്യംകാദിഷുകുഞ്ജരോമൃഗപതിഃപീഠാസനാദൗഹിതഃ
ഭാണ്ഡേകൂപതടാകപഞ്ജരവിധൗയോനിർവൃഷോവാധ്വജോ-
ഥാശ്വത്ഥാദിസമസ്തകുട്ടിമവിധൗകേതുർവിധേയസ്സദാ. ൨൭

| അന്വയം. | അർത്ഥം. |
|---|---|
| യാനാംഗാദിഷു | = യാത്രയ്ക്കുപയുക്തങ്ങളായ പദാർത്ഥങ്ങളിൽ |
| കേതുഃ ഏവ വിഹിതഃ | = കേതുയോനിതന്നെ വിഹിതമാകുന്നു |
| അയം സർവ്വത്ര ശസ്തഃ ഹി | = ഇതു് എല്ലായിടത്തും ശുഭമാകുന്നുവല്ലോ. |
| പര്യ്യംകാദിഷു | = കട്ടിൽമുതലായവറ്റുകളിൽ |
| കുഞ്ജരഃ | = ഗജയോനിയും |
| പീഠാസനാദൌ | = പീഠം, ആസനം മുതലായതിൽ |
| മൃഗപതിഃ | = സിംഹയോനിയും |
| ഹിതഃ | = ഇഷ്ടമാകുന്നു. |
| ഭാണ്ഡേ | = പെട്ടിമുതലായ ഭാണ്ഡസാധനങ്ങളിലും |
| കൂപതടാകപഞ്ജരവിധൌ | = കൂപം, തടാകം, പഞ്ജരം ഇതുകളുടെ വിധിയിലും |
| വൃഷോവാധ്വജോവായോനിഃ | = വൃഷയോനിയോ ധ്വജയോനിയോഭവിക്കാം |
| അഥ | = പിന്നീട്ടു് |
| അശ്വത്ഥാദിസമസ്തകുട്ടിമവിധൌ | = അരയാൽത്തറ മുതലായതറകൾക്കു |
| സദാകേതുഃവിധേയഃ | = എല്ലായിടത്തും കേതുയോനി വിധിക്കേണ്ടതാണു്. |

സാ:—തോണി, പല്ലക്കു്, തേരു്, മുതലായ യാത്രക്കുപയോ

ഗിക്കേണ്ട വസ്തുക്കൾക്ക് കേതുയോനിയാണ് വേണ്ടതു്, ഈ കേതുയോനി എല്ലാപദാൎത്ഥങ്ങൾക്കും ഇഷ്ടമാണെന്നു ശാസ്ത്രപ്രസിദ്ധമാണ്. കട്ടിൽ, തൂക്കുമഞ്ചൽ മുതലായ 'ശയനയോഗ്യങ്ങളായ സാധനങ്ങൾക്ക് ഗജയോനി ശുഭമാകുന്നു. ശയനേഷുഗജംപുനഃ' എന്നു പ്രകാശികാവചനമുണ്ടു്. പീഠം, കൂൎമ്മാസനം മുതലായ ആസനയോഗ്യങ്ങളായ (ഇരിക്കുന്നതിനുള്ള) സാധനങ്ങൾക്കു സിംഹയോനിയാണ് വേണ്ടതു്. "മൃഗേന്ദ്രമാസനേദദ്യാൽ" എന്നാണ് വചനം. പെട്ടിമുതലായ സാധനങ്ങൾക്കും, കിണറു്, കുളം, തടാകം, പഞ്ജരം മുതലായതുകൾക്കും വൃഷയോനിയും ധ്വജയോനിയും കൊള്ളാവുന്നതാണ്. പിന്നെ അരയാൽത്തറ, മുല്ലത്തറ മുതലായവയ്ക്കു ഏകയോനിതന്നെയാണ് കൊള്ളിക്കേണ്ടതു്. യോനികളെ സംബന്ധിച്ചു പ്രകാശികയിൽ ചില വിശേഷവിധികൾ കാണുന്നുണ്ടു്.

"ദ്വിപഃപുനഃ പ്രായോക്തവ്യഃവാപീകൂപസരസ്സുച
മൃഗേന്ദ്രമാസനേദദ്യാൽ ശയനേഷുഗജംപുനഃ
വൃഷംഭോജനപാത്രേഷുഛത്രാദിഷുപുനൎദ്ധ്വജം
ഗജായേവാധ്വജായേവാഗജാനാംസദനംശുഭം
അശ്വാലയംധ്വജായേ ച ഖരായേവൃഷഭേപിവാ
ഉഷ്ട്രാണാം മന്ദിരംകുൎയ്യാൽ ഗജായേവാവൃഷധ്വജ
പശുസത്മവൃഷായേചധ്വജായേവാശുഭപ്രദഃ
ശയ്യാസുവൃഷഭഃശസ്തഃപീഠേസിംഹശ്ശുഭപ്രദഃ
അമത്രച്ഛത്രവസ്ത്രാണാംവൃഷായേവാധ്വജോപിവാ
പാദുകോപാനഹൌകാൎയ്യൌ സിംഹായേപൃഥവാധ്വജഃ
സ്വൎണ്ണരൂപ്യാദിധാതൂനാമന്യേഷാംതുധ്വജഃസ്മൃതഃ"

ഇപ്രകാരമാണ്.

മൂ— യോനിഃപ്രാണാഏവധാമ്നാംയദസ്മാൽ
ഗ്രാഹ്യസ്തത്തദ്യോഗ്യയോനിപ്രഭേദഃ
മൃത്യൂൎവൎജ്ജ്യസ്സൎവഗേഹേഷ്വവശ്യം
സൎവവ്യാപൽപ്രാപ്യതേസ്മിഗൃഹീതേ.

അന്വയം. അൎത്ഥം.

ധാമ്നാം യോനീപ്രാണ ഏവയൽ=ഗൃഹങ്ങൾക്ക് യോനി പ്രാണൻതന്നെയാണെന്നു സൎവസമ്മതമാണ്.

അസ്മാൽ = ഇതുനിമിത്തം

തത്തദ്യോഗ്യയോനിപ്രഭേദഃ= അതാതിന്നു വിധിച്ചിട്ടുള്ള യോനിയെത്തന്നെ

ഗ്രാഹ്യഃ = സ്വീകരിക്കേണ്ടതാണ്.
സർവഗേഹഷു = എല്ലാഗേഹങ്ങളിലും
മൃത്യുഃഅവശ്യംവർജ്ജ്യഃ = മരണം ഏററവും വർജ്ജിക്കേണ്ട താണ്.
അസ്മിൻഗൃഹീതേ = മരണം സ്വീകരിക്കുന്നതായാൽ
സർവവ്യാപൽ = സർവവിധേനആപത്തുഭവിക്കും

സാ—ഗൃഹങ്ങളുടെ ജീവൻ യോനിയാകുന്നു. അതുകൊണ്ടു് വിധിച്ച യോനിയെത്തന്നെയാണ് സ്വീകരിക്കേണ്ടതു്. "യോനിപ്രധാനംഭവനം" ഇത്യാദിവചനങ്ങൾകൊണ്ടു് പ്രധാനഉത്തരങ്ങൾ, ബാഹ്യങ്ങൾ, ഉപഗൃഹങ്ങൾ മുതലായ യാതൊരുഗൃഹങ്ങളിലും മരണം സംബന്ധിച്ചുകൂടാ. മരണദോഷം സംഭവിച്ചുപോയാൽ പലവിധേനയുള്ള ആപത്തുകൾ ഉണ്ടാകുന്നതാണ്.

## ഉള്ളുകൊണ്ടും പുറംകൊണ്ടും യോനിനിശ്ചയിക്കേണ്ടക്രമം.

മൂ— അന്തർയ്യോനിർമ്മാനപാത്രാദിവാപീ-
കൂപാദീനാമങ്കണേഗർഭഗേഹേ
തുശ്ശ്രാഗാരോത്തരവ്യാസമദ്ധ്യേ
കുത്രാപ്യുക്തോന്യത്രസർവത്രബാഹ്യേ, വൻ

അന്വയം. അർത്ഥം.

മാനപാത്രാദിവാപീകൂപാദീനാം= അളവുപാത്രം മുതലായതിനും, (കുളം, കിണറു മുതലായ ജലാശയങ്ങൾക്കും
അങ്കണേ ഗർഭഗേഹേ = അങ്കണം ഗർഭഗൃഹം ഇവയ്ക്കും
അന്തർയോനി = ഉള്ളുകൊണ്ടാണ് യോനീപ്രധാനമായ കണക്ക് നിശ്ചയിക്കേണ്ടതു്.
കുത്രാപി = ചിലേടത്തു്
തുശ്ശ്രാഗാരോത്തരവ്യാസമദ്ധ്യേ = തുശ്ശ്രശാലയുടെ ഉത്തരവിസ്താരത്തിൻെറ മദ്ധ്യസൂത്രത്തിൽ
അന്യത്രസവ്ത്ര = മററുള്ള എല്ലായിടത്തും
ബാഹ്യേ = പുറത്തുംയോനികല്പിക്കേണ്ടതാണ്.

സാ—അളവിനും മററുള്ള പാത്രാദികൾക്കും, കുളം കിണറു മുതലായ ജലാശയങ്ങൾക്കും, അങ്കണത്തിനും ഗർഭഗൃഹത്തിനും യോനിപ്രധാനമായ കണക്ക് ഉള്ളുകൊണ്ടാണ് കല്പിക്കേണ്ടതു്.

ത്ര്യശ്രശാലയ്ക്കു് ഉത്തരത്തിന്റെ മദ്ധ്യസൂത്രംകൊണ്ടും ചിലടത്തു കണക്കു കല്പിക്കാറുണ്ടു്. മററുള്ള എല്ലായിടത്തും യോനിപ്രധാനമായ ചുററു് പുറംകൊണ്ടുതന്നെയാണു് നിശ്ചയിക്കേണ്ടതു്.

### യോന്യാദീഷൽഗുണചിന്ത.

മൂ—ഇഷ്ടാതാനവിതാനമാനനിചയേ ത്രിഘ്നേഷ്ടഭിർഭാജിതേ
ശേഷോയോനിരിഹവ്യയോമുനിയുജാഥായോഷ്ടനിഘ്നേരുണൈഃ
ഋക്ഷൈഋക്ഷമവാപ്തിരത്രതുവയോജ്ഞേയംതിഥിസ്ത്രിംശതാ
വാരോഭൂമിധരൈർന്നിധിപ്രഗുണിതേധർമ്മാഹൃതോവാവ്യയഃ. ൩൦

| അന്വയം. | അർത്ഥം. |
|---|---|
| ഇഷ്ടാതാനവിതാനമാനനിചയേ | = ഇച്ഛിക്കപ്പെട്ട വിസ്താരദീർഘസമൂഹമായ ചുററിനെ |
| ത്രിഘ്നേ | = മൂന്നിൽപെരുക്കി |
| അഷ്ടഭിഃഭാജിതേ | = എട്ടിൽ ഹരിക്കുമ്പോൾ |
| ശേഷഃയോനിഃ | = ശേഷം യോനിയാകുന്നു |
| ഇഹ | = ഈ പെരുക്കിയ സംഖ്യയെ |
| മുനിയുജാഭാജിതേ | = പതിന്നാലുകൊണ്ടുഹരിക്കുമ്പോൾ |
| ശേഷഃ വ്യയഃ | = ശേഷിക്കുന്നതു് വ്യയമാകുന്നു |
| അഥ | = പിന്നീടു് ആ ചുററിനെ |
| അഷ്ടനിഘ്നേ | = എട്ടിൽ പെരുക്കി |
| അരുണൈഃ ഭാജിതേ | = പന്ത്രണ്ടുകൊണ്ടു് ഹരിക്കുമ്പോൾ |
| ശേഷഃ ആയഃ | = ശേഷിക്കുന്നതു വരവാകുന്നു |
| ഇഹ | = എട്ടിൽപെരുക്കിയ ഈ സംഖ്യയെ |
| ഋക്ഷൈഃഭാജിതേ | = ഇരുപത്തേഴുകൊണ്ടു ഹരിക്കുമ്പോൾ |
| ശേഷഃഋക്ഷം | = ശേഷിക്കുന്നതു നാളാകുന്നു |
| അത്രതുഅവാപ്തിഃ | = ഇതിലുള്ള ഹരണഫലം |
| വയഃ ജ്ഞേയം | = വയസ്സെന്നു് അറിയേണ്ടതാണു് |
| ത്രിംശതാ ഭാജിതേ | = മുപ്പതുകൊണ്ടു ഹരിക്കുമ്പോൾ |
| ശേഷഃ തിഥിഃ | = ശേഷിക്കുന്നതു പക്കമാണു് |
| ഭൂമിധരൈഃ ഭാജിതേ | = ഏഴുകൊണ്ടു ഹരിക്കുമ്പോൾ |
| ശേഷഃ വാരഃ | = ശേഷിക്കുന്നതു വാരമാകുന്നു |
| നിധിപ്രഗുണിതേ | = ചുററിനെ ഒൻപതിൽ പെരുക്കി |
| ധർമ്മാഹൃതേ | = പത്തുകൊണ്ടു ഹരിക്കുമ്പോൾ |
| വാ വ്യയഃ | = വികല്പേന വ്യയം ഭവിക്കും. |

സാ—ആകെയുള്ള ചുററിനെ മൂന്നിൽ പെരുക്കി എട്ടിൽ ഹരിക്കുമ്പോൾ ശേഷിക്കുന്നതുകൊണ്ടു ധ്വജാദികളായ യോനി

കളെ അറിഞ്ഞുകൊള്ളണം. ചുററു ൩ കോൽ പതിനാറുവിരൽ എന്നു വിചാരിക്കുക. ഇതിനെ മൂന്നിൽ പെരുക്കുമ്പോൾ കിട്ടുന്ന സംഖ്യ പതിനൊന്നു് ഇതിനെ എട്ടിൽ ഹരിച്ചാൽ ശേഷിക്കുന്നതു മൂന്നു്. ഇതു സിംഹയോനി എന്നറിയണം.

മൂന്നിൽപ്പെരുക്കിയ സംഖ്യയെത്തന്നെ പതിന്നാലുകൊണ്ടു ഹരിക്കുമ്പോൾ ശേഷിക്കുന്നതു് വ്യയം (ചെലവു്) ആകുന്നു. മുമ്പേ മൂന്നിൽ പെരുക്കിയ സംഖ്യ പതിനൊന്നാണല്ലോ. ഇതു് പതിന്നാലിൽ ഹരിക്കാൻ തികയായ്കയാൽ ശേഷം സംഖ്യ പതിനൊന്നു്. ഇതിൻെറ ചെലവും പതിനൊന്നുതന്നെ പിന്നീടു് ചുററിനെ എട്ടിൽപെരുക്കി പന്ത്രണ്ടിൽ ഹരിച്ചാൽ ശേഷിക്കുന്നതു് ആയം (വരവു്) ആകുന്നു. മൂന്നുകോൽ പതിനാറിനെ എട്ടിൽ പെരുക്കുമ്പോൾ കിട്ടുന്നതു ഇരുപത്തൊമ്പതുകോൽ എട്ടുവിരൽ. ഇതിനെ പന്ത്രണ്ടിൽ ഹരിച്ചാൽ ശേഷിക്കുന്നതു അഞ്ചുകോൽ എട്ടുവിരൽ. ഈ കണക്കിൻെറ ആയസംഖ്യയും ഇതുതന്നെ.

പിന്നീടു് എട്ടിൽ പെരുക്കിയ സംഖ്യ ഇരുപത്തേഴിൽ ഹരിച്ചാൽ ശേഷിക്കുന്നതുകൊണ്ടു് അശ്വതിമുതലായ നക്ഷത്രങ്ങളെ അറിയണം. എട്ടിൽ പെരുക്കിയ സംഖ്യ ഇരുപത്തിയൊൻപതുകോൽ എട്ടുവിരലാണല്ലോ. ഇതിനെ ഇരുപത്തേഴിൽ ഹരിച്ചാൽ ശേഷിക്കുന്നതു് രണ്ടുകോൽ എട്ടുവിരലാണു്. ഈ കണക്കിൻെറ നക്ഷത്രം ഭരണികഴിഞ്ഞു് കാർത്തികയിൽ ഇരുപതു നാഴിക ചെന്നിട്ടുണ്ടെന്നറിയണം.

ഇരുപത്തേഴിൽ ഹരിക്കുമ്പോൾ ഹരണഫലം ഒന്നാണെങ്കിൽ ബാല്യവയസ്സെന്നും ൨ ആണെങ്കിൽ കൌമാരമെന്നും ൩ ആണെങ്കിൽ യൌവനമെന്നും ൪ ആണെങ്കിൽ വാൎദ്ധക്യമെന്നും ൫ ആണെങ്കിൽ മരണമെന്നും അറിയേണ്ടതാണു്. ഇവിടെ ഹരണഫലം ഒന്നാകയാൽ ഈ കണക്കിനു് ബാല്യവയസ്സ് പൂൎത്തിയായി കൌമാരവയസ്സിൽ പ്രവേശിച്ചു എന്നറിയണം. ഈ എട്ടിൽ പെരുക്കിയ സംഖ്യയെത്തന്നെ ൩൦-ൽ ഹരിക്കുമ്പോൾ ശേഷിക്കുന്ന സംഖ്യകൊണ്ടു് വെളുത്തപക്ഷത്തിലേയും കറുത്തപക്ഷത്തിലേയും പ്രതിപദം തുടങ്ങിയ പക്കങ്ങളെ അറിയണം. എട്ടിൽ പെരുക്കിയസംഖ്യ ൨൯-കോൽ ൮ വിരലാണല്ലോ. ഇതിനെ മുപ്പതിൽ ഹരിക്കാൻ തികയായ്കയാൽ ശേഷസംഖ്യ ൨൯-കോൽ ൮-വിരൽ തന്നെ; ഇതിൽ വെളുത്തപക്ഷം കഴിഞ്ഞു കറുത്തപക്ഷത്തിലെ വാവിൽ ൨൦ നാഴിക ചെന്നിട്ടുണ്ടെന്നറിയണം.

ഈ സംഖ്യയെത്തന്നെ ൭-ൽ ഹരിച്ചാൽ ശേഷിക്കുന്നതു കൊണ്ടു് ഞായറാഴ്ച തുടങ്ങിയ ആഴ്ചകളെ അറിയണം. ൯-ൽ പെരുക്കിയസംഖ്യ ൨൪-കോൽ ൯-വിരലാണല്ലൊ. ഇതിനെ ൭-ൽ ഹരിച്ചാൽ ശേഷിക്കുന്ന സംഖ്യ ൧-൪കോൽ ൨-വിരൽ. ഇതുകൊണ്ടു് ഈ കണക്കിൻെറ ആഴ്ച, തിങ്കൾ ആണെന്നും അറിയണം. പിന്നീടു് ഈ ചുററിനെ ൯-ൽ പെരുക്കി ൧൦-ൽ ഹരിക്കുമ്പോൾ ശേഷിക്കുന്ന സംഖ്യയും വ്യയമാണെന്നു മററൊരു പക്ഷമുണ്ടു്. ചുററിനെ ൯-ൽ പെരുക്കിയാൽ കിട്ടുന്ന സംഖ്യ ൩൩. ഇതിനെ ൧൦ ൽ ഹരിച്ചാൽ ശേഷിക്കുന്ന സംഖ്യ ൩. ഈ കണക്കിൻെറ പക്ഷാന്തരേണയുള്ള വ്യയവും ൩ ആണെന്നു അറിഞ്ഞുകൊള്ളണം.

ചുററിനെ ൯-ൽ പെരുക്കി ൧൨-ൽ ഹരിച്ചാൽ ശേഷിക്കുന്നതു് ആയ (വരവു്) ആണെന്നു മുൻപേ പറഞ്ഞുവല്ലോ. ഇവിടെ ൧൨ ശേഷിക്കുകയാണെങ്കിൽ ആയം ശൂന്യമാണെന്നു ചിലർ പറയുന്നു. ഇങ്ങനെയാണെങ്കിൽ ൯-ൽ പെരുക്കി ൨൭-ൽ കഴിക്കുമ്പോൾ ൨൭-ശേഷിക്കുന്ന ൨൭-കോൽ, ൯൧-കോൽ, മുതലായ കണക്കുകൾക്കുനക്ഷത്രമില്ലെന്നും, ൭-ൽ കഴിക്കുമ്പോൾ, ൭-ശേഷിക്കുന്ന ൨൪-കോൽ ൧൩ വിരൽ ൩൨ കോൽ ൯ വിരൽ മുതലായ കണക്കുകൾക്കു് ആഴ്ചയില്ലെന്നും പറയേണ്ടതായിവരും. അംഗുലാന്തങ്ങളായ കണക്കുകളുടെ അംഗുലങ്ങളും യവാന്തങ്ങളായ കണക്കുകളുടെ യവങ്ങളുംകൂടി ഉൾപ്പെടുത്തിവേണം ഗുണനാദിക്രിയകൾ ചെയ്യേണ്ടതെന്നു "നിചയ"എന്ന ഭാഗംസൂചിപ്പിക്കുന്നു.

മൂ—ആയാധിക്യം വ്യയതഃസംപാദ്യംസർവ്വഥാന്യഥാപത്തിഃ
നക്ഷത്രാദിശുഭതാം ജ്യോതിശ്ശാസ്ത്രാദിഭിസ്സുവിജ്ഞേയം.

| അന്വയം. | അർത്ഥം. |
|---|---|
| വ്യയതഃ ആയാധിക്യം | = വ്യയത്തേക്കാൾ ആയത്തിനു കൂടുതൽ |
| സർവ്വഥാ സമ്പാദ്യം | = എല്ലാവിധത്തിലും സമ്പാദിക്കേണ്ടതാണു്. |
| അന്യഥാ | = ആയം കുറവാണെങ്കിൽ |
| ആപത്തിഃ | = ആപത്തുകൾ ഫലമാണു്. |
| നക്ഷത്രാദിശുഭതാം | = നക്ഷത്രം യോഗം മുതലായതിൻെറ ഗുണദോഷം. |
| ജ്യോതിശ്ശാസ്ത്രാദിഭിഃ | = ജ്യോതിശാസ്ത്രാദികൾകൊണ്ടു് |
| സുവിജ്ഞേയം | = വഴിപോലെഅറിയേണ്ടതാണു്. |

സാ—ആയത്തിനു (വരവിനു്) വ്യയത്തേ (ചിലവിനെ)

ക്കാരം ആധിക്യമുണ്ടായിരിക്കണം. ഇതു് സാമാന്യവിധിപ്രകാരവും ഇനിപ്പറയാൻപോകുന്ന വിശേഷവിധി അനുസരിച്ചും ചിന്തിച്ചുകൊള്ളണമെന്നു "സ്വധാ" എന്ന പദംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നു. നാളു്, പക്കം, ആഴ്ച മുതലായതിൻെറ ശുഭാശുഭം ജ്യോതിശ്ശാസ്ത്രംകൊണ്ടുംമററും അറിയേണ്ടതാണു്.

മൂ—ബാലത്വംകൌമാരം യൌവനമഥവാർദ്ധകഞ്ചനിധനഞ്ച
പഞ്ചവയാംസ്യേഷ്വന്ത്യം നേഷ്ടംശിഷ്ടാനിവാസ്തുനീഷ്ടാനി.

| അന്വയം. | അർത്ഥം. |
|---|---|
| ബാലത്വം കൌമാരം ച | = ബാല്യവും കൌമാരവും |
| അഥ യൌവനം | = വിശേഷിച്ചു യൌവനം |
| വാർദ്ധകം ച നിധനം ച | = വാർദ്ധക്യവും മരണവും ഇങ്ങനെ |
| വയാംസി പഞ്ച | = വയസ്സ അഞ്ചുവിധമാണു്. |
| ഏഷു അന്ത്യം | = ഇതുകളിൽ ഒടുവിലത്തേതു് |
| ന ഇഷ്ടം | = ശുഭമല്ല. |
| ശിഷ്ടാനി | = ശേഷമുള്ളവ |
| വാസ്തുനി ഇഷ്ടാനി | = ഗൃഹവിധിയിൽ ശുഭങ്ങളാണു്. |

സാ—"യൌവനമഥ" എന്നുള്ള അഥശബ്ദസാമീപ്യംകൊണ്ടു് യൌവനം ശ്രേഷ്ഠമാണെന്നു സൂചിപ്പിച്ചിരിക്കുന്നു. "താരുണ്യംവയശ്ശോഭനം" എന്നു "ബാല്യവാർദ്ധക്യയോഗൗചരികൗചാപിവിനിന്ദിതാ" എന്നുമുള്ള വചനങ്ങൾ ഇതിന്നനുകൂലമാകുന്നു. ഇതുകൊണ്ടു യൌവനം ഉത്തമവും, കൌമാരം മദ്ധ്യമവും, ബാല്യവും വാർദ്ധക്യവും അധമവും, മരണം നിന്ദ്യവുമാണെന്നു ഗ്രഹിക്കേണ്ടതാണു്.

### പക്ഷാന്തരേണയുള്ള യോന്യാദികൾ.

മൂ— ദ്വേധായോനിശ്ചതുർത്ഥാവ്യയവിധിരുദിതശ്ചദ്വി-
ധായോവയശ്ചാ-
പ്യൃക്ഷംവിപ്രാദിവർണ്ണാസ്തിഥിരപിചതഥാരാശ-
യോദ്വിപ്രകാരഃ
ത്രേധാവാരോധ്രുവാദിസ്ത്രിവിധഇതിവികല്പേന
യോന്യാദയഃസ്യുഃ
പ്രോക്തേഷ്വേതേഷുപൂർവ്വോദിതമഖിലമതംകാര്യ്യ-
മാവശ്യകേന്യൽ. ൩൩

| അന്വയം. | അർത്ഥം. |
|---|---|
| യോനിഃദ്വേധാ | = യോനി രണ്ടുവിധമാകുന്നു |

വ്യയവിധിഃ ചതുൎദ്ധാ ഉദിതഃ = വ്യയം നാലുവിധംപറയപ്പെട്ടി
തിക്കുന്നു.

അയഃ വയഃ ച ദ്വിധാ = അയവും വയസ്സും രണ്ടുവിധമാകു
ജ്ജക്ഷം അപി വിപ്രാദിവൎണ്ണാഃ= നാളും ബ്രാഹ്മണാദിവൎണ്ണവും (ന
തിഥിഃ അപി ച തഥാ രാശയഃ = പക്കവും രാശികളും
ദ്വിപ്രകാരാഃ = രണ്ടുവിധമാകുന്നു
വാരഃ ത്രേധാ = ആഴ്ച മൂന്നുവിധമാണു്
ധ്രുവാദിഃ ത്രിവിധഃ = ധ്രുവാദികൾ മൂന്നുവിധമാകുന്നു.
ഇതി വികല്പേന = ഇങ്ങിനെ മററുവിധത്തിലും
യോന്യാദയഃസ്യുഃ = യോനിമുതലായതു ലഭിക്കും
പ്രോക്തേഷു ഏതേഷു = പറകപ്പെട്ട ഈ യോന്യാദികളിൽ
പൂൎവ്വോദിതം = മുൻപേപറകപ്പെട്ടതും
അഖിലമതം = എല്ലാവൎക്കും സമ്മതമാണു്.
അന്യൽ = വിശേഷേണ പറഞ്ഞിട്ടുള്ളതു്
ആവശ്യകേകാൎയ്യം = വേണ്ടിവരുന്നപക്ഷം ചെയ്യേ
ണ്ടതാണു്.

സാ—യോനി രണ്ടുവിധവും, വ്യയം നാലുവിധവും, അയ
വും വയസ്സും നാളും ബ്രാഹ്മണാദി ജാതിഭേദവും മേഷാദിരാശിക
ളും ഈ രണ്ടുവിധവും, ആഴ്ചയും ധ്രുവാദികളും മുമ്മൂന്നുവിധവും പ
റയപ്പെട്ടിരിക്കുന്നു. ഇങ്ങനെ പലവിധത്തിലും യോനിമുതലായതു
പറഞ്ഞിട്ടുണ്ടു്. ഇതിൽ "ഇഷ്ടാതാനവിതാന"എന്ന പദ്യംകൊ
ണ്ടു പറഞ്ഞിട്ടുള്ളതു സൎവ്വസമ്മതമായിട്ടുള്ളതാണു്. വിശേഷേണ
പറകപ്പെട്ടതു യഥോചിതം സ്വീകരിക്കാവുന്നതുമാണു്. "ഇഷ്ടാതാ
നവിതാനമാനനിചയേ"എന്ന പദ്യത്തിൻെറ സൎവ്വസമ്മതി—

"വിസ്താരായാമരാശൌസുഗുണിത ജഗുണൈൎഭാജിതേശേഷ ആയോ
രാമഘ്നേമനൂപവാപ്തേവ്യയ ഇഹയസുഭിൎഭക്തശേഷസ്ത്വയോനിഃ
അഷ്ടാഭിൎവ്വർദ്ധിതേയസ്മിൻത്രിനവഹൃതഫലംതദ്വടശ്ശേഷമൃക്ഷം
പഞ്ചഘ്നേത്രിംശദാപ്തേതിഥിരൃഷിഭജിതേവാരആദിത്യപൂൎവ്വഃ."

ഇങ്ങനെ മയമതാദികളിൽനിന്നു് സ്പഷ്ടമാകുന്നു.

മൂ—സാമാന്യാൽപരിണാഹതസ്സ്വവിഹിതായോന്യാദയോദീ-
(ൎഘതോ
വിസ്താരേണചപാദമാനചരണാധിഷ്ഠാനതുംഗൈരപി
വിസ്താരാഹതദീൎഘതോപിചപൃഥക്സ്വസോപാക്തയോന്യാദയോ
ജാതാശ്ചേദതിശോഭനാഗൃഹവിധൌപക്ഷാന്തരോക്തൈരപി.

| അന്വയം. | അൎത്ഥം. |
|---|---|
| പരിണാഹതഃ | = ചുററിൽനിന്നു് |
| സാമാന്യാൽ | = സൎവ്വസമ്മതപ്രകാരമുള്ള |
| സ്വവിഹിതഃ | = തനിക്കു പറകപ്പെട്ട |
| യോന്യാദയഃ | = യോനി മുതലായതു ഭവിക്കണം |
| ദീൎഘതഃ വിസ്താരേണ | = ദീൎഘംകൊണ്ടുംവിസ്താരംകൊണ്ടും |
| പാദമാനചരണാദിഷ്ഠാനതുംഗൈഃ അപി | = പാദമാനം, കാൽ, അധിഷ്ഠാനം ഇവയുടെ ഉയരംകൊണ്ടും |
| വിസ്താരാഹതദീൎഘതഃഅപി | = വിസ്താരംകൊണ്ടു പെരുക്കിയ ദീൎഘംകൊണ്ടും |
| പക്ഷാന്തരോക്തൈഃ അപി | = പക്ഷാന്തരേണ പറഞ്ഞിട്ടുള്ളതുകൊണ്ടും |
| സ്വസ്വാക്തയോന്യാദയഃ | = തന്റെ തന്റെ യോനി മുതലായതു് |
| പൃഥക്ജാതാഃചേൽ | = വെവ്വേറെ ഭവിക്കുമെങ്കിൽ |
| ഗൃഹവിധൌ | = ഗൃഹവിധിയിൽ |
| അതിശോഭനാഃ | = ഏററവും ശോഭനങ്ങളാണു്. |

സാ—സാമാന്യവിധിപ്രകാരമുള്ള യോനി, വരവു്, നക്ഷത്രം മുതലായതു ചുററുകൊണ്ടുതന്നെ ചിന്തിക്കേണ്ടതാണു്. ഇതുപോലെ ഗൃഹദീൎഘംകൊണ്ടും വിസ്താരംകൊണ്ടും പാദമാനംകൊണ്ടും കാൽനീളംകൊണ്ടും ക്ഷേത്രഫലംകൊണ്ടും യോനി മുതലായവയെ അതാതിന്നു ഉചിതമായവിധം കല്പിക്കയാണെങ്കിൽ വളരെ ശുഭകരമാണു്. പക്ഷാന്തരേണ പറയാൻപോകുന്ന ക്രമമനുസരിച്ചും അവിടവിടെ യോഗ്യമായവിധം യോന്യാദികൾ ഭവിക്കുമെങ്കിൽ അതും അതിശുഭംതന്നെയാണു്.

## പദവിഭാഗം.

മൂ--സൎവ്വാഗാരേപ്പ്ര്യാനോത്തരപരിധിവശാദ്ദീൎഘവിസ്താരതുംഗ-
സ്തംഭാധിഷ്ഠാനഗൎഭാലയമിതിവിധയോദ്വാരബിംബാദയോപി
അത്യൂഢാദ്യുത്തരഞ്ചോദിതലവിധിസമസ്താംഗഭേദാവികല്പ-
നോക്തൈരംശൈശ്ചകാൎയ്യായദിനികടഗതായോനിഭേദാശ്ച-
യോജ്യാഃ. ൩൩

| അന്വയം. | അൎത്ഥം. |
|---|---|
| സൎവ്വാഗാരേ | = എല്ലാ ഗൃഹങ്ങളിലും |
| ദീൎഘവിസ്താരതുംഗസ്തംഭാധിഷ്ഠാനഗൎഭാലയമിതിവിധയഃ | = ദീൎഘം, വിസ്താരം, പാദമാനം, സ്തംഭം, അധിഷ്ഠാനം, ഗൎഭഗൃഹം ഇതുകളുടെ അളവും |

ദ്വാരബിംബാദയഃ = വാതിൽ, ബിംബം മുതലായതും
അത്യുഢാദ്യുത്തരം ച = അത്യുഢം മുതലായ ഉത്തരവും
ദ്വിതലവിധിസമസ്താംഗഭേദാഃ= രണ്ടുനിലമാളികയുടെ എല്ലാഅ
വയവഭേദങ്ങളും
പ്രധാനോത്തരപരിധിവശാൽ = പ്രധാന ഉത്തരത്തിന്റെ ചുററി
നെ അനുകൂലിച്ചു
(കാൎയ്യാഃ) = കല്പിക്കേണ്ടതാണു്.
വികല്പേന ഉക്തൈഃ = പക്ഷാന്തരേണ പറകപ്പെട്ട
അംശൈഃ കാൎയ്യാഃ യദി = അംശങ്ങളെക്കൊണ്ടു് ചെയ്യുന്നു
വെങ്കിൽ
നികടഗതാഃ യോനിഭേദാഃ ച = അടുത്തുവരുന്ന യോനികളും
യോജ്യാഃ = യോജിപ്പിച്ചുകൊള്ളേണ്ടതാണു്.

സാ—ഗൃഹങ്ങളുടെ ദീൎഘവും വിസ്താരവും പാദമാനപ്പൊക്കവും കാൽനീളവും അധിഷ്ഠാനവും പ്രധാനമായ ഉത്തരത്തിന്റെ ചുററിനെ ആശ്രയിച്ചു് അതാതിനുചിതമായ രീതിയിൽ നിശ്ചയിക്കേണ്ടതാണു്. അതായതു് ചുററു് ഏകയോനിയാണെങ്കിൽ, വിസ്താരം പാദമാനം മുതലായതും ഏകയോനിയായിരിക്കണം. കാൽനീളം മുതലായതു് നാലിൽപെരുക്കിയാൽ കിട്ടുന്നതു്, അതാതിന്റെ ചുററളവായിരിക്കും. അതിൽനിന്നു മേൽപറഞ്ഞവിധം യോന്യാദികൾ അറിഞ്ഞുകൊള്ളണം. ഈ സമ്പ്രദായത്തിനു പദയോനിയെന്നുപേർ. ദേവാലയങ്ങളിൽ ഗൎഭഗൃഹം, ദ്വാരം, ബിംബം, അത്യുഢം മുതലായ ഉത്തരങ്ങൾ, ഇവ അതിന്റെ പ്രധാനചുററിനു് അനുകൂലിച്ചവിധം കല്പിക്കേണ്ടതാണു്. രണ്ടുനില തുടങ്ങിയുള്ള മാളികകളുടെ അവയവങ്ങളും അതാതിന്റെ ചുററിനുയോജിച്ചവിധം നിശ്ചയിക്കേണ്ടതാണു്. വിസ്താരം, ദീൎഘം, പാദമാനം മുതലായതു് അടിയിൽപറയുന്നവിധം അംശങ്ങളെക്കൊണ്ടു കല്പിക്കുന്നപക്ഷം ശുഭയോനി അടുത്തുണ്ടെങ്കിൽ ആ അംശപ്രകാരം കിട്ടുന്ന അളവിനെ അല്പം ഭേദിപ്പിച്ചു് യോനിപ്പെടുത്തി കല്പിക്കുന്നതു് യുക്തമായിട്ടുള്ളതാണു്.

മൂ— ദീൎഘേതുവിസ്താരഹതേഷ്ടഭക്തേ
യഥേഷ്ടയോനിഃ പരിശിഷ്യതേത്ര
തഥാപ്രകല്പ്യൗ ശിതധീഭിരുച്ചൈ-
ൎവിചാൎയ്യപൂൎവം ഗൃഹതാരദീൎഘൗ. ൩൩

| അന്വയം. | അർത്ഥം. |
|---|---|
| ദീർഘേതു | = ദീർഘമാകട്ടെ |
| വിസ്താരഹതേ | = വിസ്താരംകൊണ്ടു പെരുക്കി |
| അഷ്ടഭക്തേ | = എട്ടിൽഹരിക്കുമ്പോൾ |
| യഥാ | = യാതൊരുപ്രകാരമായാൽ |
| ഇഷ്ടയോനിഃ | = ഇച്ഛിക്കപ്പെട്ടയോനി |
| അത്ര പരിശിഷ്യതേ | = ഇവിടെ ശേഷിക്കപ്പെടുന്നുവോ |
| തഥാശിതധീഭിഃ | = അപ്രകാരം സൂക്ഷ്മബുദ്ധികളാൽ |
| പൂർവം | = മുൻപേതന്നെ |
| ഉച്ചൈഃ വിചാര്യ | = നല്ലപോലെ വിചാരിച്ചിട്ട് |
| ഗൃഹതാരദീർഘൗ | = ഗൃഹത്തിന്റെ വിസ്താരവും ദീർഘ(വും |
| പ്രകല്പ്യൗ | = കല്പിക്കപ്പെടേണ്ടതാണ്. |

സാ:—ദീർഘത്തെ വിസ്താരംകൊണ്ട് പെരുക്കി എട്ടുകൊണ്ടു ഹരിക്കുമ്പോൾ ശേഷിക്കുന്നതുകൊണ്ട്, മുൻപറഞ്ഞതുപോലെ ധ്വജാദികളായ യോനികളെ അറിഞ്ഞുകൊള്ളണം. ചുററും ധ്വജയോനിയാണെങ്കിൽ, ഈ ക്രിയകൊണ്ടു സിദ്ധിക്കുന്ന യോനിയും ധ്വജമായിരിക്കണം. ഇങ്ങനെ അതാതിനുചിതമായ യോനി കിട്ടത്തക്കവിധം വേണം വിസ്താരദീർഘങ്ങളെ കല്പിക്കേണ്ടതു്. "ശിതധീഭിഃ" എന്ന പ്രയോഗംകൊണ്ട് ഇതിന്റെ പ്രാമാണ്യത്തെ സൂചിപ്പിച്ചിരിക്കുന്നു.

മൂ— ഗേഹേക്ഷേത്രഫലംവിതാനനിഹതാ-
യാമംവിദുസ്സ്വേഷ്ടദി-
ഗ്യോനിര്യന്മിതദീർഘവിസ്തൃതിവിധാനാ-
ദത്രസിദ്ധോഭവേൽ
താവദ്വിസ്തൃതിദീർഘമാനമഭികല്പ്യ-
പ്രാഗഥോനാഹവൽ
സർവംകല്പയതുവ്യയാദികമിദഞ്ചാ-
ഭ്യന്തരവ്യാപിഹി. ൩൧

| അന്വയം. | അർത്ഥം. |
|---|---|
| വിതാനനിഹതായാമം | = വിസ്താരംകൊണ്ട് പെരുക്കിയ (ദീർഘത്തെ |
| ക്ഷേത്രഫലം വിദുഃ | = ക്ഷേത്രഫലമെന്നറിയണം |
| ഗേഹേ | = ഗൃഹത്തിൽ |
| സ്വേഷ്ടദിഗ്യോനിഃ | = തന്റെ ഇഷ്ടദിക്കിലെ യോനി |
| യന്മിതദീർഘവിസ്തൃതിഃ | = എത്രമാത്രംദീർഘവുംവിസ്താരവും |

| | |
|---|---|
| വിധാനാൽ | =കല്പിച്ചാൽ |
| അത്ര സിദ്ധഃ ഭവേൽ | = ഇവിടെ സിദ്ധിക്കുമോ |
| താവൽ | = അത്രമാത്രം |
| വിസ്തൃതിദീൎഘമാനം | = വിസ്താരത്തേയും ദീൎഘത്തെയും |
| പ്രാക് അഭികല്പ്യ | = മുൻപേതന്നെ നിശ്ചയിച്ചിട്ടു് |
| അഥ | = പിന്നീട്ട് |
| നാഥവൽ | = ചുററിനുവിധിച്ചിട്ടുള്ളതുപോലെ |
| വ്യയാദികം ഇദം സൎവ്വം | = വ്യയം മുതലായ എല്ലാ ഗുണദോ- |
| കല്പയതു | = കല്പിക്കണം (ഷങ്ങളും |
| ഇദം ച | = ഇതും |
| അഭ്യന്തരവ്യാപിഥി | = അഭ്യന്തരവ്യാപി (സൂക്ഷ്മമായിട്ടു- ള്ളതു്) ആകുന്നു. |

സാ—ഗൃഹദീൎഘത്തെ വിസ്താരംകൊണ്ടു പെരുക്കുന്നതു് ക്ഷേത്രഫലമാണു്. എത്രമാത്രം ദീൎഘവും വിസ്താരവും കല്പിക്കുമ്പോൾ അതാതു ഗൃഹത്തിന്റെ ഇഷ്ടയോനിവരുമോ അതേവിധത്തിൽ വിസ്താരത്തെയും ദീൎഘത്തെയും മുമ്പേതന്നെ കല്പിച്ചുകൊള്ളണം. പിന്നീട്ടു വ്യയം നക്ഷത്രം മുതലായ ഗുണദോഷങ്ങൾ ചുററുകൊണ്ടു നിശ്ചയിക്കുന്നതുപോലെ ഈ ക്ഷേത്രഫലംകൊണ്ടു ചിന്തിച്ചുകൊള്ളണം. ഈ വിധി ശ്രേഷ്ഠമായിട്ടുള്ളതും അതിൽനിന്നുള്ള ഗുണദോഷങ്ങൾ വിശേഷിച്ചു് അനുഭവയോഗ്യങ്ങളും ആണെന്നറിയണം.

## പക്ഷാന്തരേണവ്യയാദിയെപ്പറയുന്നു.

മൂ— പൂൎവംത്രിഘ്ന ചതുൎദ്ദശാപ്തപരിധേസ്സാമാ-
ന്യമുക്തോവ്യയോ
നന്ദഘ്നേഷ്ടവൃതേഥപങ്ക്തിവിഹൃതേശിഷ്ടോ-
വ്യയോവാഭവേൽ
സിദ്ധൎക്ഷേവസുഭാജിതേപിച ചതുൎത്ഥതി-
വ്യയസ്സൎവധാ
സ്യാല്പതപം പരികൽപ്യമാത്മജധനാദീനാം
വിനാശോന്യഥാ. നവ

| അന്വയം. | അൎത്ഥം. |
|---|---|
| ത്രിഘ്നചതുൎദ്ദശാപ്തപരിധേഃ | = ചുററിനെ മൂന്നിൽ പെരുക്കി- പതിനാലിൽ ഹരിക്കുന്നതുകൊണ്ടു് |
| സാമാന്യം വ്യയഃ | = സാധാരണ യുള്ളവ്യയം(ചെലവു്) |

പൂവ്വം ഉക്തഃ = മുൻപേപറഞ്ഞിട്ടുണ്ടല്ലോ
നന്ദഘ്നേ = നന്ദം (൯) കൊണ്ടുപെരുക്കി
അഷ്ടഹൃതേ വാ = എട്ടിൽ ഹരിക്കുമ്പോഴും
അഥപങ്ക്തിവിഹൃതേ = അതു പങ്ക്തി (൧൦) കൊണ്ടു-
ഹരിക്കുമ്പോഴും
സിദ്ധർക്ഷേ = വിധിപ്രകാരം ഉണ്ടായ നക്ഷത്രം
വസുഭാജിതേ അപി = വസു(എട്ടു)കൊണ്ടുഹരിക്കുമ്പോ
ശിഷ്ടവ്യയഃ ഭവേൽ = ശേഷം വ്യയമായി ഭവിക്കും. (ഴും
ഇതി വ്യയഃ ചതുൎദ്ധാ = ഇങ്ങനെ വ്യയം നാലുവിധ-
മാകുന്നു.
സൎവ്വഥാ = ഇപ്പറഞ്ഞ എല്ലാവിധത്തിലും
അസ്യ അല്പത്വം പരികല്പ്യം = ഈചെലവിനുകുറവുണ്ടായി-
രിക്കണം
അന്യഥാ = വരവിനെക്കാൾവ്യയം അധിക-
ആത്മജധനാദീനാം = പുത്രധനാദികൾക്ക് (മായാൽ
വിനാശഃ (ഭവേൽ) = നാശം സംഭവിക്കും.

സാ:—ചുററിനെ മൂന്നിൽ പെരുക്കി പതിന്നാലിൽ ഹരിക്കുമ്പോൾ സൎവ്വസമ്മതപ്രകാരമുള്ള വ്യയസംഖ്യ സിദ്ധിക്കുമല്ലോ. പിന്നെ ചുററിനെ ഒൻപതിൽ പെരുക്കിയതിനെത്തന്നെ പത്തിൽ ഹരിക്കുമ്പോഴും മുൻപറഞ്ഞ ക്രമം അനുസരിച്ചു സിദ്ധിക്കുന്ന നക്ഷത്രസംഖ്യയെ എട്ടിൽ ഹരിച്ചു് ശേഷിക്കുന്നതും വ്യയമാകുന്നു. ഇങ്ങനെ വ്യയം (ചെലവു്)നാലുതരത്തിൽ പറകപ്പെട്ടു. ഈ നാലുവിധത്തിലും വ്യയസംഖ്യകൾക്ക് ആയസംഖ്യയേക്കാൾ കുറവുണ്ടായിരിക്കണം. വ്യയസംഖ്യ കൂടുതലായിവരികിൽ, പുത്രനാശം ധനനാശം മുതലായ ആപത്തുകൾ സംഭവിക്കും.

മൂ— സ്വത്ര്യംശേനയുതേതഥേക്ഷ്വണഹതേനാഹേ-
ഷ്ടഭക്തേഭവേ
ദായോവാപുനരൃക്ഷനിഘ്നപരിധൌദി-
ഗ്ഭാന്ദ്വഭക്തേവയഃ
ബാല്യത്വാദിവിശേഷമാത്രമവഗന്തവ്യം
ഫലൈശ്ശേഷത-
സ്തേഷാമേവഗതാബ്ദമാനമിഹതാരുണ്യം
വയഃ ശോഭനം. നൻ

അന്വയം. അൎത്ഥം.

സ്വത്ര്യംശേനയുതേ = തന്റെ മൂന്നിലൊരുഭാഗംകൂടി-
കൂട്ടി

| | |
|---|---|
| തഥാ ഈൗക്ഷണഹതേനാഹേ | = ഈൗക്ഷണം (രണ്ടു കൊണ്ടു)പെരുക്കിയ ചുററു് |
| അഷ്ടഭക്തേ | = എട്ടുകൊണ്ടു ഹരിക്കുമ്പോൾ |
| ശേഷഃ വാ | = ശേഷിക്കുന്നസംഖ്യ |
| ആയഃഭവേൽ | = ആയം (വരവു്) ആകുന്നു. |
| പുനഃ | = പിന്നീടു് |
| ഋക്ഷനിഘ്നപരിധൌ | = ഋക്ഷം (ഇരുപത്തേഴു) കൊണ്ടു-പെരുക്കിയ ചുററു് |
| ദിഗ്ദ്വന്ദ്വഭക്തേ | = ദിഗ്ദ്വന്ദ്വം (൨൦) കൊണ്ടു-ഭാഗിക്കുമ്പോൾ |
| ശേഷഃവയഃ | = ശേഷിക്കുന്നതു് വയസ്സാകുന്നു |
| ഫലൈഃ | = ഹരണഫലംകൊണ്ടു് |
| ബാല്യത്വാദിവിശേഷമാത്രം | = ബാല്യംതുടങ്ങിയ മുൻപറഞ്ഞ- |
| അവഗന്തവ്യം | = അറിയേണ്ടതാണു് (ക്രമംതന്നെ |
| ശേഷതഃ | = ശേഷിക്കുന്നതുകൊണ്ടു് |
| തേഷാം ഗതാബ്ദമാനം | = അപ്പോഴത്തെ വയസ്സിൽ ചെന്നിട്ടുള്ള വത്സരസംഖ്യ ഭവിക്കും. |
| ഇഹ | = വയസ്സറിയുന്ന ചിന്തയിൽ |
| താരുണ്യം വയഃശോഭനം | = യൌവനവയസ്സ് നല്ലതാകുന്നു |

സാ—അതാതു ചുററിൻെറ മൂന്നിലൊരുഭാഗം കൂടിച്ചേർത്തു്, അതിനെ രണ്ടിൽ പെരുക്കി എട്ടിൽ ഹരിക്കുമ്പോൾ ശേഷിക്കുന്നതു പക്ഷാന്തരേണയുള്ള ആയം (വരവു്) ആകുന്നു. "ഇഷ്ടാതാനവിതാനമാനനിചയേ" എന്നുള്ള പദ്യപ്രകാരവും, ഈ പറകപ്പെട്ട ക്രമമനുസരിച്ചും വരവറിയുന്നതിനുള്ള ക്രമം രണ്ടുവിധം പറഞ്ഞുകഴിഞ്ഞു. ചുററിനെ ഇരുപത്തേഴിൽ പെരുക്കി ഇരുപതുകൊണ്ടു ഹരിക്കുമ്പോൾ ശേഷിക്കുന്നതു വയസ്സാകുന്നു. ഇവിടെ ശേഷിക്കുന്ന സംഖ്യ നാലാണെങ്കിൽ ബാല്യമെന്നും എട്ടാണെങ്കിൽ കൌമാരമെന്നും പന്ത്രണ്ടാണെങ്കിൽ യൗവനമെന്നും പതിനാറാണെങ്കിൽ വാൎദ്ധക്യമെന്നും ഇരുപതാണെങ്കിൽ മരണമെന്നും ധരിക്കേണ്ടതാണു്. ഒന്നു്, രണ്ടു്, മൂന്നു് ഈ സംഖ്യകൾ ശേഷിക്കുന്നു എങ്കിൽ ആ സംഖ്യയോടൊപ്പം വത്സരം ബാല്യത്തിൽ ചെന്നിട്ടുണ്ടെന്നറിഞ്ഞുകൊള്ളണം. ഇതുപോലെ അഞ്ചു്, ആറു്, ഏഴു്, മുതലായ സംഖ്യകൾ ശേഷിക്കുമ്പോഴും അതാതു വയസ്സിൽ ചേന്നിട്ടുള്ള വത്സരസംഖ്യ ഗ്രാഹ്യമാകുന്നു. അഞ്ചുവിധമുള്ള വയസ്സുകളിൽവച്ചു, യൌവനവയസ്സ് അത്യുത്തമമാകുന്നു.

മൂ-നന്ദഘ്നേപരിധൗചകേവലപരീണാഹേഥവാത്രിംശതാ
ഭക്തേതത്ര വികല്പപക്ഷയുഗളേപ്രാഗ്വത്തിഥിശ്ശിഷ്യതേ
ത്രിഘ്നേംകാഭിഹതേഥവാർണ്ണവഹൃതേനാഹേദ്വിജാദ്യാഃക്രമാ-
ദ്വർണ്ണാസ്സ്യുർന്നിഗമാഹതേവസുഹതേവാർക്കാഹൃതേരാശയഃ.൨൦

| അന്വയം. | അൎത്ഥം. |
|---|---|
| നന്ദഘ്നേപരിധൌ | = ചുററിനെ ഒൻപതിൽ പെരുക്കീട്ടോ |
| അഥവാ | = അല്ലെങ്കിൽ |
| കേവലപരീണാഹേ | = കേവലമായ ചുററിനേയോ |
| ത്രിംശതാ ഭക്തേ | = മുപ്പതുകൊണ്ടു ഹരിക്കുമ്പോൾ |
| തത്ര | = അവിടെ |
| വികല്പപക്ഷയുഗളേ | = പൂൎവ്വാപരഭേദേനയുള്ള രണ്ടുപക്ഷങ്ങ- |
| തിഥിഃ | = തിഥിഃ (പക്കം) (ളിലേയും |
| പ്രാഗ്വൽ ശിഷ്യതേ | = മുൻപിലത്തേപ്പോലെ ശേഷിക്കുന്നു |
| ത്രിഘ്നേ | = മൂന്നിൽ പെരുക്കിയതോ |
| അഥവാ | = അല്ലെങ്കിൽ |
| അംകാഭിഹതേ | = അങ്കം(൯)കൊണ്ടു പെരുക്കിയതോ- |
| നാഹേ | = ചുററു് (ആയ |
| അൎണ്ണവഹൃതേ | = അൎണ്ണവം (൪)കൊണ്ടു ഹരിക്കു- |
| ശേഷാഃ | = ശേഷങ്ങൾ (മ്പോൾ |
| ക്രമാൽദ്വിജാദ്യാഃ | = ക്രമേണ ബ്രാഹ്മണാദിയായുംഭവിക്കും |
| നിഗമാഹതേ | =നിഗമം (നാലു്)കൊണ്ടു പെരുക്കി-<br>യതോ |
| വസുഹതേ | = വസു (എട്ടു്)കൊണ്ടുപെരുക്കിയതോ- |
| നാഹേ | = ചുററു് (ആയ |
| അൎക്കാഹൃതേ | = അൎക്കനെ(൧൨)കൊണ്ടുഹരിക്കുമ്പോൾ |
| ശേഷയാഃരാശഃസ്യുഃ | = ശേഷങ്ങൾ രാശികളായി ഭവിക്കും |

സാ—ചുററിനെ ഒൻപതിൽ പെരുക്കീട്ടോ അല്ലെങ്കിൽ സ്വതേയുള്ള ചുററിനെത്തന്നെയൊ മുപ്പതിൽ ഹരിക്കുമ്പോൾ ശേഷിക്കുന്നതുകൊണ്ടു് മുൻപിലത്തേപ്പോലെ പൂൎവ്വാപരപക്ഷങ്ങളിലെ പ്രതിപദം മുതലായ തിഥികൾ സിദ്ധിക്കും. ചുററിനെ മൂന്നുകൊണ്ടോ എട്ടുകൊണ്ടോ പെരുക്കി നാലിൽ ഹരിക്കുമ്പോൾ ശേഷിക്കുന്നതുകൊണ്ടു് ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര, ജാതിഭേദങ്ങൾ അറിയാവുന്നതാണു്. ചുററിനെ നാലിലൊ എട്ടിലൊ പെരുക്കി പന്ത്രണ്ടിൽ ഹരിക്കുമ്പോൾ ശേഷിക്കുന്നതുകൊണ്ടു് മേഷാദിരാശികളെ അറിഞ്ഞുകൊള്ളണം.

മൂ-കേവലനാഴഹന്ദ്രിഹൃതേത്രിഘ്നനാഴഹേചശിഷ്യതേവാരഃ
ദ്വിഘ്നവാത്രിഘ്നവാനാഴഹേനൃപഭാജിതേധ്രുവാദ്യാഃസ്യുഃ. ൨൫
മൂ-ക്ഷേത്രഫലേവ്യയയുക്തേനൃപഭക്തേവാധ്രുവാദയഃ ശിഷ്ടാഃ
ധ്രുവധാന്യജയവിനാശാഃഖരകാന്തമനഃപ്രസാദസുമുഖത്വം.
മൂ-വൈമുഖ്യാസൌമ്യത്വേവിരോധവിത്തോൽഭവക്ഷയാക്രാന്ദാഃ
വൃദ്ധിജയൗചക്രമശഃസംജ്ഞാതുല്യംഫലംഭവേദേഷാം. ൨൬

| അന്വയം. | അൎത്ഥം. |
|---|---|
| കേവലനാഴഹേ | = ചുററിനേമാത്രമോ |
| ത്രിഘ്നേ നാഴഹേ വാ | = മൂന്നിൽപെരുക്കിയ ചുററിനേയോ |
| അദ്രിഹൃതേ | = അദ്രി (൭)കൊണ്ടു് ഹരിക്കുമ്പോൾ |
| വാരഃശിഷ്യതേ | = വാരംശേഷിക്കുന്നു |
| നാഴഹ | = ചുററു് |
| ദ്വിഘ്നേ വാ ത്രിഘ്നേ വാ | = രണ്ടിലൊ മൂന്നിലൊ പെരുക്കി |
| നൃപഭാജിതേ | = നൃപനെ (൧൬)കൊണ്ടു് ഹരിക്കു (മ്പോൾ |
| ധ്രുവാദ്യാഃസ്യുഃ | = ധ്രുവാദികൾ ഭവിക്കും. |
| ക്ഷേത്രഫലേവ്യയയുക്തേ | = ക്ഷേത്രഫലംവ്യയസംഖ്യയോടു ചേൎത്തു |
| നൃപഭക്തേ | = നൃപനെ (൧൬)കൊണ്ടു് ഹരിക്കു (മ്പോഴും |
| ശിഷ്ടാഃ | = ശിഷ്ടങ്ങൾ |
| ധ്രുവാദയഃ സ്യുഃ | = ധ്രുവാദികളായി ഭവിക്കും |
| ധ്രുവധാന്യജയവിനാശാഃ ഖരകാന്തമനഃ-പ്രസാദസുമുഖത്വം | = ധ്രുവം, ധാന്യം, ജയം, വിനാശം ഖരം, കാന്തം, മനഃപ്രസാദം, സുമു (ഖത്വം |
| വൈമുഖ്യാസൌമ്യത്വേ | = വൈമുഖ്യം, അസൌമ്യത്വം |
| വിരോധവിത്തോൽഭവ-ക്ഷയാക്രാന്ദാഃ | =വിരോധം, വിത്തോൽഭവം, ക്ഷയം, ആക്രാന്ദം |
| വൃദ്ധിജയൌ | = വൃദ്ധിയും ജയവും |
| ക്രമശഃ | = ഇങ്ങിനെ ക്രമേണ ധ്രുവാദികൾ ഭ (വിക്കും |
| ഏഷാം | = ഇതുകൾക്കു് |
| സംജ്ഞാതുല്യം ഫലം | = പേരിനെ അനുസരിച്ചു ഫലം |
| ഭവേൽ | = ഭവിക്കും. |

സാ—സ്വതേയുള്ള ചുററിനേയോ അല്ലെങ്കിൽ മൂന്നിൽ പെരുക്കിയ ചുററിനേയൊ ഏഴിൽ ഹരിച്ചാൽ ശേഷിക്കുന്നതു കൊണ്ടു് ഞായറാഴ്ച തുടങ്ങിയുള്ള ആഴ്ചയെ അറിഞ്ഞുകൊള്ളണം. ചുററിനേ രണ്ടിൽ പെരുക്കിയൊ അല്ലെങ്കിൽ മൂന്നിൽ പെരുക്കി

യൊ പതിനാറിൽ ഹരിച്ചാൽ ശേഷിക്കുന്നതുകൊണ്ടു് താഴെപ്പറയുന്ന ക്രമമനുസരിച്ചു ധ്രുവാദികൾ ഗ്രാഹ്യമാകുന്നു. അല്ലെങ്കിൽ ക്ഷേത്രഫലസംഖ്യയോടു വ്യയസംഖ്യകൂടിച്ചേൎത്തു് പതിനാറിൽ ഹരിച്ചു് ശേഷംകൊണ്ടും ധ്രുവാദികൾ സിദ്ധിക്കുന്നതാണു്. ഒന്നുശേഷിക്കുന്നു എങ്കിൽ ധ്രുവം, രണ്ടുശേഷിക്കുന്നു എങ്കിൽ ധാന്യം, എന്നിങ്ങനെ ക്രമേണ, ധ്രുവം, ധാന്യം, ജയം, വിനാശം, ഖരം, കാന്തം, മനഃപ്രസാദം, സുമുഖത്വം, വൈമുഖ്യം, ആസൗമ്യത്വം, വിരോധം, വിത്തോൽഭവം, ക്ഷയം, ആക്രാന്ദം, വൃദ്ധി, ജയം ഇവകൾ ഭവിക്കും. ഈ ധ്രുവാദികൾ അതാതുകളുടെ പേരിനനുകൂലങ്ങളായ ഫലങ്ങളെച്ചെയ്യും.

ഇതി മനുഷ്യാലയമഹാചന്ദ്രികായാം

തൃതീയോദ്ധ്യായഃ സമാപ്തഃ.

---

## ചതുൎത്ഥാദ്ധ്യായ പ്രാരംഭഃ.

### ശാലകളുടെ സാമാന്യലക്ഷണം.

ശ്ലോ-സ്വാഭീഷ്ടാലയദീൎഘമങ്കണവിധിംതേഷാം പൃഥങ്നാഹതോ
യോന്യായൎക്ഷവയോവ്യയാദിശുഭദംസൎവ്വപ്രകാരാദപി
സമ്പാദ്യാഥഗൃഹേഷ്ടദീൎഘഗുണവിസ്താരാദിഭേദാൽപൃഥക
ദീൎഘവ്യാസമിതിംകരോതുചയഥാത്രാല്പാന്തരാളംസുധീഃ.- ൧

| അന്വയം | അൎത്ഥം |
|---|---|
| സ്വാഭീഷ്ടാലയദീൎഘം | = ഇച്ഛിക്കപ്പെട്ട ഗൃഹദീൎഘം |
| അങ്കണവിധിം | = അങ്കണത്തിന്റെ നിശ്ചയം (ഇവ |
| തേഷാം | = അതാതു ഗൃഹാദികളുടെ |
| പൃഥങ്നാഹതഃ | = പ്രത്യേകമുള്ള ചുററുകൊണ്ടു് |
| യോന്യായൎക്ഷവയോ-വ്യയാദി | = യോനി, വരവു്, നാളു്, വയസ്സു് ഇത്യാദികൾ |
| സൎവ്വപ്രകാരാൽ | = മുൻപറഞ്ഞ എല്ലാവിധത്തിലും |
| ശുഭദം സമ്പാദ്യ | = ശുഭകരമാക്കിച്ചെയ്തിട്ടു് |
| ഗൃഹേഷ്ടദീൎഘഗുണവിസ്താരാദിഭേദാൽ | = ഗൃഹത്തിന്റെ ഇഷ്ടദീൎഘത്തിന്റേറയും ഗുണവിസ്താരത്തിന്റേറയും വിധിയെ അനുകൂലിക്കുമ്പോൾ |
| യഥാ | = യാതൊരുവിധമായാൽ |
| അത്ര അല്പാന്തരാളം | = ഇവിടെ അന്തരാളം ചെറുതായിരി |

തഥാ = അതിനനുകൂലമായവിധം (ക്രമോ
സുധീഃ = ബുദ്ധിമാനായവൻ
ദീൎഘവ്യാസമിതിം കരോതു = ദീൎഘവിസ്താരങ്ങളെച്ചെയ്യണം.

സാ:—അങ്കണങ്ങൾ ശാലകൾ മുതലായവ അവ ഓരോന്നിൻെറയും പ്രത്യേകമുള്ള ചുററുകൊണ്ടു മുൻപറഞ്ഞ യോനി, വരവു്, നക്ഷത്രം, വയസ്സു്, ചിലവു് മുതലായവ ശുഭകരമായിരിക്കത്തക്കവണ്ണം വേണം നിശ്ചയിക്കേണ്ടതു്. അതായതു് ആകെപ്പത്തുന്തംകൊണ്ടും ഓരോ ദിഗ്ഗൃഹങ്ങളെക്കൊണ്ടും വിസ്താരം ദീൎഘം പാദമാനം മുതലായവയെക്കൊണ്ടും അതാതിനു വിധിക്കപ്പെട്ട യോനിയും ശുഭകരമായ നക്ഷത്രാദികളും ഉത്ഭവിക്കത്തക്കവണ്ണം അവയുടെ ഓരോന്നിൻെറ ചുററും നിശ്ചയിച്ചുകൊള്ളണം. ദിഗ്ഗൃഹങ്ങളുടെ രണ്ടുവശവുമുള്ള അന്തരാളം ക്രമത്തിൽനിന്നു് അധികമാകാത്തവിധം വേണം ശാലകളുടെ ദീൎഘത്തേയും വിസ്താരത്തേയും നിശ്ചയിക്കേണ്ടതു്. 'സുധീഃ' എന്നു പ്രയോഗിച്ചിരിക്കുന്നതുകൊണ്ടു് ഈ വിഷയത്തിലുള്ള പ്രമാണം സൂചിപ്പിച്ചിരിക്കുന്നു. ഈ അദ്ധ്യായംകൊണ്ടു പറയുന്നതു് ശാലകളുടെ സാധാരണനിയമത്തെ ആണു്. അങ്കണവും അങ്കണത്തിൻെറ നാലുദിക്കുകളിലുമായി നാലുശാലകളും കോണുകളിൽ കോൺഗൃഹങ്ങളും ശാലകളുടെ ഇരുപുറങ്ങളിലുമായി എട്ടു് അന്തരാളങ്ങളും ഇവയെ എല്ലാം ആകെ ബന്ധിക്കുന്ന 'പത്തുന്ത'വും ഉണ്ടായിരിക്കും. ഇതിൻെറ വിശദമായ അറിവു് അടുത്ത ഘട്ടംകൊണ്ടു വെളിപ്പെടുന്നതാണു്.

## ഇഷ്ടദീൎഘംകൊണ്ടു ചുററുമുതലായവ നിശ്ചയിക്കേണ്ടക്രമം.

മൂ— ഇഷ്ടാദ്ദീൎഘാൽസൎവധാമ്നാഞ്ചനാഹോ
വിസ്താരോസ്മാദപിസ്തൃതേപാദമാനം
തസ്മാൽമാസൂരഞ്ചതച്ഛേഷതഃ സ്യാൽ
സ്തംഭസ്തംഭാദപിസ്തൃതിശ്ചോത്തരാണാം. ൨

മൂ— തത്തദുത്തരവിസ്താരാല്പപാനീവ്രാദിവിസ്തൃതിഃ
ഉത്തരാദേൎഘനം തദപി വിസ്താരാദേവകല്പ്യതേ. ൩

അന്വയം. അൎത്ഥം.

ഇഷ്ടാൽ ദീൎഘാൽ = ഇഷ്ടദീൎഘത്തിൽനിന്നു്
സൎവധാമ്നാം ച നാഹഃ=എല്ലാ ഗൃഹങ്ങളുടേയും ചുററുഭവിക്കും
അസ്മാൽവിസ്താരഃ = ഈ ചുററിൽനിന്നു വിസ്താരവും

| | |
|---|---|
| വിസ്തൃതേഃ പാദമാനം | = വിസ്താരത്തിൽനിന്നു പാദമാനവും |
| തസ്മാൽ മാസൂരം ച | = പാദമാനത്തിൽ നിന്നു് അധിഷ്ഠാനവും ഭവിക്കും. |
| തച്ഛേഷതഃസ്തംഭഃ | = അധിഷ്ഠാനത്തിന്റെ ശേഷം കാൽ |
| സ്തംഭാൽ | = കാൽപൊക്കംകൊണ്ടു (പൊക്കവും |
| ഉത്തരാണാം വിസ്തൃതിഃ | = ഉത്തരങ്ങളുടെ വിസ്താരവും ഭവിക്കും |
| തത്തദുത്തരവിസ്താരാൽ | = അതാതുത്തരങ്ങളുടെ വിസ്താരത്തെ അശ്രയിച്ചുതന്നെ |
| ഉപാനീപ്രാദിവിസ്തൃതിഃ | = കഴുക്കോൽ, വാമട മുതലായവകളുടെ വിസ്താരവും |
| തദ്വൽ | = അതുപോലെ (അതാതുകളുടെ വിസ്താരത്തിൽനിന്നുതന്നെ) |
| ഉത്തരാദേഃ | = ഉത്തരം മുതലായവകളുടെ |
| ഘനംകല്പ്യതേ | = ഘനവും നിശ്ചയിക്കേണ്ടതാണു്. |

സാ:—ഇവിടെ പറയാൻപോകുന്ന ക്രമമനുസരിച്ചു് ഇഷ്ടദീൎഘംകൊണ്ടു ചുററിനെ നിശ്ചയിക്കണം. ഇഷ്ടദീൎഘരീതി അനുസരിച്ചോ അല്ലെങ്കിൽ ചുററിനെ ഗുണാംശംകൊണ്ടു് അംശിച്ചിട്ടോ വിസ്താരത്തെ കല്പിക്കണം. ഈ ഗൃഹവിസ്താരം വിധിപ്രകാരം ഭാഗിച്ചു് പാദമാനപ്പൊക്കത്തെ നിശ്ചയിക്കണം പാദമാനപ്പൊക്കം വിധിപോലെ ഭാഗിച്ചു് അതിൽനിന്നും അധിഷ്ഠാനപ്പൊക്കം കല്പിക്കണം. പാദമാനപ്പൊക്കത്തിൽ അധിഷ്ഠാനപ്പൊക്കം കഴികെ ബാക്കിയുള്ളതു കാൽനീളമാകുന്നു. കാൽപ്പൊക്കത്തെ യഥാവിധി അംശിച്ചു് ഉത്തരവീതി കല്പിക്കണം. അതാതു ഗൃഹത്തിന്റെ ഉത്തരങ്ങളുടെ വിസ്താരത്തെ വിധിപോലെ ഭാഗിച്ചു കഴുക്കോൽ, തുമ്പുവാമട, മുതലായ ഉപാംഗങ്ങളുടെ വിസ്താരത്തെ കല്പിക്കണം. ഉത്തരം മുതലായ ഓരോ അവയവങ്ങളുടെ ഘനത്തേയും അതാതുകളുടെ വിസ്താരത്തെ യഥാക്രമം അംശിച്ചുനിശ്ചയിച്ചുകൊള്ളേണ്ടതാണു്. വിസ്താരം, പാദമാനം മുതലായവ നിശ്ചയിക്കുന്നതിനുള്ള ഈ അംശക്രമം അടുത്തുതന്നെപറയപ്പെടും.

## ഇഷ്ടദീൎഘംകൊണ്ടു ചുററും ചുററുകൊണ്ടിഷ്ടദീൎഘവും നിശ്ചയിക്കേണ്ടക്രമം.

മൂ-ഷഡ്ഢസ്താദിനിജേഷ്ടദീൎഘകരസംഖ്യാനേഷ്ടനിഘ്നേസപാദി-
ഗ്ന്യോന്യാാഢ്യേസതിതൽത്രിഭാഗജഹതൽഗേഹസ്യനാഭേഹഭ-
വേൽ

വ്യത്യാസക്രിയയാഭവേദപിച തദ്ദീഃഘോഥനാഹേധികേ
ദീഘോനേപരിശിഷ്യതേത്രവിതതിസ്സർവത്രമർത്ത്യാലയേ. ൪

| അന്വയം. | അൎത്ഥം. |
|---|---|
| ഷഡ്ഢസ്താദിനിജേഷ്ടദീ-ഘകരസംഖ്യാനേ | = ആറുകോൽതുടങ്ങിയുള്ള തന്റെ ഇഷ്ടദീഘസംഖ്യയെ |
| അഷ്ടനിഘ്നേ | = എട്ടിൽ പെരുക്കി. |
| സ്വദിഗ്യോന്യാഢ്യേസതി | = തന്റെ 'ദിഗ്യോനി'കൂടി ചേൎക്കുമ്പോൾ |
| തൽത്രിഭാഗഃ | = ആ സംഖ്യയുടെ മൂന്നിൽ ഒരു ഭാഗംകൊണ്ടു് |
| ഇഹ തൽഗേഹസ്യ | = ഇവിടെ ആവശ്യപ്പെട്ട ഗൃഹ |
| നാഹഃ ഭവേൽ | = ചുററു സിദ്ധിക്കും (ത്തിന്റെ |
| വ്യത്യാസക്രിയയാ | = ഈ ക്രിയ വിപരീതമായിചെയ്യുമ്പോൾ |
| തദ്ദീഘഃ അപി ച ഭവേൽ | = അതിന്റെ ദീഘവും ഭവിക്കും. |
| അഥ | = പിന്നീടു് |
| സവ്ത്ര മർത്ത്യാലയേ | = എല്ലായിടത്തും മനുഷ്യാലയങ്ങ |
| നാഹേ അധികേ | = ചുററിനെ അധിച്ചു് (ളിൽ |
| ദീർഘോനേ | = ഇഷ്ടദീർഘം കുറയുമ്പോൾ |
| അത്ര വിതതിഃപരിശിഷ്യതേ | = ഇവിടെ വിസ്താരംകിട്ടും. |

സാ:—തന്റെ ഗൃഹത്തിനു് ഇത്രകോലോളം നീളമുണ്ടായിരിക്കണമെന്നു് ഒരു വിചാരം കാണുമല്ലോ. അതാണു് ഇഷ്ടദീർഘമെന്നു പറയുന്നതു്. ഇതു കോൽകൊണ്ടല്ലാതെ ശിഷ്ടാംഗുലങ്ങളോടുകൂടി വിധിച്ചിട്ടില്ലെന്നു് "ഇഷ്ടദീഘകരസംഖ്യാനേ" എന്നുള്ള ഭാഗം സൂചിപ്പിക്കുന്നു. ഈ ഇഷ്ടദീർഘത്തെ എട്ടിൽ പെരുക്കി തനിക്കു് ഏതു ദിക്കിലാണോ ഗൃഹംവേണ്ടതു് ആ ദിക്കിലെ യോനിസംഖ്യകൂടി ചേൎത്തു് അതിനെ മൂന്നായി ഭാഗിക്കുമ്പോൾ ആ ഗൃഹത്തിന്റെ ചുററു സിദ്ധിക്കും. അതു നാം നിശ്ചയിച്ചദിക്കിനുചിതമായ യോനിയായിരിക്കയും ചെയ്യും.

ഇഷ്ടദീർഘം ഏഴുകോൽ എന്നു വിചാരിക്കുക. അതിനെ എട്ടിൽ പെരുക്കുമ്പോൾ കിട്ടുന്നസംഖ്യ അൻപത്താറു്. ഈ ഗൃഹംപടിഞ്ഞാറേറതാണെങ്കിൽ യോനിസംഖ്യയായ ൫ കൂടി ചേൎക്കുമ്പോൾ ആകെ കിട്ടുന്ന സംഖ്യ ൬൧. ഇതിനെ മൂന്നായി ഭാഗിക്കുമ്പോൾ ൨൦ കോൽ ൮ അംഗുലം വരുന്നതാണു്

ചുററിനെ മൂന്നിൽ പെരുക്കി ഇഷ്ടദിക്കിലെ യോനിസംഖ്യ

കളഞ്ഞ് എട്ടായി ഭാഗിക്കുമ്പോൾ അതിൻെറ ഒരുഭാഗം; ഇഷ്ട ദീൎഘമാണ്. ചുററ് ഇരുപതുകോൽ ൮ അംഗുലം എന്നു വിചാരിക്കുക. മൂന്നിൽ പെരുക്കുമ്പോൾ കിട്ടുന്നസംഖ്യ ൬൧ ഇതിൽനിന്നു പടിഞ്ഞാററതിൻെറ യോനിസംഖ്യയായ ൩ കുറയ്ക്കുമ്പോൾ ശേഷിക്കുന്ന സംഖ്യ ൫൮. ഇതിൻെറ ൮-ൽ ഒരുഭാഗം ൭ കോൽ ആണല്ലോ. ഈ ചുററിൻെറ ഇഷ്ടദീൎഘവും ൭ കോൽ ആണ്.

പിന്നീട്ട് ചുററിൻെറ പകുതിയിൽനിന്നു് ഇഷ്ടദീൎഘം കുറയ്ക്കുമ്പോൾ ശേഷിക്കുന്നതു് ആ ഗൃഹത്തിൻെറ വിസ്താരമാണ്. "സൎവ്വത്രമൎത്ത്യാലയേ" എന്നഭാഗംകൊണ്ടു് ഇതു് മനുഷ്യാലയങ്ങൾക്ക് എവിടെയും സ്വീകരിക്കാമെന്നു വെളിപ്പെടുന്നുണ്ടു്. എങ്കിലും ഇഷ്ടദീൎഘം മാത്രമായിട്ടു ദീൎഘത്തെ ചെയ്യുവരാറില്ല ഗുണാംശവിസ്താരംകൊണ്ടു് കിട്ടുന്ന ദീൎഘത്തിൽ ഇഷ്ടദീൎഘവുമായി ആനുകൂല്യം വിചാരിച്ചുവരുന്നുണ്ടു് എങ്ങനെയെന്നാൽ ഗുണാംശംകൊണ്ടു വിസ്താരദീൎഘങ്ങളെ നിശ്ചയിക്കുമ്പോൾ ഇഷ്ടദീൎഘത്തിൽനിന്നു് അംഗുലങ്ങളെക്കൊണ്ടല്ലാതെ കോൽ പൂൎണ്ണമാക്കി കൂട്ടുകയോ കുറയ്ക്കുകയോ പാടില്ലെന്നാണു ശാസ്ത്രസമ്മതം. ആചാരവും അപ്രകാരംതന്നെയാണ്. ചുററിൻെറ ഇഷ്ടദീൎഘസംഖ്യയിൽനിന്നു് ൨൰ അംഗുലത്തിൽ കൂടുതൽ ദീൎഘമുണ്ടായാൽ ദീൎഘാധിക്യമെന്ന ദോഷവും അതുപോലെ കുറഞ്ഞാൽ ഹീനദീൎഘമെന്ന ദോഷവും വരും. ഇതിനുള്ള പ്രമാണം "തസ്മാന്നിൎദ്ദിഷ്ടഹസ്തേഭ്യോഹീനാധിക്യം നകാരയേൽ അംഗുലീഭിന്നദോഷസ്സ്യാദ്ഭയത്രകരാദ്ഭതേ" എന്നുള്ള വാസ്തുവിദ്യാവചനമാണ്.

മൂ:—സ്വാഭിഷ്ടദീൎഘഹസ്തേദ്വിഘ്നേസതിതൽത്രിഭാഗസംയുക്തേ
സ്വാഭീഷ്ടയോനിസംഖ്യാത്ര്യംശയുതേനാഹഇതിചസംഭവതി.

| അന്വയം. | അൎത്ഥം. |
|---|---|
| സ്വാഭീഷ്ടദീൎഘഹസ്തേ | = ഇഷ്ടദീൎഘ സംഖ്യയായ കോലിനെ |
| ദ്വിഘ്നേ | = ഇരട്ടിച്ച് |
| തൽത്രിഭാഗസംയുക്തേ | = അതിൻെറ മൂന്നിൽ ഒരു ഭാഗം കൂടി ചേൎത്തു് |
| സ്വാഭീഷ്ടയോനിസംഖ്യാത്ര്യംശയുതേസതി | = ഇഷ്ടയോനി സംഖ്യയുടെ മൂന്നിൽ ഒരുഭാഗവുംകൂടിചേൎക്കുമ്പോൾ |
| ഇതി ച നാഹഃ സംഭവതി | = ഇങ്ങിനെയും ചുററുസിദ്ധിക്കുന്നു. |

സാ:—ഇഷ്ടദീൎഘമായ കോലിനെ ഇരട്ടിച്ച് അതിൻെറ മൂന്നിൽ ഒരു ഭാഗവും യോനിസംഖ്യയുടെ മൂന്നിൽ ഒരു ഭാഗവും കൂടി ചേൎക്കുമ്പോൾ നിശ്ചയിച്ച ദിക്കിനു വിധിക്കപ്പെട്ട ഗൃഹത്തി

ൻെറ ചുററു സിദ്ധിക്കുന്നതാണ്. ഇതിൻെറ ക്രമവും മുൻപിലത്തെപ്പോലെ നിശ്ചയിച്ചുകൊൾക.

## ഗുണാംശംകൊണ്ടു് വിസ്താരംവയ്ക്കേണ്ടക്രമം.

ശ്ലോ. നാഹാംശ്ലീംശേനദീർഘോവിതതിരപിഭവേത്തുല്യവേദാശ്രഗേഹേ
നാഹാൎദ്ധേനന്ദഭക്തേവ്വിതതിരുദധിഭാഗൈശ്ശേഷദീർഘോവിശിഷ്ടഃ
സസ്യാൽ പാദാധികോൎദ്ധാനിക ഇഹപരിണാഹേൎദ്ധിതേദിഗ്വിഭക്തേ
ഷഡ്ഭിർദീർഘശ്ചതുർഭിവിതതിരിതിസുരാഗാരയോഗ്യാസ്ത്രയോമീ.

| അന്വയം. | അൎത്ഥം. |
|---|---|
| തുല്യവേദാശ്രഗേഹേ | = സമചതുരമായ ഗൃഹത്തിൽ |
| നാഹാംശ്ലീംശേന | = ചുററിൻെറ നാലിൽ ഒരുഭാഗം |
| ദീർഘഃ | = ദീർഘം ഭവിക്കും (കൊണ്ടു് |
| വിതതിഃ അപി ഭവേൽ | = വിസ്താരവും അതുപോലെ ഭവിക്കും |
| നാഹാൎദ്ധേ | = ചുററിൽ പകുതി |
| നന്ദഭക്തേ | = ഒൻപതായി ഭാഗിക്കുമ്പോൾ |
| ഉദധിഭാഗൈഃ | = നാലുഭാഗംകൊണ്ടു് |
| വിതതിഃ | = വിസ്താരവും |
| അവശിഷ്ടൈഃ ദീർഘഃ ച | = ശേഷമുള്ളതുകൊണ്ടു് ദീർഘവും ഭ |
| സഃ പാദാധികഃ സ്യാൽ | = അതു് പാദാധികമാകുന്നു (വിക്കും |
| പരിണാഹേ അൎദ്ധിതേ | = ചുററിനെ അൎദ്ധിച്ചു് |
| ദിഗ്വിഭക്തേ | = പത്തായി ഭാഗിക്കുമ്പോൾ |
| ഷഡ്ഭിഃ ദീർഘഃ | = ആറുഭാഗംകൊണ്ടു ദീർഘവും |
| ചതുർഭിഃ വിതതിഃ സ്യാൽ | = നാലുഭാഗംകൊണ്ടു് വിസ്താരവും ഭവി |
| ഇഹ അൎദ്ധാധികഃ | = ഇതു് അൎദ്ധാധികമാകുന്നു (ക്കണം |
| ഇതി അമീത്രയാഃ | = ഇങ്ങിനെ ഈ മൂന്നംശങ്ങളും |
| സുരാഗാരയോഗ്യാഃ | = ദേവാലയങ്ങൾക്കു് ഉപയോഗിക്കേണ്ടതാണു്. |

സാ:—ദീർഘവും വിസ്താരവും തുല്യമായ ഗൃഹത്തിനു 'സമതത്തമെന്നും, വിസ്താരത്തിൻെറ നാലിൽ ഒരുഭാഗംകൂടി നീളമധികമുണ്ടെങ്കിൽ പാദാധികമെന്നും, വിസ്താരത്തേക്കാൾ അതിൻെറ പകുതികൂടി കൂടുതലുണ്ടെങ്കിൽ അൎദ്ധാധികമെന്നും, വിസ്താരത്തിൻെറ നാലിൽ മൂന്നുഭാഗം നീളം കൂടുതലാണെങ്കിൽ പാദോനമെന്നും ഗുണാംശവിസ്താരം ഇങ്ങനെ നാലുവിധമാണു്. വിസ്താരത്തി

ൻെറ രണ്ടോ മൂന്നോ ഭാഗംമുതൽ കൂട്ടതലുള്ളതു് സമതതമാണ ല്ലോ. അവിടെനിന്നും പാദം, അൎദ്ധം, മുക്കാൽ, ഇത്ര്യുംഭാഗം കൂട്ടുന്നതു് ക്രമത്താലെ പാദാധികം, അൎദ്ധാധികം, പാദോനം എന്നിങ്ങനെയും അടുത്ത പദ്യംകൊണ്ടു് ഗ്രഹിക്കാവുന്നതാണു്. സമചതുരമായ ഗൃഹത്തിനു ചുററിൻെറ നാലിൽ ഒരുഭാഗം വിസ്താരവും ഒരുഭാഗം ദീൎഘവുമാണു്. ചുററിൻെറ പകുതിയെ ഒൻപതായി ഭാഗിച്ചു് നാലുഭാഗംകൊണ്ടു് വിസ്താരവും അഞ്ചുഭാഗംകൊണ്ടു് ദീൎഘവും കല്പിക്കണം. ഇതു് പദാധികമാകുമല്ലോ. ചുററിൽ പകുതിയെ പത്തായിഭാഗിച്ചു നാലുഭാഗംകൊണ്ടു് വിസ്താരവും അറുഭാഗംകൊണ്ടു ദീൎഘവും കല്പിക്കണം. ഇതു് അൎദ്ധാധികമാകുമല്ലോ. ഇപ്പറഞ്ഞ മൂന്നംശങ്ങളും ദേവാലയങ്ങൾക്കു് വിധിക്കപ്പെട്ടവയാണു്. എങ്കിലും ചില അത്യാവശ്യഘട്ടങ്ങളിൽ മനുഷ്യാലയങ്ങൾക്കും ഉപയോഗിക്കാവുന്നതാണു്. ഇതു് അടുത്ത പദ്യംകൊണ്ടു് സ്പഷ്ടമാകുന്നതാണു്.

മൂ— പാദാധികോമനുജസത്മനിഗൃഹ്യതേ ത-
ത്രാവശ്യകേസമതതായതികോപികൈശ്ചിൽ
അൎദ്ധാധികോത്ര നഹിതോമുനിഭിസ്സമസ്ത
പാദോനതാപി കഥിതാഖിലനാശിനീതി. ൭

| അന്വയം. | അൎത്ഥം |
|---|---|
| മനുജസത്മനി | = മനുഷ്യാലയങ്ങളിൽ |
| പാദാധികഃ ഗൃഹ്യതേ | = പാദാധികാംശം സ്വീകരിക്കപ്പെടുന്നു |
| തത്ര ആവശ്യകേ | = മനുഷ്യാലയത്തിൽ ആവശ്യംനേരിട്ടു(മ്പോൾ |
| സമതതായതികഃ അപി | = സമതതാംശവും |
| കൈശ്ചിൽ ഗൃഹ്യതേ | = ചിലരാൽ ഗ്രഹിക്കപ്പെടുന്നു |
| അത്ര അൎദ്ധാധികഃ | = ഇവിടെ അൎദ്ധാധികാംശം |
| നഹിതഃ | = ഇഷ്ടമല്ല |
| സമസ്തപാദോനതാ | = എല്ലാ പാദോനാംശങ്ങളും |
| അഖിലനാശിനീഇതി | = എല്ലാംപേക്കും നാശത്തെച്ചെയ്യുന്നഎ(ന്നു് |
| മുനിഭിഃ കഥിതഃ | = മുനിമാരാൽ പറയപ്പെട്ടിരിക്കുന്നു. |

സാ—൮, ൧൨, ൧൬, ൨൦, ൨൪, ൨൮, ൩൨, ഈ അംശങ്ങൾ സമതതങ്ങളും; ൯, ൧൩, ൧൭, ൨൧, ൨൫, ൨൯ ഈ അംശങ്ങൾ പാദാധികങ്ങളും; ൧൦, ൧൪, ൨൨, ൨൬, ൩൦ ഈ അംശങ്ങൾ അൎദ്ധാധികങ്ങളും; ൧൧, ൧൫, ൧൯, ൨൩, ൨൭, ൩൧ ഈ അംശങ്ങൾ പാദോനങ്ങളും ആണെന്നു സ്പഷ്ടമാണല്ലോ. എന്നാൽ ദേവാലയത്തിനു വിധിച്ചിട്ടുള്ള ൯ അംശംകൊണ്ടുള്ള പാദാധികം മനു

ഷ്യാലയങ്ങൾക്കു് സ്വീകരിക്കാവുന്നതാണു്. അതായതു് അങ്കണം, കോൺഗ്രഹം മുതലായവയ്ക്കു് ഒൻപതംശംകൊണ്ടു ദീൎഘവിസ്താരങ്ങൾ കല്പിക്കേണ്ടതായിവരും. ഇങ്ങനെ ചെയ്യുവരുന്നുമുണ്ടു്. സമചതുരമായ അതായതു് ൮ അംശംകൊണ്ടുള്ള ദീൎഘവിസ്താരം ചതുരശാലയുടെ കോണാലയങ്ങൾക്കും അങ്കണത്തിനുംമററും സ്വീകരിക്കുന്നുണ്ടു്. പത്തംശംകൊണ്ടു് ഇവിടെ പറയപ്പെട്ട അദ്ധ്യാധികാംശം മനുഷ്യാലയങ്ങൾക്കു ശുഭമല്ല.

ഈ ശ്ലോകത്തിലെ അത്രശബ്ദം പത്താംശംകൊണ്ടു് പറയപ്പെട്ട അദ്ധ്യാധികത്തെ മാത്രം ഉദ്ദേശിച്ചു പ്രയോഗിച്ചിരിക്കയാണു്. "സമസ്തപാദോനതാ" എന്നുള്ള ഭാഗംകൊണ്ടു പാദോനാംശങ്ങൾ എല്ലാം നിന്ദ്യങ്ങളാണെന്നും മററുള്ളതു് ൮, ൯, ൧൦ ഈ അംശങ്ങളെമാത്രം സംബന്ധിക്കുന്നതാണെന്നും സൂചിപ്പിക്കുന്നു. "മുനിഭിഃ" എന്നുള്ള ഭാഗംകൊണ്ടു പാദോനാംശത്തിന്റെ ദോഷഫലത്തെ വെളിപ്പെടുത്തിയിരിക്കുന്നു. "പാദാധികോമനുജസത്മനിഗൃഹ്യതേത്ര" എന്ന അത്ര ശബ്ദത്തിന്റെ സാഹചൎയ്യംകൊണ്ടു് ഇവിടെ പറഞ്ഞിട്ടുള്ള പാദാധികാംശം സുരാഗാരയോഗ്യങ്ങളെന്നു വിധിച്ചിട്ടുള്ള ൯-അംശത്തെമാത്രം സംബന്ധിക്കുന്നതാണെന്നും അല്ലാതെ ൧൩, ൧൨ തുടങ്ങിയുള്ള പാദാധികാംശങ്ങളെ സംബന്ധിക്കുന്നതല്ലെന്നും സ്പഷ്ടമാകുന്നു. ഇതുപോലെ എട്ടംശംകൊണ്ടു പറഞ്ഞിട്ടുള്ള സമതതാംശവും ദേവാലയത്തിനു പയുക്തമായ സമതതത്തെ മാത്രമാണു് സംബന്ധിക്കുന്നതെന്നു് "തത്രാവശ്യകേ സമതതായതികോപി"യെന്നുള്ള ഭാഗംകൊണ്ടു് അല്ലെങ്കിൽ ൧൨, ൧൩, ൨൦ തുടങ്ങിയുള്ള അംശങ്ങൾക്കു ബാധകമായിത്തീരുന്നതാണു്. "അദ്ധ്യാത്രികോത്രനഹിതഃ" എന്ന ഭാഗംകൊണ്ടു് ൧൦ അംശത്തെ മാത്രമാണല്ലോ വിവക്ഷിച്ചിട്ടുള്ളതു്. അല്ലാതെ ൧൪, ൧൮, ൨൨ മുതലായ അദ്ധ്യാധികാംശങ്ങളെ ബാധിക്കുന്നതല്ല ആചാൎയ്യൻ മനുഷ്യാലയവിധിയെക്കുറിച്ചു പ്രതിപാദിക്കുന്ന ഈ ഗ്രന്ഥത്തിൽ പ്രസംഗവശാൽ ദേവാലയത്തിനു പയുക്തമായ ഈ മൂന്നംശങ്ങളെ വിശേഷേണ പറഞ്ഞതിനുശേഷം "പാദാധികോമനുജസത്മനി" എന്ന ഈ പദ്യംകൊണ്ടു് ൮, ൯, ൧൦ ഈ ൩ അംശങ്ങളെമാത്രം സംബന്ധിക്കുന്ന ഒരു വിശേഷവിധിയേയും പാദോനാംശങ്ങളുടെ ദോഷാധിക്യത്തേയും ദൃഢീകരിച്ചിരിക്കയാണു്. അല്ലാതെ സമതതാംശം സൎവ്വസമ്മതമല്ലെന്നു പറഞ്ഞതുകൊണ്ടു് സമതതാംശങ്ങളൊന്നും സ്വീകരിച്ചുകൂടായെന്നും, അദ്ധ്യാധികം നല്ലതല്ലെന്നു പറഞ്ഞതുകൊണ്ടു മററു

ള്ള അൎദ്ധാധികാംശങ്ങളും ഗ്രഹിച്ചുകൂടായെന്നും ഒരിക്കലും വിചാരിക്കരുതു്. അല്ലെങ്കിൽ പൂൎവ്വശാസ്ത്രങ്ങൾക്കും അട്ടത്തു പറയാൻ പോകുന്ന പദ്യത്തിനും ദോഷം കല്പിക്കേണ്ടിവരും.

മൂ— നാഹേ ഽൎദ്ധേ ദ്വാദശാദ്യൈ സ്ത്രിഭിരപി ചവിഭക്തേഥ-
വാ ഷോഡശാദ്യൈ-
ൎവ്വിംശത്യാദ്യൈശ്ച തത്വാദിഭിരപി മനുയുഗ്മാദി-
ഭിൎദ്ദന്തസംഖ്യൈഃ
തത്തുൎയ്യപ്രഹീണൈരഥ വിതതിരുദധ്യംശ-
തശ്ശേഷഭാഗൈൎ-
ദ്ദീൎഘോ വസ്വങ്കപങ്ക്ത്യാദിഭിരിതി ഗൃണവിസ്താര-
മാഹുൎമ്മുനീന്ദ്രാഃ ൨൮

| അന്വയം. | അൎത്ഥം. |
|---|---|
| നാഹേ അൎദ്ധേ | = ചുററിന്റെ പകുതിയെ |
| ദ്വാദശാദ്യൈഃ ത്രിഭിഃ | = ൧൨, ൧൩, ൧൪ ഈ അംശങ്ങളെക്കൊണ്ടും |
| അഥവാ ഷോഡശാദ്യൈഃ ത്രിഭിഃ | = അല്ലെങ്കിൽ ൧൬, ൧൭, ൧൮ ഈ അംശങ്ങളെക്കൊണ്ടും |
| വിംശത്യാദ്യൈഃ ത്രിഭിഃ | = ൨൦, ൨൧, ൨൨ ഈ അംശങ്ങളെക്കൊണ്ടും |
| തത്വാദിഭിഃ ത്രിഭിഃ | = ൨൪ ൨൫ ൨൬ ഈ അംശങ്ങളെക്കൊണ്ടും. |
| ദന്തസംഖ്യൈഃ | = ൩൨ അംശംകൊണ്ടും |
| വിഭക്തേ | = ഭാഗിക്കുമ്പോൾ |
| ഉദധ്യംശതഃ വിതതിഃ | = ൪ അംശംകൊണ്ടു വിസ്താരവും |
| ശേഷഭാഗൈഃ ദീൎഘഃ | = ശേഷംകൊണ്ടു ദീൎഘവുംകല്പിക്കണം |
| മുനീന്ദ്രാഃ ഇതി | = മുനീന്ദ്രന്മാർ ഇങ്ങനെ |
| വസ്വങ്കപങ്ക്ത്യാദിഭിഃ | = ൮, ൯, ൧൦ തുടങ്ങി മേല്പോട്ടു് |
| തത്തുൎയ്യപ്രഹീണൈഃ | = സമതങ്ങളുടെ നാലാമത്തെ അംശങ്ങളെ ഒഴിച്ചു |
| ഗൃണവിസ്താരം ആഹുഃ | = ഗൃണാംശവിസ്താരത്തിനെ പറയുന്നു. |

സാ—ചുററിനെ അൎദ്ധിച്ചു് ൧൨, ൧൩, ൧൪, ൧൬, ൧൭, ൧൮ ൨൦, ൨൧, ൨൨, ൨൪, ൨൫, ൨൬, ൨൮, ൨൯, ൩൦, ൩൨ അംശങ്ങളിൽ ഏതെങ്കിലും ഒന്നുകൊണ്ടു ഭാഗിച്ചു് നാലുകൊണ്ടു വിസ്താരവും ശേഷഭാഗംകൊണ്ടു ദീൎഘവും കല്പിക്കണം. ഇങ്ങനെ ഭാഗിക്കുമ്പോൾ ഇഷ്ടദീൎഘത്തിൽനിന്നു് ഹസ്തപ്രമാണമായി കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യരുതു്. ൨൮-മുതൽ ൪൦-ാമത്തെ സംഖ്യയായ

ഫഫ, ഫമ, ഫൻ, വമ, വ൧, ന.ഫ ഈ അംശങ്ങളെക്കൊണ്ടു് ഭാഗിക്കരുതു്. "അതഹർമ്മുനീന്ദ്രാഃ" എന്നുള്ളതുകൊണ്ടു ഗുണാംശത്തിനുള്ള പ്രാമാണ്യം സിദ്ധമായി. ഇതുകൊണ്ടുതന്നെയായിരിക്കാം നമ്മുടെ മുൻഗാമികൾ ഇതിനെത്തന്നെ ആചരിച്ചുപോരുന്നതു്. ചുററിൽ പകുതി അംശിക്കുമ്പോൾ ശേഷിക്കുന്ന യവാദികൾ വിസ്താരത്തിൽ ആണു് ചേർക്കേണ്ടതെന്നു ചിലരും, അല്ലാ ദീർഘത്തിലാണു് ചേർക്കേണ്ടതെന്നു് മററു ചിലരും പറയുന്നു. "മാനേംശിതേതുസംയുജ്യാദവശിഷ്ടമഥായതൌ വിസ്താരഏവേതിജഗുർവ്വിശ്വകർമ്മാദയോധ്രുവം" എന്നിത്യാദി വചനങ്ങളും കാണുന്നു. എന്നാൽ ഫവ മുതലായ സമതതാംശങ്ങൾകൊണ്ടു ഭാഗിക്കുമ്പോൾ വിസ്താരത്തിൽ കൂടിയാൽ പാദോനത്തോടാണു് അടുത്തുവരുന്നതു്. അതിനാൽ നീളത്തിൽ കൂട്ടുകയും ഫ൩-മുതലായ അർദ്ധാധികങ്ങളെക്കൊണ്ടു് അംശിക്കുമ്പോൾ ദീർഘത്തിൽ കൂടിയാൽ മേൽപ്രകാരം വരുന്നതുകൊണ്ടു് വിസ്താരത്തിൽ കൂട്ടുകയും വേണം. ഫന-മുതലായ പാദാധികാംശങ്ങൾ ചെയ്യുമ്പോൾ ഇഷ്ടംപോലെ ദീർഘത്തിലോ വിസ്താരത്തിലോ കൂട്ടാം. ഇവിടെ വിസ്താരംകൊണ്ടും ദീർഘംകൊണ്ടും യോനി മുതലായ ഗുണദോഷങ്ങൾ ചിന്തിക്കണമെന്നു പറഞ്ഞിരിക്കുന്നതിനാൽ അതോടുകൂടി യോജിപ്പിച്ചു ചെയ്തുകൊള്ളുക. ഇതിനു പ്രമാണം "മാനേംശിതേതുസംശിഷ്ടമായതൌ പാതതാവപിസംയോജയേദവിശേഷേണയഥാസന്നാംശഭേദതഃ" ഇങ്ങനെയുള്ള സാരാവലീവചനമാകുന്നു. ഗുണാംശത്തെസംബന്ധിച്ചു വാസ്തുവിദ്യയിലും ഇങ്ങനെ കാണുന്നു:—

"അഥവാൎദ്ധംതുപരിധേസ്താപിഹതപാതദംശകൈഃ
വ്യാസദീർഘൌചവിഹിതൌഗുണവ്യാസഇതിസ്മൃതഃ
വസ്വാദിദശനാന്തായസ്സംഖ്യാസ്സ്യുഃപരികീർത്തിതാഃ
തത്തച്ചതുഷ്ടയംവ്യാസഃകർത്തവ്യോ ഗൃഹകർമ്മണി
വസ്വാദിതഃ ചതുർത്ഥേഷു ഷൾസുപാദോന ഉച്യതേ
തേവർജ്ജ്യാ നരശാലാസു യേപാദോനാഃപ്രകീർത്തിതാഃ
പാദോനം തത്തുനാശായധനംനാമിഷ്ടദീർഘതാ
തസ്മാന്നിർദ്ദിഷ്ടഹസ്തേഭ്യോഹീനാധിക്യംനകാരയേൽ
അംഗുലീഭിന്നദോഷസ്സ്യാദ്ഭയത്രകരാദ്ഭതേ."

മൂ— നാഹാൎദ്ധേശിവഭക്തേ വിതതിസ്ത്രിഭിരഷ്ടഭിശ്ചദീർഘോവാ
ദീർഘാൎദ്ധാദധികതരം വ്യാസംനേച്ഛന്തിഗർഗ്ഗദക്ഷാദ്യാഃ ൻ

വ

അന്വയം. അർത്ഥം.

നാഹാദ്ഗ് = ചുററിൻെറ പകുതിയെ
ശിവഭക്തേ = ൧൧ ആയി ഭാഗിക്കുമ്പോൾ
ത്രിഭിഃ വിതതിഃ = മൂന്നുകൊണ്ടു വിസ്താരവും
അഷ്ടഭിഃ ദീർഘഃ ച വാ = എട്ടുകൊണ്ടു ദീർഘവും കല്പിക്കാം
ദീർഘാദ്ധാൽ = ദീർഘത്തിൻെറ പകുതിയിൽനിന്നു
അധികതരം വ്യാസം – ഏററവും അധികമായ വിസ്താരത്തെ
ഗർഗ്ഗദക്ഷാദ്യാഃ = ഗർഗ്ഗൻ, ദക്ഷൻ, മുതലായവർ
നഇച്ഛന്തി = ശുഭമെന്നു വിചാരിക്കുന്നില്ല

സാ:—ചുററിൽ പാതിയെ ൧൧ കൊണ്ടു ഭാഗിച്ചു് ൩ ഭാഗം കൊണ്ടു് വിസ്താരവും ൮ ഭാഗംകൊണ്ടു ദീർഘവും എടുക്കാമെന്നു് ഒരു പക്ഷമുണ്ടു്. ദീർഘത്തേക്കാൾ ഏററവും അധികമായ വിസ്താരം ശുഭമല്ലെന്നാണു് ഗർഗ്ഗൻ, ദക്ഷൻ മുതലായ ആചാര്യന്മാരുടെ അഭിപ്രായം.

മൂ—ചത്വാരോത്രതുദിഗ്ഗൃഹാഃ പൃഥഗഥോകോണാലയാ-
ശൈവമി
ത്യഷ്ടാവേവനൃണാംഗൃഹാമുനി മതാസ്സംസ്ഥാനഭിന്നാസ്തതഃ
ഭിദ്യന്തേ നവധോത്തരസ്യ ഗതിഭിർമ്മാനേനനാമാദിഭി-
ശ്ചൈതേഷാംഉചിതലാദിലക്ഷണവിധൌമാനാനിതാന്യേവച

അന്വയം. അർത്ഥം.

അത്ര തു = ശാലാവിധിയിലാകട്ടെ
പൃഥക് = പ്രത്യേകം പ്രത്യേകം
ചത്വാരഃ ദിഗ്ഗൃഹാഃ = നാലു ദിഗ്ഗൃഹങ്ങളും
അഥ ഏവം ച കോണാലയാഃ = പിന്നീട്ടു നാലു കോണാലയങ്ങളും ഭവിക്കണം
ഇതി നൃണാം അഷ്ടൌ ഗൃഹാഃ = ഇപ്രകാരം മനുഷ്യൎക്കു് എട്ടു ഗൃഹങ്ങൾ
മുനിമതാഃ = മുനികളാൽപറയപ്പെട്ടിരിക്കുന്നു.
ഉത്തരസ്യ ഗതിഭിഃ = ഉത്തരങ്ങളുടെഗതികൾകൊണ്ടും
മാനേന നാമാദിഭിഃ = അളവുകൊണ്ടും പേരുകൊണ്ടും മററും
തതഃ = സാമാന്യമായ ശാലാലക്ഷണങ്ങളിൽ നിന്നു്
സംസ്ഥാനഭിന്നാഃ = ചില സ്ഥിതിവിശേഷങ്ങളാൽ ഭേദിച്ചു്

നവധാഭിദ്യന്തേ = ഒൻപതു വിധമായിത്തീരുന്നു
ഏതേഷാം = ഈ ശാലകളുടെ
ദ്വിതലാദിലക്ഷണവിധയശ്ച = രണ്ടുനില തുടങ്ങിയുള്ള മാളിക യുടെ അവയവവിധിയും
താനി മാനാനി = ആ അളവിനെ ആശ്രയിച്ചുതന്നെ ചെയ്യുകൊള്ളണം

സാ:—തെക്ക്, പടിഞ്ഞാറ്, വടക്ക്, കിഴക്ക് ഈ ദിക്കുകളിൽ ശാലകളും ഇതിൻെറ കോണുകളിൽ കോൺഗൃഹങ്ങളും ഇങ്ങനെ എട്ടു ഗൃഹങ്ങളാണ് മനുഷ്യർക്കു ശാസ്ത്രപ്രസിദ്ധമായിട്ടുള്ളത്. "കോണഗേഹാനിദിഗ്ഗേഹാനീതിഗേഹാഷ്ടകംസ്മൃതം" എന്ന വാസ്തുമാനവചനം "പൃഥക്" എന്നുള്ളതുകൊണ്ടു് കോൺഗൃഹത്തേയും ദിഗ്ഗൃഹത്തേയും അന്തരാളംകൊണ്ടു വേർതിരിക്കണമെന്നു വെളിപ്പെടുത്തിയിരിക്കുന്നു. ഈ ഗൃഹങ്ങൾ, ഉത്തരങ്ങളെ സംബന്ധിപ്പിക്കുന്ന ചില വിശേഷക്രിയകൊണ്ടും ഉള്ളിലും പുറമേയും രണ്ടുവിധത്തിലും മദ്ധ്യേയും ഇത്യാദി ഓരോന്നിൻെറയും ആകെയും ഉള്ള ചുററുകളുടെ നിയമംകൊണ്ടും അതിനെ അനുസരിച്ചു ചില നാമവിശേഷങ്ങളോടുകൂടെ ഒൻപതു വിധമായിത്തീരുന്നു. രണ്ടുനിലമുതൽ മേല്പോട്ടുള്ള മാളികയുടെ ഉത്തരഗതി ചുററളവു് പേരു് ഇവ എല്ലാം മുൻപറഞ്ഞപോലെ തന്നെ ആണ്. "മാനവാനാംഗൃഹാഃപ്രോക്താ വസവസ്തേക കപ്ഗതാഃ സംസ്ഥാഭേദേനതേജ്ഞേയാ പഞ്ചധാസ്യുഃപ്രമാണതഃ" ഇത്യാദി വചനങ്ങൾകൊണ്ടു ശാലകൾ അഞ്ചുവിധമാണെന്നു കാണുന്നു. അവകളുടെ ചില സ്ഥിതിവിശേഷംകൊണ്ടുതന്നെയാണ് ഇവിടെയും ഒൻപതുവിധമായ്ത്തീൎന്നിട്ടുള്ളതു്. "ശാലാസ്തുനവധാജ്ഞേയാഃ സ്ഥിതിഭേദവശാദപി" എന്ന വാസ്തുമാനവചനവും മററും കാണുന്നു.

മൂ—ഭിന്നാഭിന്നവശാദ്വിധൈവ വിദിതാശാലാത്രഭിന്നാപൃഥഗ്
ദിക്ഷുസപാംഗവിശേഷപൂൎണ്ണവിഭവാകോണാലയാസംഭവാ
അന്തർബാഹ്യഭവോത്തരാഭി മിളനാദേകീഭവൽകോണഗേ-
ഹാപഞ്ചന്തലസദ്ധ്വജാഭവതി യത്രാഭിന്നശാലൈവസാ. ൧൭

അന്വയം. അൎത്ഥം.

ഭിന്നാഭിന്നവശാൽ = ഭിന്ന എന്നും അഭിന്ന എന്നും ഉള്ള ഭേദംകൊണ്ടു്
ശാലാ ദ്വിധാ ഏവ = ശാല രണ്ടുവിധംതന്നെ
വിദിതാ = പറയപ്പെട്ടിരിക്കുന്നു

അത്ര ഭിന്നാ = ഇവിടെ ഭിന്നശാല
ദിക്ഷു പൃഥഗ് = ദിക്കുകളിൽ വെവ്വേറെ
സ്വാംഗവിശേഷപൂൎണ്ണവിഭവാ=അതാതിൻെറ പരിപൂൎണ്ണമായ അവയവലക്ഷണങ്ങളോടുകൂടി
കോണാലയാസംഭവാ = കോണാലയത്തോടുകൂടാതെ ഭവിക്കുന്നു
യത്ര = യാതൊരുശാല
അന്തർബാഹ്യഭവോത്തരാദി-=ഉള്ളിലും പുറമേയുമുള്ള ഉത്തരങ്ങമിളനാൽ= ളുടെ പരസ്പരസംബന്ധംകൊണ്ടു്
ഏകീഭവൽ കോണഗേഹാ = വേർതിരിക്കപ്പെട്ട കോണാലയത്തോടുകൂടി
പൎയ്യന്തലസദ്ധ്വജാ = ചുററും ധ്വജയോനിമാത്രമായി
ഭവതി = ഭവിക്കുന്നു
സാ അഭിന്നശാലാ ഏവ = അതു് അഭിന്നശാലയാകുന്നു.

സാ:—ഭിന്നശാല എന്നും അഭിന്നശാലഎന്നും ശാലകൾ രണ്ടുതരത്തിലാണു്. "ദ്വിധാഗൃഹാഃ പ്രയോക്തവ്യാഭിന്നാഭിന്നവശാദപി" എന്നു വാസ്തുമാനവചനം. ഉത്തരം, സ്തംഭം, ദ്വാരം മുതലായ അംഗവിശേഷങ്ങളാൽ ഓരോന്നും പരിപൂൎണ്ണലക്ഷണത്തോടുകൂടി കോണുകളിലുള്ള കോണാലയങ്ങളോടു ബന്ധപ്പെടാതെ നാലുദിക്കുകളിലുമായി നാലുശാലകൾ വിധിക്കപ്പെട്ടിരിക്കുന്നു. ഇതു ഭിന്നശാലയാണു്, അതായതു് കോൺഗൃഹങ്ങൾ ഉണ്ടായിരിക്കരുതു്, ഉണ്ടെങ്കിൽതന്നെയും തമ്മിൽ സംബന്ധിക്കരുതു്. യോനി, ഗതി, മുതലായതു് അതാതുദിക്കിനു വിധിച്ചിട്ടുള്ളതായിരിക്കണം. നാലുശാലകളുടേയും പുറത്തെ ഉത്തരങ്ങൾ ക്രമപ്രകാരം സന്ധിചെയ്തിട്ടു് അങ്കണത്തിൻെറ നാലുദിക്കിലുമുള്ള ഉത്തരങ്ങളെ അ ബാഹ്യോത്തരംവരെ എത്തിച്ചു സന്ധിചെയ്യണം. അപ്പോൾ കോണുകളിൽ ഓരോ കോണാലയങ്ങളും പ്രത്യേകം സിദ്ധിക്കും. ഈ ശാലയുടെ പൎയ്യന്തങ്ങൾ ഏകയോനി ആയിരിക്കണം. ഇതു് അഭിന്നശാല എന്നു പറയപ്പെടുന്നു.

വിശുദ്ധഭിന്നശാലയുടെ ലക്ഷണം.

മൂ—ശാലാസ്ത്വന്യോന്യഭിന്നാനിജവിഹിതഗതി വ്യാസ-
യോന്യാദിയുക്താഃ
പൎയ്യുദ്യൽപത്രമാനാവധിവിഹിതലസൽ പാദു-
കാഭിന്നശാലാഃ

സർവ്വാർഹാസ്താവിശേഷാദവനിസുരഹിതാഃകോണ-
വേശ്മപ്രഹീണാ-
സ്തത്രാപിപ്രാങ്കണംകേതുജമിതിവിദിതാഭിന്ന-
ശാലാവിശുദ്ധാഃ. ൧൮

| അന്വയം. | അർത്ഥം. |
|---|---|
| ശാലാഃതു | = നാലുദിൿഗ്രഹങ്ങളും |
| അന്യോന്യഭിന്നാഃ | =തമ്മിൽ തമ്മിൽസംബന്ധിക്കാതെ |
| നിജവിഹിതഗതിവ്യാസ-യോന്യാദിയുക്താഃ | =അതാതിന്നു വിധിച്ചിട്ടുള്ള ഗമനം, വിസ്താരം, യോനി മുതലായ ഗുണങ്ങളോടുകൂടി |
| പര്യ്യന്ത്യൽപത്രമാനാവധിവിഹിതലസൽപാദുകാഃ | = ചുററു് പത്രമാനംവരെ വിധിപ്രകാരം പാദുകങ്ങളോടുകൂടി |
| കോണവേശ്മപ്രഹീണാഃ | = കോൺഗ്രഹങ്ങൾ കൂടാതെ ഭവിക്കണം. |
| സർവ്വാർഹാഃ താഃ ഭിന്നശാലാഃ | = എല്ലാവക്കും കൊള്ളാവുന്ന അഭിന്നശാലകൾ |
| വിശേഷാൽ അവനിസുരഹിതാഃ | = കോൺഗ്രഹമില്ലായ്കയാൽ ബ്രാഹ്മണന്നു് വിശേഷിച്ചും ഇഷ്ടമാ |
| തത്രാപി പ്രാങ്കണം | = അവിടെയും അങ്കണച്ചുററു് (കുന്ന |
| കേതുജം | = കേതുയോനിയായിരിക്കണം |
| ഇതി വിശുദ്ധഭിന്നശാലാഃ | = ഇങ്ങനെ വിശുദ്ധഭിന്നശാലയുടെ |
| വിദിതാഃ | = പ്രസിദ്ധമാകുന്നു (ലക്ഷണം |

സാ:—ഗ്രഹങ്ങളെ അന്യോന്യം സംബന്ധിപ്പിക്കുന്നതു് കോൺഗ്രഹങ്ങളാണു്. വിശുദ്ധഭിന്നശാലയ്ക്കു കോൺഗ്രഹങ്ങളില്ല. അതാതു ദിൿഗ്രഹങ്ങൾ അതാതുദിക്കിലേയ്ക്കു വിധിക്കപ്പെട്ട യോനി, ഗതി, വിസ്താരം മുതലായ ലക്ഷണങ്ങളോടുകൂടി വെവ്വേറെയാണു് നിൽക്കേണ്ടതു്, അതായതു് തെക്കേതിനു സിംഹയോനിയും, പടിഞ്ഞാറേറതിനു പഞ്ചയോനിയും, വടക്കേതിനു ഗജയോനിയും, കിഴക്കേതിനു ഏകയോനിയും, പടിഞ്ഞാറേറതു പ്രധാനമാണെങ്കിൽ അതിൻെറ വിസ്താരത്തിൽനിന്നും കുറഞ്ഞു തെക്കേതിൻെറ വിസ്താരവും, അതിൽനിന്നും കുറഞ്ഞു വടക്കേതിൻെറ വിസ്താരവും, അതിൽനിന്നും കുറഞ്ഞു കിഴക്കേതിൻെറ വിസ്താരവും, മൂന്നംഗുലം കിഴക്കേതിനും, ഒരംഗുലം തെക്കേതിനും ഏഴംഗുലംപടിഞ്ഞാറേറതിനും. അഞ്ചംഗുലം വടക്കേതിനും ഗതി കല്പിച്ചുകൊള്ളണം. ഇതിൻെറ അധിഷ്ഠാനത്തിനു ജഗതി,ഗളം മുതലായ അവയവവിശേഷങ്ങളില്ല. പത്രമാനംവരെ നാലു

വശവും പാദുകരൂപമായിട്ടാണ് അധിഷ്ഠാനം ചെയ്യേണ്ടതു്. ഇവിടെ ശാലകൾ തെക്കേതു പ്രധാനമായിട്ടും പടിഞ്ഞാറേതു പ്രധാനമായിട്ടും സ്ഥലസൗകര്യമനുസരിച്ചു രണ്ടുവിധത്തിൽ ചെയ്തുവരുന്നുണ്ടു്, തെക്കേതു പ്രധാനമായി ചെയ്യുകയാണെങ്കിൽ അതു സ്ഥായി, എന്നും മറ്റുള്ള ഗൃഹങ്ങൾ അസ്ഥായി, എന്നും പറയും. "സ്ഥായിദിഗ്ഗൃഹന്തുജനകംജന്യമസ്ഥായിനംവിദുഃ" എന്ന വാസ്തുമാനവചനം സ്ഥായിദിഗ്ഗൃഹമായ തെക്കേതിനേക്കാൾ അസ്ഥായിയായ പടിഞ്ഞാറേതും, അതിൽനിന്നു് അസ്ഥായിയായ വടക്കേതും അതിൽനിന്നു് അസ്ഥായിയായ കിഴക്കേതും വിസ്താരം, പൊക്കം എല്ലാം ഇവ ക്രമേണ കുറഞ്ഞിരിക്കേണ്ടതാണു്, "താരോച്ചശ്രായാദ്യൈരാധിക്യം നേഷ്യതേജന്യവേശ്മനി" എന്നു വാസ്തുമാനവചനം. ഇതുകൊണ്ടു പ്രധാനഗൃഹത്തേക്കാൾ അപ്രധാനഗൃഹത്തിനു വിസ്താരമോ പൊക്കമോ അധികമാകരുതെന്നു സ്പഷ്ടമാകുന്നു. അഥവാ പടിഞ്ഞാറേഗൃഹം പ്രധാനമാക്കി ച്ചെയ്യുമ്പോൾ അതിൽനിന്നു വിസ്താരവും, പൊക്കവും, തെക്കേതിനു കുറഞ്ഞിരിക്കണം, വടക്കേതിന്റെ വിസ്താരവും. പൊക്കവും; തെക്കേതിനേക്കാൾ കുറഞ്ഞും കിഴക്കേതിന്റെ വിസ്താരവും, പൊക്കവും വടക്കേതിനേക്കാൾ കുറഞ്ഞുമാണു് ഇരിക്കേണ്ടതു്. ചതുരശാലയ്ക്കുമാത്രം ഈ നിയമമില്ലെന്നു അറിഞ്ഞുകൊൾക. ഓരോ ദിഗ്ഗൃഹങ്ങൾ ജനകങ്ങളും; അതിൽനിന്നും ഉണ്ടാകുന്ന കോൺഗൃഹങ്ങൾ ജന്യങ്ങളുമാണു്. ഇതിൽ വിസ്താരവും പൊക്കവുംസമമായിരിക്കുന്നതിനേ നിവൃത്തിയുള്ളു. ഈ ഭിന്നശാല ബ്രാഹ്മണാദി സകല വർണ്ണങ്ങൾക്കും ശുഭമാണെങ്കിലും അന്യോന്യസംബന്ധമില്ലായ്കയാൽ ബ്രാഹ്മണക്കു് ഏററവും ശുഭമായിട്ടുള്ളതാണു്. ഇതിനും അങ്കണച്ചുററു് കേതുയോനിയായിരിക്കേണ്ടതാണു്. അകെപ്പുറ്റുന്തം മിക്കവാറും കേതുയോനിയാണല്ലോ വേണ്ടതു്. ഇതു വിശുദ്ധഭിന്നശാലയുടെ ലക്ഷണമാകുന്നു.

## ശ്ലിഷ്ടഭിന്നശാലയുടെ ലക്ഷണം.

മൂ—മിത്രേദക്ഷിണപശ്ചിമേ പുനരുദക്പ്രാച്യേച ഗേഹേമിഥ-
സ്തത്സ്മാത്തദ്യുഗളോത്ഥകോണനിലയ ശ്ലേഷോവിധേയോപിച
അന്യൽകോണയുഗംതഥൈക മഥവാനാശ്ലേഷയേൽസൂതികാ
ശുദ്ധാദ്യാഗമനിഷ്ക്രമാത്ഥമുദിതോ മാർഗ്ഗോയമേവാത്രതു.

| അന്വയം. | അർത്ഥം. |
|---|---|
| ദക്ഷിണപശ്ചിമേ | = തെക്കേതും പടിഞ്ഞാറേതും |
| മിഥഃ മിത്രേ | = അന്യോന്യം ബന്ധുക്കളാണു്. |

പുനഃഉദക്പ്രാച്യേ ഗേഹേ = പിന്നീട് വടക്കും കിഴക്കുമുള്ള ഗൃഹങ്ങൾ
മിഥഃ മിത്രേ = അന്യോന്യംബന്ധുക്കളാകുന്നു
തസ്മാൽ = ബന്ധുത്വമുള്ളതിനാൽ
തദ്ഗൃഗേഹോത്ഥഃകോണനിലയശ്ലേഷഃ = രണ്ടു ഗൃഹങ്ങളുടേയും മദ്ധ്യേയുള്ളഗൃഹത്തെ യോജിപ്പിച്ചു
വിധേയഃ അപി = ചെയ്യാവുന്നതുമാണ്.
അന്യൽകോണയുഗം = മററുള്ള രണ്ടുകോണാലയത്തേയും
അഥവാ അഥാ ഏകം = പക്ഷെ അതിൽ ഒന്നിനെയെങ്കിലും
നിശ്ലേഷയേൽ = യോജിപ്പിക്കരുത്
അയം മാർഗ്ഗഃ = കോണിലുള്ള ഈ വഴി
സൂതികാശൂദ്രാദ്യാഗമനിഷ്ക്രമാർത്ഥാ = പ്രസവിച്ച സ്ത്രീകൾക്കും, അവരവരിൽനിന്നു താണവർഗ്ഗക്കാൎക്കും ഗതാഗതം ചെയ്യാനായി
ഉദിതം = പറകപ്പെട്ടിരിക്കുന്നു

സാ:—തെക്കേത്തും പടിഞ്ഞാറേത്തും തമ്മിലും, വടക്കേത്തും കിഴക്കേത്തും തമ്മിലും ബന്ധുക്കളാണ്. ബന്ധുക്കളായ ഗൃഹങ്ങളുടെ മദ്ധ്യേയുള്ള കോൺഗൃഹത്തെക്കൂടി യോജിപ്പിച്ചും ശാലകൾ ചെയ്യാവുന്നതാണ്. അഗ്നികോണിലേയും വായുകോണിലേയും കോൺഗൃഹങ്ങൾ യോജിപ്പിക്കരുത്. അതിൽ ഒന്നിനേയെങ്കിലും നിശ്ചയമായിട്ടും യോജിപ്പിച്ചുകൂടാ, കോണാലയത്തിന്റെ ഈ സ്ഥാനം പ്രസവിച്ച സ്ത്രീകൾക്കും, തൊട്ടുകുളിയുള്ള മററു ജാതിക്കാൎക്കും അങ്കണത്തിൽ കയറുന്നതിനും ഇറങ്ങുന്നതിനും ഉള്ള വഴിയാകുന്നു.

മൂ— ഏകദ്വിത്രികകോണശ്ലേഷവശാൽ ശ്ലിഷ്ടഭിന്നശാലാസ്യാൽ
ധരണീദേവഹിതാസാപ്യഖിലാർഹാഭിന്നമിശ്രഭാവേന.

അന്വയം. അൎത്ഥം.

ഏകദ്വിത്രികകോണശ്ലേഷവശാൽ = ഒന്നോ രണ്ടോ മൂന്നോ കോണാലയങ്ങളെ യോജിപ്പിക്കയാണെങ്കിൽ
ശ്ലിഷ്ടഭിന്നശാലാ സ്യാൽ = അതു് ശ്ലിഷ്ടഭിന്നശാലയായി ത്തീരും
സാ = ആ ശാല
ധരണീദേവഹിതാ അപി = ബ്രാഹ്മണൎക്ക് വിധിക്കപ്പെട്ടതാണെങ്കിലും
ഭിന്നമിശ്രഭാവേന = ഭിന്നലക്ഷണവും മിശ്രലക്ഷണവും വരികയാൽ
അഖിലാർഹാ = എല്ലാവൎക്കും ശുഭകരമാണ്.

സാ:—ശ്ലിഷ്ടഭിന്നശാലയുടെ ലക്ഷണങ്ങൾ വിശുദ്ധഭിന്നശാലയ്ക്കു വിധിച്ചിട്ടുള്ളതുതന്നെ. ഒന്നോ രണ്ടോ മൂന്നോ കോണാലയങ്ങളേക്കൂടി യോജിപ്പിച്ചു ചെയ്യാമെന്നൊരു വിശേഷമേയുള്ളൂ. ഈ ശാല ബ്രാഹ്മണർക്ക് ഉത്തമമാണ്, ഇതിനു ഭിന്നലക്ഷണവും മിശ്രലക്ഷണവും ഉള്ളതുകൊണ്ട് എല്ലാവർഗ്ഗക്കാർക്കും ശുഭമാണ്.

സംശ്ലിഷ്ടഭിന്നശാലയുടെ ലക്ഷണം.

മൂ— ദിഗ്ഗേഹോത്തരപൃഷ്ഠസമ്മിതവിദിഗ്ഗേഹോ-
ത്തരാണിക്രമാ-
ന്നന്ദ്യാവർത്തവദപ്രദക്ഷിണഗതീന്യാത-
ത്യ സംയോജയേൽ
അന്തഃസ്ഥോത്തരയോഗനാഹമിഹസർവ്വത്രാ-
പി കേതൂദ്ഭവം
ബാഹ്യസ്ഥഞ്ച തഥൈവചേദതിശുഭം സംശ്ലി-
ഷ്ടഭിന്നാത്വിയം. വ

| അന്വയം. | അർത്ഥം. |
|---|---|
| ദിഗ്ഗേഹോത്തര പൃഷ്ഠസമ്മിത-വിദിഗ്ഗേഹോത്തരാണി | = ദിഗ്ഗൃഹങ്ങളുടെ ഉത്തരപാശ്ചത്തിന്റെ അളവായ കോൺഗൃഹത്തിന്റെ ഉത്തരങ്ങളെ |
| നന്ദ്യാവർത്തവൽ | = നന്ത്യാർവട്ടപ്പൂവുപോലെ |
| ക്രമാൽ | = ക്രമേണ |
| അപ്രദക്ഷിണഗതീനി | = ഇടത്തുവശം ഗതിയോടുകൂടി |
| ആതത്യസംയോജയേൽ | = ചേർത്തുസംയോജിപ്പിക്കണം |
| ഇഹ സർവത്ര അപി | = ഈ എല്ലാശാലകളിലും |
| അന്തഃസ്ഥോത്തരയോഗനാഹം | = അങ്കണഉത്തരത്തിന്റെചുററും |
| കേതൂദ്ഭവം | = കേതു യോനിയായിരിക്കേണ്ട (താണ് |
| ബാഹ്യസ്ഥം | = പര്യന്തച്ചുററും |
| തഥാ ഏവ ചേൽ | = ഏകയോനിതന്നെയാണെ- |
| അതിശുഭം | = ഏററവും ശുഭമാണ് (ങ്കിൽ |
| ഇയംതു | = ഈ ശാലയാകട്ടെ |
| സംശ്ലിഷ്ടഭിന്നാ | = സംശ്ലിഷ്ടഭിന്നയാകുന്നു. |

സാ:—ദിഗ്ഗൃഹങ്ങളുടെ അകത്തേ ഉത്തരമാർഗ്ഗത്തിലുള്ള കോൺഗൃഹങ്ങളുടെ ഉത്തരങ്ങളെ ഇടത്തുവശം പര്യന്തത്തിലെത്തിച്ചു സന്ധിചെയ്യണം. നന്ത്യാർവട്ടപ്പൂവിന്റെ ദളങ്ങളുടെ പകപ്പനുസരിച്ചു കിഴക്കേശ്ശാലയുടെ പടിഞ്ഞാറേ ഉത്തരം തെക്കേശ്ശാല

യുടെ വടക്കെ ഉത്തരത്തിൽനിന്നു വടക്കോട്ടു പൎയ്യന്തത്തിന്റെ വടക്കേ ഉത്തരംവരെയും, വടക്കേ ശാലയുടെ തെക്കേ ഉത്തരം കിഴക്കേ ശാലയുടെ പടിഞ്ഞാറേ ഉത്തരത്തിൽനിന്നു പടിഞ്ഞാറോട്ടു പടിഞ്ഞാറേപ്പൎയ്യന്തോത്തരംവരെയും, പടിഞ്ഞാറേ ശാലയുടെ കിഴക്കേ ഉത്തരം വടക്കേശാലയുടെ തെക്കേ ഉത്തരം മുതൽ തെക്കോട്ടു തെക്കേ പൎയ്യന്തോത്തരംവരെയും, തെക്കേ ശാലയുടെ വടക്കേ ഉത്തരം പടിഞ്ഞാററതിന്റെ കിഴക്കേ ഉത്തരംമുതൽ കിഴക്കോട്ടു കിഴക്കേ പൎയ്യന്തംവരെയും, എത്തിച്ചു സന്ധിചെയ്തുകൊള്ളണം. അങ്കണച്ചുററു് കേതുയോനിതന്നെയായിരിക്കണം. പൎയ്യന്തവും കേതുയോനിയായാൽ ശുഭംതന്നെ വൃഷയോനിയും കൊള്ളാമെന്നൊരു പക്ഷമുണ്ടു്. ദിഗ്ഗ്രഹങ്ങൾ തന്റെ തന്റെ ദിക്കിലേക്കു വിധിക്കപ്പെട്ട യോനി, വിസ്താരം, ഗതി മുതലായ ലക്ഷണങ്ങളോടുകൂടിയിരിക്കണം. ഇതിനു് സംശ്ലിഷ്ടഭിന്നശാലയെന്നും നന്ദ്യാവൎത്തശാലയെന്നും പറയപ്പെടുന്നു.

മൂ— സൎവ്വത്രാപിചകോണഗേഹപരിണാഹാപ്ത്യൈസ്വാദിഗ്യോ് നിരേ-
വോക്തസ്തത്ര വിദിഗ്ഗ്രഹാസ്തു സകലാജന്യാഭവന്ത്യേവഹി
ദിക്ശാലാ ജനകാ ഭവന്തിചതതഃ കേതുർഭവേദീശാരേ
സിംഹോഗ്നൗ നിരൃതൗവൃഷഃകരിവരോവായൗനൃണാംധാമനി.

| അന്വയം. | അൎത്ഥം. |
|---|---|
| സൎവ്വത്ര അപി ച | = എല്ലാ ശാലകളിലും |
| കോണഗേഹപരിണാഹാപ്ത്യൈ | = കോൺഗ്രഹത്തിന്റെ ചുററിനു് |
| സ്വാദിഗ്യോനിഃ ഏവ | = തന്റെ ദിഗ്ഗ്രഹത്തിന്റെ യോ |
| ഉക്തഃ | = പറയപ്പെട്ടിരിക്കുന്നു (നിതന്നെ |
| തത്രവിദിഗ്ഗ്രഹാഃ സകലാഃ | = അവിടെ കോൺഗ്രഹങ്ങളെല്ലാം |
| ജന്യാഃ ഏവ ഭവന്തി ഹി | = ജന്യങ്ങളെന്നു പ്രസിദ്ധമാണല്ലോ |
| ദിക്ശാലാഃ ജനകാഃ ഭവന്തി | = ദിഗ്ഗ്രഹങ്ങൾജനകങ്ങളാകുന്നു |
| തതഃ | = അതുഹേതുവായിട്ടു് |
| നൃണാം ധാമനി | = മനുഷ്യാലയങ്ങളിൽ |
| ഈശാരേ കേതുഃ | = ഈശകോണിൽ കേതുയോനിയും |
| അഗ്നൗസിംഹഃ | = അഗ്നികോണിൽ സിംഹയോനിയും |
| നിരൃതൗ വൃഷാഃ ച | = നിരൃതികോണിൽ വൃഷയോനിയും |
| വായൌ കരിവരഃ ഭവേൽ | = വായുകോണിൽ ഗജയോനിയും ഭവിക്കണം |

സാ:—കഴിഞ്ഞ ശ്ലോകത്തിൽ പറഞ്ഞതുപോലെ ഉത്തരങ്ങളെ സന്ധിചെയ്യുമ്പോൾ ഈശകോണിലെ ഗൃഹം കിഴക്കേശാലയിൽനിന്നു് ഉണ്ടാകുന്നതും, വായുകോണിലെ ഗൃഹം വടക്കേതിൽനിന്നു് ജനിക്കുന്നതും, നിരൃതികോണിലെ ഗൃഹം പടിഞ്ഞാററതിൽനിന്നു ജനിക്കുന്നതും, അഗ്നിദിക്കിലെ കോൺഗൃഹം തെക്കേതിൽനിന്നു് ഉണ്ടാകുന്നതുമാണു്. കോൺഗൃഹങ്ങൾക്കു് ഹേതുഭൂതമായ ദിഗ്ഗൃഹങ്ങൾ ജനകങ്ങളെന്നും അതിൽനിന്നുണ്ടായ കോൺഗൃഹങ്ങൾ ജന്യങ്ങളെന്നും പറയുന്നു. അതിനാൽ അതാതു ദിഗ്ഗൃഹങ്ങളുടെ യോനിതന്നെ അതാതു കോൺഗൃഹങ്ങൾക്കു കല്പിച്ചുകൊള്ളണം. എങ്ങിനെയെന്നാൽ ഈശകോണിൽ ഏകയോനിയും, അഗ്നികോണിൽ സിംഹയോനിയും നിരൃതികോണിൽ പത്മയോനിയും, വായുകോണിൽ ഗജയോനിയും ആകുന്നു. "കോണഗേഹാനിദിർഗ്ഗേഹാ നീതിഗേഹാഷ്ടകം സ്മൃതം തത്തല്ലക്ഷണസംയുക്താ ന്യന്താന്യന്യാന്യഥോചിതം" എന്നുള്ള വാസ്തുമാനവചനമനുസരിച്ചു് കോണാലയങ്ങൾ യോനി കല്പിക്കാതെയും ചെയ്യാമെന്നുണ്ടു്.

## വിശിഷ്ട ഭിന്നശാലയുടെ ലക്ഷണം.

മൂ—ഏവംസംശ്ലിഷ്ടഭിന്നാലയവിധിവദഥാകല്പ്യസൎവ്വോത്തരാണി
സ്വോക്തൈർദിഗ്യോനിഭിശ്ചൈവചപരിധിമുപാദായകോ-
ണാലയാനാം
ദിഗ്ഗേഹാന്താന്തരാളേ പൃഥഗപിചമഹാദ്വാരമദ്ധ്യം വിനാന്യ
ത്രാദദ്ധ്യാൽകോണഗേഹാന്തരമപരമിയം ശിഷ്ടഭിന്നാഷ്ടശാലാ.

| അന്വയം. | അൎത്ഥം. |
|---|---|
| ഏവം | = ഇപ്രകാരം |
| സംശ്ലിഷ്ടഭിന്നാലയവിധിവൽ | = സംശ്ലിഷ്ടഭിന്നശാലയുടെ വിധിപോലെ |
| അഥ സൎവ്വോത്തരാണി | = പിന്നീടു് എല്ലാ ഉത്തരങ്ങളെയും |
| ആകല്പ്യ | = കല്പിച്ചിട്ടു് |
| സ്വോക്തൈഃ | = അവിടവിടെപ്പറഞ്ഞിട്ടുള്ള |
| ദിഗ്യോനിഭിഃ ഏവ | = ദിഗ്യോനികളെക്കൊണ്ടുതന്നെ |
| കോണാലയാനാംപരിധിം | = കോൺഗൃഹങ്ങളുടെ ചുററിനെയും |
| ഉപാദായ (ച | = വരുത്തീട്ടു് |
| ദിഗ്ഗേഹാന്താന്തരാളേ | = ദിഗ്ഗൃഹങ്ങളുടെ ഇടതുവശമുള്ള അന്തരാളത്തിൽ |

| | |
|---|---|
| മഹാദ്വാരമദ്ധ്യം വിനാ | = നടവാതിലിൻെറമദ്ധ്യത്തെ ഒഴിച്ചു് |
| അന്യത്ര | = മററെവിടെയെങ്കിലും |
| അപരം കോണഗേഹോ- | = അന്യമായ കോൺഗൃഹത്തിൻെറ |
| ത്തരം | = ഉത്തരത്തെ |
| അദദ്ധ്യാൽ | = സന്ധിക്കണം |
| ഇയം ശിഷ്ടഭിന്നാഷ്ടശാലാ | = ഇതു ശിഷ്ടഭിന്നയെന്നു പേരുള്ള അഷ്ടശാലയാകുന്നു. |

സാ:—ശ്ലിഷ്ടഭിന്നശാലയ്ക്കു് അങ്കണവും പര്യന്തവും ഏകയോനിയും, ദിഗ്ഗൃഹങ്ങൾ അതാതു ദിക്കുകൾക്കുചിതമായ യോനി, വിസ്താരം ഗതി മുതലായ ലക്ഷണങ്ങളും ഉണ്ടായിരിക്കണം. സംശ്ലിഷ്ടഭിന്നശാലയുടെ ക്രമമനുസരിച്ചു് ഉത്തരങ്ങളെക്കൊണ്ടു് കോൺഗൃഹങ്ങളുടെ യോനിയും കല്പിച്ചുകൊള്ളണം. ദിഗ്ഗൃഹങ്ങളുടെ ഉത്തരങ്ങളേയും കോൺഗൃഹങ്ങളുടെ ഉത്തരങ്ങളേയും തമ്മിൽ സന്ധിചെയ്തു വേണം വയ്ക്കേണ്ടതു്. ഈ സന്ധിദിഗ്ഗൃഹത്തിൻെറയും കോൺഗൃഹത്തിൻെറയും മദ്ധ്യേയുള്ള അന്തരാളത്തിലാണു വേണ്ടതു്. അവിടെയും നടവാതിലിൻെറ മദ്ധ്യേ സന്ധി വന്നുകൂടാ. ഇതു ശ്ലിഷ്ടഭിന്നശാലയാണു്. നാലുദിഗ്ഗൃഹങ്ങളും നാലു കോൺഗൃഹങ്ങളും ഉള്ളതുകൊണ്ടു് അഷ്ടശാലയെന്നും നാലുദിഗ്ഗൃഹങ്ങൾക്കു പ്രാധാന്യമുള്ളതുകൊണ്ടു ചതുശ്ശാലയെന്നും ശാലകൾക്കു പൊതുവേ പേരുപറഞ്ഞു വരുന്നു.

൩൬-കോണഗൃഹോത്തരയോഗസ്സന്ധിമൃതേദിഗ്ഗൃഹോത്തരാന്തേ-
യത്ര സ്യാത്തത്രഭവേത്ഭിന്നത്വം തൽഗൃഹാശ്ചതുർത്ഥേതി. (ഷു

| അന്വയം. | അർത്ഥം. |
|---|---|
| ദിഗ്ഗൃഹോത്തരാന്തേഷു | = ദിഗ്ഗൃഹത്തിൻെറ അവസാനത്തി |
| സന്ധിം ഋതേ | = വിധിപ്രകാരംസന്ധിചെയ്യാതെൽ |
| കോൺഗൃഹോത്തരയോഗഃ | = കോൺഗൃഹത്തിൻെറ ഉത്തരങ്ങളുടെ യോഗം |
| യത്രസ്യാൽ | = യാതൊരിടത്തു ഭവിക്കുമോ |
| തത്ര ഭിന്നത്വം ഭവേൽ | = അവിടെ ഭിന്നലക്ഷണം വരും |
| തൽഗൃഹാഃ | = ആ ഭിന്നശാലയുടെ ഭേദങ്ങൾ |
| ഇതി ചതുർത്ഥാ | = ഇങ്ങനെ നാലുവിധം പറകപ്പെട്ടു. |

സാ—ദിഗ്ഗൃഹങ്ങളുടെ നെടിയ ഉത്തരങ്ങൾ തന്നെയാണല്ലോ കോൺഗൃഹങ്ങളുടെ ഉത്തരങ്ങളായി പോകുന്നതു്. ഈ ഉത്തരങ്ങൾ ഒന്നായി വയ്ക്കുകയോ ശാസ്ത്രപ്രകാരം കീലാദികൾകൊണ്ടു സന്ധിചെയ്കയോ അരുതു്. രണ്ടും തമ്മിൽ മുൻപറഞ്ഞവണ്ണം അന്തരാളത്തിൽ ചേർത്തുവയ്ക്കുകയേ ആകാവൂ. ഇതുകൊ

ണ്ടു് ഈ ശാലയ്ക്കു ഭിന്നത്വം സിദ്ധമായി ഇതു് ശിഷ്ടഭിന്നശാലയെന്നു പറകപ്പെടുന്നു. ഇതുവരെ വിശുദ്ധഭിന്നാ, ശ്ലിഷ്ടഭിന്നാ, സംശ്ലിഷ്ടഭിന്നാ, ശിഷ്ടഭിന്നാ ഇങ്ങിനെ ശാലകൾ നാലുവിധം പറകപ്പെട്ടു കിഴക്കേതിന്റെ വടക്കെ അന്തരാളത്തിലും വടക്കേതിന്റെ പടിഞ്ഞാറെ അന്തരാളത്തിലും പടിഞ്ഞാറേതിന്റെ തെക്കേ അന്തരാളത്തിലും തെക്കേതിന്റെ കിഴക്കേ അന്തരാളത്തിലുമാണു് നടവാതിൽ വയ്ക്കുന്നതു്. അതിന്റെ ക്രമം ഇനിപറയപ്പെടും.

## ഉത്തരാദികളുടെ സന്ധിക്രമം.

മൂ— ദീർഘവ്യാസാദ്യഭാവേ പൃഥഗഥ വിധിവൽസന്ധി-
കർമ്മോക്തരീത്യാ
സന്ധായാ കോണഗേഹാവധി ബഹിരുദിതാന്യുത്ത-
രാണ്യത്ര ധീമാൻ
ആധാരീകൃത്യ പൂർവ്വാപരനിലയബഹിഷ്ഠോത്ത-
രസ്യാഗ്രമൂലാ-
വാധേയീകൃത്യചാന്യദ്വിതയമിതി ചതുഷ്കോണ-
സന്ധിം വിദധ്യാൽ. ൧൯

അന്വയം. അർത്ഥം.

ദീർഘവ്യാസ്യാദ്യഭാവേ = ദീർഘത്തിനും വിസ്താരത്തിനുമുള്ള ഉത്തരങ്ങൾക്കു നീളം തികയാതെ വരുമ്പോൾ
സന്ധികർമ്മോക്തരീത്യാ = സന്ധിചെയ്യുന്നതിനു പറഞ്ഞിട്ടുള്ള രീതിയനുസരിച്ചു
വിധിവൽ = അതാതു ശാലകൾക്കു വിധിച്ചിട്ടുള്ളതുപോലെ
ബഹിഃഉദിതാനി ഉത്തരാ- = വെളിയിലുള്ള ഉത്തരങ്ങളെ
ആകോണഗേഹാവധി(ണി= കോൺഗ്രഹത്തിന്റെ അവസാനം വരെ
പൃഥക്സന്ധായ = വെവ്വേറെ സന്ധിചെയ്തു ചേർത്തിട്ടു്
പൂർവ്വാപരനിലയബഹി- കിഴക്കേതിന്റെ കിഴക്കും പടിഞ്ഞാ
ഷ്ഠോത്തരസ്യ = റേതിന്റെ പടിഞ്ഞാറുമുള്ള ഉത്തര
അഗ്രമൂലെ = ചുവട്ടും തലയും (ങ്ങളുടെ
ആധാരീകൃത്യ = ആധാരമാക്കിയും
അന്യദ്വിതയം = തെക്കും വടക്കുമുള്ള ഉത്തരങ്ങളെ
ആധേയീകൃത്യ = ആധേയമാക്കിയും

ഇതി ചതുഷ്കോണസന്ധിം = ഇങ്ങിനെ നാലുകോണിലുമുള്ള സ
വിദധ്യാൽ (ച = ചെയ്യണം. (ന്ധിയേയും

സാ—ദീൎഘവിസ്താരങ്ങൾക്ക് ഉപയുക്തങ്ങളായ ഉത്തരങ്ങൾക്ക അതായത്, നെടിയ ഉത്തരത്തിനും കുറിയ ഉത്തരത്തിനും ഓരോന്നുകൊണ്ട് നീളം തികയാതെ വരുമ്പോൾ ശാസ്ത്രരീതിയനുസരിച്ച് അന്യോന്യം സന്ധിചെയ്തുകൊള്ളണം. ഉത്തരങ്ങളുടെ നീളം കോൺഗൃഹത്തിൻെറ അവസാനംവരെ ആണല്ലോ വേണ്ടതു്. "സന്ധികൎമ്മോക്തരീത്യാ" എന്നുള്ള പ്രയോഗംകൊണ്ട് ഗൃഹമദ്ധ്യത്തിലും, "മൎമ്മങ്ങളിലും, ദ്വാരം, ജന്നൽ മുതലായവയുടെ മദ്ധ്യത്തിലും കാൽമദ്ധ്യത്തിലും സന്ധിചെയ്തുകൂടാ എന്നു സൂചിപ്പിച്ചിരിക്കുന്നു" ഇതിനു് "ആദദ്ധ്യാദുത്തരാദീനാംവസ്തൂനാം ഹ്രസ്വസംഭവേസൎവ്വത്രപാദവിഷ്കംഭദ്വാരേ പദ്വാരമദ്ധ്യതഃ ഗേഹമദ്ധ്യാദിമൎമ്മാണി നിഖിലാനി വിഹായച" എന്നുള്ള വാസ്തുമാനവചനം പ്രമാണമാകുന്നു ഉത്തരാദികളെ രണ്ടെണ്ണംകൊണ്ട് സന്ധിചെയ്യുകയാണെങ്കിൽ നീളംകൂടിയതു് വലത്തുഭാഗത്താണു് വേണ്ടതു്. മൂന്നെണ്ണംചേൎത്തു സന്ധിചെയ്യുകയാണെങ്കിൽ കൂടുതൽ നീളമുള്ളതു മദ്ധ്യഭാഗത്തും മററുള്ളതു രണ്ടും മുൻപറഞ്ഞ ക്രമമനുസരിച്ചുമാണു് വേണ്ടതു്. "ഹ്രസ്വദ്രവ്യംതഥാവാമേ ദീൎഘദ്രവ്യംതുദക്ഷിണേ" എന്ന വാസ്തുവിദ്യാവചനവും, "ദ്രവ്യത്രയേണ സന്ധിശ്ചേൽദീൎഘദ്രവ്യന്തുമദ്ധ്യതഃ" എന്ന സാരാവലീവചനവും പ്രമാണങ്ങളാണു്. ഒരു സന്ധിയുടെ നേരേ മറെറാരുത്തരത്തിൻെറ സന്ധി വരികയാണെങ്കിൽ മരണം മുതലായ ദുരിതങ്ങൾ അനുഭവമാണു്. വിശേഷിച്ച് ഒരു സന്ധിയുടെ ആണിമദ്ധ്യം മറെറാരു സന്ധിയുടെ ആണിമദ്ധ്യത്തെ ലാക്കായിവരുന്നു എങ്കിൽ ഏററവും ദോഷകരമാണു്. ഇതിനു് "അന്യോന്യസന്ധിവേധേപികീലവേധം വിശേഷതഃ മൃത്യുദം സമസന്ധിഞ്ചവൎജ്ജയേന്നരസത്തമനി" എന്നുള്ള വാസ്തുവിദ്യാവചനം പ്രമാണമാകുന്നു. വലത്തുവശവും ഇടത്തുവശവും നിശ്ചയിക്കുന്നതു് ഗൃഹത്തിൻെറ അകത്തുനിന്നും വെളിക്കോട്ട് ഇറങ്ങുന്ന വശമനുസരിച്ചു വേണ്ടതാണു്. ഇതിനു് "സന്ധികൎമ്മസുവിജ്ഞേയം നിഷ്ക്രമേവാമദക്ഷിണം" എന്നുള്ള ഗുരുദേവപദ്ധതിയും പ്രമാണമാകുന്നു. ദ്വാരവിസ്താരത്തിനുള്ളിൽ ഉത്തരാദികളുടെ സന്ധി വന്നുകൂടാ എന്നു മിക്കസ്ഥലങ്ങളിലും നിൎബ്ബന്ധമുണ്ട്. സന്ധികൾ സ്തംഭങ്ങളിൽ സംബന്ധിച്ചാണു് ഇരിക്കേണ്ടതെന്നു നമുക്കൂഹിക്കുവാൻ കഴിയുമല്ലോ. അതുകൊണ്ട് ദ്വാരാന്തഭാഗത്തിലുള്ള

സന്ധി ശുഭമല്ലെന്നുള്ളതിന്ന് ആചാരപരമ്പരതന്നെ ദൃഷ്ടാന്തമാണു്. പിന്നീടു പടിഞ്ഞാറെ ശാലയുടെ പടിഞ്ഞാറെ ഉത്തരത്തിൻെറയും കിഴക്കേ ശാലയുടെ കിഴക്കേ ഉത്തരത്തിൻെറയും ചുവട്ടിലും തലയ്ക്കലും മേൽപാട്ടിൽ കവരികേണ്ടതാണു്. തെക്കേ ശാലയുടെ തെക്കും വടക്കേശാലയുടെ വടക്കുമുള്ള ഉത്തരങ്ങളുടെ ചുവട്ടിലും തലയ്ക്കലും കീഴ്പാട്ടിൽ കവരിച്ചുകൊള്ളണം. ഇങ്ങനെയാണു് കോൺസന്ധി ചെയ്യേണ്ടതു്. "ഇതിചതുരഷ്ടാണസന്ധിംച വിദധ്യാൽ" എന്നുള്ളെടത്തു ജ്ഞാപകാത്മമായ ചകാരം കോൺസന്ധിചെയ്യുന്ന സന്ദർഭങ്ങളിലെല്ലാം നെടിയ ഉത്തരത്തിൻെറ മേൽപാട്ടിലും കുറിയ ഉത്തരങ്ങളുടെ കീഴ്പാട്ടിലും കവരിച്ചാണു സന്ധിചെയ്തുകൊള്ളേണ്ടതെന്നു സൂചിപ്പിച്ചിരിക്കുന്നു.

## മിശ്രഭിന്നശാലയുടെ ലക്ഷണം.

മൂ— നാഹംകേതുജമേവമത്രബഹിരപ്യന്തശ്ചകൃത്വാവിദി-
ഗ്ഗേഹാന്തർവ്വിഹിതോത്തരൈർവ്വിഹിതത്വന്തസ്ഥകോണേഷ്വ-
സംദധ്യാൽബഹിരുത്തരോക്തവദിയംസ്യാന്മിശ്രഭിന്നാചതു-(പി
ശ്ശാലാദിങ്ങ്നിലയാസ്വയോനിഗതിഭിർയ്യുക്താസ്സമസ്താഅപി.

| അന്വയം. | അൎത്ഥം. |
|---|---|
| അത്ര ഏവം | = ഈ മിശ്രഭിന്നശാലയിലും ഇങ്ങനെ |
| ബഹിഃ അന്തഃ അപി ച | = പര്യന്തത്തിൻെറയും അങ്കണത്തിൻെറയും |
| നാഹം കേതുജയം കൃത്വാ | = ചുററു കേതുയോനിയായി സങ്കല്പിച്ചിട്ട് |
| വിദിഗ്ഗേഹാന്തർവിഹിതോത്തരൈഃ | = കോൺഗൃഹങ്ങളുടെ ഉള്ളിലെ ഉത്തരങ്ങളോട് |
| വിരഹിതം | = കൂടാതെ |
| അന്തസ്ഥകോണേഷു അപി | = അങ്കണത്തിൻെറ കോണുകളിലും |
| ബഹിഃ ഉത്തരോക്തവൽ | = ബാഹ്യത്തിലേ ഉത്തരങ്ങൾക്ക പറഞ്ഞ ക്രമമനുസരിച്ച് |
| സംദധ്യാൽ | = സന്ധിചെയ്യണം |
| ദിംങ്നിലയാഃസമസ്താഃഅപി | = ദിഗ്ഗൃഹങ്ങളെല്ലാം |
| സ്വയോനിഗതിഭിഃ യുക്താഃ | = തൻെറതൻെറ യോനിഗതി-മുതലായലക്ഷണങ്ങളോടുകൂടി-ഭവിക്കണം. |
| ഇയം | = ഈ ഗൃഹം |
| മിശ്രഭിന്നാ ചതുശ്ശാലാ സ്യാൽ | = മിശ്രഭിന്നയെന്ന ചതുശ്ശാല-യാകുന്നു. |

സാ:—മിശ്രഭിന്നശാലയ്ക്കു് അങ്കണച്ചുററും പര്യന്തച്ചുററും കേതുയോനിയായിരിക്കണം. കോൺഗൃഹത്തിൻെറ ഉള്ളിൽ ഉത്തരങ്ങൾ ആവശ്യമില്ല. അതായതു് അങ്കണത്തിൻെറ നാലു ദിക്കിലുമുള്ള ഉത്തരങ്ങളെ ബാഹ്യോത്തരത്തിനു വിധിച്ചിട്ടുള്ള ക്രമമനുസരിച്ചു സന്ധിചെയ്തുകൊള്ളണം അങ്കണോത്തരങ്ങൾ നാലുദിക്കിലുമുള്ള പര്യന്തോത്തരത്തെ സംബന്ധിപ്പിച്ചിട്ടു് ആവശ്യമില്ലെന്നുസാരം. ഇവിടെയും ദിഗ്ഗൃഹങ്ങൾക്കെല്ലാം അതാതിൻെറ യോനി, ഗതി മുതലായ എല്ലാലക്ഷണങ്ങളും ഉണ്ടായിരിക്കണം. ഈ ചതുശ്ശാലയ്ക്കു (നാലുകെട്ടിനു) മിശ്രഭിന്നയെന്നു പേർ പറകപ്പെടുന്നു. ശാലകൾക്കു നാലുദിഗ്ഗൃഹങ്ങളെക്കൊണ്ടു പ്രാമാണ്യം കല്പിച്ചിരിക്കയാൽ ചതുശ്ശാലയെന്നും മലയാളത്തിൽ നാലുകെട്ടെന്നും പേർ പറഞ്ഞുവരുന്നുണ്ടല്ലോ.

മൂ— കോണേഷുസർവ്വനിലയോത്തരയോഗഭേദാ-
ന്മിശ്രത്വമത്രഹിവിദിഗ്ഗൃഹഹീനഭാവാൽ
ദിങ്മന്ദിരാണിനിജയോനിഗതിപ്രഭേദൈ-
ര്യുക്താന്യമൂനി യദതോപി ച ഭിന്നതാത്ര. ൨൫

| അന്വയം. | അർത്ഥം. |
| --- | --- |
| കോണേഷു | = കോണുകളിൽ |
| സർവ്വനിലയോത്തരയോഗഭേദാൽ | = എല്ലാഗൃഹങ്ങളുടേയും ഉത്തരങ്ങൾക്കു് അന്യോന്യംബന്ധംവരികയാൽ |
| അത്ര മിശ്രത്വം ഭവതി | = ഈ ശാലയ്ക്കു മിശ്രലക്ഷണം ഭവിക്കുന്നു. |
| യൽ | = യാതൊരു കാരണവശാൽ |
| ദിങ്മന്ദിരാണി | = ദിഗ്ഗൃഹങ്ങൾ |
| നിജയോനിഗതിപ്രഭേദൈഃ | = തൻെറ തൻെറ യോനി, |
| യുക്താനി | ഗതിമുതലായ ലക്ഷണങ്ങളോടുകൂടിയിരിക്കുന്നുവോ |
| അതഃ | = ഈ കാരണം ഹേതുവായിട്ടും |
| വിദിഗ്ഗൃഹഹീനഭാവാൽ ച | = കോൺഗൃഹങ്ങളില്ലായ്കയാലും |
| അത്ര | = ഈ ശാലയ്ക്കു |
| ഭിന്നതാ അപി ഭവതി | = ഭിന്നലക്ഷണവും ഭവിക്കുന്നു |

സാ—മേൽപറഞ്ഞ മിശ്രഭിന്നശാലയ്ക്കു് എല്ലാദിഗ്ഗൃഹങ്ങളുടേയും ഉത്തരങ്ങൾ കോണുകളിൽ അന്യോന്യം സന്ധിചെയ്യുന്നുണ്ടല്ലോ. ഇതിനാൽ ഈ ശാലയ്ക്കു മിശ്രലക്ഷണം ഉണ്ടാ

യി. ലക്ഷണയുക്തമായ കോൺഗൃഹമില്ലായ്കയാലും ദിഗ്ഗൃഹങ്ങൾക്ക പരിപൂൎണ്ണങ്ങളായ സ്വാക്തലക്ഷണങ്ങളുള്ളതുകൊണ്ടു ഭിന്നതയും ഉണ്ടാകുന്നു. ഈ രണ്ടു ലക്ഷണങ്ങളും വരികയാൽ ഇതു മിശ്രഭിന്നയെന്നു പറയപ്പെടുന്നു.

## സമ്മിശ്രഭിന്നശാലയുടെ ലക്ഷണം.

മൂ-പൎയ്യന്തം ധ്വജമാദധീത ബഹിരപ്യന്തശ്ചതൽ പത്രമാ-
നാന്തം ചാങ്കണനാഹമപ്യഥബഹിന്നാഹാ ച ദിഗ്ധാമസു
കോണാഗാരഗതോത്തരാന്തരുദിതംനാഹംചകേതൂൽഭവം
യുക്ത്യാത്തുത്തരവിസ്തൃതിം ച ജനയേത്സമ്മിശ്രഭിന്നാലയേ.

| അന്വയം. | അൎത്ഥം. |
| --- | --- |
| പൎയ്യന്തംധ്വജം ആദധീത | = പൎയ്യന്തച്ചുററു ധ്വജയോനി-യായിരിക്കണം |
| ബഹിഃ അന്തഃച | = പുറത്തും അകത്തും ഉള്ള |
| തൽപത്രമാനാന്തം | = പത്രമാനത്തിന്റെ ചുററും |
| അംകണനാഹം അപി | = അങ്കണച്ചുററും |
| ദിഗ്ധാമസു ബഹിന്നാഹം ച | = ദിഗ്ഗൃഹങ്ങളിൽ പുറത്തെ-ച്ചുററും |
| കോണാഗാരഗതോത്തരാന്തഃ | = കോൺഗൃഹത്തിന്റെ ഉത്തരത്തിന്റെഉള്ളിൽ |
| ഉദിതം നാഹം | = വിധിക്കപ്പെട്ട ചുററും |
| കേതൂത്ഭവം | = കേതുയോനിയായിരിക്കണം |
| സമ്മിശ്രഭിന്നാലയേ തു | = ഈ സമ്മിശ്രഭിന്നാലയത്തിൽ |
| യുക്ത്യാ | = യുക്തികൊണ്ടു് |
| ഉത്തരവിസ്തൃതിംച ജനയേൽ | = ഉത്തരവിസ്താരത്തേയും-ഉണ്ടാക്കണം |

സാ:—സമ്മിശ്രശാലക്കു് പൎയ്യന്തം ധ്വജയോനിതന്നെയാണു വേണ്ടതു്. അങ്കണം ധ്വജയോനിയാണല്ലോ. പൎയ്യന്തച്ചുററിൽ നിന്നും പുറത്തോട്ടുള്ള പത്രമാനവും അങ്കണോത്തരത്തിൽനിന്നു് അകത്തോട്ടുള്ള പത്രമാനവും ധ്വജയോനിയായിരിക്കണം. ദിഗ്ഗൃഹങ്ങളുടെ പുറത്തേച്ചുററും കോൺഗൃഹത്തിന്റെ അകത്തേച്ചുററും ഏകയോനിയായിരിക്കേണ്ടതാണു്. ഇവിടെ യുക്തികൊണ്ടാണു് ഉത്തരവിസ്താരം നിശ്ചയിക്കേണ്ടതു്. അതിനുള്ള വഴി അടുത്തശ്ലോകംകൊണ്ടും പറയുന്നു. ഇതു സമ്മിശ്രഭിന്നശാലയാണു്.

## ഉത്തരവീഥി നിശ്ചയിക്കാനുള്ള യുക്തിഭാഗം.

മൂ— മാനാൽ ബാഹ്യാന്നിജേഷ്ടാദ്വഹയതു മിതിമാഭ്യന്ത-
രീംശേഷമാനാൽ
കോണാബ്ധ്യാശ്രോദരോദ്ധൃൽഭുജമപി ശിതധീരഷ്ട-
നിഘ്നം വിജഹ്യാൽ
തച്ഛേഷാദുത്തരാണാമപി ജനയതുവിഷ്കംഭ-
മഷ്ട്യംശതോമൂ-
ന്യാപര്യന്തായതാന്യാകലയതു ച ചതുർദ്ദിക്ഷു
ബാഹ്യാന്തരാണി. വന്മ

| | |
|---|---|
| അന്വയം. | അൎത്ഥം. |
| നിജേഷ്ടാൽ ബാഹ്യാൽ മാനാൽ | = തങ്ങൾക്കിഷ്ടമായ പര്യന്ത-ച്ചുററിൽനിന്നു് |
| ആഭ്യന്തരീം മിതിം വഹയതു | = അങ്കണച്ചുററിനെ കുറയ്ക്കണം |
| ശിതധീഃ | = ബുദ്ധിമാനായിരിക്കുന്നവൻ |
| ശേഷമാനാൽ | = അങ്കണച്ചുററു് കളഞ്ഞുശേ-ഷിക്കുന്നതിൽനിന്നു് |
| കോണാബ്ധ്യാശ്രോദരോ- | = കോണാലയത്തിൻെറ ഉള്ളിച്ചു |
| ദ്ധൃൽഭുജം അപി | = ള്ളചതുരശ്രത്തിൻെറ ഭുജയെ |
| അഷ്ടനിഘ്നം വിജഹ്യാൽ | = എട്ടിൽ പെരുക്കി കളയണം |
| തച്ഛേഷാൽ | = അതിൽനിന്നു ശേഷിക്കുന്ന-തിൻെറ |
| അഷ്ട്യംശതഃ | = പതിനാറിൽ ഒരുഭാഗംകൊണ്ടു |
| ഉത്തരാണാം വിഷ്കംഭാ | = ഉത്തരങ്ങളുടെ വിസ്താരത്തെ |
| ജനയതു | = ഉണ്ടാക്കിക്കൊള്ളണം |
| ബാഹ്യാന്തരാണി അമൂനി | = വെളിക്കും പുറത്തും ഉള്ള-ഉത്തരങ്ങളെ |
| ആപര്യന്തായതാനി | = പര്യന്തംവരെ എത്തിച്ചു് |
| ചതുർദ്ദിക്ഷു ആകലയതു | = നാലുദിക്കിലും സന്ധിപ്പിച്ചു-കൊള്ളണം. |

സാ:—അതകെയുള്ള പര്യന്തച്ചുററിൽനിന്നു് അങ്കണച്ചുററിനെ കുറയ്ക്കണം ശേഷത്തിൽനിന്നു് അടുത്തുള്ള ഏകയോനികളുടെ നാലിലൊരംശമായ കോണാലയവിസ്താരത്തെ എട്ടിൽപെരുക്കി കുറയ്ക്കണം അപ്പോൾ ശേഷിക്കുന്നതിൻെറ പതിനാറിലൊരംശംകൊണ്ടു് ഉത്തരവിസ്താരത്തേയും കല്പിച്ചുകൊള്ളണം. അ

ൻ

കത്തും പുറത്തുമുള്ള ഈ ഉത്തരങ്ങളെ പര്യന്തംവരെ എത്തിച്ചു സന്ധിചെയ്യുകൊൾകയും വേണം. പര്യന്തം 'എൺപതു കോൽ' 'എട്ടുവിരൽ'; അങ്കണച്ചുററു 'നാല്പത്തിമൂന്നുകോൽ ബാഹ്യത്തിൽനിന്നു് അങ്കണച്ചുററു് കുറയ്ക്കുമ്പോൾ ശേഷിക്കുന്നതു് 'മുപ്പത്തിയേഴുകോൽ എട്ടുവിരൽ' അപ്പോൾദിഗ്ഗൃഹങ്ങളുടേയും കോൺഗൃഹങ്ങളുടേയും വിസ്താരം വരുന്നതു് നാലുകോൽ പതിനാറു വിരലാണല്ലോ. ഇവിടെ കോൺഗൃഹത്തിനു് ഉള്ളിലാണല്ലോ ഏകയോനിജനകമായ ചുററു വിധിച്ചിട്ടുള്ളതു്. പതിനെട്ടുകോൽ പതിനാറുവിരൽ പുറം വന്നിരിക്കുമ്പോൾ അതിനടുത്തുള്ള ഏകയോനി ബുദ്ധികൊണ്ടു് ആലോചിച്ചറിയണം. അതായതു പതിനാറുകോൽ എട്ടു വിരൽ എന്നറിക. അതിൻെറ ഭുജം നാലുകോൽരണ്ടു വിരലാണു്. അതിനെ എട്ടിൽ പെരുക്കുമ്പോൾ കിട്ടുന്നസംഖ്യമുപ്പത്തിരണ്ടുകോൽ പതിനാറുവിരൽ ഇതു മുൻപേ ശേഷിച്ച സംഖ്യയായ മുപ്പത്തേഴുകോൽ എട്ടു വിരലിൽനിന്നു കുറയ്ക്കുമ്പോൾ ബാക്കിവരുന്നതു് നാലുകോൽ പതിനാറു വിരലാണു്. ഇതിൻെറ പതിനാറിൽ ഒരു ഭാഗം ഏഴു വിരലാണു്. ഈ ഗൃഹത്തിനു് ഏഴംഗുലം ഉത്തരവിസ്താരം വയ്ക്കുമ്പോൾ കോൺഗൃഹത്തിൻെറ ഉള്ളു് ഏകയോനിജനകമായ കണക്കായിത്തീരും. ഇതിൻെറ എല്ലാ ഉത്തരങ്ങളേയും പര്യന്തംവരെ എത്തിച്ചു് സന്ധിചെയ്യുകൊൾകയും വേണം.

## മിശ്രചതുശ്ശാലാലക്ഷണം.

മൂ-പ്രാഗ്വൽപ്രാങ്കണപത്രമാനബഹിരന്തർന്നാഹകോണാലയാഃ
കേതുസ്ഥാശ്ച ദിഗാലയാസ്തു നിജയോന്യാഢ്യാസ്സ്വപത്യാന്വിതാഃ
രാജാർഹം തദപീഹമിശ്രകചതുശ്ശാലം നൃഗേഹം വിദുർ-
ദിക്ശാലാന്നിജയോനിജായദഖിലാർഹസ്താദപി ജ്യേഷ്ഠാ നവാ.

| അന്വയം | അർത്ഥം. |
|---|---|
| പ്രാഗ്വൽ | = സമ്മിശ്രഭിന്നശാലയുടെ വിധിപോലെ |
| പ്രാങ്കണപത്രമാനബഹിരന്തർന്നാഹകോണാലയാഃ ച | = പ്രാങ്കണത്തിലെപത്രമാനവും പുറത്തെപത്രമാനവും കോൺഗൃഹത്തിൻെറ അകത്തെച്ചുററും |
| കേതുസ്ഥാഃ | = കേതുയോനിയായിരിക്കണം |
| ദിഗാലയാഃ തു | = ദിഗ്ഗൃഹങ്ങളാകട്ടെ |
| നിജയോന്യാഢ്യാഃ | = തൻെറതൻെറ യോനികളോടുകൂടിയും |

സ്വഗത്യാന്വിതാഃ = തന്റെ ഗതികളോടുകൂടിയും ഭവി-
ക്കണം.
രാജാർഹം തൽ സുഗേഹം = രാജയോഗ്യമായ ആ ഗൃഹം
മിശ്രകചതുശ്ശാലം വിദുഃ = മിശ്രകചതുശ്ശാലയെന്നു് അറിയണം
ദിക്ശാലാഃ = ദിഗ്ഗൃഹങ്ങൾ
നിജയോനിജയേൽ = തന്റെ തന്റെ യോനിയോടുകൂടി-
യിരിക്കുന്നു എന്ന കാരണത്താൽ
താഃ അഖിലാർഹാഃ അപി = അതുകൾ എല്ലാവക്കും ശുഭമാകു-
ന്നുവെങ്കിലും
ദ്വിജേഷ്ടാഃ ന വാ = ബ്രാഹ്മണക്കു പരിപൂൎണ്ണശുഭമല്ല.

സാ:—സമ്മിശ്രഭിന്നശാലയ്ക്കു് പറഞ്ഞതുപോലെ പുറത്തു് അങ്കണത്തിലുമുള്ള പത്രമാനവും കേതുയോനിയായിരിക്കണം കോൺഗൃഹത്തിന്റെ അകത്തേച്ചുറവും ഏകയോനിയാണു വേണ്ടതു്. ദിഗ്ഗൃഹങ്ങൾക്കെല്ലാം അതാതു ദിക്കിലേക്കു വിധിച്ചിട്ടുള്ള യോനിതന്നെയാണു് വേണ്ടതു്. ഇതു് മിശ്രചതുശ്ശാലയെന്നു് പറകപ്പെടുന്നു. രാജാക്കന്മാൎക്കു വിധിച്ചിട്ടുള്ളതാണു്. ദിഗ്ഗൃഹങ്ങൾക്കു് തന്റെ തന്റെ യോനി വരികയാൽ എല്ലാവക്കും ശുഭംതന്നെയെങ്കിലും ബ്രാഹ്മണക്കു് പരിപൂൎണ്ണശുഭമല്ല. സമ്മിശ്രഭിന്നശാലയിൽനിന്നും ഇതിൽ അല്പംചില വ്യത്യാസങ്ങളേയുള്ളൂ.

## ചതുരശ്ശാലാലക്ഷണം.

മൂ— തുല്യാതാനവിതാനതാങ്കണവിധൌഗത്യാ-
വിനാന്തർബഹി-
ര്യോഗേതൂത്തരപത്രമാനപരിണാഹോപ്യ-
സ്തുകേതൂത്ഭവഃ.
കേതുസ്ഥാഅപിദിഗ്വിദിങ്നിലയനാന്തർബാ-
ഹ്യനാഹഃസ്വമ-
ദ്ധ്യോദ്ധൃദ്വാരപദാഭവന്ത്വിതിചതുശ്ശാലാം
ഗൃഹാ ഭൂഭുജാം. ൨൭

അന്വയം. അൎത്ഥം.

തുല്യാതാനവിതാനതാങ്കണവിധൌ= മുഖായാമമില്ലാതെ സമചതു
രമെന്നും അങ്കണത്തെ കല്പിക്കുമ്പോൾ
ഗത്യാ വിനാ അന്തഃ ബഹിഃ = ഗതിവയ്ക്കാതെ ഉള്ളിലും പുറത്തു
യോഗേ തു = യോഗത്തിൽ (മുള്ള

ഉത്തരപത്രമാനപരിണാഹഃ = ഉത്തരങ്ങളുടെയും പത്രമാനങ്ങളുടെയും ചുററും
കേതൂത്ഭവഃ അസ്തു = കേതുയോനിയായ് ഭവിക്കണം
ദിഗ്വിദിങ്നിലയനാന്തർ- = ദിക്കിലും കോണിലുമുള്ള ഗൃഹ
ബാഹ്യനാഹഃ ച = ങ്ങളുടെ ഉള്ളിലും പുറത്തുമുള്ള
സ്വമദ്ധ്യോദ്യദ്ദ്വാരപദാഃ അപി = മദ്ധ്യത്തിലുള്ള ദ്വാരങ്ങളും (ചുററും
കേതുഭാഃ ഭവന്തു = കേതുയോനിയായി ഭവിക്കണം
ഭൂഭുജാം ചതുശ്ശാലാഃ ഗൃഹാഃ = രാജയോഗ്യമായ ചതുരശാല
ഇതി = ഇപ്രകാരമാണ്.

സാ—ചതുരശാലയ്ക്കും അങ്കണച്ചുററും പര്യന്തച്ചുററും സമചതുരമാണ്. (മുഖായാമമല്ല) പുറത്തേപ്പത്രമാനവും അകത്തേപ്പത്രമാനവും കേതുയോനിയായിരിക്കണം. ദിഗ്ഗൃഹങ്ങളുടേയും കോൺഗൃഹങ്ങളുടേയും ഉള്ളും പുറവും ഏകയോനിജനകമായ ചുററുതന്നെ വേണം. ശാലയുടെ മദ്ധ്യത്തിലുള്ള വാതിലും ഏകയോനിയായിരിക്കേണ്ടതാണ്. ഈ ഗൃഹം രാജാക്കന്മാൎക്ക് വിധിച്ചിട്ടുള്ളതാണ്. ഇതിൻെറ പേർ ചതുരശാലയെന്നാണ്. "ദിഗ്വിദിക്ഷ്വേകയോനിസ്ഥാഃ പര്യന്തേന്തൎഭവേച്ച ജ്ഞേയാ ചതുരശാലേതി" എന്നു വചനമുണ്ട്.

## മദ്ധ്യപ്രരൂഢശാലാലക്ഷണം.

മൂ—കേചിച്ചതുശ്ശാലഗൃഹേ സമസ്തേ
സൎവോത്തരാണാമപി മദ്ധ്യസൂത്രേ
നാഹോ വിധേയോ യദി തത്തുമദ്ധ്യ-
പ്രരൂഢമാനം ഭവനം ഭവന്തി.

അന്വയം. അൎത്ഥം

സമസ്തേ ചതുശ്ശാലഗൃഹേ = എല്ലാ ചതുശ്ശാലകൾക്കും
സൎവോത്തരാണാം അപി = എല്ലാ ഉത്തരങ്ങളുടേയും
മദ്ധ്യസൂത്രേ = മദ്ധ്യരേഖയിൽ
നാഹഃ വിധേയഃ യദി = ചുററു കല്പിക്കുന്നുവെങ്കിൽ
തൽ തു = അതാകട്ടെ
മദ്ധ്യപ്രരൂഢമാനം ഭവനം = മദ്ധ്യപ്രരൂഢശാലയെന്ന്
കേചിൽ വദന്തി = ചിലർ പറയുന്നു.

സാ—ചതുശ്ശാലകൾക്ക് ഉത്തരവിസ്താരത്തിൻെറ മദ്ധ്യരേഖയിൽ ചുററു കല്പിക്കാവുന്നതാണ്. അങ്ങിനെ ചെയ്യുകയാണെ

ങ്കിൽ മദ്ധ്യപ്രരൂഢശാലയെന്നു പറയപ്പെടുന്നു. വിശുദ്ധഭിന്നശാല, ശ്ലിഷ്ടഭിന്നശാല, സംശ്ലിഷ്ടഭിന്നശാല, ശിഷ്ടഭിന്നശാല, മിശ്രഭിന്നശാല, സമ്മിശ്രഭിന്നശാല, മിശ്രചതുശ്ശാല, ചതുരശാല, മദ്ധ്യപ്രരൂഢശാല ഇങ്ങിനെ ശാലകൾ ഒൻപതുവിധമാണു്. "ഭവനനവകമുക്തം യച്ചതുശ്ശാലാമദ്ധ്യ" എന്നുവിജയദേവവചനമുണ്ടു്.

## ദിഗ്ഗൃഹങ്ങളെ ഓരോന്നായി ചെയ്യേണ്ടക്രമം.

മൂ—ഏകസ്യാദ്യദിദക്ഷിണംഗൃഹമുഭേചേത്തേച്ചപാശ്ചാത്യകം
തേസൗമ്യഞ്ചഗൃഹത്രികേഗൃഹചതുഷ്കേപ്രാച്യമേതാനി ച
വാഞ്ഛന്തികചചിദേകമേവഭവനംയദ്യത്രപാശ്ചാത്യകം
ചേഷ്ടംഗേഹയുഗാദിനിർമ്മിതവിധൗ പ്രാഗുക്തവൽകൽപ്യതാം.

| അന്വയം. | അർത്ഥം. |
|---|---|
| ഏകംഗൃഹം സ്യാൽ യദി ദക്ഷിണം | = ഒരു ഗൃഹം ചെയ്യുന്നുവെങ്കിൽ തെക്കേത്തും |
| ഉഭേഗൃഹേചേൽ | = രണ്ടു ഗൃഹം ചെയ്യയാണെങ്കിൽ |
| തൽ പാശ്ചാത്യകം ച | = തെക്കേത്തും പടിഞ്ഞാറേറത്തും |
| ഗൃഹ ത്രികേ | = മൂന്നു ഗൃഹം ചെയ്യയാണെങ്കിൽ |
| തേ സൌമ്യം ച | = ആ രണ്ടു ഗൃഹങ്ങളും വടക്കേത്തും |
| ഗൃഹചതുഷ്കേ | = നാലുഗൃഹവുംകൂടി ചെയ്യയാണെങ്കിൽ |
| ഏതാനി പ്രാച്യം ച | = ഈ മൂന്നു ഗൃഹങ്ങളും കിഴക്കേത്തും ചെയ്തുകൊള്ളണം |
| കചചിൽ ഏകം ഭവനം ഏവ | = ചിലേടത്തു് ഒരു വീടുതന്നെ |
| വാഞ്ഛന്തി യദി | = മതിയെന്നു വിചാരിക്കുന്നുവെങ്കിൽ |
| അത്ര പാശ്ചാത്യകം ച ഇഷ്ടം | = ഇവിടെ.പടിഞ്ഞാറേറത്തുമിഷ്ടമാണു് |
| ഗേഹയുഗാദിനിർമ്മിതവിധൌ | = ഒന്നിലധികം ഗൃഹം ചെയ്യയാണെങ്കിൽ |
| പ്രാഗുക്തവൽ കൽപ്യതാം | = മുൻപറഞ്ഞതുപോലെ ചെയ്യണം |

സാ—ഓരോരുത്തരുടെ ധനസ്ഥിതി, ആവശ്യം മുതലായതിനെ അനുസരിച്ചു മേൽപറഞ്ഞ നാലുഗൃഹങ്ങളിൽവച്ചു ഒന്നു മാത്രമോ അല്ലെങ്കിൽ ക്രമേണ ഓരോന്നായിട്ടോ ചെയ്യാവുന്നതാ

ണു്. മേല്പറഞ്ഞ ദിഗ്ഗൃഹങ്ങളിൽവച്ചു്, ഒന്നുമതിയെന്നു വിചാരിക്കുന്നപക്ഷം തെക്കേതാണു് ചെയ്യേണ്ടതു്. രണ്ടുഗൃഹം വേണമെങ്കിൽ തെക്കേതും പടിഞ്ഞാറേറതും, മൂന്നുഗൃഹം വേണമെങ്കിൽ, തെക്കേതും പടിഞ്ഞാറേറതും വടക്കേതും, നാലുഗൃഹം വേണമെങ്കിൽ ഈ നാലുദിഗ്ഗൃഹങ്ങളും ക്രമമനുസരിച്ചു ചെയ്തുകൊള്ളണം. "യാമ്യശാലാന്യസേൽ പൂൎവം ദ്വിതീയാപശ്ചിമേപുനഃ തൃതീയാഽചോത്തരസ്ഥാച ചതുൎത്ഥീപൂൎവവാസിനീ" എന്നു വാസ്തുമാനവചനമുണ്ടു് ഓരോഗൃഹങ്ങളെ ക്രമേണ ചെയ്യുകയാണെങ്കിലും അങ്കണം പൎയ്യന്തം മുതലായ സകലലക്ഷണങ്ങളും ആലോചിച്ചു തീൎച്ചചെയ്തുകൊള്ളണം. ചിലേടത്തു് ഒരു ഭവനം മാത്രമേ ആവശ്യമുള്ളുവെങ്കിൽ അവിടെ പടിഞ്ഞാറേറതും ചെയ്യാമെന്നുണ്ടു്. ഒന്നിലധികം ഗൃഹങ്ങൾ ചെയ്കയാണെങ്കിൽ മുൻപറഞ്ഞക്രമംതന്നെയാണു് സ്വീകരിക്കേണ്ടതു്. "ദീൎഗ്ഘികാമാൎഗ്ഗസരിതാംവേധം നേച്ഛന്തികേചന"എന്നും "സുരാലയനദീകൂലാദ്യന്മുഖാനിഖിലാലയാഃ" എന്നും മററുമുള്ള വചനമനുസരിച്ചു് ആറു്, തോടു്, ഏലാ വഴി മുതലായതിനെതിരായി ഗൃഹം വയ്ക്കുന്നതു് ശുഭമല്ല. അതുകൊണ്ടു് നദി, ക്ഷേത്രം മുതലായതുകൾക്കഭിമുഖമായി പടിഞ്ഞാറേറതിനേയോ തെക്കേതിനേയോ യഥായോഗ്യം പ്രാധാന്യമായി കല്പിച്ചുകൊള്ളുക.

മൂ— പ്രാക്ശാലാരഹിതം ഗൃഹത്രികമഥോ സുക്ഷേത്രമൃദ്ധിപ്രദം
ചുല്ലീദക്ഷിണമന്ദിരേണ രഹിതംതദ്വിത്തഹാനിപ്രദം
ധ്വാംസഃപശ്ചിമശാലയാ വിരഹിതഃപുത്രക്ഷയാരിപ്രദം
സൌമ്യോനന്തു ഹിരണ്യനാഭിരിതിതദ്വിത്തപ്രദം സൎവദാ.

| അന്വയം. | അൎത്ഥം. |
|---|---|
| അഥ പ്രാക്ശാലാരഹിതം | = അനന്തരം കിഴക്കേതില്ലാതെ |
| ഗൃഹത്രികം | = മററു മൂന്നുഗൃഹവും ഉണ്ടെങ്കിൽ |
| സുക്ഷേത്രം | = സുക്ഷേത്രമെന്നു പറയപ്പെടുന്നു |
| തൽ ഋദ്ധിപ്രദം | = അതു് അഭിവൃദ്ധിയെ ഉണ്ടാക്കും |
| ദക്ഷിണമന്ദിരേണ രഹിതം | = തെക്കേതിനോടുകൂടാതെ |
| ഗൃഹത്രികം | = മററുമൂന്നുഗൃഹവും ഉണ്ടെങ്കിൽ |
| ചുല്ലീ | = ചുല്ലിയെന്നു പറയപ്പെടുന്നു |
| തൽ വിത്തഹാനിപ്രദം | = അതു് ധനനാശത്തെച്ചെയ്യും |
| പശ്ചിമശാലയാ വിരഹിതം | = പടിഞ്ഞാററതിനോടുകൂടാതെ |
| ഗൃഹത്രികം | = മററു മൂന്നുഗൃഹവും ഉണ്ടെങ്കിൽ |
| ധ്വാംസഃ | = ധ്വാംസമെന്നു പറയപ്പെടുന്നു |

തൽ പുത്രക്ഷയാതിപ്രദം = അതു് പുത്രനാശത്തേയും ശത്രുപീഡയേയും ചെയ്യും
സൌമ്യോനം ഗൃഹത്രികം = വടക്കേതില്ലാതെ മററു മൂന്നുഗൃഹവും ഉണ്ടെങ്കിൽ
ഹിരണ്യനാഭിഃ ഇതി = ഹിരണ്യനാഭി എന്നു പറകപ്പെടുന്നു
തൽ സർവദാ വിത്തപ്രദം = അതു് എല്ലോഴും ധനപുഷ്ടിയെ ച്ചെയ്യും.

സാ—തെക്കേതില്ലാതെ മററു മൂന്നുഗൃഹങ്ങളുംകൂടി ചെയ്യരുതു്. അതുപോലെ പടിഞ്ഞാററതില്ലാതെ മററുള്ള മൂന്നുഗൃഹങ്ങളേയും ചെയ്യരുതു്. കിഴക്കേതില്ലാതെ മററു മൂന്നുഗൃഹങ്ങളേയും ചെയ്യുന്നതു് ശുഭമാണു്. അതുപോലെ വടക്കേതില്ലാതെ മററു മൂന്നുഗൃഹങ്ങളേയും ചെയ്യുന്നതും ഉത്തമമാണു്. ഇതിനു്:—

"പ്രാക്ശാലയാവിഹീനന്തുസുക്ഷേത്രംനാമതൽഗൃഹം
വൃദ്ധിദംപുത്രപൌത്രാണാം ധനധാന്യസമൃദ്ധിദം
യാമ്യശാലാവിഹീനംതത്ത്രിശാലംചുല്ലിസംജ്ഞകം
വിനാശനംധനസ്യാപി പുത്രപൌത്രാദിനാശനം
പ്രത്യക്ശാലാവിഹീനന്തു പക്ഷഘ്നംനാമതൽഗൃഹം
പുത്രാണാംദോഷദംചൈവ പരഞ്ചപുരവാസിനാം
ഉത്തരഗ്ഗൃഹഹീനന്തു ത്രിശാലംധനധാന്യദം
ഹിരണ്യനാഭിനാമാനം രാജ്ഞാംസൌഖ്യവിവർദ്ധനം."

എന്നുള്ള പ്രകാശികാവചനങ്ങൾ പ്രമാണങ്ങളാണു്. ഇതുകൊണ്ടു തെക്കേതും പടിഞ്ഞാറേതുമില്ലാതെ മററു ഗൃഹങ്ങൾ ചെയ്യുന്നതു് അപല്ക്കരമാണെന്നു് സ്പഷ്ടമാകുന്നു.

മൂ- പ്രാക്പാശ്ചാത്യവിഹീനകേ കലഹമുദ്വേഗഞ്ച കാചാഭിധേ
യാമ്യോദഗ്ഗൃഹിതേത്ഥസിദ്ധിരുദിതാ സിദ്ധാത്ഥകാഖ്യേദ്വികേ
പ്രാഗാദിദ്വിതയോന്നിതേക്രമവശാൻമൃത്യുംഭയംവിഗ്രഹ-
ഞ്ചാത്ഥാപ്തിം പ്രവദന്ത്യതഃക്രമവശാദ്യാമ്യാദികം കല്പയേൽ.

അന്വയം. അത്ഥം.

പ്രാക്പാശ്ചാത്യവിഹീനകേ = കിഴക്കേതും പടിഞ്ഞാറേതും കൂടാതെ
ദ്വികേ = മററു രണ്ടുഗൃഹവും ചെയ്കയാണെങ്കിൽ
കാചാഭിധേ = കാചമെന്നു പറയപ്പെടുന്നു

കലഹം ഉദ്വേഗംച = ഇതു കലഹത്തേയും ഭയത്തേയും ചെയ്യും

യാമ്യോദഗ്ഗൃഹിതേ ദ്വികേ = തെക്കേത്തും വടക്കേത്തുംകൂടാതെ മററു രണ്ടുഗൃഹങ്ങളും ചെയ്കയാണെങ്കിൽ

സിദ്ധാൎത്ഥകാഖ്യേ = സിദ്ധാൎത്ഥകമെന്നു പറയുന്നു

അൎത്ഥസിദ്ധിഃ ഉദിതാ = ഇതു് ധനലാഭത്തെ ഉണ്ടാക്കും.

പ്രാഗാദിദ്വിതയോന്നിതേ = കിഴക്കുതുടങ്ങി ക്രമേണ ഈ രണ്ടു ഗൃഹങ്ങൾ ഇല്ലാതെപോയാൽ

ക്രമവശാൽ = ക്രമമനുസരിച്ച്

മൃത്യും ഭയം നിഗ്രഹം അൎത്ഥാപ്തിം ച പ്രവദന്തി = മൃത്യുവിനേയും ഭയത്തേയും കലഹത്തേയും ധനലാഭത്തേയും ഉണ്ടാക്കുമെന്നു പറയുന്നു.

അതഃ ക്രമവശാൽ = ഇതുകൊണ്ടു ക്രമമനുസരിച്ചു

യാമ്യാദികം കല്പയേൽ = തെക്കേത്തുടങ്ങി ചെയ്തുകൊള്ളണം

സാ:—കിഴക്കേത്തും പടിഞ്ഞാറേറത്തുംകൂടാതെ തെക്കേത്തും വടക്കേത്തും ചെയ്യുകയാണെങ്കിൽ കാചമെന്നു പറയപ്പെടുന്നു. അതു കലഹത്തേയും ഭയത്തേയും ഉണ്ടാക്കും. തെക്കേത്തും വടക്കേത്തുംകൂടാതെ പടിഞ്ഞാറേറത്തും കിഴക്കേത്തും ചെയ്യുകയാണെങ്കിൽ സിദ്ധാൎത്ഥം എന്നു പറയപ്പെടുന്നു. ഇതു് ധനലാഭത്തെ ഉണ്ടാക്കും. കിഴക്കേത്തും തെക്കേത്തും കൂടാതെ പടിഞ്ഞാറേറത്തും വടക്കേത്തും ചെയ്കയാണെങ്കിൽ മരണവും, തെക്കേത്തും പടിഞ്ഞാറേറത്തും കൂടാതെ കിഴക്കേത്തും വടക്കേത്തും ചെയ്കയാണെങ്കിൽ ഭയവും, പടിഞ്ഞാറേറത്തും വടക്കേത്തും കൂടാതെ കിഴക്കേത്തും തെക്കേത്തും ചെയ്കയാണെങ്കിൽ കലഹവും, വടക്കേത്തും കിഴക്കേത്തും കൂടാതെ തെക്കേത്തും പടിഞ്ഞാറേറത്തും ചെയ്കയാണെങ്കിൽ ധനലാഭവും ഫലമാണു്. ഇതിനാൽ മുൻപറഞ്ഞ ക്രമമനുസരിച്ചു തെക്കേത്തു തുടങ്ങി ക്രമേണ ചെയ്തുകൊള്ളേണ്ടതാണു്.

ഇതി മനുഷ്യാലയമഹാചന്ദ്രികായാം
ചതുൎത്ഥോദ്ധ്യായഃ സമാപ്തഃ.

## പഞ്ചമോദ്ധ്യായപ്രാരംഭഃ.

---

മൂ— കുഡ്യാൽ ഗൃഹായ കൃതവാസ്തുപദം സമസ്തം
മാതംഗഭാസ്കരനൃപാംഗുലമാത്രതുംഗം
ബാഹ്യാന്തരാംകണഗതാഗമനായ മദ്ധ്യ-
നിമ്നത്വദോഷവിരഹായ ച മൃച്ഛിലാദ്യൈഃ.

അന്വയം. — അർത്ഥം.

ഗൃഹായ = വീടുവെയ്ക്കുന്നതിനായി
കൃതവാസ്തുപദം സമസ്തം = സങ്കല്പിക്കപ്പെട്ട ഭൂഖണ്ഡം മുഴുക്കെ
ബാഹ്യാന്തരാംകണ-ഗതാഗമനായ = പുറത്തും അകത്തുമുള്ള അങ്കണത്തിൽനിന്നു വെള്ളം മുതലായതുകളുടെ പോക്കുവരവിനായും
മദ്ധ്യനിമ്നത്വദോഷവിരഹായ ച = നടുമുററം ഉയന്നിരിക്കേണ്ടതിനാലും
മൃച്ഛിലാദ്യൈഃ = മണ്ണ് കല്ലു മുതലായവയെക്കൊണ്ടു
മാതംഗഭാസ്കരനൃപാംഗുല-മാത്രതുംഗം കുഡ്യാൽ = എട്ടോ പന്ത്രണ്ടോ പതിനാറോ അംഗുലം ഉയത്തണം.

സാ:—വീടുവെയ്ക്കുന്നതിനു നിശ്ചയിച്ച സ്ഥാനം മണ്ണ്, കല്ല് മുതലായവയെക്കൊണ്ട് എട്ടോ പതിനാറോ പന്ത്രണ്ടോ അംഗുലം ഉയത്തണം. ഇതു് നടുമുററം ഉയന്നിരിക്കേണ്ടതിനും അങ്കണത്തിൽനിന്നു വെള്ളം മുതലായതു പോകുന്നതിനും മററുമാണ്.

## ഉപപീഠവിധി.

മൂ- രക്ഷാശോഭോച്ഛ്രയാത്ഥംസകലനിലയമാസൂരതോധസ്സമന്താ
കുഡ്യാദേകദ്വിഹസ്തപ്രവിതതമുപപീഠംഗജാദ്യംഗുലാഢ്യം (ൽ
അന്തർഭാഗേത്തുഗത്താങ്കണമഥ വൃഷജംകേതുജംവായതാഢ്യം
ദിശ്യൈശാന്യാമഥോദങ്മുഖമപിരചയേൽ പ്രാങ്മുഖം
വാംബുമാർഗ്ഗം. ൮

അന്വയം. — അർത്ഥം.

രക്ഷാശോഭോച്ഛ്രയാത്ഥം = ബലം, ഭംഗി, ഉയരം ഇവയ്ക്കായി
സകലനിലയമാസൂരതഃ അധഃ = എല്ലാ ഗൃഹങ്ങളുടേയും അധിഷ്ഠാനത്തിന്നു താഴെ
ഏകദ്വിഹസ്തപ്രവിതതം = ഒന്നോ രണ്ടോ കോൽ വിസ്താരത്തിൽ

ഉപപീഠം തു = ഉപപീഠത്തെയും
അന്തർഭാഗേ = അങ്കണത്തിന്റെ ഉള്ളിൽ
വൃഷജം കേതുജം വാ = വൃഷയോനിയായോ കേതുയോനിയായോ
ആയതാഢ്യം = തെക്കുവടക്കു നീളത്തോടുകൂടി
ഗർത്താങ്കണം = കുഴിയങ്കണത്തേയും
അഥ ഐശാന്യാം ദിശി = പിന്നീട് ഈശകോണിൽ
ഉദങ്മുഖം പ്രാങ്മുഖം വാ = വടക്കോട്ടോ കിഴക്കോട്ടോ മുഖ(മായി
അംബുമാർഗ്ഗം അപി രചയേൽ = ഓവും കല്പിക്കണം.

സാ:—സ്ഥലത്തിനു ഭംഗിക്കുംവേണ്ടി ചുററും ഉപപീഠം (ചെറുതിണ്ണ) ഉണ്ടാക്കണം. പാദമാനം കുറവുള്ള സന്ദർഭത്തിൽ ഉയർത്തുന്നതിനുവേണ്ടിയും ഉപപീഠം ചെയ്യാറുണ്ട്. ഇതു് അധിഷ്ഠാനത്തിനു താഴെയാണ്. അതായതു് ഭൂമി നിരപ്പിൽനിന്നു ഉപപീഠവും; ഉപപീഠത്തിൽ നിന്നു് അധിഷ്ഠാനവും, അവിടെനിന്നു കാൽപൊക്കവും കല്പിക്കേണ്ടതാണ്. ഇതിനു് പത്രമാന പുറത്തുനിന്നു് ഒന്നോ രണ്ടോ കോൽവരെ തള്ളുവയ്ക്കാവുന്നതാണ്. അതു് എട്ടെട്ടംഗുലം ക്രമേണ വർദ്ധിപ്പിച്ചുചെയ്യാം. ഇതുപോലെ അങ്കണവിസ്താരത്തിൽനിന്നു് അകത്തോട്ടുമാറി കേതുയോനിയോ വൃഷയോനിയോ വരുത്തി കുഴിയങ്കണവും ചെയ്യണം. കുഴിയങ്കണം തെക്കുവടക്കു നീണ്ടിരിക്കണം. കുഴിയങ്കണത്തിൽനിന്നു വെള്ളം ഒഴുകുന്നതിനായി ഈശകോണിൽ വടക്കോട്ടോ കിഴക്കോട്ടോ 'ഓവും' ഉണ്ടാക്കിക്കൊള്ളണം.

മൂ:—ഗേഹാധിഷ്ഠാനോച്ചതുല്യോരസാദ്യ-
ഷ്ടാങ്കാശാംശൈരൂനിതോ വായഥേഷ്ടം
മർത്ത്യാഗാരസ്യോപപീഠോച്ഛ്റയസ്സ്യാ-
ത്തത്തത്ഭാഗൈഃ പാദുകാദ്യാവിധേയാഃ. ൩൨

അന്വയം. അർത്ഥം.

മർത്ത്യാഗാരസ്യ = മനുഷ്യാലയത്തിന്റെ
ഉപപീഠോച്ഛ്റയഃ = ഉപപീഠത്തിന്റെ പൊക്കം (യോ
ഗേഹാധിഷ്ഠാനോച്ചതുല്യഃ = അധിഷ്ഠാനപൊക്കത്തോടു സമമാ-
രസാദ്യഷ്ടാങ്കാശാംശൈഃ = ആറ്, ഏഴ്, എട്ട്, ഒൻപത്, - പത്ത് ഈ അംശങ്ങളിൽ ഒരംശം
ഊനിതഃ വാ = കുറച്ചിട്ടോ
യഥേഷ്ടം സ്യാൽ = ഇഷ്ടമനുസരിച്ചു ഭവിക്കും.

| | |
|---|---|
| തത്തൽഭാഗൈഃ | = അതാതു പൊക്കത്തെ ഭാഗിച്ച് |
| പാദുകാദ്യാഃ വിധേയാഃ | = പാദുകം മുതലായതും ചെയ്യേണ്ടതാണ്. |

സാ:—ഉപപീഠത്തിന്റെ പൊക്കം അധിഷ്ഠാനപ്പൊക്കത്തോടു സമമായോ അല്ലെങ്കിൽ ആ പൊക്കത്തെ ആറുമുതൽ പത്തുവരെ അംശിച്ച് ഒരംശം കുറച്ചോ വയ്ക്കാവുന്നതാണ്. പിന്നീട് ഉപപീഠപ്പൊക്കത്തെ വിധിപോലെ അംശിച്ചു പാദുകം, ജഗതി, ഗളം, പടി മുതലായവയെയും ചെയ്തുകൊള്ളണം. "ഉപപീഠന്തുകർത്തവ്യം യഥാവശ്യം നരാലയേ" എന്നുള്ള വചനപ്രകാരം ഉപപീഠം കൂടിയേതീരു എന്നു നിർബന്ധമില്ലെന്നു കാണുന്നു.

## മുല്ലത്തറയുടെ വിധി.

മൂ.-ഗർത്തപ്രാംകണതാരതോധികകൃതായാമാർദ്ധമപ്യുത്തരേ
നിക്ഷിപ്യാർദ്ധമവാക്ച മദ്ധ്യചതുരശ്രേഷ്ടാഷ്ടകോഷ്ഠാത്മകേ
മല്ലീകുട്ടിമമാപസംജ്ഞപദയോഃ കുർയ്യാല്പദേ ദക്ഷിണേ
യദ്വാ തൽപുനരാപവത്സപദയോശ്ചോദക്പദേന്തർവൃതൌ. ൧

| അന്വയം. | അർത്ഥം. |
|---|---|
| ഗർത്തപ്രാംകണതാരതഃ | = കുഴിയങ്കണത്തിന്റെ വീതിയിൽനിന്നും |
| അധികകൃതായാമാർദ്ധം | = അധികമുള്ള ദീർഘത്തിൽ പകുതി |
| ഉത്തരേ അപി | = വടക്കും |
| അർദ്ധം അവാക് ച | = പകുതി തെക്കും |
| നിക്ഷിപ്യ | = തള്ളി |
| മദ്ധ്യചതുരശ്രേ | = മദ്ധ്യത്തിലുള്ള ചതുരശ്രം |
| അഷ്ടാഷ്ടകോഷ്ഠാത്മകേ | = അറുപത്തിനാലുപദമായി ഭാഗിക്കുമ്പോൾ |
| അന്തർവൃതൌ | = മദ്ധ്യഭാഗത്തെ ആവൃതിയിൽ |
| ആപസംജ്ഞപദയോഃ | = ആപന്റെ പദങ്ങളിൽ |
| ദക്ഷിണേപദേ | = തെക്കേ പദത്തിലോ |
| യദ്വാ പുനഃ | = അല്ലെങ്കിൽപിന്നെ |
| ആപവത്സപദയോഃ | = ആപവത്സന്റെ പദങ്ങളിൽ |
| ഉദക് പദേ ച | = വടക്കേ പദത്തിലോ |
| തൽ മല്ലീകുട്ടിമം കുർയ്യാൽ | = ആ മല്ലീകുട്ടിമത്തെച്ചെയ്യണം. |

സാ:—കുഴിയങ്കണത്തിന്റെ ദീർഘാധിക്യത്തെ തെക്കും വടക്കും ഒരുപോലെ തള്ളി മദ്ധ്യേ അറുപത്തിനാലു പദമായി ഭാഗി

ക്കണം. അവിടെ അന്തരാവൃതിയിൽ ഈശകോണിൽ കിഴക്കു ചേൎന്ന രണ്ടുപദങ്ങൾ ആപൻേറതാണല്ലോ. അതിൽ തെക്കേപ്പദത്തിലോ അതുപോലെ ആപവത്സൻേറ രണ്ടുപദങ്ങളിൽ വടക്കേപ്പദത്തിലോ "മുല്ലത്തറ" ചെയ്തുകൊള്ളണം. ഇവിടെ അറുപത്തിനാലുപദങ്ങളായി ഭാഗിക്കുമ്പോൾ ആപൻേറയും ആപവത്സൻേറയും സ്ഥാനങ്ങൾ കൎണ്ണസൂത്രത്തിൻേറ ഇരുപുറവുമാണെന്നു മററു ഗ്രന്ഥങ്ങളിൽ സ്പഷ്ടമായി പറയുന്നു.

മൂ: —കേതുത്ഥം തുല്യതാരാതതിജലനിധികോ-
ണം ചവസ്വഷ്ടികോണം
വൃത്തം വാസോപപീഠാദ്യവയവസഹിതം -
കൈരവാദ്യന്വിതം വാ
ഗേഹാധിഷ്ഠാനതുംഗം കുഹചിദപി തദ്ഭൂ-
മ്യാദിരുദ്രാന്തഭാഗൈ-
ൎഹീനംവാ രജ്ജുവേധാദ്യപഗതമുദിതം
-മല്ലികാകുട്ടിമം തൽ.

| അന്വയം. | അൎത്ഥം. |
| --- | --- |
| കേതുത്ഥം | = കേതുയോനിയായി |
| തുല്യതാരാതതിജലനിധികോണംച | = സമചതുരശ്രമായും |
| വസ്വഷ്ടികോണം | = എട്ടോ പതിനാറോപട്ട-(മായോ |
| വൃത്തം വാ | = വൃത്തമായോ |
| സോപപീഠാദ്യവയവസഹിതം | = ഉപപീഠം മുതലായ അട്ടുക്കുകളോടുകൂടിയോ |
| കൈരവാദ്യന്വിതം വാ | = കുമുദപ്പട്ടം മുതലായ വിശേഷങ്ങളോടുകൂടിയോ |
| ഗേഹാധിഷ്ഠാനതുംഗം അപി | = അധിഷ്ഠാനപ്പൊക്കത്തോടു-സമമായും |
| കുഹചിൽ | = ചിലേടത്തു് |
| തദ്ഭൂമ്യാദിരുദ്രാന്തഭാഗൈഃ | = ആ അധിഷ്ഠാനപ്പൊക്കത്തെ ആറുമുതൽ പതിനൊന്നുവരെ ഭാഗിച്ചു ഒരുഭാഗം |
| ഹീനം വാ | = കുറച്ചിട്ടോ |
| രജ്ജുവേധാദ്യപഗതം | = രജ്ജുവേധത്തെ ഒഴിച്ചു് |
| തൽ മല്ലികാകുട്ടിമം | = ആ മുല്ലത്തറ |
| ഉദിതം | = പറകപ്പെട്ടിരിക്കുന്നു. |

സാ:—മുല്ലത്തറയ്ക്കു കേതുയോനി വേണം. സമചതുരശ്രമായും, എട്ടോ പതിനാറോ പട്ടമായും വൃത്തമായും ചെയ്യാം. ഉപപീഠം, ജഗതി, കുമുദം മുതലായ അട്ടുക്കുകളും യഥായോഗ്യം ചെയ്യേണ്ടതാണ്. ഇതിൻെറ പൊക്കം അധിഷ്ഠാനത്തോടു സമമാണ്. അധിഷ്ഠാനപ്പൊക്കത്തെ ആറുമുതൽ പതിനൊന്നുവരെ ഭാഗിച്ചു ഒരുഭാഗം കുറച്ചും ചെയ്യാം. ഇതിനു ഈശാഗ്രമായി പോകുന്ന രജ്ജുസൂത്രം വേധിക്കരുത്. ഇങ്ങനെ മുല്ലത്തറയുടെ ലക്ഷണം പറഞ്ഞിരിക്കുന്നു.

## അധിഷ്ഠാനവിധി.

മൂ— ഉപപീഠോച്ചസമോച്ചം മാസൂരോപാനഹം കരോതുദൃഢം
തദുപരി പരിതഃ പാദുകമഥകുര്യാദുക്തപത്രമാനാന്തം. ന

| അന്വയം. | അർത്ഥം. |
|---|---|
| ഉപപീഠോച്ചസമോച്ചം | = ഉപപീഠപ്പൊക്കത്തിൻെറ- സമനിരപ്പിൽ |
| മാസൂരോപാനഹം | = അധിഷ്ഠാനത്തിൻെറ ചെ- രിപ്പ് |
| ദൃഢം കരോതു | = ഉറപ്പായിച്ചെയ്യണം |
| തദുപരി | = അതിനുമേൽ |
| പരിതഃ പാദുകം | = ചുററും പാദുകവും |
| അഥ ഉക്തപത്രമാനാന്തം | = പിന്നീടുപറകപ്പെട്ട രീതിയനുസരിച്ചു പത്രമാനംവരെയും |
| കുര്യാൽ | = ചെയ്യണം. |

സാ:—ഉപപീഠത്തിൻെറ മേൽ നിരപ്പനുസരിച്ചു വളരെ ഉറപ്പോടുകൂടി ചെരിപ്പുചെയ്യണം. ചെരിപ്പിൻെറമേൽ പാദുകത്തേയും അതിനുമേൽ വിധിയനുസരിച്ചു ജഗതി, ഗളം, പടി മുതലായ അവയവങ്ങളോടുകൂടി പത്രമാനംവരെ അധിഷ്ഠാനം ചെയ്തുകൊള്ളണം.

## പത്രമാനവിധി.

മൂ:— സർവ്വത്രോത്തരബാഹ്യപാർശ്വവിഹിതാ-
ല്ലംബാൽബഹിഃ കുട്ടിമ-
സ്യാഷ്ടാഷ്ടാംഗുലനിഷ്ക്രമം യദുദി-
തം തൽപത്രമാനംവിദുഃ

യദ്വാ തദ്വിഗുണഞ്ച തത്ത്രിഗുണിതം-
വാതദ്വിധേയം തഥൈ-
വാവച്യുത്തരയോഃഷഡംഗുലമതോ-
ദ്വന്ദംപ്രതീച്യാം ക്വചിൽ.

| അന്വയം. | അൎത്ഥം. |
|---|---|
| സൎവ്വത്ര | = എല്ലാ ഗൃഹങ്ങളിലും |
| ഉത്തരബാഹ്യപാർശ്വവിഹിതാൽ | = ഉത്തരത്തിന്റെ പുറത്തെ- അരികിനു തുല്യമായ |
| ലംബാൽ ബഹിഃ | = തൂക്കമാനത്തിൽനിന്നു വെ- |
| കുട്ടിമസ്യ | = തറയ്ക്കു് (ളിക്കോട്ടു |
| അഷ്ടാഷ്ടാംഗുലനിഷ്ക്രമം | = എട്ടെട്ടംഗുലം തള്ളായിട്ടു് |
| യൽ ഉദിതം | = യാതൊന്നു പറകപ്പെട്ടുവോ |
| തൽപത്രമാനം വിദുഃ | = അതു പത്രമാനമാകുന്നു |
| യദ്വാ തദ്വിഗുണം | = അല്ലെങ്കിൽ അതിരട്ടിച്ചോ |
| ത്രിഗുണിതം വാ | = മൂന്നിൽ പെരുക്കീട്ടോ |
| തൽ വിധേയം | = ആ തറയുടെ മാററംചെയ്യേ (ണ്ടതാണു് |
| അഥ അവാച്യുത്തരയോഃ | = പിന്നീടു തെക്കും വടക്കും |
| തഥൈവ | = അപ്രകാരവും |
| ഷഡംഗുലം | = ആറംഗുലമായും |
| ക്വചിൽ പ്രതീച്യാം | = ചിലെടത്തു പടിഞ്ഞാറുവ- |
| അതഃ ദ്വന്ദം | = പന്ത്രണ്ടംഗുലമായും (ശം |
| (വിധേയം) | = ചെയ്യാവുന്നതാണു് |

സാ:—ഉത്തരത്തിന്റെ പുറത്തെത്തുക്കിൽനിന്നു പുറത്തോട്ടു എട്ടൊ, പതിനാറൊ ഇരുപത്തിനാലൊ അംഗുലംമാററി പത്രമാനപ്പുറം നിശ്ചയിക്കാവുന്നതാണു്. ഈ അധിഷ്ഠാനപ്പുറത്തെയാണു പത്രമാനമെന്നു പറയുന്നതു്. ഉത്തരച്ചുററിന്റെ യോനി പത്രമാനത്തിനും വേണമെന്നുള്ള അഭിപ്രായംകൊണ്ടാണു് എട്ടെട്ടംഗുലമായി മാററം പറഞ്ഞിട്ടുള്ളതു്. നാലുവശവും ഇങ്ങിനെയാണു വേണ്ടതു്. അഥവാ തെക്കുവശവും വടക്കുവശവും ആറാറംഗുലവും മാററംവയ്ക്കാവുന്നതാണു്. ഭിത്തി നിരവായിട്ടാണെങ്കിൽ അതിന്നാധാരമായ പടിയുടെ പുറത്തെ ചുററിനേയും പത്രമാനമെന്നു പറയാവുന്നതാണു്. ഇതിനു് ആ ഉത്തരപ്പുറത്തുനിന്നു് എട്ടംഗുലം തള്ളുവയ്ക്കുന്നതു് അസാദ്ധ്യമാണു്. എങ്കിലും പടിപ്പുറം ശുഭയോനി വരുത്തിച്ചെയ്യുന്നതാണു് ഉത്തമമായിട്ടുള്ളതു്.

## അങ്കണപത്രമാനവിധി.

മൂ— തൽപത്രമാനമസമം ച സമംച ബാഹ്യേ-
പ്യന്തശ്ച തദ്വിഹിതയോനികനാഹയുക്തം
മർത്യാലയേഷ്വവിഹിതം സുരമന്ദിരേട്ടന്ത-
ഹാരപ്രദീപനിലയേഷു ച ഗോപുരേഷു. ൨

| അന്വയം. | അർത്ഥം. |
|---|---|
| മർത്യാലയേഷു ച | = മനുഷ്യാലയങ്ങളിലും |
| സുമന്ദിരേ | = ദേവാലയത്തിൽ |
| അന്തഹാരപ്രദീപനിലയേഷു | =അന്തഹാരയിലുള്ള ദീപമാലയ്ക്കും |
| ഗോപുരേഷു ച | = ഗോപുരങ്ങൾക്കും |
| ബാഹ്യേ അന്തഃ | = വെളിയിലും അകത്തും |
| അസമം സമം ച | = തുല്യമായും അല്ലാതെയും |
| തദ്വിഹിതയോനികനാഹ യുക്തം | = അവിടെ വിധിച്ചിട്ടുള്ള യോനികൊണ്ടു ചുററുവരുത്തി |
| തൽപത്രമാനം | = ആ പത്രമാനം |
| വിഹിതം | = വിധിക്കപ്പെട്ടിരിക്കുന്നു. |

സാ:—പുറത്തേപ്പത്രമാനത്തിൻെറയും അകത്തെപ്പത്രമാനത്തിൻെറയും മാററം ഒന്നുപോലെയോ അഥവാ ഭേദിപ്പിച്ചോ ചെയ്യാം. അങ്ങിനെ ചെയ്യുന്നതു വിധിച്ചിട്ടുള്ള പത്രമാനച്ചുററു യോജിപ്പിച്ചുകൊള്ളണം. മനുഷ്യാലയത്തിനും ദേവാലയങ്ങളിൽ വിളക്കുമാടം ഗോപുരം ഇവയ്ക്കും ഇങ്ങിനെ ചെയ്യാവുന്നതാണു്. ഉത്തരപ്പുറത്തുക്കിൽ പുറത്തോട്ടുള്ള പടിയുടെ മാററമാണല്ലോ പത്രമാനമെന്നു പറയുന്നതു്. നിരവുഭിത്തിയാണെങ്കിൽ മാററം ഉള്ളിലും പുറത്തും ഒന്നുപോലെ വയ്ക്കുന്നതാണു് ഉത്തമം.

## അങ്കണവിധി.

മൂ— പ്രാഹുർഗേഹചതുഷ്കപാദുകബഹിർഭാഗംബുധാഃപ്രാങ്കണം
യാമ്യോദഗ്വിഹിതായതം ച ചതുരശ്രം കേതുയോന്യന്വിതം
ഭൂമ്യശ്വ്യംബുധിനാഗരന്ധ്രദിനനാഥാഷ്ടവിസംഖ്യംഗ്ഗലൈ-
രേകദ്വിത്രികരൈസ്തഥൈവഗുണവിസ്താരാദിഭിർവ്വായതിഃ.

| അന്വയം. | അർത്ഥം. |
|---|---|
| ഗേഹചതുഷ്കപാദുകബഹിർഭാഗം | = നാലുഗൃഹങ്ങളുടേയും പാദുകത്തിൻെറ പുറംമുതലുള്ള ഭാഗത്തിനു |
| ബുധാഃ പ്രാങ്കണം പ്രാഹുഃ | = വിദ്വാന്മാർ പ്രാങ്കണമെന്നു പറയുന്നു. |

യാമ്യോദഗപിഹിതായതം = തെക്കുവടക്കു നീണ്ടു്
ചതുരശ്രം = ചതുരശ്രരൂപമായി
കേതുയോന്യന്വിതം = ഏകയോനിയോടുകൂടി ഭവിക്കണം
ഭൂമൃശ്യംബുധിനാഗരന്ധ്റദിന- = ഒന്നു്, രണ്ടു്, നാലു്, എട്ടു്
നാഥാഷ്ടപിസംഖ്യാംഗുലൈഃ = ഒമ്പതു്, പന്ത്രണ്ടു്; പതിനാറു്, ഈ അംഗുലങ്ങളെക്കൊണ്ടോ
ഏകദ്വിത്രികരൈഃ = ഒന്നോ രണ്ടോ മൂന്നോ കോലു കൊണ്ടോ
തഥൈവ = അപ്രകാരംതന്നെ
ഗുണവിസ്താരാദിഭിഃവാ = ഗുണാംശവിസ്താരംകൊണ്ടോ
ആയതിഃ = ഇതിൻെറ ദീർഘംഭവിക്കും.

സാ:—നാലുഗൃഹങ്ങളുടെയും പാദുകപ്പുറത്തിൻെറ വെളിയിലുള്ള ഭാഗത്തെ അങ്കണമെന്നു പറയുന്നു. പുറത്തേപ്പാദുകച്ചുററിൽനിന്നു് വെളിക്കുള്ളഭാഗം ബാഹ്യാംകണവും അകത്തുള്ളഭാഗം മദ്ധ്യാങ്കണവുമാകുന്നു. എങ്കിലും ഇവിടെ പ്രാംകണമെന്നു പറയുന്നതു് മദ്ധ്യാംകണത്തെയാണു്. ഇതു് തെക്കുവടക്കു നീണ്ടു ചതുരശ്രമായിരിക്കണം. മിക്കവാറും ഏകയോനിതന്നെയാണു് വേണ്ടതു്. ഇതു് വിസ്താരത്തേക്കാൾ ൧, ൨, ൪, ൮, ൯, ൧൨, ൧൬, അംഗുലങ്ങളെക്കൊണ്ടോ ഒന്നോ രണ്ടോ മൂന്നോ കോലുകൊണ്ടോ കൂടുതൽ ദീർഘം (മുഖായാമം) കല്പിക്കാം. അല്ലെങ്കിൽ മുൻപറഞ്ഞ ഗുണാംശംകൊണ്ടും ഇതിൻെറ ദീർഘവിസ്താരംകല്പിക്കാവുന്നതാണു്.

## ഗൃഹാദികൾക്കു് ഗമനം വയ്ക്കേണ്ടക്രമം.

മൂ— സൂത്രൈഃപ്രാങ്കണഗേഹമദ്ധ്യവിഹിതൈര-
ന്യോന്യവിദ്ധൈർവ്വേ-
ത്തൽഗേഹസ്ഥിതപുത്രപൗത്രവലയ
സ്തസ്മാൽഗൃഹാണാംക്രമാൽ
കർത്തവ്യംഗമനം പ്രദക്ഷിണതയാ-
പ്പ്രാഗാദിതോവഹ്നിര-
ന്ധ്റാദ്രീഷ്വംഗുലകൈസ്സ്വയോനിജനകൈ-
രാവശ്യകേവായവൈഃ. ൧൦

അന്വയം. അർത്ഥം.
പ്രാങ്കണഗേഹമദ്ധ്യവിഹിതൈഃ = അങ്കണത്തിൻെറയും ഗൃഹങ്ങളുടേയും മദ്ധ്യേയുള്ള

സൂത്രൈഃ അന്യോന്യവി- = സൂത്രങ്ങൾ തമ്മിൽ തമ്മിൽ വേധി
ദ്ധൈഃ ക്കപ്പെട്ടുമെങ്കിൽ
തൽഗേഹസ്ഥിതപുത്രപൌ- = അവിടെയുള്ളവൎക്കു് സന്താനനാ
ത്രവിലയഃ ഭവേൽ ശം ഭവിക്കും
തസ്മാൽ = സൂത്രവേധം ദോഷകരമാകയാൽ
പ്രാഗാദിതഃ പ്രദക്ഷിണ- = കിഴക്കുമുതൽ ക്രമേണ വലത്തുവശം
സ്വദയോനിജനകൈഃ(ത്രയാ = അതാതുദിക്കിലെ യോനികൊണ്ടു
ണ്ടായ
വഹ്നിരന്ധ്രാദ്രിഷ്വാംഗുല- = മൂന്നു്, ഒൻപതു്, ഏഴു്, അഞ്ചു്,
കൈഃ ഈ അംഗുലങ്ങളെക്കൊണ്ടും
ആവശ്യകേ = ഗമനം കുറഞ്ഞിരിക്കണമെന്നു്
(വിചാരിക്കുമ്പോൾ
യവൈഃവാ = യവങ്ങളെക്കൊണ്ടും
ഗൃഹാണാം ഗമനം കൎത്ത- = ഗൃഹങ്ങൾക്കു ഗമനം വയ്ക്കേണ്ട-
വ്യം താണു്.

സാ:—അങ്കണത്തിന്റെ മദ്ധ്യത്തിലും മുൻപിലത്തേപ്പോലെ സൂത്രങ്ങൾ വിധിച്ചിട്ടുണ്ടല്ലോ. ആ സൂത്രങ്ങൾ ഗൃഹങ്ങളുടെ മദ്ധ്യേയുള്ള സൂത്രങ്ങളെ വേധിച്ചുകൂടാ. അതായതു് ഗൃഹമദ്ധ്യസൂത്രത്തിന്റെ സ്ഥാനത്തു് അങ്കണമദ്ധ്യസൂത്രം വന്നുകൂടാ. ഇതുപോലെ കിഴക്കേ ഗൃഹമദ്ധ്യസൂത്രത്തിന്നെതിരായി പടിഞ്ഞാററതിന്റെ മദ്ധ്യസൂത്രവും തെക്കേ ഗൃഹമദ്ധ്യസൂത്രത്തിന്റെ നേരേ, വടക്കേതിന്റെ മദ്ധ്യസൂത്രവും വന്നുകൂടാ. ഗൃഹങ്ങൾക്കെന്നല്ലാ എല്ലാററിന്റേയും മദ്ധ്യസൂത്രവേധം വൎജ്ജിക്കണമെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ഈ മദ്ധ്യസൂത്രങ്ങൾ അന്യോന്യം വേധിച്ചുപോയാൽ സന്താനനാശംവരും. "വേധംതുഗൃഹമദ്ധ്യാനാം ഗോത്രനാശകരംത്യജേൽ" അതുകൊണ്ടു് ഗൃഹങ്ങൾക്കും മററും പ്രദക്ഷിണവശം ഗമനം വച്ചുകൊള്ളണം. അങ്കണമദ്ധ്യസൂത്രത്തിൽനിന്നു് മൂന്നംഗുലം തെക്കോട്ടുമാററി കിഴക്കേതിന്നേയും അതുപോലെ, ഒൻപതംഗുലം പടിഞ്ഞാറോട്ടു മാററി തെക്കേതിന്നേയും, ഏഴു് അംഗുലം വടക്കോട്ടുമാററി പടിഞ്ഞാററതിന്നേയും അഞ്ചംഗുലം കിഴക്കോട്ടു മാററി വടക്കേതിന്നേയും കല്പിക്കണം. അപ്പോൾ ഗൃഹമദ്ധ്യത്തിലെ സൂത്രങ്ങൾക്കൊ അങ്കണസൂത്രങ്ങൾക്കൊ വേധംവരികയില്ല. അംഗുലങ്ങളെക്കൊണ്ടു് ഗതിവയ്ക്കുമ്പോൾ സ്തംഭങ്ങൾക്കു് (കാലുകൾക്കു്) പ്രതികൂലത വരികയാണെങ്കിൽ യവംകൊണ്ടു ഗതിവച്ചുകൊള്ളണം. വാതിൽ മുതലാ

യത്തുകളുടെ ഗമനം, യവംകൊണ്ടുതന്നെ മിക്കവാറും വയ്യേണ്ടിവ രും. ഈ ഗമനത്തിനുള്ള അംഗുലങ്ങൾ അതാതുദിക്കിലെ യോനികളോടുകൂടിയവയാണ്. എങ്ങിനെയെന്നാൽ കിഴക്കേശാലയ്ക്ക് വിധിക്കപ്പെട്ട ഗതി മൂന്നംഗുലമാണല്ലോ. അതിനെ മൂന്നിൽ പെരുക്കുമ്പോൾ കിട്ടുന്ന സംഖ്യ ഒൻപത്. അതിനെ എട്ടിൽ ഹരിക്കുമ്പോൾ ഒന്നു ശേഷിക്കുന്നതുകൊണ്ട് ഏകയോനിയെന്നറിയണം. ഇതുപോലെ മററു ദിക്കുകളിലും വിചാരിച്ചുകൊൾക. ഈ വിധിച്ചിട്ടുള്ള ഗത്യംഗുലങ്ങളെ എട്ടട്ടംഗുലംകൊണ്ടു വർദ്ധിപ്പിച്ചും ഗമനം വയ്ക്കാവുന്നതാണ്. അതിൻെറ ആവശ്യം മേൽപറകപ്പെടും.

മൂ— ഗത്യംഗുലാനി നിജദിഗ്വിഹിതാനി യാനി
താന്യഷ്ടതദ്വിഗുണിതത്രിഗുണാംഗുലൈശ്ച
യുക്താനി തദ്വിഗുചിതാനി ഭവന്തിയത്ത-
ദല്പാന്തരാളനിലയാദിഷു താനി യുജ്യാൽ. ൧൧

| അന്വയം. | അർത്ഥം. |
|---|---|
| നിജദിഗ്വിഹിതാനി | = തൻെറ തൻെറ ദിക്കുകളിൽ വിധി (ക്കപ്പെട്ട |
| യാനി ഗത്യംഗുലാനി | = യാവ ചില ഗത്യംഗുലങ്ങൾ ഭവിക്കുന്നുവോ |
| താനി അഷ്ടതദ്വിഗുണിതത്രിഗുണാംഗുലൈഃ | = അതുകൾ ൮, ൧൬, ൨൪, ഈ അം (ഗുലങ്ങളോടും |
| യുക്താനി ച | = കൂടിയിട്ടും |
| തദ്വിഗുചിതാനിഭവന്തിയൽ | = അതാതുദിക്കിൽ യോഗ്യമാകുന്നു എന്നതുയാതൊന്ന് |
| തൽ | = അതു ഹേതുവായിട്ട് |
| അല്പാന്തരാള നിലയാദിഷു | = ചെറിയ അന്തരാളത്തോടുകൂടിയ (ഗൃഹത്തിനു്, |
| താനി | = വർദ്ധിപ്പിച്ച ഗമനാംഗുലങ്ങളെ |
| യുജ്യാൽ | = യോജിപ്പിക്കണം. |

സാ—അതാതുദിക്കുകളിലേക്കുള്ള ഗമനാംഗുലങ്ങൾ പറഞ്ഞിട്ടുണ്ടല്ലോ. അതിനെ എട്ടോ പതിനാറോ, ഇരുപത്തിനാലോ, അംഗുലങ്ങളെക്കൊണ്ടു വർദ്ധിപ്പിച്ചും ഗതിവയ്ക്കാവുന്നതാണ്. അന്തരാളം ചെറുതായിരുന്നാൽ നടവാതിൽ വയ്ക്കുന്നതിനു സൗകര്യമില്ലെന്നുവരാം. കൂടാതെ രജ്ജുസൂത്രം പടിഞ്ഞാറേറതിൻെറ അഗ്നികോണിലും കിഴക്കേതിൻെറ വായുകോണിലും

സംബന്ധിച്ചെന്നും വരാം. ഇങ്ങനെവരുന്ന ഘട്ടങ്ങളിൽ ഗമ നാംഗുലങ്ങളെ മേൽപ്പറഞ്ഞവണ്ണം വൎദ്ധിപ്പിച്ചുവച്ചുകൊള്ളണം.

## അന്തരാളവിധി.

മൂ— ദിക്കോണാലയഭേദകൃന്തി ച ഭവന്ത്യഷ്ടാന്തരാളാനി തൽ
ബാഹുല്യന്തു ധനക്ഷയായ ഹി ഭവേദത്യല്പതാവ്യാധയേ
മൃത്യുൎഭിത്തിവിരോധനേന്തരവിഹീനത്വാദതഃ പ്രായശോ-
നേഷ്ടം ഗേഹരസാംശതോധികതരം ദ്വിത്ര്യംഗുലാച്ചോനിതം.

| അന്വയം. | അൎത്ഥം. |
|---|---|
| ദിക്കോണാലയ ഭേദകൃന്തി | = ദിഗ്ഗൃഹങ്ങളേയും കോൺഗൃഹങ്ങളേയും വേൎതിരിക്കുന്നതിന്ന് |
| അഷ്ടാന്തരാളാനി ഭവന്തി | = എട്ട് അന്തരാളങ്ങൾ ഭവിക്കുന്നു. |
| തൽ ബാഹുല്യം തു | = അതു ക്രമത്തിൽനിന്നു വലുതായാൽ |
| ധനക്ഷയായ | = ധനനാശവും |
| അത്യല്പതാ | = ഏററവും ചെറുതായാൽ |
| വ്യാധയേ ഭവേൽ ഹി | = വ്യാധിയും ഭവിക്കുമല്ലോ. |
| ഭിത്തിവിരോധനേ | = ഭിത്തിതമ്മിൽ മുട്ടകിപ്പോയാൽ |
| അന്തരവിഹീനത്വാൽ | = ഇടമില്ലാതെ വരുന്നതുകൊണ്ട് |
| മൃത്യുഃ ഭവേൽ | = മരണം ഭവിക്കും |
| അതഃ പ്രായശഃ | = ഇതുകൊണ്ടു മിക്കവാറും. |
| ഗേഹരസാംശതഃ | = ഗൃഹദീൎഘത്തിന്റെ അറിലൊരുഭാഗത്തിൽ |
| അധികതരം | = അധികംകൂട്ടുന്നതോ |
| ദ്വിത്ര്യംഗുലാൽ | = രണ്ടോമൂന്നോഅംഗുലങ്ങളെക്കാൾ |
| ഊനിതം ച | = കുറയുന്നതോ |
| ന ഇഷ്ടം | = ശുഭമല്ല. |

സാ—ആദ്യമായി മുഖായാമത്തോടുകൂടി അങ്കണത്തെയും പിന്നീട് പൎയ്യന്തത്തേയും നിശ്ചയിക്കണം. പൎയ്യന്തച്ചുററിൽനിന്ന് അങ്കണച്ചുററിനെ കുറച്ചുശേഷിക്കുന്നതുകൊണ്ടു മുൻപറഞ്ഞ ക്രമമനുസരിച്ച് ദിഗ്ഗൃഹങ്ങളുടെ വിസ്താരത്തെ കല്പിക്കണം. അതിന്നുശേഷം ക്രമപ്രകാരം ഗമനംവച്ചു യോനിപ്രധാനമായ ചുററുവരുത്തി ഗൃഹങ്ങളുടെ ഇരുവശവും പന്തിയുത്തരം കല്പിച്ചുകൊള്ളണം. അപ്പോൾ ഗൃഹങ്ങളുടേയും കോൺഗൃഹങ്ങളുടേയും മദ്ധ്യേയായി എട്ടന്തരാളങ്ങൾ ഉണ്ടാകും. ഈ അന്തരാളം ഗൃഹദീൎഘത്തിന്റെ അറിലൊരംശത്തേക്കാൾ കൂട്ടുന്നുവെങ്കിൽ ധനനാശവും രണ്ടോമൂന്നോ അംഗുലത്തേക്കാൾ കുറയുന്നുവെ

ങ്കിൽ മരണവും ഫലമാകുന്നു. അതുകൊണ്ടു ദിൿഗൃഹങ്ങളുടേയും കോൺഗൃഹങ്ങളുടേയും ഭിത്തികൾ വരുമ്പോൾ തമ്മിൽ തൊടാതിരിക്കത്തക്കവണ്ണം വേണം അന്തരാളങ്ങളെ കല്പിക്കേണ്ടതു്. "ഊനംവാസൂത്രവിസ്താരാന്നിയമേന മൃതിപ്രദം" എന്നുള്ള സാരാവലീവചനപ്രകാരം അന്തരാളം സൂത്രവിസ്താരത്തിൽനിന്നു കുറയരുതെന്നു കാണുന്നു. ഇപ്പോഴത്തെ ആചാരവും മിക്കവാറും ഇപ്രകാരമാണു്.

## പാദമാനവിധി.

മൂന്നാംധാമനിപാദമാനമുദിതംസ്വസ്വോത്തരോപാനഹോ-
മ്മദ്ധ്യം സാംഘ്രികരത്രികോന്മിതമിദം ചാല്പാലയേ ദൃശ്യതേ
ഗേഹവ്യാസസമം തദർദ്ധസഹിതം വ്യാസാബ്ധിഷൾസപ്തവ-
സ്വംകാംശാംശയുതം ചതൈർവ്വിരഹിതം ചൈവം മുനീന്ദ്രാഃജഗുഃ.

അന്വയം. — അത്ഥം.

സ്വസ്വോത്തരോപാന-ഹോഃ = തന്റെതന്റെ ഉത്തരത്തിന്റെയും ചെരുപ്പിന്റെയും
മദ്ധ്യം = ഉള്ളളവു്
പാദമാനം ഉദിതം = പാദമാനമെന്നു പറയപ്പെടുന്നു.
ഇദംഅല്പാലയേന്നാംധാമനി= ഇതു ചെറിയ മനുഷ്യാലയങ്ങ
സാംഘ്രികരത്രികോന്മിദം = മൂന്നേകാൽകോലളവായിട്ടു് (ളിൽ
ദൃശ്യതേ = കാണപ്പെടുന്നു
ഗേഹവ്യാസസമം = ഗൃഹവിസ്താരത്തോടു തുല്യമായും
തദർദ്ധസഹിതം = അതിൽ പകുതികൂടിക്കൂട്ടിയും
വ്യാസാബ്ധിഷൾസപ്തവ- സ്വങ്കാംശാംശയുതം = വിസ്താരത്തെനാലു്, ആറു്, ഏഴു്, എട്ടു്, ഒൻപതു് പത്തു് ഈ അംശങ്ങളെക്കൊണ്ടു ഭാഗിച്ചു് ഒരംശം കൂടി കൂട്ടിയും
തൈഃ വിരഹിതം ച = ആ അംശങ്ങളെക്കൊണ്ടു് ഒരുഭാഗം
ഏവംപാദമാനം = ഇപ്രകാരം പാദമാനത്തെ (കുറച്ചും
മുനീന്ദ്രാഃജഗുഃ = മുനീന്ദ്രന്മാർ പറഞ്ഞിരിക്കുന്നു.

സാ:—ചെരിപ്പിന്റെ മേല്പാട്ടുമുതൽ ഉത്തരത്തിന്റെ കീഴ്പ്പാട്ടുവരെയുള്ള അളവിനെയാണു് പാദമാനമെന്നു പറയപ്പെടുന്നതു്. "ജന്മോത്തരാന്തരഗതംഗൃഹപാദമാനം" എന്നു മയമതം. ചെറിയ മനുഷ്യാലയങ്ങളിൽ മൂന്നേകാൽകോൽപാദമാനംവെച്ചു കാണുന്നുണ്ടു്. പാദമാനപ്പൊക്കം ഗൃഹവിസ്താരത്തോടു സമമായിട്ടും അതിൽ പകുതികൂടിക്കൂട്ടിയും ചെയ്യാവുന്നതാണു്. അല്ലെ

ങ്കിൽ വിസ്താരത്തെ നാല്, ആറ് ഏഴ്, എട്ട്, ഒൻപത്, പത്തു ഈ അംശങ്ങളെക്കൊണ്ടു് ഭാഗിച്ച് ഒരംശം കൂട്ടുകയോ കുറയ്ക്കുകയോ വേണ്ടിവന്നാൽ ചെയ്തുകൊള്ളേണ്ടതാണു്. അധിഷ്ഠാനവിധിയെസംബന്ധിച്ച പൂർവാചാര്യന്മാരുടെ മതം ഇപ്രകാരമാകുന്നു. ഈ അംശപ്രകാരം പാദമാനപ്പൊക്കം മുതലായവ നിശ്ചയിക്കുമ്പോൾ അടുത്തുവരുന്ന ശുഭയോനിയെക്കൂടി യോജിപ്പിച്ചുകൊള്ളണമെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ.

അധിഷ്ഠാനവിധി

മൂ— ഭക്തേടസ്മിൻപാദമാനേ ഗുണചതുരിഷുഷൾ-
സപ്തനാഗാങ്കദിഗ്ഭി-
സ്തേഷ്വേകാംശോഭവേൽകുട്ടിമമപിചതഥേദ്ധ്-
മാംശിതേ വാ രസാംശഃ
നന്ദചന്ദ്രേശരാംശോ ദിനകരയുഗഭക്തേ-
ഽദ്രിഭാഗോമുനീന്ദ്രൈർ-
ദ്വ്യംശസ്തിഥ്യംശിതേ സ്യാജ്ജലധിപരിമിതോ
വിശ്വഭക്തേപിചൈവം. ൧൪

| അന്വയം. | അൎത്ഥം. |
|---|---|
| അസ്മിൻ പാദമാനേ | = ഈ പാദമാനപ്പൊക്കം |
| ഗുണചതുരിഷുഷൾസപ്ത | = ൩, ൪, ൫, ൬, ൭, ൮, ൯, ൧൦ ഈ ഭാഗ |
| നാഗാങ്കദിഗ്ഭിഃഭക്തേ | = ങ്ങളെക്കൊണ്ടു് അംശിക്കുമ്പോൾ |
| തേഷു ഏകാംശഃ | = അതുകളിൽ ഒരംശം |
| കുട്ടിമം ഭവേൽ | = അധിഷ്ഠാനപ്പൊക്കമാകുന്നു. |
| തഥാ | = പിന്നെ ആ പാദമാനത്തെ |
| ഇദ്ധ്മാംശിതേ | = ൨൧-ആയി ഭാഗിക്കുമ്പോൾ |
| രസാംശഃ | = ആറുഭാഗവും |
| നന്ദചന്ദ്ര ഭക്തേ | = ൧൯-ആയി ഭാഗിക്കുമ്പോൾ |
| ശരാംശഃ അപി | = ൫-ഭാഗവും |
| ദിനകരയുഗഭക്തേ | = ൨൪-ആയി ഭാഗിക്കുമ്പോൾ |
| അദ്രിഭാഗഃ | = ൭-ഭാഗവും |
| മുനീന്ദ്രൈഃദ്വ്യംശഃ | = ൭-ആയിഭാഗിക്കുമ്പോൾ൨ ഭാഗവും |
| തിഥ്യംശിതേ | = ൧൫-ആയിഭാഗിക്കുമ്പോഴും |
| ഏവംവിശ്വഭക്തേ അപി | = ഇങ്ങനെ ൧൪-ആയി ഭാഗിക്കുമ്പോഴും |
| ജലധിപരിമിതം | = ൪-അംശവും |
| കുട്ടിമംസ്യാൽ | = അധിഷ്ഠാനപ്പൊക്കമാകുന്നു. |

സാ:—ചെരിപ്പിൻെറ മേല്പാട്ടുമുതൽ പടിമേല്പാട്ടുവരെയുള്ള അവയവത്തെയാണ് അധിഷ്ഠാനമെന്നു പറയുന്നത്. പാദമാനപ്പൊക്കത്തെ മൂന്നുമുതൽ പത്തുവരെയുള്ള അംശംകൊണ്ടു ഭാഗിച്ചു ഒരംശംകൊണ്ട് അധിഷ്ഠാനപ്പൊക്കം വയ്ക്കണം. അല്ലെങ്കിൽ പാദമാനത്തെ ൨൧-ആയി ഭാഗിച്ച് ൬-ഭാഗംകൊണ്ടും ൧൮-ആയി ഭാഗിച്ച് ൫-ഭാഗം കൊണ്ടും ൨൪-ആയിഭാഗിച്ച് ൭-ഭാഗംകൊണ്ടും ൭-ആയി ഭാഗിച്ച് ൨-ഭാഗംകൊണ്ടും പതിനാലോ പതിനഞ്ചോ ആയി ഭാഗിക്കുമ്പോൾ ൪-ഭാഗംകൊണ്ടും യോഗ്യതപോലെ അധിഷ്ഠാനപ്പൊക്കം കല്പിച്ചുകൊള്ളണം.

മൂ—മാസൂരമാനാനി ചതുർദ്ദശൈവംഭവന്തിതേഭ്യഃ പൃഥഗൂനി-
താശ്ചേൽ
രസാദ്രിനാഗാങ്കദശേശഭാഗാ ശ്ചതുശ്ശൃതാശീതിമിതാനി സന്തി.

| അന്വയം. | അർത്ഥം. |
|---|---|
| ഏവം | = മേൽ പറഞ്ഞതിൻവണ്ണം |
| മാസൂരമാനാനി ചതുർദ്ദശ | = അധിഷ്ഠാനപ്പൊക്കം ൧൪ വിധ (മാണ് |
| തേഭ്യഃ | = അതുകളിൽനിന്നും |
| രസാദ്രിനാഗാംകദശേശ-ഭാഗാഃ | = ൬, ൭, ൮, ൯, ൧൦, ൧൧ ഈ അംശങ്ങളിൽ ഒരുഭാഗം |
| പൃഥക്ഊനിതാഃ ചേൽ | = വെവ്വേറെ കുറയ്ക്കുമെങ്കിൽ |
| ചതുശ്ശൃതാശീതിമിതാനി സന്തി | = ൮൪ വിധമായിത്തീരുന്നു. |

സാ:—കഴിഞ്ഞ പദ്യപ്രകാരം അധിഷ്ഠാനപ്പൊക്കം പതിനാലു വിധമാണ് പറഞ്ഞിട്ടുള്ളത്. ഈ ഓരോന്നിനേയും ൬-മുതൽ ൧൧ വരെയുള്ള ഭാഗംകൊണ്ടംശിച്ച് ഓരോ അംശം കുറയ്ക്കാം. ഇങ്ങനെ ൧൪ വിധമുള്ള അധിഷ്ഠാനപ്പൊക്കത്തെ ൬-മുതൽ ൧൧-വരെയുള്ള അംശംകൊണ്ട് അംശിച്ച് ഒരംശം കുറയ്ക്കുമ്പോൾ അധിഷ്ഠാനപ്പൊക്കം ആകെ ൮൪ വിധമായിത്തീരും.

അധിഷ്ഠാനത്തിൻെറ അവയവവിധി.

മൂ—ഇഷ്ടാധിഷ്ഠാനമാനേ നവഭിരഥവിഭക്തേത്രിഭിഃപാദുകോച്ചം
ഷഡ്ഭിഃകുമ്പാജജഗത്യുച്ചര്റയമഥനയനാദ്യംശകൈർവാക്രമേണ
ദോഷ്യൈവംമഞ്ചകംസ്യാൽപ്രതിഗളരഹിതംസവ്തഃപാദുകസ്യ
സോപാച്ഛാംഘ്യൂനാദ്ധ്വഹ്യാംശത ഇഹ ശരഭക്തേത്രിഭിർന്നിഷ്ക്ര
മോവാ. ൧൬

| അന്വയം. | അർത്ഥം. |
|---|---|
| ഇഷ്ടാധിഷ്ഠാനമാനേ | ± ഇഷ്ടമായ അനിഷ്ഠാനപ്പൊക്കം |
| നവഭിഃ വിഭക്തേ | = ൯-ായി ഭാഗിക്കുമ്പോൾ |
| ത്രിഭിഃ പാദുകോച്ഛ്രം | = ൩-അംശംകൊണ്ടു പാദുകപ്പൊക്കവും |
| ഷഡ്ഭിഃ ജഗത്യുച്ഛ്രയം | = ൬-അംശംകൊണ്ടു ജഗതിപ്പൊക്കവും |
| കുര്യാൽ | = കല്പിക്കണം |
| അഥ | = പിന്നീട് |
| നയനാദ്ര്യംശകൈഃ | = രണ്ടംശംകൊണ്ടു പാദുകവും, ഏഴം-<br>ശംകൊണ്ടു ജഗതിയും |
| ക്രമേണ കുര്യാൽ വാ | = ക്രമേണ ചെയ്യുകയുമാം |
| ഏവം പ്രതിഗളരഹിതം | = ഇങ്ങനെ പടിയും ഗളവുമില്ലാത്ത |
| മഞ്ചകം ദ്വേധാസ്യാൽ | = മഞ്ചകം രണ്ടുവിധമാകുന്നു |
| സ്വോച്ചാംഘ്ര്യുനാൾവ<br>ഹ്ന്യാംശതഃ | = തന്റെപൊക്കത്തിന്റെ നാലിൽ<br>മൂന്നോ പകുതിയോ മൂന്നിലൊരു<br>ഭാഗമോ |
| ഇഹ ശരഭക്തേ ത്രിഭിഃ | = ഇവിടെ അഞ്ചായിഭാഗിക്കുമ്പോൾ<br>മൂന്നംശംകൊണ്ടോ |
| സർവ്വതഃ പാദുകസ്യ നി<br>ഷ്ക്രമഃസ്യാൽ | = എല്ലായിടവും പാദുകത്തിന്റെ മാ<br>= ററം ഭവിക്കും. |

സാ:—അധിഷ്ഠാനപ്പൊക്കത്തെ ഒൻപതായി ഭാഗിച്ചു മൂന്നു ഭാഗംകൊണ്ടു പാദുകവും ആറുഭാഗംകൊണ്ടു ജഗതിയും ചെയ്യണം. അഥവാ ഒൻപതായി ഭാഗിച്ചാൽത്തന്നെ രണ്ടുഭാഗംകൊണ്ടു പാദുകവും ഏഴുഭാഗംകൊണ്ടു ജഗതിയും ചെയ്യാവുന്നതാണ്. പടിയും ഗളവുമില്ലാത്ത മഞ്ചകം രണ്ടുവിധമാണ്. ജഗതിപ്പുറത്തു നിന്നും പാദുകത്തിന്റെ മാററം തന്റെ പൊക്കത്തിന്റെ നാലിൽ മൂന്നുഭാഗമോ പകുതിയോ മൂന്നിൽ ഒരു ഭാഗമോ അല്ലെങ്കിൽ അഞ്ചായിഭാഗിച്ചു മൂന്നുഭാഗമോ വയ്ക്കാവുന്നതാണ്.

മൂ— രസാംശിതേ വാഞ്ഛിതകുട്ടിമോച്ചേ
പ്രകല്പയേൽ പാദുകമേകതോഥ
ത്രിഭിർജ്ജഗത്യുച്ഛ്രയമേകതസ്തൽ-
ഗളം പ്രതിംതദ്വിദിരൈഹകതോപി. ൫൧

| അന്വയം. | അർത്ഥം. |
|---|---|
| വാഞ്ഛിതകുട്ടിമോച്ചേ | = ഇഷ്ടമായ അധിഷ്ഠാനപ്പൊക്കം |
| രസാംശിതേ | = ആറായി ഭാഗിക്കുമ്പോൾ |
| ഏകതഃ പാദുകം | = ഒരുഭാഗംകൊണ്ടു പാദുകവും |

അഥ ത്രിഭിഃ ജഗത്യുച്ഛ്രയം = പിന്നീട്ട മൂന്നംശംകൊണ്ടു ജഗതിപ്പൊക്കവും
ഏകതസ്തൽ ഗളം = ഒരംശംകൊണ്ടു് അതിന്റെ ഗളവും
തദ്വൽ ഏകതഃ = അതുപോലെ ഒരംശംകൊണ്ടു്
പ്രതിം അപി = പടിയും
ഇഹ കല്പയേൽ = മഞ്ചകവിധിയിൽചെയ്തുകൊള്ളണം.

സാ:—അധിഷ്ഠാനപ്പൊക്കത്തെ ആറായി ഭാഗിച്ചു് ഒരു ഭാഗം പാദുകവും, മൂന്നുഭാഗം ജഗതിയും, ഒരുഭാഗം ഗളവും, ഒരുഭാഗം പടിയും ഇങ്ങിനെ ക്രമേണ ചെയ്തുകൊള്ളണം.

മൂ— സായകാംശിനിതു കുട്ടിമോച്ച്റ്രയേ
പാദുകോച്ച്റ്രയമിഹൈകഭാഗതഃ
ദ്വ്യംശതോഥജഗതീംഗളംപ്രതി-
ഞ്ചൈകതോവിരചയേദഥേതിവാ. ൧൮

അന്വയം. അൎത്ഥം.

കുട്ടിമോച്ഛ്റ്രയേ = അധിഷ്ഠാനപ്പൊക്കം
സായകാംശിനിതു = അഞ്ചായി ഭാഗിക്കുമ്പോഴാകട്ടെ
ഇഹ ഏകഭാഗതഃ = ഇതിൽ ഒരുഭാഗംകൊണ്ടു്
പാദുകോച്ഛ്റ്രയം = പാദുകത്തിന്റെ പൊക്കവും
അഥ ദ്വ്യംശതഃ ജഗതീം = പിന്നീട്ടു് രണ്ടംശംകൊണ്ടു ജഗതിയും
ഏകതഃഗളം = ഒരുഭാഗംകൊണ്ടു ഗളവും
അഥ പ്രതിം ച = അനന്തരം ഒരു ഭാഗംകൊണ്ടു പ്രതിയും
വിരചയേൽ = ചെയ്തുകൊള്ളണം
ഇതി വാ = ഇപ്രകാരവുമാകാം.

സാ:—അധിഷ്ഠാനപ്പൊക്കം അഞ്ചായിഭാഗിച്ചു് ഒരു ഭാഗം പാദുകവും, രണ്ടുഭാഗംകൊണ്ടു ജഗതിയും, ഒരംശംകൊണ്ടു ഗളവും ഒരംശംകൊണ്ടു പടിയും ചെയ്യണം.

മൂ—ദേവവസ്വാംശിനികുട്ടിമേ ദ്വിതയതഃസംപാദയേൽപാദുകം
ഷൾഭാഗൈൎജ്ജഗതീം ഗളാംശമിളയാകുൎയ്യാദധോവാജനം
അംശദ്വിഭ്യാംഗളമൂൎദ്ധ്വവാജനമവന്യംശേന നേത്രാംശതഃ
പ്രത്യൂൎദ്ധ്വം ഗളമഞ്ചകാഭിധമിദം സദ്വാജനം ഭ്രതികൃൽ. ൧൯

അന്വയം. അൎത്ഥം.

കുട്ടിമേ ദേവവസ്വാംശിനി = അടിസ്ഥാനപ്പൊക്കം ൧൪-ായി ഭാഗിക്കുമ്പോൾ
ദ്വിതയതഃപാദുകംസംപാദയേൽ = രണ്ടംശംകൊണ്ടു പാകംചെയ്യണം

ഷൾഭാഗൈഃജഗതീം = ആറുഭാഗംകൊണ്ടുജഗതിയും
ഇളയാഗളാംശംഅധോവാ- = ഒരുഭാഗംകൊണ്ടു ഗളത്തിന്റെ
ജനം അലങ്കാരമായകീഴത്തെവാജനവും
അംശദ്വിഭ്യാംഗളം = രണ്ടംശംകൊണ്ടു ഗളവും
അവന്യംശേന ഊൎദ്ധ്വവാജനം =ഒരംശംകൊണ്ടുമേലെവാജനവും
നേത്രാംശതാപ്രത്യുച്ചം = രണ്ടംശംകൊണ്ടു് വടിയുടെപൊ
കുൎയ്യാൽ = ചെയ്യണം ക്കവും
സദ്വാജനം = വാജനവിശേഷത്തോടുകൂടി
ഗളമഞ്ചികാഭിനം ഇദം = ഗളമഞ്ചകമെന്നുപറയപ്പെന്ന
ഇതു്
ഭൂതിക്കൽ = ഐശ്വൎയ്യകരമായിട്ടുള്ളതാണു്

സാ:—അടിസ്ഥാനപ്പൊക്കം പതിന്നാലായി ഭാഗിച്ചു് ര ണ്ടംശംകൊണ്ടു പാദുകവും, ആറംശംകൊണ്ടു ജഗതിയും, ഒരംശം കൊണ്ടു ഗളത്തിന്റെ അവയവവിശേഷമായ കീഴത്തെ വാജന വും, രണ്ടംശംകൊണ്ടു ഗളവും, ഒരംശംകൊണ്ടു മേലെവാജനവും രണ്ടംശംകൊണ്ടു പടിയും ഇങ്ങിനെ ഇതുകളുടെ പൊക്കത്തെ ക ല്പിച്ചുകൊള്ളണം. വാജനവിശേഷിതമായ ഈ ഗളപഞ്ചകം വിശേഷേണ ഐശ്വൎയ്യകരമായിട്ടുള്ളതാണു്.

മൂ—ഏവം ത്രിധോക്തം ഗളമഞ്ചകാഖ്യം
പ്രതേൎജ്ജഗത്യാസമനിഷ്ക്രമതഃ
തേഷാം ഗളാന്തൎഗ്ഗമനം ഗളോത്സേ-
ധാംഘ്ര്യംശതസ്സ്യാൽ ഗളമഞ്ചകാനാം. ൨൧

അന്വയം. അൎത്ഥം.

ഏവം ഗളമഞ്ചകാഖ്യം = ഇങ്ങിനെ ഗളമഞ്ചകം
ത്രിധാ ഉക്തം = മൂന്നുവിധം പറകപ്പെട്ടു
പ്രതേഃ ജഗത്യാസമനി- = പടിക്കു് ജഗതിയോടു തുല്യമായ
ഷ്ക്രമതഃ മാററം ഭവിക്കും
തേഷാം ഗളമഞ്ചകാനാം = ആ ഗളമഞ്ചകങ്ങളുടെ
ഗളാന്തൎഗ്ഗമനം = ഗളത്തിന്റെഉള്ളിലോട്ടുള്ളമാററം
ഗളോത്സേധാംഘ്ര്യംശ- = ഗളപ്പൊക്കത്തിന്റെനാലിലൊരം
തഃസ്യാൽ ശമായിരിക്കണം.

സാ:—മേൽപറഞ്ഞ മൂന്നുപദ്യംകൊണ്ടു ഗളമഞ്ചകം മൂന്നു വിധം പറകപ്പെട്ടു. ജഗതിപ്പുറത്തുനിന്നു് പാദുകത്തിന്റെ മാ ററം മുൻപെ തന്നെ പറഞ്ഞുവല്ലോ. പടിയുടെ മാററം ജഗതി യോടു സമമായിട്ടുതന്നെയാണവേണ്ടതു്. ഗളത്തിനു ജഗതിപ്പു

റത്തുനിന്നു് അകത്തോട്ടുള്ള മാററം ഗളപ്പൊക്കത്തിന്റെ നാലിലൊരംശമായിരിക്കണം. ചെതിപ്പിന്റെ മുകളിൽചെയ്യുന്ന അവയവവിശേഷത്തിനു പാദുകമെന്നും അതിന്റെ മുകളിൽ അകത്തോട്ടു മാറിച്ചെയ്യുന്ന അവയവത്തിനു് ജഗതി (ജംഘ) എന്നും അതിനുമുകളിൽ അകത്തോട്ടു മാററിച്ചെയ്യുന്ന അവയവത്തിനു ഗളമെന്നും അതിനുമേൽ ജഗതിയോടുസമം പുറത്തോട്ടു മാററിച്ചെയ്യുന്നതു പടിയെന്നും പറയപ്പെടുന്നു.

## സ്തംഭവിധി.

മൂ:—കൃത്വാധിഷ്ഠാനമേവം ദൃഢതരമഥ തച്ഛേഷിതംപാദമാനം
വിദ്യാദംഘ്ര്യുച്ചമസ്മിന്നൃതുതുരഗഭുജംഗാംകപങ്ക്തീശഭക്തേ
ഏകാംശേനാന്വിതംവാവിരഹിതമഥവേതീപ്സിതാത്താംഘ്രി-(ദീർഘാ-
ദോമാസംജ്ഞാംഘ്രി പീഠോച്ഛ്റയമപനയതാംപോതികായാഃ-(ഘനംച.

| അന്വയം. | അർത്ഥം. |
|---|---|
| ഏവം അധിഷ്ഠാനം | = ഇപ്രകാരം അടിസ്ഥാനം |
| ദൃഢതരം കൃത്വാ | = ഏററവും ഉറപ്പായിച്ചെയ്തിട്ടു് |
| അഥ | = പിന്നീടു് |
| തച്ഛേഷിതം പാദമാനം | = അധിഷ്ഠാനപ്പൊക്കംകഴിച്ചുള്ള പാദമാനം |
| അംഘ്ര്യുച്ചം വിദ്യാൽ | = കാൽനീളമെന്നറിയണം |
| അസ്മിൻ | = കാൽപ്പൊക്കം |
| ഋതുതുരഗഭുജംഗാംക-പങ്ക്തീശഭക്തേ | = ൬,൭,൮,൯,൧൦,൧൧, ഈ അംശങ്ങളെക്കൊണ്ടുഭാഗിക്കമ്പോൾ |
| ഏകാംശേന അന്വിതം വാ | = ഒരംശം അതോടുകൂടിയിട്ടും |
| അഥവാ, വിരഹിതംവാ | = അല്ലെങ്കിൽ കുറച്ചിട്ടും കല്പിക്കാവുന്നതാണു്. |
| ഈപ്സിതാത്താംഘ്രിദീർഘാൽ | = ഇഷ്ടമനുസരിച്ചുകിട്ടിയ കാൽനീളത്തിൽനിന്നു് |
| ഓമാസംജ്ഞാംഘ്രിപീഠോ-ച്ഛ്റയം | = ഓമയെന്നുപറഞ്ഞുവരുന്ന പാദപീഠത്തിന്റെ ഉയരവും |
| പോതികായാഃ ഘനം ച | = പോതികയുടെ ഘനവുംകുറയ്ക്കണം |

സാ:—മേൽപറഞ്ഞപോലെ അടിസ്ഥാനം ഏററവുമുറപ്പായിച്ചെയ്യണം. ഇവിടെ "ദൃഢതര"മെന്നും മുൻപെ "മാസൂരോ

പാനഹകരോത്തുദ്ധം" എന്നും നിഷ്കൃഷ്ടയായി പ്രയോഗിച്ചിരിക്കുന്നതുകൊണ്ടും "ഭിത്തേർമ്മൂലം സ്ഥാപനീയം ജലാന്തേപാഷാണേവാ"ഇത്യാദിവചനമനുസരിച്ചു, ഭിത്തി ഉറപ്പുവരത്തക്കവണ്ണം അഴത്തിൽ നിന്നു കെട്ടിക്കൊള്ളേണ്ടതാണ്. പാദമാനപ്പൊക്കത്തിൽനിന്ന് അടിസ്ഥാനപ്പൊക്കം കഴികെ ശേഷിക്കുന്നത് കാൽപൊക്കമാണ്. ഈ കാൽപൊക്കത്തെ ൩ മുതൽ ൧൧ വരെയുള്ള സംഖ്യകളിൽ ഏതെങ്കിലും ഒന്നുകൊണ്ടു ഭാഗിച്ച് ഒരംശം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം. "യദിനികടഗതായോനിഭേദാശ്ചയോജ്യാഃ" എന്ന വചനപ്രകാരം അടുത്തുള്ള ശുഭയോനി യോജിക്കത്തക്കവണ്ണം അംശക്രമം നിശ്ചയിച്ചുകൊള്ളുക. ഇങ്ങിനെ യഥായോഗ്യം നിശ്ചയിച്ച കാൽനീളത്തിൽ നിന്ന് ഓമയുടെയും പോതികയുടേയും കനവും കുറയ്ക്കണം.

മൂ— വിന്യസ്യേൽപാദപീഠം സുദൃഢതരശിലാദാരു
        സാരപ്രക്ലൃപ്തം
    മാസൂരോപര്യഥാബ്ധ്യശ്രകവസുനൃപകോ-
        ണംകചാവിദവൃത്തം വാ
    സ്തംഭാധോഭാഗകർണ്ണോന്മിതവിരതതദർദ്ധോച്ഛ്റ-
        യംവാതദംഘ്ര്യ-
    ഗ്ര്യർദ്ധാംശോനഞ്ചപത്മോപമമപികുഹചി
        ദ്വാജനാദ്യന്വിതംച. ൨൨

| അന്വയം. | അർത്ഥം. |
| --- | --- |
| അഥ | = പിന്നീട് |
| സുദൃഢതരശിലാദാരുസാര-പ്രക്ലൃപ്തം | = ഏററവും ബലമുള്ള കല്ലോ മരത്തിൻെറ കാതലോകൊണ്ടും |
| പാദപീഠം | = പാദപീഠത്തെ(ഓമയെ) |
| അബ്ധ്യശ്രകവസുനൃപ-കോണം | = ചതുരമായൊ, എട്ടോ പതിനാറൊ പട്ടമായിട്ടോ |
| കചചിൽ വൃത്തം വാ | = ചിലേടത്തു വൃത്തമായൊ |
| സ്തംഭാധോഭാഗകർണ്ണോ-ന്മിതവിരതതദർദ്ധോച്ഛ്റയം | = സ്തംഭത്തിൻെറചുവട്ടിലെ കർണ്ണപ്രമാണമായ വിസ്താരവും അതിൽപകുതി ഉയരവുമായി |
| തദംഘ്ര്യഗ്ര്യർദ്ധാംശോനം | = ഈ പൊക്കത്തിൽനിന്ന് നാലിലൊന്നോ മൂന്നിലൊന്നൊ പകുതിയൊകുറച്ചിട്ടും |
| പത്മോപമം | = പത്മസമമായ ആകൃതിയോടുകൂടിയും |

| | |
|---|---|
| കുഹചിൽ വാജനാദ്യന്വിതം | = ചിലേടത്തു വാജനംമുതലായഅലങ്കാരങ്ങളോടുകൂടിയുംഇരിക്കുന്ന |
| മസൂരോപരി | = അടിസ്ഥാനത്തിൻെറ മുകളിൽ |
| വിന്യസേൽ | = വയ്ക്കണം |

സാ:—അധിഷ്ഠാനപ്പുറത്തുനിന്നു തൂണും അതിനുമേൽ ഉത്തരവുമാണെങ്കിൽ തൂണിൻെറ കീഴത്തെ അവയവമായ"ഓമ"നല്ലകല്ലുകൊണ്ടോ നല്ല മരത്തിൻെറ കാതലുകൊണ്ടോ ചെയ്യണം. ഇതിൻെറ ആകൃതിചതുരമൊ എട്ടോ പതിനാറൊ പട്ടമായൊവൃത്തമായൊ തൂണിൻെറ ആകൃതിക്കനുകൂലമായിച്ചെയ്യണം. ഇതിൻെറ ചുവട്ടിലെ കണ്ണപ്രമാണത്തോളം വിസ്താരവും അതിൽപകുതി പൊക്കവും വേണം. ആ പൊക്കത്തിൽനിന്നും നാലിലൊന്നൊ, മൂന്നിലൊന്നൊ, പകുതിയൊ കുറയ്ക്കുകയും ചെയ്യാം. പത്മത്തോടുകൂടിയൊ, വാജനംമുതലായ മററലങ്കാരത്തോടുകൂടിയൊ ചെയ്ത് അധിഷ്ഠാനത്തിൻെറ മുകളിൽ വയ്ക്കേണ്ടതാണ്.

മൂ—സ്തംഭാസ്സ്വവിസ്താരഹൃതാംശഭാഗ-
പ്രക്ലൃപ്തതുര്യശ്രശിഖാസമേതാഃ
സ്ഥാപ്യാ യഥാർഹം നിജപീഠികോർദ്ധ്വം
തൽഗർത്തസംലഗ്നശിഖാസ്സമസ്താഃ.

| അന്വയം. | അർത്ഥം. |
|---|---|
| സമസ്താഃ സ്തംഭാഃ | = എല്ലാതൂണുകളും |
| സ്വവിസ്താരഹൃതാംശഭാഗപ്രക്ലൃപ്തതുര്യശ്രശിഖാസമേതാഃ | =തൻെറ വിസ്താരത്തിൽമൂന്നിലൊരുഭാഗംകൊണ്ടുചതുരശ്രാകൃതിയിൽചെയ്യപ്പെട്ടകുടുമകളോടുകൂടി |
| നിജപീഠികോർദ്ധ്വം | = തൻെറസ്ഥാനത്തുവച്ചിട്ടുള്ളഓമയുടെമുകളിൽ |
| തൽഗർത്തസംലഗ്നശിഖാഃ | = അതിലുള്ള ദ്വാരത്തിൽ മുൻപറഞ്ഞ ശിഖകളെ യോജിപ്പിച്ച് |
| യഥാർഹം സ്ഥാപ്യാഃ | = യോഗ്യതപോലെവച്ചുകൊള്ളണം. |

സാ—സ്തംഭവിസ്താരത്തിൻെറ മൂന്നിലൊരുഭാഗംകൊണ്ടു ചതുരമായി കുടുമകൾ ഉണ്ടായിരിക്കണം. പിന്നീട് സ്തംഭങ്ങൾ ഓമയുടെ മുകളിൽ ആ ശിഖയ്ക്കനുകൂലമായ ദ്വാരത്തിലുറപ്പിച്ച് അതാതു തൂണുകളുടെ സ്ഥാനത്തു വയ്ക്കേണ്ടതാണ്. യഥാർഹം എന്ന് പ്രയോഗിച്ചിരിക്കുന്നതുകൊണ്ടു ഗൃഹമദ്ധ്യാദി മർമ്മങ്ങളി

ലും പോരാന്തഭാഗത്തും മററും വന്നുപോകരുതെന്നു് സൂചിപ്പിച്ചിരിക്കുന്നു.

## സ്തംഭവിസ്താരം നിശ്ചയിക്കേണ്ട ക്രമം.

മൂ—സ്തംഭോച്ഛ്രാബ്ധീഷുഷഡ്ഭൂധരവസുനവദിഗ്രുദ്രഭാഗൈ-
കതസ്സ്യാൽ
സ്തംഭാധോവിസ്തൃതിസ്തദ്വസുനവദശരുദ്രാംശഹീനോഗ്രതാരഃ
ദണ്ഡാഖ്യശ്ചായമേതേന ച കുഹ ചിദഥോ മീയതേ ദാരുക്ലൃപ്തൌ
കുഡ്യസ്തംഭാഗ്രതാരോപ്യഥ തദവയവാ കല്പനേ ദണ്ഡസംജ്ഞഃ.

| അന്വയം. | അർത്ഥം. |
|---|---|
| സ്തംഭോച്ഛ്രാബ്ധീഷുഷഡ്ഭൂധര- | = കാൽപൊക്കത്തിന്റെ ൪, ൫, |
| വസുനവദിഗ്രുദ്രഭാഗൈകതഃ | = ൬, ൭, ൮, ൯, ൰, ൰൧, ഈ അംശങ്ങളിൽ ഒരംശംകൊണ്ടു് |
| സ്തംഭാധോവിസ്തൃതിഃ | = തൂണിന്റെ (കാലിന്റെ) ചുവട്ടിലെ വിസ്താരവും |
| തദ്വസുനവദശരുദ്രാംശ- | = ചുവട്ടിലെവിസ്താരത്തിന്റെ ൮, |
| ഹീനോഗ്രതാരഃ സ്യാൽ | = ൯, ൰, ൰൧ ഈ അംശങ്ങളിൽ ഒരംശം കുറഞ്ഞു് അഗ്രവിസ്താരവും ഭവിക്കും |
| അയം ച ദണ്ഡാഖ്യഃ | = കാലിന്റെ അഗ്രവിസ്താരത്തിനും ദണ്ഡമെന്നു പറയുന്നു. |
| അഥ ഏതേന | = പിന്നീടു് ഈ ദണ്ഡുകൊണ്ടും |
| കുഹചിൽ ദാരുക്ലൃപ്തൌ- മീയതേ | = ചിലെടത്തു് ദാരുക്കളുടെ മാനവിശേഷം കല്പിക്കപ്പെടുന്നു. |
| കുഡ്യസ്തംഭാഗ്രതാരഃ അപി | = ഭിത്തിയിലെ തൂണിന്റെ മുകളിലെവിസ്താരവും. |
| തദവയവാകല്പനെ | = ഭിത്തിയിൽചെയ്യുന്ന ചിത്രങ്ങളു |
| ദണ്ഡസംജ്ഞഃ | = ദണ്ഡമാകുന്നു. (ടെഅളവിനുള്ള |

സാ—കാൽനീളത്തെ നാലുമുതൽ പതിനാറുവരെയുള്ള അംശങ്ങളിൽ ഒന്നുകൊണ്ടുഭാഗിച്ച് അതിൽ ഒരുഭാഗംകൊണ്ടു് സ്തംഭത്തിന്റെ ചുവട്ടിലെ വിസ്താരവും ഈ വിസ്താരത്തെ എട്ടുമുതൽ പതിനൊന്നുവരെയുള്ള അംശങ്ങളിൽ ഒന്നുകൊണ്ടു ഭാഗിച്ച് ഒരംശം കുറച്ച് അഗ്രവിസ്താരവുംവച്ചുകൊള്ളണം. കാലിന്റെ മുകളിലെ വിസ്താരം ദണ്ഡമെന്നു പറയപ്പെടുന്നു. ഈ ദണ്ഡുകൊണ്ടു് ചിലെടത്തു് ചിത്രങ്ങളുടെയും മററും അളവു കല്പി

ക്കാറുണ്ടു്. ഭിത്തിയുടെ അവയവങ്ങളായ ചിത്രാദികൾക്കു് ഭിത്തിയിലെ തൂണിൻെറ അഗ്രവിസ്താരവും, ദെണ്ഡന്നു് പറയപ്പെടുന്നു.

മൂ— സ്തംഭാസ്തന്മൂലതാരശ്രുതിചിതചതുര-
ശ്രോൎദ്ധ്വഭാഗാസ്സമസ്താഃ
മൂലേത്ര്യൎദ്ധാഗ്നിവേദാശുഗരസകൃതക-
ൎണ്ണോന്മിതാബ്ധ്യശ്രുരൂപാഃ
മദ്ധ്യേവ്യാസശ്രുതിപ്രോന്മിതകൃതചതു-
രശ്രാസ്തദൂൎദ്ധ്വാധരോദ്യ-
ദ്വസ്വശ്രാസ്സൎവ്വതോവൎത്തുളനൃപവസുകോ
ണാശ്ചയദ്വാവിധേയഃ. ൨൭

| അന്വയം. | അൎത്ഥം. |
|---|---|
| സ്തംഭാഃ സമസ്താഃ | = എല്ലാത്തൂണുകളും |
| തന്മൂലതാരശ്രുതിമിതചതുരശ്രോൎദ്ധ്വഭാഗാഃ | = അതിൻെറ ചുവട്ടിലെ കണ്ണപ്രമാണത്തോളം അഗ്രഭാഗത്തു (ചതുരശ്രക്കട്ടിയും |
| മൂലേ | = ചുവട്ടിൽ |
| അത്ര്യൎദ്ധാഗ്നിവേദാശുഗരസകൃതകൎണ്ണോന്മിതാബ്ധ്യശ്രുരൂപാഃ | = മൂന്നരയോ, നാലൊ, അഞ്ചൊ, ആറോ, കണ്ണപ്രമാണ (ങ്കൊണ്ടു ചതുരശ്രക്കട്ടിയും |
| മദ്ധ്യേ | = മദ്ധ്യഭാഗത്തു് |
| വ്യാസശ്രുതിപ്രോന്മിതകൃതചതുരശ്രാഃ | = വിസ്താരത്തിൻെറ കണ്ണപ്രമാ(ണമായ ചതുരശ്രക്കട്ടിയും |
| തദൂൎദ്ധ്വാധരോദ്യദ്വസ്വശ്രാഃ | = ആ കട്ടിയുടെ മുകളിലും താ-(ഴെയും എട്ടു പട്ടമായും |
| യദ്വാ സൎവ്വതഃ | = അല്ലെങ്കിൽ മുഴുക്കെ |
| വൎത്തുളനൃപവസുകോണാഃ | = വൃത്തമായും ൧൬ പട്ടമായും ൮ (പട്ടമായും |
| വിധേയാഃ | = ചെയ്യപ്പെടാവുന്നതാണു്. |

സാ—തൂണുകളുടെ ചുവട്ടിലെ ചതുരശ്രത്തിൻെറ കണ്ണപ്രമാണം എത്രയോ, തൂണിൻെറ മേൽഭാഗത്തു് അത്രയും അളവിൽ ചതുരശ്രക്കട്ടിയും, ചുവട്ടിൽ കണ്ണപ്രമാണത്തിൻെറ മൂന്നര, നാലു്, അഞ്ചു്, ആറു് ഈ അംശങ്ങൾകൊണ്ടുള്ള ചതുരശ്രക്കട്ടിയും മദ്ധ്യേ കണ്ണപ്രമാണത്തോളം ചതുരശ്രക്കട്ടിയും, ഈ കട്ടികളുടെ ഇട എട്ടുപട്ടമായി ചെയ്തുകൊള്ളുകയും വേണം. അല്ലെങ്കിൽ

ഈ കട്ടികളൊന്നും കൂടാതെ വൃത്തമായും എട്ടുപട്ടമായും പതിനാറു പട്ടമായും ചെയ്യാവുന്നതാണ്. തൂണിൻെറ മദ്ധ്യേയുള്ള ചതുരശ്രക്കട്ടി മനുഷ്യാലയങ്ങളിൽ നിഷിദ്ധമാണെന്ന് ചില ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്.

മൂ— വൃത്താദയസ്തേ ചരണാസ്ത്രയോമീ
മദ്ധ്യാദധസ്താച്ചതുരശ്രകാ വാ
യദ്വാ വിതാനശ്രവണോപക്ണപ്ത-
തുല്യശ്രമൂലാശ്ച തഥാ വിധേയാഃ. വന

| അന്വയം. | അർത്ഥം. |
|---|---|
| വൃത്താദയഃ തേ അമീ ത്രയഃ- ചരണാഃ | = വൃത്തം, എട്ടുപട്ടം, പതിനാറുപട്ടം ഇങ്ങിനെ മൂന്നുവിധം പറഞ്ഞിട്ടുള്ള ആ കാലുകൾ |
| മദ്ധ്യാൽ അധസ്താൽ | = പകുതിക്കുതാഴെ |
| ചതുരശ്രകാഃ വാ | = ചതുരശ്രങ്ങളായിട്ടോ |
| യദ്വാ | = അല്ലെങ്കിൽ |
| വിതാനശ്ശ്രവണോപ-ക്ണപ്ത | = ചുവട്ടിൽ വിസ്താരത്തിൻെറ കണ്ണ |
| തുല്യശ്രമൂലാഃ | = പ്രമാണത്തോളം ചതുരശ്രക്കട്ടിയോട്ടുകൂടിയോ |
| വിധേയാഃ | = ചെയ്യപ്പെടേണ്ടതാണ്. |

സാ—തൂണിൻെറ പകുതിക്കു താഴേടം ചതുരമായും അതിനു മുകളിൽ വൃത്തമായോ എട്ടോ പതിനാറോ പട്ടമായോ ചെയ്യാം. അല്ലെങ്കിൽ ചുവട്ടിൽ കണ്ണപ്രമാണത്തോളം ചതുരശ്രക്കട്ടിയും അതിനുമേൽ മുൻപറഞ്ഞവണ്ണം വൃത്തമായിട്ടോ, പട്ടമായിട്ടോ ചെയ്യാവുന്നതാണ്.

മൂ-അത്യുച്ചേംഘ്രൗ തു തത്രത്യധിചരണദലദ്വിഘ്നവിസ്താരമാസൂ-
രോച്ചോച്ചാത്യൽതുംഗം രചയതു ചരണം കുത്രചിന്മദ്ധ്യതോധഃ
കുര്യാദേവംശിലാഭിഃ പ്രണിഗദിതസുധാഭേദസമ്മേളിതാഭി-
ർദ്വാസാരേഷ്ടകാഭിഃകച്ചിദഖിലസമുത്സേധമദ്ധ്യോശ്രയം
വാ

| അന്വയം. | അർത്ഥം. |
|---|---|
| അംഘ്രൗ അത്യുച്ചൈ | = കാൽനീളം അധികമായിവരുമ്പോൾ |
| ചരണം | = സ്തംഭം (കാൽ) |

തത്തൃധിഷ്ഠാനമഥമാധിഷ്ഠാനവി- = അതാതുകാലിൻെറ വിസ്താര
സ്താരമാസ്യരോച്ഛ്രാച്ഛ്രാത്യർധ് =ത്തിൻെറ ഒന്നേകാൽ ഭാഗമോ,
ത്തുംഗം ഒന്നരഭാഗമോ ഇരട്ടിയോ വി
സ്താരവും അധിഷ്ഠാനപ്പൊക്ക
ത്തോട്ട് സമമായിട്ടോ അതി
ൻെറ ഒന്നരഭാഗമോ ഉയരംവ
രെയും.

ക്വചിൽമദ്ധ്യതഃ അധഃ = ചിലെടത്തു് മദ്ധ്യംമുതൽ കീ
ഴ്പോട്ടും

രചയത്തു = ചെയ്യണം.

ഏവം = ഇപ്രകാരം

പ്രണിഗദിതസുധാഭേദസം- = വിധിപ്രകാരമുള്ള കുമ്മായം
മേളിതാഭിഃ ശിലാഭിഃ ചേർത്തു് കല്ലുകൊണ്ടോ

യദ്വാ സാരേഷ്ടകാഭിഃ = അല്ലെങ്കിൽ ഉറപ്പുള്ള ചുട്ടകട്ട-
കൊണ്ടോ ചെയ്യാവുന്നതാണു്

ക്വചിൽ അഖിലസമുത്സേധം= ചിലെടത്തു് ഉയരം മുഴുക്കയും

അർദ്ധോച്ഛ്രായം വാ = പകുതിവരെയോ

കുര്യാൽ = ചെയ്യണം.

സാ—കാൽനീളം അധികമായി വരുന്ന ഘട്ടങ്ങളിൽ സ്തം
ഭത്തിനു മുൻപറഞ്ഞതിൽനിന്നു് കൂടുതൽ വിസ്താരമുണ്ടായിരിക്ക
ണം. മുൻപറഞ്ഞ സ്തംഭവിസ്താരത്തേക്കാൾ കാൽഭാഗമോ അ
രഭാഗമോ ഇരട്ടിയോ ആണു് വേണ്ടതു്. കൂടുതലുള്ള സ്തംഭവി
സ്താരം ചുവട്ടിൽനിന്നു് അധിഷ്ഠാനപ്പൊക്കത്തോട്ട തുല്യമായോ
അതിൻെറ ഒന്നരഭാഗത്തോട്ട സമമായോ ചെയ്യാം. അതിനുമേ
ലുള്ള സ്തംഭവിസ്താരം മുൻപേ പറഞ്ഞിട്ടുള്ള ക്രമമനുസരിച്ചു് ഇ
രിക്കണം.

മൂ-ഏകം വാജനമുത്തരസ്യയദി തൽസ്തംഭാന്തരാബ്ധ്യശ്രകം
നേഷ്ടം സമ്മതമല്പവാജനയുതേ പത്രാനപിതേചോത്തരേ
സ്തംഭാ മൌക്തികദാമശുണ്ഡവലയാദ്യാഢ്യാസ്തഥേഷ്ടാസ്തയോ
ശ്ശേഷാംഗം ച സമസ്തമുത്തരവശാദൂർദ്ധ്വാധരസ്ഥം ഭവേൽ.

അന്വയം. അർത്ഥം.

ഉത്തരസ്യ ഏകം വാജനം യദി = ഉത്തരത്തിനു് ഒരു വാജന-
മേ ഉള്ളുവെങ്കിൽ

സ്തംഭാന്തരാബ്ധ്യശ്രകം = തൂണിൻെറ മദ്ധ്യചതുരശ്ര-
ന ഇഷ്ടം = ചെയ്യുന്നില്ല (ക്കട്ടി

അല്പവാജനയുതേ ഉത്തരേ = അല്പവാജനമുള്ള ഉത്തരത്തി

പത്രാന്വിതേ ഉത്തരേ = പത്രോത്തരത്തിലും (ലും

സ്തംഭാന്തരാബ്ധ്യശ്രകം സമ്മതം= സ്തംഭത്തിന്റെ മദ്ധ്യെയുള്ള- ചതുരശ്രക്കട്ടി ഇഷ്ടമാകുന്നു

തയോഃ സ്തംഭാഃ = വാജനോത്തരത്തേയും പത്രോത്തരത്തേയും സംബന്ധിക്കുന്ന തൂണുകൾ

മൌക്തികദാമശ്ലക്ഷ്ണബന്ധവലയാദ്യാഃ = മുത്തുപട്ടം, കുഴിതാര, വലയം, മുതലായ ചിത്രങ്ങളോടുകൂടിയും

തഥാ ഇഷ്ടാഃ = അപ്രകാരം ഇഷ്ടങ്ങളാകുന്നു.

ഉർദ്ധ്വാധരസ്ഥം = മേൽഭാഗത്തും കീഴ്ഭാഗത്തുമുള്ള

സമസ്തം ഗേഹാംഗം = ഗൃഹത്തിന്റെ എല്ലാ അവയവങ്ങളും

ഉത്തരവശാൽ ഭവേൽ = ഉത്തരത്തെ അനുസരിച്ചു ചെയ്യണം

സാ—ഉത്തരത്തിനു ഒരു വാജനമാണെങ്കിൽ തൂണിന്റെ മദ്ധ്യചതുരശ്രഖണ്ഡം ചെയ്തുകൂടാ. അല്പവാജനമുണ്ടായാലും പത്രോത്തരമാണെങ്കിലും ചതുരശ്രഖണ്ഡം ചെയ്യാം. തൂണിനു മുത്തുപട്ടം, കൊട്ടുതം, താര, വലയം, തുടങ്ങിയുള്ള ചിത്രങ്ങൾ ചെയ്യാവുന്നതാണു്. ഇതു് ഉത്തമങ്ങൾക്കു അല്പവാജനമോ പത്രങ്ങളോ ഉണ്ടെങ്കിലേ ചെയ്യാവൂ. കീഴിലുള്ള അവയവങ്ങളും മുകളിലുള്ള അവയവങ്ങളും ഉത്തരത്തിന്റെ സ്ഥിതിക്കനുകൂലമായി കല്പിക്കേണ്ടതാണു്. അതായതു് ഉത്തരങ്ങൾക്കലംകാരമുണ്ടെങ്കിൽ മാത്രമേ മററുള്ള അവയവങ്ങൾക്കും അലങ്കാരങ്ങൾ ചെയ്യാവൂ.

## പോതികയുടെ വിധി.

മൂ—സ്തംഭാഗ്രോത്തരതാരയോഗദളവിസ്താരാം തഥാസ്തംഭമേ-
ദ്ധ്യോദ്വ്യദ്വ്യാസതതാംച തദ്ദളഘനാംശ്രുപോത്തരപോതികാം
സ്തംഭാഗ്രോദിതദണ്ഡവഹ്ന്യുദധിബാണായാമിനീംവോത്തര-
വ്യാസത്രിഘ്നസമായതാം കലയതു സ്തംഭേ ലസദ്വാജനാം.വൻ

അന്വയം — അൎത്ഥം

സ്തംഭാഗ്രോത്തരതാരയോഗദള- = സ്തംഭാഗ്രത്തിന്റേയും ഉത്തര
വിസ്താരാം = ത്തിന്റേയും വീതിയെ ഒരുമിച്ചുചേൎത്തതിൽ പകുതി വിസ്താരത്തോടുകൂടിയോ

തഥാ സ്തംഭമദ്ധ്യാദ്ര്യദ്വ്യാസതതാം = അപ്രകാരം സ്തംഭത്തിൻെറ മദ്ധ്യത്തിലുള്ള വിസ്താരത്തോട്ടകൂടിയോ

| | |
|---|---|
| തട്ടളാഘനാം | = വിസ്താരത്തിൽ പകുതി കന ത്തോട്ടകൂടി |
| സ്തംഭാഗ്രാദിതദണ്ഡവഹ്നൃ- | = തൂണിൻെറ മുകളിലെ വിസ്താരം |
| ദധിബാണായാമിനീം | = കൊണ്ടു പറകപ്പെട്ട മൂന്നോ, നാലോ, അഞ്ചോ ദണ്ഡ് നീളത്തോട്ടകൂടിയോ |
| വ്യാസത്രിഘ്നസമായതാം | = വിസ്താരത്തിൻെറമൂന്നിരട്ടി നീളമുള്ളതോ ആയ |
| പോതികാം | = പോതികയെ |
| ലസദപാജനാ | = വാജനാദികളോട്ടകൂടി |
| സ്തംഭേ | = തൂണിൻെറ മുകളിൽ |
| തുപോത്തരേ കലയതു | = തുപോത്തരത്തിൽ ചെയ്യണം. |

സാ:—തൂണിൻെറ മുകളിലെ ഒരവയവമാണ് പോതികയെന്നു പറയുന്നതു്. ഈ പോതികയ്ക്കു ഉത്തരവീതിയും തൂണിൻെറ മുകളിലെ വീതിയും ഒരുമിച്ചുചേത്താൽ എത്രമാത്രം വരുമോ അതിൽപകുതി വീതിയുണ്ടായിരിക്കണം. അല്ലെങ്കിൽ തൂണിൻെറ മദ്ധ്യത്തിലുള്ള വിസ്താരത്തോട്ട സമമായിട്ടും ചെയ്യാം. പോതികയുടെ കനം വിസ്താരത്തിൻെറ പകുതിയാണ്. ഇതിൻെറനീളം മൂന്നുദണ്ഡോ, നാലുദണ്ഡോ, അഞ്ചുദണ്ഡോ, അല്ലെങ്കിൽ വിസ്താരത്തിൻെറ മൂന്നുഭാഗമോ ആയിരിക്കണം തൂണിൻെറ അഗ്രവിസ്താരം ദണ്ഡാണെന്നു മുൻപെ പറഞ്ഞിട്ടുണ്ടല്ലോ. വാജനം മുതലായ അലങ്കാരങ്ങളും ഉണ്ടായിരിക്കണം. ഇങ്ങനെയുള്ള പോതിക അ ഗൃഹത്തിനു് തുപോത്തരമാണെങ്കിലേ വയ്ക്കാവു. തുപോത്തരത്തിൻെറയും മററും ക്രമം ഇവിടെ പറയപ്പെട്ടു.

മൂ— പത്രോത്തരേ ചേദ്വിതതാംഘ്രിഹീന-
തീവ്രാ വിധേയാ ഖലു പോതികേയം
ഖണ്ഡോത്തരേതുല്യവിതാനതീവ്രാ
സർവാ ശ്ചസർവേഷ്വയഥോപശോഭം. ൩൦

| അന്വയം. | അർത്ഥം. |
|---|---|
| പത്രോത്തരേചേൽ | = പത്രോത്തരമാണെങ്കിൽ |
| ഇയം പോതികാ | = മേൽപറകപ്പെട്ട പോതികയ്ക്കു് |
| വിതതാംഘ്രിഹീനതീവ്രാ | = വീതിയുടെ നാലിൽ മൂന്നുഭാഗം കനമുണ്ടായിരിക്കണം |

ഖണ്ഡോത്തരേ = ഖണ്ഡോത്തരമാണെങ്കിൽ
തുല്യവിതാനതീവ്രാ = വീതിയോളംകനമുണ്ടായിരിക്കണം
സർവ്വാഃ ച = എല്ലാ അവയവങ്ങളും
സർവേഷു = എല്ലായിടത്തും
യഥോപശോഭം = ഭംഗിക്കു തക്കവണ്ണം
വിധേയാഃ = ചെയ്തുകൊള്ളണം.

സാ—പത്രോത്തരമാണെങ്കിൽ പോതികയ്ക്കു തൻെറ വിസ്താരത്തിൻെറ നാലിൽ മൂന്നുഭാഗവും ഖണ്ഡോത്തരമാണെങ്കിൽ വിസ്താരത്തോടു സമമായും കനമുണ്ടായിരിക്കണം. പോതികയുടെ വിസ്താരത്തിൻേറയും നീളത്തിൻേറയും ക്രമം മുൻപേ പറഞ്ഞപോലെതന്നെ ഓരോരോ അവയവങ്ങളും അതിനടുത്തുള്ള അവയവങ്ങൾക്കനുകൂലമായി ഭംഗിയായി ചെയ്തുകൊള്ളണം.

ഉത്തരവിസ്താരത്തിൻേറയും മററും വിധി.

മൂ— സ്തംഭാധസ്താരഭേദപ്രകഥനവിധിനൈവോത്ത-
രാണാംചതാരം
സ്വാഭീഷ്ടംകല്പയേദ്വാവസുവസുയുഗളാർക്കോർമ്മി-
സംഖ്യാംഗുലൈർവ്വാ
ശ്രേഷ്ഠംഖണ്ഡോത്തരംതദ്വിതതിസമഘനംമദ്ധ്യ-
മം പത്രസംജ്ഞം
പാദോനോച്ചംകനിഷ്ഠം വിതതിദളഘനംതത്ത്വ-
രൂപോത്തരാഖ്യം. ൩൧

അന്വയം. അർത്ഥം.

സ്തംഭാധസ്താരഭേദപ്രകഥന- = തൂണിൻെറ ചുവട്ടിലെ വിസ്താര
വിധിനാ ഏവ ത്തിന്നു പറകപ്പെട്ടവിധികൊണ്ടുതന്നെ
സ്വാഭീഷ്ടം = തനിക്കിഷ്ടമായ രീതിയിൽ
ഉത്താരാണാംതാരംകല്പയേൽ =ഉത്തരവീതിനിശ്ചയിച്ചുകൊള്ളണം
വസുവസുയുഗളാർക്കോർമ്മിസം= എട്ടോ, പതിനാറോ, പന്ത്രണ്ടോ,
ഖ്യാംഗുലൈഃ വാ = ആറോ അംഗുലങ്ങളെക്കൊ
ണ്ടും ചെയ്യാം
വിതതിസമഘനം തൽഖ- = വിസ്താരത്തോടുസമം ഘനമു
ണ്ഡോത്തരംശ്രേഷ്ഠം ള്ളതും ഖണ്ഡോത്തരമെന്നു പേ
രുള്ളതും ശ്രേഷ്ഠവുമാണ്.
പാദോനോച്ചം തൽ =വീതിയുടെ നാലിൽ മൂന്നുഭാഗം
കനമുള്ളത്.

പത്രസംജ്ഞം മദ്ധ്യമം = പത്രോത്തരമെന്നു പേരുള്ളതും മദ്ധ്യമവുമാണ്.
വിതതിദളഘനംതൽതുക-നിഷ്ടം = വിതതിയിൽ പകുതികനമുള്ളതു് അധമവും
രൂപോത്തരാഖ്യം = രൂപോത്തരമെന്നു പേരുള്ളതുമാണ്.

സാ:—കാൽനീളത്തെ നാലുമുതൽ പതിനൊന്നുവരെ ഭാഗിച്ചു് അതിൽ ഒരുഭാഗംകൊണ്ടു സ്തംഭത്തിൻെറ അധോവിസ്താരം വയ്ക്കണമെന്നു മുൻപേ പറഞ്ഞിട്ടുണ്ടല്ലോ. ഇതുപോലെതന്നെയാണ് ഉത്തരവിസ്താരവും വയ്ക്കേണ്ടതു്. എങ്ങിനെയെന്നാൽ കാൽപൊക്കംകൊണ്ടു മുൻപറഞ്ഞ സംഖ്യകളിൽ ഏതൊന്നുകൊണ്ടു ഭാഗിച്ചാണോ സ്തംഭത്തിൻെറ ചുവട്ടിലെ വിസ്താരം നിശ്ചയിച്ചതു് അതുകൊണ്ടുതന്നെയാണ് ഉത്തരത്തിൻെറ വീതിയും കല്പിക്കേണ്ടതു്. ഇവിടെ അനേകം അംശങ്ങൾ പറഞ്ഞിട്ടുണ്ടല്ലോ. അവിടെ യോഗ്യതയ്ക്കും ബലത്തിനും അനുകൂലമായി നിശ്ചയിച്ചുകൊള്ളണം. പക്ഷേ എട്ടോ, പതിനാറോ ആറോ പന്ത്രണ്ടോ അംഗുലങ്ങളെക്കൊണ്ടും ഉത്തരവീതി വയ്ക്കാവുന്നതാണ്. വീതിയോളം കനമുള്ളതു് ഖണ്ഡോത്തരമെന്നു പറയപ്പെടുന്നു. ഇതു് ഉത്തമമാണ്. ഉത്തരവീതിയിൽ നാലിൽ മൂന്നുഭാഗം കനമുള്ളതു പത്രോത്തരമെന്നു പറകപ്പെടുന്നു. ഇതു മദ്ധ്യമമാണ്. വീതിയിൽ പകുതി കനമുള്ളതു രൂപോത്തരമാണ്. ഇതു് അധമമാകുന്നു.

മൂ— ഉത്തരവിസ്താരഘനേ വ്യത്യാസേന പ്രകല്പയേൽ ക്വാപി
തത്തുചൂളീതിമതാ തസ്യാമേവാപ്പയേത തേന ലുപാഃ.

അന്വയം. അർത്ഥം.

ഉത്തരവിസ്താരഘനേ = ഉത്തരത്തിൻെറവീതിയുംകനവും
ക്വാപിവ്യത്യാസേനപ്രക-ല്പയേൽ = ചിലേടത്തു വിപരീതമായും ചെയ്യാം
തത്തു ചൂളീ ഇതി മതാ = അതാകട്ടേ ചൂളി(ചൂഴിക)എന്നു പറയപ്പെടുന്നു.
തേന = ചെരിഞ്ഞിരിക്കുന്നതുകൊണ്ടു്
തസ്യാം ഏവലുപാഃ = അതിൽത്തന്നെ കഴുക്കോൽ
അപ്പയേത = അപ്പിക്കേണ്ടതാണ്

സാ:—ഉത്തരത്തിൻെറ വിസ്താരത്തെ കനമാക്കിയും കനത്തെ വിസ്താരമാക്കിയും ചിലേടത്തു് അവശ്യമുള്ളപക്ഷം ചെയ്യാം. അതു ചൂളി (ചൂഴിക) എന്നുപറയപ്പെടുന്നു. മുൻപറ

ഞ്ഞ ക്രമപ്രകാരം വയ്ക്കുന്ന ഉത്തരത്തിന്നു പാട്ടുത്തരമെന്നും ഈ ഉത്തരത്തിന്നു ചരിച്ചുത്തരമെന്നും പറയും. ചരിച്ചുവയ്ക്കുമ്പോഴും വീതികനങ്ങളുടെ ക്രമം മുൻപേ പറഞ്ഞിട്ടുള്ളതുപോലെതന്നെ. ഉത്തരം ചരിച്ചാണെങ്കിൽ ആ ഉത്തരത്തിന്മേൽതന്നെ കഴുക്കോലുകളെ സ്ഥാപിച്ചുകൊള്ളാം.

## വാജനംമുതലായ അലങ്കാരങ്ങളെപ്പറയുന്നു.

മൂ—: ഏകമേവയദിവാജനംഭവ ത്യുത്തരസ്യശരഭാജിതേഘനേ ഉച്ചമംശയുഗളേനനിഷ്ക്രമം തസ്യപട്ടമവശിഷ്ടഭാഗതഃ. ൩൩.

| അന്വയം. | അൎത്ഥം. |
|---|---|
| വാജനം ഏകം ഏവ ഭവതിയദി | = വാജനം ഒന്നുമതിയെങ്കിൽ |
| ഉത്തരസ്യ ഘനേ ശരഭാജിതേ | = ഉത്തരത്തിന്റെ കനം-അഞ്ചായി ഭാഗിക്കുമ്പോൾ |
| അംശയുഗളേനനിഷ്ക്രമംഉച്ചം | = രണ്ടംശംകൊണ്ടു മേൽ-പട്ടവും |
| തസ്യ അവശിഷ്ടഭാഗതഃ | = അതിന്റെ ശേഷഭാഗംകൊണ്ടു |
| പട്ടം അപി കാൎയ്യം | = കീഴ്പട്ടവും കാൎയ്യമാകുന്നു. |

സാ:—ഒരു വാജനം മാത്രമേയുള്ളുവെങ്കിൽ ഉത്തരത്തിന്റെ കനം അഞ്ചായി ഭാഗിച്ചു രണ്ടുഭാഗംകൊണ്ടു മേൽപട്ടവും ശേഷിച്ച മൂന്നുഭാഗംകൊണ്ടു കീഴ്പട്ടവും ചെയ്യണം.

മൂ— അല്പവാജനയുതോത്തരേ ഘനേ
നാഗഭാഗിനി മഹൽത്രിഭാഗതഃ
ഏകതോല്പമുഭയോശ്ച നിഷ്ക്രമഃ
സ്വോച്ചതോഭവതി പട്ടമബ്ധിഭിഃ. ൩൪

| അന്വയം. | അൎത്ഥം. |
|---|---|
| അല്പവാജനയുതോത്തരേ | = അല്പവാജനമുള്ള ഉത്തരത്തിൽ |
| ഘനേ നാഗഭാഗിനി | = കനം എട്ടായി ഭാഗിക്കുമ്പോൾ |
| ത്രിഭാഗതഃ മഹൽ | = മൂന്നുഭാഗംകൊണ്ടു മഹാവാജനവും മേൽപട്ടവും |
| ഏകതഃ അല്പം | = ഒന്നുകൊണ്ടു അല്പവാജനവും |
| സ്വോച്ചതഃ ഉഭയോഃ നിഷ്ക്രമം ച | = തന്റെ ഒരംശംകൊണ്ടു രണ്ടുവാജനങ്ങളുടെ മാററവും |
| അബ്ധിഭിഃ പട്ടം ഭവതി | = നാലുഭാഗംകൊണ്ടു പട്ടവും ഭവിക്കുന്നു. |

സാ:—ഉത്തരത്തിന് അല്പവാജനംകൂടി വേണമെങ്കിൽ ഉത്തരക്കനത്തെ എട്ടായി ഭാഗിച്ച മൂന്നുഭാഗംകൊണ്ട് മഹാവാജനവും ഒരു ഭാഗംകൊണ്ട് അല്പവാജനവും നാലുഭാഗംകൊണ്ടു കീഴ്പട്ടവും ചെയ്തുകൊള്ളണം. അല്പവാജനത്തിന്റെയും മഹാവാജനത്തിന്റെയും നിഷ്ക്രമവും(തള്ളും)ഇതിൽ ഒരംശംകൊണ്ടു വച്ചുകൊള്ളണം. ഉത്തരത്തിനു വിധിച്ചിട്ടുള്ള വിസ്താരം ഇതിന്റെ കീഴ്പട്ടമായിരിക്കണം.

മൂ—ബാണാംശിന്യഖിലോത്തരസ്യതുഘനേദ്വാഭ്യാംമഹദ്വാജന
മേകേനാല്പമഥാതനോത്തു മഹിതംപട്ടഞ്ചശിഷ്ടാംശതഃ
അബ്ധ്യാദീശ്വരപശ്ചിമാംശിനിഘനേസർവോത്തരസ്യൈകതോ
യുക്ത്യാവാജനയോശ്ചനിഷ്ക്രമമഥാന്യത്രാപി ചൈവംവിധിഃ.

| അന്വയം. | അർത്ഥം. |
|---|---|
| അഖിലോത്തരസ്യതു ഘനേ | = എല്ലാ ഉത്തരത്തിന്റെയും കനം |
| ബാണാംശിനി | = അഞ്ചായിഭാഗിക്കുമ്പോൾ |
| ദ്വാഭ്യാം മഹദ്വാജനം ച | =രണ്ടംശംകൊണ്ടു മഹാവാജനവും |
| ഏകേന അല്പം | = ഒന്നുകൊണ്ട് അല്പവാജനവും |
| ശിഷ്ടതഃ പട്ടം ച | = ശിഷ്ടംകൊണ്ടു പട്ടവും |
| മഹിതം തനോതു | = മനോഹരമായിച്ചെയ്യണം |
| സർവോത്തരസ്യ ഘനേ | = എല്ലാ ഉത്തരത്തിന്റെയും കനം |
| അബ്ധ്യാദീശ്വരപശ്ചിമാംശിനി | = നാലുമുതൽ ൧൧ വരെയുള്ള സംഖ്യകൊണ്ട് അംശിക്കുമ്പോൾ |
| ഏകതഃ വാജനയോഃ നിഷ്ക്രമം ച | = ഒന്നുകൊണ്ടു വാജനങ്ങളുടെ നിഷ്ക്രമവും |
| യുക്ത്യാ തനോതു | = യോജിക്കുന്നതുപോലെ ചെയ്യ(ണം |
| അന്യത്ര അപി വിധിഃ ഏവം | = മററുള്ളടത്തും വാജനങ്ങളുടെവിധി ഇപ്രകാരംതന്നെ |

സാ:—ഉത്തരങ്ങൾ മുൻപേ മൂന്നുവിധം പറഞ്ഞിട്ടുണ്ടല്ലോ. ആ എല്ലാ ഉത്തരങ്ങൾക്കും അതിന്റെ കനത്തെ അഞ്ചായി ഭാഗിച്ച രണ്ടുഭാഗംകൊണ്ട് മേൽപട്ടവും ഒരുഭാഗംകൊണ്ട് അല്പവാജനവും ശേഷമുള്ള രണ്ടുഭാഗംകൊണ്ട് കീഴ്പട്ടവും ഭംഗിയായി ചെയ്തുകൊള്ളണം. പിന്നെ ആ ഉത്തരക്കനത്തെ നാലുമുതൽ പതിനൊന്നുവരെയുള്ള സംഖ്യകളിൽ ഏതെങ്കിലും ഒന്നുകൊണ്ടു ഭാഗിച്ച് ഒരംശംകൊണ്ട് ഈ രണ്ടു വാജനങ്ങളുടെയും നിഷ്ക്രമം (തള്ളു)വച്ചുകൊള്ളണം. ഇതു യോഗ്യതയ്ക്കു തക്കവണ്ണം ചിന്തിച്ചു ചെയ്തുകൊള്ളണം. മററുവല്ല അവയവങ്ങൾക്കും വാജനം

വേണമെന്നു വിചാരിക്കുന്നപക്ഷം അംശക്രമങ്ങളെല്ലാം ഈ വിധിയനുസരിച്ചു ചെയ്തുകൊള്ളണം.

മൂ—സ്തംഭമൂൎദ്ധ്നിനിധായപോതികാമുത്തരംതദുപരിപ്രകല്പയേൽ
പോതികാവിവരതസ്സമുൽഗതസ്തംഭമസ്തകശിഖാഹിതാവടം.

| അന്വയം. | അൎത്ഥം. |
|---|---|
| അഥ പോതികാം | = അനന്തരം പോതികയെ |
| സ്തംഭമൂൎദ്ധ്നിനിധായ | = തൂണിന്റെ മുകളിൽവച്ചിട്ടു് |
| പോതികാവിവരതഃ | = പോതികയുടെ വിവരത്തിൽകൂടി |
| സമുൽഗതസ്തംഭമസ്തകശിഖാഹി- താവടം | = മേൽപോട്ടുനില്ക്കുന്ന തൂണിന്റെ ശിഖയെ ലക്ഷ്യമാക്കി |
| ഉത്തരം പ്രകല്പയേൽ | = ഉത്തരത്തെ ഉറപ്പായിവയ്ക്കണം. |

സാ:—തൂണിന്റെ മുകളിലെ ശിഖ, പോതികകഴിഞ്ഞു മേല്പോട്ടുണ്ടായിരിക്കണം. ഈ ശിഖയ്ക്കു ലക്ഷ്യമാക്കി ഉത്തരത്തിന്റെ കീഴ്ഭാഗത്തിൽ ദ്വാരമുണ്ടായിരിക്കുമല്ലൊ. ഇവയെ അന്യോന്യം ചേൎത്തു് ഉത്തരം പോതികപ്പുറത്തു് ഉറപ്പായി വച്ചുകൊള്ളണം. ഇതു് സ്തംഭപ്രധാനമായ വീടുകളെ മാത്രം സംബന്ധിക്കുന്നതാണു്. പ്രധാനയുത്തരം ഭിത്തിപ്പുറത്തോ നിരവിന്റെപുറത്തോ ആണെങ്കിൽ ഇങ്ങിനെയല്ലാ ചെയ്യേണ്ടിവരുന്നതു്. കാലുപ്രധാനമായി സങ്കല്പിച്ചാണു നിരവു ചെയ്തുവരാറുള്ളതു്. ഗൃഹവിസ്താരത്തിന്റെ നാലു്, മൂന്നു്, എട്ടു്, ഒൻപതു് ഈ സന്ധിരേഖകളും നാലിന്റെയും മൂന്നിന്റെയും മദ്ധ്യരേഖയും കൂടമദ്ധ്യരേഖയും, രണ്ടുവശത്തുമുള്ള ഗൃഹവിസ്താരരേഖയും, ഗൃഹമദ്ധ്യവും വിസ്താരത്തിന്റെ നാലു്, മൂന്നു്, ഈ സന്ധികളും, മദ്ധ്യവും ഗൃഹമൎമ്മങ്ങളാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു ഈ മൎമ്മങ്ങളിൽ കാലുകൾ, ഉദ്പാതങ്ങൾ, മുതലായ യാതൊന്നും വന്നുകൂടായെന്നാണു നിൎബ്ബന്ധം. ഇപ്പോൾ നടപ്പുള്ള മിക്കവാറും ഗ്രന്ഥങ്ങളിൽ ഈ ആചാരത്തിനാധാരമായി യാതൊരു വചനവും കാണുന്നില്ല എങ്കിലും ഇതു് ഏറെമുൻപേതന്നെ സ്ഥിരപ്രതിഷ്ഠസിദ്ധിച്ച ഒന്നാണെന്നുള്ളതിനു് അനേകദൃഷ്ടാന്തങ്ങളുണ്ടു്. അഥവാ ഹൈന്ദവപ്രമാണകോടികളുടെകൂട്ടത്തിൽ എത്രയോ വിലയേറിയ ശാസ്ത്രതത്വങ്ങൾ നശിച്ചുപോയിരിക്കുന്നു. ഈ മന്ദഭാഗ്യദശ, ശില്പശാസ്ത്രത്തിനും നേരിടാതിരിക്കാൻ തരമില്ലല്ലോ. ആ ഘട്ടത്തിൽ ഏവംവിധങ്ങളായ വചനശകലങ്ങൾ നാമാവശേഷങ്ങളാവുകയോ അഥവാ എന്നെപ്പോലുള്ള അല്പജ്ഞന്മാരുടെ ദൃഷ്ടിപഥത്തിൽ പെടുകയോ ചെയ്തിട്ടില്ലെന്നല്ലാതെ ഈ ആചാരം ശാസ്ത്രബഹിഷ്കൃതമാണെന്നു

പറയുവാൻ എനിക്കു ധൈൎയ്യമില്ല. ഇതുകൊണ്ടു് ഇപ്പറഞ്ഞ മൎമ്മസന്ധികളിൽ കാലുകൾ, കുറുക്കുത്തരങ്ങൾ മുതലായവ യാതൊന്നും സംബന്ധിച്ചുകൂടാ.

## ചിററുത്തരവിധി.

മൂ—അഥോത്തരോച്ഛ്രായച്ചതദൎദ്ധതാരാം
ക്ഷുദ്രോത്തരാഖ്യോത്തരപട്ടികാഞ്ച
സംകീലയേദുത്തരബാഹ്യപാൎശ്വാ-
ദൂൎദ്ധ്വം ദൃഢൈസ്സ്വോചിതദാരുകീലൈഃ. ൩൭

| അന്വയം. | അൎത്ഥം |
|---|---|
| അഥ | = ഉത്തരംവച്ചതിന്നശേഷം |
| ഉത്തരോച്ഛ്രായച്ചതദൎദ്ധതാരാം | = ഉത്തരക്കനത്തോളം പൊക്കവും അതിൽ പകുതി കനവുമുള്ള |
| ക്ഷുദ്രോത്തരാഖ്യോത്തരപട്ടികാംച | = ചിററുത്തരമെന്നു പേരുള്ള ഉത്തരപട്ടികയേയും |
| ഉത്തരബാഹ്യപാൎശ്വാൽ ഊൎദ്ധ്വം | = ഉത്തരത്തിൻെറ മേല്പാട്ടിൽ പുറത്തുഭാഗത്തു മേല്പോട്ടായിട്ടു് |
| ദൃഢൈഃ സ്വോചിതദാരുകീലൈഃ | = ഉറപ്പുള്ള അഴികളെക്കൊണ്ടു് |
| സംകീലയേൽ | = ഉറപ്പിക്കണം. |

സാ—ഉത്തരത്തിൻെറ മേൽപാട്ടിൽ പുറത്തുഭാഗത്തു ചുററും ചിററുത്തരമുണ്ടായിരിക്കണം. ഇതിന്നു് ഉത്തരക്കനത്തോളം പൊക്കവും, പൊക്കത്തിൽപകുതി വിലങ്ങത്തിലുള്ള കനവുമുണ്ടായിരിക്കണം.. ഇതു് മരംകൊണ്ടുള്ള അഴികളെക്കൊണ്ടു് ഉത്തരത്തിൽ തറച്ചുറപ്പിച്ചുകൊള്ളണം. ഈ അഴികൾക്കു ചിററുത്തരക്കനത്തിൻെറ മൂന്നിലൊരുഭാഗം കനവും കനത്തിൻെറ നാലിരട്ടി വിസ്താരവും ഉണ്ടായിരിക്കണം.

മൂ-കീലാസ്തേ കൂടസൂത്രേഷ്വഖിലനിലയമദ്ധ്യേപിച ദ്വാരമദ്ധ്യേ
കൎത്തവ്യാസ്തേ സമസ്താ യവമിതഗതിഭിസ്സൂത്രതോതീതമദ്ധ്യാഃ
യുക്ത്യാ പങ്ക്തിം ലുപാനാം സമമപിപതികൽപ്യാഥമദ്ധ്യേവ-
താസാം
കാൎയ്യാഃ കീലാസ്ത്വയുഗ്മാഃ ഖലുസകലലുപായുഗ്മസംഖ്യാവിധേയാ.

| അന്വയം. | അൎത്ഥം |
|---|---|
| തേ കീലാഃ | = ചിററുത്തരത്തിൻെറ അഴികൾ |
| കൂടസൂത്രേഷു | = കൂടമയ്യങ്ങളിലും |
| അഖിലനിലയമദ്ധ്യേ അപി | = എല്ലാഗൃഹങ്ങളുടെയും മദ്ധ്യ

| | |
|---|---|
| കർത്തവ്യാഃ | = ചെയ്യപ്പെടേണ്ടതാണു്. (ത്തിവും |
| തേ സമസ്താഃ | = ആ അഴികളെല്ലാം |
| സൂത്രതഃ | = സൂത്രരേഖയിൽനിന്നു് |
| യവമിതഗതിഭിഃ | = യവപ്രമണമായ ഗതികൊണ്ടും |
| അതീതമദ്ധ്യാഃ | = മദ്ധ്യഭാഗത്തെ ഒഴിച്ചിട്ടു് |
| കർത്തവ്യാഃ | = ചെയ്യേണ്ടതാണു്. |
| ലൂപാനാം പങ്ക്തിം | = കഴുക്കോൽപത്തികളെ |
| യുക്ത്യാ സമം പരികൽപ്യ | =യുക്തികൊണ്ടു സമമായിച്ചെയ്തിട്ടു് |
| അഥ താസാം മദ്ധ്യേ | = പിന്നീട്ട അതുകളുടെമദ്ധ്യത്തിലും |
| കീലാഃ കാര്യാഃ | = അഴികൾ ചെയ്തുകൊള്ളേണ്ടതാ |
| കീലാഃ അയുഗ്മാഃ | = അഴികൾ ഒററപ്പെട്ടും (ണു്. |
| സകലലൂപാഃ യുഗ്മസംഖ്യാഃ | =എല്ലാക്കഴുക്കോലുകളും ഇരട്ടപ്പെട്ടും |
| വിധേയാഃ | = ചെയ്യപ്പെടേണ്ടതാണു്. |

സ:—ചിററുത്തരത്തിൻെറ അഴികൾ ഗൃഹങ്ങളുടെ കൂടമദ്ധ്യങ്ങളിലും മദ്ധ്യഭാഗത്തും ദ്വാരമദ്ധ്യത്തും മദ്ധ്യരേഖയിൽനിന്നു് ഒരു നെല്ലിടമാററി ചെയ്തുകൊള്ളണം. പിന്നീട്ടു് കഴുക്കോൽപ്പത്തി തുല്യമായി സങ്കല്പിച്ചിട്ടു് ആ പത്തിയുടെ മദ്ധ്യത്തിലും അഴികൾ വേണ്ടതാണു്. അഴികൾ ഒററപ്പെട്ടും കഴുക്കോലുകൾ ഇരട്ടപ്പെട്ടും ഇരിക്കത്തക്കവണ്ണംവേണം സംഖ്യകളെ നിശ്ചയിക്കേണ്ടതു്. കാൽസംഖ്യകളും കഴുക്കോൽസംഖ്യകളും സമമായിരിക്കണം. "ദ്വാവ്വീപികാരകൃതഭിത്തിവശേനതേഷു പാദാഭവന്തികൃതവംശചതുർഗ്ഗുണാഢ്യാഃ" എന്നും "പാദാൻഗൃഹേഷ്വിഹ ചതുർഗ്ഗുണവംശമാനസംഖ്യാൻ പ്രകല്പയതു തുല്യമിതാന്തരാളാൻ" എന്നുമുള്ള വചനപ്രകാരം ഇഷ്ടദീർഘത്തെ നാലിൽപെരുക്കുമ്പോൾ കിട്ടുന്നതു് പാദസംഖ്യയാണെന്നു സിദ്ധമാകുന്നു. ഇതുതന്നെയാണു് കഴുക്കോൽസംഖ്യയും. കാലിൻെറയും കഴുക്കോലിൻെറയും സംഖ്യയുടെ രീതി ഇങ്ങിനെയാണെങ്കിലും, എട്ടു് പതിനാറു് ഇരുപത്തിനാലു് ഇങ്ങനെ അഷ്ടഗുണസംഖ്യയോടു യോജിപ്പിച്ചാണു ചെയ്തുവരുന്നതു്. ചില സ്ഥലങ്ങളിൽ ഇഷ്ടദീർഘത്തെ നാലിൽ പെരുക്കിയാലുള്ള സംഖ്യയോടു സമമായിട്ടും ചെയ്യുന്നുണ്ടു്.

## തുലാദികളുടെ വിധി.

മൂ—ഏകാംഘ്ര്യൂനാദിദണ്ഡോച്ഛ്രയമുപരിനിധായോത്ത-
രേവാജനംപ്രാ-
ക്തിര്യഗ്ദണ്ഡാചര്യയാംഘ്ര്യൂനിതബഹളതുലാസ്താ-
സുവംശാനുവൃത്യാ

സ്വാദ്ധ്വാക്രാന്താജയന്തീസ്തദുപരിസുസമീകൃത്യ
കൃത്വാനുവംശം
നിശ്ഛിദ്രംഛാദയേൽസ്വോചിതഘനഫലകാപ്രസ്ത-
രേണോൎദ്ധ്വഭാഗം. ൩൯

| അന്വയം | അൎത്ഥം |
|---|---|
| ഏകാംഘ്ര്യൂനാദിദണ്ഡാൎദ്ധ്യയം | = മുക്കാൽദണ്ഡുമുതൽ കനമു |
| വാജനം | = വാജനയുത്തരത്തെ (ള്ള |
| പ്രാക് ഉത്തരേ ഉപരി | = ആദ്യമായി ഉത്തരത്തിന്റെമേൽ |
| തിൎയ്യഗ്ദണ്ഡാൎദ്ധ്യയാം- | = വിലങ്ങത്തിൽ (പാട്ടിൽ)വച്ചി |
| ഘ്ര്യൂനിതബഹളതുലാഃ | = ട്ട് ഒരുദണ്ഡുപൊക്കവും മുക്കാൽ ദണ്ഡുകനവുമുള്ള തുലാങ്ങളേയും |
| താസു വംശാനുവൃത്യാ | = അതുകളിൽ മോന്തായഗതിയനു സരിച്ച് |
| സ്വാദ്ധ്വാക്രാന്താഃ ജയന്തീഃ | = തന്റെ പകുതിവരെയുള്ള കഴി |
| കൃത്വാ | = ചെയ്തിട്ട് (കളേയും |
| തദുപരി സുസമീകൃത്യ | = അതുകളുടെ മേല്പാട്ട നല്ലപോ ലെ നിരപ്പുവരുത്തീട്ട് |
| സ്വോചിതഘനഫലകാപ്രസ്തരേണ | = അവിടവിടെ ഒത്തവണ്ണം കനമുള്ള പലകനിരത്തി |
| നിശ്ഛിദ്രം | = വിടവുകൂടാതെ |
| ഊൎദ്ധ്വഭാഗം ഛാദയേൽ | = മേൽഭാഗം മറച്ചുകൊള്ളണം. |

സാ—ഉത്തരത്തിന്റെ മേല്പാട്ടിൽ അകത്തുഭാഗത്തു മുക്കാൽ ദണ്ഡു പൊക്കത്തിൽ ഒരു വാജനയുത്തരം വയ്ക്കണം. ഇതിന്റെ പൊക്കം മുക്കാൽ ദണ്ഡിൽ കൂടുകയുമാകാം. അതിൽ ഒരുദണ്ഡു പൊക്കവും മുക്കാൽദണ്ഡു കനവുമുള്ള തുലാങ്ങൾ വിലങ്ങത്തിൽ (കുറുകെ) വച്ചുകൊള്ളണം. തുലാപ്പൊക്കത്തിന്റെ പകുതിക്കനമുള്ള കഴികളെ മോന്തായക്കിടപ്പനുസരിച്ചു കല്പിച്ചിട്ടു മേൽഭാഗം ശരിനിരപ്പുവരുത്തി നല്ല കനമുള്ള പലകകൊണ്ടു വിടവുകൂടാതെ മറച്ചുകൊള്ളണം.

മൂ— യദ്വാകപോതവളഭീവിലസത്തുലാപാ-
ദോദ്യൽപിധാനഫലകാദിതുലാവിശേഷൈഃ
യുക്തഞ്ചഖണ്ഡഫലകാദിവിചിത്രചിത്ര-
മൂൎത്തിപ്രഭേദസഹിതംമഹിതംവിദധ്യാൽ. ൪൦

| അന്വയം. | അൎത്ഥം |
|---|---|
| യദ്വാ കപോതവളഭീ- | = അല്ലെങ്കിൽ കപോതം, വളറ്, |
| വിലസത്തുലാപാദോദ്വൽപി- | = തുലാപാദം, ഉരുവു, നേത്രം മുതലായ |
| ധാനഫലകാദിതുലാവിശേഷൈഃ | = അലങ്കാരവിശേഷങ്ങളോട്ടു |
| യുക്തം ച | = കൂടിയും |
| ഖണ്ഡഫലകാദിവിചിത്രചിത്ര- | = മനോഹരങ്ങളായ ചിത്രങ്ങ |
| മൂൎത്തിപ്രഭേദസഹിതം | = ളോടും മൂൎത്തിപ്രഭേദങ്ങളോടും |
| മഹിതം വിദധ്യാൽ | = വിശേഷമായിചെയ്യണം. (കൂടി |

സാ—മച്ചു് അട്ടക്കപണികൾകൊണ്ടും ചിത്രങ്ങൾകൊണ്ടും അലങ്കരിക്കുന്നുവെങ്കിൽ ഉത്തരത്തിൻെറ മുകളിൽ വളറ്, കപോതം, ഉരുവു്, (തടം) നേത്രം, ഇങ്ങനെ ക്രമേണ ചിത്രസഹിതം അട്ടക്കകൾ ഉണ്ടാക്കിക്കൊള്ളണം. പിന്നീട്ടു മുറിത്തുലാങ്ങളോട്ടു കൂടി വിശേഷരീതിയിൽ തുലാങ്ങളും, ഖണ്ഡപലകയിലും മററും യഥോചിതം പലമാതിരി വിശേഷചിത്രങ്ങളും ദേവപ്രതിമകളും ചെയ്യാവുന്നതാണു്.

ഇതി മനുഷ്യാലയമഹാചന്ദ്രികായാം പഞ്ചമോദ്ധ്യായഃ സമാപ്തഃ.

---

## ഷഷ്ഠോദ്ധ്യായപ്രാരംഭഃ.

### ആരൂഢോത്തരവിധി

മൂ—അല്പേധാമനിബാഹ്യമേവമഹതീത്വാരൂഢമപ്യുത്തരം
വിസ്താരംഭേതദനയാത്സ്വഗേഹവിഹിതൈശ്ചാന്ത്യാദിഭിസ്സംയുതം
വസ്വഷ്ട്യക്ഷ്യുഗാംഗുലാദിഗതിരന്തസ്ഥ്യാദളിന്ദന്നുത-
ത്താവൽസ്വാശ്രയമസ്യകണ്ണസദൃശീവിഷ്കംഭപാദായതിഃ.

| അന്വയം. | അൎത്ഥം. |
|---|---|
| അല്പേ ധാമനി | =ചെറിയ ഗൃഹത്തിനു് |
| ബാഹ്യം ഏവ | = ബാഹ്യോത്തരംതന്നെ മതി |
| മഹതീ തു | = ഗൃഹം വലുതാണെങ്കിലാകട്ടെ |
| ആരൂഢം ഉത്തരം അപി ഭവതി | =ആരൂഢോത്തരവുംകൂടി വേണം |
| തൽ അന്തഃ | =ആ ആരൂഢോത്തരം ഉള്ളിലോട്ടു |
| വസ്വഷ്ട്യക്ഷ്യുഗാംഗുലാദി- | = എട്ടു്, പതിനാറു്, ഇരുപത്തി |
| ഗതിഃ | നാലു മുതലായ അംഗുലങ്ങളെ മാററി |

| | |
|---|---|
| സ്വഗേഹവിഹിതൈഃ | =ആ ഗൃഹത്തിനു വിധിക്കപ്പെട്ട |
| യോന്യാദിഭിഃ സംയുതം | = യോനി മുതലായവയോടുകൂടി |
| വിഷ്ടംഭേ തന്നുയാൽ | = വിട്ടത്തിൻെറ മേൽ വയ്ക്കണം |
| അളിന്ദം തു യാവൽ സ്യാൽ | = അത്രുഢത്തിൽനിന്നു് ബാഹ്യപ്പുറം എത്രമാത്രമോ |
| സോപാശ്രയം താവൽ | = അത്രുഢത്തിൻെറ പൊക്കവും അത്രയുമാകുന്നു |
| വിഷ്ടംഭപാദായതിഃ | = കൊട്ടുങ്ങക്കാലിൻെറ നീളം |
| അസ്യ | = ഈ മാററത്തിൻെറ അത്രുഢത്തി(ളിൻെറ |
| കർണ്ണസദൃശീ | = കർണ്ണത്തോടു തുല്യമാകുന്നു. |

സാ:—ഗൃഹം ചെറുതാണെങ്കിൽ ബാഹ്യോത്തരംതന്നെ മതി. വലുതാണെങ്കിൽ അത്രുഢോത്തരംകൂടി വേണ്ടതാണു്. അതായതു് ശുഭവീഥിയിലും, പദവിസ്താരത്തിലും ഗൃഹം ഒതുങ്ങേണ്ടതാണെന്നു മുൻപേ പറഞ്ഞിട്ടുണ്ടല്ലോ. ഗൃഹം വലുതാണെങ്കിൽ പദത്തിനും വീഥിക്കും യോജിച്ചവിധം അത്രുഢം പ്രധാനമായി കല്പിച്ചുകൊള്ളണം. ബാഹ്യോത്തരത്തിൽനിന്നു് ഉള്ളിലോട്ടു് അത്രുഢോത്തരത്തിൻെറ മാററം എട്ടു്, പതിനാറു്, ഇരുപത്തിനാലു് ഇങ്ങിനെ ക്രമേണ എട്ടെട്ടംഗുലം വർദ്ധിപ്പിച്ചു വച്ചുകൊള്ളണം. അപ്പോൾ ബാഹ്യവും അത്രുഢവും ഒരേ യോനികളായിട്ടു വരുന്നതാണു്. ബാഹ്യോത്തരത്തിൽനിന്നു് അത്രുഢോത്തരത്തിൻെറ മാററം എത്രയോ അത്രുഢത്തിൻെറ പൊക്കവും അത്രമാത്രമാണു്. അത്രുഢം വിട്ടത്തിൻെറ മുകളിലാണു് വയ്ക്കേണ്ടതു്. വിട്ടത്തിനു ബാഹ്യോത്തരത്തിൽനിന്നു കൊട്ടുങ്ങക്കാലുണ്ടായിരിക്കണം. ഇതിൻെറ നീളം ഈ മാററത്തിൻെറ കർണ്ണദീർഘത്തോടു തുല്യമായിരിക്കും. അത്രുഢത്തിൻെറയും ബാഹ്യത്തിൻെറയും ഈ അന്തരാളം അത്രുഢവിസ്താരത്തിൽനിന്നു് കൂട്ടുകയോ സൂത്രവർണ്ണത്തിൽനിന്നു കുറയുകയോ അരുതു്. ഇതിനു് "അന്തരാളസ്യബാഹള്യം ഗൃഹവിസ്താരതോഭവേൽ തഥാധിക്യോന്തരാളസ്യ തദന്തർബഹളംവിദുഃ യൽസ്വസൂത്രസ്യബാഹള്യാദ്ധീഹംസംകോച ഉച്യതേ" എന്ന ഈ വാസ്തുവിദ്യാവചനം പ്രമാണമാകുന്നു. വടക്കൻപ്രദേശങ്ങളിൽ ബാഹ്യം പ്രധാനമായും, തെക്കൻപ്രദേശങ്ങളിൽ അത്രുഢം പ്രധാനമായുമാണു് ഗൃഹം ചെയ്യുവരാറുള്ളതു്. ഇതിനു് അവിടവിട്ടത്തെ ആചാരരീതിയെത്തന്നെ അനുസരിക്കേണ്ടതാകുന്നു.

## കൊട്ടങ്ങക്കാലിൻെറ വിധി.

വിഷ്ടംഭപാദസ്തുതരംഗഭേദൈർയ്യുക്തം തഥാകല്പലതാദിചിത്രൈഃ
മഹാതരംഗാന്തരുദീർണ്ണചൂചുപ്രസൂനസംശോഭിതമാതനോതു. ൨

അന്വയം. അൎത്ഥം.

| | |
|---|---|
| വിഷ്ടംഭപാദം തു | = കൊട്ടങ്ങക്കാൽ |
| തരംഗഭേദൈഃ | = ചിപ്പംമുതലായ പണികളോട്ടും |
| തഥാകല്പലതാദി ചി-ത്രൈഃ യുക്തം | = അപ്രകാരം വിശേഷമാതിരിയിലുള്ള ല ത മുതലായ ചിത്രങ്ങളോട്ടുംകൂടി |
| മഹാതരംഗാന്തഃ | = മഹാചിപ്പങ്ങളുടെ ഉള്ളിൽനിന്നു് |
| ഉദീർണ്ണചൂചുപ്രസൂന-സംശോഭിതം | = ഉണ്ടായരീതിയിലുള്ള മൊട്ടുകളെക്കൊണ്ടും, പുഷ്പങ്ങളെക്കൊണ്ടും മനോഹര |
| തനോതു | = ചെയ്യണം (മായവിധം |

സാ:—ചിപ്പം, മഹാചിപ്പം, പണ്ടി, വല്ലികൾ മുതലായ ചിത്രങ്ങളും, മഹാചിപ്പങ്ങളുടെ ഉള്ളിൽനിന്നു് ഉണ്ടായ ചൂങ്കലയുടെയും പുഷ്പങ്ങളുടെയും അകൃതിയിലുള്ള ചില ചിത്രവിശേഷങ്ങളും കൊട്ടങ്ങക്കാലിനു ചെയ്യാവുന്നതാണു്.

## കഴുക്കോൽതാഴ്ത്തയുടെ വിധി.

മൂ—കുഞ്ചാദുത്തരപട്ടതോഫിലലുപാലംബംതദൗചിത്യതഃ
സ്തംഭോച്ചശരഭാജിതേദ്വിതയതോയദ്വാങ്കഭക്തേബ്ധിഭിഃ
അദ്ര്യംശിന്യുരഗാംശിതേ ചഹുതഭുഗ്ഭാഗൈസ്തഥാംഘ്രിച്ഛ്രയ
ത്ര്യംശാദ്ധാംശതഏവവാഭിലഷിതംഷോഡോദിതേഷ്വപ്യുത.

അന്വയം. അൎത്ഥം.

| | |
|---|---|
| സ്തംഭോച്ചേ ശരഭാജിതേ | = കാൽനീളം അഞ്ചായിഭാഗിച്ചാൽ |
| ദ്വിതയതഃ | = രണ്ടുഭാഗംകൊണ്ടും |
| യദ്വാ അങ്കഭക്തേ അബ്ധിഭിഃ | = അല്ലെങ്കിൽ ൯-ായി ഭാഗിച്ചാൽ നാലുഭാഗംകൊണ്ടും |
| അദ്ര്യംശിനിഉരഗാംശിതേച= | ഏഴായോ, എട്ടായോ,ഭാഗിച്ചാൽ |
| ഹുതഭുഗ്ഭാഗൈഃ | = മൂന്നുഭാഗംകൊണ്ടും |
| തഥാ അംഘ്രിച്ഛ്രയത്ര്യാംശാ-ദ്ധാംശതഃ ഏവ വാ | = അപ്രകാരം കാൽപൊക്കത്തിൻെറ മൂന്നിലൊരുഭാഗംകൊണ്ടും പകുതി കൊണ്ടും തന്നെയോ |
| ഉത്തരപട്ടതഃ | = ഉത്തരത്തിൻെറ പട്ടത്തിൽനിന്നു |

അഖിലലൂപാലംബം = കഴുക്കോലുകളുടെ താഴ്ച
തദൗചിത്യതഃ = അതാതിൻെറ യോഗ്യതയനുസരി
കുര്യാൽ = ചെയ്യണം (ച്ച്
ഷോഢാ ഉദിതേഷ്വേഷ്വു = അറുവിധം പറകപ്പെട്ട ഈ ക്രമങ്ങ
ളിൽ
അഭിലഷിതം തു കുര്യാൽ = ഇഷ്ടമായതുതന്നെ ചെയ്യണം.

സാ—ഉത്തരത്തിൻെറ കീഴ്നിരപ്പിൽനിന്നു കഴുക്കോലിൻെറ വിതാനത്താഴ്ച, കാൽനീളത്തിൻെറ അഞ്ചിൽ രണ്ടുഭാഗമോ ഒൻപതിൽ നാലുഭാഗമോ, എട്ടായോ ഏഴായോ ഭാഗിച്ചാൽ മൂന്നുഭാഗമോ, മൂന്നിൽ ഒരു ഭാഗമോ അതിൽ പകുതിയോ, വയ്ക്കാവുന്നതാണു്. അറുവിധം പറഞ്ഞിട്ടുള്ള ഈ താഴ്ചക്രമത്തിൽ യോഗ്യതയനുസരിച്ചു് ഏതാണോ ഇഷ്ടം അപ്രകാരം ചെയ്തുകൊൾക.

മൂ— ലംബോയംവിഹിതാദധസ്ഥചരണോച്ചാംഗാ-
ദിരുദ്രാന്തിമൈ-
ർഭക്തേതേഷ്വിളയായുതോവിരഹിതോവാംഘ്ര്യാ-
ച്ചവിധ്യുദ്ധനാ
യദ്വാചണ്ഡഭഗഗനിവാരിധിശരോർമ്മദ്ര്യംഗു-
ലൈരൂനിതോ
ലംബോസൌകചിദന്വിതോപ്യുഭയതസ്തുല്യ-
പൃഥുല്യോഥവാ.

അന്വയം അർത്ഥം:

അയം ലംബഃ = ഈ കഴുക്കോൽതാഴ്ച
വിഹിതാൽ = വിധിക്കപ്പെട്ടതിൽനിന്നു്
അധസ്ഥചരണോച്ച = താഴെയുള്ള കാൽപൊക്കം
അംഗാദിരുദ്രാന്തിമൈഃഭക്തേ = ൬ മുതൽ ൧൧ വരെയുള്ള അംശങ്ങ
ളെക്കൊണ്ടുഭാഗിക്കുമ്പോൾ
തേഷു ഇളയാ യുതാ = അതുകളിൽഒരംശം കൂട്ടുകയോ
വിരഹിതഃ വാ = കുറയ്ക്കുകയോ
അംഘ്ര്യച്ചവിധ്യുദ്ധനാ = കാൽപൊക്കത്തിനു വിധിച്ചവഴി
യദ്വാ = അല്ലെങ്കിൽ (യനുസരിച്ച്
ചണ്ഡഭഗഗനിവാരിധി'ശരോ- = ൧, ൨, ൩, ൪, ൫, ൬, ൭, ഇതുയും
ർമ്മദ്ര്യംഗുലൈഃ അംഗുലങ്ങൾ
ഊനിതഃ = കുറച്ചിട്ടും
കചിൽ അന്വയാഃ കുര്യാൽ = ചിലടത്തുകൂട്ടിയും ചെയ്യണം
അസൌ ലംബഃ ഉഭയതഃ = താഴ്ച ഇരുപുറത്തും

| | |
|---|---|
| തുല്യഃഅപി | = സമമായിട്ടും |
| അഥവാ അതുല്യഃ | = പക്ഷെ സമമല്ലാതെയും |
| കാൎയ്യഃ | = ചെയ്യാവുന്നതാണ്. |

സാ—കഴിഞ്ഞശ്ലോകംകൊണ്ടു് കഴുക്കോൽതാഴ്ച ആറുവിധം പറഞ്ഞുവല്ലൊ, അതു് മതിയാകാതെയോ അധികമായോ വരുമ്പോൾ അ വിതാനത്താഴ്ചയ്ക്കു് കീഴിലുള്ള കാൽനീളത്തെ ആറു മുതൽ പതിനൊന്നുവരെയുള്ള സംഖ്യകളിൽ ഒന്നുകൊണ്ടുഭാഗിച്ചു് ഒരു ഭാഗംകൂടി കൂട്ടുകയോ, കുറയ്ക്കുകയോ ചെയ്യാം. ഈ വിധി കാൽനീളം കൂട്ടുന്നതിനും കുറയ്ക്കുന്നതിനും പറഞ്ഞിട്ടുള്ളതാണ്. കൂടാതെ ഒന്നുമുതൽ ഏഴുവരെ അംഗുലങ്ങളെക്കൊണ്ടും കൂട്ടുകയും കുറയ്ക്കുകയും ചെയ്യാം. കഴുക്കോൽതാഴ്ച ഗൃഹങ്ങളുടെ ഇരുപുറവും ഒന്നുപോലെയാണു് വേണ്ടതു്. പക്ഷേ രണ്ടു വിധമായിട്ടും ചെയ്യാവുന്നതാണ്.

മൂ-വിസ്താരേണഘനേനവാപിചലുപാലംബോഭവേദുത്തര-
സ്യൈകേനാധിദളദ്വയത്രയ ചതുർബാണോൎമ്മിശൈലോന്മി-
(തൈഃ
യോഗേസത്യപരാലയൈരപിലുപാച്ഛേദ്യാശ്ചനീവ്രാദയോ
ഗേഹാംഗേഷ്വഖിലേഷുചോത്തമമതോനച്ഛേദയേദുത്തരം. ൭

| അന്വയം. | അൎത്ഥം. |
|---|---|
| ഉത്തരസ്യ ഏകേന | = ഉത്തരത്തിൻെറ ഒന്നോ |
| അധികദളദ്വയചതുർബാ-ണോൎമ്മിശൈലോന്മിതൈഃ | = ഒന്നരയോ, രണ്ടോ, മൂന്നോ, നാലോ, അഞ്ചോ, അറോ, ഏഴോ |
| വിസ്താരേണ ഘനേനവാ | = വിസ്താരംകൊണ്ടോ, കനംകൊണ്ടോ |
| ലുപാലംബഃ ഭവേൽ | = കഴുക്കോൽതാഴ്ചഭവിക്കും |
| അപരാലയൈഃയോഗേസതി | = മററു ഗൃഹങ്ങളോടു ചേരുമ്പോൾ |
| ലുപാഃ നീവ്രാദയഃ അപി | = കഴുക്കോലുകളും തുമ്പുവാമിട മുതലായവയും |
| ഛേദ്യാഃ | = ഛേദിക്കപ്പെടാവുന്നതാണ്. |
| ഗേഹാംഗേഷു അഖിലേഷു | = ഗൃഹങ്ങളുടെ എല്ലാ അവയവങ്ങളിൽവെച്ചും |
| ഉത്തരം ഉത്തമം | = ഉത്തരം ഉത്തമാംഗമാകുന്നു. |
| അതഃ ഉത്തരം ന ഛേദയേൽ | = ഇതിനാൽ ഉത്തരത്തെ ഛേദിക്കരുതു്. |

സാ—ഉത്തരത്തിൻെറ വീതിയുടേയും, കനത്തിൻേറയും, ഒന്നു്, ഒന്നര, രണ്ടു്, മൂന്നു്, നാലു്, അഞ്ചു്, ആറു്, ഏഴു്, ഇത്രയും

ഭാഗങ്ങളെക്കൊണ്ടും കഴുക്കോൽതാഴ്ച കല്പിക്കാവുന്നതാണ്. അന്യഗൃഹങ്ങളുമായിക്കൂട്ടിക്കെട്ടുവരുമ്പോൾ കഴുക്കോൽ, തുമ്പുവാമിട മുതലായ ഉപാംഗങ്ങൾ മുറിക്കാവുന്നതാണ്. ഉത്തരം ഉത്തമാംഗമാകയാൽ ഒരിടത്തും മുറിച്ചുപോകരുത്.

## കഴുക്കോലിന്റെ വിധി.

മൂ-ഋജ്വമഞ്ചാഖ്യാസ്തുല്യാപ്രകൃതിലുപാപാശ്വസംസ്ഥിതാസ്സർവ്വാഃ
കോട്യുപകോട്യാദ്യാസ്സൃവികൃതലുപാസ്ത്വാസ്ത്വതുല്യദീർഘതതാഃ.

| അന്വയം. | അർത്ഥം |
| --- | --- |
| തുല്യാഃ പ്രകൃതിലുപാഃ | = നീളവുംവീതിയും സമമായി നേരെചെല്ലുന്ന കഴുക്കോലുകൾ |
| ഋജ്വമഞ്ചാഖ്യാഃ | = ഋജ്വമഞ്ചുകൾ(മഞ്ചുകൾ)എന്നു പറയപ്പെടുന്നു. |
| അതുല്യദീർഘതതാഃ | = നീളവും വീതിയും സമമല്ലാതെ |
| വികൃതിലുപാഃ | = ചെരിഞ്ഞുചെരിഞ്ഞിരിക്കുന്ന കഴുക്കോലുകൾ |
| കോട്യുപകോട്യാദ്യാഃ | = കോടി ഉപകോടിഎന്നിങ്ങനെ പറയപ്പെടുന്നു. |
| സർവ്വാഃപാശ്വസംസ്ഥിതാഃ ന്യൂഃ | = കഴുക്കോലുകളെല്ലാം ഇരുവശവും തുല്യമായിരിക്കേണ്ടതാണ് |

സാ—കൂടമദ്ധ്യത്തിനുള്ളിലുള്ള കഴുക്കോലുകൾക്ക് നീളവും വീതിയും സമമാണ്. ഇതിന് മഞ്ചെന്നു പറയപ്പെടുന്നു. കോണുകളിൽ കോടിയും അതിനടുത്തു് ഉപകോടിയും പിന്നീട്ട് അനുപകോടിയും ഇങ്ങനെ കൂടമദ്ധ്യത്തെ ലക്ഷ്യമാക്കി കണ്ണുമാറ്റ്രോണയുള്ള കഴുക്കോലുകൾ വികൃതകളാണ്. ഇതുകൾക്കുനീളവും വീതിയും കോടിയെക്കാൾ ഉപകോടിക്കും അതിനേക്കാൾ അനുപകോടിക്കും ക്രമേണ കുറഞ്ഞിരിക്കേണ്ടതാണ്. ഗൃഹങ്ങളുടെ ഇരുപുറത്തും വിസ്താരദീർഘങ്ങളുടെ മദ്ധ്യഭാഗത്തുനിന്നു രണ്ടുവശവും കഴുക്കോലുകൾ സമങ്ങളായിരിക്കേണ്ടതാണ്.

മൂ— കാഷ്ഠാലുപാശ്ചോത്തരപട്ടികോദ്ധ്വം
കൂടാഹിതാഗ്രാവികൃതാസ്സമസ്താഃ
പാശ്വാഹിതാഗ്രാഃ ഖലുനിർവ്വികാരാ
നിവേശിതാഗ്രാ പുനരഗ്രധാന്യാം.

| അന്വയം. | അർത്ഥം |
| --- | --- |
| വികൃതാഃ സമസ്താ ലുപാഃ ച | = കോടി ഉപകോടി മുതലായ എല്ലാ കഴുക്കോലുകളും |

| | |
|---|---|
| കൂടാഹിതാഗ്രാഃ | = കൂടത്തിലഗ്രമായും |
| നിഖിലാഃ ഖലു | = മച്ചുകഴുക്കോലുകളെല്ലാം |
| പാർശ്വാഹിതാഗ്രാഃ | = ഇരുപുറത്തുനിന്നും പുറപ്പെട്ട് |
| പുനഃ അഗ്രധാന്യാം | = പിന്നെ മോന്തായത്തിൽ |
| നിവേശിതാഗ്രാഃ | = അഗ്രം ചെലുത്തിയും |
| ഉത്തരപട്ടികോർദ്ധ്വം | = ഫിറവുത്തരത്തിന്റെ മേൽ |
| കാര്യാഃ | = സ്ഥാപിക്കേണ്ടതാണ്. |

സാ:—ഫിറവുത്തരത്തിന്റെ മുകളിലാണ കഴുക്കോൽ സ്ഥാപിക്കേണ്ടതു്. മോന്തായത്തിന്റെ ചുവട്ടിലും തലയ്ക്കലും കൂടം ചെലുത്തി ആ കൂടത്തിൽ കോടി കോടാകണ, മുതലായ തിരുകഴുക്കോലുകളും മോന്തായത്തിൽ ഇരുപുറവുമുള്ള മച്ചുകഴുക്കോലുകളും സ്ഥാപിച്ചുകൊള്ളണം.

## മോന്തായവിധി.

മൂ—പാർശ്വപ്രാപ്തലുപാഗ്രയോഗവശതോ വംശാഖ്യയാസാഗ്രധാ
ന്യുക്താ സോത്തരതാരപാദരഹിതവ്യാസോച്ഛ്രയാ ചാഥവാ
അഷ്ടൗ ഷഡ്വ്യംഗുലതാരതീവ്രസഹിതാ പത്രൈർലുപാനീവ്രവ-
ഹ്നിവ്യംശപ്രമിതൈർലുപാപദഗതൈര്യുക്താ ലസദ്വാജനാ.

| അന്വയം. | അർത്ഥം |
|---|---|
| പാർശ്വപ്രാപ്തലുപാഗ്രയോഗവശതഃ | = ഇരുപുറവുമുള്ള കഴുക്കോലുകൾ വന്നുചേരുന്നതുകൊണ്ടു്. |
| സാ അഗ്രധാനീ | = ആ മോന്തായം |
| വംശാഖ്യയാ ഉക്താ | = വംശമെന്നു പറകപ്പെടുന്നു. |
| സോത്തരതാരപാദരഹിത- | = ഉത്തരവീതിയുടെ നാലിൽ മൂന്നു |
| വ്യാസോച്ഛ്രയാ | = ഭാഗം വീതികനങ്ങളോടുകൂടി |
| അഥവാ | = അല്ലെങ്കിൽ (യോ |
| അഷ്ടൗ ഷഡ്വ്യംഗുലതാരതീവ്രസഹിതാ | = ഏഴോ, ആറോ അംഗുലം-വീതികനങ്ങളോടുകൂടിയോ |
| ലുപാപദഗതൈഃ | = കഴുക്കോലിന്റെ സ്ഥാനങ്ങളിൽ |
| ലുപാനീവ്രവഹ്നിവ്യംശ-പ്രമിതൈഃ | = കഴുക്കോൽകനത്തിന്റെ മൂന്നോ നാലോ അളവുള്ള |
| പത്രൈഃ യുക്താ ച | = പത്രങ്ങളോടുകൂടിയും |
| ലസദ്വാജനാ | = വാജനത്തോടുകൂടിയും ഭവിക്കണം. |

സാ—പാൎശ്വങ്ങളിൽനിന്നും കഴുക്കോലുകൾ വന്നുചേരുന്നതു കൊണ്ടു മോന്തായം വംശമെന്നു പറകപ്പെടുന്നു. ഇതിന്നു് ഉത്തരവീതിയുടെ നാലിൽ മൂന്നുഭാഗം വീതിയും കനവുമുണ്ടായിരിക്കണം. ആറോ ഏഴോ അംഗുലങ്ങളെക്കൊണ്ടും വീതിയും കനവും കല്പിക്കാവുന്നതാണു്. കഴുക്കോൽകനത്തിൻെറ മൂന്നോ നാലോ അളവുകൊണ്ടു കഴുക്കോൽസ്ഥാനങ്ങൾതോറും പത്രവും വാജനവുമുണ്ടായിരിക്കണം.

മൂ- കൂടഃകോടിലുപാഗ്രകല്പിതശിഖാസംപ്രാപ്തപാൎശ്വാവടഃ
പാൎശ്വാക്രാന്തലുപാഗ്രരന്ധ്രനിഹിതായഃകീലസംകീലിതഃ
ആധാരോസ്യലുപാഗ്രകല്പിതശിഖാതസ്മാദധോമൂലഏ്വ-
വോക്തോസൗവികൃതാലുപാശ്ചസകലാഗേഹേസമാബ്ധ്യശ്രകേ

| അന്വയം. | അൎത്ഥം. |
|---|---|
| കൂടഃ | = കൂടം |
| കോടിലുപാഗ്രകല്പിതശിഖാസം-പ്രാപ്തപാൎശ്വാവടഃ | = മൂലക്കഴുക്കോലിൻെറ അഗ്ര-ത്തിലുള്ള കുടുമകളിൽ ചെലുത്തി |
| പാൎശ്വാക്രാന്തലുപാഗ്രരന്ധ്ര-നിഹിതായഃകീലസംകീലിതഃ | = പാൎശ്വത്തിൽനിന്നും വരുന്ന-കഴുക്കോലുകളുടെ അഗ്രങ്ങളിൽ കൂടി ഇരുമ്പാണിതറച്ചും ഉറപ്പിച്ചുകൊള്ളണം. |
| ലുപാഗ്രകല്പിതശിഖാ | = കഴുക്കോലിൻെറ അഗ്രത്തിലു-ള്ള കുടുമ |
| അസ്യ ആധാരഃ | = ഈ കൂടത്തിനു് ആധാരമാകു-(ന്നു |
| തസ്മാൽ | = അതുഹേതുവായിട്ടു് |
| അസൌ അധോമൂലഃഏ്വ ഉക്തഃ | = കൂടം, ചുവടുകീഴായിട്ടുതന്നെ-പറകപ്പെട്ടിരിക്കുന്നു |
| സമാബ്ധ്യശ്രകേ ഗേഹേ | = സമചതുരമായ ഗൃഹത്തിൽ |
| ലാഃ ലുപാഃ ച | = എല്ലാ കഴുക്കോലുകളും |
| വികൃതാഃ | = തിരുവുകളായിട്ടാകുന്നു |

സാ:—കോടിക്കഴുക്കോലിൻെറ അഗ്രത്തിലെ കുടുമയിലാണു കൂടം സ്ഥാപിക്കേണ്ടതു്. ഉപകോടി മുതലായ കഴുക്കോലുകൾ കൂടത്തിൽ ചേൎത്തു് ഇരുമ്പാണി തറച്ചുകൊള്ളണം. ഈ കഴുക്കോലുകൾക്കും കുടുമയുണ്ടാക്കി കൂടത്തിൽ ചെലുത്തുകയാണു് മിക്കവാറും പതിവു്. കഴുക്കോൽസംഖ്യ വൎദ്ധിച്ചുവരുമ്പോൾ കുടുമ ചെലുത്താൻ പ്രയാസമായിട്ടുംവരാം. അപ്പോഴും ഇരുമ്പാണിവയ്ക്കുന്നതു് ഒരു നല്ലപണിയാണെന്നു തോന്നുന്നില്ല. കൂടത്തിനു കഴു

ക്കാലിൻെറ കുട്ടമയാണു് ആധാരമായിട്ടുള്ളതു്. അതിനാൽ ഈ കൂടത്തിൻെറ ചുവട്ടു കീഴിലായിരിക്കണം. സമചതുരമായ ഗൃഹങ്ങൾക്കു് എല്ലാ കഴുക്കോലും തിരുവായി കല്പിച്ചുകൊള്ളണം കൂടത്തിൻെറ ചുവടിനെപ്പററി ചില അഭിപ്രായവ്യത്യാസങ്ങളുണ്ടു്.

മൂ-ധുൎദ്ധൂരപ്രസവോപമോഷ്ടനൃപകോണോവാതഥാവൎത്തുള-
സ്സംഫുല്ലാബ്ജയുതോഥവാഥഗുളികാരൂപസ്സ്വമധ്യാദധഃ
വിസ്താരദ്വിഗുണായതസ്തദൂരഗാദ്യംശോനദീൎഘോഥവാ
കൂടോബ്ധ്യാദിയവോത്ഥപത്രവിലസന്മധ്യപ്രദേശോഭവേൽ.

| അന്വയം. | അൎത്ഥം. |
| --- | --- |
| കൂടഃ | = കൂടം |
| ധുൎദ്ധൂരപ്രസവോപമഃ | = ഉമ്മത്തിൻപൂവിൻെറ ആകൃതിയിൽ |
| അഷ്ടനൃപകോണഃ | = എട്ടോ പതിനാറോ കോണുകളോടുകൂടി |
| തഥാ വൎത്തുളഃ വാ | = അപ്രകാരം വൃത്തമായോ |
| അഥവാ സംഫുല്ലാബ്ജയുതഃ | = അല്ലെങ്കിൽ വികസിച്ച താമരപ്പൂവിൻെറ ആകൃതിയോടുകൂടിയോ |
| സ്വമധ്യാൽ അധഃ | = തൻെറ പകുതിക്കുതാഴെ |
| ഗുളികാരൂപഃ | = ഗോളരൂപമായും |
| വിസ്താരദ്വിഗുണായതഃ | = വിസ്താരത്തിൻെറ ഇരട്ടി ദീൎഘത്തോടുകൂടിയോ |
| അഥവാ തദൂരഗാദ്യംശോനദീൎഘഃ | = അല്ലെങ്കിൽ അതിൻെറ എട്ടുമുതൽ പതിനൊന്നുവരെയുള്ള അംശങ്ങളിൽ ഒരംശം കുറഞ്ഞ ദീൎഘത്തോടുകൂടിയോ |
| അബ്ധ്യാദിയവോത്ഥപത്രവില-സന്മധ്യപ്രദേശഃ ഭവേൽ | = നാലുയവംമുതലുള്ള പത്രങ്ങളെക്കൊണ്ടു മദ്ധ്യപ്രദേശം അലങ്കാരത്തോടുകൂടിയിരിക്കണം |

സാ—കൂടം ഉമ്മത്തിൻപൂവിൻെറ ആകൃതിയിലിരിക്കണം, എട്ടോ പതിനാറോ വട്ടമായോ വൃത്തമായോ ചെയ്യാം. വികസിച്ചതാമരദളങ്ങളുടെ ആകൃതിയിലും ചെയ്യാവുന്നതാണു്. കൂടത്തിൻെറ നീളത്തിനുപകുതിക്കുതാഴെ ഗോളരൂപമായിരിക്കണം. ഇതിൻെറ നീളം വീതിയുടെ ഇരട്ടിയാണു്. ഈ നീളത്തെ എട്ടുമുതൽ പതിനൊന്നുവരെ ഭാഗിച്ചു് ഒരു ഭാഗം കുറയ്ക്കുകയുംചെ

യ്യാം. നാലു യവപ്രമാണം മുതൽ ക്രമേണ വർദ്ധിപ്പിച്ചുമദ്ധ്യഭാഗത്തു പത്രങ്ങളും ചെയ്തുകൊള്ളണം.

കൂ-പ്രായസ്സർവ്വലുപാഗ്രഘനോന്മിതപരീണാഹംകാരോത്തര-
വ്യാസപ്രായതതംതഥാംഗുലകൃതൈര്യോന്യാദിഭിസ്സംയുതം
പട്ടംകോടിലുപാവിതാനസദൃശായാമംലുപാസംഗമ-
സ്ഥാനംപത്രവദൂർദ്ധ്വമിത്ഥമുദിതം കൂടസ്വരൂപാദികം. ൧൧

| അന്വയം. | അർത്ഥം. |
|---|---|
| കൂടഃ പ്രായഃ | = കൂടം മിക്കവാറും |
| സർവ്വലുപാഗ്രഘനോന്മിതപരീണാഹം | = എല്ലാകഴുക്കോലുകളുടേയും കനപ്രമാണമായചുററുകൊണ്ടോ |
| ഉത്തരവ്യാസപ്രായതതം | = ഉത്തരവിസ്താരത്തോടു സമമാ |
| തഥാ അംഗുലകൃതൈഃ | = പിന്നീടു് അംഗുലം (യോ കൊണ്ടു കല്പിക്കപ്പെട്ട |
| യോന്യാദിഭിഃ സംയുതം | = യോനിപ്രനാനമായ ചുററോ ട്ടുകൂടിയോ |
| കരോതു | = ചെയ്യണം |
| ലുപാസംഗമസ്ഥാനം പട്ടം | = കഴുക്കോലുകൾ ചെന്നുചേരുന്നസ്ഥാനമായ പട്ടം |
| കോടിലുപാവിതാനസദൃശായാമം | = മൂലക്കഴുക്കോലിൻെറ വിതാനരേഖയോടു സമമായിരിക്കണം. |
| പത്രവൽഊർദ്ധ്വം | = പത്രവിശേഷങ്ങളോടുകൂടി ഊർദ്ധ്വാംഗമായ |
| കൂടസ്വരൂപാദികം | = കൂടത്തിൻെറആകൃതിമുതലായ |
| ഇത്ഥം ഉദിതം | = ഇപ്രകാരം പറകപ്പെട്ടു. (തു |

സാ:—കഴിഞ്ഞശ്ലോകംകൊണ്ടുപറഞ്ഞതും ഈ ശ്ലോകംകൊണ്ടു പറയുന്നതും ചതുർമോ, വൃത്തമോ പട്ടമോ ആയ ഗൃഹങ്ങളുടെ കൂടത്തെക്കുറിച്ചാണു്. കൂടത്തിൽ ചെല്ലുന്ന കഴുക്കോലുകളുടെ കനം കൂടത്തിൻെറ ആകെയുള്ള ചുററളവായി കല്പിക്കാം. മിക്കവാറും ഉത്തരവിസ്താരത്തോടുസമമായും അല്ലെങ്കിൽ അംഗുലംകൊണ്ടു് അപ്രകാരം യോനിപ്പെടുത്തിയും ചെയ്യാവുന്നതാണു്. കഴുക്കോൽ ചെന്നുചേരുന്ന കൂടത്തിൻെറ മേൽപ്പട്ടത്തിനു കോടിക്കഴുക്കോലിൻെറ വിതാനരേഖയോളം നീളമുണ്ടായിരിക്കണം. പത്രംമുതലായ ചിത്രങ്ങളോടുകൂടി ഊർദ്ധ്വാംഗത്തിലെ ഒരവയവമായ കൂടത്തിൻെറ ആകൃതിമുതലായതു് ഇങ്ങനെ പറകപ്പെട്ടിരിക്കുന്നു.

മൂ-ആയതചതുരശ്രഗൃഹേ വികൃതലുപാ വംശബന്ധകൂടഗതാഃ
വംശസ്ഥാഗ്രാസ്ത്വന്യാഃ പ്രകൃതിലുപാഃ കീലിതാഹ്യയഃകീലൈഃ

അന്വയം. | അൎത്ഥം.
---|---
ആയതചതുരശ്രഗൃഹേ | = നീളം കൂട്ടതലുള്ള ചതുരശ്രഗൃഹങ്ങളിൽ
വികൃതലുപാഃ | = കോടി, കോടാകണ മുതലായ കഴുക്കോലുകൾ
വംശബന്ധകൂടഗതാഃ | = മോന്തായത്തിൽ ചെലുത്തീട്ടുള്ള കൂടത്തിൽ സ്ഥാപിക്കേണ്ടതാണു്.
അന്യാഃ പ്രകൃതിലുപാഃ തു | = മററുള്ള മഞ്ചക്കഴുക്കോലുകൾ
വംശസ്ഥാഗ്രാഃ | = അഗ്രവംശത്തിൽ സ്ഥാപിച്ചും
അയഃകീലൈഃ | = ഇരുമ്പാണികൾകൊണ്ടു്
കീലിതാഃ ഹി | = തറച്ചുകൊള്ളേണ്ടതാണു്.

സാ:—ഒൻപതു്, പത്തു് മുതലായ അംശങ്ങളെക്കൊണ്ടു് വിസ്താരദീൎഘം കല്പിക്കുന്ന ഗൃഹങ്ങൾക്കു്, കോടി ഉപകോടി മുതലായ തിരുവുകഴുക്കോലുകളെല്ലാം മോന്തായത്തിൻെറ ചുവട്ടിലും തലയ്ക്കലുമുള്ള കൂടത്തിൽ സ്ഥാപിക്കേണ്ടതാണു്. മററുള്ള മഞ്ചുകഴുക്കോലുകൾ മോന്തായത്തിൽ ചേൎത്തു് ഇരുമ്പാണിതറച്ചുറപ്പുവരുത്തിക്കൊള്ളണം. ശാസ്ത്രവചനമിങ്ങിനെയാണെങ്കിലും അവിടവിടത്തെ നടപ്പനുസരിച്ചു ബലമായരീതിയിൽ ചെയ്യാവുന്നതാണു്.

മൂ— വംശാഗ്രമൂലശിഖയായദികൂടപാൎശ്വ-
രന്ധ്രപ്രദേശകൃതസന്ധിരിഹാജ്ജയുധഃ
ആധാരഭേദകൃതസന്ധിവശേന കൂട-
സ്യാധോഗതം ഭവതി മൂലമിഹാപിനിത്യം.

അന്വയം. | അൎത്ഥം.
---|---
വംശാഗ്രമൂലശിഖയാ | = മോന്തായത്തിൻെറ ചുവട്ടിലും തലയ്ക്കലുമുള്ള കുടുമയോടു്
കൂടപാൎശ്വരന്ധ്രപ്രദേശകൃതസന്ധിഃ | = കൂടത്തിൻെറ പാട്ടിലുള്ള രന്ധ്രത്തിൽ സന്ധിവരുന്നുവെങ്കിൽ
ഇഹ അജ്ജയുധഃ | = ഇവിടെ അജ്ജയുധസന്ധിയാകുന്നു
ആധാരഭേദകൃതസന്ധിവശേന | = ആധാരാധേയരൂപമായുള്ള സന്ധിഭേദത്തെ അനുസരിച്ചു്
ഇഹ അപി | = ഇവിടെയും
കൂടസ്യ മൂലം | = കൂടത്തിൻെറ ചുവട്ടു്
അധോഗതം ഭവതി | = കീഴ്ഭാഗമായി ഭവിക്കുന്നു

സാഃ—മോന്തായത്തിന്റെ ചുവട്ടിലും തലയ്ക്കലുമുള്ള കുടുമകളിൽ കൂടത്തിന്റെ പാർശ്വഭാഗം സന്ധിപ്പിക്കുന്നുവെങ്കിൽ ഇതിന് അജയുദ്ധസന്ധിയെന്നു പറയപ്പെടുന്നു. കീഴ്മേലുള്ള ദ്രവ്യങ്ങളുടെ ചുവടും തലയും ആധാരമെന്നും ആധേയമെന്നുമുള്ള ഭേദത്തെ അനുസരിച്ചാണു നിശ്ചയിക്കേണ്ടതു്. ഇവിടെ ആധാരം കൂടങ്ങളും ആധേയം മോന്തായവുമാകുന്നു. അതുകൊണ്ടു്, ആധാരരൂപമായ ഈ കൂടത്തിനു ചുവടു, കീഴായിത്തന്നെയിരിക്കേണ്ടതാണു്.

മൂ—മൂലപ്രദേശവിലസല്ലൂബളീസുലഗ്ന-
വംശാഗ്രമൂലപരികീലിതദാരുകീലഃ
വംശാവലംബിതവശാദയമൂർദ്ധ്വമൂലം
കൂടോയഥോർദ്ധ്വമവലംബിതബാലകൂടഃ.

| അന്വയം. | അർത്ഥം. |
|---|---|
| കൂടഃ | = കൂടം |
| മൂലപ്രദേശവിലസല്ലൂബളീ-<br>സുലഗ്നവംശാഗ്രമൂലപരി-<br>കീലിതദാരുകീലഃ | = ചുവട്ടിലുള്ള രന്ധ്രങ്ങളിൽ ചേർക്കപ്പെട്ട മോന്തായത്തിന്റെ ചുവട്ടിലും തലയ്ക്കലും മരയാണിതറച്ചു് |
| അയം | = ഈ കൂടം (ഉറപ്പിച്ചുകൊള്ളണം |
| വംശാവലംബിതവശാൽ | = മോന്തായത്തെ ആശ്രയിക്കുന്നതു (കൊണ്ടു് |
| ഊർദ്ധ്വമൂലം ഭവതി | = ചുവടു മേലായി ഭവിക്കുന്നു. |
| കൂടം യഥാ | = കൂടം യാതൊരുപ്രകാരമോ |
| തഥാ ബാലകൂടഃ | = അപ്രകാരം ബാലകൂടവും |
| ഊർദ്ധ്വം അവലംബിത | = മേലുള്ള ദ്രവ്യത്തെ ആശ്രയിക്കുന്നു. |

സാഃ—ഇവിടെ ആധാരം മോന്തായവും ആധേയം കൂടവുമാണു്. കൂടം മോന്തായത്തിൽ ചേർത്തു മരയാണിയിട്ടുകൊള്ളണം. ആധാരമായ മോന്തായത്തെ ആശ്രയിച്ചു കൂടം സ്ഥിതിചെയ്യുന്നതുകൊണ്ടു് കൂടത്തിന്റെ ചുവടു് മുകളിലായിരിക്കണം. ഇതുപോലെതന്നെ ബാലകൂടവും അലങ്കാരയുത്തരം മുതലായ ആധാരദ്രവ്യങ്ങളെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടു്, അതിന്റെയും ചുവടു് മുകളിലായിരിക്കേണ്ടതാണു്. കൂടത്തെ സംബന്ധിച്ചു പറഞ്ഞിട്ടുള്ള ഈ വിധിയിൽ വ്യത്യസ്തമായിട്ടാണു ഇപ്പോഴത്തെ മിക്കവാറുമുള്ള ആചാരങ്ങൾ മനുഷ്യാലയങ്ങൾക്കു മിക്കവാറും ആവശ്യമില്ലായ്കയാൽ തൽസംബന്ധമായി ഇവിടെ എടുത്തു പറയണമെന്നു വിചാരിക്കുന്നില്ല.

മൂ-മുഖസഹിതായതഭവനേ മുഖപൎയ്യന്തായതോഭവേദ്വംശഃ
ഗേഹവദേവമുഖാനാ മുത്തരമൂലാഗ്രയോഗവിധിനിയമഃ.

| അന്വയം. | അൎത്ഥം. |
|---|---|
| മുഖസഹിതായതഭവനേ | = മുഖായതമുള്ള ഗൃഹത്തിൽ |
| വംശഃ മുഖപൎയ്യന്തായതഃ-ഭവേൽ | = മോന്തായം മുഖംവരെ നീളമുണ്ടായിരിക്കണം |
| മുഖാനാം | = മുഖപ്പുകളുടെ |
| ഉത്തരമൂലാഗ്രയോഗവിധി-നിയമഃ | = ഉത്തരത്തിൻെറ ചുവട്ടിലും തലയ്ക്കലും സന്ധിചെയ്യുന്ന നിയമം |
| ഗേഹവൽഏവ | = ഗൃഹത്തിനു വിധിച്ചിട്ടുള്ളതുപോലെ തന്നെ. |

സാ:—കോടിക്കഴുക്കോലില്ലാതെ മുഖപ്പായി പണിചെയ്യുന്നതിനു് മോന്തായത്തിൻെറ നീളം ഉത്തരത്തിൻെറ മുഖായാമത്തോടു തുല്യമായി വേണ്ടതാണു്. ഈ മുഖപ്പുകളുടെ ഉത്തരത്തിൻെറ സന്ധിക്രമവും മററും ഗൃഹങ്ങൾക്കു വിധിച്ചിട്ടുള്ള രീതിയനുസരിച്ചു ചെയ്യേണ്ടതാണു്.

## കഴുക്കോലുകളുടെ വിധി.

മൂ-സൎവ്വത്രേഷ്ടാബ്ധ്യശ്രേ തിൎയ്യഗതഃകല്പിതാത്രരേഖായാ
സാഹിംഭുജാഥോൎദ്ധ്വാഗ്രാകോടീസ്യാൽകോണഗാമിനീകൎണ്ണം

| അന്വയം. | അൎത്ഥം. |
|---|---|
| സൎവ്വത്രേ ഇഷ്ടാബ്ധ്യശ്രേ | = എല്ലായിടത്തും ഇഷ്ടമായ ചതുരശ്രത്തിൽ |
| അഥ തിൎയ്യക് | = കീഴ്ഭാഗത്തു വിലങ്ങത്തിലായി |
| അത്ര യാ രേഖാ കല്പിതാ | = ഇവിടെ യാതൊരു രേഖ വരയ്ക്കപ്പെട്ടുവോ |
| സാ ഭുജാ ഹി | = അതു ഭുജയാകുന്നുവല്ലോ. |
| അഥ ഊൎദ്ധ്വാഗ്രാ | = പിന്നീടു കീഴ്മേൽ |
| യാ രേഖാ | = യാതൊരു രേഖ ഭവിക്കുന്നുവോ |
| സാ കോടീ സ്യാൽ | = അതു രേഖ കോടിയാകുന്നു. |
| കോണഗാമിനീകൎണ്ണം | = കോൺവഴിക്കുള്ള രേഖ കൎണ്ണനാകുന്നു. |

സാ:—എല്ലായിടവും ചതുരശ്രരൂപത്തിലുള്ള വരയിൽ താഴെ വിലങ്ങത്തിലുള്ള വര 'ഭുജ'യെന്നും മേല്പോട്ടുള്ള വരയ്ക്കു 'കോടി'യെന്നും പറയുന്നു. ഇതിൻെറ കോണോടുകോണുള്ള രേഖ, കൎണ്ണനാകുന്നു.

മൂ-സുശ്ലക്ഷ്ണേഫലകാതലേക്ഷിതിതലേവാഗേഹതാരാൎദ്ധമാ-
നാബ്ജൃശ്രംതദധോഭുജാപരിമിളൽക്ഷുദ്രോത്തരോച്ഛ്രായിതം
തസ്യാധോഘനമുത്തരസ്യചലുപാലംബം ച തിൎയ്യഗ്ഗതൈഃ
സൂത്രൈഃകല്പയതൂത്തരോപരിലുപാപങ്ക്തിം ചയുജ്യാത്തതഃ.

| അന്വയം. | അൎത്ഥം. |
|---|---|
| സുശ്ലക്ഷ്ണേ ഫലകാതലേ | = നിരപ്പുള്ള പലകയിലോ |
| ക്ഷിതിതലേ വാ | = അതുപോലെ ഭൂമിയിലോ |
| ഗേഹതാരാൎദ്ധമാനാബ്ജൃശ്രം | = ഗൃഹവിസ്താരത്തിന്റെ പകുതി യളവിൽ ഒരു ചതുരശ്രവും |
| തദധഃ ഭുജാപരിമിളൽക്ഷു- | = അതിന്റെ താഴെയുള്ള ഭുജയോ |
| ദ്രോത്തരോച്ഛ്രായിതം | = ടുചേൎത്തു് ചിറവുത്തരത്തിന്റെ ഉയരവും |
| തസ്യ അധഃ | = അതിനുതാഴെ |
| ഉത്തരസ്യ ഘനം ച | = ഉത്തരത്തിന്റെ കനവും |
| ലുപാലംബം ച | = കഴുക്കോൽതാഴ്ചയും |
| തിൎയ്യഗ്ഗതൈഃ സൂത്രൈഃ | = വിലങ്ങത്തിലുള്ള രേഖകളെക്കൊ(ണ്ടു് |
| കല്പയതു | = കല്പിക്കണം |
| തതഃ ഉത്തരോപരി | = പിന്നീടു് ഉത്തരത്തിന്റെമേൽ |
| ലുപാപങ്ക്തിം ച യുജ്യാൽ | = കഴുക്കോല്പത്തിയും, യോജിപ്പിക്കണം. |

സാ:—ഏററവും നിരപ്പുള്ള പലകയിലോ നിരപ്പുള്ള നിലത്തോ ഗൃഹത്തിന്റെ വിസ്താരത്തിൽ പകുതി അളവുള്ള ഒരു ചതുരശ്രം വരയ്ക്കണം. ഇതിന്റെ താഴെ വിലങ്ങത്തിലുള്ള രേഖ ഭുജയും, മേല്പോട്ടുള്ള രേഖ കോടിയുമാണല്ലോ. ഈ ഭുജരേഖയിൽ ചിറവുത്തരത്തിന്റെ പൊക്കവും ഉത്തരക്കനവും കഴുക്കോൽ താഴ്ചയും ക്രമേണ വിലങ്ങത്തിലായി വരയ്ക്കണം. ഉത്തരരേഖയുടെ മേൽ താഴെപ്പറയുന്ന ക്രമമനുസരിച്ചു് കഴുക്കോലിന്റെ ഭാഗങ്ങളും കല്പിക്കണം. ഗൃഹത്തിന്റെ വിസ്താരാൎദ്ധമായ ചതുരശ്രം പലകയിലോ തറയിലോ വരയ്ക്കുയെന്നുള്ളതു സുസാദ്ധ്യമല്ല. ഇതു വിഷമിക്കാതെ ശില്പകുശലന്മാരായ ഏതൽപ്രവൎത്തകന്മാർ ഇപ്പോഴും അനുവൎത്തിച്ചുപോരുന്ന സമ്പ്രദായംതന്നെയാണു് സുഗമമായിട്ടുള്ളതു്.

മൂ— സംഖ്യാഃകോട്യുപകോടികാദിവികൃതാ-
നാംയാലുപാനാംതത-
സ്താസ്സംഖ്യാദ്വിഗുണൈകസംഖ്യരഹിതാം
കല്പ്യാസ്തുസൎവ്വത്രച

ദ്വേ ദ്വേ കോട്യുപകോടികാദിവികൃതാനാ-
മന്തരാളേപൃഥക്
തത്രൈകാഗൃഹകാരമധ്യനികടേ-
പ്യേവം വിഭാഗോമതഃ.

| അന്വയം. | അൎത്ഥം. |
|---|---|
| തതഃ | = അനന്തരം |
| കോട്യുപകോടികാദിവികൃതാനാംലുപാനാം | = കോടി ഉപകോടി മുതലായ തിരുവുകഴുക്കോലുകളുടെ |
| യാഃ സംഖ്യാഃ ഭവന്തി | = യാവചിലസംഖ്യകൾ ഭവിക്കുന്നു |
| താഃ സംഖ്യാഃ | = ആ സംഖ്യകൾ |
| ദ്വിഗുണൈകസംഖ്യാരഹിതാഃ | = ഇരട്ടിച്ചു് ഒന്നു കുറച്ചിട്ടു് |
| സൎവ്വത്ര കല്പ്യാഃ | = എല്ലായിടത്തും കല്പിക്കേണ്ടവയാ(ണു് |
| കോട്യുപകോടികാദിവികൃതാനാം അന്തരാളേ | = കോടിമുതലായ തിരുവുകളുടെ മദ്ധ്യത്തിൽ |
| പൃഥക് ദ്വേ ദ്വേ | = വെവ്വേറെ ഈ രണ്ടു ഭാഗങ്ങളും |
| തത്രഗൃഹതാരമധ്യനികടേ- ഏക അപി | = അവിടെ ഗൃഹവിസ്താരത്തിൻെറ മദ്ധ്യരേഖയ്ക്കു് അടുത്തു ഒരുഭാഗവും |
| ഏവം വിഭാഗഃ മതഃ | = ഇപ്രകാരം കഴുക്കോൽഭാഗം സമ്മതമാകുന്നു. |

സാ—ഗൃഹവിസ്താരത്തിൻെറ പകുതിയളവുള്ള ചതുരശ്രത്തിൽ ഉത്തരരേഖ വരച്ചിട്ടുണ്ടല്ലോ. ആ ഉത്തരരേഖയിൽ ഗൃഹവിസ്താരത്തിൻെറ പകുതിയിൽ എത്രകഴുക്കോലുകൾഉണ്ടോ അതിനെ ഇരട്ടിച്ചു ഒന്നു കുറയ്ക്കുമ്പോൾ എത്ര സംഖ്യവരുമോ അത്രയും ഭാഗമായി അംശിക്കണം. പിന്നീട്ടു് കോൺരേഖയുടെ സ്ഥാനമായ കോണിൽനിന്നു ഈ രണ്ടുഭാഗവും വയ്ക്കുമ്പോൾ ഉപകോടി, അനുപകോടി, മുതലായ കഴുക്കോലിൻെറസ്ഥാനങ്ങൾ കിട്ടും. ഗൃഹത്തിൻെറ മദ്ധ്യമായ കോടിരേഖയുടെ അടുത്തു ഒരുഭാഗവും വരും. ഇങ്ങിനെയുള്ള കഴുക്കോലിൻെറ വിഭാഗം ശാസ്ത്രസമ്മതമാകുന്നു. ഈ രണ്ടുഭാഗംകൂടിയ കഴുക്കോലിൻെറ ആ സ്ഥാനം പ്രത്യേകം രേഖപ്പെടുത്തിക്കൊള്ളണം.

മൂ— ഇതിവികൃതിലുപാനാംപങ്ക്തിമാകൽപ്യതത്തൽ-
സ്ഥിതിനിയമകൃതാങ്കോ യത്തദാക്രാന്തകണ്ണം
നിയതകൃതലുപാലംബാദഥാക്കുടപാൎശ്വം
ഭവതിപൃഥഗമീഷാംദീൎഘമാനംലുപാനാം.

| അന്വയം. | അൎത്ഥം. |
| --- | --- |
| ഇതി വികൃതിലുപാനാം | = ഇങ്ങിനെ തിരുവുകഴുക്കോലുകളുടെ |
| പങ്ക്തിം അകല്പ്യ | = ഭാഗം ചെയ്തിട്ട് |
| തത്തൽസ്ഥിതിനിയമ-കൃതാങ്കഃ | = അതാതിന്റെ സ്ഥാനമെന്നു നിശ്ചയിക്കപ്പെട്ട രേഖയെ ലക്ഷ്യമാക്കി |
| അഥ | = പിന്നീട് |
| നിയതകൃതലുപാലംബാൽ | = നിശ്ചയിക്കപ്പെട്ട കഴുക്കോൽതാഴ്ച (മുതൽ |
| ആകൂടപാൎശ്വം | = കൂടത്തിന്റെ പുറംവരെ |
| ആക്രാന്തകൎണ്ണം | = കൎണ്ണമാൎഗ്ഗമായിട്ട് |
| യൽ ഭവതി | = യാതൊരളവു ഭവിക്കുന്നു |
| തൽ അമീഷാം ലുപാനാം- | = അത് ഈ കഴുക്കോലുകളുടെ |
| ദീൎഘമാനം ഭവതി | = നീളമാകുന്നു. |

സാ—വിസ്താരാൎത്ഥരൂപമായ ചതുരശ്രരേഖയുടെ കൎണ്ണദീൎഘം മഞ്ഞുകഴുക്കോലിന്റെ നീളമാണല്ലോ. ആ നീളം ഭുജരേഖയിൽനിന്നു മേല്പോട്ടുവച്ചു കോടിരേഖയിൽ അടയാളപ്പെടുത്തിക്കൊള്ളണം. പിന്നീട് മുൻപെ അടയാളപ്പെടുത്തിയ കോടികോടാ കണ മുതലായ കഴുക്കോലുകളുടെ സ്ഥാനത്തുനിന്നും കോടിരേഖയിലുള്ള ആ അടയാളത്തെ ലക്ഷ്യമാക്കി ഓരോ രേഖകൾ കല്പിക്കണം. അപ്പോൾ കോടി രേഖയുടെമേൽ ഒരു സ്ഥാനത്തുനിന്നും പുറപ്പെട്ട് ഉത്തരരേഖയിലെ കഴുക്കോൽസംഖ്യകൾക്കനുകൂലമായി വിതാനരേഖവരെ ആ രേഖകളുണ്ടായിരിക്കുമല്ലോ. ആ കഴുക്കോൽതാഴ്ചയുടെ രേഖമുതൽ മേൽകൂടവിസ്താരത്തിന്റെ പകുതിവരെയുള്ള ആ ഓരോ രേഖയുടേയും നീളം കൂടത്തിന്റെ പുറംവരെയുള്ള ഓരോ കഴുക്കോലിന്റെയും നീളമാകുന്നു. ഇവിടെ വിസ്താരാൎദ്ധത്തെ അംശപ്രകാരം ചെറുതാക്കി സങ്കല്പിച്ച് ആ പ്രകാരമുള്ള ചതുരശ്രരേഖയിൽനിന്നും ഇങ്ങിനെ കഴുക്കോൽനീളമറിയാവുന്നതാണ്. വിസ്താരത്തെ എത്ര അംശംകൊണ്ട് ചുരുക്കിയൊ ഇവിടെകിട്ടിയ ദീൎഘം അത്രമാത്രം വൎദ്ധിപ്പിക്കുമ്പോൾ കഴുക്കോലുകളുടെ ആകെയുള്ള നീളം കിട്ടുന്നതാണ്.

മൂ-സൎവ്വോത്താത്തരതാരതുല്യമൃജ്ജുമഞ്ഞാനാംലുപാനാംതതം
തദ്വ്യാസാദ്രിരസാംശകാബ്ധ്യനലഭാഗൈകോനിതംവാന്വിതം
ദീൎഘഞ്ഞോത്തരതാരതോംഘ്രിരഹിതംദീൎഘംചസാൎദ്ധംപുനഃ
കാൎയ്യംതൽഘനമംഗുലേനയവവൃദ്ധ്യായാവദ്യതാംഗുലം. ൨൦

| അന്വയം. | അൎത്ഥം. |
| --- | --- |
| ഋജ്ജുമഞ്ഞാനാം ലുപാനാം | = മഞ്ഞുകഴുക്കോലുകളുടെ വീതി |

സൎവ്വത്ര (തതം = എല്ലാ ഗൃഹങ്ങളിലും
ഉത്തരതാരതുല്യം = ഉത്തരവിസ്താരത്തോടു സമമായും
തദഷ്ടസപ്തർതുസാഗ്നികാബ്ധ്യ- = ആ വീതിയുടെ എട്ടു്, ഏഴു്,
നലഭാഗൈകേനോനിതം ആറു്, അഞ്ചു്, നാലു്, മൂന്നു്
ഈ അംശങ്ങളിൽ ഒന്നു കുറച്ചോ
അന്വിതം വാ = കൂട്ടിയോ
ഉത്തരതാരതഃ ദ്വിഘ്നം ച = ഉത്തരവീതിയെ ഇരട്ടിച്ചും
അംഘ്രിരഹിതം ദ്വിഘ്നം = ഒന്നേമുക്കാൽ ഭാഗംകൊണ്ടും
പുനഃ സാൎദ്ധം = പിന്നെ ഒന്നരഭാഗംകൊണ്ടും
കാൎയ്യം = ചെയ്യാവുന്നതാണു്
അംഗുലേന യവവൃദ്ധ്യാ = ഒരംഗുലംമുതൽ നെല്ലിടകൊണ്ടു
യാവൽ ഋത്വംഗുലം = ആറംഗുലംവരെ (വൎദ്ധിച്ചു്
തൽഘനം കാൎയ്യം = അതിൻെറ കനവും ചെയ്യാവുന്നതാണു്

സാ:—മഞ്ചിൻെറ വീതി ഉത്തരവീതിയോടു് തുല്യമായോ, ആ വീതിയെ മൂന്നുമുതൽ എട്ടുവരെയുള്ള അംശങ്ങളെക്കൊണ്ടു ഭാഗിച്ചു് ഒരംശം കൂട്ടുകയും കുറയ്ക്കുകയും ചെയ്യാം. ഉത്തരവിസ്താരത്തിൻെറ ഒന്നരഭാഗംകൊണ്ടും, ഒന്നേമുക്കാൽ ഭാഗംകൊണ്ടും രണ്ടുഭാഗംകൊണ്ടും കല്പിക്കയും ചെയ്യാം. അതിൻെറ കനം ഒരംഗുലം മുതൽ ആറംഗുലം വരെയാകാം.

മൂ— അബ്ധ്യശ്രം മഞ്ചകസ്യപ്രതതിമിതമഥാകല്പ്യ-
തൽകൎണ്ണമൎദ്ധീ-
കൃത്യന്യസ്യേൽ ഭുജായാമഥ വികൃതലുപാവങ്കതി-
മത്രൈവകുൎയ്യാൽ
തത്തൽകൎണ്ണപ്രമാണാഃ ഖലുവികൃതലുപാനാംപൃ-
ഥഗ്വിസ്തൃതിസ്സ്യാൽ
പാൎശ്വേകാൎയ്യം ധ്വജാതിത്രയമപി ച വിതാനഞ്ച-
ലംബഞ്ചസൂത്രം. ൮൧

അന്വയം. അൎത്ഥം.

മഞ്ചകസ്യപ്രതതിമിതം = മഞ്ചിൻെറ വീതിയോടു സമമായ
അബ്ധ്യശ്രം ആകല്പ്യ = ഒരു ചതുരശ്രരേഖയുണ്ടാക്കി
തൽകൎണ്ണം അൎദ്ധീകൃത്യ = അതിൻെറ കൎണ്ണരേഖയെ അൎദ്ധിച്ചു
ഭുജായാം ന്യസ്യേൽ = ഭുജാരേഖയിൽ അടയാളപ്പെടുത്തണം.
അഥ അത്ര = പിന്നീടു് ആ അടയാളത്തിനുള്ളിൽ

വികൃതല്പപാപങ്ക്തിം = തിരുവുകഴുക്കോലിന്റെ ഭാഗത്തെ
കുര്യാൽ = ചെയ്യണം
തത്തൽകർണ്ണപ്രമാണാഃ = അതാതുകളുടെ കോണോടുള്ള അള
വികൃതല്പപാനാം = തിരുവുകഴുക്കോലുകളുടെ (വൃകൾ
വിസ്തൃതിഃ പൃഥക്സ്യാൽ = വീതി വെവ്വേറെ ഭവിക്കും
പാർശ്വേ = കഴുക്കോൽപാട്ടിൽ
ധ്വജാദിത്രയം അപി = കൊട്ടുനൂൽ മുതലായ മൂന്നു ദീർഘരേ
വിതാനം ച ലംബം ച = തട്ടരേഖയും തൂക്കരേഖയും (ഖയും
കുര്യാൽ = ചെയ്യണം

സാ— മഞ്ചിന്റെ വിസ്താരസമമായി ഒരു ചതുരശ്രം വരയ്ക്കണം. ആ ചതുരശ്രത്തിന്റെ കർണ്ണപ്രമാണത്തെ അഢിച്ചു് ഭുജരേഖയിൽ അടയാളപ്പെടുത്തണം. ആ അടയാളരേഖാമുതൽ കോടിയിലെ കോൺവരെയുള്ള ദീർഘം മൂലക്കഴുക്കോലിന്റെ വീതിയാണ്. ഭുജയിലെ ആ അന്തരം കഴുക്കോൽസംഖ്യയനുസരിച്ചു ഭാഗിച്ചു് അതാതിന്റെ കർണ്ണപ്രമാണമായ അളവു് ഉപകോടി മുതലായവയുടെ വിസ്താരമാണു്. പിന്നീടു് പാട്ടിൽ മദ്ധ്യ കൊട്ടുനൂൽരേഖയും, അതിന്റെ ഇരുപുറവും ഓരോ രേഖകളും, യഥാക്രമം തട്ടുരേഖകളും തൂക്കരേഖകളും കല്പിച്ചുകൊള്ളണം.

മൂ— ധ്വജസൂത്രസ്യോഭയതോദ്വ്യംഗുലമാനേനകല്പയേൽസൂത്രം
തദധസ്താദപ്യൂർദ്ധ്വംതത്തദ്വിസ്താരമാനനിയമസ്സ്യാൽ. ഛ

അന്വയം. അർത്ഥം.

ധ്വജസൂത്രസ്യ ഉഭയതഃ = കൊട്ടുനൂൽരേഖയുടെ ഇരുപുറവും
ദ്വ്യംഗുലമാനേന = രണ്ടംഗുലം അകലെ
സൂത്രം കല്പയേൽ = ഓരോ രേഖയെ കല്പിക്കണം
തത്തദ്വിസ്താരമാനനിയമഃ = അതാതിന്റെ വീതിയുടെ അളവു്
തദധസ്താൽ = അതിനുതാഴെയും
ഊർദ്ധ്വം അപി = മുകളിലും
കാര്യം സ്യാൽ = ചെയ്യേണ്ടതാണു്.

സാ— കഴുക്കോലിന്റെ രണ്ടു പാട്ടിലും മദ്ധ്യ ചുവടുമുതൽ അഗ്രംവരെ ഒരു രേഖ വരയ്ക്കണം. അതു് ധ്വജരേഖ (കൊട്ടുനൂൽ) എന്നു പറയപ്പെടുന്നു. ഈ രേഖയിൽനിന്നു് ഈരണ്ടംഗുലം ഇരുപുറത്തും മാററി ഓരോ രേഖകൾ വരച്ചുകൊള്ളണം. ഈ രണ്ടുരേഖകളും തട്ടം, തൂക്കം വരയ്ക്കേണ്ടയാവശ്യത്തിലേയ്ക്കാണു്. ഈ കൊട്ടുനൂലിൽനിന്നു കീഴ്പ്പോട്ടും മേല്പോട്ടുമായിട്ടു് അതാതു കഴുക്കോലുകളുടെ വീതിയും നിശ്ചയിച്ചുകൊള്ളണം.

മൂ— വ്യാസേസങ്കാംശിന്യധോബ്ധിപ്രമിതമുപരിബാണാംശി-
തംകല്പയിത്വാ
മദ്ധ്യേസൂത്രം ധ്വജാഖ്യംവിരചയതുലുപാപാർശ്വ-
യുഗ്മേസമന്താൽ
അദ്ര്യംശിന്യപ്യധസ്താദനലമിതമുദധ്യംശി-
തം ചോർദ്ധ്വഭാഗം
യദ്വാബാണാംശിതേഗ്നിപ്രമിതമുപരിദസ്രാംശി-
തംചാപ്യധസ്താൽ. ൨൩

| അന്വയം. | അർത്ഥം. |
|---|---|
| വ്യാസേ അങ്കാംശിനി | = വീതി ഒൻപതായി ഭാഗിച്ച് |
| അബ്ധിപ്രമിതം അധഃ | = നാലുഭാഗം താഴെയും |
| ബാണാംശിതം ഉപരി | = അഞ്ചുഭാഗം മുകളിലും |
| കല്പയിത്വാ മദ്ധ്യേ | = കല്പിച്ചിട്ട് നടുവിൽ |
| ലുപാപാർശ്വയുഗ്മേ | = കഴുക്കോലിന്റെ ഇരുപാട്ടിലും |
| സമന്താൽ ധ്വജാഖ്യം | = നെടുകേ ധ്വജരേഖ |
| രചയതു (സൂത്രം | = വരച്ചുകൊള്ളണം. |
| യദ്വാ അദ്ര്യംശിനി | = അല്ലെങ്കിൽ ഏഴായി ഭാഗിച്ച് |
| അനലമിതം അധസ്താൽ | = മൂന്നുഭാഗം കീഴിലും |
| ഉദധ്യംശിതം ഊർദ്ധ്വഭാഗം | = നാലംശം മേൽഭാഗവും |
| ബാണാംശിതേ | = അഞ്ചായി ഭാഗിച്ചാൽ |
| അഗ്നിപ്രമിതം ഉപരി | = മൂന്നംശം മേൽഭാഗവും |
| ദസ്രാംശിതം അധസ്താൽ അപി | = രണ്ടംശം കീഴ്ഭാഗമായും |
| ധ്വജാഖ്യം സൂത്രം രചയതു | = ധ്വജരേഖ വരച്ചുകൊള്ളണം. |

സാ:—കഴുക്കോലിന്റെ വീതി ഒൻപതായി ഭാഗിച്ച് നാലുഭാഗം കീഴിലും അഞ്ചുഭാഗം മുകളിലും വരുത്തി കഴുക്കോലിന്റെ രണ്ടുപാട്ടിലും എത്തിച്ചു കൊട്ടനൂൽ വരയ്ക്കണം. അഥവാ കഴുക്കോൽവീതി ഏഴായി ഭാഗിച്ചു മൂന്നംശം കൊട്ടനൂലിൽനിന്നു മേല്പോട്ടും നാലംശം കീഴ്പോട്ടും അല്ലെങ്കിൽ അഞ്ചായി ഭാഗിച്ചു മൂന്നംശം മേല്പോട്ടും രണ്ടംശം കീഴ്പോട്ടും വരുത്തിയും കൊട്ടനൂൽ വരയ്ക്കാവുന്നതാണ്.

മൂ—കൃത്വാവേദാംഗുലഞ്ച്യശ്രകമഖിലലുപാപാർശ്വയോർമ്മദ്ധ്യ-
സൂത്രേ
തദ്വേദാശ്രോത്ഥകർണ്ണദ്വിതയമിഹ വിതാനഞ്ചലംബഞ്ചവിദ്യാൽ
സർവ്വത്രൈതദ്വിധേയം ദ്വയമപിവലയസ്ഥാനകൂടാവസാന-
സ്ഥാനേഷ്വപ്യുത്തരാദ്യേഷ്വണിനിയമപദേനീവ്രലംബാന്തതോപി

| അന്വയം. | അൎത്ഥം. |
|---|---|
| അഖിലഖ്യപാൎശ്വയോഃ | = എല്ലാകഴുക്കോലുകളുടെ-ഇരുപുറവും |
| മദ്ധ്യസൂത്രേ | = കൊട്ടനൂൽരേഖയിൽ |
| വേദാംഗുലാബ്ധ്യശ്രകം | = നാലംഗുലം അളവിൽ-ചതുരശ്രരേഖയെ |
| കൃത്വാ | = കല്പിച്ചിട്ടു് |
| തദ്വേദാശ്രാൎത്ഥകൎണ്ണദ്വിതയം | = ആ ചതുരശ്രത്തിൻെറ-കൎണ്ണരേഖകൾരണ്ടും |
| ഇഹ വിതാനം ച ലംബം ച-വിദ്യാൽ | = ഇവിടെ തട്ടരേഖയെന്നും-തൂക്കരേഖയെന്നുമറിയണം |
| വലയസ്ഥാനകൂടാവസാന-സ്ഥാനേഷു | = വളയുടെ സ്ഥാനങ്ങളിലും കൂ-ടത്തിൽ ചേരുന്ന അഗ്രഭാഗത്തു |
| ഉത്തരാദ്യൎപ്പണനിയമപദേ | = ഉത്തരം മുതലായതിൽ സ്ഥാ-പിക്കുന്നതിനു നിശ്ചയിച്ച-സ്ഥാനത്തും |
| നീവ്രലംബാന്തരഃ | = വാമിടവിതാനത്തിലുമാകുന്നു |
| സൎവ്വത്ര അപി | = എല്ലായിടവും |
| ഏതൽ ദ്വിതയം | = ഈ തട്ടരേഖയും തൂക്കരേഖ- |
| വിധേയം | = ചെയ്തുകൊള്ളേണ്ടതാണു്. (യും |

സാഃ—കഴുക്കോലിൻെറ പാട്ടിൽ രണ്ടംഗുലംവീതം ധ്വജരേഖയിൽനിന്നു മാററി രണ്ടു രേഖകൾ വരച്ചിട്ടുണ്ടല്ലോ. ആ രേഖകളുടെ അന്തരമായ നാലംഗുലം ചതുരശ്രം വരുത്തി വിലങ്ങത്തിലായി രണ്ടു രേഖകൾ വരച്ചുകൊള്ളണം. ഈ ചതുരശ്രരേഖയുടെ കോണോടുകോണുലക്ഷ്യമാക്കി രണ്ടു കൎണ്ണരേഖകളും വരയ്ക്കണം. ഈ രേഖകളിൽ അകത്തെ അരികിൽനിന്നും നിരപ്പിൽ വെളിക്കോട്ടുള്ളതു വിതാനരേഖ (തട്ടരേഖ)യെന്നും അതുപോലെ ശരിമേല്പോട്ടുള്ളതു് ലംബരേഖ (തൂക്കരേഖ)യെന്നുമറിയണം. വളകളുടെ സ്ഥാനങ്ങളിലും, കൂടത്തിലോ, മോന്തായത്തിലോ ചേരുന്ന അഗ്രഭാഗത്തും കഴുക്കോൽത്താഴ്ചയുടെ പൎയ്യന്തസ്ഥാനത്തും ഈ തട്ടരേഖയും തൂക്കരേഖയും വരച്ചുകൊള്ളണം. ഇതു് ഗൃഹവിസ്താരത്തിൽ പകുതി മോന്തായപ്പൊക്കം വയ്ക്കുമ്പോഴുള്ള തട്ടും തൂക്കമാണു്. മോന്തായപ്പൊക്കം കുറയ്ക്കുമ്പോൾ അതനുസരിച്ചു തട്ടുരേഖയ്ക്കും തൂക്കരേഖയ്ക്കും വ്യത്യാസം വരുന്നതാണു്.

മൂ— ചൂളീവാകപ്രചിദല്പമന്ദിരവിധൌ തത്രാപിയുഗ്മാസ്മൃതാ
വിഷ്കംഭാശ്ചതദൎദ്ധസമ്മിതതദംഘ്ര്യഗ്രേഷ്വവംശോപിച

തസ്മാദംഘ്രിസമുച്ഛ്രയാത്ത്യജതുവാ കപാപ്യദ്രിനാഗാങ്കദി-
ഗ്രുദ്രാംശതഃ ഇഹ ചൂളികോപരി ലുപാശ്ച സാഗ്രധാന്യാന്വിതാഃ ॥

| അന്വയം | അൎത്ഥം |
|---|---|
| അല്പമന്ദിരവിധൌ | = ചെറിയ വീടു ചെയ്യുമ്പോൾ |
| കചിൽ ചൂളീ വാ | = ചിലടത്തു ചൂഴികയും (ചരിച്ചുത്തരവും) ആകാം. |
| തത്ര അപി | = അപ്രകാരമാണെങ്കിലും |
| വിഷ്കംഭാഃ യുഗ്മാഃ സ്മൃതാഃ | = വിട്ടങ്ങൾ ഇരട്ടയായിട്ടാണ് വിധിച്ചിരിക്കുന്നതു്. |
| തദൎദ്ധസമ്മിതതദംഘ്ര്യഗ്രേഷു | = അതിൽ പകുതി നീളത്തിൽ വിട്ടത്തിന്റെ മദ്ധ്യേയുള്ള കാലിന്റെ മുകളിൽ |
| വംശഃ അപി ച | = മോന്തായവും വയ്ക്കണം. |
| തസ്മാൽ അംഘ്രിസമുച്ഛ്രയാൽ | = ആ കാൽ നീളത്തിൽനിന്നു് |
| അദ്രിനാഗാങ്കദിഗ്രുദ്രാംശം | = ഏഴ്, എട്ട്, ഒൻപതു്, പത്തു്, പതിനൊന്നു് ഈ അംശങ്ങളിൽ ഒരു ഭാഗം |
| കാപി ത്യജതുവാ | = ചിലേടത്തു കുറയ്ക്കുകയും ചെയ്യാം. |
| ഇഹ | = ഇവിടെ |
| സാഗ്രധാന്യാന്വിതാഃ | = അവിടെ വിധിക്കപ്പെട്ട മോന്തായത്തോടുകൂടി |
| ചൂളികോപരി | = ചിററുത്തരത്തിന്റെ മേൽ |
| ലുപാഃ ച കാൎയ്യാഃ | = കഴുക്കോലുകളും ചെയ്യേണ്ടതാണു് |

സാ—ചില ചെറിയ വീടുകൾക്ക് ഉത്തരം ചെരിച്ചുവയ്ക്കാറുണ്ടു്. അങ്ങിനെയാണെങ്കിലും രണ്ടു് നാലു് ഈ ക്രമത്തിൽ വിട്ടങ്ങളുണ്ടായിരിക്കണം. വിട്ടത്തിന്റെ മദ്ധ്യത്തിൽ ഗൃഹവിസ്താരത്തിൽ പകുതി നീളത്തിൽ കാൽ നാട്ടി അതിൽവേണം മോന്തായം വയ്ക്കേണ്ടതു്. ഈ കാൽപൊക്കത്തെ ഏഴുമുതൽ പതിനൊന്നുവരെയുള്ള അംശങ്ങളെക്കൊണ്ടു ഭാഗിച്ചു് ഒരംശം കുറയ്ക്കുകയുമാകാം. ഈ മോന്തായത്തെ ലക്ഷ്യമാക്കി ഉത്തരപ്പുറത്തുതന്നെ കഴുക്കോലുകൾ സ്ഥാപിച്ചുകൊള്ളണം.

## തുമ്പുവാമിടവിധി.

മൂ:— വിസ്താരേപുനരുത്തരസ്യദശധാഭക്തേ്യ
രസാദ്ര്യഷ്ടദി-
ഗ്ഭാഗൈൎവ്വോത്തരതാരതോംഘ്രിരഹിതംവാദ്ര്യം-
ശിതേഗ്ര്യംശകൈഃ

വിസ്താരംപ്രകരോതുനിമ്നഫലകസ്യൈത-
ത്ത്രിഭാഗംഘനം
വിസ്താരേശരഭാജിതേപ്യഥഘനംദ്വാഭ്യാം
പ്രകുര്യാൽകചചിൽ. ൨൩

| അന്വയം | അർത്ഥം |
|---|---|
| ഉത്തരസ്യ വിസ്താരേ | = ഉത്തരത്തിൻെറ വീതി |
| ദശധാഭക്തേ | = പത്തായി ഭാഗിക്കുമ്പോൾ |
| രസാദ്യഷ്ടദിഗ്ഭാഗൈഃ | = ആറോ, ഏഴോ, എട്ടോ, ഒൻപതോ, പത്തോ ഭാഗംകൊണ്ടും |
| ഉത്തരതാരതഃ | = ഉത്തരവീതിയുടെ |
| അംഘ്രിരഹിതം വാ | = നാലിൽ ഒരംശം കുറച്ചും |
| അദ്ര്യംശിതേ | = ഏഴായി ഭാഗിക്കുമ്പോൾ |
| അഗ്ന്യംശകൈഃ | = മൂന്നുഭാഗംകൊണ്ടും |
| നിമ്നഫലകസ്യ | = തുമ്പുവാമിടയുടെ |
| വിസ്താരം പ്രകരോതു | = വീതി കല്പിക്കേണ്ടതാണ് |
| ഘനം | = തുമ്പുവാമിടയുടെ കനം |
| ഏതത്രിഭാഗം | = ഇതിൻെറ മൂന്നിലൊരുഭാഗമാകുന്നു. |
| വിസ്താരേ ശരഭാജിതേ | = വീതി അഞ്ചായിഭാഗിച്ചാൽ |
| ദ്വാഭ്യാം അപി | = രണ്ടുഭാഗംകൊണ്ടും |
| കചചിൽ ഘനം കാര്യം | = ചിലെടത്തു കനം കല്പിക്കാവുന്നതാണ് |

സാ:— ഉത്തരവീതി പത്തായി ഭാഗിച്ചു് ആറൊ ഏഴോ, എട്ടോ, ഒൻപതോ, പത്തോ അംശംകൊണ്ടും, ഉത്തരവീതിയുടെ നാലിൽ മൂന്നുഭാഗംകൊണ്ടും, ഏഴിൽ മൂന്നുഭാഗംകൊണ്ടും, തുമ്പുവാമിടവീതി നിശ്ചയിച്ചുകൊള്ളണം. തുമ്പുവാമിടയുടെ കനം വീതിയുടെ മൂന്നിലൊരുഭാഗമാണ്. അല്ലെങ്കിൽ അഞ്ചിൽ രണ്ടു ഭാഗംകൊണ്ടും കനം വയ്ക്കാവുന്നതാണ്.

മൂ:- നിമ്നവ്യാസേശരാംശിന്യഥതദുഭയതസ്ത്വൂർദ്ധ്വപട്ടംതലംച
ദ്വാഭ്യാമേകനപട്ടംപരമമപിവിധേയംതഥാഷഡ്വിഭക്തേ
ദ്വാഭ്യാംതസ്യോർദ്ധ്വപട്ടംത്രിഭിരപിചതലംസ്യാദധഃപട്ടമേകേ-
നൈവംവാനാഗഭക്തേജ്വലനനിഗമഭൂമ്യംശതഃകല്പനീയം.

| അന്വയം. | അർത്ഥം. |
|---|---|
| നിമ്നവ്യാസേശരാംശിനി | = വാമിടവീതിഅഞ്ചായിഅംശിച്ചാൽ |
| ഉഭയതഃ തു ഊർദ്ധ്വപട്ടം | = രണ്ടംശംകൊണ്ടു മേൽപട്ടവും (ൽ |

അഥ ദ്വാഭ്യാം തലം ച = പിന്നീട്ട് രണ്ടംശംകൊണ്ടു തലവും
ഏകേനചരമം പട്ടം അപി = ഒരംശംകൊണ്ടു് ഒടുവിലെപട്ടവും
വിധേയം = ചെയ്യേണ്ടതാകുന്നു
തഥാ ഷഡ്വിഭക്തേ = അപ്രകാരം ആറായിഭാഗിക്കു
മ്പോൾ
ദ്വാഭ്യാം തസ്യ ഊൎദ്ധ്വപട്ടം = രണ്ടുകൊണ്ടു അതിൻെറ മേല്പട്ടവും
ത്രിഭിഃ തലം അപി = മൂന്നംശംകൊണ്ടു് തലവും
ഏകേന അധഃ പട്ടം ച- = ഒന്നുകൊണ്ടു് കീഴത്തെ പട്ടവും
സ്യാൽ ചെയ്യണം
ഏവം നാഗഭക്തേ = വാമിടവീതി എട്ടായി ഭാഗിച്ചാൽ
ജ്വലനനിഗമഭൂമ്യംശതഃ = മൂന്നും, നാലും, ഒന്നും അംശംകൊ
ണ്ടു് മേല്പട്ടവും, തലവും കീഴ്പട്ടവും
കല്പനീയം = കല്പിക്കപ്പെടണം,

സാ:—വാമിടവീതി അഞ്ചായി ഭാഗിച്ചു് രണ്ടുഭാഗംകൊണ്ടു മേല്പട്ടവും, രണ്ടു ഭാഗംകൊണ്ടു തടവും, ഒരു ഭാഗംകൊണ്ടു കീഴ്പട്ടവും ചെയ്തുകൊള്ളണം. അല്ലെങ്കിൽ ആറംശിച്ചു് രണ്ടംശം മേല്പട്ടവും മൂന്നംശം തടവും, ഒരംശം കീഴ്പട്ടവും, അല്ലെങ്കിൽ എട്ടായി ഭാഗിച്ചു മൂന്നംശം മേല്പട്ടവും, നാലംശം തടവും, ഒരംശം കീഴ്പട്ടവുമായും ചെയ്യാവുന്നതാണു്.

മൂ— നീപ്രവ്യാസേവിഭക്തേശരഗിരിനവഭിസ്സൎവ-
തോവഹ്നിഭാഗം
നീപ്രസ്ഥാനാദ്വിതാനാദുപരിതദുചിതംകോടി-
കണ്ണാദ്ധ്വനാത്ര
നീതാനീപ്രാലുപോൎദ്ധ്വംസ്വയമിഹവിധിനാചൂളി-
കാധാരയോഗ്യം
കൃത്വാവായവ്യഹോമാദ്യവഹിതഹൃദയഃകാരുഭിഃ
കീലയേത്തൽ. ൨൮

അന്വയം. അൎത്ഥം.

നീപ്രവ്യാസേ = തുമ്പുവാമിടയുടെ വീതി
ശരഗിരിനവഭിഃ വിഭക്തേ = അഞ്ചോ, ഏഴോ, ഒൻപതോ അ
വഹ്നിഭാഗം = മൂന്നുഭാഗം (യിഭാഗിച്ചാൽ
നീപ്രസ്ഥാനാൽ വിതാനാൽ = വാമിടയുടെ വിതാനനിരപ്പിൽ
നിന്നു്
കോടികണ്ണാദ്ധ്വനാ = കോടിയുടെ കണ്ണമാൎഗ്ഗമായി
ഉപരി = മേല്പോട്ടു്

സ്വതഃ തദുചിതം നീത്വാ = നാലുവശവും യോഗ്യതപോലെ
നീവ്രം = വാമിട (മാററീട്ടു്
ചൂളികാധാരയോഗ്യം = ത്തുവാനപ്പലക ചേരുന്നതിനൊത്ത പോലെ
ലൂപോദ്ധ്വം കൃത്വാ = കഴുക്കോലിൻെറ മേലരികിൽചേത്തിട്ടു്
വായവ്യഹോമാദ്യവഹി-തഹൃദയഃ =വായവ്യഹോമം മുതലായ കമ്മങ്ങളിൽ ഏകാഗ്രമനസ്സായിട്ടു്
കാരുഭിഃ തൽ കീലയേൽ = കാരുക്കളെക്കൊണ്ടു് അതിനെ തറപ്പിക്കണം.

സാ—ത്തുമ്പുവാമിടയുടെ വീതിയുടെ ൫, ൭, ൯, ഈ അംശങ്ങളിൽ മൂന്നുഭാഗം വിതാനനിരപ്പിൽനിന്നു മേല്പോട്ടു മറിച്ചു് നാലുവശവും കോടിരേഖയനുസരിച്ചു് ഇഷ്ടയോനിവരുത്തി ത്തുവാനപ്പലക ചേന്നിരിക്കത്തക്കവണ്ണം കഴുക്കോലിൻെറ മേലരികിൽവച്ചു് തറച്ചുകൊള്ളണം. വാമിട തറയ്ക്കുമ്പോൾ വായവ്യഹോമം മുതലായ ശാന്തികമ്മങ്ങളുണ്ടായിരിക്കണം: ശാന്തികത്താവായ ഗുരുശ്രേഷ്ഠൻ പൂജാകമ്മം നടത്തിയതിനുശേഷം സ്ഥപതിമുഖേന തക്ഷകാദികളെക്കൊണ്ടു തറപ്പിക്കയും അപ്പോൾ തൽകത്താക്കന്മാക്കു് അന്നവസ്ത്രാദിദാനം ചെയ്കയും വേണം.

## വളയുടെ വിധി.

മൂ— മനുയവചതുരശ്രാദ്യംക്രമാത്തത്രത്തുദ്വി-
ദ്വയയവപരിവൃദ്ധ്യാത്ര്യംഗുലാന്തംക്രമേണ
വലയമിതിമുനീന്ദ്രൈഷ്ഷഡ്വിധംദർശിതംതേ-
ഷ്വിഹവിഹിതലുപൌചിത്യേനതൽകല്പനീയം. ൨൯

അന്വയം. അത്ഥം

മനുയവചതുരശ്രാദ്യം = പതിന്നാലുനെല്ലിട ചതുരശ്രംമുതൽ
ക്രമേണ = ക്രമത്താലെ
ദ്വിദ്വയയവപരിവൃദ്ധ്യാ = ഈരണ്ടു നെല്ലിട വദ്ധിപ്പിച്ചിട്ടു്
ത്ര്യംഗുലാന്തം തന്തോത്ത = മൂന്നംഗുലംവരെ ചെയ്യണം
വലയമിതി = വളയുടെ അളവു്
മുനീന്ദ്രൈഃ = മുനികളാൽ
ഷഡ്വിധം ദർശിതം = ആറുവിധം പറകപ്പെട്ടു.
തേഷു = ആ കനങ്ങളിൽ

ഇഹവിഹിതലുപൗചിത്യേന=|ഇവിടെ വിധിക്കപ്പെട്ട കഴുക്കോലിൻെറ ക്രമത്തിനനുകൂലമായി
തൽ കല്പനീയം = വളകല്പിക്കേണ്ടതാണ്.

സാ—പതിനാലു നെല്ലിട കനംമുതൽ ഈരണ്ടു നെല്ലിട വർദ്ധിപ്പിച്ച് ആറുവിധം വളക്കനം പറയപ്പെട്ടിരിക്കുന്നു. വളയ്ക്ക് വീതികനം ചതുരമാണ്. അവിടവിടെയുള്ള കഴുക്കോലിൻെറ വലിപ്പമനുസരിച്ച് വള നിശ്ചയിച്ചുകൊള്ളണം.

## പട്ടികയുടെ വിധി.

മൂ:-തത്രസപ്തദശഭിര്യവൈസ്മൃതാപട്ടികാവിതതിരങ്കസംയുതൈഃ
തൽഘനംഘനപദോനമന്തരം സംദധീതചലുപാസുകീലകൈഃ

| അന്വയം. | അൎത്ഥം. |
|---|---|
| സപ്തദശഭിഃ യവൈഃ | = ൧൭ നെല്ലിടകൊണ്ടു് |
| പട്ടികാവിതതിഃ ച | = പട്ടികകളുടെ വിസ്താരവും |
| അങ്കസംയുതൈഃ | = ഒൻപതു നെല്ലിടകൊണ്ടു് |
| തൽഘനം ച | = പട്ടികയുടെ കനവും ഭവിക്കുന്നു |
| അന്തരം | = പട്ടികകളുടെ ഇട |
| ഘനപദോനം | = അതിൻെറ കനത്തിൽ നാലിൽ മൂന്നുഭാഗമായി |
| ലുപാസുകീലകൈഃ സംദധീത | = കഴുക്കോലിൽ ആണികൊണ്ടു തറയ്ക്കണം. |

സാ—പട്ടിക പട്ടിയൽ പതിനേഴുനെല്ലിട വീതിയും ഒൻപതു നെല്ലിടക്കനവുമായിരിക്കണം. കനത്തിൻെറ നാലിൽ മൂന്നുഭാഗം അകലത്തിൽ ആണികൊണ്ടു കഴുക്കോലിൽ തറച്ചുകൊള്ളണം

മൂ— ലോഷ്ടൈരാച്ഛാദ്യതേചേദഖിലനിലയനേ
പട്ടികാപ്രസ്തരസ്സ്യാ-
ത്തൽസ്ഥാനേകപാപികാശ്ചോപിചഘനഫലകാ
പ്രസ്തരോബദ്ധകീലഃ
ലോഷ്ടാധാരായകിഞ്ചിത്തലമപിചഘനോ-
ച്ചാംബുസന്ധാരണാൎത്ഥം
താമ്രൈരാച്ഛാദ്യതേചേന്നതുതലരചനാ
ദേവഗേഹാദികേഷു. ൩൧

| അന്വയം | അൎത്ഥം |
|---|---|
| അഖിലനിലയനേ | = എല്ലാ ഗൃഹങ്ങൾക്കും |
| ലോഷ്ടൈഃ അച്ഛാദ്യതേ ചേൽ | = ഓട്ടമേയുന്നുവെങ്കിൽ |

പട്ടികാപ്രസ്തരഃ സ്യാൽ = പട്ടിക ക്രമാനുസരണം തറയ്ക്കേണ്ടതാണു്

കാപി തൽസ്ഥാനേ = ചിലേടത്തു പട്ടികതറയ്ക്കുന്നസ്ഥാനത്തു്

ഘനഫലകാപ്രസ്തരഃ = കനമുള്ള പലകനിരത്തി

ബദ്ധകീലാഃ കാര്യഃ = ആണിതറച്ചുകൊള്ളണം

ലോഷ്ടാധാരായ = ഓടിൻെറ ഒടക്കിനായി

കിഞ്ചിൽ തലം അപി = ഒരു പൊഴിയും ചെയ്യേണ്ടതാ

ഘനോച്ചാംബുസന്ധാരണാൎത്ഥം = ശക്തിയുള്ള മഴവെള്ള (ണു്.
ത്തെ തടയുന്നതിനായി

ദേവഗേഹാദികേഷു = ദേവാലയം മുതലായവയിൽ

താമ്രൈഃ ആച്ഛാദ്യതേ ചേൽ = ചെമ്പുമേയുന്നുവെങ്കിൽ

തലരചനാനത്ര = പൊഴിയാവശ്യമില്ല.

സാ—ഓട്ടുമേയുന്നുവെങ്കിൽ അതിനനുസരിച്ചു് പട്ടികനിരത്തിത്തറച്ചുകൊള്ളണം. ചിലെടത്തു് കഴുക്കോലിൻെറ മേലരികിൽ വാമിടമുതൽ മോന്തായംവരെ പലകനിരത്തിത്തറയ്ക്കുയും പതിവുണ്ടു്. അങ്ങിനെയാണെങ്കിൽ ഓടിൻെറ തടവിനായി പൊഴിയുണ്ടാക്കിക്കൊള്ളണം. ക്ഷേത്രം രാജഗൃഹം മുതലായതിൽ ചെമ്പു മേയുന്നുവെങ്കിൽ പലകതറച്ചാൽ മാത്രം മതി. പൊഴിയുണ്ടാക്കേണ്ട ആവശ്യമില്ല.

## അവസാനത്തിൻെറ വിധി.

മൂ— ശിരപ്രവേശസ്ത്വപിധാനമുക്തം
വേശ്മാഖ്യപുംസസ്തദധോമുഖംസ്യാൽ
മാസൂരത്തുംഗാൎദ്ധപദോന്നിതംത-
ദപിസ്താരമാദ്യംശഘനാൽഘനംച. ൩൨

അന്വയം. അൎത്ഥം.

വേശ്മാഖ്യപുംസഃ = ഗൃഹമാകുന്ന പുരുഷൻെറ

ശിരഃ പ്രവേശഃ = തലപ്പാവു്

അപിധാനം ഉക്തം = അപിധാനം (അവസാനം) എന്നുപറയപ്പെടുന്നു.

തൽ അധോമുഖം സ്യാൽ = അതു് കമഴ്ന്നിരിക്കണം.

തദപിസ്താരം = അപിധാനത്തിൻെറ വീതി.

മാസൂരത്തുംഗാൎദ്ധപദോന്നിതം = അടിസ്ഥാനപ്പൊക്കത്തിൽ പകുതിയോ, നാലിൽ മൂന്നുഭാഗമോ,

ഘനം = കനം (ആയിരിക്കണം.
ആദ്യംശഘനാൽ = പാദുകത്തിന്റെ പൊക്കമനുസരിച്ചിരിക്കണം.

സാ—അവസാനം ഗൃഹമാകുന്ന പുരുഷന്റെ തലപ്പാവാണു്. ഇതു മോന്തായത്തിന്റെ മുകളിൽ കമഴ്ത്തിയാണുവയ്ക്കേണ്ടതു്. ഇതിനു് അടിസ്ഥാനത്തിന്റെ നാലിൽ മൂന്നുഭാഗമോ, പകുതിയോ വീതിയും, പാദുകത്തോളം കനവുമുണ്ടായിരിക്കണം.

ഇതി മനുഷ്യാലയമഹാചന്ദ്രികായാം
ഷഷ്ഠോദ്ധ്യായഃ സമാപ്തഃ.

.............................

## സപ്തമോദ്ധ്യായ പ്രാരംഭഃ.

### ദ്വാരവിധി

മൂ-ദ്വാരാണ്യങ്കണഗേഹമധ്യസിരയോർമ്മധ്യസ്ഥമധ്യാന്യധോ
കുര്യാദംഗുലകല്പിതാഗമവയോയോനീനിപൂർവ്വാദിതഃ
ഗോഗാവുത്തരതാരതുല്യവിതതൌ വിസ്താരതുല്യാംഘ്രിവ-
ഹ്ന്യദ്ധ്യാംശോനഘനൌ ഭുവംഗമപതംഗാദ്യൌലസദ്വാ
ജനൌ.

അന്വയം. — അൎത്ഥം.

അംകണഗേഹമധ്യസിരയോഃ = അങ്കണത്തിന്റെയും, ഗൃഹങ്ങളുടെയും മധ്യസൂത്രങ്ങളുടെ
മധ്യസ്ഥമധ്യാനി = മധ്യരേഖയിൽ മധ്യംവരുത്തി
അംഗുലകല്പിതാഗമവയോയോനീനി = അംഗുലപ്രധാനമായ ചുററുകൊണ്ടു ശുഭകരമായ വരവു്, വയസ്സ്, യോനിമുതലായവയോടുകൂടി
ദ്വാരാണി അധഃ = ദ്വാരങ്ങൾ താഴെ
പൂർവ്വാദിതഃ = കിഴക്കുമുതൽ നാലുദിക്കുകളിൽ
കുര്യാൽ = ചെയ്യണം
യോഗൌ = കട്ടിളക്കാലുകൾക്കു്
ഉത്തരതാരതുല്യവിതതൌ = ഉത്തരവീതിയോളം വീതിയും
വിസ്താരതുല്യാംഘ്രിവഹ്ന്യ-ദ്ധ്യാംശോനഘനൌ = വീതിയോടു സമമായും നാലോ മൂന്നോ ആയി ഭാഗിച്ചാൽ ഒരു ഭാഗം കുറച്ചോ വീതിയിൽ പകുതിയോ കനവും

ലസദ്വാജനൗ = വാജനങ്ങളും
ഭൂപംഗമപതംഗാദ്ധ്യൌ = കീഴിലും മുകളിലും പടികളുമുണ്ടായിരിക്കണം.

സാ—അങ്കണത്തിന്റെ മദ്ധ്യസൂത്രങ്ങളിൽനിന്നു ഗൃഹങ്ങളുടെ മദ്ധ്യസൂത്രംവലത്തുവശം മാറിയാണല്ലോ ഇരിക്കുന്നതു്. ഈ രണ്ടുസൂത്രങ്ങളുടേയും മദ്ധ്യ വാതിൽ മദ്ധ്യം വരുത്തിയാണു് വയ്ക്കേണ്ടതു്. അപ്പോൾ ഈ മദ്ധ്യവാതിലുകൾക്കു അങ്കണത്തിൽ പ്രദക്ഷിണവശം ഗതിയുണ്ടായിരിക്കും. ഈ വാതിൽ, അങ്കണത്തിന്റെ നാലുദിക്കിലും അങ്കണത്തെ ലക്ഷ്യമാക്കി വയ്ക്കുന്നതാണു്. വാതിലുകൾക്കു അതാതു ദിക്കിലേക്കുള്ള യോനിയും ശുഭകരമായ നക്ഷത്രം, വരവു് മുതലായയോഗങ്ങളുമുണ്ടായിരിക്കത്തക്കവണ്ണം അംഗുലംകൊണ്ടു ചുററുകല്പിച്ചുകൊള്ളണം, കട്ടിളക്കാലുകൾക്കു ഉത്തരവീതിയോളം വീതിയും ആവീതിയോടു സമമായോ നാലിൽ ഒരു ഭാഗമോ, മൂന്നിൽ ഒരുഭാഗമോ, പകുതിയോ കനവുമുണ്ടായിരിക്കണം. ഈ കാലുകളിൽ വാജനം മുതലായ ചിത്രങ്ങളും കാലുകൾക്കു് കീഴിൽ ചേററുപടിയും മുകളിൽ കുറിയപടിയുമുണ്ടായിരിക്കണം. (കാലുകളുടെ അഗ്രവിസ്താരം സ്തംഭത്തിനു വിധിച്ച വിധിയനുസരിച്ചു യോഗ്യതപോലെ കുറഞ്ഞിരിക്കേണ്ടതാണു്.)

മൂ—യോഗാദംഘ്ര്യഗ്നിഭാഗാധികഘനയുതനിർവ്യാ-
ജനാധഃപടീസ്യാ-
ദൂൎദ്ധ്വസ്ഥായോഗതുല്യോത്തരമിളിതനിജാഗ്രോപ
യോഗൌവിധേയൌ
യോഗാന്തർഭാഗനാഹോനിജദിഗുചിതയോ-
ന്യായവൃദ്ധ്യാദിയുക്ത-
സ്സോപ്ഷ്ടായാമേന നാഹാൽതദുഹവിതതിസ്സ്വാൽഗൃ-
ണവ്യാസതോവാ.

അന്വയം. അർത്ഥം.

അധഃപടി = വാതലിന്റെ കീഴ്പടി
യോഗാൽ = കട്ടിളക്കാലിന്റെ കനത്തേക്കാൾ
അംഘ്ര്യഗ്നിഭാഗാധികഘനയുത- = നാലോ, മൂന്നോ. അംശങ്ങളിൽ
നിർവ്യാജനാസ്യാൽ = ഒരംശം കൂടുതൽ കനത്തോടുകൂടിയും, വാജനാദിവിശേഷങ്ങൾ ഇല്ലാതെയുമിരിക്കണം.

ഊൎദ്ധ്വസ്ഥാ യോഗതുല്യാ = മേലേപ്പടി കാലിനോടു സമമായിരിക്കണം.
യോഗൌ = കട്ടിളക്കാലുകളുടെ
ഉത്തരംമിളിതനിജാഗ്രൌ = അഗ്രങ്ങൾ ഉത്തരത്തിലെത്തിച്ചു
വിധേയൌ = ചെയ്യേണ്ടതാണു്.
യോഗാന്തൎഭാഗനാഹഃ = കട്ടിളക്കൂട്ടിന്റെ ഉള്ളിനു്
നിജദിഗ്ഗ്രഥിതയോന്യായ = അതാതുദിക്കിനു പറകപ്പെട്ട യോനി,
വൃദ്ധ്യാദിയുക്തഃ = അയയാധിക്യം മുതലായവയുണ്ടായിരിക്കണം
നാഹാൽതഃ = ചുററിന്റെ പകുതിയിൽനിന്നു
സ്വേഷ്ടായാമേന = തന്റെ ഇഷ്ടദീൎഘംകൊണ്ടോ
ഗ്ഗുണവ്യാസതഃ വാ = ഗ്ഗുണാംശക്രമമനുസരിച്ചോ
ഇഹ വിതതിഃ വാ = വാതിലിന്റെ വിസ്താരം കല്പിക്കണം

സാ:—കീഴ്പ്പടിക്കു കാലിന്റെ കനത്തേക്കാൾ നാലിൽ ഒരുഭാഗമോ മൂന്നിലൊരുഭാഗമോകൂടി കൂടുതൽ കനമുണ്ടായിരിക്കണം. അതിനു വാജനം മുതലായ ചിത്രങ്ങൾ ചെയ്യുകൂടാ മേൽപടിയുടെ വീതിയും കനവും കാലുകളോടു സമമായിരിക്കണം, കട്ടിളക്കാലുകളുടെഅഗ്രങ്ങൾ ഉത്തരത്തിൽ എത്തിയിരിക്കേണ്ടതാണു്, കട്ടിളക്കൂട്ടിന്റെ ചുററിനു് അതാതു ദിക്കിനു വിധിച്ചിട്ടുള്ള യോനിയും. ആയാധിക്യവും ആയ്ക്ക, നാൾ മുതലായ ശുഭയോഗങ്ങളുമുണ്ടായിരിക്കണം. വാതിലിന്റെ ചുററിനെ അൎദ്ധിച്ചു ഇഷ്ടദീൎഘംകഴിച്ചു ശേഷിക്കുന്നതുകൊണ്ടോ, അല്ലെങ്കിൽ മുൻപറഞ്ഞ ഗ്ഗുണാംശക്രമമനുസരിച്ചോ, വാതിലിന്റെ വിസ്താരവും നിശ്ചയിച്ചുകൊള്ളണം. കാൽനീളത്തിൽ വാതിലിന്റെ പൊക്കംകഴികെ ശേഷമുള്ളതു് അഞ്ചായിഭാഗിച്ചു രണ്ടുഭാഗംകൊണ്ടു കീഴ്പടിയുടെ പൊക്കവും, മൂന്നുഭാഗംകൊണ്ടു മേല്പടിയുടെ താഴ്ചയും വിധിപ്രകാരം പടിയുടെ കനംകഴികെ ശേഷിക്കുന്നിടത്തു മംഗല്യപ്പലകയും ചെയ്യുകൊള്ളണം. ഇതിനു് "ദ്വാരോച്ച ശേഷേപഞ്ചാംശേ ഭവേദംശദ്വയതാധഃ-ഊൎദ്ധ്വംത്രയോംശസ്തത്ര സ്യുഃ ഫലകാഃചതുഃചിത്രിതാഃ" എന്നുള്ള ഗുരുദേവപദ്ധതിപ്രമാണമാകുന്നു. ദ്വാരവിധിയിൽ പലവിധ അംശഭേദങ്ങളും മററും ശാസ്ത്രാന്തരങ്ങളിൽ കാണുന്നുണ്ടു്. വിസ്തരഭയംനിമിത്തം അവയൊന്നും ഇവിടെ ഉദ്ധരിക്കുന്നില്ല.

# ക്രുരുംബവിധി.

മൂ—ദ്വാരോൎദ്ധ്വപട്ട്യൂൎദ്ധ്വമഥോഗണേശ
പത്മാലയായാദവമൂൎത്തിഭേദാൻ
യഥേഷ്ടമാപാദ്യവിചിത്രപത്രി
പ്രഭേദയുക്താംഫലകാം വിദദ്ധ്യാൽ.

| അന്വയം. | അൎത്ഥം. |
|---|---|
| അഥ | = പിന്നീട് |
| ദ്വാരോൎദ്ധ്വപട്ട്യൂൎദ്ധ്വം | = വാതിലിന്റെ മേൽപടിയുടെ മുകളിൽ |
| ഗണേശപത്മാലയായാദവമൂൎത്തിഭേദാൻ | = ഗണപതി, ലക്ഷ്മീദേവി, ശ്രീകൃഷ്ണൻ മുതലായവരുടെപ്രതിമകളെ |
| യഥേഷ്ടം ആപാദ്യ | = ഇഷ്ടംപോലെയുണ്ടാക്കീട്ട് |
| വിചിത്രപത്രിപ്രഭേദയുക്താം | = ചില പക്ഷിവിശേഷങ്ങളുടെ ചിത്രങ്ങളോടുകൂടിയും |
| ഫലകാം വിദദ്ധ്യാൽ | = കുരുംബപ്പലക വയ്ക്കേണ്ടതാണ് |

സാ:—മേൽപടിയുടെമുകളിൽ കുരുംബപ്പലകവച്ചുകൊള്ളേണ്ടതാണ്. ഇതിൽ ഗണപതി, ലക്ഷ്മീദേവി, ശ്രീകൃഷ്ണൻ, മയിൽ മുതലായ പക്ഷിവിശേഷങ്ങൾ ഇവയുടെ ചിത്രങ്ങൾ യോഗ്യതപോലെ ചെയ്തുകൊള്ളണം. കീഴ്പടിയുടെ കീഴിലും കുരുംബം വയ്ക്കാറുണ്ട്.

മൂ- കുഡ്യേ ഭൂയിഷ്ഠവിസ്താരിണിദിവസകരൈൎഭാജിതേന്തൎബഹിശ്ചാ-
പ്യദ്രീഷ്വംശാൻവിധായാന്തരവിഹിതസിരാലഗ്നമദ്ധ്യോ-ചയോഗൌ
കൃത്വാകവാടപ്യേതയോൎമ്മൂൎദ്ധ്നിസുദൃഢതരാമൂൎദ്ധ്വപട്ടീംതദൂൎദ്ധ്വം
ഭിത്ത്യംഗാദീനികുൎയ്യാൽദൃഢതരശിലയാമൃൽസുധായോഗഭേദൈഃ

| അന്വയം. | അൎത്ഥം. |
|---|---|
| കുഡ്യേ ഭൂയിഷ്ഠവിസ്താരിണി | = ഭിത്തിക്ക് അധികംവണ്ണമുണ്ടെങ്കിൽ |
| ദിവസകരൈഃ ഭാജിതേ | = പന്ത്രണ്ടായിഭാഗിച്ച് |
| അദ്രീഷ്വംശാൻ | = ഏഴും, അഞ്ചും അംശങ്ങളെ |
| അന്തഃ ബഹിഃ ച | = ഉള്ളിലും പുറത്തും |
| വിധായ | = ചെയ്തിട്ട് |
| യോഗൌ | = കട്ടിളക്കാലുകൾ |

| | |
|---|---|
| അന്തരവിഹിതസിരാല-ഗ്നമദ്ധ്യേ കൃത്വാ | = മദ്ധ്യത്തിലുള്ള ഈ രേഖയെ മദ്ധ്യഭാഗത്താക്കിവയ്ക്കണം. |
| ക്വാപി | = ചിലെടത്തു് |
| ഏതയോഃ മൂൎദ്ധ്നി | = ഈ കാലുകളുടെ മുകളിൽ |
| സുദൃഢതരാം ഊൎദ്ധ്വപട്ടീം | = ബലമുള്ള മേലേപ്പടിയും |
| തദൂൎദ്ധ്വം | = അതിനു മുകളിൽ |
| മൃൽസുധായോഗഭേദൈഃ | = മണ്ണു്, കുമ്മായം മുതലായവകൊണ്ടോ |
| ദൃഢതരശിലയാ | = ബലമുള്ള കല്ലുകൊണ്ടോ |
| ഭിത്ത്യംഗാദീനി കുൎയ്യാൽ | = ഭിത്തിയുംചെയ്യണം |

സാ:—ഭിത്തിക്കു് കട്ടിളക്കാലിൻെറ വീതിയേക്കാൾ വണ്ണമുണ്ടെങ്കിൽ ആ ഭിത്തിവണ്ണത്തെ പന്ത്രണ്ടായിഭാഗിച്ചു് അകത്തു് ഏഴുഭാഗവും വെളിക്കു അഞ്ചുഭാഗവും വരുത്തി അവിടെ കട്ടിളക്കാലിൻെറ വീതിയുടെ മദ്ധ്യം വരത്തക്കവണ്ണം വാതിൽ വയ്ക്കേണ്ടതാണു്. ഗൃഹത്തിനു് അധികം ഉയരമുണ്ടെങ്കിൽ ദ്വാരത്തിൻെറ മുകളിലും ഒരു പടികൂടിവച്ചു അതിനുമേൽ കല്ലു് കുമ്മായം മുതലായവകൊണ്ടു ഭിത്തിചെയ്തുകൊള്ളേണ്ടതാണു്.

മൂ:- അന്തൎന്നാഹജമന്ദിരേഷ്വനതരേകാൎയ്യേചകുഡ്യേക്വചിൽ
ഗേഹപ്രാങ്കണപാദുകാവധികരോതുസ്വാംഗകുഡ്യംഘനം
തത്തൽപ്രാങ്കണഗേഹസൂത്രമനുസൃത്യൈവേഷ്ടകുഡ്യപ്രധാ-
നിഷ്ടംപൃഷ്ഠതഏവനേയമുദിതംദ്വാരോത്തരാദീനിച. ൭

| അന്വയം. | അൎത്ഥം. |
|---|---|
| അന്തൎന്നാഹജമന്ദിരേ | = ഉള്ളിലേച്ചുററു പ്രധാനമായവീടുകൾക്കു |
| കുഡ്യേ ഘനതരേ | = ഭിത്തി ഏററവും കനമുള്ളതായി |
| കാൎയ്യേ | = ചെയ്യേണമെങ്കിൽ |
| ക്വചിൽ | = ചിലെടത്തു |
| ഗേഹപ്രാങ്കണപാദുകാവധി | = ഗൃഹത്തിൻെറ പാദുകപ്പുറംവരെ |
| ഘനം | = കനത്തോടുകൂടി (ഉള്ള |
| സ്വാംഗകുഡ്യം കരോതു | = തൻെറ ഭിത്തി ചെയ്യണം |
| ദ്വാരോത്തരാദീനി ച | = വാതിലുകളും ഉത്തരങ്ങളും |
| തത്തൽപ്രാങ്കണഗേഹസൂത്രം | = അങ്കണത്തിൻെറയും ഗൃഹങ്ങളുടെയും സൂത്രങ്ങളെ |
| അനുസൃത്യഏവ | = അനുസരിച്ചുതന്നെ |
| ഇഷ്ടകുഡ്യപ്രധാനിഷ്ടം | = ഇഷ്ടമായ ഭിത്തിയുടെ വിസ്താരത്തിൻെറ അതിത്തിവരെ |

പൃഷ്ഠതഃ ഏവ = പുറത്തോട്ടുതന്നെ
ന്നേയം ഉദിതം = മാററെണ്ടതാണെന്നു പറകപ്പെട്ടിരിക്കുന്നു

സാ:—ധനം സൂക്ഷിക്കുന്നതിനും മററുമായി ഗൃഹത്തിൻെറ അകത്തേച്ചുററു യോനിപ്രധാനമാക്കിച്ചെയ്യുന്നയാണെങ്കിൽ പാദുക പ്പുറംവരെയുള്ള കനത്തിൽ ഭിത്തി വളരെ ഉറപ്പായി ചെയ്തുകൊള്ളണം. അവിടെയും ദ്വാരമദ്ധ്യം അങ്കണസൂത്രത്തിൻെറയും ഗൃഹ സൂത്രത്തിൻെറയും മദ്ധ്യരേഖയിൽ യോജിച്ചിരിക്കണം. ഭിത്തിക്കു കൂടുതൽ വണ്ണമുണ്ടെങ്കിലും ഉത്തരങ്ങളും വാതിലുകളും ഭിത്തിപ്പുറം ലാക്കാക്കി വയ്ക്കേണ്ടതാണ്.

## കതകിൻെറ വിധി.

മൂ— കവാടയുഗ്മം നിജതീവ്രയുക്തം
ദ്വാരപ്രമാദ്ധ്പ്രതതം വിധേയം
മാത്രാംഗുലൈർനേത്രഹുതാശസംഖ്യൈ-
സ്സാദ്ധൈശ്ചയദ്വാബ്ധിമിതൈർഘനം ച. ൩൯

| അന്വയം. | അർത്ഥം. |
|---|---|
| കവാടയുഗ്മം | = രണ്ടുകതകുകളും |
| നിജതീവ്രയുക്തം | = തൻെറ കനത്തോട്ടുകൂടിയ |
| ദ്വാരപ്രമാദ്ധ്പ്രതതം | = ദ്വാരവിസ്താരത്തിൽ പകുതിവീ(തിയിൽ |
| വിധേയം | = ചെയ്യേണ്ടതാണ്. |
| സാദ്ധൈഃനേത്രഹുതാ-ശസംഖ്യൈഃ | = പകുതിയോട്ടുകൂടിയരണ്ടോമൂന്നോ |
| മാത്രാംഗുലൈഃ | = മാത്രാംഗുലങ്ങളെക്കൊണ്ടോ |
| യദ്വാ അബ്ധിമിതൈഃ | = അല്ലെങ്കിൽ നാലുമാത്രാംഗുലങ്ങളെക്കൊണ്ടും |
| ഘനം ച വിധേയം, | = കനവുംചെയ്യേണ്ടതാകുന്നു. |

സാ:—കതകു് രണ്ടായിച്ചെയ്യുന്നയാണെങ്കിൽ ഓരോ കതകിനും ദ്വാരവിസ്താരത്തിൽ പകുതിയും കതകിൻെറ കനവുംകൂടിക്കൂട്ടുമ്പോൾ എത്രമാത്രം വരുമോ അത്രമാത്രം വീതിയുണ്ടായിരിക്കണം ഇതിന്നു് കനം രണ്ടോ, രണ്ടരയോ, മൂന്നോ, മൂന്നരയോ, നാലോ അംഗുലം വയ്ക്കാവുന്നതാണ്.

മൂ— ഊർദ്ധ്വാധരഭ്രമണകാഗ്ഗളസന്ധിപാല-
പ്രക്ഷേപണീയവലയാന്യപി പത്രകാണി
തിര്യഞ്ച്യുദഞ്ചിപുളകാത്തവകുഗ്മലാനി
സശ്രീമുഖേന്ദുശകലാനി കവാടയോസ്സ്യുഃ. ൧

അന്വയം. അൎത്ഥം.

ഊൎദ്ധ്വാധരഭ്രമണകാൎഗ്ഗളസ- = മേലുംകീഴുംകൊണ്ടു തിരിയുംകുററി
ന്ധിപാലപ്രക്ഷേപണീയവലയാനി സാക്ഷയും, സൂത്രപ്പട്ടി(യും
കയും, പിടിച്ചടയ്ക്കുന്നതിനുള്ള വളയവും
തിൎയ്യഞ്ചി ഉദഞ്ചി പത്രകാണി = വിലങ്ങത്തിലും കീഴ്മേലും പ
ത്രങ്ങളും
സശ്രീമുഖേന്ദുശകലാനി = പോളകളും പുഷ്പങ്ങളും മൊട്ടുകളും
പുളകാൎത്തവകുഡ്മളാനിഅപി = ലക്ഷ്മീദേവിയുടെ മുഖപ്രതിമ
യും ചന്ദ്രക്കലയും
കവാടയോഃ സ്യുഃ = കതകുകളിൽ ചെയ്യാവുന്നതാണു്.

സാ:—കതകിന്നാധാരമായി കീഴിൽ കുററിയും, മേൽകൊണ്ടു തിരിയും വേണം. സാക്ഷായും, സൂത്രപ്പട്ടികയും, പിടിച്ചുട്ടപ്പിക്കുന്നതിനുള്ള വളയവും വിലങ്ങത്തിലും കീഴ്മേലും പടികളും മൊട്ടാണിയും, മലരും, പോളകളും ലക്ഷ്മീദേവിയുടെ ഊൎദ്ധ്വവിഗ്രഹവും ചന്ദ്രക്കലയും മററും കതകുകളിൽ യഥോചിതം ചെയ്യാവുന്നതാണു്.

## സൂത്രപ്പട്ടികയുടെ വിധി.

സ്ര — ദ്വാരവ്യാസാബ്ധിബാണോൎമ്മ്യവനിധരഭുജംഗാംശി-
തൈകാംശതീവ്ര-
വ്യാസാ വ്യാസാൎദ്ധപാദോന്നിതബഹളമിതാ ദ്വാര-
തുല്യായതിശ്ച
കൎത്തവ്യാ സൂത്രപട്ടീ ജ്വലനശരമഹീഷ്ഡ്റാദി-
കൌഞ്ജസ്തനാഢ്യാ
മുക്താദാമാദിപത്മസ്ഥിതമഹിതരമാകൃഷ്ണ-
വിശ്ലേശയുക്താ. ൨

അന്വയം. അൎത്ഥം.

സൂത്രപട്ടീ = സൂത്രപ്പട്ടിക
ദ്വാരവ്യാസാബ്ധിബാണോൎമ്മ്യവ- = ദ്വാരവിസ്താരത്തിന്റെ നാ
നിധരഭുജംഗാംശിതൈ- = അഞ്ചോ, ആറോ, ഏഴോ എട്ടോ(ലൊ
കാംശതീവ്രവ്യാസ = അംശങ്ങളിൽ ഒരംശംകൊണ്ടു്
വീതിയും കനപ്പുമുള്ളതായി
വ്യാസാൎദ്ധപാദോന്നിതബ- = വീതിയിൽപകുതിയോ, നാലിൽ
ഹളമിതാ = മൂന്നുഭാഗമോ കനത്തൊട്ടുകൂടിയോ
ദ്വാരതുല്യായതിഃ ച = വാതിൽപൊക്കത്തോളം നീള
ത്തോടുകൂടിയും

ജ്വലനശരമഹീധ്റാദി- = മൂന്നോ, അഞ്ചോ, ഏഴോ, ഇങ്ങി
കൌജസ്തനാഢ്യാ നെ ഓജസ്സംഖ്യാക്രമമനുസരിച്ചു് മുലകളോടുകൂടിയും
മുക്താദാമാദിപത്മസ്ഥിതമഹി- = മുത്തുപട്ടം മുതലായതും, താമര
തരമാകൃഷ്ണവിഘ്നേശയുക്താ = പ്പൂവിൽ സ്ഥിതിചെയ്യുന്ന ലക്ഷ്മീദേവി, ശ്രീകൃഷ്ണൻ, ഗണപതി മുതലായവരുടെ പ്രതിമകളോടുകൂടിയും
കൎത്തവ്യാ = ചെയ്യേണ്ടതാണു്.

സാ:—സൂത്രപട്ടികയ്ക്കു് വാതിൽവീതിയുടെ നാലുമുതൽ എട്ടുവരെയുള്ള അംശങ്ങളിൽ ഒരംശംകൊണ്ടു് വീതിയും അതുപോലെ ഒരംശംകൊണ്ടുതന്നെ കനവും, കല്പിച്ചുകൊള്ളണം. സൂത്രപട്ടികയുടെ വീതിയിൽ പകുതികൊണ്ടും നാലിൽമൂന്നുഭാഗംകൊണ്ടും കനം നിശ്ചയിക്കാവുന്നതുമാണു്. വാതിലിന്റെ പൊക്കത്തോളമാണല്ലോ ഇതിനു നീളം വേണ്ടതു്. മൂന്നു്, അഞ്ചു്, ഏഴു്, ഇങ്ങിനെ ഒററപ്പെട്ട സംഖ്യയിൽ ചതുരശ്രക്കട്ടിയും, ആ കട്ടിയിൽ മുലയുടെ ആകൃതിയിലും മററും ചില ചിത്രങ്ങളും, വാജനങ്ങൾ, മുത്തുപട്ടങ്ങൾ, പത്മാസനയായ ലക്ഷ്മീഭഗവതി, ശ്രീകൃഷ്ണൻ, ഗണപതി മുതലായ ദേവന്മാരുടെ പ്രതിമകളും ചെയ്യാവുന്നതാണു്.

## കവാടാവയവവിധി.

മൂ— മാതാ വാമഗതാ കവാടഫലകാ സാസൂത്രപട്ട്യാശ്രിതാ
പുത്രീ ദക്ഷിണഗാമിനീതി സകലദ്വാരേഷുസംപ്രേക്ഷ്യതാം
ദ്വാരോച്ചാനലവേദബാണരസഭാഗോച്ചാന്തദ്ഘ്നാബ്ധിബാ-
ണോൎമ്മ്യംശഘനപ്രതാനസഹിതാമാകല്പയേതാരമാം. ൯

അന്വയം. അൎത്ഥം.

വാമഗതാ കവാടഫലകാ = ഇടതുവശമുള്ള കതകു്
മാതാ = മാതാവാകുന്നു
സാസൂത്രപട്ട്യാശ്രിതാ = അതിൽസൂത്രപട്ടികതറയ്ക്കേണ്ടതാണു
ദക്ഷിണഗാമിനീപുത്രി = വലതുവശമുള്ളകതകു് പുത്രിയാണു്
സകലദ്വാരേഷു = എല്ലാവാതിലുകൾക്കും
ഇതിസംപ്രേക്ഷ്യതാം = ഇപ്രകാരമെന്നറിയണം
ദ്വാരോച്ചാനലവേദബാ- = വാതിൽപൊക്കത്തിന്റെ മൂന്നോ,
ണരസഭാഗോച്ചാം = നാലോ,അഞ്ചോ, ആറോ ഭാഗങ്ങളിൽ ഒരു ഭാഗം ഉയരത്തോടുകൂടി

തദ്ദച്ഛാബ്ധിബാണോൎമ്മ്യദ്യം- = അ ഉച്ചത്തിൻെറ നാലു, അഞ്ചു്
ശഘനപ്രതാനസഹിതാം ആറു് ഏഴു്, ഈ അംശങ്ങളിൽ
ഒരംശം വീതിയോടും കനത്തോടുംകൂടി
അരമാം അകല്പയേൽ = മതിയനരണ്ടാക്കണം.

സാ:—ഇടത്തുവശത്തേത്തു തള്ളക്കതകും, വലത്തുവശത്തേത്തു പുള്ളക്കതകുമാണു്. തള്ളക്കതകിലാണു് മുൻപറഞ്ഞതസൂത്രപട്ടിക തറയ്ക്കേണ്ടതു്. പിന്നീട്ടു വാതിൽപൊക്കത്തിൻെറ നാലോ, അഞ്ചോ, ആറോ, അംശങ്ങളിൽ ഒരുഭാഗം നീളവും ആ നീളത്തിൻെറ നാലു്, അഞ്ചു്, ആറു്, ഏഴു്, ഈ അംശങ്ങളിൽ ഒരംശം കനവും, അതുപോലൊരംശം വീതിയുമുള്ള മതിയനും ഉണ്ടാക്കിക്കൊള്ളണം.

സാക്ഷയുടെ വിധി.

മൂ—ദ്വാരവ്യാസപയോധിബാണരസസപ്താഷ്ടാംശകാത്തായതം
കുൎയ്യാദൎഗളമായതോൎമ്മിഗിരിമാതംഗാംശതാരാന്വിതം
വിസ്താരാൎദ്ധഘനംഘനോന്മിതലസൽഖണ്ഡദ്വയംചാരമാ
മൂലാഗ്രാന്തികസംപ്രക്ലിപ്തകബളീസംപ്രാപ്തഖണ്ഡാന്തരം.

അന്വയം. അൎത്ഥം.

ദ്വാരവ്യാസപയോധിബാണരസ- = വാതിൽവീതിയുടെ നാലു്, അ
സപ്താംഷ്ടാംശകാത്തായതം = ഞ്ചു്, ആറു്, ഏഴു്, എട്ടു് ഈ അം
ശങ്ങളിൽ ഒരംശംകൊണ്ടു് നീളവും
ആയതോൎമ്മിഗിരിമാതംഗാം = നീളത്തിൻെറ ആറു് ഏഴു് എട്ടു്
ശതാരാന്വിതം = ഈ അംശങ്ങളിൽ ഒരംശംകൊണ്ടു
(വീതിയും
വിസ്താരാൎദ്ധഘനം = വീതിയിൽ പകുതികനവുമുള്ള
അൎഗ്ഗളം = തള്ളുസാക്ഷ
ഘനോന്മിതലസൽഖണ്ഡ- = കനപ്രമാണമായ രണ്ടു ചതുരശ്ര
ദ്വയം ക്കട്ടിയോടുകൂടി
അരമാമൂലാഗ്രാന്തികസംപ്രക്ലിപ്ത = മതിയൻെറ കീഴിലുംമുകളിലു
കബളീസംപ്രാപ്തഖണ്ഡാന്തരം (വെട്ടുകളിൽ സാക്ഷയുടെ (മുള്ള
കുൎയ്യാൽ = ചെയ്യണം (കട്ടിയുടെമദ്ധ്യഭാഗം വരുത്തി

സാ:—സാക്ഷയ്ക്കു വാതിൽവീതിയുടെ നാലുമുതൽ എട്ടുവരെയുള്ള അംശങ്ങളിൽ ഒരംശം നീളവും നീളത്തിൻെറ ആറുമുതൽ എട്ടുവരെയുള്ള അംശങ്ങളിൽ ഒരംശം വീതിയും വീതിയിൽ പകുതി കനവുമുണ്ടായിരിക്കണം. ഈ സാക്ഷയ്ക്കു കനപ്രമാണ

ത്തിൽ രണ്ടു കട്ടിക്രമമനുസരിച്ചുണ്ടായിരിക്കമല്ലൊ. ഈ കട്ടിയുടെ ഇട മതിയൻെറ ചുവട്ടിലും തലയ്ക്കലുമുള്ള വെട്ടിൽ വരുത്തി കതകിൽ തറച്ചുകൊള്ളണം.

മൂ— അധോർഗ്ഗളം മാതൃകവാടസംസ്ഥം
പുത്രീഗതംചാർഗ്ഗളമൂർദ്ധ്വസംഗീ
അഥാരമാമദ്ധ്യമതീത്യമദ്ധ്യാൽ
സുകീലയേത്തത്രകവാടപൃഷ്ഠേ. ൧൧

| അന്വയം. | അർത്ഥം. |
|---|---|
| അധഃ അർഗ്ഗളം | = താഴത്തെ സാക്ഷ |
| മാതൃകവാടസംസ്ഥം | = തള്ളക്കതകിലും |
| ഊർദ്ധ്വസംഗീ അർഗ്ഗളം | = മേലുള്ള സാക്ഷാ |
| പുത്രീഗതംച | = പുള്ളക്കതകിലും ഇരിക്കേണ്ട (താണ്. |
| അഥ | = പിന്നീട് |
| അരമാമദ്ധ്യം മദ്ധ്യാൽ അതീത്യ | = മതിയൻെറ മദ്ധ്യം വാതിൽ മദ്ധ്യത്തിൽനിന്നു് ഉയത്തി |
| തത്രകവാടപൃഷ്ഠേ | = കതകിൻെറ അകത്തേപ്പാട്ടിൽ |
| സുകീലയേ | = തറച്ചുകൊള്ളണം. |

സാ—തള്ളക്കതകിലുള്ള മതിയൻെറ കീഴിലും പുള്ളക്കതകിലുള്ള മതിയൻെറ മുകളിലുമുള്ള വെട്ടിലാണു സാക്ഷയിടേണ്ടതു്. പിന്നീട്ട കതകിൻെറ അകത്തേപ്പാട്ടിൽ മദ്ധ്യഭാഗത്തുനിന്നും മതിയൻെറ മദ്ധ്യം അല്പമൊന്നുയത്തിയാണു് തറയ്ക്കേണ്ടതു്. കട്ടിളക്കാലിൻെറ വീതിയുടെ മദ്ധ്യസൂത്രം ലക്ഷ്യമാക്കി ഇരുപുറവും തുല്യമായി വിചാരിക്കുമ്പോൾ കതകിൻെറ പുറത്തുവശം അകത്തുഭാഗവും അകത്തുഭാഗം പുറത്തുകാണുന്ന വശവുമാണല്ലൊ. "കവാടപൃഷ്ഠേ" എന്ന ഭാഗംകൊണ്ടു കതകിൻെറ പുറത്തേപ്പാട്ടിൽ മതിയൻ തറയ്ക്കണമെന്നു പക്ഷേ ശങ്കിക്കാം. ഈ ശങ്കയ്ക്കു മുൻപറഞ്ഞ ന്യായമനുസരിച്ചു് അവകാശമില്ലെന്നറിഞ്ഞുകൊൾക.

മൂ—ഏകകജാതിതരുഭിഃ പ്രകല്പിതം ദ്വാരപാദഫലകാദികം ശുഭം
അന്യഥായദി വധൂകുശീലതാ സംഭവേദിതി വദന്തികേചന.

| അന്വയം. | അർത്ഥം. |
|---|---|
| ഏകകജാതിതരുഭിഃ | = ഒരുജാതിയിലുള്ള മരംകൊണ്ടു് |
| പ്രകല്പിതം | = ഉണ്ടാക്കപ്പെട്ട |
| ദ്വാരപാദഫലകാദികം | = കട്ടിളക്കാൽ കതകുപലക മുതലായതു |
| ശുഭം | = ശുഭകരമാണു് |

അന്യഥാ യദി = പലജാതിത്തടികൊണ്ടുണ്ടാക്കിയാൽ
വധ്വഃ കുശീലതാ സംഭവേൽ = സ്ത്രീകൾ ദുഃസ്വഭാവിനികളായിത്തീരും
ഇതി കേചന വദന്തി = ഇങ്ങനെ ചിലർ അഭിപ്രായപ്പെടുന്നു.

സാ:—ഒരുജാതി മരംകൊണ്ടുതന്നെ കട്ടിളക്കാൽ, പടികൾ, കതകു്, മുതലായവ ചെയ്യേണ്ടതാണെന്നും, അല്ലാതെ പലേ ജാതിയിലുള്ള മരംകൊണ്ടു് ചെയ്കയാണെങ്കിൽ അവിടെയുള്ള സ്ത്രീകൾ ദുഃസ്വഭാവിനികളായിത്ത്തീരുമെന്നും ചിലർ അഭിപ്രായപ്പെടുന്നു.

മൂ—ഏകംകവാടംയദിവാമഭാഗേ മദ്ധ്യാദധോവോപരിവാരമാസ്യാൽ
തദർഗ്ഗളംവൎത്തുളമഷ്ടകോണംവേദാശ്രയംവാദൃഢശൃംഖലംവാ

| അന്വയം. | അർത്ഥം. |
|---|---|
| കവാടം ഏകം യദി | = കതകു് ഒററയായിട്ടാണെങ്കിൽ |
| വാമഭാഗേ സ്യാൽ | = ഇടത്തുവശംവേണം |
| മദ്ധ്യാൽ അധഃ വാ | = മദ്ധ്യഭാഗത്തുനിന്നു് താഴയോ |
| ഉപരി വാ | = മുകളിലോ ആയി |
| അരമാ സ്യാൽ | = മതിയന്മുണ്ടായിരിക്കണം |
| തദർഗ്ഗളം | = ആ മതിയൻെറ സാക്ഷ |
| വൎത്തുളം അഷ്ടകോണം | = വൃത്തമായോ, എട്ടുപട്ടമായോ, |
| വേദാശ്രയം വാ കാൎയ്യം | = ചതുരമായോ, ചെയ്യാവുന്നതാണു് |
| ദൃഢശൃംഖലം വാ | = ബലമുള്ള തുടലുകൊണ്ടും ബന്ധിക്കാവുന്നതാണു്. |

സാ—കതകു് ഒററയായിട്ടാണെങ്കിൽ ഇടത്തെ കട്ടിളക്കാലിൽ മുൻപറഞ്ഞപോലെ തൊടുത്തിക്കൊള്ളണം. വലത്തേക്കാലിൽ പകുതിക്കു് താഴെയോ, മുകളിലോ ആയി മതിയൻപതിക്കണം. അതിൻെറ സാക്ഷ വൃത്തമായോ എട്ടുപട്ടമായോ, ചതുരമായോ ചെയ്യാവുന്നതാണു്. അല്ലെങ്കിൽ ഇരുമ്പു മുതലായ ലോഹങ്ങളെക്കൊണ്ടു് ചങ്ങലയും മററും ചെയ്തു കതകു് ബന്ധിക്കാവുന്നതാണു്.

ശാലകളുടെ പുറത്തേദ്വാരം വയ്ക്കുന്നതിനുള്ള വിധി.

മൂ— ആശാഹസ്തതിസൂത്രഭേദിനിഗൃഹേ ഷഷ്ഠേഥവാസപ്തമേ
സൂത്രദ്വാരമഥാപരംക്രമവശാൽപൃഷ്ഠേനിജേഷ്ടം പുനഃ

സവ്യാദ്ഭവനസ്യ കാൎയ്യമുചിതൈൎയ്യോന്യാദിഭിസ്സംയുതം
ചൈകംവേച്ഛതിചേൽകവാടഫലകാവാമേ ഭവേന്നിഷ്ക്രമഃ.

| അന്വയം. | അൎത്ഥം. |
|---|---|
| ഗൃഹേ അശാഹസ്സതിസൂത്ര-(ഭേദിനി | = ഗൃഹദീൎഘം പത്തോ, പന്ത്ര ണ്ടോ, രേഖകൾ വരത്തക്കവണ്ണം ഭാഗിച്ചാൽ |
| ഷഷ്ഠേ അഥവാ സപ്തമേ | = ആറാമത്തതോ ഏഴാമത്തതോ (ആയ |
| സൂത്രേ | = രേഖയിൽ |
| അപരം ദ്വാരം | = പുറത്തെ വാതിൽ മദ്ധ്യംവരുത്തി |
| ഭവനസ്യസവ്യാദ്ൽ | = ഗൃഹത്തിന്റെ വലത്തുവശത്തു് |
| പൃഷ്ഠേ ക്രമവശാൽ | = പിറകിൽ ക്രമേണ |
| നിജേജഷ്വം | = അവിടവിടെ യോജിച്ചരീതിയിൽ |
| ഉചിതൈഃ യോന്യാദിഭിഃ | = ഇഷ്ടമായ യോനി, മുതലായവ (യോട്ട |
| സംയുതം ച കാൎയ്യം | = കൂടിച്ചെയ്യേണ്ടതാണു് |
| കവാട ഫലകാ | = കതകു് |
| ഏവം വാ ഇച്ഛതി ചേൽ | = ഒന്നുമാത്രമോ മതിയെങ്കിൽ |
| നിഷ്ക്രമേ | = വെളിയിലിറങ്ങുന്നവശമനുസരിച്ചു് |
| വാമേ ഭവേൽ | = ഇടത്തുവശമായിരിക്കണം |

സ്ഥാ.—ഗൃഹദീൎഘത്തെ പതിനൊന്നായി ഭാഗിക്കുമ്പോൾ മദ്ധ്യ പത്തുരേഖകൾ വരുമല്ലോ, അതിൽ ഇടത്തുവശം മുതൽ ആറാമത്തെരേഖയിൽ ദ്വാരമദ്ധ്യരേഖവരുത്തിയും, പതിമൂന്നായി ഭാഗിക്കയാണെങ്കിൽ ഏഴാമത്തെരേഖയിൽ ദ്വാരമദ്ധ്യം വരുത്തിയും, പിറകിലേവാതിലുകൾ ഇങ്ങിനെ നാലുദിക്കിലും ക്രമമനുസരിച്ചു് വച്ചുകൊള്ളണം, അവിടെയും കതകു് ഒരുവശത്തു മാത്രമാണെങ്കിൽ പുറത്തോട്ടിറങ്ങുന്ന വശമനുസരിച്ചു് ഇടത്തുഭാഗത്തായിരിക്കണം. "സവ്യം" എന്ന ശബ്ദത്തിനു ഇടത്തുവശമെന്നും വലത്തുവശമെന്നും അൎത്ഥമുണ്ടു്. വലത്തുവശമെന്നുള്ള അൎത്ഥം ഗ്രഹിക്കുമ്പോൾ ദ്വാരങ്ങൾക്കു പ്രദക്ഷിണവശം ഗതിയുണ്ടാകും. മററുചില ശാസ്ത്രങ്ങളിൽ ഇതിനു പ്രതികൂലങ്ങളായ ചിലവചനങ്ങളും കാണ്മാനുണ്ടു്. ഏതായാലും ഈ വിധിയനുസരിച്ചു മിക്ക സ്ഥലങ്ങളിലും ദ്വാരംവച്ചുവരാറില്ല. അതുകൊണ്ടു് ഇതിനെക്കുറിച്ചു അധികമൊന്നും പറയണമെന്നു വിചാരിക്കുന്നില്ല.

നടവാതൽ വയ്ക്കേണ്ട ക്രമം.

മൂ—കുൎയ്യാൽ പ്രാങ്കണതോഗമാഗമകൃതേദ്വാരംമഹൽ പാൎശ്വകേ
തൽബാഹ്യേപഥിപാൎശ്വകോപരികൃതംത്യക്ത്വാമസൂരോചര്ശ്രയം

മാൎഗ്ഗവ്യാസചതുൎഗ്ഗുണേനപരിധിസ്സ്വാഭീഷ്ടയോനിൎയ്യഥാ
തദ്വ്യാസന്തുതഥാകരോതു ച വിദിഗ്ധാമ്നോസ്തിചേൽകുട്ടിമം

| അന്വയം. | അൎത്ഥം. |
|---|---|
| പ്രാങ്കണതഃ | = അങ്കണത്തിൽനിന്നു് |
| ഗമാഗമകൃതേ | = പോകുന്നതിനും വരുന്നതിനുമുള്ള |
| മഹൽദ്വാരം | = വലിയവാതില്ു് (നടവാതിൽ |
| പാദുകേ കുൎയ്യാൽ | = പാദുകപ്പുറത്തു വയ്ക്കണം |
| തൽബാഹ്യപഥി | = വാതിലിനു വെളിക്കുള്ള ഇടയിൽ |
| പാദുകോപരികൃതം | = പാദുകംമുതൽ മേല്പോട്ടുള്ള |
| മസൂരോചഛ്റയംത്യക്ത്വാ | = അടിസ്ഥാനപ്പൊക്കം കുറച്ചിട്ടു് |
| മാൎഗ്ഗവ്യാസചതുൎഗ്ഗുണേന | = ആയിടയുടെ വിസ്താരം നാലിൽ പെരുക്കിയാൽ |
| യഥാ സ്വാഭീഷ്ടയോനിഃ- പരിധിഃ | = യാതൊരുവിധമായാൽ ഇഷ്ടയോനിയോടുകൂടിയ ചുററുവരുമോ |
| വിദിഗ്ധാമ്നഃ | = കോൺഗൃഹത്തിനു് |
| കുട്ടിമം അസ്തി ചേൽ | = ചുവരുണ്ടെങ്കിൽ |
| തദ്വ്യാസം തു | = ആയിടയുടെ വിസ്താരം |
| തഥാകരോതു | = അപ്രകാരമാക്കിച്ചെയ്യണം. |

സാ:—അങ്കണത്തിൽനിന്നു് ഗതാഗതം ചെയ്വാനായി അതാതു ഗൃഹങ്ങളുടെ അന്തരാളങ്ങളിൽ ,ഉള്ളിൽ നടവാതിൽ വയ്ക്കേണ്ടതാണു്. ആ വാതിൽ പാദുകപ്പുറത്താണു വയ്ക്കേണ്ടതു്, ഗതാഗതമാൎഗ്ഗം പാദുകനിരപ്പിൽ ഇരിക്കേണ്ടതാണു്. കോൺഗൃഹത്തിനു ചുവരുണ്ടെങ്കിൽ മാൎഗ്ഗോപയുക്തമായ ആ അന്തരാളത്തിനും യോനിപ്രധാനമായ ചുററുണ്ടായിരിക്കണം. എങ്ങിനെയെന്നാൽ ആയിടയുടെ വിസ്താരം നാലിൽ പെരുക്കുമ്പോൾ ഇഷ്ടയോനിജനകമായ ചുററു സിദ്ധിക്കേണ്ടതാണു്. ഇതിനെയാണു പദയോനിയെന്നു മുൻപു പറഞ്ഞിട്ടുള്ളതു്. ഈ നടവാതിലുകൾ അതാതു ഗൃഹങ്ങളുടെ അന്തരാളങ്ങളായിരിക്കണം. എങ്ങിനെയെന്നാൽ കിഴക്കെ വാതിൽ കിഴക്കേതിൻെറ വടക്കേ അന്തരാളത്തിലും വടക്കേവാതിൽ വടക്കേതിൻെറ പടിഞ്ഞാറെ അന്തരാളത്തിലും പടിഞ്ഞാറേവാതിൽ പടിഞ്ഞാറേതിൻെറ തെക്കേ അന്തരാളത്തിലും തെക്കേവാതിൽ തെക്കേതിൻെറ കിഴക്കേ അന്തരാളത്തിലുമാണു വയ്ക്കേണ്ടതു്. ഇതിനു് "ഐശാനെ പ്രാങ്മുഖം ദ്വാരമനലേ ദക്ഷിണോന്മുഖം പിതൃഃപ്രത്യങ്മുഖംകുൎയ്യാദനിലേ ധനദോന്മുഖം" എന്നുള്ള വാസ്തുമാനവചനവും പ്രമാണമാകുന്നു.

ഫല

## ബഹിർദ്വാര (പടിപ്പുര) വിധി.

മൂ—ദണ്ഡാൽപ്രാങ്കണമദ്ധ്യതോബ്ധിശരഷൾ-
സപ്താദിസംഖ്യാവ്യതീ-
ത്യാദദ്ധ്യാദഥപൗഷ്പദന്തികപദേ-
ദ്വാരംപ്രചാരോദിതം
ഭല്ലാടേന്ദ്രഗൃഹക്ഷതേഷ്വപിമഹാ-
ദ്വാരാണ്യുപദ്വാരകാ-
ണ്യഷ്ടാപ്യുന്നതഭൂതലേദ്വിതലത-
ദ്വക്ത്രാദി യുക്താനിവാ. ൧൩

| അന്വയം. | അർത്ഥം, |
|---|---|
| അബ്ധിശരഷൾസപ്താദി- സംഖ്യാൽ ദണ്ഡാൽ | = നാലൊ, അഞ്ചൊ, ആറൊ, ഏഴൊ, ഇത്യാദി ദണ്ഡളവു്, |
| പ്രാങ്കണമദ്ധ്യതഃ | = അങ്കണമദ്ധ്യത്തിൽനിന്നു |
| വ്യതീത്യ | = മാറീട്ടു് |
| അഥ പൗഷ്പദന്തികപദേ | = പിന്നെ പുഷ്പദന്തൻെറപദത്തിലും |
| ഭല്ലാടേന്ദ്രഗൃഹക്ഷതേഷു- അപി | = ഭല്ലാടൻ ഇന്ദ്രൻഗൃഹക്ഷതൻ ഇവരുടെ പദത്തിലും |
| പ്രചാരോദിതം ദ്വാരം | = സഞ്ചാരത്തിനുള്ള ദ്വാരം |
| ആദദ്ധ്യാൽ | = വയ്ക്കേണ്ടതാണു്. |
| മഹാദ്വാരാണി | = ഈ വലിയ ദ്വാരങ്ങളും |
| അഷ്ട ഉപദ്വാരാണി അപി | = എട്ടു, ചെറിയ ദ്വാരങ്ങളും |
| ഉന്നതഭൂതലേ | = ഉയൎന്ന സ്ഥാനത്തു് |
| ദ്വിതലതദ്വക്ത്രാദിയുക്താ- നി വാ | = ഇരുനിലയോടുകൂടിയും മുഖപ്പു മുതലായവയോടുകൂടിയും ഭവിക്കും. |

സാ:—സാധാരണ പോക്കുവരവിനായി സീമന്തത്തിൽ പടിപ്പുര ഉണ്ടായിരിക്കണമല്ലൊ. ഇതിനെയാണു് ഇവിടെ മഹാദ്വാരമെന്നു പറയുന്നതു്. കിഴക്കോട്ടുള്ളതു ഇന്ദ്രപദത്തിലും, തെക്കോട്ടുള്ളതു ഗൃഹക്ഷതൻെറ പദത്തിലും, പടിഞ്ഞാറോട്ടുള്ളതു പുഷ്പദന്തൻെറ പദത്തിലും, വടക്കോട്ടുള്ളതു ഭല്ലാടൻെറ പദത്തിലുമാണു വയ്ക്കേണ്ടതു്. ഇതു് അങ്കണമദ്ധ്യത്തിൽനിന്നു നാലൊ, അഞ്ചൊ, ആറൊ, ഏഴൊ ദണ്ഡളവു പുറത്തോട്ടുമാററി വയ്ക്കേണ്ടതാണു്. "ആദി"ശബ്ദംകൊണ്ടു പറമ്പിൻെറ വലിപ്പമനുസരിച്ചു് ദണ്ഡളവും വൎദ്ധിപ്പിച്ചുകൊള്ളാമെന്നു സൂചിപ്പിച്ചിരിക്കുന്നു. നാലുദിക്കുകളിലായി നാലു ദ്വാരമാണല്ലോ പ്രധാനമായി ഇവിടെ വിധിച്ചിട്ടുള്ളതു്. ദേവാലയം, നദി മുതലായവയ്ക്കു് അഭിമു

ഖമായിട്ടാണ് മനുഷ്യാലയം ഇരിക്കേണ്ടത്, ആ ക്രമമനുസരിച്ച് ദ്വാരം ഏതു ദിക്കിലേതാണോ സൌകൎയ്യപ്പെടുന്നത് അതുതന്നെ ചെയ്തുകൊള്ളണം വിശേഷിച്ചു രാജഭവനങ്ങൾക്കു നാലു ദിക്കിലും മഹാദ്വാരങ്ങൾ വേണ്ടതായും വരുന്നതാം. ഈരണ്ടോ മഹാദ്വാരങ്ങളുടേയും ഇരുപുറങ്ങളിലുമായി ആകെ എട്ട് ഉപദ്വാരങ്ങളും വിധിച്ചിട്ടുണ്ട്. ദ്വാരങ്ങൾ മിക്കവാറും ഉയൎന്നസ്ഥാനത്താണ് കല്പിക്കേണ്ടത്, ഇതുകൾക്കും വിധിപോലെ മേൽപുരയും ഉണ്ടായിരിക്കണം, മാളികയായിട്ടും മുഖപ്പുകളെക്കൊണ്ടു അലംകാരമായും ചെയ്യാവുന്നതാണ്.

മൂ— പൎജ്ജന്യകോഷ്ഠേ ഭൃശേ ച പൂഷ്ണി
ഭൃംഗേ ച ദൗവാരികശോഷയോശ്ച
നാഗേപ്യദിത്യുക്തപദേപി ചേച്ഛ-
ന്ത്യഷ്ടൗ തൂപദ്വാരഗൃഹാണി നൄണാം. ൬൧

അന്വയം. അൎത്ഥം.

| | |
|---|---|
| പൎജ്ജന്യകോഷ്ഠേ | = പൎജ്ജന്യന്റെ പദത്തിലും |
| ഭൃശേ ച പൂഷ്ണി | = ഭൃശങ്കലും പൂഷാവിങ്കലും |
| ഭൃംഗേ ച | = ഭൃംഗങ്കലും |
| ദൗവാരികശോഷയോഃ ച | = ദ്വാരപാലനിലും ശോഷനിലും |
| നാഗേ അപി | = നാഗങ്കലും |
| അദിത്യുക്തപദേ | = അദിതിയുടെ പദത്തിലും |
| ഇതി നൄണാം | = ഇങ്ങനെ മനുഷ്യാലയങ്ങളിൽ |
| അഷ്ടൗ ഉപദ്വാരഗൃഹാണി ച | = എട്ടു ചെറിയ പടിപ്പുരകളും |
| ഇച്ഛന്തി | = വിധിച്ചിരിക്കുന്നു. |

സാ:—പൎജ്ജന്യൻ, ഭൃശൻ, പൂഷാവ്, ഭൃംഗൻ, ദ്വാരപാലൻ, ശോഷൻ, നാഗൻ, അദിതി ഇവരുടെ പാദങ്ങളിൽ മുൻപറഞ്ഞ മഹാദ്വാരങ്ങളുടെ ഇരുപുറവുമായി എട്ടു ചെറിയ പടിപ്പുരകളും വിധിക്കപ്പെട്ടിരിക്കുന്നു.

മൂ— സ്തംഭാധസ്താരതോവേച്ഛ്റയരസതുരഗാ-
ഷ്ടാംശതോവാപ്രതോ-
ച്ച്യതേഽൎദ്ധവാത്രസാൎദ്ധാവനിയുഗളഹൃതാ-
ശോന്മിതൈശ്ചാത്രവേദിഃ
കൎത്തവ്യാകുട്ടിമോൎദ്ധ്വംതദുപരിചരണൈ-
സ്ത്ര്യംശമസംഖ്യൈശ്ചദാരു-
സ്തംഭാൎദ്ധാംഘ്രുന്നതുല്യപ്രതതിഭിരഭിത-
സ്സോത്തരാദ്യൈശ്ചഭിത്തി. ൬൨

KOTTAYAM PUBLIC LIBRARY KOTTAYAM TRAVANCORE

| അന്വയം. | അർത്ഥം, |
|---|---|
| സ്തംഭാധസ്താരതഃ | = ദ്വാരസ്തംഭത്തിൻെറ ചുവട്ടിലെ വിസ്താരംകൊണ്ടോ |
| ഉച്ഛ്രായരസനഗാഷ്ടാംശതഃ | = കാൽപൊക്കത്തിൻെറ ആറു, ഏഴ്, എട്ടു ഈ അംശങ്ങളിൽ ഒരംശം കൊണ്ടോ |
| പ്രതേഃ ഉത്സേധേന അപി | = പടിയുടെ പൊക്കംകൊണ്ടും |
| അത്ര | = ഈ പൊക്കം |
| സാർദ്ധാവനിയുഗളഹുതാശാമ്മിതൈഃ | = ഒന്നരയോ, രണ്ടോ, മൂന്നോ അളവു കൂടിയിട്ടും |
| അത്ര കുട്ടിമോർദ്ധ്വം | = ഇവിടെ അടിസ്ഥാനത്തിൻെറ മേൽ |
| വേദിഃ കർത്തവ്യാ | = ഇരിക്കുന്നതിനുള്ള പടി ചെയ്യേണ്ടതാണ്. |
| തദുപരി | = വേദിക്കു മുകളിൽ |
| യുഗ്മസംഖ്യൈഃ ചരണൈഃ | = ഇരട്ടപ്പെട്ട കാലുകളെക്കൊണ്ടും |
| ദാരുസ്തംഭാർദ്ധാംഘ്ര്യൂനതുല്യപ്രതതഭിഃ | = ആ കാലുകളുടെ പകുതിയോ, മുക്കാലോ, സമമോ വിസ്താരമുള്ള |
| സോത്തരാദ്യൈഃ | = ഉത്തരാദികളോടുകൂടി |
| അഭിതഃ ഭിത്തിഃ ച | = ഇരുപുറവും ഭിത്തിയും |
| കർത്തവ്യ | = ചെയ്യേണ്ടതാണ്. |

സാ:—പടിപ്പുരയ്ക്കു് മുൻപറഞ്ഞ ക്രമമനുസരിച്ചു് പാദമാനംകൊണ്ടു് അടിസ്ഥാനമുണ്ടായിരിക്കുമല്ലോ. ഈ അടിസ്ഥാനത്തിൻെറ മുകളിൽ ഇരുപുറത്തും ഇരിക്കുന്നതിനുള്ള വേദിയും ഉണ്ടായിരിക്കേണ്ടതാണ്. വേദിയുടെ പൊക്കം ദ്വാരസ്തംഭത്തിൻെറ വിസ്താരത്തോളമൊ അല്ലെങ്കിൽ കാൽപൊക്കത്തിൻെറ ൬, ൭, ൮ ഈ അംശങ്ങളിൽ ഒരുഭാഗമോ അഥവാ പടിപ്പൊക്കത്തോടു സമമായോ അല്ലെങ്കിൽ പടിപ്പൊക്കത്തിൻെറ ഒന്നര, രണ്ടു്, മൂന്നു് ഇത്രയും ഭാഗംകൊണ്ടോ ചെയ്തുകൊള്ളണം. ഇതു് ദ്വാരത്തിൻെറ ഇരുപുറവുമായിട്ടാണു ചെയ്യേണ്ടതു്. വേദിയിൽ നിന്നു മേല്പോട്ടു കാലുകൾ ഉണ്ടായിരിക്കണം. കാലുകളുടെ സംഖ്യ, ൨, ൪ ഇങ്ങനെ ഇരട്ടപ്പെട്ടിരിക്കണം. ഈ കാലുകൾ ഉത്തരത്തിലും അഥവാ വളവുകാലുകളായി ചെയ്യുകയാണെങ്കിൽ വാമടയുത്തരത്തിലും സംബന്ധിപ്പിക്കാവുന്നതാണ്. കാലിൻെറ വീതികനങ്ങൾ മുൻപേ വിധിച്ചിട്ടുള്ള അംശപ്രകാരം നിശ്ചയിച്ചുകൊള്ളണം. ഈ കാലുകൾക്കു് വിലങ്ങത്തിൽ ഉത്തരംപോലെയുള്ള പ

ടികളും എഴികളും കാലിൻെറ അകത്തുവശം താഴെ ചാരുപലക യും ഉണ്ടായിരിക്കേണ്ടതാണ്.

മൂ— പത്രമാനവശതോംഗുലവൃദ്ധ്യാ
വേദികാവിഹിതനിഷ്ക്രമണംസ്യാൽ
സാദ്ധ്യുഗ്മദഹനാദിമിതൈസ്തൈ-
രംഗുലൈർവിഹിതമുത്തരലംബാൽ. ൫൯

അന്വയം. അർത്ഥം.

| | |
|---|---|
| പത്രമാനവശതഃ | = പത്രമാനക്രമം അനുസരിച്ച് |
| അംഗുലവൃദ്ധ്യാ | = അംഗുലങ്ങളെ വർദ്ധിപ്പിച്ച് |
| വേദികാവിഹിതനിഷ്ക്രമണം- | = വേദികയ്ക്കു ഇഷ്ടമായരീതി |
| സ്യാൽ | = യിൽമാററം സംഭവിക്കും |
| സാദ്ധ്യുഗ്മദഹനാദിമിതൈഃ | = രണ്ടര, മൂന്നു, മുതലായ |
| തൈഃ അംഗുലൈഃ | = ആ അംഗുലങ്ങളെക്കൊണ്ടു് |
| ഉത്തരലംബാൽ | = ഉത്തരത്തുക്കിൽനിന്നു് |
| നിഷ്ക്രമണം വിഹിതം | = മാററം വിധിക്കപ്പെട്ടിരിക്കുന്നു. |

സാ:—ഉത്തരത്തുക്കിൽനിന്നു പുറത്തോട്ടാണല്ലോ പത്രമാനമാററം വിധിച്ചിട്ടുള്ളതു്. ഇതു യോനിപ്രധാനമായരീതിയിൽ അംഗുലങ്ങളെക്കൊണ്ടു വർദ്ധിപ്പിച്ചാണു മാററംവയ്ക്കേണ്ടതു്. ഉത്തരത്തുക്കിൽനിന്നു വേദികയ്ക്കുള്ളമാററം രണ്ടരഅംഗുലം മുതൽ ക്രമേണ വർദ്ധിപ്പിച്ചു് മേൽപ്രകാരം ചെയ്യാവുന്നതുമാണു്.

മൂ—സ്വദ്രവ്യൈരേവവേദീരിഹ കതിചിദുശ-
ന്തിഷ്ടികാമൃച്ഛിലാദ്യൈഃ
വൃക്ഷൈർവാഭിന്നജാതൈരപിചവിരചിതാ-
ദൃശ്യതേസർവ്വഗേഹേ
അന്തർനാഹേനയോന്യന്വിതഭവനവിധൗ
ഗർഭഗേഹോക്തരീത്യാ
ദ്വാരംതൽപാദുകാദ്ധ്വംന്യസതുപുനരധ-
സ്താൽപ്രതേ്യത്തഗേഹേ.

അന്വയം. അർത്ഥം.

| | |
|---|---|
| ഇഹ കതിചിൽ | = വേദിചെയ്യുന്നതിൽ ചിലർ |
| സ്വദ്രവ്യൈഃ ഏവ ഉശന്തി | = അതാതിനുള്ള ദ്രവ്യങ്ങളെക്കൊണ്ടു തന്നെ വേണമെന്നു പറയുന്നു. |
| ഇഷ്ടികാമൃച്ഛിലാദ്യൈഃ വാ | = ചുടുകല്ലു് മണ്ണു്, കല്ലു്, മുതലായവ കൊണ്ടും |

ഭിന്നജാത്യൈഃ വൃക്ഷൈഃ അപി = പലജാതി മരങ്ങളെക്കൊണ്ടും
സൎവ്വഗേഹേ = എല്ലാഗൃഹങ്ങൾക്കും
വിരചിതാ ദൃശ്യതേ = ചെയ്യപ്പെട്ടതായി കാണുന്നു
ഗൎഭഗേഹോക്തരീത്യാ = ഗൎഭഗൃഹത്തിനു പറഞ്ഞതുപോ
അന്തൎന്നാഗേഹേന = അകത്തെച്ചുററുകൊണ്ടു് (ലെ
യോന്യന്വിതഭവനവിധൌ = യോനിപ്പെട്ടുത്തിച്ചെയ്യുന്ന ഗൃഹ ങ്ങൾക്കു്
ഗൎത്തഗേഹേ = തറതാഴ്ത്തിച്ചെയ്യുകയാണെങ്കിൽ
തൽപാദുകോൎദ്ധ്വം = ആ പാദുകപ്പുറത്തോ
പുനഃ = അല്ലെങ്കിൽ
പ്രതേഃ അധസ്താൽ = പടിക്കതാഴെയായിട്ടോ
ദ്വാരം ന്യസേത്തു = വാതിൽ വയ്ക്കണം.

സാ:—മേൽപറഞ്ഞ വേദിക, പടിപ്പുരവാതിൽ ശില മുതലായതു് ഏതൊരു ദ്രവ്യംകൊണ്ടു ചെയ്യുന്നുവോ അതുകൊണ്ടുതന്നെയാണു ചെയ്യേണ്ടതെന്നു ചില ആചാൎയ്യന്മാർ അഭിപ്രായപ്പെടുന്നു. ചുട്ടകല്ലു്, മണ്ണു്, കല്ലു്, പലജാതിമരങ്ങൾ ഇവകൊണ്ടു ചെയ്തതായി മനുഷ്യാലയങ്ങളിലും മററും കാണുന്നുമുണ്ടു്. ഗൎഭഗേഹത്തിനു പറഞ്ഞിട്ടുള്ളവണ്ണം അകത്തെ ചുററു് യോനിപ്രധാനമായി ചെയ്തയാണെങ്കിൽ പടിപ്പുരവാതിൽ അതിൻെറ പാദുകപ്പുറത്തോ, പടിക്കതാഴയൊ വയ്ക്കണം അങ്ങിനെ വയ്ക്കുമ്പോൾ വാതിലിൻെറ മുൻപും പിൻപും ഉള്ള സ്ഥലം അടിസ്ഥാനത്തിൽനിന്നും താണിരിക്കേണ്ടതാണു്.

മൂ— യുഗ്മാസ്തുലാസ്തംഭലുപാദയസ്യു-
സ്സൎവ്വാസ്ത്വയുഗ്മാഃ ഖലുപങ്ക്തയസ്താഃ
നൃഗേഹനിൎദ്ദിഷ്ടകരാധികാശ്ചേ-
ദ്വിധാശദാസ്താഃ ഖലുപങ്ക്തയസ്സ്യുഃ. ൨൫

അന്വയം. അൎത്ഥം.

തുലാസ്തംഭലുപാദയഃ = തുലാംകാലു്, കഴുക്കോൽ മുതലാ
യുഗ്മാഃ സ്യുഃ = ഇരട്ടപ്പെട്ടിരിക്കണം (യവകൾ
സൎവ്വാഃ താഃ പങ്ക്തയഃ തു = ആ പത്തികളെല്ലാം
ത്വയുഗ്മാഃ ഖലു = ഒററപ്പെട്ടതന്നെ ഇരിക്കണം
താഃ പങ്ക്തയഃ = ആ പത്തികൾ
നൃഗേഹനിൎദ്ദിഷ്ടകരാധി-കാഃ ചേൽ = ആ ഗൃഹത്തിനു വിധിക്കപ്പെട്ട കോലിൽനിന്നു വലുതാകുന്നു എങ്കിൽ
വിനാശദാഃ ഖലു സ്യുഃ = നാശകരമായിത്തന്നെ ഭവിക്കും.

സാ:—പടിപ്പുരയുടെ ഉത്തരച്ചുററും മററും അതാതു ദിക്കിനു ചിതമായ യോനി മുതലായവയോടുകൂടിയിരിക്കണം തുലാം, തൂൺ, കഴുക്കോൽ മുതലായ അവയവങ്ങളും രണ്ടു്, നാലു് ഈ ക്രമമനുസരിച്ചു എണ്ണപ്പെട്ടിരിക്കണം. ഇവയുടെ പത്തികളെല്ലാം ഒററപ്പെട്ടിരിക്കേണ്ടതാണു്. ആ പത്തികൾ ആ ഗൃഹത്തിനുപയോഗിച്ച കിഷ്കു മുതലായ കോലിൽനിന്നും കൂട്ടുന്നതായാൽ അപല്ലരമാണു്. "പാദാന്തരാണിനവഭാനുനിഗേഹനിഷ്കു ഹസ്താധികാനി ബഹുനാശഫലപ്രദാനി" എന്ന വചനവും ഇതിനു പ്രമാണമാകുന്നു.

## ഉപഗൃഹവിധി.

മൂ— പ്രാചീനേഗ്നിസമർച്ചനാദികമുദീചീനേ കുടുംബാദികം
വ്യത്യസ്യപ്രകരോതുവാ ദ്വയമിദം യാമ്യേതിഥിപ്രീണനം
പാശ്ചാത്യേധനസന്നിധാപനമതോദ്വന്ദ്വംവിപര്യസ്യവാ-
ശേഷാർദ്ധേ തു തയോസ്തഥാ ശയനവിദ്യാഭ്യാസനാർത്ഥംച-
രേൽ. ൨൨

| അന്വയം. | അർത്ഥം. |
|---|---|
| പ്രാചീനേ അഗ്നിസമർച്ചനാദികം | = കിഴക്കേതിൽ ഹോമപൂജാദിയും |
| ഉദീചീനേ കുടുംബാദികം | = വടക്കേതിൽ ഭാര്യാപുത്രാദികളും |
| ഇദം ദ്വയം വ്യത്യസ്യ പ്രക- (രോതുവാ | = ഇതുരണ്ടും വ്യത്യാസമായിട്ടും- ചെയ്യാം |
| യാമ്യേ അതിഥിപ്രീണനം | = തെക്കേതിൽ അതിഥിസല്ക്കാരവും |
| പാശ്ചാത്യേധനസന്നിധാപനം | = പടിഞ്ഞാറേതിൽ ധനം സൂ- (ക്ഷിപ്പും |
| അതഃദ്വന്ദ്വം | = ഇതുരണ്ടും |
| വിപര്യസ്യ വാ | = മേൽപറഞ്ഞതുപോലെ വിപരീത (മായിട്ടും |
| പ്രകരോതു | = ചെയ്യാം |
| തയോഃ ശേഷാർദ്ധേ തു | = അതുകളുടെ ശേഷമുള്ള ഭാഗങ്ങൾ |
| ശയനവിദ്യാഭ്യാസനാർത്ഥം | = ഉറക്കത്തിനും വിദ്യാഭ്യാസത്തിനും |
| ചരേൽ | = ഉപയോഗിക്കണം |

സാ:—കിഴക്കേശാല ഹോമപൂജാദികൾക്കും വടക്കേതു കളത്രപുത്രാദികളുടെ വാസത്തിനും വിധിക്കപ്പെട്ടിരിക്കുന്നു. ഇതു നേരേമറിച്ചു ഉപയോഗിക്കാവുന്നതാണു്. തെക്കേതു അതിഥിസല്ക്കാരത്തിനും പടിഞ്ഞാറേതു ധനംവച്ചു സൂക്ഷിക്കുന്നതിനും വിധിക്കപ്പെട്ടിരിക്കുന്നു. ഇതും നേരേമറിച്ചുപയോഗിക്കാവുന്നതുമാണു്. തെക്കേതും പടിഞ്ഞാറേതും അതിഥിസൽക്കാരത്തിനും ധനംസൂക്ഷിപ്പാനും എടുത്താൽ ശിഷ്ടംഭാഗങ്ങൾ ഉറക്കത്തിനും

വിദ്യാഭ്യാസത്തിനും ഉപയോഗിക്കേണ്ടതാണു്. അതായതു ധനം വച്ചു സൂക്ഷിക്കുന്ന ഗൃഹത്തിൻെറ ശിഷ്ടംഭാഗം ഉറക്കത്തിനും അതിഥിസല്ക്കാരം ചെയ്യാൻ ഉപയോഗിക്കുന്ന ഗൃഹത്തിൻെറ ശിഷ്ടംഭാഗം വിദ്യാഭ്യാസത്തിനും ഉപയോഗിക്കുന്നതു യുക്തമായിരിക്കും.

മൂ- കത്താന്ത്യാംകളസത്മ ധാന്യഭവനം തത്രാപി വാ നൈരൃതേ
കുവീതാഥധനാലയം ധനപതൌ പ്രാച്യാം തഥാപാംപതൌ
സിംഹേചാളിതുലാകുളീരഭവനേ ധാന്യാലയോക്തേഷു വാ
ധാന്യാഗാരവിധിർധനോദിതപദേ കുത്രാപി ചാവശ്യകേ.

| അന്വയം. | അൎത്ഥം. |
|---|---|
| കളസത്മ കത്താന്ത്യാം | = കളപ്പുര തെക്കേദിക്കിലും |
| ധാന്യഭവനം തത്ര അപി | = ധാന്യാലയം തെക്കേ ദിക്കിൽത- (ന്നെയോ |
| നൈരൃതേ വാ കുവീത | = നിരൃതികോണിലോ ഉണ്ടാക്കണം |
| അഥ ധനാലയം | = അനന്തരം ധനാലയം |
| ധനപതൌ | = വടക്കും |
| തഥാപ്രാച്യാം | = അപ്രകാരം കിഴക്കും |
| അപാംപതൌ | = പടിഞ്ഞാറും |
| സിംഹേ അളിതുലാകുളീര- ഭവനേ ച | = ചിങ്ങത്തിലും വൃശ്ചികത്തിലും തുലാം, കക്കടകം ഈ രാശികളിലും |
| ധാന്യാലയോക്തേഷുവാ | = ധാന്യാലയത്തിനു വിധിച്ചിട്ടുള്ള (മററു സ്ഥാനങ്ങളിലും |
| കുവീത | = ഉണ്ടാക്കണം |
| കുത്രാപി | = ചിലെടത്തു് |
| ധാന്യാഗാരവിധിഃ | = ധാന്യാലയനിൎമ്മാണം |
| അവശ്യകേ | = വേണ്ടിവന്നാൽ |
| ധനോദിതപദേ അപി | = ധനാലയത്തിനു വിധിച്ചിട്ടുള്ള (സ്ഥാനങ്ങളിലും |
| കുവ്വീത | = ഉണ്ടാക്കാവുന്നതാണു്. |

സാ—കളപ്പുര തെക്കേദിക്കിലും ധാന്യംവയ്ക്കാനുള്ള ഗൃഹം തെക്കും നിരൃതികോണിലും ഉണ്ടാക്കണം. ധനംവച്ചു സൂക്ഷിക്കാനുള്ള ഗൃഹം വടക്കും കിഴക്കേദിക്കിലും അതുപോലെ പടിഞ്ഞാറും ചിങ്ങം വൃശ്ചികം തുലാം കക്കടകം ഈ രാശികളിലുമുണ്ടാക്കാവുന്നതുകൂടാതെ ധാന്യാലയത്തിനു വിധിച്ചിട്ടുള്ള സ്ഥാനങ്ങളിലും ധനാലയം ശുഭമാകുന്നു. ചിലെടത്തു അത്യാവശ്യമുള്ള പക്ഷം

ധനാലയത്തിന്ന പറഞ്ഞിട്ടുള്ള സ്ഥാനങ്ങളിലും ധാന്യാലയം കല്പിക്കാറുണ്ടു്. "അവശ്യകേ" എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു നിവൃത്തിയുള്ളപക്ഷം ധാന്യാലയസ്ഥാനം ധനാലയത്തിന്ന വിധിച്ചിട്ടുള്ള ദിക്കുകളിൽ നിൎണ്ണയിക്കാതിരിക്കയാണു് ഉത്തമം.

## ഗോശാലാവിധി.

മൂ-ഗോശാലേന്ദ്രജലേശയോൎവ്വിതഥപൂഷാഭ്യന്തരാളേ തഥ
പൎജ്ജന്യൈന്ദ്രിപദേ തഥാ കുസുമദന്തദ്വാരപാലാന്തരേ
ഭൃംഗേ ശോഷപദേഥവാത്രമഹിഷാ ധാരംയമേപ്യുക്ഷശാ-
ലാസ്മിൻകദാപ്യഥവാസ്തുമൎമ്മവിലസച്ഛൂലംസമസ്തംത്യജേൽ

| അന്വയം. | അൎത്ഥം. |
|---|---|
| ഗോശാലാ ഇന്ദ്രജലേശയോഃ | = ഗോശാല, ഇന്ദ്രജലേശന്മാരുടെ ദിക്കിലും |
| തഥാവിതഥപൂഷാഭ്യന്തരാളേ | = അപ്രകാരം വിതഥന്റേയും പൂഷാവിന്റേയും അന്തരാളത്തിലും |
| പൎജ്ജന്യൈന്ദ്രിപദേ | = പൎജ്ജന്യന്റേയും ഐന്ദ്രിയുടേയും പദത്തിലും |
| കുസുമദന്തദ്വാരപാലാന്തരേ | = കുസുമദന്തന്റേയും ദ്വാരപാലന്റേയും അന്തരത്തിലും കല്പിക്കണം |
| അത്രമഹിഷാഗാരം | = ഇവിടെ മഹിഷശാലയാണെങ്കിൽ |
| ഭൃംഗേ ശോഷപദേ | = ഭൃംഗന്റേയും ശോഷന്റേയും- |
| അഥവാ | = അല്ലെങ്കിൽ (പദത്തിലും |
| യമേ അപി | = തെക്കേ ദിക്കിലും ഉണ്ടാക്കണം |
| ഉക്ഷശാലാ | = കാളയെക്കെട്ടുന്നതിന്നുള്ള ശാലയും തെക്കേദിക്കിൽ ഉണ്ടാക്കണം |
| അസ്മിൻ | = ഈ സ്ഥാനത്തു് |
| അഥ അസ്മിൻ കദാപി | = അനന്തരം ഗോശാലാനിൎമ്മാണവിഷയത്തിലെല്ലായിടത്തും |
| സമസ്തം വാസ്തുമൎമ്മവിലസച്ഛൂലം ത്യജേൽ | = എല്ലാവിധ വാസ്തുമൎമ്മങ്ങളേയും അതിലുള്ള ശൂലങ്ങളേയും ത്യജിക്കണം |

സാ—പശുക്കൾക്കുള്ള തൊഴുത്തിൽ കിഴക്കും പടിഞ്ഞാറും ശുഭകരമാണു്. വിശേഷിച്ചു വിതഥന്റേയും പൂഷാവിന്റേയും പദങ്ങളിലും പൎജ്ജന്യന്റേയും ജയന്തന്റേയും പദങ്ങളിലും പ-

ഷ്പദന്തന്റെയും ദ്വാരപാലന്റെയും പദാന്തരങ്ങളിലും ശുഭമാണ്. പർജ്ജന്യൻ, ജയന്തൻ, പുഷ്പദൻ, ദ്വാരപാലകൻ ഇവരുടെ പദങ്ങളിൽ "ഗോശാലേന്ദ്രജലേശയോഃ" എന്നു സാമാന്യമായി വിധിച്ചതിനുശേഷം പർജ്ജന്യാദിപദങ്ങളെ പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നതുകൊണ്ടു വിശേഷിച്ചും ഗോശാല ശുഭമാണെന്നറിഞ്ഞുകൊള്ളണം. മഹിഷത്തിനുള്ള തൊഴിത്തിൽ ഭൃംഗപദത്തിലും ശോഷപദത്തിലും യമപദത്തിലും ശുഭമാകുന്നു. കാളയുടെ തൊഴുത്തിലും യമപദത്തിൽ ശുഭമാകുന്നു. ഈ തൊഴുത്തിലുകളിൽ വാസ്തുവിന്റെ മർമ്മവേധമോ ശൂലവേധമോ ഒരിടത്തും സംഭവിച്ചുകൂടാ. (വാസ്തുമർമ്മങ്ങൾ സ്തംഭം ഉത്തരം മുതലായ അവയവങ്ങളിലും ശൂലം ഗോശാലാസ്ഥാനങ്ങളിലും വേധിച്ചുവരരുതു്.

മൂ— ക്ഷേത്രസ്യ കോണഗതരജ്ജുമതീത്യയാനം
നേച്ഛന്തി കേചന ഗവാമഖിലാസു ദിക്ഷു
മുഖ്യം വൃഷം നമൃഗരാൾ കരണേഷു സിംഹ-
വ്യാഘ്രൌ സ്ഥിരഞ്ച കരണം ശുനിഗർദ്ദഭാദ്യം. ൨൭

| അന്വയം. | അർത്ഥം. |
| --- | --- |
| അഖിലാസു ദിക്ഷു | = എല്ലാദിക്കുകളിലും |
| ക്ഷേത്രസ്യകോണഗതരജ്ജും | = പറമ്പിന്റെ കോൺമാറ്റുമുള്ള രജ്ജുസൂത്രത്തെ |
| അതീത്യ ഗവാം യാനം | = കടന്നു, ഗോക്കൾ യാനംചെയ്യുന്നതു് |
| കേചന ന ഇച്ഛന്തി | = ചിലർ ശുഭമെന്നു വിചാരിക്കുന്നി(ല്ല |
| മുഖ്യം വൃഷം | = വൃഷയോനി ശ്രേഷ്ഠമാകുന്നു |
| മൃഗരാൾ ന മുഖ്യം | = സിംഹയോനി ശുഭമല്ല |
| സിംഹവ്യാഘ്രൌ | = സിംഹക്കരണം പുലിക്കരണം |
| സ്ഥിരം ശുനിഗർദ്ദഭാദ്യം ച | = സ്ഥിരക്കരണം, ശ്വാക്കരണം, കഴുതക്കരണം ഇവകൾ |
| കരണേഷു ന മുഖ്യം | = ഗോശാലകളുടെ കരണങ്ങളിൽ ശുഭമല്ല. |

സാ:—നാലുദിക്കിലും രജ്ജുസൂത്രങ്ങൾ കടന്നു ഗോക്കൾ ഗതാഗതം ചെയ്യുന്നതു് ശുഭമല്ലെന്നാണ് ചില ആചാര്യന്മാരുടെ പക്ഷം. ഗോശാലയ്ക്കു വൃഷയോനി വളരെ ശുഭമാണ്. സിംഹയോനി നിന്ദ്യമാണ്. മററുള്ള യോനികൾ മദ്ധ്യമമാണെന്നു ഗ്രാഹ്യമാണല്ലൊ. ഗോശാലയ്ക്കു നക്ഷത്രാദി ഗുണദോഷചിന്ത

യിൽ വിശേഷിച്ചു സിംഹക്കരണം, പുലിക്കരണം, സ്ഥിരക്കരണം, ശുനകക്കരണം, കഴുതക്കരണം, പന്നിക്കരണം ഇവകൾ സംഭവിക്കരുത്തു്.

## ഉപാലയവിധി.

മൂ— പജ്ജന്യേ പചനാലയം ശിഖിനിവാ മേഷേ-
വൃഷേ വാനിലേ
തത്രൈവാപി ച ഭുക്തിസത്മ മകരേ ചാപാം-
പതൌ ചേഷ്യതേ
കുംഭേ സൌഖ്യഗൃഹം തഥൈവ മകരേ വായൌ
തഥാവശ്യകേ
കൎത്തവ്യം വൃഷമേഷയോരിദമഥോ വായൌ
തഥൌലൂഖലം. ൨൬

| അന്വയം. | അൎത്ഥം. |
|---|---|
| പജ്ജന്യേ ശിഖിനിവാ | = പജ്ജന്യങ്കലോ അഗ്നിയിങ്കലൊ |
| മേഷേ വൃഷേ അനിലേ വാ | = മേടത്തിലോ, ഇടവത്തിലോ, വായുകോണിലോ |
| പാചനാലയം ഇഷ്യതേ | = പാകശാലഇച്ഛിക്കപ്പെട്ടിരിക്കുന്നു |
| ഭുക്തിസത്മാതത്രൈവ അപി | = ഭക്ഷണശാല അവിടത്തന്നെയോ |
| മകരേ ച അപാംപതൌ ച | = മകരത്തിലോ പടിഞ്ഞാറോ |
| ഇഷ്യതേ | = ഇച്ഛിക്കപ്പെടുന്നു. |
| സൌഖ്യഗൃഹം കുംഭേ | = സുഖിപ്പാനുള്ളഗൃഹംകുംഭത്തിലും |
| തഥൈവ മകരേ | = അപ്രകാരം മകരത്തിലും |
| വായൌ | = വായുവിങ്കലും |
| തഥാ ആവശ്യകേ | = അപ്രകാരം ആവശ്യമെങ്കിൽ |
| ഇദം വൃഷമേഷയോഃ | = ഇതു ഇടവത്തിലും മേടത്തിലും |
| കൎത്തവ്യം | = ചെയ്യപ്പെടുവാൻയോഗ്യമാകുന്നു |
| തഥാ അഥ ഔലൂഖലം | = അപ്രകാരം പിന്നെ ഉരൽപുര |
| വായൌ കൎത്തവ്യം | = വായുകോണിൽ ചെയ്യേണ്ടതാണു്. |

സാ:— ഭക്ഷണസാധനം പാകം ചെയ്യുന്നതിനുള്ള ഗൃഹം പജ്ജന്യപദത്തിലും അഗ്നികോണിലും മേടം, ഇടവം ഈ രാശികളിലും വായുകോണിലും ചെയ്യാവുന്നതാണു്. ഭക്ഷണം കഴിക്കാനുള്ള വീടു് പാകത്തിനു വിധിച്ചിട്ടുള്ള സ്ഥാനങ്ങളിലും, മകരം രാശിയിലും പടിഞ്ഞാറും ചെയ്യാവുന്നതാണു്. വിശ്രമസുഖത്തിനു

ള്ള ഗ്രഹം കുംഭംരാശിയിലും, മകരംരാശിയിലും, വായുകോണിലും മേടം ഇടവം ഈ രാശികളിലും ഉരൽപുര വായുകോണിലും ചെയ്യാവുന്നതാണ്.

## കൂപാദിവിധി.

മൂ-മീനേ കൂപമതീവമുഖ്യമുദിതം സൎവ്വാൎത്ഥപുഷ്ടിപ്രദം
മേഷേ ചാപി ഘടേ ച ഭൂതികൃദിദം നക്രേ വൃഷേൎത്ഥപ്രദം
ആപേ ചൈവമഥാപവത്സപദകേ മുഖ്യം തഥൈവേന്ദ്രജിൽ
കോഷ്ഠേ ദൃഷ്ടമപാംപതൌ ശുഭദം നാരീക്ഷയം മാരുതേ. ൨

| അന്വയം. | അൎത്ഥം. |
|---|---|
| കൂപം മീനേ | = കിണറു മീനത്തിൽ |
| അതീവമുഖ്യം ഉദിതം | = ഏറ്റവും മുഖ്യമെന്നു വിധിക്കപ്പെട്ടിരിക്കുന്നു |
| സൎവ്വാൎത്ഥപുഷ്ടിപ്രദം | = ഇതു എല്ലാവിധത്തിലും അൎത്ഥപുഷ്ടിയെച്ചെയ്യും |
| മേഷേ ച ഘടേ അപി ഇദം | = മേടത്തിലും കുംഭത്തിലുമുള്ള കിണറ് |
| ഭൂതികൃൽ | = ഐശ്വൎയ്യത്തെ ഉണ്ടാക്കും |
| നക്രേ വൃഷേ ച ഇദം | = മകരത്തിലും ഇടവത്തിലും ഉള്ള കിണറ് |
| അൎത്ഥപ്രദം | = ധനവൎദ്ധനയെച്ചെയ്യും |
| ആപേ ച | = ആപന്റെ പദത്തിലും |
| ഏവം ആപവത്സപദകേ | = ഇപ്രകാരം ആപവത്സന്റെ പദത്തിലും |
| ഇദം മുഖ്യം | = കിണറു ശുഭമാകുന്നു |
| തഥാ ഇന്ദ്രജിൽ കോഷ്ഠേ | = ഇന്ദ്രജിത്തിന്റെ പദത്തിലും |
| ദൃഷ്ടം | = കാണപ്പെടുന്നു |
| അപാംപതൌ ഇദം | = പടിഞ്ഞാറുള്ള കിണറ് |
| ശുഭദം | = ശുഭകരമാകുന്നു |
| മാരുതേ ഇദം | = വായുകോണിലെ കിണറ് |
| നാരീക്ഷയം | = സ്ത്രീകൾക്കു ഗുണകരമല്ല |

സാ:—മീനംരാശി കിണറു കുഴിക്കുന്നതിന് അത്യുത്തമവും എല്ലാവിധത്തിലും ധനാഭിവൃദ്ധിയെ ചെയ്യുന്നതുമാണ്. മേടം കുംഭം ഈ രാശികളിൽ കിണറു കുഴിക്കുന്നതും ഐശ്വൎയ്യപ്രദമാണ്. ഇടവം മകരം ഈ രാശികളിലുള്ള കിണറു ധനവൃദ്ധികരമാകുന്നു. ആപൻ, ആപവത്സൻ ഇവരുടെ പദങ്ങളും കിണറു കുഴിപ്പാൻ യോഗ്യങ്ങളാകുന്നു. ഇന്ദ്രജിത്തിന്റെ പദത്തിൽ കിണ

റുള്ളതായി കാണ്മാനുണ്ടു്. വരുണപദത്തിലും കിണറുകുഴിക്കുന്നതു ശുഭകരമാണു്. വായുകോണിലെ കിണറു സ്ത്രീകൾക്കു നാശകരമാകുന്നു. "ഇന്ദ്രജിൽകോഷ്ഠദുഷ്ടം" എന്ന ഭാഗംകൊണ്ടു് ഇന്ദ്രജിത്തിൻെറ പദം കിണറു കുഴിപ്പാൻ സൎവ്വസമ്മതമല്ലെന്നു് സൂചിപ്പിക്കുന്നു. "സൎവ്വസുദിക്ഷുസലിലം പ്രകുൎയ്യാൽ വിഹായനൈരൃത്യയമാഗ്നവായൂൻ" എന്നു പ്രകാശികയും "കൎക്കികന്യാതുലാചാപവൃശ്ചികാനക്രമീനകൌ യദിസ്ഥാനംഭവേദത്ര ശോഭനംജലമുച്യതേ" എന്നു കൂപപ്രശ്നവും "കൂപംകുംഭഗതംശ്രേഷ്ഠം മദ്ധ്യമംമീനമേഷയോഃ അധമംമകരസ്ഥംഹി കൂപാന്യേവംവിദുൎബ്ബുധഃ" എന്നു കാശ്യപീയവും, "അംഭഃകുംഭഗതംശ്രേഷ്ഠം മദ്ധ്യമംമീനമേഷയോഃ മകരേചവൃഷേനീചം ഗ്രാമാദേരാലയസ്യച" എന്നു ഗുരുദേവപദ്ധതിയും അല്പാല്പം ഭിന്നങ്ങളായി അഭിപ്രായപ്പെടുന്നുണ്ടെങ്കിലും ഈശഖണ്ഡത്തിൽ വിധിക്കപ്പെട്ടസ്ഥാനം ശുഭമാണെന്നു സ്പഷ്ടമാകുന്നു. കൂടാതെ, കിണറു കുഴിക്കുന്നതു് കൎണ്ണസൂത്രം, പദരേഖ, ഗൃഹമദ്ധ്യസൂത്രം, നാഗസൂത്രം, ഇവയെ ഒഴിച്ചുവേണ്ടതാണു്. ഇതിനു "കൎണ്ണസൂത്രേമൃതിംകൎണ്ണ ബഹിസ്സൂത്രേഷുവിസ്മൃതിം ചോരശത്രുഗൃഹോൽപാതം ഗൃഹസൂത്രേവിനാശദം പ്രാകാരേനാഗസൂത്രേവാവേദസ്സൎവക്ഷയപ്രദഃ" എന്നുള്ള സൎവ്വദേവവചനം പ്രമാണമാകുന്നു.

മൂ:— കൂപംശോഭനമന്തരീക്ഷകപദേപ്യേവം
തടാകം ഹിതം
മാഹേന്ദ്രചമഹീധരേ ചവരുണേ സോമേ-
ശിവേ മേഷഭേ
വായൌവാനിരൃതൌച ദുഷ്ടമഥവാ സ്നാനാ-
ദിപാനാദിഷു
പ്രായോനൈകജലം നദീജലമുതേതോന്യൽ
പൃഥക് കല്പയേൽ. ൨൪

| അന്വയം. | അൎത്ഥം. |
| --- | --- |
| അന്തരീക്ഷകപദേ അപി | = അന്തരീക്ഷകപദത്തിലും |
| കൂപം ശോഭനം | = കിണറു്, ശോഭനമാകുന്നു |
| ഏവം മാഹേന്ദ്രമഹീധരേ- | = ഇപ്രകാരം മഹേന്ദ്രപദത്തിലും മ |
| വരുണേസോമേശിവേ മേഷഭേ- | = ഹീധരപദത്തിലുംവരുണപദ |
| ചതടാകം | = ത്തിലും സോമദിക്കിലും ശിവദിക്കിലും മേടത്തിലും തടാകം ഹിതമാകുന്നു |
| വായൌ നിരൃതൌ വാ | = വായുവിലും അഥവാ നിരൃതി |

(തടാകം) ദൃഷ്ടം ച = തടാകം ചെയ്യപ്പെട്ടതാ (യിലും യികാണുന്നുമുണ്ട്

സ്നാനാദിപാനാദിഷു = സ്നാനാദികളിലും പാനാദിക

പ്രായഃ നദീജലം ഋതേ = പ്രായേണ നദീജലമ (ളിലും

ന ഏകജലം =ഒന്നിലെവെള്ളവുമി (ല്ലെങ്കിൽ

അതഃ അന്യൽ പൃഥക് = ഇതുകൊണ്ടു്, സ്നാന- (ഷ്ടമല്ല പാനാദികൾക്കുള്ളവ വെവ്വേറെ

കല്പയേൽ = ഉണ്ടാക്കിക്കൊള്ളണം.

സാ:—അന്തരീക്ഷപദത്തിലും കിണറു ശുഭമാകുന്നു. തടാകം കിഴക്കേദിക്കിലും മഹീധരപദത്തിലും പടിഞ്ഞാറും വടക്കും ഈശകോണിലും വിശേഷിച്ചു മേടംരാശിയിലുമിഷ്ടമാണു്. വായുകോണിലും നിരൃതികോണിലും തടാകംചെയ്തിട്ടുള്ളതായികാണുന്നുണ്ടു്. കുളിമുതലായ ബാഹ്യോപയോഗങ്ങൾക്കും, പാനാദികൾക്കും ഒരു ജലാശയത്തിൽനിന്നും ഉപയോഗിക്കുന്നതു ശുഭമല്ല. നദീജലമാണെങ്കിൽ സ്നാനാദികൾക്കും പാനാദികൾക്കും അതിലെ ജലം ഉപയോഗിക്കാവുന്നതാണു്. ഇതിനാൽ നദിയില്ലാത്തപക്ഷം, സ്നാനപാനാദികൾക്കു് ജലാശയം വേറെവേറെയുണ്ടാക്കിക്കൊള്ളണം.

മൂ:—ആഗ്നേയാം ഭവനസ്യ കൂപഖനനം പൂർവം
കൃതം വാ തഥാ
വാപീദാഹഭയാദികം പ്രകുരുതേ തദ്വൽ-
ഫലം ദക്ഷിണേ
ഗ്രാമാദേരപി ദീർഘികാദികതിചിന്നേച്ഛ-
ന്തി യാമ്യേതരൈ-
വാരാമോ ഗൃഹസന്നിധൌ ഫണഭൃതാം വാസോ-
പിനൈവേഷ്യതേ. ൨൫

അന്വയം. അർത്ഥം.

ഭവനസ്യ ആഗ്നേയ്യാം = ഭവനത്തിൻെറ അഗ്നികോണിൽ

കൂപഖനനം പൂർവം കൃതം വാ= കൂപഖനനം മുൻപേതന്നെ ചെയ്തിട്ടുണ്ടെങ്കിൽ അതും

തഥാ വാപീ = അപ്രകാരമുള്ള കുളവും

ദാഹഭയാദികം പ്രകുരുതേ = അഗ്നിഭയം മുതലായതിനെ ഉണ്ടാക്കുന്നു

ദക്ഷിണേ (വാപീ) = ദക്ഷിണദിക്കിലുള്ള വാപിയും

തദ്വൽഫലംപ്രകുരുതേ = അതുപോലെയുള്ള ഫലത്തെ ച്ചെയ്യുന്നു

ഗ്രാമാദേഃ യാമ്യേ = ഗ്രാമാദികളുടെ തെക്കേദിക്കിൽ
ദീൎഘികാദി അപി = ദീൎഘികമുതലായ ജലാശയങ്ങളും
കതിചിൽ ന ഇച്ഛന്തി = ചിലർ ശുഭങ്ങളാണെന്നു വിചാരിക്കുന്നില്ല
തഥാ ഏവ ഗൃഹസന്നിധൌ = അപ്രകാരംതന്നെ ഗൃഹത്തിന്റെ ഏററവും അടുത്തു്
ആരാമഃഫണഭൃതാം വാസഃഅപി =ആരാമവും സൎപ്പങ്ങളുടെവാസവും
ന ഏവ ഇഷ്യതേ = ഇച്ഛിക്കപ്പെടുന്നില്ല.

സാ:—വീട്ടിന്റെ അഗ്നികോണിലും തെക്കേദിക്കിലും കിണറോ കുളമോ മുൻപേതന്നെ ഉണ്ടാക്കപ്പെട്ടതായി ഉണ്ടെങ്കിൽ അവ അഗ്നിഭയം മുതലായ ദുരിതാനുഭവത്തെ ഉണ്ടാക്കുന്നു. അതുകൊണ്ടു് ഈ സ്ഥാനങ്ങളിൽ കിണറും കുളവും ഉണ്ടായിരിക്കരുതെന്നും സ്പഷ്ടമാകുന്നുണ്ടല്ലോ. ഗ്രാമം നഗരം മുതലായതിന്റെ തെക്കുഭാഗത്തുകൂടിയും നദി ദീൎഘതടാകം മുതലായ ജലാശയങ്ങൾ നല്ലതല്ലെന്നാണ് ചിലരുടെ പക്ഷം. അതുപോലെതന്നെ അകൃത്രിമമായ പുഷ്പവാടിയുടേയും സൎപ്പക്കാവിന്റേയും സമീപത്തിലും മനുഷ്യാലയം അശുഭകരമാകുന്നു.

മൂ— രാജ്ഞാം ധാമനിഭൂസുരസ്യ ച ഗൃഹം
നിത്യാൎച്ചനായാംകണേ
ശൎവേന്ദ്രാഗ്നിജലേശദിക്ഷുകുലദൈ-
വാൎച്ചാപ്രതിഷ്ഠാദിച
പ്രാസാദാദിവിധാനമീശസുരനാ-
ഥാഗ്ന്യന്തകാശാഗതം
കേതുസ്ഥം വൃഷജം കരോതു ച നിരൃ-
ത്യാദൌക്രമാച്ഛ്റേയസേ. ൩൦

അന്വയം. അൎത്ഥം.

രാജ്ഞാം ഭൂസുരസ്യ ച ധാമനി= രാജാക്കന്മാരുടേയും ബ്രാഹ്മണരുടേയും ആലയങ്ങളിൽ
നിത്യാൎച്ചനായ ഗൃഹം അങ്കണേ = നിത്യപൂജയ്ക്കുള്ള ഗൃഹം അങ്കണത്തിലും
കുലദൈവാൎച്ചപ്രതിഷ്ഠാദി = ധൎമ്മദൈവത്തിന്റെ പ്രതിഷ്ഠമുതലായതു്
ശൎവേന്ദ്രാഗ്നിജലേശദിക്ഷുച = ഈശൻ, ഇന്ദ്രൻ, അഗ്നി, വരുണൻ ഇവരുടെ ദിക്കുകളിലും കാൎയ്യമാകുന്നു.
പ്രാസാദാദിവിധാനം = പ്രാസാദാദികളുടെ സ്ഥാനം

| | |
|---|---|
| ഈശാസുരനാഥാഗ്ന്യന്തകാശാ-ഗതം | = ഈശൻ, ഇന്ദ്രൻ, അഗ്നി, യമൻ ഇവരുടെ ദിക്കുകളിൽ |
| കേതുജം | = കേതുയോനി ജനകമായിട്ടും |
| നിരൃത്യാദൌ ക്രമാൽവൃഷജം | = നിരൃതിമുതൽ ക്രമേണ വൃഷയോനിജനകമായിട്ടും |
| ശ്രേയസേ കരോതു | = ശ്രേയസ്സിനായിട്ടു ചെയ്യേണ്ടതാകുന്നു. |

സാ:—സന്ധ്യാവന്ദനം മുതലായ നിത്യപൂജയ്ക്കുള്ള ഗൃഹം രാജഭവനങ്ങളിലും ബ്രാഹ്മണാലയങ്ങളിലും അങ്കണത്തിൽ ഉണ്ടാക്കേണ്ടതാണു്. (അന്തർജ്ജനങ്ങൾക്കും മററും ഉപയോഗയോഗ്യമായി തീരത്തക്കവിധത്തിൽ ബ്രാഹ്മണാലയങ്ങളിലും മററും അങ്കണത്തിനകത്തു പൂജാഗൃഹം ഉണ്ടായിരിക്കണം) കുലദേവതാപൂജയ്ക്കും മററുമുള്ള ആലയങ്ങൾ ഈശകോണിലോ കിഴക്കോ അഗ്നികോണിലോ പടിഞ്ഞാറോ ചെയ്തുകൊള്ളണം. ഗ്രാമം പുരം നഗരം മുതലായതുകളിൽ ദേവപ്രതിഷ്ഠയ്ക്കുള്ള പ്രാസാദം, അതിനു (ഗ്രാമാദികൾക്കു) അഭിമുഖമായവിധത്തിൽ ഈശകോണു് കിഴക്കു്, അഗ്നികോണു് തെക്കു്, ഈ ദിക്കുകളിൽ, ഏകയോനിജനകമായിട്ടും നിരൃതികോണു്, പടിഞ്ഞാറു്, വായുകോണു്, വടക്കു് ഈദിക്കുകളിൽ വൃഷയോനി വരത്തക്കവിധത്തിലും ചെയ്തുകൊള്ളണം. ഇതു രാജാക്കന്മാരുടേയും ജന്മികളായ ബ്രാഹ്മണന്മാരുടേയും വളപ്പിനുള്ളിലും ക്ഷേത്രങ്ങൾ ചെയ്ക പതിവുണ്ടെന്നുള്ളതിനെ കാണിക്കുന്നു. ഈ ദേവാലയങ്ങൾ ഗ്രാമാദികളുടെ ഉള്ളിലേക്കു മുഖം വരത്തക്കവിധത്തിൽ അതായതു് ഈശകോണു്, കിഴക്കു്, അഗ്നികോണു്, തെക്കു് ഈ സ്ഥാനങ്ങളിലുള്ളവ പടിഞ്ഞാറുമുഖമായും വടക്കു്, വായുകോണു്, പടിഞ്ഞാറു് നിരൃതികോണു് ഈ സ്ഥാനങ്ങളിലുള്ളതു് കിഴക്കു മുഖമായും വേണ്ടതാകുന്നു. "ഈശപൂർവ്വാഗ്നിയാമ്യസ്ഥം പശ്ചിമാഭിമുഖം ശുഭം ഉത്തരാനിലവാരീശരാക്ഷസസംസ്ഥംപുരോമുഖം" എന്നുള്ളപാശുപതവചനവും അടുത്തുപറയുന്ന പദ്യവും മേല്പറഞ്ഞതിനെ ദൃഢീകരിക്കുന്നുണ്ടു്. ഇങ്ങിനെ പശ്ചിമാഭിമുഖമായിട്ടുള്ളവ ഏകയോനിയായും, കിഴക്കുമുഖമായിട്ടുള്ളതു് വൃഷയോനിയായും കല്പിക്കുന്നതു വിശേഷിച്ചും, ശ്രേയസ്കരമാകുന്നു.

മൂ:- സേവിതകുലദൈവതധാമൈശനിരൃത്യാദികേതുവൃഷ-
(ജംസ്യാൽ
ഗൃഹപുരപത്തനനഗരഗ്രാമാദാവഭിമുഖാഭവന്തിതദാ. ന്വഫ

അന്വയം. അർത്ഥം.

സേവിതകുലദൈവതധാമ = വച്ചാശ്രയിക്കുന്ന ധർമ്മദൈവാലയം

ഐശനിരൃത്യാദി കേതുവൃഷജം സ്യാൽ = ഈശകോണുതുടങ്ങി കേതുയോനിയായും നിരൃതികോണുതുടങ്ങി വൃഷയോനിയായും ഭവിക്കണം.

തദാ ഗൃഹപുരപത്തനനഗരഗ്രാമാദൌ = അപ്പോൾ ഗൃഹം പുരം പത്തനം നഗരം ഗ്രാമം മുതലായ സ്ഥാനങ്ങൾക്ക

അഭിമുഖാഃ ഭവന്തി = നേരെ മുഖങ്ങളോടുകൂടിയവയായിഭവിക്കും.

സാ:—ഒരു കുടുംബത്തിലുള്ള ജനങ്ങളുടെ ധർമ്മദൈവമാണെങ്കിൽ ആ കുടുംബത്തിന്നു് അഭിമുഖമായിട്ടും പുരം പത്തനം നഗരം മുതലായി പൊതുജനങ്ങളുടെ വകയാണെങ്കിൽ അതാതിന്നഭിമുഖമായിട്ടും ധർമ്മദൈവങ്ങളുടെ ആലയം കല്പിക്കണം. അതു് ഈശകോണുമുതൽ തെക്കേടിക്കുവരെ കേതു യോനിജനകമായും നിരൃതികോണുമുതൽ വടക്കേടിക്കുവരെ വൃഷയോനിയായും ചെയ്തുകൊള്ളണം. അങ്ങിനെചെയ്യുമ്പോൾ മുൻപറഞ്ഞതുപോലെ ഗൃഹാദികളോടു് ഈ ആലയങ്ങൾക്കു് അനുകൂലസ്ഥിതി വരികയും ചെയ്യും.

മൂ— നിരംഗസംഗാദിവിഭിന്നഗേഹ-
പ്രതിഷ്ഠിതായാഃ പ്രതിമാസ്തുതാസാം
ചലാചലത്വോഭയഭേദതസ്താൽ
ക്രിയാവശാച്ചാപിഭവേദ്വിശേഷഃ. ൩൨

അന്വയം. അർത്ഥം.

യാഃ പ്രതിമാഃ = യാവചില പ്രതിമകൾ

നിരംഗസംഗാദിവിഭിന്നഗേഹപ്രതിഷ്ഠിതാഃ = അവയവബന്ധമില്ലാത്തവിഭിന്നങ്ങളായ ഗേഹങ്ങളിൽ പ്രതിഷ്ഠിക്കുന്നുവെങ്കിൽ

ചലാചലത്വോഭയഭേദതഃ ച = ചലങ്ങളെന്നും അചലങ്ങളെന്നുമുള്ള ദ്വയഭാവനകൊണ്ടും

തൽക്രിയാവശാൽ അപി = അതിനെ സംബന്ധിച്ചുള്ള ക്രിയകളെ ആശ്രയിച്ചും

താസാം വിശേഷഃ ഭവേൽ = അതുകൾക്കു് (പ്രതിമാദികൾക്കു്) വിശേഷം ഭവിക്കും.

സാ:—അന്യോന്യം അവയവസംബന്ധമില്ലാതെ വിഭിന്നരൂപമായിട്ടുള്ള മനുഷ്യാലയങ്ങളിലും വിധിപ്രകാരം ചില ഭാഗങ്ങളിൽ പ്രതിമാദികൾ പ്രതിഷ്ഠിക്കാവുന്നതാണ്. അ പ്രതിമാദികൾക്ക് ചില അവസ്ഥാഭേദങ്ങളുണ്ടു് സാളഗ്രാമം, ശ്രീചക്രം. ജംഗമപീഠം മുതലായ ചരോപാധികളിലും. ലോഹം, ശില മുതലായ അക്ഷയദ്രവ്യങ്ങൾകൊണ്ടു് നിർമ്മിക്കപ്പെട്ട സ്ഥിരോപാധികളിലും ഒന്നുപോലെ ഈശ്വരഭജനം ചെയ്യുവരാറുണ്ടല്ലോ. അങ്ങിനെയുള്ള ഉപാധികളേയും അതിനെ അശ്രയിച്ചുചെയ്യുന്ന പൂജാച്ചനാദികളെയും അനുസരിച്ചു് ഈ പ്രതിമാദികൾക്കും ചില വിശേഷങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

മൂ— സൗഖ്യാർത്ഥം ധരണീഭൃതാം മണിഗൃഹം
മിത്രേവിഹാരോനിലേ
വ്യായാമോർഗ്ഗളകേതഥൈവ നിരൃതൗ-
സ്നാനാദിപർജ്ജന്യകേ
ഇന്ദ്രേതോയപദൌ ചഭുക്തിനിലയം
നൃത്താദിഗാന്ധർവ്വതേ
ശാസ്ത്രാദ്യം നിരൃതൌ ഗൃഹക്ഷതപദേ
പ്രാച്യേച ശയ്യാഗൃഹം. ൩൩.

| അന്വയം. | അർത്ഥം. |
|---|---|
| ധരണീഭൃതാം | = രാജാക്കന്മാർക്ക് |
| സൗഖ്യാർത്ഥം മണിഗൃഹം | = സുഖിക്കാനുള്ള മണിയറ |
| മിത്രേ | = മിത്രപദത്തിലും |
| വിഹാരഃ അനിലേ | = കേളീഗൃഹം വായുകോണിലും |
| വ്യായാമഃ അർഗ്ഗളകേ | = വ്യായാമത്തിനുള്ള ഗൃഹം അർഗ്ഗള(പദത്തിലും |
| തഥാ ഏവ നിരൃതൗ | =അപ്രകാരം നിരൃതിയിലും |
| സ്നാനാദിപർജ്ജന്യകേ | = കുളിപ്പുര മുതലായതു് പർജ്ജന്യപദ(ത്തിലും |
| ഭുക്തിനിലയം | = ഭക്ഷണത്തിനുള്ള ഗൃഹം |
| ഇന്ദ്രേ തോയപദൌ ച | = ഇന്ദ്രപദത്തിലും വരുണപദത്തിലും |
| നൃത്താദി ഗാന്ധർവ്വകേ | = നൃത്തശാല ഗന്ധർവ്വപദത്തിലും |
| ശസ്ത്രാദ്യം നിരൃതൗ | = ആയുധശാല നിരൃതിയിലും |
| ശയ്യാഗൃഹം | = മണിയറ |
| ഗൃഹക്ഷതപദേ പ്രാച്യേ ച | = ഗൃഹത്തിന്റെ പദത്തിലും കിഴ(ക്കും കാര്യമാകുന്നു. |

സാ:—രാജാക്കന്മാർക്ക് ഇരുന്നു് സുഖിപ്പാനുള്ള മണിയറ മിത്രപദത്തിലും, വിനോദിക്കുന്നതിനുള്ള ഭവനം വായുപദത്തിലും

കായികാഭ്യസനത്തിനുള്ള ഗൃഹം അൎഗ്ഗളപദത്തിലും, നിരൃതിയിലും, കുളിപ്പുര പൎജ്ജന്യപദത്തിലും, ഭക്ഷണം കഴിപ്പാനുള്ള ഗൃഹം ഇന്ദ്രപദത്തിലും, വരുണപദത്തിലും, നാടകശാല ഗന്ധൎവ്വപദത്തിലും, ആയുധശാല നിരൃതിയിലും, ശയനഗൃഹം ഗൃഹക്ഷതപദത്തിലും, കിഴക്കും ചെയ്തുകൊള്ളേണ്ടതാണു്. ഇതു് രാജാക്കന്മാൎക്കു് വിധിച്ചിട്ടുള്ള ഉപാലയങ്ങളുടെ സ്ഥാനങ്ങളാണു്. ഇതിനു്:-

"മദ്ധ്യേ ബ്രഹ്മഗൃഹം നൃപസ്ഥിതിഗൃഹം മിത്രേവിഹാരോനിലേ
വ്യായാമേൎഗ്ഗളകേതഥായുധനപതൌ സ്നാനാദിപൎജ്ജന്യകേ
ഐന്ദ്രേശയദ്വ്യഥഭുക്തിസത്മവരുണേ നൃത്താദിഗാന്ധൎവ്വകേ
ശാസ്ത്രാദ്യംനിരൃതൌഗൃഹക്ഷതപദേ ശയ്യാഗൃഹം ഭൂഭുജാം."

എന്ന പഞ്ചശിഖാവചനവും പ്രമാണമാകുന്നു.

## മതിൽകെട്ടേണ്ട വിധി.

മൂ— ദണ്ഡാന്തം സമതീത്യ വപ്രമുദിതം മൃൽഭിസ്ശിലാദ്യൈസ്തഥാ
ശ്രേഷ്ഠം തല്പരിഖാത്രു മദ്ധ്യമമഥോശാഖാവൃതിശ്ചാധമാ
തല്പാദാദിഷു കണ്ടകിദ്രുമലതാഗ്രാഹ്യശ്ച വേണ്വാദയഃ
കുൎയ്യാൽ ദ്രവ്യവശാദിഹൈകമുദിതാൻ വൃക്ഷാംശ്ചദിക്ഷുക്ര-
(മാൽ

| അന്വയം. | അൎത്ഥം. |
|---|---|
| ദണ്ഡാന്തം സമതീത്യ | = ദണ്ഡുസീമയ്ക്കു വെളിയിൽ |
| മൃൽഭിഃ തഥാ ശിലാദ്യൈഃ | = മണ്ണുകൊണ്ടോ അപ്രകാരം കല്ലു- (കൊണ്ടോ ഉള്ള |
| വപ്രം | = മതിൽ |
| ശ്രേഷ്ഠം ഉദിതം | = ശ്രേഷ്ഠമെന്നുപറയപ്പെട്ടിരിക്കുന്നു |
| തല്പരിഖാത്രു | = ആ കിടങ്ങാകട്ടെ |
| മദ്ധ്യമാ | = മദ്ധ്യമമാകുന്നു |
| അഥ ശാഖാവൃതിഃ ച | = പിന്നെ ശാഖകൊണ്ടുള്ള ചുററു- (വേലി |
| അധമാ | = അധമമാകുന്നു |
| തല്പാദാദിഷു | = കാലും വരിച്ചിലും |
| കണ്ടകദ്രുമലതാഃ | = മുള്ളുള്ള വൃക്ഷക്കൊമ്പുകളും വ- (ള്ളികളും |
| വേണ്വാദയഃ | = മുള മുതലായവയും |
| ഗ്രാഹ്യഃ | = ഉപയോഗിക്കേണ്ടതാണു് |
| ഇഹ ഏകം | = ഇപ്പറഞ്ഞതിൽ ഒന്നിനെ |
| ദ്രവ്യവശാൽ കുൎയ്യാൽ | = ധനശേഷിയനുസരിച്ചു് ചെയ്യ- (ണം |
| ദിക്ഷു ക്രമാൽ | = ദിക്കുകളിൽ ക്രമേണ |
| ഉദിതാൻ വൃക്ഷാൻ ച | = വിധിച്ചിട്ടുള്ള വൃക്ഷങ്ങളേയും |
| കുൎയ്യാൽ | = നട്ടുകൊള്ളണം |

സാ:—പറമ്പിൻെറ അതിൎത്തി മുൻപേതന്നെ നിശ്ചയിച്ചിട്ടുണ്ടല്ലോ. ഈ അതിൎത്തിക്ക് ഒരു പദപ്രമാണം പുറത്തോട്ടു മാററിവേണം മതിൽ മുതലായതു് ഉണ്ടാക്കേണ്ടതു്. ഇതിനു് "സീമാന്തതപദോന്മാനം നീത്വാവപ്രംവിധീയതേ" എന്നുള്ള സാരാവലീവചനം പ്രമാണമാകുന്നു. ഭൂസീമയ്ക്കു വെളിയിൽ ഉള്ള എട്ടു ദേവന്മാരുടെ സ്ഥാനസങ്കല്പമായിരിക്കണം ഇതിൻെറ അവശ്യം. കല്ലു്, മണ്ണു്, ചുടുകല്ലു് മുതലായവകൊണ്ടു് മതിൽ കെട്ടുന്നതുതന്നെയാണു് ഉത്തമമായിട്ടുള്ളതു്. ആ സ്ഥാനത്തു കിടങ്ങുണ്ടാക്കുന്നതു് മദ്ധ്യമമാണു്. മുള്ളുള്ള വൃക്ഷക്കൊമ്പുകൊണ്ടും വള്ളികൾ മുളകൾ മുതലായവകൊണ്ടും ചുററുവേലികെട്ടുന്നതു് അധമമായിട്ടുള്ളതാണു്. ഉത്തമ, മദ്ധ്യമ, അധമങ്ങളായി പറഞ്ഞിട്ടുള്ള അതിൽ അവരവരുടെ ധനശേഷിയനുസരിച്ചു് ഏതെങ്കിലും ഒരുവിധം ചെയ്തുകൊള്ളണം. അതിനുശേഷം മുൻപറഞ്ഞ ക്രമമനുസരിച്ചു് ദിക്കുകളിൽ ക്രമേണ വൃക്ഷങ്ങളും വച്ചുകൊള്ളണം.

മൂ— ഏവം നിൎമ്മാപ്യഗേഹം പ്രഥമമിഹവൃത-
സ്തന്ത്രിവൎയ്യസ്തദന്തേ
തൽകൎത്തൄൻ ശില്പിനസ്താൻ വലയമണിലസൽ-
കുണ്ഡലാദ്യൈൎയ്യഥേഷ്ടം
സന്തോഷ്യാപാദ്യചൈതൽസ്വയമതിയജമാ-
നേനസമ്യങ്മുഹൂൎത്തേ
ഗത്വാതദ്വാസ്തുപൂജാദ്യഖിലശുഭവിധിം
സാധുകുൎവ്വീത തസ്മിൻ. ൩൫

| അന്വയം. | അൎത്ഥം. |
| --- | --- |
| ഇഹ | = ഗൃഹനിൎമ്മാണവിഷയത്തിൽ |
| പ്രഥമം വൃതഃ തന്ത്രിവൎയ്യഃ | = ആദ്യമായി വരിക്കപ്പെട്ട തന്ത്രി (വൎയ്യൻ |
| ഏവം ഗേഹം നിൎമ്മാപ്യ | = ഇപ്രകാരം വീടു ചെയ്യിച്ചിട്ടു് |
| തദന്തേ | = അതിൻെറ അവസാനത്തിൽ |
| തൽകൎത്തൄൻ താൻ ശില്പിനഃ | = ആ വീടുപണിചെയ്തശില്പികളെ |
| വലയമണിലസൽകുണ്ഡലാദ്യൈഃ | = വള, രത്നങ്ങൾപതിച്ച കൎണ്ണാഭരണങ്ങൾ മുതലായവകൊണ്ടു് |
| യഥേഷ്ടം സന്തോഷ്യ | = ഇഷ്ടമനുസരിച്ചു സന്തോഷി- (പ്പിച്ചിട്ടു് |
| സ്വയം അപി | = താൻതന്നെ |
| ഏതൽ അപാദ്യ | = ഈ ഗൃഹത്തെ സ്വീകരിച്ചിട്ടു് |

യജമാനേന = യാഗകൎത്താവിനോടുകൂടെ
സമ്യക് മുഹൂൎത്തേ = ശുഭമുഹൂൎത്തത്തിൽ
തസ്മിൻ ഗത്വാ = ഗൃഹത്തിൽ പ്രവേശിച്ചിട്ടു്
തദ്വാസ്തുപൂജാദ്യഖിലശുഭവിധിം ച = തൽസംബന്ധമായ വാസ്തുപൂജ മുതലായ എല്ലാ ശുഭകൎമ്മങ്ങളും
സാധു കുൎവീത = വഴിപോലെ ചെയ്തുകൊള്ളണം

സാ:—'മൎത്ത്യോവിപ്രാദിവൎണ്ണേഷ്വപിഹ' എന്ന പദ്യപ്രകാരം വരിക്കപ്പെട്ട ഗുരുശ്രേഷ്ഠൻ മേൽപറഞ്ഞ വിധിപ്രകാരം വീടു പണി ചെയ്യിച്ചതിന്റെശേഷം സ്ഥപതിമുതലായ ശില്പികൾക്കു വളകൾ, കൎണ്ണാഭരണങ്ങൾ മുതലായവയെ ദാനംചെയ്തു സന്തോഷിപ്പിച്ചു ഗൃഹം സ്വീകരിക്കണം. പിന്നീടു് ശുഭമുഹൂൎത്തത്തിൽ ഗൃഹത്തിൽ പ്രവേശിച്ചു വാസ്തുപൂജ മുതലായ കൎമ്മങ്ങൾ വിധിയനുസരിച്ചു നടത്തിക്കൊള്ളണം.

മൂ— കൎത്താ ചാഥ ക്രിയാന്തേ മഹിതഗുരുവരം
ഭോജയിത്വാ യഥേഷ്ടം
ഗോഭൂമ്യാദ്യഞ്ച ദത്വാ വിധിവദവഹിതോ
ദക്ഷിണാം മുഖ്യരൂപാം
ആജ്ഞാമാദായ തസ്മാന്നിഖിലമപിജനം
പ്രീണയൻ ഭൂരിദാനൈഃ
സ്വീയൈഃ സാൎദ്ധം സ്വഗേഹേ സുചിരമധിവസേൽ
പൂൎണ്ണകാമസ്സുഖേന. ൩൩

അന്വയം. അൎത്ഥം.

അഥ കൎത്താ = അതിനുശേഷം വീട്ടുടമസ്ഥൻ
ക്രിയാന്തേ = പൂജാദികളുടെ അവസാനത്തിൽ
മഹിതഗുരുവരം = മഹാനായ ഗുരുവരനെ
യഥേഷ്ടംഭോജയിത്വാ = മൃഷ്ടാന്നദാനം ചെയ്തിട്ടു്
അവഹിതഃ = ഭക്തിയോടുകൂടിയവനായി
ഗോഭൂമ്യാദ്യം = പശു, ഭൂമി മുതലായവയും
മുഖ്യരൂപാം ദക്ഷിണാം = യാഗാന്തദാനമായ ദക്ഷിണയും
വിധിവൽ ദത്വാ = വിധിപോലെ കൊടുത്തിട്ടു്
തസ്മാൽ = അവങ്കൽനിന്നു്
ആജ്ഞാം ആദായ = അനുവാദംവാങ്ങി
ഭൂരിദാനൈഃ = പലവിധദാനങ്ങളെക്കൊണ്ടു
നിഖിലം ജനം അപി = എല്ലാജനങ്ങളേയും
പ്രീണയൻ = സന്തോഷിപ്പിക്കുന്നവനായി

| | |
|---|---|
| സ്വീയൈഃസാദ്ധം | = തൻെറ മിത്രജനങ്ങളോട്ടുകൂടി |
| പൂൎണ്ണകാമഃ | = സംതൃപ്തനായി |
| ഗേഹേ സുഖേന | = ഗൃഹത്തിൽ സുഖത്തോടുകൂടെ |
| സുചിരം അധിവസേ | = വളരെക്കാലം അധിവസിക്കണം. |

സാ:—വീടുചെയ്യിക്കുന്ന പുരുഷൻ വാസ്തുപൂജ മുതലായ കൎമ്മങ്ങളുടെ അവസാനത്തിൽ മഹാത്മാവായ ഗുരുവിനെ മൃഷ്ടാന്നദാനംകൊണ്ടു തൃപ്തിപ്പെടുത്തിയിട്ടു്, പശുക്കൾ, ഭൂമി, സ്വൎണ്ണം, വസ്ത്രം ഇത്യാദികൾ അദ്ദേഹത്തിൻെറ ഇഷ്ടമനുസരിച്ചു ദാനം ചെയ്യണം. പിന്നീടു ഭക്തിയോടുകൂടി കൎമ്മാന്ത്യദക്ഷിണ കൊടുത്തു് അദ്ദേഹത്തോടു അനുവാദംവാങ്ങി തൻെറ ശക്തിക്കു തക്കവണ്ണമുള്ള മററുദാനങ്ങൾകൊണ്ടു എല്ലാവരേയും സന്തോഷിപ്പിച്ചു കളത്രപുത്രാദികളോടുകൂടി ഇഷ്ടപരിപൂൎണ്ണനായി സുഖമാകുംവണ്ണം ദീൎഘായുഷ്മാനായി വസിക്കണം.

ഇതി മനുഷ്യാലയമഹാചന്ദ്രികായാം

സപ്തമോഽധ്യായഃ

സമാപ്തഃ.

ഓം.

# പരിശിഷ്ടം.

ഹരിഃ ശ്രീ ഗണപതയേനമഃ അവിഘ്നമസ്തു.

ശ്രീ സരസ്വത്യൈ നമഃ.

ശ്രീഗുരുഭ്യോനമഃ.

അനലമുഖജന്മഭാനാം ക്ഷേത്രാണാം വാ ക്രമേണയോന്യാനി
പ്രാച്യാദീനി ഗൃഹാണീത്യാഹുർഗ്ഗർഗ്ഗാദയോമുനിപ്രൗഢാഃ. ൧

സാ:—പേരിന്റെ ആദ്യക്ഷരംകൊണ്ടു ക്രമപ്രകാരം പുരയിടത്തിന്റെ നക്ഷത്രം അറിയാവുന്നതാണു്. ഈ നക്ഷത്രാദികൾ അനുകൂലിക്കത്തക്കവണ്ണം വേണം കിഴക്കേതാദിയായ ഗൃഹങ്ങൾ കല്പിക്കേണ്ടതു്. ഗർഗ്ഗൻ ദക്ഷൻ മുതലായവർ ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു.

“യദുക്തംഗണയോന്യാദി സർവ്വം ദാമ്പത്യകർമ്മണി
തൽസർവ്വമപിസഞ്ചിന്ത്യംഭൂവഗേഹവിധൗമിഥഃ”

വിവാഹത്തിൽ നക്ഷത്രാദികളെക്കൊണ്ടു ഗണം യോനി മുതലായ പൊരുത്തങ്ങൾ എങ്ങിനെ വിചാരിക്കുന്നുവോ അങ്ങിനെ ഭൂമിയെ വധുവാക്കിയും ഗൃഹത്തെ പുരുഷനാക്കിയും നക്ഷത്രാദികളെക്കൊണ്ടു് അന്യോന്യം ആനുകൂല്യം വിചാരിക്കേണ്ടതാണു്. ജയദേവൻ മുതലായവരുടെ അഭിപ്രായവും ഇങ്ങനെയാണു്. അതുകൊണ്ടു ഭൂമിയുടെ നക്ഷത്രം അറിയുന്നതിനുള്ള ക്രമം താഴെ വിവരിക്കുന്നു.

അവകഹഡാന്മടപരതാൻ നയബശജാനഥപാന്തിഗദസച-
ലാൻ
പഞ്ചസ്വരസംഭേദാദേകൈകംപഞ്ചധാദവേദ്വർണ്ണഃ. ൨
ഏകൈകംനക്ഷത്രംചതുശ്ചതുർഭിശ്ചതുർത്ഥമേകേന
വർഗ്ഗൈശ്ചതുർഭിരേതൈരനലാദിഭസപ്തകാനിചത്വാരി. ൩
യുക്തൈഃപഞ്ചഭിരോജൈഃസ്വരൈരനോജാഃസ്വരാശ്ചഗൃഹ്യന്തേ
സ്പർശാക്ഷരാണിവർഗ്ഗേ പ്രഥമതൃതീയൈർദ്വിതീയതുര്യാണി. ൪
നാമ്നാമാദൗങഞണാ-നസന്തിപ്രായഃഷകാരശ്ച
സർവ്വേഷാമപിനാമ്നാം നക്ഷത്രം പ്രഥമവർണ്ണതോജ്ഞേയം. ൫
അജ്ഞാതജന്മഭാനാം സർവ്വേഷാംനാമഭാൽഫലംബ്രൂയാൽ
സേവാപരിണയനാദൗ ഗ്രാഹ്യംതദ്ധിവിശേഷതഃഫലദം. ൬

സാ:—അ, വ, ക, ഹ, ഡ, മ, ട, പ, ര, ത, ന, യ, ബ, ശ, ജ, ഗ, ദ, സ, ച, ല, ഈ അക്ഷരങ്ങൾ അ, ഇ, ഉ, ഏ, ഈ സ്വരാക്ഷരങ്ങളോടു ചേരുമ്പോൾ,—

| | | | | |
|---|---|---|---|---|
| അ | ഇ | ഉ | ഏ | കാൎത്തിക |
| ഒ | വ | വി | വു | രോഹിണി |
| വെ | വൊ | ക | കി | മകയിരം |
| കു | | | | തിരുവാതിര |
| കെ | കൊ | ഹ | ഹി | പുണൎതം |
| ഹു | ഹെ | ഹൊ | ഡ | പൂയം |
| ഡി | ഡു | ഡെ | ഡൊ | ആയില്യം |
| മ | മി | മു | മെ | മകം |
| മൊ | ട | ടി | ടു | പൂരം |
| ടെ | ടൊ | പ | പി | ഉത്രം |
| പു | | | | അത്തം |
| പെ | പൊ | ര | രി | ചിത്തിര |
| രു | രെ | രൊ | ത | ചോതി |
| തി | തു | തെ | തൊ | വിശാഖം |
| ന | നി | നു | നെ | അനിഴം |
| നൊ | യ | യി | യു | തൃക്കേട്ട |
| യെ | യൊ | ബ | ബി | മൂലം |
| ബു | | | | പൂരാടം |
| ബെ | ബൊ | ശ | ശി | ഉത്രാടം |
| ശു | ശെ | ശൊ | ജ | അഭിജിത്ത് |
| ജി | ജു | ജെ | ജൊ | തിരുവോണം |
| ഗ | ഗി | ഗു | ഗെ | അവിട്ടം |
| ഗൊ | ദ | ദി | ദു | ചതയം |
| ദെ | ദൊ | സ | സി | പൂരുരുട്ടാതി |
| സു | | | | ഉത്തൃട്ടാതി |
| സെ | സൊ | ച | ചി | രേവതി |
| ചു | ചെ | ചൊ | ല | അശ്വതി |
| ലി | ലു | ലെ | ലൊ | ഭരണി |

ഇത്രയും അക്ഷരങ്ങളായിത്തീരും. ഇവയിൽ നാലക്ഷരം കൊണ്ടു കാൎത്തികമുതൽ ഓരോ നക്ഷത്രങ്ങളും ഒരക്ഷരംകൊണ്ടു നാലാമത്തേതായ ഒരു നാളും ഗ്രഹിക്കേണ്ടതാണ്. (ഇവിടെ അ, മ, ന, ഗ ഈ നാലക്ഷരങ്ങൾ അടിയായി നാലുഭാഗമായി

ട്ടാണല്ലോ പറഞ്ഞിട്ടുള്ളതു്. ആ നാലിനും നാലാമത്തെ ഒരക്ഷരംകൊണ്ടു് ഒരു നാളിനേയും മററുള്ളതെല്ലാം നന്നാലക്ഷരംകൊണ്ടു ഓരോ നാളിനേയുമാണു് ഗ്രഹിക്കേണ്ടതു്) അങ്ങനെ വരുമ്പോൾ അഭിജിത്തുൾപ്പെടെ ഇരുപത്തെട്ടു നാളുകൾ വരും. ഉത്രാടത്തിൻെറ ഒടുവിൽ പതിനഞ്ചുനാഴികയും തിരുവോണത്തിൻെറ ആദിയിൽ നാലുനാഴികയും കൂടുന്നതു് "അഭിജിത്തു്" എന്നു പറയപ്പെടുന്നു. അ ഇ ഉ എ ഒ ഈ ഓജാക്ഷരങ്ങളെക്കൊണ്ടു് ആ ഈ ഊ ഏ ഓ ഈ ദീർഘാക്ഷരങ്ങളേയും ഗ്രഹിക്കാവുന്നതാണു്. വർഗ്ഗാക്ഷരങ്ങളിൽ ഖ ഛ ഠ ഥ ഫ ഘ ഝ ഢ ധ ഭ ഈ അക്ഷരങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടില്ലല്ലോ. അതിനാൽ ഈ അക്ഷരങ്ങൾ നാമത്തിൻെറ ആദ്യക്ഷരമായി വന്നാൽ ക്രമേണ ക ച ട ത പ ഗ ജ ഡ ദ ബ ഈ അക്ഷരങ്ങളെക്കൊണ്ടു് അറിയേണ്ടതാണു്. ങ ഞ ണ ഷ ഈ അക്ഷരങ്ങൾ ഒന്നിൻെറയും പേരിൻെറ ആദ്യക്ഷരമായി മിക്കവാറും വരികയില്ല. ജന്മനക്ഷത്രം അറിവാൻ പാടില്ലാത്ത എല്ലാ ഘട്ടങ്ങളിലും പേരിൻെറ ആദ്യക്ഷരംകൊണ്ടാണു് നക്ഷത്രം അറിയേണ്ടതു്. സ്വാമിഭൃത്യന്മാർ, ഭാര്യാഭർത്താക്കന്മാർ മുതലായവരുടെ കൂടിച്ചേർച്ച വിചാരിക്കുമ്പോൾ നക്ഷത്രബോധമില്ലാതെ വന്നാൽ അവരുടെ പേരിൻെറ ആദ്യക്ഷരംകൊണ്ടു നക്ഷത്രമറിഞ്ഞു പൊരുത്തം ചിന്തിക്കാവുന്നതാണു്. പേരുകൊണ്ടു നക്ഷത്രമുണ്ടാക്കി അതിനെ ആശ്രയിച്ചാണു് യുദ്ധപ്രശ്നം വിചാരിക്കേണ്ടതു്. നക്ഷത്രം രഹസ്യവും പേരു പരസ്യവുമായിരിക്കാൻ വകയുണ്ടല്ലോ ഒരു നക്ഷത്രത്തിൽ നാലു് അക്ഷരങ്ങൾ പറഞ്ഞിട്ടുള്ളതിൽ ഓരോ അക്ഷരങ്ങളെക്കൊണ്ടു്, ആ നക്ഷത്രത്തിൻെറ ഓരോ പാദങ്ങളെ അറിഞ്ഞുകൊള്ളണം. എങ്ങനെയെന്നാൽ പേരിൻെറ ആദ്യക്ഷരം അ, എന്നാണെങ്കിൽ കാർത്തികയുടെ ഒന്നാംകാലെന്നും ഇ, എന്നാണെങ്കിൽ രണ്ടാംകാലെന്നും ഉ, എന്നാണെങ്കിൽ മൂന്നാംകാലെന്നും ഏ, എന്നാണെങ്കിൽ നാലെന്നും ധരിച്ചുകൊള്ളണം. ഒരക്ഷരംകൊണ്ടു പറഞ്ഞിട്ടുള്ള തിരുവാതിര അത്തം പൂരാടം ഉത്തൃട്ടാതി ഈ നക്ഷത്രങ്ങൾ മുഴുനാളാകയാൽ കൂറു നിശ്ചയിക്കുന്നതിൽ പാദമറിഞ്ഞതു തീരു എന്നില്ല. ഇങ്ങനെ ഭൂമിയുടെ നാൾ മുതലായതറിഞ്ഞു പ്രധാന ഗ്രഹത്തിൻെറ നക്ഷത്രാദികളുമായി അന്യോന്യം ആനുകൂല്യം(പൊരുത്തം) അറിയേണ്ടതാകുന്നു.

രാശിർഗ്ഗുണാദിനാഡ്യൗമദ്ധ്യമംരജ്ജുശ്ചവേധഇത്യേതേ
ചിന്ത്യാഃപശ്ചവിശേഷാദ്ഗ്രഹാഹേരാശിപാദയോഽപി തഥാ.൫

സാ:—രാശിപ്പൊരുത്തം ഗണപ്പൊരുത്തം ദിനപ്പൊരുത്തം മദ്ധ്യമരജ്ജുവേധം ഇങ്ങനെ അഞ്ചുപൊരുത്തങ്ങൾ വിവാഹത്തിന്നു വിശേഷിച്ചും ചിന്തിക്കേണ്ടതാണ്. ഇപ്രകാരം രാശിപ്പൊരുത്തം മുതലായ മററുള്ളവയും ചിന്തിക്കേണ്ടതാണ്.

## രാശിപ്പൊരുത്തം.

കന്യാജന്മർക്ഷതോദപിത്രി വേദബാണാംഗരാശിജഃ
വജ്ജ്യാഗ്രാഹ്യാപരോഭിന്ന നക്ഷത്രശ്ചൈകരാശിജഃ ൮

സാ:—സ്ത്രീ ജനിച്ച കൂറിൽനിന്നു ൨-൩-൪-൫-൬ ഈ കൂറുകളിൽ ജനിച്ച പുരുഷൻ വജ്ജ്യനാകുന്നു. ഒരു നക്ഷത്രമല്ലെങ്കിൽ തന്റെ കൂറിലും ൭-മുതൽ ൧൨-വരെയുള്ള കൂറുകളിലും ജനിച്ച പുരുഷൻ ഗ്രാഹ്യനാകുന്നു. ഇവിടെ സ്ത്രീ പറമ്പും പുരുഷൻ ഗൃഹവുമാണെന്നു മുൻപേ പറഞ്ഞിട്ടുണ്ടല്ലോ.

ഓജരാശിഭവാംസ്ത്രീണാംമദ്ധ്യൌഷഷ്ഠാഷ്ടമർക്ഷജൌ
യുഗ്മരാശിഭവാംനിന്ദ്യഃ ഷഷ്ഠജോഷ്ടമജഃശുഭഃ. ൯

സാ:—മേടം മിഥുനം ചിങ്ങം മുതലായ ഓജരാശിക്കൂറുകളിൽ ജനിച്ച സ്ത്രീകൾക്ക് ആറും എട്ടും കൂറുകളിൽ ജനിച്ച പുരുഷൻ മദ്ധ്യമനാണ്. ഇടവം കക്കടകം കന്നി മുതലായ യുഗ്മരാശിക്കൂറുകളിൽ ജനിച്ച സ്ത്രീകൾക്ക് ആറാംകൂറിൽ ജനിച്ച പുരുഷൻ ഒട്ടുംതന്നെ ശുഭനല്ല. എട്ടാംകൂറിൽ ജനിച്ച പുരുഷൻ ശുഭനാകുന്നു.

## ഗണപ്പൊരുത്തം.

പൂഷാശ്വിമിത്രഹരിവായ്യദിതീന്ദുചിനാഖ്യാ-
ദേവാനരാസ്ത്രയമപൂർവശിവോത്തരാജാഃ
ദൈത്യാപരാഃകലഹമൃത്യുഭയശ്രിയഃസ്യുഃ
ദേവാസുരേസുരനരേന്നസുരേ സമേച. ൧൦

സാ:—അശ്വതി, മകയിരം, പുണർതം, പൂയം, അത്തം, ചോതി, അനിഴം തിരുവോണം, രേവതി ഈ ഒൻപതുനാളുകൾ ദേവഗണവും; ഭരണി, രോഹിണി, തിരുവാതിര, പൂരം, ഉത്രം, പൂരാടം, ഉത്രാടം, പൂരുട്ടാതി, ഉത്തൃട്ടാതി ഈ ഒൻപതുനാളുകൾ മനുഷ്യഗണവും ശേഷമുള്ള ഒൻപതുനാളുകൾ അസുരഗണവുമാകുന്നു സ്ത്രീപുരുഷന്മാരിൽ ഒരാൾ ദേവഗണവും മറെറാരാൾ അസുരഗണവുമായാൽ കലഹവും അസുരഗണവും മനുഷ്യഗണവുമായാൽ ഭയവും ഇരുവരും ഒരു ഗണമായാൽ ഐശ്വര്യവും ഫലമാകുന്നു.

## ദിനപ്പൊരുത്തം.

പ്രഥമാൽസ്ത്രീജന്മർക്ഷാൽ സപ്തമജോവാതൃതീയജോവാപി
കഷ്ടതരസ്സ്യാൽപഞ്ചമജാതഃ കഷ്ടോവിശേഷ ഇതിചോക്തഃ.

സാ:—സ്ത്രീ ജനിച്ച നക്ഷത്രത്തിൽനിന്നു മൂന്നു് ഏഴു് ഈ നാളുകളിൽ ജനിച്ച പുരുഷൻ വിവാഹത്തിനു ഏററവും അശുഭനാകുന്നു. അഞ്ചാംനാളിൽ ജനിച്ച പുരുഷൻ അശുഭനാണു്. ഇങ്ങനെ അല്പം ഭേദമുണ്ടു്.

അഷ്ടാശീതിതമാംശേകന്യാജന്മാംശകാൽപുമാൻജാതഃ
അതികഷ്ടസ്സ്യാത്തദ്വൽസ്ത്രീജന്മാംശാദധസ്തനേപ്യംശേ. ൬൨

സാ:—സ്ത്രീ ജനിച്ച നക്ഷത്രപാദത്തിൽനിന്നു ൮൮-ാമത്തെ നക്ഷത്രപാദത്തിലൊ ൬൮-ാമത്തെ നക്ഷത്രപാദത്തിലൊ ജനിച്ച പുരുഷൻ ഏററവും അശുഭനാകുന്നു.

## മദ്ധ്യമരജ്ജുദോഷം.

ദസ്രാൽത്രികംത്രികംകല്പ്യം ത്ര്യംഗുലീഷുക്രമാൽക്രമാൽ
ഏകാംഗുലിഗതേവൎജ്ജ്യാദാമ്പത്യോർജന്മതാരകേ. ൬൩
മദ്ധ്യാംഗുലിഗതേതേചേൽമൃതിവൈരാദികാരികേ.

സാ—അശ്വതി തുടങ്ങി മുമ്മൂന്നു നക്ഷത്രങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും മൂന്നു വിരലുകളിലായി കല്പിക്കുക. അപ്പോൾ രണ്ടു പേരുടേയും നാൾ ഒരു വിരലിൽ വന്നാൽ ശുഭമല്ല. മദ്ധ്യവിരലിൽ ഇരുവരുടേയും നക്ഷത്രം വന്നാൽ മരണവും, വൈരം മുതലായ അനൎത്ഥങ്ങളും ഉണ്ടാകും.

## വേധദോഷം.

അശ്വീന്ദ്രൌയമമിത്രഭേഹരിഹരൌശൂല്പാനലൌവാഗ്യജൌ
മൂലാഹീപിതൃപൂഷണൌ ഗുരുജലേദേവപ്രസൂർവിശ്വഭേ
ബുധ്ന്യനിർക്ഷാഗ്യമണൌദിനേശവരുണൌഭാദ്രർക്ഷഭാഗ്യേമിഥോ
വേധാന്നാർഹതിയോഗമൃക്ഷയുഗളം വസ്വീന്ദുചിത്രാത്രയം. ൬൪

സാ:—അശ്വതിയും കേട്ടയും തമ്മിലും, ഭരണിയും അനിഴവും തമ്മിലും, തിരുവാതിരയും തിരുവോണവും തമ്മിലും, കാൎത്തികയും വിശാഖവും തമ്മിലും, രോഹിണിയും ചോതിയും തമ്മിലും, ആയില്യവും മൂലവും തമ്മിലും, മകവും രേവതിയും തമ്മിലും, പൂയവും പൂരാ൦വും തമ്മിലും. പുണൎതവും ഉത്രാടവും തമ്മിലും, പൂരവും

ഉത്തൃട്ടാതിയും തമ്മിലും, അത്തവും ചതയവും തമ്മിലും, ഉത്രവും പൂരുരുട്ടാതിയും തമ്മിലും, മകയിരം ചിത്തിര അവിട്ടം ഈ മൂന്നു നക്ഷത്രങ്ങൾ തമ്മിലും അന്യോന്യം ചേക്കാൻ പാടില്ല. ഇവ അന്യോന്യം ചേത്താൽ വേധദോഷമുണ്ടാകുമത്രെ. അതായത് ഭാൎയ്യാഭൎത്താക്കന്മാരിൽ ഒരാൾ അശ്വതിയും മററയാൾ തൃക്കേട്ടയും ആകരുത്. ഇങ്ങനെ മററു നാളുകൾക്കും വിചാരിച്ചുകൊൾക. "രാശ്യപ്രോക്തം ഗൃഹാക്തം പുനരുഡുഗതിതം" ഇത്യാദി വചനപ്രകാരം പൊരുത്തങ്ങൾ പലവിധത്തിൽ ചിന്തിക്കേണ്ടതാണ്; എങ്കിലും അവയെല്ലാം ചിന്തിച്ചു തമ്മിൽ ചേക്കയെന്നുള്ളതു സുസാദ്ധ്യമല്ലായ്കയാലും ഈ പറഞ്ഞിട്ടുള്ള അഞ്ചുപൊരുത്തങ്ങൾക്കു പ്രാമാണ്യമുള്ളതുകൊണ്ടും പൊരുത്തസംബന്ധമായി തൽക്കാലം ഇതിലധികമായി പറയണമെന്നു വിചാരിക്കുന്നില്ല. ഗൃഹത്തിൻേറയും ഗൃഹം ചെയ്യിക്കുന്ന ആളിൻേറയും നാളു മുതലായവകൊണ്ടും മുൻപറഞ്ഞവണ്ണം പൊരുത്തം വിചാരിക്കേണ്ടതാണെന്നു "ഭൎത്താരംഗൃഹകൎത്താരം നിശ്ചിത്യവസതിംവധൂം നാഡീകൂടാദികംസൎവ്വം ദാമ്പത്യോരിവചിന്തയേ" ഇത്യാദി വചനങ്ങൾകൊണ്ടു സ്പഷ്ടമാകുന്നു. അതിനാൽ അപ്രകാരവും ആനുകൂല്യം ചിന്തിക്കേണ്ടതാണ്.

ഉത്തരം ഗൃഹത്തിൻെറ ഉത്തമാംഗമാണെന്നു സൎവ്വസമ്മതമാണ്. അതുകൊണ്ടാണ്, ഉത്തരം വെയ്ക്കുമ്പോൾ വാസ്തുപൂജ മുതലായ കൎമ്മങ്ങൾ ചെയ്യേണ്ടതാണെന്നു പ്രത്യേകം പറയാത്തത്.

കുൎയ്യാദഥാവംശവിന്യാസം വിധിവിച്ഛില്പിസത്തമഃ
സ്വൎണ്ണരത്നൈരലംകൃത്യ വാസ്തുപൂജാസമന്വിതം. ൧൭

ഇത്യാദി വചനം അനുസരിച്ചു യഥാശക്തി സ്വൎണ്ണം രത്നം മുതലായവ വെച്ചു വാസ്തുപൂജ മുതലായ കൎമ്മങ്ങൾ വിധിപ്രകാരം നടത്തി ഉത്തരം ശുഭമുഹൂൎത്തത്തിൽ വെയ്ക്കണം. അപ്പോൾ പൂജാന്തരഭൂതങ്ങളായ ദീപം, താംബൂലം, നാളികേരം ഇവയെ ആശ്രയിച്ചും ഗൃഹം ചെയ്യിക്കുന്നവരുടേയും ചെയ്യുന്നവരുടേയും മററും ത്രൈകാല്യങ്ങളായ സകലവിധ ഗുണദോഷങ്ങളും ചിന്തിക്കാവുന്നതാണ്. അതിൽ ഇവിടെ ആദ്യമായി നാളീകേരലക്ഷണം പറയുന്നു. വംശം എന്നു ഉത്തരത്തിനും മോന്തായത്തിനും പറയാം.

## നാളീകേരലക്ഷണം.

പുഷ്പാദ്യൈഃ പരിപൂജിതേഥവിധിനാകേരേതഥാപെണ്ഡിതേ
തുല്യച്ഛേദയുതേച ശിഷ്ടവിഗതാന്തൎഭാഗകമംഗളം

സച്ഛിദ്രേഹൃദയാത്തിരീക്ഷണയുതേഭിന്നേതഥാരോദനം
മൂൎദ്ധ്നാശില്പിരുജഞ്ചകൎമ്മണികരാൽഭ്രഷ്ടേതുകഷ്ടംവിദുഃ. ഫന

സാ:—പുഷ്പാദികളെക്കൊണ്ടു വിധിപോലെ പൂജിച്ചു നാളികേരം രണ്ടായി മുറിക്കണം. മുറിതാഴ്ച ഉയൎച്ചകൂടാതെ നിരപ്പായിരിക്കയാണെങ്കിലും പൂളിളകി അകത്തു വീണിട്ടുണ്ടെങ്കിലും വളരെ ശുഭമാണു്. ചിന്നി ഉടയുകയാണെങ്കിൽ ഉദരരോഗവും, കണ്ണുകളിൽകൂടി ഉടയുന്നുവെങ്കിൽ അസഹ്യമായ ദുഃഖവും ശിരോമദ്ധ്യമായി പൊട്ടുകയാണെങ്കിൽ ഗൃഹകാരകനായ ശില്പിക്കു രോഗദുഃഖവും പൂജിച്ചു് ഉടയ്ക്കുന്ന അവസരം കൈയിൽനിന്നു വീണു പോകുന്നു എങ്കിൽ പലവിധേന ദുഃഖവും ഫലമാകുന്നു. നാളീകേരത്തെ രണ്ടായി മുറിച്ചതിനു ശേഷം ഇളയമുറി വെള്ളത്തോടുകൂടി താഴെവയ്ക്കണം. അതിൽ ഈശ്വരധ്യാനത്തോടുകൂടി പുഷ്പം ഇടണം. അ പുഷ്പം മേടം മുതലായ പന്ത്രണ്ടുരാശികളിൽ അടുത്താലുള്ളഫലം താഴെ എഴുതുന്നു.

പ്രാപ്തേപുഷ്പേതുമേഷാദികമഥനിഖിലാൎത്ഥാപ്തിജന്യേഷനാശോ
ഗേഹേഗോധാന്യവൃദ്ധിസ്തദനുചഗൃഹസംവൎദ്ധനംദേവകോപഃ
ദ്രവ്യാപ്തിഃക്ഷ്വേളഭീതിൎന്നൃപതിരുധഥ പുത്രാപ്തരേവപ്രണാശോ
വംശസ്യാപ്യത്യയോരുക്പുനരവികടഗേമഗാഗേശ്ശൂന്യതാസ്യുഃ.

സാ:—പുഷ്പം മേടത്തിലടുത്താൽ പലവിധധനലാഭവും ഇടവത്തിൽ കലഹവും മിഥുനത്തിൽ പശുക്കൾ മുതലായവയുടെ അഭിവൃദ്ധിയും കൎക്കടകത്തിൽ ധാന്യവൃദ്ധിയും ചിങ്ങത്തിൽ എല്ലാവിധത്തിലും വീട്ടിനു് ഐശ്വൎയ്യവും, കന്നിയിൽ ദേവകോപവും, തുലാത്തിൽ ദ്രവ്യലാഭവും വൃശ്ചികത്തിൽ വിഷഭയവും ധനുസ്സിൽ രാജകോപവും മകരത്തിൽ പുത്രലാഭവും, കുംഭത്തിൽമരണവും, മീനത്തിൽ വംശനാശവും, പുഷ്പം എങ്ങും അടുക്കാതെ ചുററിനില്ക്കയാണെങ്കിൽ രോഗദുഃഖവും വെള്ളത്തിൽ താണുപോകയാണെങ്കിൽ സൎവ്വവിധനാശവും ഫലമാകുന്നു. പുഷ്പം അണയുന്ന രാശി ആരൂഢമാക്കി സങ്കല്പിച്ചു പന്ത്രണ്ടുഭാവങ്ങളേയും ഗ്രഹങ്ങളേയും ആശ്രയിച്ചു ഫലംപറയുന്നതും സാധാരണ അനുഭവമായിരിക്കും. നാളീകേരത്തിൻെറ ഇളയമുറിക്കു് മേടം മുതലായ രാശികളിൽ താഴ്ച ഉയൎച്ചകളുണ്ടെങ്കിൽ അതിനെ ആശ്രയിച്ചു ഫലം പറയേണ്ടതാണു്. അതിൻെറ ക്രമം താഴെ എഴുതുന്നു.

ഉന്നമ്രേമേഷഭാഗേബഹുധനവിഭവസ്ത്രീവിനാശോവൃഷേച
ദൈന്യംഗേഹസ്യഭൃത്യയോദ്ഭവമഥമിഥുനേ കൎക്കടേചോരതാപഃ

സിംഹേശിഷ്ടേനയുക്തേസ്യരപിചതനയാകന്യകൌന്നത്യഭാവേ
നൃങ്ഭൃതേചാപിമീനേസകല ശുഭമഥസ്ത്ര്യാധിപത്യംതുലായാഃ
ശുകേഭ്രയാൽപ്രവാസോധനുഷിധരണിനാഥസ്യകോപഃകരഞ്ജ
സന്താപൌഘപ്രശാന്തിസ്തദനുതനുവിനാശംനിപേവണ്ണയന്തി
ഏവംനൃങ്ഭൃതഭാവേപ്രതതിച വൃഷമേഷാന്തരേവദ്യവശ്യം
വക്തവ്യംതത്രഗേഹേമൃതിരിതിവിബുധാഃപ്രോക്തനാനിട്ടിശന്തി.

സാ:—മേടംരാശിഭാഗം ഉയൎന്നിരിക്കയാണെങ്കിൽ ധനസമൃദ്ധിയും, ഇടവത്തിൽ സ്ത്രീകൾക്കു നാശവും മിഥുനത്തിൽ വീട്ടിൽ പലവിധേന നാശവും, കൎക്കടകത്തിൽ കള്ളന്മാരിൽനിന്നു് ഉപദ്രവവും, ചിങ്ങത്തിൽ തേററമുണ്ടായാലും പൂളിളകിയാലും സംതാനലാഭവും, കന്നി ഉയൎന്നു മീനം താണിരിക്കയാണെങ്കിൽ സകലവിധേന ഐശ്വൎയ്യവും, തുലാത്തിൽ സ്ത്രീനായകത്വവും, വൃശ്ചികത്തിൽ അന്യദേശഗമനവും, ധനുസ്സിൽ രാജകോപവും, മകരത്തിൽ ഇഷ്ടസാദ്ധ്യവും, കുംഭത്തിൽ മരണഭയവും ഫലമാകുന്നു. വിശേഷിച്ചു മേടത്തിൻെറയും ഇടവത്തിൻെറയും മദ്ധ്യം (കണ്ണുവരി) താണിരിക്കയാണെങ്കിൽ ഇവിടെ നിശ്ചയമായും മരണം സംഭവിക്കുന്നതാണു്. ഇങ്ങനെ പുരാതനന്മാരായ ആചാൎയ്യന്മാരാൽ നാളികേരത്തിൻെറ താഴ്ചയെക്കുറിച്ചു ഫലം പറയപ്പെട്ടിരിക്കുന്നു.

## താംബൂലഫലം.

താംബൂലലൈഃപ്രഷ്ടദത്തൈരപിഫലമഖിലംതസ്യവക്തവ്യമേവം
പ്രാരഭ്യോപൎയ്യവസ്ഥാൽഗണനമിഹപുനഃപൂൎവ്വമഹോംശയോ-
(സ്യാൽ
മ്ലാനിക്ഷത്യാദ്യുപേതംതദയുതമപിയൽഭാവസംബന്ധിപത്രം
തസ്യവ്യാധ്യാദ്യനിഷ്ടംഭവതിശുഭമപിപ്രാപ്തസംവദ്ധനാദ്യം.

സാ—ഗ്രഹംചെയ്യിക്കുന്നയാൾ കുറെ വെററില വിളക്കിൻെറ മുൻപിൽ വയ്ക്കുകയോ അല്ലെങ്കിൽ കൎമ്മിക്കു ധനസമന്വിതം ദക്ഷിണാരൂപമായി ദാനം ചെയ്കയോവേണം ഈ വെററില കൊണ്ടും ഗ്രഹം ചെയ്യിക്കുന്ന ആളിൻെറ സകലവിധ ഗുണദോഷങ്ങളും പറയാവുന്നതാണു്. ഈക്രിയ മദ്ധ്യാഹ്നത്തിനു മുൻപാണെങ്കിൽ കീഴിൽനിന്നും, അതിനുശേഷം മുകളിൽനിന്നും എണ്ണി വെററിലയുടെ സംഖ്യ അറിഞ്ഞുകൊള്ളണം. എണ്ണുമ്പോൾ ഒന്നാമത്തെ വെററില ലഗ്നം അല്ലെങ്കിൽ ആരൂഢം എന്നും രണ്ടാമത്തെ വെററില രണ്ടാമടമെന്നും മൂന്നാമത്തെ വെററില മൂന്നാമടമെന്നും ഇങ്ങനെ ക്രമേണ ധരിച്ചുകൊള്ളണം. ഏതൊരു ഭാവ

ത്തിൻെറ വെററില കീറുക വാട്ടുക മുതലായ ദോഷങ്ങൾ സംഭവിച്ചിരിക്കുന്നു ആ ഭാവത്തിനു് വ്യാധിമുതലായ അനിഷ്ടങ്ങൾ പറയണം. എങ്ങിനെ എന്നാൽ ഒന്നാമത്തെവെററിലയ്ക്കു കേടുണ്ടെങ്കിൽ ശരീരത്തിനു് രോഗാദ്യാരോഗ്യക്കുറവു മുതലായവ ഉണ്ടെന്നും രണ്ടാമത്തെ വെററിലയ്ക്കു കേടുണ്ടെങ്കിൽ കുടുംബം ധനം മുതലായ കാൎയ്യങ്ങൾ ക്ഷയോന്മുഖങ്ങളാണെന്നും ഇങ്ങനെ മററുഭാവങ്ങളിലും വിചാരിച്ചുകൊൾക. യാതൊരു ഭാവത്തിൻെറ വെററിലയ്ക്കു കേടില്ലാതെയിരിക്കുന്നു ആ ഭാവം ഇഷ്ടഫലപ്രദമാണെന്നു് അറിഞ്ഞുകൊള്ളണം.

താംബൂലസംഖ്യാംദ്വിഗുണാം ശരഘ്നാം
സൈകാംഹരേത്സപ്തഭിരത്രശിഷ്ടൈഃ
സൂൎയ്യാദികാനാമുദയോത്രകല്പ്യോ
ഗ്രഹോദയോയത്രസലഗ്നരാശിഃ. ൧൧

സാ:—ആ താംബൂലസംഖ്യയെ ഇരട്ടിച്ചും ൫-ൽ പെരുക്കി ഒന്നുകൂടിച്ചേൎത്തു് ഏഴിൽ ഹരിച്ചാൽ ശേഷിക്കുന്നതുകൊണ്ടു സൂൎയ്യൻ മുതലായ ഏഴു ഗ്രഹങ്ങളെ കല്പിക്കണം. എങ്ങിനെ എന്നാൽ ഹരിച്ചതിൻെറ ശേഷം ഒന്നാണെങ്കിൽ ഉദിച്ച ഗ്രഹം സൂൎയ്യനാണെന്നും, രണ്ടാണെങ്കിൽ ചന്ദ്രനാണെന്നും മൂന്നാകുന്നു എങ്കിൽ ചൊവ്വാ എന്നും നാലായാൽ ബുധനെന്നും അഞ്ചായാൽ വ്യാഴമെന്നും ആറായാൽ ശുക്രൻ എന്നും ഏഴായാൽ ശനി എന്നും അറിയണം. ഇങ്ങിനെ ഉദിച്ചിരിക്കുന്ന ഗ്രഹം തൽക്കാലം ഏതൊരു രാശിയിൽ നിൽക്കുന്നുവോ അതു് ലഗ്നം എന്നു കല്പിച്ചും പന്ത്രണ്ടുഭാവങ്ങളെക്കൊണ്ടു ഫലം പറയാവുന്നതാണു്.

ദുഃഖായഭാനുരുദിതഃസുഖകൃൽശശാംകഃ
പ്രഷ്ടുഃകുജഃകലഹകൃദ്ധനദൌജ്ഞജീവൌ
ശുക്രോഖിലാഭിമതകൃന്മരണായമന്ദോ
ലഗ്നാദിഭാവവിഹഗൈശ്ചപദേൽഫലാനി. ൧൨

സാ:—മുൻപേ പറഞ്ഞവണ്ണം ഹരിച്ചുശേഷിച്ച താംബൂലസംഖ്യയിൽ ഉദിച്ചതു് സൂൎയ്യനാണെങ്കിൽ ദുഃഖവും ചന്ദ്രനാണെങ്കിൽ സുഖവും ചൊവ്വയാകിൽ കലഹവും ബുധനും വ്യാഴവുമാകിൽ ധനലാഭവും ശനിയാകിൽ മരണവും ഫലമാകുന്നു. ലഗ്നം മുതലായ ഭാവങ്ങളെക്കൊണ്ടും അവിടെനിൽക്കുന്ന ഗ്രഹങ്ങളെക്കൊണ്ടും ഫലം പറയാവുന്നതാണു്. നാളീകേരഫലം പറയുന്നതിനും താംബൂലഫലം പറയുന്നതിനും ലഗ്നം മുതലായ പന്ത്രണ്ടു ഭാവങ്ങളുടേയും സൂൎയ്യാദിഗ്രഹങ്ങളുടേയും കാരകത്വം

അറിയേണ്ടിയിരിക്കുന്നു. അതുകൊണ്ടു് അതിനെ വളരെ ചുരുക്കത്തിൽ താഴെ ചേൎക്കുന്നു.

ഭാവഫലം.

ലഗ്നം—ദേഹസൃസൌഖ്യംസ്വാസ്ഥ്യംസ്ഥിതിഃശ്രേയോയശ (സ്സുഖം

ജയോവപുശ്ചതൽസൎവ്വംചിന്തനീയംഹിലഗ്നതഃ. വവ

സാ:—ശരീരത്തിന്റെ നന്മ സ്വാസ്ഥത അപ്പോഴത്തെ സ്ഥിതി ശ്രേയസ്സ് യശസ്സ് സുഖം ജയം സൌന്ദൎയ്യം ഇവ ലഗ്നരാശികൊണ്ടു വിചാരിക്കണം.

രണ്ടാമെടം.

ഭൎത്തൃവ്യമഖിലംവിത്തംവാണീചക്ഷുശ്ചദക്ഷിണം

വിദ്യാചവിവിധാപ്യേതൽസർവംചിന്ത്യംദ്വിതീയതഃ.

സാ:—കുടുംബം, ധനം, വാക്കു്, വലത്തെക്കണ്ണു്, പലവിധത്തിലുള്ള വിദ്യ ഇവയെല്ലാം രണ്ടാമെടംകൊണ്ടു വിചാരിക്കേണ്ടതാണു്.

മൂന്നാമെടം.

ധൈൎയ്യംവീൎയ്യഞ്ചദുർബുദ്ധിസ്സഹോദരപരാക്രമൌ

ദക്ഷകൎണ്ണസഹായൌച ചിന്തനീയാഃസ്തൃതീയതഃ.

സാ:—ധൈൎയ്യം, വീൎയ്യം, ദുർബുദ്ധി, അനുജൻ, പരാക്രമം വലത്തെ ചെവി, സഹായഗുണം ഇവ മൂന്നാമെടംകൊണ്ടു വിചാരിക്കേണ്ടതാണു്.

നാലാമെടം.

മാതാസുഹൃന്മാതുലഭാഗിനേയൌക്ഷേത്രംസുഖംവാഹനമാസ- (നഞ്ച

ലാളിത്യമംഭശ്ശയനഞ്ചവൃദ്ധിഃപശ്വാദികംവേശ്മഗൃഹാച്ചതുൎത്ഥാൽ.

സാ:—അമ്മ, ബന്ധു, അമ്മാവൻ, മരുമകൻ. ഇവരെയും കൃഷിഭൂമി, സുഖം, വാഹനം, ആസനം, ലാളന, വെള്ളം, കിടപ്പു്, അഭിവൃദ്ധി, പശുക്കൾ മുതലായവ, വീടു് ഇവയേയും നാലാമെടംകൊണ്ടു് വിചാരിച്ചുകൊള്ളണം.

അഞ്ചാമെടം.

പ്രജ്ഞാ മേധാപ്രതിഭാ വിവേക ശക്തിഃ പുരാതനംപുണ്യം

മന്ത്രാമാത്യഃതനുജാഃ പഞ്ചമതഃ സൌമനസ്യമപിചിന്ത്യം. വ

സാ:—പലവിധ ഗുണങ്ങളോടുകൂടിയ ബുദ്ധിശക്തി, പൂൎവ്വ പുണ്യം, ആലോചന, മന്ത്രി, പുത്രൻ, മനോഗുണം ഇവ അഞ്ചാമെടംകൊണ്ടു വിചാരിച്ചുകൊള്ളണം.

ആറാമെടം.

തസ്കരാരാതിവിഘ്നാധിർവ്യാധയശ്ച തനുക്ഷതിഃ
മരണംവാരിശസ്ത്രേണ ചിന്തനീയം ഹി ഷഷ്ഠതഃ. വച

സാ:—കള്ളൻ, ശത്രു, വിഘ്നം, ആധി, രോഗം, വ്രണം. ശത്രുക്കളിൽനിന്നുമുള്ള മരണകാരണം ഇവയെല്ലാം അറാമെടംകൊണ്ടു് വിചാരിച്ചുകൊള്ളണം

ഏഴാമെടം.

വിവാഹമദനാലോകഭാൎയ്യാഭർത്തൃസമാഗമഃ
ശയ്യാസ്ത്രീസത്മനഷ്ടാൎത്ഥമൈഥുനാന്യപിസപ്തമാൽ. വൻ

സാ:—വിവാഹം, കാമം, ദൃഷ്ടി, ഭാൎയ്യാഭൎത്താക്കന്മാർ, ഗതാഗതം, കിടക്ക, ഭാൎയ്യയുടെവീട്ടു്, നഷ്ടദ്രവ്യം, മൈഥുനം ഇവ ഏഴാമെടംകൊണ്ടു് വിചാരിക്കേണ്ടതാണു്.

എട്ടാമെടം.

സൎവ്വപ്രണാശോവിപദോപവാദോ ഹേതുഃ പ്രദേശോമരണസ്യദാസാഃ
മാദികംരോഗശ്ചവിഘ്നാ വിചിന്തനീയാഃ പുനരഷ്ടമേന.

സാ:—എല്ലാററിൻെറയും നാശം, ആപത്തു്, അപവാദം, മരണത്തിൻെറ കാരണം, മരണത്തിൻെറ പ്രദേശം, ഭൃത്യന്മാർ, മററം മുതലായ ഗൃഹഭേദങ്ങൾ, രോഗം, വിഘ്നം ഇവകൾ എട്ടാമെടംകൊണ്ടുവിചാരിക്കേണ്ടതാണു്.

ഒൻപതാമെടം.

ഭാഗ്യധൎമ്മദയാപുണ്യതപസ്താതസുതാത്മജാഃ
ദാനോപാസനസൌശീല്യഗുരവോനവമാദമീ. നഫ

സാ:—ഭാഗ്യം, ധൎമ്മം, ദയാ, പുണ്യം, തപസ്സ്, അച്ഛൻ, മകൻെറ മകൻ, ദാനം, ഭജനം, സൌശീല്യം, ഗുരുവു് ഇവകൾ ഒൻപതാമെടംകൊണ്ടു് വിചാരിക്കണം.

പത്താമെടം.

ദേവാലയനഗരസഭാമാൎഗ്ഗാലയദാസസൎവ്വകൎമ്മാണി
ആജ്ഞാലംബനമേതൽസൎവ്വംചിന്ത്യംഹിദശമേന.

സാ:—ക്ഷേത്രം, നഗരം, സഭ, വഴിയമ്പലം, ഭൃത്യൻ, സകലവിധകൎമ്മങ്ങൾ, ആജ്ഞാ, ആശ്രയം ഇവകൾ പത്താമെടംകൊണ്ടു്വിചാരിക്കണം.

പതിനൊന്നാമെടം.

സൎവ്വാഭീഷ്ടാഗമോജ്യേഷ്ഠഭ്രാതാജ്ഞാതാനിജാത്മജാഃ
വാമകൎണ്ണോൎത്ഥലാഭശ്ചചിന്ത്യാഹേകാദശേനതേ. നമ

സാ:—എല്ലാവിധ ഇഷ്ടലാഭവും, ജ്യേഷ്ഠസഹോദരവും, ജനിച്ചിട്ടുള്ള പുത്രന്മാരും, ഇടത്തെ ചെവിയും, അൎത്ഥലാഭവും ഇവ പതിനൊന്നാമെടംകൊണ്ടു വിചാരിക്കണം.

പന്ത്രണ്ടാമെടം.

പാപംവ്യയഞ്ച പതനംനിരയംവാമമംബകം
സ്ഥാനഭ്രംശഞ്ചവൈകല്യംദ്വാദശേനവിചിന്തയേൽ.

സാ:—പാപം, ചിലവു്, വീഴ്ച, നരകം, ഇടത്തെക്കണ്ണു്, അവയവാദികൾക്കുള്ള കുറവു് ഇവകൾ, പന്ത്രണ്ടാമെടംകൊണ്ടു വിചാരിക്കണം.

ഈ ഭാവഫലങ്ങൾ ചിന്തിച്ചു പറയേണ്ടക്രമം.

യോയോഭാവഃസ്വാമിദൃഷ്ടോയുതോവാ
സൌമ്യൈർവാസ്യാത്തതസ്യാഭിവൃദ്ധിഃ
പാപൈരേവംതസ്യഭാവസ്യഹാനി-
ൎന്നിർദ്ദേഷ്ടവ്യാപ്രശ്നതോജന്മതോവാ. ൩൫

സാ:—നാം ഏതേതുഭാവംവിചാരിക്കുന്നുവോ അതാതുഭാവത്തിനു ഭാവനാഥന്റെ ദൃഷ്ടിയോ യോഗമോ അല്ലെങ്കിൽ ശുഭദൃഷ്ടിയോ ശുഭയോഗമോ ഉണ്ടായിരുന്നാൽ ആ ഭാവത്തിനു പുഷ്ടിയെ പറയണം. പാപദൃഷ്ടിയോ പാപയോഗമോ ഉണ്ടായാൽ നാശത്തെ പറയണം. ഗ്രഹങ്ങൾക്കു് സാധാരണമായ ദൃഷ്ടി, നില്ക്കുന്ന രാശിയുടെ ഏഴാമത്തെരാശിയിലാണു് ചന്ദ്രൻ, ബുധൻ, വ്യാഴം ശുക്രൻ ഇവർശുഭഗ്രഹങ്ങളും, ആദിത്യൻ, ചൊവ്വാ, ശനി, രാഹു, കേതു, ഗുളികൻ, ഇവർ പാപഗ്രഹങ്ങളുമാകുന്നു. ക്ഷീണചന്ദ്രനും, പാപനോടുചേരുന്ന ബുധനും പാപന്മാരായിത്തീരുന്നതാണു്.

ഭാവശ്ശുഭർക്ഷേശുഭനാഥമിത്രൈ-
ൎയ്യുസ്ഥേബലാഢ്യൈരവലോകിതേവാ
ഭാവാധിപേകാരകഖേചരേവാ
ബലാന്വിതേസിദ്ധിമുപൈതിഭാവഃ. ൩൬

സാ:—ഭാവം ശുഭരാശിയായി, ശുഭനോ അധിപനോ ബന്ധുഗ്രഹമോ നോക്കുകയോ നില്ക്കുകയോ ചെയ്താലും അതുപോലെ ഭാവനാഥനും കാരകഗ്രഹവും ബലവാന്മാരായി ഇഷ്ടസ്ഥിതന്മാരായാലും ഭാവലാഭം പൂൎണ്ണമായി പറയാവുന്നതാണു്.

പാപാരിരന്ധ്രേശസമേതദൃഷ്ടേഷ്വേതേഷു വിദ്യാദിഹഭാവനാശഃ
ബലാന്വിതേഷ്വേഷു ശുഭേശമിത്രൈരയുക്തദൃഷ്ടേഷു ന ഭാവലാഭഃ.

സാ:—പാപനോ ശത്രുവോ അഷ്ടമാധിപനോ ഭാവം, ഭാവാധിപൻ, കാരകഗ്രഹം ഇവരെ നോക്കുകയോ ഇവരോട്ടുചേൎന്നിരിക്കുകയോ ചെയ്താൽ ആ ഭാവഫലം നശിക്കുന്നതാണ്. ഭാവം, ഭാവാധിപൻ, കാരകഗ്രഹം ഇവ ബലമില്ലാതെയും ശുഭന്മാരോട്ടും ബന്ധുക്കളോട്ടും ചേരാതെയും അവർ നോക്കാതെയും ഇരുന്നാൽ ആ ഭാവഫലങ്ങൾ സിദ്ധിക്കുന്നതേ ഇല്ല.

സപ്താഷ്ടമരിഃഫേശാമാവപരിപവശ്ശുഭാശ്ചഭാവഹനഃ
ഭാവതദീശപരകാരക ദുർബലതാചാസ്തിചേൽതഥാ വചഃ.

സാ:—ആറ്, എട്ട്, പന്ത്രണ്ട് ഈ ഭാവങ്ങൾക്ക് ആധിപത്യമുള്ള ഗ്രഹങ്ങൾ ശുഭനായിരുന്നാലും താൻ നോക്കുകയോ നില്ക്കുകയോ ചെയ്യുന്നഭാവം നശിക്കുന്നതാണ്. ഭാവത്തിനും ഭാവാധിപനും കാരകഗ്രഹത്തിനും ബലമില്ലെങ്കിലും ഇപ്രകാരം ഭാവനാശം സംഭവിക്കും ഭാവചിന്തയ്ക്ക് ഗ്രഹങ്ങളുടെ കാരകത്വം അറിയേണ്ടതാകയാൽ അതിലേക്കുള്ള ഒരു ശ്ലോകംമാത്രം ഇവിടെ ഉദ്ധരിക്കുന്നു.

താതശ്ചാത്മപ്രഭാവോദ്യുമണിരപിമനോ-
മാതരൌശീതരശ്മിർ ഭ്രാതാസത്വഞ്ചഭൌമഃ
ക്ഷിതിരവിവചനംജ്ഞാനമിന്ദോസ്തനൂജഃ
ധീചിൽപുത്രാംഗസൌഖ്യംസുരഗുരുരബലാ-
ഭോഗയാനാനിശുക്രോ മൃത്യുർവ്യാധിശ്ചദുഃഖം
ശനിരിഹഗദിതോദാസഭൃത്യാദികോപി.

സാ:—പിതാവ്, ആത്മാവ്, പ്രഭാവം ഇവയ്ക്കു കാരകൻ സൂൎയ്യനാകുന്നു ഇതുപോലെ താഴെപ്പറയുന്നവയുടെ ഗുണദോഷചിന്തനവും ആതാതുകളുടെ കാരകഗ്രഹത്തെക്കൊണ്ടു ചെയ്യുകൊള്ളേണ്ടതാണ്. ഇവയുടെ ഗുണദോഷം സൂൎയ്യനെക്കൊണ്ടു ചിന്തിക്കേണ്ടതാണ്. മനസ്സ്, മാതാവ്, ഇവയുടെ കാരകൻ ചന്ദ്രനാകുന്നു. സഹോദരൻ പരാക്രമം ഭൂമി ഇവയുടെ കാരകൻ ചൊവ്വായാകുന്നു വാക്കു, വിദ്യ ഇവയുടെ കാരകൻ ബുധനാകുന്നു. ബുദ്ധി, ആത്മബോധം, പുത്രലാഭം, ശരീരസുഖം ഇവയ്ക്കു കാരകൻ ഗുരുവാകുന്നു. ഭാൎയ്യാസുഖം വാഹനാദികൾ ഇവയുടെ കാരകൻ ശുക്രനാകുന്നു. മരണം, രോഗം ദുഃഖം, ദാസൻ, ഭൃത്യൻ ഇവയുടെ കാരകൻ ശനിയാകുന്നു. ഭാവചിന്തനയ്ക്കുള്ള ഈ പദ്യങ്ങളുടെ അൎത്ഥങ്ങൾ ബഹുമുഖങ്ങളാണ്. അവയെ വിശദമായി എഴുതുകയാണെങ്കിൽ ഈ ഖണ്ഡം അത്യധികം വലുതാകാനിടയുണ്ട് അതിനാൽ ഈ വിഷയത്തിൽ പൂൎണ്ണമായ അറിവു വേണമെന്നു വിചാരിക്കുന്നവർ ജ്യോതിശാസ്ത്രത്തെത്തന്നെ ശരണീകരിക്കട്ടെ!

ഷൾപൊരുത്തം ഏകയോനി.

| പരീക്ഷ | ചുററ് | | ആയം | | വ്യയം | വയസ്സ് | നക്ഷത്രം | | തിഥി | | | ആഴ്ച | ഗുണദോഷഫലം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | കോൽ | വിരൽ | കോൽ | വിരൽ | | | നാൾ | നാഴിക | പക്ഷം | പക്കം | നാഴിക | | |
| 1 | 3 | 0 | പൂ | ജ്ഞം | 9 | മര | ചതയം | 0 | അ | നവ | 0 | ചൊ | മദ്ധ്യമം |
| 2 | 5 | 16 | 9 | 8 | 3 | ബാ | മൂലം | 20 | അ | പ്ര | 20 | ബു | മൃത്യു-മ |
| 3 | 8 | 8 | 6 | 16 | 11 | കൌ | അത്തം | 40 | പൂ | സ | 40 | ബു | അധമം |
| 4 | 11 | 0 | 4 | 0 | 5 | യൌ | പുണർതം | 0 | അ | ത്ര | 0 | ബു | അധമം |
| 5 | 13 | 16 | 1 | 8 | 13 | വാ | ഭരണി | 20 | അ | പ | 20 | വ്യാ | അധമം |
| 6 | 16 | 8 | 10 | 16 | 7 | വാ | അവിട്ടം | 40 | പൂ | ഏ | 40 | വ്യാ | മദ്ധ്യമം |
| 7 | 19 | 0 | 8 | 0 | 1 | മര | അനിഴം | 0 | പൂ | ദ്വി | 0 | വ്യാ | അധമം |
| 8 | 21 | 16 | 5 | 0 | 9 | ബാ | ഉത്രം | 20 | അ | നവ | 20 | വെ | അധമം |
| 9 | 24 | 8 | 2 | 0 | 3 | കൌ | തിരുവാ | 40 | പൂ | വാ | 40 | വെ | അധമം |
| 10 | 27 | 0 | പൂ | ജ്ഞം | 11 | യൌ | രേവതി | 0 | പൂ | ഷ | 0 | വെ | അധ-മ |
| 11 | 29 | 16 | 9 | 8 | 5 | യൌ | ഓണം | 20 | അ | ത്ര | 20 | ശനി | ഉത്തമം |
| 12 | 32 | 8 | 6 | 16 | 13 | വാ | വിശാഖം | 40 | അ | ച | 40 | ശനി | അധമം |
| 13 | 35 | 0 | 4 | 0 | 7 | മര | മകം | 0 | പൂ | ദ | 0 | ശനി | അധമം |
| 14 | 37 | 16 | 1 | 8 | 1 | ബാ | മകം | 20 | പൂ | ദ്വി | 20 | ഞാ | മദ്ധ്യമം |
| 15 | 40 | 8 | 10 | 16 | 9 | ബാ | ഉത്ത്യട്ടാ | 40 | അ | അ | 40 | ഞാ | ഉത്തമം |
| 16 | 43 | 0 | 8 | 0 | 3 | കൌ | പൂരാടം | 0 | പൂ | ചതുൎ | 0 | ഞാ | മദ്ധ്യമം |
| 17 | 45 | 16 | 5 | 0 | 11 | യൌ | ചോതി | 20 | പൂ | ഷ | 20 | തി | അധമം |
| 18 | 48 | 8 | 2 | 0 | 5 | വാ | ആയില്യം | 40 | അ | ദ്വാ | 40 | തി | അധമം |
| 19 | 51 | 0 | പൂ | ജ്ഞം | 13 | മര | കാൎത്തിക | 0 | അ | ത്ര | 0 | തി | അധമം |
| 20 | 53 | 16 | 9 | 8 | 7 | മര | പൂരുരുട്ടാ | 20 | പൂ | ദ | 20 | ചൊ | അധമം |
| 21 | 56 | 8 | 6 | 16 | 3 | ബാ | മൂലം | 40 | പൂ | പ്ര | 40 | ചൊ | മദ്ധ്യമം |
| 22 | 59 | 0 | 4 | 0 | 9 | കൌ | അത്തം | 0 | അ | സ | 0 | ചൊ | അധമം |
| 23 | 61 | 16 | 1 | 8 | 3 | യൌ | പൂയം | 20 | പൂ | ചതുൎ | 20 | ബു | അധമം |
| 24 | 64 | 8 | 10 | 16 | 11 | വാ | ഭരണി | 40 | പൂ | പ | 40 | ബു | അധമം |
| 25 | 67 | 0 | 8 | 0 | 5 | വാ | അവിട്ടം | 0 | അ | ഏ | 0 | ബു | അധമം |
| 26 | 69 | 16 | 5 | 8 | 13 | മര | കേട്ട | 20 | അ | ത്ര | 20 | വ്യാ | അധമം |
| 27 | 72 | 8 | 2 | 0 | 7 | ബാ | ഉത്രം | 40 | പൂ | നവ | 40 | വ്യാ | അധമം |
| 28 | 75 | 0 | പൂ | ജ്ഞം | 3 | കൌ | തിരുവാ | 0 | അ | വാ | 0 | വ്യാ | അധമം |
| 29 | 77 | 16 | 9 | 8 | 9 | യൌ | അശ്വതി | 20 | അ | സ | 20 | വെ | അധമം |
| 30 | 80 | 8 | 6 | 16 | 3 | യൌ | ഓണം | 40 | പൂ | ത്ര | 40 | വെ | ഉത്തമം |
| 31 | 83 | 0 | 4 | 0 | 11 | വാ | വിശാഖം | 0 | പൂ | ച | 0 | വെ | അധമം |
| 32 | 85 | 16 | 1 | 8 | 5 | മര | പൂരം | 20 | അ | ഏ | 20 | ശനി | അധമം |
| 33 | 88 | 8 | 10 | 16 | 13 | ബാ | മകം | 40 | അ | ദ്വി | 40 | ശനി | അധമം |
| 34 | 91 | 0 | 8 | 0 | 7 | ബാ | ഉത്ത്യട്ടാ | 0 | പൂ | അ | 0 | ശനി | ഉത്തമം |
| 35 | 93 | 16 | 8 | 8 | 1 | കൌ | ഉത്രാടം | 20 | അ | വാ | 20 | ഞാ | അധമം |
| 36 | 96 | 8 | 2 | 16 | 4 | യൌ | ചോതി | 40 | അ | ഷ | 40 | ഞാ | അധമം |
| 37 | 99 | 0 | പൂ | ജ്ഞം | 3 | വാ | ആയില്യം | 0 | പൂ | ദ്വാ | 0 | ഞാ | അധമം |

ഷഡ്‌പൊരുത്തം. സിംഹയോനി.

| പരീക്ഷ | ചുററ് | | ആയം | | വ്യയം | വയസ്സ് | നക്ഷത്രം | | തിഥി | | | ആഴ്ച | ഗുണദോഷഫലം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | കോൽ | വിരൽ | കോൽ | വിരൽ | | | നാൾ | നാഴിക | പക്ഷം | പക്കം | നാഴിക | | |
| 1 | 3 | 16 | | 8 | 11 | ബാ | കാർത്തിക | 20 | അ | വാ | 20 | തി | അധമം |
| 2 | 6 | 8 | 2 | 16 | 5 | ബാ | ചതയം | 40 | അ | ഷ | 40 | തി | അധമം |
| 3 | 9 | 0 | പൂ | ർണ്ണം | 13 | കൗ | കേട്ട | 0 | പൂ | ദ്വാ | 0 | തി | മദ്ധ്യമം |
| 4 | 11 | 16 | 9 | 8 | 7 | യൗ | അത്തം | 20 | പൂ | ച | 20 | ചൊ | ഉത്തമം |
| 5 | 14 | 8 | 9 | 16 | 1 | വാ | പുണർതം | 40 | അ | ദ | 40 | ചൊ | മദ്ധ്യമം |
| 6 | 17 | 0 | 4 | 0 | 9 | മര | അശ്വതി | 0 | അ | പ്ര | 0 | ചൊ | അധമം |
| 7 | 19 | 16 | 1 | 8 | 3 | മര | അവിട്ടം | 20 | പൂ | അ | 20 | ബു | അധമം |
| 8 | 22 | 8 | 10 | 16 | 11 | ബാ | അനിഴം | 40 | അ | ചതുർ | 40 | ബു | അധമം |
| 9 | 25 | 0 | 8 | 5 | 5 | കൗ | പൂരം | 0 | അ | പ | 0 | ബു | ഉത്തമം |
| 10 | 27 | 16 | 5 | 8 | 13 | യൗ | തിരുവാതിര | 20 | പൂ | ദ്വാ | 20 | വ്യാ | അധമം |
| 11 | 30 | 8 | 2 | 16 | 7 | യൗ | രേവതി | 40 | പൂ | ദ്വി | 40 | വ്യാ | മദ്ധ്യമം |
| 12 | 33 | 0 | പൂ | ർണ്ണം | 1 | വാ | ഉത്രാടം | 0 | അ | നവ | 0 | വ്യാ | മദ്ധ്യമം |
| 13 | 35 | 16 | 9 | 8 | 9 | മര | വിശാഖം | 20 | ആ | പ്ര | 20 | വെ | അധമം |
| 14 | 38 | 8 | 6 | 16 | 3 | ബാ | മകം | 40 | പൂ | സ | 40 | വെ | ഉത്തമം |
| 15 | 41 | 0 | 4 | 0 | 13 | കൗ | രോഹിണി | 0 | അ | തൃ | 0 | വെ | അധമം |
| 16 | 43 | 16 | 1 | 8 | 5 | കൗ | ഉത്തൃട്ടാതി | 20 | അ | പ | 20 | ശനി | അധമം |
| 17 | 46 | 8 | 10 | 16 | 13 | യൗ | പൂരം | 40 | പൂ | ഏ | 40 | ശനി | അധമം |
| 18 | 49 | 0 | 8 | 0 | 7 | വാ | ചിത്തിര | 0 | അ | ദ്വി | 0 | ശനി | ഉത്തമം |
| 19 | 51 | 16 | 5 | 8 | 1 | മര | ആയില്യം | 20 | പൂ | നവ | 20 | ഞാ | അധമം |
| 20 | 54 | 8 | 2 | 16 | 9 | ബാ | കാർത്തിക | 40 | പൂ | വാ | 40 | ഞാ | അധമം |
| 21 | 57 | 0 | പൂ | ർണ്ണം | 3 | ബാ | ചതയം | 0 | പൂ | ഷ | 0 | ഞാ | മദ്ധ്യമം |
| 22 | 59 | 16 | 9 | 8 | 11 | കൗ | മൂലം | 20 | ആ | തൃ | 20 | തി | അധമം |
| 23 | 62 | 8 | 6 | 16 | 5 | യൗ | അത്തം | 40 | അ | ച | 40 | തി | മദ്ധ്യമം |
| 24 | 65 | 0 | 4 | 0 | 13 | വാ | പുണർതം | 0 | പൂ | ദ | 0 | തി | അധമം |
| 25 | 67 | 16 | 1 | 8 | 7 | മര | ഭരണി | 20 | പൂ | ദ്വി | 20 | ചൊ | അധമം |
| 26 | 70 | 8 | 10 | 16 | 1 | മര | അവിട്ടം | 40 | അ | അ | 40 | ചൊ | അധമം |
| 27 | 73 | 0 | 8 | 0 | 9 | ബാ | അനിഴം | 0 | പൂ | ചതുർ | 0 | ചൊ | അധമം |
| 28 | 75 | 16 | 5 | 8 | 3 | കൗ | ഉത്രം | 20 | പൂ | ഷ | 20 | ബു | ഉത്തമം |
| 29 | 78 | 8 | 2 | 16 | 11 | യൗ | തിരുവാതിര | 40 | അ | ദ്വാ | 40 | ബു | അധമം |
| 30 | 81 | 0 | പൂ | ർണ്ണം | 5 | യൗ | രേവതി | 0 | അ | തൃ | 0 | ബു | അധമം |
| 31 | 83 | 16 | 9 | 8 | 13 | വാ | ഓണം | 20 | പൂ | ദ | 20 | വ്യാ | അധമം |
| 32 | 86 | 8 | 6 | 16 | 7 | മര | വിശാഖം | 40 | പൂ | പ്ര | 40 | വ്യാ | അധമം |
| 33 | 89 | 0 | 4 | 0 | 1 | ബാ | മകം | 0 | അ | സ | 0 | വ്യാ | ഉത്തമം |
| 34 | 91 | 16 | 1 | 8 | 9 | കൗ | മകയിരം | 20 | പൂ | ചതുർ | 20 | വെ | അധമം |
| 35 | 94 | 8 | 10 | 16 | 3 | കൗ | ഉത്തൃട്ടാതി | 40 | പൂ | പ | 40 | വെ | ഉത്തമം |
| 36 | 97 | 0 | 8 | 0 | 11 | യൗ | പൂരാടം | 0 | ആ | ഏ | 0 | വെ | അധമം |
| 37 | 99 | 16 | 6 | 8 | 5 | വാ | ചോതി | 20 | ആ | തൃ | 20 | ശനി | ഉത്തമം |

വി-വിഷ്ടി. ഗ-ഗണ്ഡാന്തം.

ഷൾപൊരുത്തം. വൃഷയോനി.

| പരീക്ഷ | ചുററ് | | ആയം | | വ്യയം | വയസ്സ് | നക്ഷത്രം | | തിഥി | | | ആഴ്ച | ഗുണദോഷഫലം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | കോൽ | വിരൽ | കോൽ | വിരൽ | | | നാൾ | നാഴിക | പക്ഷം | പക്കം | നാഴിക | | |
| 1 | 4 | 8 | 10 | 16 | 13 | ബാ | പൂയം | 40 | പൂ | പ | 40 | ശനി | അധമം |
| 2 | 7 | 0 | 8 | 0 | 7 | കൗ | ഭരണി | 0 | അ | ഏ | 0 | ശനി | ഉത്തമം |
| 3 | 9 | 16 | 5 | 8 | 1 | കൗ | ചതയം | 20 | അ | തൃ | 20 | ഞാ | ഉത്തമം |
| 4 | 12 | 8 | 2 | 16 | 9 | യൗ | കേട്ട | 40 | പൂ | ന | 40 | ഞാ | അധമം |
| 5 | 15 | 0 | പൂ | ജ്യം | 3 | വാ | ഉത്രം | 0 | അ | വാ | 0 | ഞാ | അധമം |
| 6 | 17 | 16 | 9 | 8 | 11 | മര | പുണർതം | 20 | അ | സ | 20 | തി | അധമം |
| 7 | 20 | 8 | 6 | 16 | 5 | ബാ | അശ്വതി | 40 | പൂ | തൃ | 40 | തി | ഉത്തമം |
| 8 | 23 | 0 | 4 | 0 | 13 | ബാ | ഓണം | 0 | പൂ | ച | 0 | തി | അധമം |
| 9 | 25 | 16 | 1 | 8 | 7 | കൗ | അനിഴം | 20 | അ | ഏ | 20 | ചൊ | അധമം |
| 10 | 28 | 8 | 10 | 16 | 9 | യൗ | പൂരം | 40 | അ | തൃ | 40 | ചൊ | ഉത്തമം |
| 11 | 31 | 0 | 3 | 0 | 9 | വാ | മകയിരം | 0 | പൂ | അ | 0 | ചൊ | അധമം |
| 12 | 33 | 16 | 5 | 8 | 3 | വാ | രേവതി | 20 | അ | വാ | 20 | ബു | മദ്ധ്യമം |
| 13 | 36 | 8 | 2 | 16 | 11 | മര | ഉത്രം | 40 | അ | ഷ | 40 | ബു | അധമം |
| 14 | 39 | 0 | പൂ | ജ്യം | 5 | ബാ | ചോതി | 0 | പൂ | ദ്വാ | 0 | ബു | ഉത്തമം |
| 15 | 41 | 16 | 8 | 8 | 3 | കൗ | മകം | 20 | പൂ | ചതുർ | 20 | വ്യാ | അധമം |
| 16 | 44 | 8 | 9 | 16 | 7 | യൗ | രോഹിണി | 40 | അ | ദശമി | 40 | വ്യാ | അധമം |
| 17 | 47 | 0 | 4 | 0 | 1 | യൗ | പൂരുരുട്ടാതി | 0 | അ | പ്ര | 0 | വ്യാ | ഉത്തമം |
| 18 | 49 | 16 | 1 | 8 | 9 | വാ | പൂരാടം | 20 | പൂ | അ | 20 | വെ | അധമം |
| 19 | 52 | 8 | 10 | 16 | 3 | മര | ചിത്തിര | 40 | അ | ചതുർ | 40 | വെ | അധമം |
| 20 | 55 | 0 | 8 | 0 | 11 | ബാ | പൂരം | 0 | അ | പ | 0 | വെ | അധമം |
| 21 | 57 | 16 | 5 | 8 | 5 | കൗ | കാർത്തിക | 20 | പൂ | ദ്വാ | 20 | ശനി | ഉത്തമം |
| 22 | 60 | 8 | 2 | 16 | 13 | കൗ | ചതയം | 40 | പൂ | തൃ | 40 | ശനി | ഉത്തമം |
| 23 | 63 | 0 | പൂ | ജ്യം | 7 | യൗ | കേട്ട | 0 | അ | ന | 0 | ശനി | അധമം |
| 24 | 65 | 16 | 9 | 8 | 1 | വാ | അത്തം | 20 | അ | പ്ര | 20 | ഞാ | ഉത്തമം |
| 25 | 68 | 8 | 6 | 16 | 9 | മര | പുണർതം | 40 | പൂ | സ | 40 | ഞാ | അധമം |
| 26 | 71 | 0 | 4 | 0 | 3 | ബാ | അശ്വതി | 0 | അ | ത്ര | 0 | ഞാ | ഉത്തമം |
| 27 | 73 | 16 | 1 | 8 | 11 | കൗ | അവിട്ടം | 20 | അ | പ | 20 | തി | അധമം |
| 28 | 76 | 8 | 10 | 16 | 5 | കൗ | അനിഴം | 40 | പൂ | ഏ | 40 | തി | മദ്ധ്യമം |
| 29 | 79 | 0 | 8 | 0 | 13 | യൗ | പൂരം | 0 | പൂ | ദ്വി | 0 | തി | അധമം |
| 30 | 81 | 16 | 5 | 8 | 7 | വാ | തിരുവാതി | 20 | അ | ന | 20 | ചൊ | അധമം |
| 31 | 84 | 8 | 2 | 16 | 1 | വാ | രേവതി (ര | 40 | പൂ | വാ | 40 | ചൊ | ഉത്തമം |
| 32 | 87 | 0 | പൂ | ജ്യം | 9 | മര | ഉത്രാടം | 0 | പൂ | ഷ | 0 | ചൊ | അധമം |
| 33 | 89 | 16 | 9 | 8 | 3 | ബ്യാം | വിശാഖം | 20 | അ | ത്ര | 20 | ബു | ഉത്തമം |
| 34 | 92 | 8 | 6 | 16 | 11 | കൗ | മകം | 40 | അ | ച | 40 | ബു | അധമം |
| 35 | 95 | 0 | 4 | 0 | 5 | യൗ | രോഹിണി | 0 | പൂ | ദശമി | 0 | ബു | അധമം |
| 36 | 97 | 16 | 1 | 8 | 13 | യൗ | ഉത്രിട്ടാതി | 20 | പൂ | ദ്വി | 20 | വ്യാ | അധമം |
| 37 | 100 | 8 | 10 | 16 | 7 | വാ | പൂരാടം | 40 | അ | അ | 40 | വ്യാ | ഉത്തമം |

ഷൾപൊരുത്തം. ഗജയോനി.

| പരിഷ | ചുററ് കോൽ | ചുററ് വിരൽ | ആയം കോൽ | ആയം വിരൽ | വ്യയം | വയസ്സ് | നക്ഷത്രം നാമം | നക്ഷത്രം നാഴിക | തിഥി പക്ഷം | തിഥി പക്കം | തിഥി നാഴിക | ആഴ്ച | ഗുണദോഷ ഫലം. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 5 | 0 | 4 | 0 | 1 | ബാ | അത്തം | 0 | പൂ | ദശ | 0 | വ്യാ | ഉത്തമം |
| 2 | 7 | 16 | 1 | 8 | 9 | കൗ | പൂയം | 20 | പൂ | ദ്വി | 20 | വെ | അധമം |
| 3 | 10 | 8 | 10 | 16 | 3 | യൗ | ഭരണി | 40 | അ | അ | 40 | വെ | ഉത്തമം |
| 4 | 13 | 0 | 8 | 0 | 1 | യൗ | അവിട്ടം | 0 | പൂ | ചതു | 0 | വെ | അധമം |
| 5 | 15 | 16 | 5 | 8 | 5 | വാ | കേട്ട | 20 | പൂ | ഷ | 20 | ശനി | ഉത്തമം |
| 6 | 18 | 8 | 2 | 16 | 3 | മര | ഉത്രം | 40 | അ | ദ്വാ | 40 | ശനി | അധമം |
| 7 | 21 | 0 | പൂ | ർണ്ണം | 7 | ബാ | തിരുവാതി | 0 | അ | തൃതീ | 0 | ശനി | മദ്ധ്യ-വി |
| 8 | 23 | 16 | 9 | 8 | 1 | കൗ | അശ്വതി | 20 | പൂ | ദശ | 20 | ഞാ | ഉത്തമം |
| 9 | 26 | 8 | 6 | 16 | 9 | കൗ | ഓണം | 40 | പൂ | പ്ര | 40 | ഞാ | അധമം |
| 10 | 29 | 0 | 4 | 0 | 3 | യൗ | വിശാഖം | 0 | അ | സ | 0 | ഞാ | ഉത്തമം |
| 11 | 31 | 16 | 1 | 8 | 11 | വാ | പൂരം | 20 | പൂ | ചതു | 20 | തി | അധമം |
| 12 | 34 | 8 | 10 | 16 | 5 | മര | മകയിരം | 40 | പൂ | പ | 40 | തി | അധമം |
| 13 | 37 | 0 | 8 | 0 | 13 | മര | ഉത്രിട്ടാതി | 0 | അ | ഏ | 0 | തി | അധമം |
| 14 | 39 | 16 | 5 | 8 | 7 | ബാ | ഉത്രാടം | 20 | അ | ത്ര | 20 | ചൊ | അധമം |
| 15 | 42 | 8 | 2 | 16 | 1 | കൗ | ചോതി | 40 | പൂ | ന | 40 | ചൊ | മദ്ധ്യ-വി |
| 16 | 45 | 0 | പൂ | ർണ്ണം | 9 | യൗ | ആയില്യം | 0 | അ | വാ | 0 | ചൊ | അധമം |
| 17 | 47 | 16 | 9 | 8 | 1 | വാ | രോഹിണി | 20 | അ | സ | 20 | ബു | മദ്ധ്യ-വി |
| 18 | 50 | 8 | 6 | 16 | 11 | വാ | പൂരുട്ടാതി | 40 | പൂ | ത്ര | 40 | ബു | അധമം |
| 19 | 53 | 0 | 4 | 0 | 5 | മര | മൂലം | 0 | പൂ | ചതു | 0 | ബു | അധമം |
| 20 | 55 | 16 | 9 | 8 | 13 | ബാ | ചിത്തിര | 20 | അ | ഏ | 20 | വ്യാ | അധമം |
| 21 | 58 | 8 | 10 | 16 | 7 | കൗ | ആയില്യം | 40 | അ | ദ്വി | 40 | വ്യാ | ഉത്തമം |
| 22 | 61 | 0 | 8 | 0 | 1 | യൗ | ഭരണി | 0 | പൂ | അ | 0 | വ്യാ | ഉത്തമം |
| 23 | 63 | 16 | 5 | 8 | 9 | യൗ | ചതയം | 20 | അ | വാ | 20 | വെ | അധമം |
| 24 | 66 | 8 | 2 | 16 | 3 | വാ | കേട്ട | 40 | അ | ഷ | 40 | വെ | അധമം |
| 25 | 69 | 0 | പൂ | ർണ്ണം | 11 | മര | ഉത്രം | 0 | പൂ | ദ്വാ | 0 | വെ | അധമം |
| 26 | 71 | 16 | 9 | 8 | 5 | ബാ | പുണർതം | 20 | പൂ | ചതു | 20 | ശനി | ഉത്തമം |
| 27 | 74 | 8 | 6 | 16 | 3 | കൗ | അശ്വതി | 40 | അ | ദശ | 40 | ശനി | മദ്ധ്യ-വി |
| 28 | 77 | 0 | 4 | 0 | 7 | കൗ | ഓണം | 0 | അ | പ്ര | 0 | ശനി | അധമം |
| 29 | 79 | 16 | 1 | 8 | 1 | യൗ | അനിഴം | 20 | പൂ | അ | 20 | ഞാ | മദ്ധ്യ-വി |
| 30 | 82 | 8 | 10 | 16 | 9 | വാ | പൂരം | 40 | അ | ചതുർ | 40 | ഞാ | മദ്ധ്യമം |
| 31 | 85 | 0 | 8 | 0 | 3 | വാ | മകയിരം | 0 | അ | പ | 0 | ഞാ | മദ്ധ്യമം |
| 32 | 87 | 16 | 5 | 8 | 11 | മര | രേവതി | 20 | പൂ | ദ്വാ | 20 | തി | അധമം |
| 33 | 90 | 8 | 2 | 16 | 5 | ബാ | ഉത്രാടം | 40 | പൂ | തൃ | 40 | തി | അധമം |
| 34 | 93 | 0 | 12 | 0 | 13 | കൗ | ചോതി | 0 | അ | ന | 0 | തി | അധമം |
| 35 | 95 | 16 | 9 | 8 | 7 | യൗ | മകം | 20 | അ | പ്ര | 20 | ചൊ | മദ്ധ്യമം |
| 36 | 98 | 8 | 6 | 16 | 1 | വാ | രോഹിണി | 40 | പൂ | സ | 40 | ചൊ | ഉത്തമം |
| 37 | | 1 | 4 | 0 | 9 | വാ | പൂരുട്ടാതി | 0 | അ | ത്ര | 0 | ചൊ | അധമം |

ഇതി പരിശിഷ്ടം സമാപ്തം ശുഭം.

൮൧-പദം.

കിഴക്ക്.




കിഴക്ക്.

| | | |
|---|---|---|
| ഈശൻ | മൃഗൻ | അദിതി |
| പൎജ്ജന്യൻ | നിരൃതി | ദിതി |
| ജയന്തൻ | ദ്വാരപാലൻ | ആപൻ |
| ഇന്ദ്രൻ | സുഗ്രീവൻ | ആപ്യൻ |
| ആദിത്യൻ | പുഷ്പദന്തൻ | സവിതാവ് |
| സത്യൻ | വരുണൻ | സാവിത്രി |
| ഭൃശൻ | അസുരൻ | വിവസ്വാൻ |
| അന്തരിക്ഷൻ | * ശോഷൻ | ഇന്ദ്രൻ |
| അഗ്നി | ഫ രോഗൻ | ഇന്ദ്രജിത്ത് |
| പൂഷാവ് | വായു | മിത്രൻ |
| വിതഥൻ | ം നാഗൻ | രുദ്രൻ |
| ഗൃഹക്ഷതൻ | മുഖ്യൻ | രുദ്രജിത്ത് |
| യമൻ | ഭല്ലാടൻ | മഹീധരൻ |

| | | |
|---|---|---|
| ഗന്ധര്വൻ | ഇന്ദ്ര | ആപവത്സൻ |
| ഭൃംഗൻ | അര്ഗ്ഗളൻ | ബ്രഹ്മാവ് |

ഈശാനഖണ്ഡം തുടങ്ങിയ ഓരോ ഖണ്ഡത്തിലും സ്ഥിതി ചെയ്യുന്ന ഈ ദേവതകളുടെ പേരിന്റെ ആദ്യക്ഷരമാണ് ചിത്രത്തിൽ കൊടുത്തിരിക്കുന്നതു്.

നൂറും, അറുപത്തിനാലും പദങ്ങളെ സംബന്ധിച്ചു് ഈ ഗ്രന്ഥത്തിൽ വിശദമായി പറഞ്ഞുകാണാത്തതിനാൽ ശാസ്ത്രസഹിതം അവയുടെ ചിത്രം താഴെ കാണിക്കുന്നു.

"ബ്രഹ്മാകലാംശേശാ വസുതോऽര്യമാദ്യാഃ
കോണേഷു ബാഹ്യേപി ചസാര്ദ്ധഭാഗാഃ
വിധാതൃകോണേ ദ്വിപദാസ്തഥാഷ്ട
ശേഷാസ്സുരാ ഏക പദാശ്രിതാംശേ."

൬൪-പദം.

കിഴക്കു്.



ഈശാനൻ തുടങ്ങിയ ദേവതകൾ ഈ ചിത്രത്തിലും മുൻചിത്രത്തിൽ പറയപ്പെട്ട ക്രമമനുസരിച്ചു് സ്ഥിതിചെയ്യുന്നതുകൊണ്ടു അവരുടെ നാമാക്ഷരങ്ങൾ ഇതിൽ കാണിക്കുന്നില്ല.

നവ=പദം.

ബ്രഹ്മാമദ്ധ്യചതുഷ്പദപ്രണിഹിതോ ദിക്ഷുദ്വിപാദ്യാസ്ഥിതാ
സ്തൽബാഹ്യേഥ ചതസ്രഏകപദകേദ്വേദ്വേസ്ഥിതാഃപാർശ്വ-
(യോഃ
കോണസ്യാപ്യഥഷോഡശാർദ്ധപദഗാകോണേഷുബാഹ്യേതഥാ
ദിക്സ്ഥാ ഷോഡശദേവതാദ്വിപദഗാശ്ചാഷ്ടൗബഹിർദ്ദ്വിർഗ്ഗതാഃ.

കിഴക്കു്.



| | | | | |
|---|---|---|---|---|
| ൧ | ഈശാനൻ | | മൃഗൻ | അദിതി |
| | പർജ്ജന്യൻ | | നിരൃതി | ദിതി |
| | ജയന്തൻ | ൪ | ദ്വാരപാലൻ | ആപവത്സൻ |
| | ഇന്ദ്രൻ | | സുഗ്രീവൻ | ആപ്പൻ |
| ൨ | ആദിത്യൻ | | പുഷ്പദന്തൻ | സവിതാവ് |
| | സത്യൻ | | വരുണൻ | സാവിത്രി |
| | ഭൃശൻ | | അസുരൻ | വിവസ്വാൻ |
| | അന്തരീക്ഷൻ | ൫ | ശോഷൻ | ഇന്ദ്രൻ |
| | അഗ്നി | ൬ | രോഗൻ | ഇന്ദ്രജിത്ത് |
| | പൂഷാവ് | | വായു | മിത്രൻ |
| ൩ | വിതഥൻ | | നാഗൻ | രുദ്രൻ |
| | ഗൃഹക്ഷതൻ | | മുഖ്യൻ | രുദ്രജിത്ത് |
| | യമൻ | | ഭല്ലാടൻ | മഹീധരൻ |
| | ഗന്ധർവൻ | | ഇന്ദു | ആപഃൻ |
| | ഭൃംഗൻ | | അർഗ്ഗളൻ | ബ്രഹ്മാവ് |

മുൻപറഞ്ഞതുപോലെ ഈശാനഖണ്ഡം തുടങ്ങിയ ഓരോ ഖണ്ഡത്തിലും സ്ഥിതിചെയ്യുന്ന ഈ ദേവതകളുടെ പേരിന്റെ ആദ്യക്ഷരങ്ങളാണ് ഈ ചിത്രത്തിലും കാണുന്നത്, മുൻപറഞ്ഞ ക്രമമനുസരിച്ച് ഈ ചിത്രത്തിലും കൊടുത്തിട്ടുള്ള അക്ഷരങ്ങൾ കൊണ്ട് ഈശാനൻ തുടങ്ങിയ ദേവന്മാരുടെ സ്ഥാനങ്ങൾ അറിഞ്ഞുകൊള്ളേണ്ടതാണ്.

വാസ്തുപൂജയ്ക്ക് ഉപയുക്തങ്ങളായ വിധികൾ അടുത്തുപുറപ്പെടുവിക്കാൻ നിശ്ചിച്ചിരിക്കുന്ന തന്ത്രസമുച്ചയത്തിൽ സ്പഷ്ടമായി പ്രസ്താവിക്കാമെന്നു വിചാരിക്കുന്നതുകൊണ്ട് അത് ഇവിടെ ഉദ്ധരിക്കണമെന്നു വിചാരിക്കുന്നില്ല.

# ശാലകളുടെ ചിത്രങ്ങൾ.

---

## വിശ്ലഥ ഭിന്നശാല.

കിഴക്ക്.



## ശ്ലിഷ്ടഭിന്നശാല.

കിഴക്ക്.



ശ്ലിഷ്ടഭിന്നശാല.

കിഴക്ക്.



സംശ്ലിഷ്ടഭിന്നശാല (നന്ദ്യാവത്തം.)

കിഴക്ക്.



## മിശ്രഭിന്നശാല.

കിഴക്കു്.



## ചതുരശാല.

കിഴക്കു്.



ശാലകളുടെ ചിത്രങ്ങൾ തുലോം ചെറുതായതുകൊണ്ടു് ദിഗ്ഗ്രഹങ്ങളുടെ വിസ്താരദീർഘങ്ങളും മററും അനുരൂപപ്പെടുത്തി ചെയ്തുകാണിക്കാൻ മിക്കവാറും സാധിച്ചിട്ടില്ല. ആകൃതിയും ഉത്തരഗതിയും മാത്രമേ ഇതുകൊണ്ടുദ്ദേശിച്ചിട്ടുള്ളു.

സമ്മിശ്രഭിന്നശാല, മിശ്രചതുശ്ശാല, മദ്ധ്യപ്രരൂഢശാല ഇവകൾ മററു ചില ശാലകളോടു് ആനുകൂല്യമുള്ളതുകൊണ്ടു് അവയുടെ ചിത്രം ചേർത്തിട്ടില്ല.

—*—

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. 720    Acc. No. 4776

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 5 MAR 2004 | | |
| 21 MAY 2005 | | |
| 24 SEP 2005 | | |
| 13 MAR 2013 | | |
| 15 FEB 2021 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

720

4776

നീലകണ്ഠനാരായൻ. കെ. വ്യാഖ്യാ.

മനുഷ്യാലയ മഹാചന്ദ്രിക

KOTTAYAM PUBLIC LIBRARY

Call No. 720 Acc. No. 4776

Author നീലകണ്ഠൻ നമ്പൂതിരി. കെ. പ്രൊഫ.

Title മനുഷ്യാലയചന്ദ്രിക